*Publishied by :*
**Shaiva Bharati Shodha Pratisthnam**
# 35-77/ Jangamawadimath, Varanasi - 221 001
Ph: 0542 -25450546

© Shaiva Bharathi Shodha Pratisthan

First Impression : 2014

No. Of Copies -2000

ISBN-978-93-826349-14-5
Series No-74

Price : Rs. 250/-

DTP & *Layout Designing :* Sunitha Press, Chottaniikkara

*Printed at:* *Sree Rama Offset Printers,*
*Mahabubnagar, Telangana State*
*Cell : 09440296637*

Research Publications Series - 74

Sree Sivayogi Sivacarya Virachitah

# SREE SIDDHANTHA SIKHAMANIH
# (PARAYANAGRANTHAH)

*Translated by*

**AMBIKA APPUKUTTAN**

*Editor*

**Dr. M. V. NATESAN**

**SHAIVA BHARATI SHODHA PRATISTHAN**
D.35/77, Jangamawadimath, Varanasi - 221 001



**ശ്രീമദ് കാശി വിശ്വാരാദ്ധ്യ ജ്ഞാനസിംഹാസനാധീശ്വര ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു ഡോ.ചന്ദ്രശേഖര ശിവാചാര്യ മഹാസ്വാമിജി**

**ജംഗമവാടി മഠം, ശ്രീക്ഷേത്രം, കാശി (വാരണാസി)**

## ശുഭാശിർവചനം

ഈ ഗ്രന്ഥത്തിനുവേി നമ്മുടെ പഞ്ചപീഠാചാര്യന്മാരിൽ ശ്രീമദ് രംഭാപുരി, ശ്രീമദ് ഉജ്ജയിനി, ശ്രീമദ് ശ്രീശൈലം എന്നീ ജഗദ് ഗുരുക്കന്മാർ തങ്ങളുടെ സർവ്വവിധ മംഗളാശിർവചനം നൽകി എല്ലാവരോടും ഈ ഗ്രന്ഥം വായിക്കുന്നതിന് നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിനാൽ ഈ പരമാചാര്യന്മാരെ ഞങ്ങൾ അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ മലയാളപരിഭാഷ ചെയ്യുന്ന ശ്രീമതി. അംബികാ അപ്പുക്കുട്ടനും അതുപോലെ തന്നെ ഈ ഗ്രന്ഥം പരിശോധിച്ച കാലടി സംസ്കൃതസർവ്വകലാശാലയിലെ പ്രൊഫസർ ഡോ. എം. വി. നടേശൻ അവർകൾക്കും ഇതിന്റെ കാര്യ നിർവ്വഹണത്തിൽ പരോക്ഷമായും പ്രത്യക്ഷമായും സഹകരിച്ച കേരളത്തിലെ എല്ലാ ഭക്തന്മാർക്കും കാശിവിശ്വനാഥന്റെയും, മാതാ അന്നപൂർണ്ണയുടെയും, ശ്രീ ജഗദ്ഗുരു വിശ്വാരാദ്ധ്യരുടെയും അനന്തമായ മംഗളാശിർവാദങ്ങൾ.





## ശ്രീസിദ്ധാന്തശിഖാമണി വിഷയാനുക്രമണി


| വിഷയം | പേജ് |
|---|---|
| ശുഭാശിർവചനം | 4 |
| പ്രസ്താവന | 9 |
| ആമുഖം | 14 |
| സമ്പാദകകുറിപ്പ് | 39 |
| അദ്ധ്യായം - 1 | 83 |
| ശിവസ്തുതി | |
| ഗ്രന്ഥകാരവംശവർണ്ണന | |
| അദ്ധ്യായം - 2 | 91 |
| വിശ്വസൃഷ്ടി നിർദ്ദേശം | |
| വിശ്വസൃഷ്ടി പ്രകാരം | |
| ശിവന്റെ ശക്തി സ്വരൂപം | |
| രേണുകാദാരുകാവതാരവർണ്ണന | |
| അദ്ധ്യായം - 3 | 99 |
| കൈലാസവർണ്ണന | |
| പരമേശ്വരവർണ്ണന | |
| പാർവ്വതിവർണ്ണന | |
| ദേവതാകൃതസേവാവർണ്ണന | |
| പ്രമഥഗണ വർണ്ണന | |
| പരമേശ്വരരാജ്യ വ്യാപാര വർണ്ണന | |
| രേണുകാ ഗണേശ്വരരുടെ ശിവഭക്തി വർണ്ണന | |
| രേണുകരുടെ ശിവാഭ്യർത്ഥന വർണ്ണന | |
| അദ്ധ്യായം - 4 | 119 |
| രേണുകരുടെ സ്വരൂപ വർണ്ണന | |
| ഭൂമിയിലവതരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യവർണ്ണന | |
| മലയജപർവ്വതത്തിലെ അഗസ്ത്യാശ്രമ വർണ്ണന | |
| അഗസ്ത്യ സ്വരൂപ വർണ്ണന | |
| രേണുകാപൂജയും രേണുക മഹിമാ വർണ്ണനയും | |
| അദ്ധ്യായം - 5 | 132 |
| സകല ശാസ്ത്ര പ്രമാണങ്ങളിലും വിരശൈവ ശബ്ദ നിർവചന വർണ്ണന | |
| ഭക്തസ്ഥലത്തിന്റെ അഞ്ചു് ഭേദങ്ങളുടെ വർണ്ണന | |
| പിണ്ഡജ്ഞാനസ്ഥല വർണ്ണന | |
| സംസാരഹേയസ്ഥല വർണ്ണന | |
| അദ്ധ്യായം - 6 | 155 |
| ദീക്ഷാലക്ഷണ ഗുരുകാരുണ്യ സ്ഥലവർണ്ണന | |
| ലിംഗധാരണസ്ഥലവർണ്ണന | |
| അദ്ധ്യായം - 7 | 168 |
| ഭസ്മധാരണസ്ഥല വർണ്ണന | |
| രുദ്രാക്ഷധാരണസ്ഥല വർണ്ണന | |
| അദ്ധ്യായം - 8 | 182 |
| പഞ്ചാക്ഷര വർണ്ണന | |
| പഞ്ചാക്ഷര ജപമാഹാത്മ്യ വർണ്ണന | |
| വിധിപ്രകാരമുള്ള ജപ വർണ്ണന | |
| സമന്ന ശിവപൂജാഫല വർണ്ണന | |
| പഞ്ചാക്ഷരി ജപഫല വർണ്ണന | |
| അദ്ധ്യായം - 9 | 193 |
| ഭക്തിഭേദ വർണ്ണന | |
| ആഭ്യന്തരഭക്തി വർണ്ണന | |
| അല്പഭക്തിസ്തഭേദവർണ്ണന | |

ശിവഭക്തിയുടെ വിധേയാവിധേയ വർണ്ണന
ഭക്താചാരഭേദ വർണ്ണന
ശിവഗുർവ്വോരഭേദ വർണ്ണന
ത്രിവിധ സമ്പത്തിസ്ഥല വർണ്ണന
ചതുർവ്വിധസാരായ സ്ഥല വർണ്ണന
സോപാധി നിരുപാധി സഹജദാനസ്ഥല വർണ്ണന
അദ്ധ്യായം-10 213
മാഹേശ്വരസ്ഥലവർണ്ണന
ലിംഗനിഷ്ഠാസ്ഥല വർണ്ണന
പൂർവ്വാശ്രയനിരസ്സനസ്ഥല വർണ്ണന
സർവ്വാദൈ്വതനിരസ്സനസ്ഥല വർണ്ണന
ആഹ്വാന നിരസ്സനസ്ഥല വർണ്ണന
അഷ്ടമൂർത്തി നിരസ്സനസ്ഥല വർണ്ണന
സർവഗത നിരസ്സനസ്ഥല വർണ്ണന
ശിവജഗന്മയസ്ഥല വർണ്ണന
ഭക്തദേഹിക ലിംഗസ്ഥല വർണ്ണന
അദ്ധ്യായം-11 228
പ്രസാദിസ്ഥല വർണ്ണന
ഗുരുമാഹാത്മ്യസ്ഥല വർണ്ണന
ജംഗമമാഹാത്മ്യസ്ഥല വർണ്ണന
ലിംഗമാഹാത്മ്യസ്ഥല വർണ്ണന
ഭക്തമാഹാത്മ്യസ്ഥല വർണ്ണന
ശരണമഹത്വസ്ഥല വർണ്ണന
പ്രസാദമഹത്വസ്ഥല വർണ്ണന
അദ്ധ്യായം-12 242
പ്രാണലിംഗിസ്ഥല വർണ്ണന
പ്രാണ ലിംഗാർച്ചനസ്ഥല വർണ്ണന
ശിവയോഗസമാധിസ്ഥല വർണ്ണന
ലിംഗനിജസ്ഥല വർണ്ണന
അംഗലിംഗസ്ഥല വർണ്ണന
അദ്ധ്യായം-13 252
ശരണസ്ഥല വർണ്ണന
താമസനിരസ് സ്ഥല വർണ്ണന
നിർദ്ദേശസ്ഥല വർണ്ണന
ശീലസമ്പാദനസ്ഥല വർണ്ണന
അദ്ധ്യായം-14 260
ഐക്യസ്ഥല വർണ്ണന
ആചാരസമ്പത്തി സ്ഥല വർണ്ണന
ഐകഭാജന സ്ഥല വർണ്ണന
സഹഭോജന സ്ഥല വർണ്ണന
അദ്ധ്യായം-15 270
ലിംഗസ്ഥലദീക്ഷാ ഗുരുസ്ഥല വർണ്ണന
ശിക്ഷാഗുരുസ്ഥല വർണ്ണന
ജ്ഞാനഗുരുസ്ഥല വർണ്ണന
ക്രയാലിംഗസ്ഥല വർണ്ണന
ഭാവലിംഗസ്ഥല വർണ്ണന
ജ്ഞാനലിംഗസ്ഥല വർണ്ണന
സ്വയംസ്ഥല വർണ്ണന
ചരസ്ഥല വർണ്ണന
പരസ്ഥല വർണ്ണന
അദ്ധ്യായം-16 285
ക്രിയാഗമസ്ഥല വർണ്ണന
ഭാവാഗമസ്ഥല വർണ്ണന
ജ്ഞാനാഗമസ്ഥല വർണ്ണന







സകായസ്ഥല വർണ്ണന
അകായ സ്ഥലവർണ്ണന
പരകായസ്ഥലവർണ്ണന
ധർമ്മാചാരസ്ഥല വർണ്ണന
ഭാവാചാരസ്ഥലവർണ്ണന
ജ്ഞാനാചാര സ്ഥല വർണ്ണന
അദ്ധ്യായം-17 302
പ്രസാദി സ്ഥല വർണ്ണന
(ക്രിയാനുഗ്രഹസ്ഥല വർണ്ണന)
ഇന്ദ്രിയാനുഗ്രഹസ്ഥല വർണ്ണന
കായാർപിത സ്ഥല വർണ്ണന
കരണാർപിതസ്ഥല വർണ്ണന
ഭാവാർപിതസ്ഥല വർണ്ണന
ശിഷ്യസ്ഥലവർണ്ണന
ശുശ്രൂഷുസ്ഥല വർണ്ണന
സേവ്യസ്ഥല വർണ്ണന
അദ്ധ്യായം-18 321
പ്രാണലിംഗിസ്ഥലഭേദ വർണ്ണന
അന്തരാത്മസ്ഥല വർണ്ണന
പരമാത്മസ്ഥല വർണ്ണന
നിർദ്ദേഹാഗമസ്ഥല വർണ്ണന
നിർഭാവാഗമസ്ഥ വർണ്ണന
നഷ്ടാഗമ സ്ഥല വർണ്ണന
ആദിപ്രസാദി സ്ഥല വർണ്ണന
അന്ത്യപ്രസാദി സ്ഥല വർണ്ണന
സേവ്യപ്രസാദി സ്ഥല വർണ്ണന
അദ്ധ്യായം-19 339
ശരണസ്ഥല വർണ്ണന
ദീക്ഷാപാദോദക സ്ഥല വർണ്ണന
ശിക്ഷാപാദോദകസ്ഥല വർണ്ണന
ജ്ഞാനപാദോദക സ്ഥല വർണ്ണന
ക്രിയാനിഷ്പത്തി സ്ഥല വർണ്ണന
ഭാവനിഷ്പത്തി സ്ഥല വർണ്ണന
ജ്ഞാനനിഷ്പത്തി സ്ഥല വർണ്ണന
പിണ്ഡാകാശസ്ഥല വർണ്ണന
ബിന്ദ്വാകാശസ്ഥല വർണ്ണന
മഹാകാശ സ്ഥല വർണ്ണന
ക്രിയാപ്രകാശ സ്ഥല വർണ്ണന
ഭാവപ്രകാശസ്ഥല വർണ്ണന
ജ്ഞാനപ്രകാശസ്ഥല വർണ്ണന
അദ്ധ്യായം-20 362
ഐക്യസ്ഥല വർണ്ണന
സ്വീകൃത പ്രസാദിസ്ഥല വർണ്ണന
ശിഷ്ടോദന സ്ഥല വർണ്ണന
ചരാചരലയസ്ഥല വർണ്ണന
ഭാണ്ഡസ്ഥല വർണ്ണന
ഭാജന സ്ഥല വർണ്ണന
അംഗലേപ സ്ഥല വർണ്ണന
സ്വപരാജ്ഞസ്ഥലവർണ്ണന
ഭാവാഭാവലയസ്ഥലവർണ്ണന
ജ്ഞാനശൂന്യസ്ഥല വർണ്ണന
ഉപദേശസംഹാരവർണ്ണന
അദ്ധ്യായം-21 381
വിഭീഷണാഭിഷ്ടദാന വർണ്ണന

നുശേഷം ഹിന്ദി, തെലുങ്ക്, തമിഴ്, മറാഠി, ഇംഗ്ലീഷ്, റഷ്യൻ മുതലായ ഭാഷകളിൽ അതതു ഭാഷാപണ്ഡിതന്മാർ പരിഭാഷപ്പെടുത്തി  പ്രചരിപ്പിച്ചു.

ശ്രീമതി. അംബികാ അപ്പുക്കുട്ടൻ മലയാളഭാഷയിൽ ഈ ഗ്രന്ഥം തർജ്ജിമ ചെയ്ത് കേരളീയർക്ക് മോക്ഷം പ്രാപ്തമാക്കുവാനുള്ള അവസരം നൽകി. എല്ലാവർക്കും ജഗദ്ഗുരു പഞ്ചാചാര്യജിയുടെ മംഗളാശീർവാദങ്ങൾ








ശ്രീമദ് വീരസിംഹാസനാധീശ്വര
ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു
പ്രസന്നരേണുകവീരസോമേശ്വരശിവാചാര്യമഹാസ്വാമിജി
രംഭാപുരീ പീഠം, ബാലെഹൊണ്ണൂർ, ചിക്കമഗ്ളൂർ, കർണ്ണാടക

**ശുഭാശീർവചനം**

ശ്രീ കാശി ജഗദ്ഗുരു ഡോ. ചന്ദ്രശേഖര ശിവാചാര്യ മഹാസ്വാമിജി 'ശ്രീസിദ്ധാന്തശിഖാമണി 'എന്ന ഈ പാരായണ ഗ്രന്ഥം ആദ്യമായി കന്നട ഭാഷയിൽ തയ്യാറാക്കി കർണ്ണാടകത്തിൽ പ്രചരിപ്പിച്ചു. ആ സന്ദർഭത്തിൽ ഞങ്ങൾ ആ ഗ്രന്ഥത്തിന് ശുഭസന്ദേശം നൽകിയിരുന്നു. ഇപ്പോൾ ശ്രീ കാശി മഹാസ്വാമിജിയുടെ ആഗ്രഹപൂർവ്വകമായ നിർദ്ദേശമനുസരിച്ച് കേരളത്തിലെ ശ്രീമതി അംബികാഅപ്പുക്കുട്ടൻ ഈ ഗ്രന്ഥം മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. കേരളത്തിലെ സകല സദ്ഭക്തന്മാർക്കും വേി ഈ പാരായണഗ്രന്ഥം ലഭ്യമാക്കുന്ന കാര്യത്തിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണ്. ഇതു പാരായണം ചെയ്യുകയും അഭ്യസിക്കുകയും ചെയ്യുന്നതുകൊ് എല്ലാവർക്കും മോക്ഷം ലഭിക്കുന്നുവെന്നും നിർദ്ദേശിച്ചിരിക്കുന്നു. അതുകൊ് കേരളത്തിലെ വീരശൈവലിംഗായിതരായ എല്ലാ സദ്ഭക്തന്മാർക്കും ശിവജ്ഞാനം ലഭിക്കണം. സംസ്കൃതമൂലഗ്രന്ഥമായ 'ശ്രീസിദ്ധാന്തശിഖാമണി 'മലയാളത്തിൽ പരിഭാഷപ്പെടുത്തിയ ശ്രീമതി അംബികാ അപ്പുക്കുട്ടനും സഹപ്രവർത്തകർക്കും ജഗദ്ഗുരു പഞ്ചാചാര്യജിയുടെ മംഗളാശീർവാദങ്ങൾ.



**ശ്രീമദ് ഉജ്ജൈജനി സദ്ധർമ സിംഹാസനാധീശ്വര**
**ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു**
**സിദ്ധലിംഗരാജേന്ദ്ര ശിവാചാര്യ മഹാസ്വാമിജി.**
**സദ്ധർമ്മ സിംഹാസന മഹാപീഠം**
**ഉജ്ജൈജനി, ബല്ലേരി ഡിസ്ട്രിക്ട്, കർണ്ണാടക.**

## ശുഭാശീർവചനം

ഭഗവാൻ ശിവന്റെ തിരുമുഖത്തുനിന്നും പുറത്തുവന്നതായ 28 ശൈവാഗമങ്ങളുടെ സാരാംശമാണ് 'ശ്രീസിദ്ധാന്തശിഖാമണി' ആ ശൈവോപദേശങ്ങളെല്ലാം ശ്രീ ജഗദ്ഗുരു രേണുകാചാര്യർ മഹഷി അഗസ്ത്യർക്കും ഉപദേശിച്ചിരുന്നു. അതുകൊ് ഈ ഗ്രന്ഥം ഭഗവാൻ ശിവന്റെ തന്നെ കൃപാ പ്രസാദമാകുന്നു. ശ്രീമതി. അംബിക അപ്പുക്കുട്ടന് മൂലസംസ്കൃതഗ്രന്ഥമായ 'ശ്രീസിദ്ധാന്തശിഖാമണി ' 'ശിവാദ്വൈത ദർശന' എന്ന പേരിൽ മലയാളഭാഷയിൽ പരിഭാഷപ്പെടുത്തികൊ് കേരളത്തിലെ വീര ശൈവലിംഗായത് ഭക്തന്മാരാൽ പാരായണം ചെയ്യിച്ച് തന്റെ ജന്മം സഫലമാക്കുന്നതിനുള്ള സന്ദർഭമുായി. അതുകൊ് ശ്രീമതി അംബിക അപ്പുക്കുട്ടനും സഹപ്രവർത്തകർക്കും ശ്രീ ജഗദ്ഗുരു പഞ്ചാചാര്യജിയുടെ മംഗളാശീർവാദങ്ങൾ.







**ശ്രീമദ് ശ്രീശൈലസൂര്യസിംഹാസനാധീശ്വര**
**ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു**
**ഡോ. ചന്നസിദ്ധരാമ പണ്ഡിതാരാദ്ധ്യ ശിവാചാര്യ**
**മഹാസ്വാമിജി, ശ്രീശൈലസൂര്യസിംഹാസന മഹാപീഠം,**
**ശ്രീക്ഷേത്രം, ശ്രീശൈലം, കർണൂൽ ജില്ല, ആന്ധ്രാപ്രദേശ്**

## ശുഭാശിർവചനം

ശ്രീ കാശി ജഗദ്ഗുരു മഹാസ്വാമിജിയുടെ നിർദ്ദേശാനുസരണം 'ശ്രീസിദ്ധാന്തശിഖാമണി' എന്ന (മൂല) ഗ്രന്ഥം 'ശിവാദ്വൈത ദർശന' എന്ന പേരിൽ മലയാളത്തിലേക്ക് തർജ്ജിമ ചെയ്തതിൽ ഞങ്ങൾ അത്യധികം സന്തുഷ്ടരാണ്. നമ്മുടെ നാട്ടിൽ യോഗശാസ്ത്രത്തെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്ന അമൂല്യഗ്രന്ഥങ്ങളാണ് 'ശ്രീസിദ്ധാന്തശിഖാമണി'യും 'ശ്രീമദ് ഭഗവത് ഗീത'യും. ഭഗവദ്ഗീത ഉപനിഷത്തുകളുടെ (ശ്രീകൃഷ്ണനാൽ പറയപ്പെട്ടവ) സാരവും, 'ശ്രീസിദ്ധാന്തശിഖാമണി' (ശിവനാൽ പറയപ്പെട്ടവ) 28 ശൈവാഗമങ്ങളുടെ സാരവുമാകുന്നു. ഭഗവദ്ഗീത പോലെ തന്നെ ശ്രീസിദ്ധാന്തശിഖാമണിയും ലോകപ്രസിദ്ധമായ ഒരു യോഗപ്രതിപാദക ഗ്രന്ഥമാകുന്നു. ശ്രീ കാശിമഹാസ്വാമിജി ഈ സംസ്കൃത മൂലഗ്രന്ഥം കന്നടയിൽ തർജ്ജിമ ചെയ്ത് അതിന്റെ പാരായണ ഗ്രന്ഥവും രചിച്ചു. അതി

## പാരായണവിധി

നമ്മുടെ നാട്ടിൽ ദേവീദേവന്മാരുടെ പുരാണങ്ങൾ, നാമാവലികൾ, സന്യാസിമാരുടെ ചരിത്രങ്ങൾ, മതഗ്രന്ഥങ്ങൾ എന്നിവ പാരായണം ചെയ്യുന്ന സമ്പ്രദായം പുമുതലേ ഉായിരുന്നു. അതുകൊ് ശ്രീമദ് ഭഗവത് ഗീത, ശ്രീമദ് ഭാഗവതം, ശിവസഹസ്രനാമം, ലളിതാസഹസ്രനാമം മുതലായവ പാരായണം ചെയ്യുന്നതുപോലെ തന്നെ ഓരോ ശിവഭക്തനും ദിവസേന 'ശ്രീസിദ്ധാന്ത ശിഖാമണി'യും പാരായണം ചെയ്യണം.

'പാരായണമിദം പ്രോക്തം സദ്യോമുക്തി പ്രദം നൃണാം' എന്നു ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു. പുണ്യഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലൂടെ മുക്തി ലഭിക്കുന്നുവെന്നാണ് ഇതിനർത്ഥം. അതുകൊ് ഭോഗമോക്ഷങ്ങൾ പ്രദാനം ചെയ്യുന്ന 'ശ്രീസിദ്ധാന്തശിഖാമണി ('ശിവാദ്വൈതദർശന') ദിനംതോറും പാരായണം ചെയ്യണം.

ജന്മദിനം, വിവാഹ വാർഷികദിനം, പഞ്ചാചാര്യ ജയന്തികൾ, വീരശൈവ സന്യാസിമാരുടെ ജയന്തികൾ എന്നീ ദിനങ്ങളിൽ ഈ ഗ്രന്ഥം മുഴുവൻ ഒരു ദിവസം കൊു വായിച്ചു തീർത്താൽ അയാൾ പുണ്യവാനായിത്തീരുന്നു. ഈ ഗ്രന്ഥം ദിവസേന മൂന്ന് അദ്ധ്യായം വീതം വായിച്ചാൽ ഒരു സപ്താഹം കൊും (7 ദിവസം) ദിവസേന ഓരോ അദ്ധ്യായം വീതം വായിച്ചാൽ 21 ദിവസം കൊും അതിന് സാധിച്ചില്ലെങ്കിൽ ഇതിലടങ്ങിയിരിക്കുന്ന 101 അദ്ധ്യായങ്ങൾ ദിവസേന ഓരോന്നുവീതം വായിച്ചാൽ 3 മാസം കൊും അതിനും സാധിച്ചില്ലെങ്കിൽ പ്രതിദിനം തന്റെ ഇഷ്ടലിംഗപൂജക്കുശേഷം ഇതിലെ അഞ്ചുശ്ലോകങ്ങൾ വീതം വായിച്ചാൽ ഒരു വർഷംകൊും പാരായണം പൂർത്തിയാക്കാം. ആയതിനാൽ മേൽപ്പറഞ്ഞ വിധി





**ശ്രീമദ് കാശി വിശ്വാരാദ്ധ്യ ജ്ഞാന സിംഹാസനാധീശ്വര
ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു
ഡോ. ചന്ദ്രശേഖര ശിവാചാര്യ മഹാസ്വാമിജി
ജംഗമവാടി മഠം, ശ്രീ ക്ഷേത്രം, കാശി (വാരണാസി)**

## പ്രസ്താവന

'ശ്രീസിദ്ധാന്തശിഖാമണി'യുടെ 'ശിവാദ്വൈതദർശന' എന്ന മലയാള പരിഭാഷയിലുള്ള പാരായണ ഗ്രന്ഥം 'ശൈവഭാരതീ ശോധപ്രതിഷ്ഠാന' ത്തിന്റെ 74-ാമതു് ഗ്രന്ഥ പുഷ്പത്തിന്റെ രൂപത്തിൽ പ്രകാശനം ചെയ്തുകൊ് ഞങ്ങൾ അത്യന്തം ആനന്ദം അനുഭവിക്കുന്നു. 'ശ്രീ ജഗദ്ഗുരു വിശ്വാരാദ്ധ്യജനകല്യാണപ്രതിഷ്ഠാന'ത്തിന്റെ ശാഖാ സ്ഥാപനമായ 'ശൈവ ഭാരതീശോധപ്രതിഷ്ഠാനം' 20-08-1993-ൽ സ്ഥാപിതമായി. ഈ സ്ഥാപനത്തിനു് ന്യൂഡൽഹിയുടെ 'ദേശീയ സാംസ്കാരികസ്ഥാപന'മെന്ന പദവി ലഭിച്ചിട്ടു്. പണ്ഡിറ്റ് സുധാംശുശേഖര ശാസ്ത്രി, ഡോ. ശീതള പ്രസാദ് ഉപാദ്ധ്യായ, ഡോ. കുടുംബ ശാസ്തി, ഡോ. രമാഘോഷ് തുടങ്ങിയ അനേകം വിദ്വാൻമാർ ഈ സ്ഥാപനത്തിലെ അംഗങ്ങളാണു്. ഇന്നുവരെ ഈ ശോധപ്രതിഷ്ഠാനിൽ നിന്നും (ഗവേഷണ സ്ഥാപനം) അൻപതിലധികം മൂലസംസ്കൃതഗ്രന്ഥങ്ങൾ ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ തർജ്ജമ ചെയ്തു് പ്രകാശനം ചെയ്തുകഴിഞ്ഞു. ഇപ്പോൾ വിഭിന്നഭാഷകളിൽ ശ്രീസിദ്ധാന്തശിഖാമണി പ്രകാശനം ചെയ്യുന്നതിന്റെ വലിയൊരു സംരംഭത്തിനു് ഈ സ്ഥാപനം തുടക്കംകുറിച്ചു കഴിഞ്ഞു. ഇതുവരെ 'ശ്രീസിദ്ധാന്തശിഖാമണി' എന്ന ഈ പാരായണ ഗ്രന്ഥം കന്നട, മറാഠി, തെലുങ്ക്, ഇംഗ്ലീഷ്, റഷ്യൻ എന്നീ ഭാഷകളിൽ പരിഭാഷപ്പെടുത്തി. ഇപ്പോൾ ഇതിന്റെ മലയാളം പതിപ്പും പ്രകാ

ശിപ്പിക്കുകയാണ്.

'ശ്രീസിദ്ധാന്തശിഖാമണി' 'സമഗ്രവീരശൈവസിദ്ധാന്ത' ത്തെ പ്രതിപാദിക്കുന്ന ഒരു ദർശന (ആഗമ) ഗ്രന്ഥമാണ്. അതുകൊ് ഈ ഗ്രന്ഥം വീരശൈവ മതഗ്രന്ഥമെന്നു കണക്കാക്കപ്പെടുന്നു. ഇതിൽ വീരശൈവ ഷഡ്സ്ഥല സിദ്ധാന്തത്തെക്കുറിച്ച് 101 അവാന്തരസ്ഥലങ്ങളിലായി വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്നു.

ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനെ നിമിത്തമാക്കി ഭഗവത്ഗീത ഉപദേശിച്ചതു പോലെ ശ്രീ ജഗദ്ഗുരു രേണുകാചാര്യർ അഗസ്ത്യ മഹർഷിയെ നിമിത്തമാക്കി സകല മാനവരാശിക്കും വേി ശൈവോപദേശം ചെയ്തിരിക്കുന്ന ഗ്രന്ഥമാണിത്. ഭഗവത്ഗീത ഉപനിഷത്തുക്കളുടെ സാരാംശമാകുന്നുവെങ്കിൽ ഇത് 28 ശൈവാഗമങ്ങളുടേയും സാരമാകുന്നു. 'ഗീത'യിൽ ക്ഷത്രിയനായ അർജ്ജുനൻ ശ്രോതാവാകുന്നുവെങ്കിൽ 'ശ്രീസിദ്ധാന്തശിഖാമണി' യിൽ പരമതപസ്വിയും വേദാഗമങ്ങൾ അറിയുന്ന പരമജ്ഞാനിയുമായ അഗസ്ത്യമഹർഷി ഇതിന്റെ ശ്രോതാവാകുന്നു.

ഭഗവാൻ ശ്രീകൃഷ്ണന്റെ ഉപദേശങ്ങൾ മഹർഷി വ്യാസൻ രചിച്ചിരിക്കുന്നതുപോലെതന്നെ രേണുകാരാദ്ധ്യാചാര്യരും അഗസ്ത്യ മഹർഷിയും തമ്മിലുള്ള സംഭാഷണ രൂപത്തിൽ 'ശ്രീസിദ്ധാന്തശിഖാമണി' വീരശൈവകുലചക്രവർത്തിയായ മൂലചാര്യൻ ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ചിരിക്കുന്നു.

ഭഗവാൻ ശിവശങ്കരൻ ഉപദേശിച്ചതായ ആഗമ സിദ്ധാന്തങ്ങളുടെ ഉത്തര ഭാഗത്ത് വീരശൈവസിദ്ധാന്തങ്ങൾ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ആ വീരശൈവസിദ്ധാന്തത്തെ ശ്രീ ജഗദ്ഗുരു രേണുകാഗണേശ്വരാരാദ്ധ്യാചാര്യർ മഹർഷി അഗസ്ത്യർക്കു് ഉപദേശിച്ചു. ആ ഉപദേശങ്ങളെ ശ്രീ ശിവയോഗി ശിവാചാര്യർ







(അഉ.600 800 ൽ) രചിച്ചു് 'ശ്രീസിദ്ധാന്തശിഖാമണി' എന്ന് നാമകരണം ചെയ്തു. ഇപ്രകാരം സാക്ഷാൽ ശിവന്റെ ഉപദേശങ്ങൾ സംഗ്രഹിച്ചിരിക്കുന്നതുകൊ് 'ശ്രീസിദ്ധാന്തശിഖാമണി' എന്ന ഗ്രന്ഥം മനുഷ്യരാശിക്കുലഭിച്ച മഹത്തായ ശിവപ്രസാദമാകുന്നു.

ശ്രീ ശിവയോഗി ശിവാചാര്യർ വേദാഗമങ്ങളുടെ ജ്ഞാനി മാത്രമല്ല സർവ്വശ്രേഷ്ഠനും, സമന്വയശീലനുമായ ഒരാചാര്യൻ കൂടിയായിരുന്നു. സാംഖ്യം, യോഗം, പാഞ്ചരാത്രം, വേദം, പാശുപതം മുതലായ സിദ്ധാന്തങ്ങൾ പോലെ 'ശ്രീസിദ്ധാന്തശിഖാമണി'യും സമന്വയാത്മകമായ മാർഗമാണ് സ്വീകരിച്ചിരിക്കുന്നത്

ഈ ഗ്രന്ഥത്തിൽ മനഃശുദ്ധിക്കുള്ള ഉപായം ഭക്തനു പറഞ്ഞുകൊടുത്തിട്ടു്. അതിനെ ആധാരമാക്കിക്കൊു സാധകൻ 101 (ഉപ) അദ്ധ്യായങ്ങളിൽ കൂടി ഉത്തരോത്തരം മനോവികാസം ചെയ്ത് ശിവശങ്കരനിൽ സമരസപ്പെടുന്നതിന്റെ തത്വോപദേശങ്ങൾ പ്രതിപാദിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതു വീരശൈവ ഗ്രന്ഥമാണെങ്കിലും സമസ്ത മാനവസമൂഹത്തിന്റെ നന്മയുടെ മാർഗ്ഗം ലഭ്യമാകുന്നതുകൊ് ഓരോ വ്യക്തിയും വായിക്കുകയും അഭ്യസിക്കുകയും ചെയ്ത് അതിലൂടെ ഭോഗമോക്ഷങ്ങളെ ലഭ്യമാക്കണം.

ക്ഷേത്രത്തിലെ ഭീമനാഥജ്യോതിർലിംഗത്തിൻ നിന്നും ഉത്ഭവിച്ച് ഉത്തർഖണ്ഡിലെ കേദാർനാഥിലുള്ള ഓഖീമഠത്തിൽ വൈരാഗ്യസിംഹാസനപീഠം സ്ഥാപിച്ചു. അവിടെ വിരാജിച്ചുകൊ് വീരശൈവമതപോഷണം നടത്തിവരുന്നു. ഇപ്പോൾ ശ്രീമദ് കേദാരേശ്വര ഏകോരാമാരാദ്ധ്യ വൈരാഗ്യസിംഹാസനാധീശ്വര ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു രാവൺ ഭീമാശങ്കരലിംഗ ശിവാചാര്യ മഹാസ്വാമികൾ പീഠാധിപതിയായി വിരാജിക്കുന്നു.

4. പണ്ഡിതാരാദ്ധ്യാശിവാചാര്യർ– തത്പുരുഷമുഖോത്ഭവനായി ആന്ധ്രാപ്രദേശിലെ ശ്രീശൈലദേശത്തെ സുധാകനായി മല്ലികാർജ്ജുനജ്യോതിർലിംഗത്തിൽ നിന്നും ഉത്ഭൂതനായി ഇദ്ദേഹം ശ്രീശൈലസിംഹാസനപീഠത്തിൽ വിരാജിക്കുന്നു. ഇപ്പോൾ ശ്രീമദ് ശ്രീശൈലസൂര്യസിംഹാസനാധീശ്വര ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു ശ്രീ ഡോ. ചന്നസിദ്ധരാമപണ്ഡിതാരാദ്ധ്യ ശിവാചാര്യ മഹാസ്വാമിജി ശ്രീശൈലസൂര്യസിംഹാസനമഹാപീഠത്തിൽ പീഠാധിപതിയായി വിരാജിക്കുന്നു.

5. വിശ്വാരാദ്ധ്യാശിവാചാര്യർ– ഈശാനമുഖോത്ഭവനായി ഉത്തർപ്രദേശിലെ കാശി വിശ്വനാഥജ്യോതിർലിംഗത്തിൽ നിന്നും ഉത്ഭൂതനായി. കാശിയിലെ (വാരണാസി) ജംഗമവാടി ജ്ഞാനസിംഹാസനപീഠത്തിൽ വിരാജിച്ചുകൊ് വീരശൈവമത പോഷണം നടത്തി വരുന്നു. ഇപ്പോൾ ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു ശ്രീ. ഡോ ചന്ദ്രശേഖര ശിവാചാര്യ മഹാസ്വാമികൾ പീഠാധിപതിയായി വിരാജിക്കുന്നു.

ഈ അഞ്ചു പീഠാധിപതികൾക്കും പുരാരി, സ്മരാരി, കാലാരി, മുഖാരി, വേദാരി എന്നിങ്ങനെ 12 ശിഷ്യന്മാരും ശാഖാമഠങ്ങളും ്. ശിവാജ്ഞാനുസരണം ഇവർ ലോകത്തിലുടനീളം വീരശൈവസിദ്ധാന്തം പ്രചരിപ്പിച്ചിരിക്കുന്നുവെന്ന് 28 ആഗമങ്ങളിലും സ്വയംഭൂവാഗമത്തിലും കാണുന്നു.

രംഭാപുരിയിലെ രേണുകാരാദ്ധ്യാചാര്യരുടെ ശിഷ്യൻ രുദ്രമുനിയായിരുന്നു കേരളം തമിഴ്നാട് മുതലായ ദേശങ്ങ





പ്രകാരം ഈ ഗ്രന്ഥം വായിക്കുകയും അഭ്യസിക്കുകയും ചെയ്യണം.

പഞ്ചാചാര്യപീഠങ്ങളിലെ ജഗദ്ഗുരുക്കന്മാർ, അവരുടെ ശാഖാമഠങ്ങളിലെ ശിവാചാര്യന്മാർ, കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്രാ, തമിഴ്നാട് മുതലായ സംസ്ഥാനങ്ങളിലെ ആയിരക്കണക്കിന് ഭക്തർ എന്നിവരെല്ലാം ഈ ഗ്രന്ഥം പാരായണം ചെയ്തുവരുന്നു. ഓരോരുത്തരുടേയും ഗൃഹത്തിൽ ഈ ഗ്രന്ഥം സ്വയം പാരായണം ചെയ്യുവാനും അഭ്യസിക്കുവാനും ഓരോ വ്യക്തിക്കും കഴിയണം. കൂടാതെ ഗൃഹങ്ങൾ, അമ്പലങ്ങൾ, കുടുംബസംഗമങ്ങൾ തുടങ്ങി അനവധി ഭക്തഗണങ്ങൾ ഒന്നിച്ചിരുന്ന് സമൂഹപാരായണ രൂപത്തിലും ഈ ഗ്രന്ഥം പാരായണം ചെയ്യണം. ഇപ്രകാരം ഒന്നിച്ചിരുന്നുള്ള സമൂഹപാരായണത്തിലൂടെ അന്തരീക്ഷമാകെ സാകാരാത്മകമായ ഊർജ്ജം കൈവന്ന് സകലരുടെയും മനസ്സിൽ നല്ലൊരു പ്രഭാവമു ാക്കുന്നു. ഈ പ്രഭാവം കൊ് ഓരോ വ്യക്തിയിലും പരസ്പരവിദ്വേഷം, മദമാത്സര്യാദി ചിന്തകൾ എന്നിവകളെല്ലാം ദൂരീകരിച്ച് ആളുകളിൽ പരസ്പര സൗഹാർദ്ദ ചിന്ത ഉദിക്കുന്നതിന് കാരണമാകുന്നു. ഈ ഗ്രന്ഥപാരായണം കൊ് സകല വംശക്കാർക്കും ഉത്തമസന്തതികളെ ലഭ്യമാക്കി വംശോദ്ധാരണവും സാദ്ധ്യമാക്കുന്നു. അതുകൊ് കേരളത്തിലെ വീരശൈവലിംഗായത്തോ അല്ലാത്തവരോ ആയ സകല ഭക്തഗണങ്ങളും ഭക്തിയോടു ഇതു വായിച്ച് ശിവജ്ഞാനം ലഭ്യമാക്കുവാൻ കഴിവുള്ളവരാകട്ടെ.

ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു
ഡോ. ചന്ദ്രശേഖര ശിവാചാര്യ
മഹാസ്വാമിജി

## ആമുഖം



**'പഞ്ചാനന മുഖോദ്ഭൂതാൻ**
**പഞ്ചാക്ഷരമനുപമാൻ**
**പഞ്ചസൂത്രേകൃതേ വന്ദേ**
**പഞ്ചാചാര്യാൻ ജഗദ്ഗുരുൻ'**

**'നമഃശിവായ' എന്ന പഞ്ചാക്ഷരങ്ങൾക്കു സമാനസ്വരൂപങ്ങളുള്ള അഞ്ചുസൂത്രങ്ങളോടുകൂടി, സദാശിവമുഖങ്ങളിൽ നിന്നും ഉത്ഭൂതനായി, അഞ്ചുസൂത്രങ്ങൾ സൃഷ്ടിച്ച ശ്രീ ജഗദ്ഗുരു പഞ്ചാചാര്യന്മാരെ നമസ്കരിക്കുന്നു.**

**വളരെ കാലം മുതലേ ഭാരതത്തിൽ നിലനിന്നു പോരുന്ന ഉത്കൃഷ്ടമായ ജീവിതസമ്പ്രദായമത്രേ 'വീരശൈവമതം'. മഹാദേവന്റെ രാമതു സ്വരൂപമായ സദാശിവന്റെ സദ്യോജാതം, വാമദേവം, അഘോരം, തത്പുരുഷം, ഈശാനം എന്നീ പഞ്ചമുഖങ്ങളിൽ നിന്നും യുഗങ്ങൾ തോറും ഓരോരോ വ്യത്യസ്ത നാമങ്ങളിൽ പഞ്ചമഹാജ്യോതിർലിംഗങ്ങളിൽ നിന്നും ഉത്ഭൂതരാകുന്ന ഗണേശ്വരാരാദ്ധ്യാചാര്യന്മാരാണ് 'പഞ്ചാചാര്യന്മാർ' എന്നറിയപ്പെടുന്ന പഞ്ചമുഖോത്ഭൂതന്മാർ. ഇവർ വീരശൈവ പ്രവരത്തിലും, വീര, നന്ദി, ഭൃംഗി, വൃഷഭ, സ്കന്ദ എന്നീ ഗോത്രത്തിലും, ഋക്, യജൂസ്, സാമം, അഥർവം, അജപ എന്നീ വേദശാഖയിലും ഉത്ഭൂതരായി.**





**കൃതയുഗത്തിൽ - ഏകാക്ഷരർ, ദ്വക്ഷരർ, ത്ര്യക്ഷരർ, ചതുരക്ഷരർ, പഞ്ചാക്ഷരർ എന്നീ ആരാദ്ധ്യശിവാചാര്യന്മാരായും**

**ത്രേതായുഗത്തിൽ- (ശ്രീരാമകാലം) ഏകവക്ത്രർ, ദ്വിവക്ത്രർ, ത്രിവക്ത്രർ, ചതുർവക്ത്രർ, പഞ്ചവക്ത്രർ എന്നീ ശിവാചാര്യന്മാരായും**

**ദ്വാപരയുഗത്തിൽ- (ശ്രീകൃഷ്ണകാലം) രേണുകർ, ദാരുകർ, ഘണ്ടാകർണർ, ധേനുകർണ്ണർ, വിശ്വകർണ്ണർ എന്നീ ശിവാചാര്യന്മാരായും,**

**കലിയുഗത്തിൽ-(കൽക്കികാലം) രേവണാരാദ്ധ്യ (രേവണർ), മരുളാരാദ്ധ്യ, ഏകോരാമാരാദ്ധ്യ, പണ്ഡിതാരാദ്ധ്യ, വിശ്വാരാദ്ധ്യ എന്നീ ശിവാചാര്യന്മാരായും അറിയപ്പെടുന്നു.**

**1. രേവണാരാദ്ധ്യശിവാചാര്യർ (രേണുകർ) -സദ്യോജാതമുഖോത്ഭവനായി ആന്ധ്രാപ്രദേശിലെ കൊല്ലീപാകി സോമേശ്വരജ്യോതിർലിംഗത്തിൽ നിന്നും ഉത്ഭൂതനായി കർണ്ണാടകത്തിലെ രംഭാപുരി സിംഹാസനപീഠത്തിൽ വിരാജിച്ചുകൊ് വീരശൈവ മതപോഷണം നടത്തി വരുന്നു. ഇപ്പോഴത്തെ പീഠാധിപതി ശ്രീമദ് രംഭാപുരി വീരസിംഹാസനാധീശ്വര ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു ശ്രീ പ്രസന്നരേണുക വീരസോമേശ്വരശിവാചാര്യ മഹാസ്വാമികൾ ആകുന്നു.**

**2. ദാരുകാദ്ധ്യശിവാചാര്യർ (മരുളർ)- വാമദേവമുഖോത്ഭവനായി മദ്ധ്യപ്രദേശിലെ ഉജ്ജയിനിയിലെ വടപ്രദേശത്തുള്ള സിദ്ധേശ്വരജ്യോതിർലിംഗത്തിൽ നിന്നും ഉത്ഭൂതനായി. കർണ്ണാടകത്തിലെ ബല്ലാരിയിലുള്ള ഉജ്ജയിനി സിംഹാസനപീഠത്തിൽ വിരാജിക്കുന്നു. ഇപ്പോൾ പീഠാധിപതിയായി ശ്രീമദ് ഉജ്ജയിനിസദ്ധർമ്മ സിംഹാസനാധീശ്വര ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു ശ്രീ സിദ്ധലിംഗരാജേന്ദ്ര ശിവാചാര്യ മഹാസ്വാമികൾ വിരാജിക്കുന്നു.**

**3. ഏകോരാമാദ്ധ്യശിവാചാര്യർ - അഘോരമുഖോത്ഭവനായി ആന്ധ്രാപ്രദേശിലെ കാക്കിനട ജില്ലയിലെ ദ്രാക്ഷാരാ**

'അഘോരപാപകാശിനിയാതേ രുദ്രശിവാതനു:
യജുഷാ ഗീയതേ യസ്മാത്തസ്മാദ്ഘോരവോഽഘവർജ്ജിത'
<u>സാമവേദത്തിൽ</u> –
'ബ്രഹ്മേതിലിംഗമാഖ്യാതം ബ്രഹ്മണ: പതിരീശ്വര:
പവിത്രം തദ്ധി വിഖ്യാതം തത് സമ്പർക്കാത്തനുശ്ശുചി:'
<u>അഥർവവേദത്തിൽ</u> –
'അതപ്തതനുരജ്ഞോവൈ ആമഃ സംസ്കാരവർജ്ജിത:
ദീക്ഷയാ രഹിത സാക്ഷാന്നാപ്നുയാല്ലിംഗമുത്തമം'
<u>ലിംഗധാരണോപനിഷത്</u> –
'പഞ്ചമോ ലിംഗധാരക യദ്യാശ്രമാദ്യാശ്രമാണാം
മദ്ധ്യേ ലിംഗധാരീ ശ്രേഷ്ഠാ ഭവതി'
<u>വീരാഗമം</u> –
'ലിംഗാംഗി ച മമ പ്രാണോ ലിംഗാഗീ മമ രക്ഷക:
ലിംഗാഗീ മമ കർത്താ ച ലിംഗാംഗി മമ പ്രഭുഃ'

ശിവലിംഗം പവിത്രമാകുന്നു. അതു ധരിച്ചാൽ സർവ്വ ദുഃഖങ്ങളും അകലുന്നു. ശൈവം പാപവർജ്ജിതമാകുന്നു. ലിംഗം ബ്രഹ്മമാകുന്നു. ശിവൻ ബ്രഹ്മത്തിനും പതിയാകുന്നു. ലിംഗം പരിശുദ്ധമാകുന്നു. അതിന്റെ സമ്പർക്കത്താൽ ശരീരം ശുദ്ധമാകുന്നു. ദീക്ഷാരഹിതർക്ക് ഉത്തമലിംഗത്തെ പ്രാപിക്കാനാവുകയില്ല എന്നു വേദങ്ങൾ അനുശാസിക്കുന്നു. ലിംഗാഗി എന്റെ പ്രാണനും, രക്ഷകനും, കർത്താവും, എനിക്കുപരിയായുള്ളവനുമാകുന്നു എന്ന് ഭഗവാൻ അരുളിച്ചെയ്തിരിക്കുന്നുവെന്ന് വീരാഗമത്തിൽ പറയുന്നു.

അതീവ ശ്രേഷ്ഠവും, പവിത്രവുമായ ശിവലിംഗം ഗുരുമുഖേന ശരീരത്തിൽ ധരിക്കുന്നതിന് ഇഷ്ടലിംഗധാരണം (ധാരണാദീക്ഷ)എന്നു പറയുന്നു. മരണാനന്തരം വീരശൈവരുടെ മൃതശരീരത്തെ സമാധിയിരുത്തുന്ന സ്ഥലത്തിന് 'രുദ്രഭൂമി'യെന്നും സമാധിയിരുത്തുന്നതിന് 'രുദ്രസമാധി' / 'ലിംഗസമാധി'/ 'ധാരണാസമാധി' എന്നും പറയുന്നു. ഇതിന് പ്രത്യേകം പൂജകളും ആചാരങ്ങളും ഉ്.





## സദാശിവന്റെ പഞ്ചമുഖങ്ങളും പഞ്ചാചാര്യന്മാരുടെ ഉല്പത്തി, ഗോത്രം, സൂത്രം, ശാഖ മുതലായവയും

| | | | | | |
|---|---|---|---|---|---|
| പഞ്ചമുഖങ്ങൾ | സാദ്യോജാതം | വാമദേവം | അഘോരം | തത്പുരുഷം | ഈശാനം |
| ആചാര്യന്മാർ | രേവണാരാദ്ധ്യാർ | മരുളാരാദ്ധ്യാർ | ഏകരാമാരാദ്ധ്യാർ | പണ്ഡിതരാദ്ധ്യാർ | വിശ്വാരാദ്ധ്യാർ |
| ഉല്പത്തിലിംഗം | സോമേശ്വര ലിംഗം കൊല്ലിപാകി | സിദ്ധേശ്വര ലിംഗം വടദേശം | ഭീമനാഥശങ്കര ലിംഗം ദ്രാക്ഷരാമം | മല്ലികാർജ്ജുന ലിംഗം ശ്രീശൈലം | വിശ്വേശ്വര ലിംഗം വാരണാസി |
| പീഠം | വീരസിംഹാസന പീഠം രംഭാപുരി ബളേഹള്ളി കർണ്ണാടക | സദ്ധർമ്മസിംഹാസന പീഠം ഉജ്ജയ്നി ബലേഹോണ്ണൂർ കർണ്ണാടക | വൈരാഗ്യസിംഹാസന പീഠം ഹിമവൻകേദാരം കേദാരം ഉത്തർഖണ്ഡ് | സൂര്യസിംഹാസന പീഠം ശ്രീശൈലം കർണൂർ ആന്ധ്രാപ്രദേശ് | ജ്ഞാനസിംഹാസന പീഠം കാശി, ജംഗമവാടി വാരണാസി ഉത്തർപ്രദേശ് |
| ഗോത്രം | വീര | നന്ദി | ഭൃഗി | വൃഷഭ | സ്കന്ദ |
| സൂത്രം | പൊടവിടി | വൃഷ്ടി | ലംബന | മാഗ്താഗുച്ഛ | പഞ്ചവർണ്ണം |
| പ്രപരം | വീരശൈവ | വിരശൈവ | വിരശൈവ | വിരശൈവ | വിരശൈവ |
| ശാഖ | ഋഗ്വേദം | യജൂർവേദം | സാമവേദം | അഥർവ്വവേദം | അജഷവേദം |
| കലശം | സ്വർണ്ണം | വെള്ളി | ചെമ്പ് | ഇരുമ്പ് | ഈയം |
| തത്വം | ഭൂമി | ജലം | വായു | അഗ്നി | ആകാശം |
| ബീജമന്ത്രം | ന | മ | ശി | വാ | യ |
| ദിക്കുകൾ | പൂർവ്വം | ദക്ഷിണം | പശ്ചിമം | ഉത്തരം | ഊർദ്ധ്വം |
| ദണ്ഡ് | ആൽ | ചമത | പേരാൽ | മുള | കൂവളം |
| കൊടി | പച്ച | ചുവപ്പ് | നീല | വെള്ള | മഞ്ഞ |

ളിലെ വീരശൈവരുടെ മേൽനോട്ടവും ധർമ്മോപദേശവും നടത്തി വന്നിരുന്നത്. ഇപ്പോൾ കേരളത്തിലെ വീരശൈവരുടെ മേലധികാരസ്ഥാനം കുംഭകോണം പെരിയമഠാധിപതി ശ്രീ നീലകണ്ഠസാരംഗദേശികേന്ദ്രസ്വാമികൾക്കാണ്. അദ്ദേഹത്തിനുമുമ്പ് 25 വർഷക്കാലത്തേക്ക് അവിടെ മഠാധിപതിയുായിരുന്നില്ല. അതുകൊാവാം കേരളത്തിലെ വീരശൈവർക്കിടയിൽ ആചാരവിലോമമുാകാൻ കാരണമായത്. അക്കാലത്ത് മഠാധിപതികൾ വീരശൈവർക്കിടയിൽ മതപോഷണവും ലിംഗോപദേശവും നടത്തി വന്നിരുന്നു.

ഗുരു, ലിംഗം, ജംഗമം, തീർത്ഥം, പ്രസാദം, വിഭൂതി, രുദ്രാക്ഷം, മന്ത്രം എന്നീ അഷ്ടാവരണങ്ങൾ വീരശൈവമതസ്ഥരുടെ ലക്ഷണങ്ങളാണ്. വീരശൈവ മതസ്ഥർ ലിംഗപൂജാ വ്രതികളാണ്. സാധാരണക്കാരെപ്പോലെ ലിംഗാരാധകരല്ല. സ്വയം ലിംഗപൂജ ചെയ്തുകൊ് ശിവാനന്ദം അനുഭവിക്കുന്നു. ചിലർ അമ്പലങ്ങളിലും മറ്റു സ്ഥാവരലിംഗങ്ങളിലും പരാർത്ഥപൂജ ചെയ്യിച്ച് നിർവൃതി നേടുമ്പോൾ വീരശൈവർ അവരവർക്കുവേി ആത്മാർത്ഥപൂജ ചെയ്യുന്നു. ലിംഗധാരികളായ വീരശൈവർ നിത്യേന ത്രിസന്ധ്യകളിൽ ലിംഗപൂജ ചെയ്യേതാണ്. ലിംഗപൂജ ചെയ്യുന്നതിന് വീരശൈവർക്കു ലിംഗഭേദമോ ശുദ്ധാശുദ്ധമോ ബാധകമല്ല. ലിംഗധാരിയായവരെല്ലാവരും പൂജചെയ്തിരിക്കണം എന്നതാണ് മതാചാരം. ഇഷ്ടലിംഗത്തെ ഇടതുകൈവെള്ളയിൽ എഴുന്നള്ളിച്ചിരുത്തി ഷോഡശോപചാരങ്ങളാൽ നിത്യേന സ്ഥാവരലിംഗത്തിലേതുപോലെ പൂജ ചെയ്യണം. ലിംഗപൂജചെയ്യുന്നതിന് പ്രത്യേകം പൂജാവിധികളു്. എങ്കിലും ലിംഗധാരികളായ ശൈവർക്ക് പഞ്ചാക്ഷരമന്ത്രം കൊും പൂജ ചെയ്യാവുന്നതാണ്.

വീരശൈവ സ്ത്രീകൾ സൂതകികളായിരുന്നാലും കുളിച്ചു ശുദ്ധിയായി വന്ന് ലിംഗപൂജചെയ്യാവുന്നതാണ്. പക്ഷേ രജസ്വലകളായ സ്ത്രീകൾ മറ്റുള്ളവർക്ക് ഭക്ഷണം പാകം ചെയ്ത് കൊടുക്കുവാൻ പാടില്ലത്രെ. ലിംഗധാരികൾ ലിംഗ





പൂജചെയ്യാതിരിക്കുന്നത് പാപമാണ്. ലിംഗധാരണം നടത്തിയാൽ സൂതകമാവുമെന്ന് കരുതി അവ ശരീരത്തിൽ നിന്നും മാറ്റേതില്ല. വീരശൈവർക്ക് ലിംഗം ശരീരത്തിൽ കൊുനടക്കുന്നതിലും പൂജിക്കുന്നതിലും സൂതകങ്ങൾ ബാധകമല്ലെന്ന് ആഗമങ്ങളും വേദങ്ങളും പറയുന്നു. യാഗഹോമാദികൾ ചെയ്യുമ്പോൾ ഒപ്പം ഇരിക്കുന്ന ബ്രാഹ്മണിക്കും, യജമാനത്തിക്കും, അഗ്നിഹോത്രിയുടെ പത്നിക്കും സൂതകം ബാധകമല്ലാത്തതുപോലെ തന്നെ വീരശൈവ സ്ത്രീകൾക്കും ലിംഗധാരണത്തിനും ലിംഗപൂജക്കും പഞ്ചസൂതകങ്ങൾ ബാധകമല്ല.

ലിംഗധാരണത്തിനു ശേഷം ശിവലിംഗം സ്വശരീരത്തിൽ നിന്നും മാറ്റുന്നത് പാപമാകുന്നു. ലിംഗധാരണത്തിൽകൂടി 'ശിവജീവൈക്യം' ഉാകുന്നു. ലിംഗത്തെ ശരീരത്തിൽ നിന്നും മാറ്റുമ്പോൾ ശിവനെ ജീവനിൽ നിന്നും അകറ്റുന്നതായാണ് കരുതുക. താലി കഴുത്തിൽ നിന്നും മാറ്റാത്തതുപോലെ, ലിംഗധാരികളായ വീരശൈവർ സ്വശരീരത്തിൽ പവിത്രമായ ഇഷ്ടലിംഗം സദാ ധരിച്ചുകൊ് നിത്യേനപൂജിക്കണം.

ശിവലിംഗം അതിപവിത്രമാണ്. അത് ധരിച്ചിരിക്കുന്ന വീരശൈവരും പവിത്രരാണ്. സ്ഥാവരലിംഗത്തെയെന്നതുപോലെ തന്നെ വീരശൈവരെന്ന ജംഗമലിംഗത്തെയും അശുദ്ധമാക്കരുതെന്ന് വേദങ്ങൾ അനുശാസിക്കുന്നു. സ്ഥാവരലിംഗം പൂജിക്കുന്ന പൂജാരിയേക്കാൾ വിശുദ്ധരാണ് ജംഗമലിംഗധാരികളായ വീരശൈവർ. സാകാര നിരാകാര ഭാവങ്ങളുടെ സങ്കലിത രൂപമായ ശിവലിംഗത്തെ ആധാരമാക്കിയുള്ളതാണ് വീരശൈവാചാരങ്ങൾ.

<u>ഋഗ്വേദത്തിൽ</u> –

'ഋഗിത്വാ പവിത്രം തേ വിതതം ബ്രഹ്മണസ്പതേ
തസ്മാത് പവിത്രം തല്ലിംഗം ധാര്യം ശൈവമനോമയം'

<u>യജൂർവേദത്തിൽ</u> –

കൾക്കും സമമായതുകൊാണ് സകല ദേവീ ദേവന്മാരും ലിംഗാർച്ചനയും ലിംഗപൂജയും ചെയ്യുന്നത്.

ഭഗവാൻ പരമശിവൻ 'പരതത്വ' മാകുന്നതിനാൽ അതിന്റേതായ സമയത്തു 'ക്രിയ'ചെയ്യണമെന്നാണു നിയമം ശിവസാക്ഷാത്കാരത്തിനു'ലിംഗപൂജ' ആവശ്യമാണ്. അരണിയിലെ അഗ്നിക്കായി ഘർഷണക്രിയ ചെയ്യുന്നതുപോലെ ശിവപ്രകാശത്തിനായി 'ലിംഗാർച്ചനക്രിയ' ആവശ്യമാണ്. ആഗമശാസ്ത്രപ്രകാരം ആചാര്യനിൽ (ഗുരു) നിന്നും ജ്ഞാനസമ്പാദനം നടത്തിയതിനുശേഷമേ ലിംഗാർച്ചന ചെയ്യുവാൻ പാടുള്ളൂ എന്നു 'ശിവരഹസ്യ'ത്തിൽ പറയുന്നു. പൂജാസമയത്ത് ഭഗവാൻ ശിവൻ ശിവലിംഗത്തിൽ മറഞ്ഞിരിക്കുകയും സർവ്വവ്യാപിയായിരിക്കുകയും ചെയ്യുന്നു എന്നത് അവിടുത്തെ സ്വഭാവമാകുന്നു. അജ്ഞാനം കൊ് പാശത്തെ സർപ്പമായും ആകാശത്തെ ഗന്ധർവ്വനഗരമായും തോന്നിക്കുന്നതുപോലെ ശ്രീപരമേശ്വരനിൽ പ്രപഞ്ചത്തേയും കാണുന്നു. 'ക്രിയ' 'സ്ഥൂലം' വരെയും 'ഭാവം' സൂക്ഷ്മം വരെയുമാകുന്നു. 'ജ്ഞാനം' ഇവയ്ക്കെല്ലാമുപരിയാണ്. ശിവപൂജ സ്ഥൂലമൂർത്തിയായ ശിവലിംഗത്തിൽ തുടങ്ങി സൂക്ഷ്മരൂപത്തിൽ സങ്കൽപിച്ച് അതിലുമുപരിയായുള്ള അഖണ്ഡശിവജ്ഞാനസ്വരൂപത്തിലുള്ള ശിവഭജനം ചെയ്യുന്നത് മോക്ഷദായകമാണ്. ആയതിനാൽ 'ക്രിയ' ലിംഗ പൂജയായും ശിവജ്ഞാനത്തെ അറിയേതാണ്. 'ഞാൻ തന്നെ ശിവനാകുന്നു' എന്ന് സങ്കൽപിച്ച് ബാഹ്യലിംഗപൂജചെയ്ത് ശിവയോഗി ശിവാനന്ദം അനുഭവിക്കുന്നു. അതിനുമുപരിയായുള്ള 'ശിവയോഗമാർഗ്ഗ'ത്തിൽ സകല ഇന്ദ്രിയങ്ങളെയും അടക്കി നിർത്തി ധ്യാനനിരതനാകുമ്പോൾ 'ശിവസായൂജ്യം' കൈവരുന്നു.

ശ്രീസിദ്ധാന്തശിഖാമണിയിൽ പഞ്ചാക്ഷരീ മന്ത്രമായ 'നമഃശിവായ' ജപിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. കൂടെ 'ഓം' എന്നു ചേർത്താൽ ഷഡാക്ഷരിയാകും. 'ശിവം' എന്നതിൽ 'ശ' അഥർവ്വത്തേയും 'ഇ' യജൂർവ്വേദത്തേയും 'ഇ' ഋഗ്വേദത്തേയും





'ഏകമേവാദ്വിതീയം' 'ആദിമദ്ധ്യാന്ത രഹിതം' 'അ ഖണ്ഡം' 'അനുഭവൈകവേദ്യം' 'നിരജ്ഞനം' 'നിരാകാരം' 'തത്വമസ്സി' എന്നിവയിലെല്ലാം വിശേഷിപ്പിക്കപ്പെടുന്ന ഏകവും അദ്വൈതവുമായ പരബ്രഹ്മത്തിൽ തുടങ്ങി അതിലേക്കു തന്നെ മടങ്ങുന്നുവെന്നും ജീവബ്രഹ്മൈക്യം, ശിവജീവൈക്യം എന്നീ ലക്ഷ്യപ്രാപ്തികൾക്കുള്ള മാർഗ്ഗങ്ങളും വീരശൈവമതം നിർദ്ദേശിക്കുന്നു. തത്വമസി- തത്-ഗുരു, ത്വം-ലിംഗം, അസ്സി-ജംഗമം എന്നാണർത്ഥം. തത്വമസി എന്ന 'ഗുരുലിംഗജംഗമൈക്യമാണ് വീരശൈവർ ആചരിക്കുന്നത്. പല നദികൾ ചേർന്ന് ഒന്നായിത്തീരുന്നതുപോലെ മാർഗ്ഗങ്ങൾ പലതെങ്കിലും ലക്ഷ്യം ഒന്നു തന്നെ. അനാദികാലം മുതലേ മനുഷ്യനന്മയെ ലാക്കാക്കി കല്പിക്കപ്പെട്ടിട്ടുള്ള വേദാഗമാദികളാണ് സർവ്വതിന്റേയും അടിസ്ഥാനം. ആത്മസാക്ഷാത്കാരം ലഭിച്ച ആചാര്യന്മാർ ജനസഞ്ചയത്തെ മോക്ഷപ്രാപ്തിയിലെത്തിക്കുന്നതിനായി രൂപപ്പെടുത്തിയിട്ടുള്ളതാണ് സിദ്ധാന്തങ്ങളും ആചാരങ്ങളും. അവ യഥാവിധി അനുഷ്ഠിച്ചു പോരുന്നതിനാൽ മോക്ഷപ്രാപ്തിയുാകുന്നു. സാധാരണക്കാർക്ക് ദുർഗ്രാഹ്യമായ തത്വങ്ങളെ ആചാരാനുഷ്ഠാനങ്ങളിലൂടെ ലഭ്യമാക്കിയിട്ടു വേണം മോക്ഷം പ്രാപിക്കുവാൻ. മഹാത്മാക്കളുടെ ഐതിഹാസിക ജീവിതാനുഭവങ്ങളും, സംഭവവികാസങ്ങളും, അത്ഭുതകൃത്യങ്ങളുമെല്ലാം ആധാരമാക്കി എഴുതി ഏവർക്കും ഗ്രാഹ്യമാകത്തക്കവിധം വ്യക്തമായ രൂപത്തിൽ വിശദീകരണം നൽകിയെടുത്തിട്ടുള്ളതാണ് ആചാരാനുഷ്ഠാനങ്ങൾ. ഓരോ മതസ്ഥരും അനുവർത്തിക്കേ കർമ്മങ്ങളാണത്. കാലാകാലങ്ങളിൽ ഒരു സാധാരണ വ്യക്തിയാലോ, സമൂഹങ്ങളാലോ എഴുതി ഏർപ്പെടുത്തിയ നിയമങ്ങളല്ല മതാനുഷ്ഠാനങ്ങൾ. വീരശൈവമതാചാരാനുഷ്ഠാനങ്ങൾ മഠാധിപതികളുടെ നിർദ്ദേശാനുസരണം മാത്രമേ പരിഷ്കരിക്കുവാൻ പാടുള്ളൂ എന്ന് ഡോ. എൻ. സുബ്രഹ്മണ്യപിള്ളയുടെ വീരശൈവമതം-ആചാരവും അനുഷ്ഠാനങ്ങളും എന്ന ഗ്രന്ഥത്തിൽ പറ

യുന്നു.

ശൈവദർശന പാരമ്പര്യം ഭാരതത്തിന്റെ വടക്കു നിന്നും തെക്കുവരെ പ്രചരിച്ചിരുന്നുവെന്നും അന്നുായിരുന്നവർ വീര ശൈവമതാവലംബികളായിരുന്നുവെന്നും സിന്ധൂനദീതട സംസ്കാരത്തിലെയും മോഹൻജോദാരോവിലെ ഖനനങ്ങളിൽ നിന്നും ലഭിച്ച അവശേഷിപ്പുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. 5000 വർഷങ്ങൾക്കു മുമ്പേ തന്നെ വീരശൈവയോഗസാധനയും (ഇന്നത്തെ യോഗ) വീരശൈവ ദർശനങ്ങളും പ്രചാരത്തിലിരുന്നിരുന്നുവെന്നു കാണാം. വേദവ്യാസൻ രുദ്ര പ്രാധാന്യം നൽകി വേദങ്ങളെഴുതണമെങ്കിൽ അതിനും മുമ്പേ ശൈവമതം നിലനിന്നിരിക്കണം. കൂടാതെ അദ്ദേഹം പഞ്ചാചാര്യന്മാരിൽ നിന്നും ലിംഗദീക്ഷയും ലിംഗോപദേശവും സ്വീകരിച്ച് വീരശൈവാചാര്യനായി എന്നും കാണുന്നു. ദക്ഷിണ ഭാരതത്തിലെ നായനാർമാരും ശിവയോഗികളായിരുന്നു. ചുരുക്കത്തിൽ വീരശൈവധർമ്മം ഹിമാലയം മുതൽ കന്യാകുമാരി വരെ പ്രചരിച്ചിരുന്നുവെന്ന് വ്യക്തമാക്കുന്നു.

ജീവൻ, പ്രപഞ്ചം, മോക്ഷം എന്നിവയിലെല്ലാം പ്രവർത്തിക്കുന്ന ചിന്തകളെ ദർശനം എന്നു പറയുന്നു. ജീവന്റെ സ്വരൂപം മോക്ഷലഭ്യതയ്ക്കുള്ള ഉപായം, മോക്ഷസ്വരൂപം എന്നിവ ദർശനങ്ങളിൽ വിവരിച്ചിരിക്കുന്നു. ശ്രീസിദ്ധാന്തശിഖാമണിയിൽ ഇതെക്കുറിച്ച് വിസ്തരിച്ചു വർണ്ണിച്ചിരിക്കുന്നു. കർമ്മഫലങ്ങളുടെ ഉപഭോക്താവ്, അല്പജ്ഞൻ, അല്പകർത്താവ്, അനാദിദേഹവാൻ, അനാദിബദ്ധൻ, അവിദ്യോപാധികൾ മുതലായവയാൽ മോഹബദ്ധനായവനെ 'ജീവൻ' എന്നു പറയുന്നു.

പരബ്രഹ്മൈക്യജ്ഞാനമില്ലാത്ത ആത്മാവ്(ജീവൻ) കർമ്മഫലങ്ങൾക്കനുസരിച്ച് കൃമികീഡ, പക്ഷിമൃഗാദികളായ തിര്യക്ക്, മനുഷ്യൻ, ദേവൻ എന്നീ വിവിധയോനികളിൽകൂടി ജന്മമെടുക്കുന്നു. ഒരു ജീവൻ 'തിര്യക്ക്' ആയി ആയിരമായിരം ജന്മമെടുത്തശേഷം ചണ്ഡാളനായി 100 ജന്മവും, പിന്നീട് പക്വമായ ആ ജീവൻ ശൂദ്രനായി 25 ജന്മമെടുത്തശേഷം 16 ജന്മം വൈശ്യനായും, ക്ഷത്രിയനായി 9 ജന്മവും പിന്നീട് പരിപക്വമായ ആ ആത്മാവ് 8 ജന്മം വിഷ്ണുപൂജ ചെയ്യുന്ന സദാചാരിയായ ബ്രാഹ്മണനായും ശേഷം 10 ജന്മം ശിവപൂജ ചെയ്യുന്ന സദാചാരിയായ ബ്രാഹ്മണനായും ജന്മമെടുത്ത ശേഷം പവിത്രമായ വീരശൈവന്റെ നാലു ജന്മമെടുത്ത് പുനർജന്മമില്ലാതെ ശിവസായൂജ്യമടയുന്നുവെന്ന് 'ശിവപുരാണ'ത്തിലും 'വിഷ്ണുപുരാണ'ത്തിലും പറയുന്നു. (ഡോ. എൻ. സുബ്രഹ്മണ്യപിള്ളയുടെ വീരശൈവ മതം-ആചാരവും അനുഷ്ഠാനവും) ആത്മാവ് സദാ വിശുദ്ധമായ മൂലരൂപത്തിൽ മുക്തമാണ്. അജ്ഞാനം മൂലം ആബദ്ധമായ ജീവൻ ശിവസാക്ഷാത്കാരത്തിനു ശേഷം ദേഹിയായിരുന്നിട്ട് ദേഹരഹിതനായിത്തീരുന്നു. വേദാന്തത്തിൽ ആത്മാവിന്റെ അവസ്ഥ പ്രകാശാനന്ദസ്വരൂപമാകുന്നു. രേണുകാചാര്യർ 'ശിവജ്ഞാന'ത്തിന് 'ഉല്ലാസ'മെന്നും 'മുക്തന്' 'സംവിദോല്ലാസദർശി'യെന്നും പറയുന്നു. മുക്താവസ്ഥയ്ക്കുവേി ചിദാകാശസ്വരൂപമായ ശിവതത്വത്തിനുള്ളിൽ ശിവയോഗി വിലീനനാകുന്നതിനെ സർവ്വോത്കൃഷ്ടമായ 'സായൂജ്യമുക്തി'എന്നു പറയുന്നു.

ശൂദ്രനും, വൈശ്യനും, ക്ഷത്രിയനും, ബ്രാഹ്മണനും ലിംഗദീക്ഷയും ലിംഗോപദേശവും നേടി ലിംഗധാരിയായ വീരശൈവമതസ്ഥനാകാവുന്നതാണെന്നും പറയുന്നു.

ദർശനങ്ങളിലെ നാലു പാദങ്ങളിലേതുപോലെ സിദ്ധാന്തശിഖാമണിയിലും 'ജ്ഞാനം, ക്രിയ, യോഗം, ചര്യ' എന്നിവ പ്രദിപാദിച്ചിരിക്കുന്നു. വീരശൈവർ ചേയ്യേ 'ക്രിയ' യാണ് ലിംഗപൂജയും ലിംഗാർച്ചനയും. ലിംഗപൂജ ചെയ്യുന്നതിലൂടെ വീരശൈവൻ സകലക്രിയകളും ചെയ്യുന്നവനായിത്തീരുന്നു. ലിംഗപൂജയും ലിംഗാർച്ചനയും ചെയ്യുന്നവർ യാഗം, യജ്ഞം, അഗ്നിഹോത്രം, തപം മുതലായവ ചെയ്യേതില്ല. അതിന്റെ കോടിക്കണക്കിന് ഫലമാണ് ലിംഗപൂജ കൊുാവുന്നത്. ലിംഗപൂജയും ലിംഗാർച്ചനയും സർവ്വക്രിയ

ഒരായിരം വാജപേയ യജ്ഞത്തിന്റെ ഫലം കിട്ടുന്നു. വസിഷ്ഠവാമദേവാദി മുനിവൃന്ദങ്ങൾ ഈ മന്ത്രജപം കൊു സിദ്ധന്മാരായിത്തീർന്നു. ശാന്താനന്ദ മഹർഷി നരകത്തെ സ്വർഗ്ഗതുല്യമാക്കി. ബ്രഹ്മാദികളിൽ സൃഷ്ടി മുതലായവ ചെയ്യുന്നതിലുള്ള കഴിവുകളുാക്കി. മറ്റനേകം ചര്യാവിധികളും സിദ്ധാന്ത ശിഖാമണിയിൻ നിന്നും ലഭിക്കുന്നു്. ചര്യാവർണ്ണനാപ്രധാനമായ ഒരു സമ്പൂർണ്ണ ഗ്രന്ഥമാണിത്. ഗുരു, ലിംഗധാരണം, ശിവയോഗി, ശിവാർച്ചന തുടങ്ങിയ മാഹാത്മ്യങ്ങൾ ഈ ഗ്രന്ഥത്തിൽ വർണ്ണിക്കുന്നു.

നമ്പൂതിരി മുതലായ ആര്യബ്രാഹ്മണ ഗ്രന്ഥങ്ങളിലെ ജടിലമായ കർമ്മകാണ്ഡത്തിലും അതിന്റെ അധികാരികളുടെ വർണ്ണം, അവസ്ഥ മുതലായവയുടെ യോഗ്യത തുടങ്ങിയവ ആഗമശാസ്ത്രം അംഗീകരിക്കുന്നില്ല. അത്യന്തം ലളിതവും, ഉദാരവുമായ ശിവസായൂജ്യത്തിനുള്ള അധികാരം മനുഷ്യനുമാത്രമുള്ളതാണെന്ന് ആണ് ആഗമങ്ങൾ അനുശാസിക്കുന്നത്. 'നിഗമങ്ങളിൽ' സ്ത്രീകൾക്ക് പൂജചെയ്യുവാനുള്ള അവകാശം നിഷേധിക്കുന്നുവെങ്കിൽ 'ആഗമങ്ങളിൽ' എല്ലാ സ്ത്രീകൾക്കും ലിംഗാർച്ചന ചെയ്യുവാൻ വേത്ര അധികാരം നൽകുന്നു.

'ലിംഗാർച്ചനാരതായസ്തു ഋതിനാര്യ ന സൂതകം
തഥാ പ്രസൂതികായശ്ച സൂതക നൈവ വിദ്യതേ'- എന്നു പറയുന്നു.

ഈ ആഗമഗ്രന്ഥത്തെ ഒരു 'മഹാകാവ്യം' എന്നുകൂടി വിശേഷിപ്പിക്കാറു്. 21 അധ്യായങ്ങളിലായി രചിച്ചിട്ടുള്ള ഇത് സർഗ്ഗസംബന്ധമായ ഉത്കൃഷ്ടകോടിയിലെ മഹാകാവ്യമെന്നു തെളിഞ്ഞിരിക്കുന്നു. ഉന്നതഗുണങ്ങളാൽ യുക്തമായിട്ടുള്ളവൻ ആത്മപ്രശംസ ചെയ്യാത്തവനാണ്. സ്വയം പ്രശംസിക്കാതെ രേണുകാചാര്യർ അഗസ്ത്യമഹർഷിയേയും വിഭീഷണനെയും പ്രശംസിച്ചു. ഭഗവാന്റെ ശാപമേല്ക്കേിവന്നിട്ടും ക്ഷമാശീലനായ രേണുകാചാര്യർ കോപിഷ്ഠനാകാതെ വിനമ്രതയോടുകൂടി ശാന്തനായി ശാപമോക്ഷത്തിനായപേക്ഷിച്ചു. അദ്ദേഹം





'വ'വ്യാകരണത്തെയും സൂചിപ്പിക്കുന്നു. 'ശിവം' സമ്പൂർണ്ണ സൃഷ്ടിയെ പ്രതിനിധീകരിക്കുന്നു. പഞ്ചാക്ഷരീ മന്ത്രത്താൽ ജ്ഞാനിയായവന് മറ്റൊരു മന്ത്രത്തിന്റെ ആവശ്യമില്ല. മന്ത്രങ്ങളുടെയും മന്ത്രമാണ് പഞ്ചാക്ഷരീമന്ത്രം. ഈ മന്ത്രത്തിൽ പഞ്ചഭൂതങ്ങൾ, പഞ്ചതന്മാത്രകൾ, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ പഞ്ചകർമ്മേന്ദ്രിയങ്ങൾ, പഞ്ചബ്രഹ്മങ്ങൾ, പഞ്ചകൃത്യങ്ങൾ എന്നിവയെല്ലാം അടങ്ങിയിരിക്കുന്നു.

എല്ലാ ഉപചാരങ്ങളോടും കൂടിയുള്ള ലിംഗപൂജയ്ക്ക് ബാഹ്യഭക്തിയെന്നും, പ്രാണനെ ലിംഗത്തിലും, ലിംഗത്തെ പ്രാണനിലും പ്രതിഷ്ഠിച്ചിട്ടുള്ള ശാംഭവീമുദ്രമുഖേന അനുഷ്ഠിക്കുന്ന ലിംഗപൂജക്ക് 'ആഭ്യന്തര ഭക്തി' എന്നും പറയുന്നു. ഇപ്രകാരം ആഭ്യന്തരഭക്തിയുള്ള ശിവയോഗി ജീവന്മുക്തനാകുന്നു. വീം ഭക്തിയെ മാനസ്സികം, വാചികം, കായികമെന്നു മൂന്നായി തിരിക്കുന്നു. ശിവരൂപധ്യാനം, പൂജാസങ്കല്പം എന്നിവയെ മാനസ്സഭക്തിയെന്നും, ബാഹ്യാഭ്യന്തരപൂജ, ബാഹ്യലിംഗപൂജ, ശിവക്ഷേത്രദർശനം മുതലായവയെ കായിക ഭക്തിയെന്നും പറയുന്നു. ഭക്തിയുടെ അഞ്ച് അനുഷ്ഠാനങ്ങളാണ് ജപം, തപം, ധ്യാനം, ജ്ഞാനം, കർമ്മം എന്നീ 'പഞ്ചയജ്ഞ'ങ്ങൾ. പഞ്ചയജ്ഞങ്ങളാൽ ദിനരാത്രങ്ങളിൽ ശിവപൂജചെയ്യുന്നവൻ 'ഭക്തിയോഗി'യെന്നറിയപ്പെടുന്നു.

ശ്രീസിദ്ധാന്തശിഖാമണി ശ്രേഷ്ഠമായ 'ചര്യാ' ഗ്രന്ഥമാകുന്നു. വീരശൈവമതസ്ഥർക്ക് ജ്ഞാനത്തെക്കാൾ 'ചര്യ'യ്ക്കാണ് പ്രാധാന്യം. 'ചര്യാ'മാർഗ്ഗത്തിൽ പഥികനാകുമ്പോൾ പാമരൻ പോലും ശിവസായൂജ്യമടയുന്നു. 'ചര്യ'യില്ലാതെ പണ്ഡിതനു പോലും മോക്ഷപ്രാപ്തിലഭിക്കുകയില്ല.

'ചര്യ'യുടെ പ്രധാനക്രമം 'ദീക്ഷ'യാകുന്നു. 'ദീയതേ ച ശിവജ്ഞാനം ക്ഷീയതേ പാശബന്ധനം യസ്മാദത: സമാഖ്യാത ദീക്ഷേതീയം വിചക്ഷണൈ:' വേദദീക്ഷ, മന്ത്രദീക്ഷ, ക്രിയാദീക്ഷ എന്നിങ്ങനെ ദീക്ഷ മൂന്നുവിധമു്.

ആചാര്യൻ ശിഷ്യന്റെ മേൽ ദൃഷ്ടിപതിപ്പിച്ച് തന്റെ

കരം അവന്റെ നെറുകയിൽ വെച്ച് ശിഷ്യനു് ശിവസമാവേശം ലഭ്യമാക്കുന്നത് 'വേദദീക്ഷ'. ആചാര്യൻ ശിഷ്യന്റെ കാതിൽ പഞ്ചാക്ഷരീ മന്ത്രം ഉപദേശിക്കുന്നത് 'മന്ത്രദീക്ഷ'. ഋതിദ്വിജന്മാരുടെ സാന്നിദ്ധ്യത്തിൽ ശുദ്ധിയായ ശിഷ്യനെ അഭിഷേകം ചെയ്ത് വലതുകാതിൽ പഞ്ചാക്ഷരീ മന്ത്രവും അതിന്റെ ന്യാസ വിനിയോഗാദികളും ഉപദേശിക്കുന്നതാണ് ക്രിയാദീക്ഷ.

ലിംഗധാരണത്തിന് ആചാര്യൻ ശിവലിംഗം പൂജി ച്ച് ശൈവകലയാൽ യോഗ്യമാക്കി അതിൽ ശിഷ്യന്റെ പ്രാണനെയും, പ്രാണനെ ലിംഗത്തിലും സ്ഥാപിച്ച ശേഷം രിനേയും ഐക്യപ്പെടുത്തി 'ശിവജീവൈക്യ'മാക്കി ആ ലിംഗം ശിഷ്യന്റെ കയ്യിൽ കൊടുത്ത് 'ജീവഹാനി വരുമന്നു വന്നാൽ പോലും ഈ ലിംഗം ശരീരത്തിൽ നിന്ന് ഒരിക്കലും വേർപ്പെടുത്തരുത് ' എന്നുപദേശിക്കുന്നു. സ്ഫടികം, ശില മുതലായവയാൽ നിർമ്മിച്ചതായ ലിംഗം നിത്യേന മൂന്നുനേരവും പൂജിക്കണമെന്നതാണ് വീരശൈവമതാചാരം. 'ബാഹ്യലിംഗ'ത്തിന്റെ സഹായത്താൽ 'ആന്തരലിംഗം' ധരിക്കുവാൻ ശീലിക്കണം. മൂലാധാരം, ഹൃദയം ഭ്രൂമദ്ധ്യം(നെററി) എന്നിവിടങ്ങളിൽ ജ്യോതിലിംഗത്തെ അനുസന്ധാനം ചെയ്യണം. മൂലാധാരത്തിൽ സ്വർണ്ണിമയും, ഹൃദയത്തിൽ തത്തക്കുസമാനവും (പച്ച നിറം), നെറ്റിയിൽ സ്ഫടികരൂപത്തിലുള്ളതുമായ ശിവലിംഗത്തെ ധ്യാനിക്കണമെന്നു പറയുന്നു. 'ആന്തരലിംഗ'പൂജചെയ്യുവാൻ സാധിക്കാതെ വരുന്ന ലിംഗധാരി 'ബാഹ്യലിംഗ'പൂജ നിശ്ചയമായും ചെയ്തിരിക്കണം.

ശിവലിംഗം നാഭിക്കുമുകളിലേക്കുള്ള ശരീര ഭാഗങ്ങളിൽ വേണം ധരിക്കുവാൻ'പ്രാണലിംഗ'ത്തിന് 'സൂക്ഷ്മലിംഗ'മെന്നും 'പരാല്പരലിംഗ' (തൃപ്തിലിംഗം)ത്തിന് 'കാരണലിംഗ'മെന്നും 'ബാഹ്യലിംഗ'ത്തിന് 'സ്ഥൂലലിംഗ'മെന്നും പറയുന്നു. 'ബാഹ്യലിംഗ'മായ 'ഇഷ്ടലിംഗപൂജ' ഇടതു കൈവെള്ളയിൽ എഴുന്നള്ളിച്ചിരുത്തി ചെയ്യേതാണ്.

<u>ഭസ്മധാരണം</u>- വീരശൈവന് അനിവാര്യമാണ്. നന്ദ മുതലായ







അഞ്ചുനിറങ്ങളിലുള്ള അഞ്ചുഗോക്കളുടെ വസ്തുക്കളിൽ നിന്നുമുാകുന്ന ഭസ്മോല്പാദനത്തിന് സാദ്യോജാതം, വാമദേവം, അഘോരം, തത്പുരുഷം, ഈശാനം എന്നീ 'പഞ്ചബ്രഹ്മങ്ങൾ' കാരണമാകുന്നു. ഇവ വീരശൈവവർ ദിനംതോറും അനാമിക, മദ്ധ്യമ, തർജ്ജാനി എന്നി (മോതിരവിരൽ, നടുവിരൽ, ചൂവിരൽ) വയാൽ നെറ്റിയിലും ശിരസ്സ്, ലലാടം, ഇരുതെവികൾ, കഴുത്ത്, ഇരുഭുജങ്ങൾ, മാറ് നാഭി, പുറം, ഇരുകൈകൾ, കൈമുട്ടുകൾ, മണിബന്ധം എന്നിവിടങ്ങളിൽ ത്രിപുണ്ഡ്രമായി ധരിക്കേതാണ്.

<u>രുദ്രാക്ഷധാരണം</u> - രുദ്രാക്ഷധാരണ നിയമങ്ങളും ശ്രീസിദ്ധാന്തശിഖാമണിയിൽ പ്രതിപാദിച്ചിരിക്കുന്നു. ത്രിപുരാദഹനത്തിൽ ഭഗവാൻ ശിവൻ ക്രോധത്താൽ ത്രിനേത്രങ്ങൾ പാതിതുറന്ന് മൂവുലകും നോക്കിയപ്പോൾ അവിടുത്തെ സൂര്യസമാനമായ വലതുകണ്ണിൽ നിന്നും കപിലവർണ്ണത്തിലുള്ള 12ഉം, ചാന്ദ്രസമാനമായ ഇടതുകണ്ണിൽ നിന്നും ശ്വേത വർണ്ണത്തിലുള്ള പതിനാറും, ലലാഡസ്ഥാമായ അഗ്നിമയ നേത്രത്തിൽ നിന്നും പത്തും കണ്ണുനീർതുള്ളികൾ വീണ് രുദ്രാക്ഷങ്ങളായി രൂപപ്പെട്ടു. രുദ്രാക്ഷധാരണത്തിന് പ്രത്യേകം നിയമങ്ങളു്. രുദ്രാക്ഷധാരിയായ ശിവഭക്തൻ ബ്രഹ്മഹത്യാദി പാപങ്ങളിൽ നിന്നുമുക്തനായിത്തീരുന്നുവെന്നും മരണസമയം രുദ്രാക്ഷം പൊടിച്ചു ചേർത്തു് ജലപാനം ചെയ്യിച്ചാൽ ആ വ്യക്തി രുദ്രലോകം പ്രാപിക്കുമെന്നും പറയുന്നു.

പഞ്ചാക്ഷരമന്ത്രജപം - പഞ്ചാക്ഷരമന്ത്രജപം കൊു ലഭിക്കുന്ന ഫലത്തിന്റെ 1/16 ഭാഗം പോലും വ്രതദാനങ്ങളും ജപയജ്ഞങ്ങളും കൊു കിട്ടുന്നില്ല. പാശബന്ധനമുക്തിക്ക് പഞ്ചാക്ഷരീമന്ത്രം ജപിക്കണം. ഉപവാസം, വായു ഭക്ഷണം, മറ്റു വ്രതങ്ങൾ എന്നിവകൊൊന്നും പഞ്ചാക്ഷരജപം കൊുള്ള ശിവലോക പ്രാപ്തിയുാവുകയില്ല. ശിവലിംഗത്തിൽ ഒരു പ്രാവശ്യം സർവ്വസിദ്ധിദായകമായ ഈ മന്ത്രം ജപിച്ചുകൊ് പുഷ്പാർച്ചനയും പൂജയും നടത്തുന്നതിലൂടെ

പാശുപതതന്ത്രം, കാശ്ഖണ്ഡം മുതലായ ഗ്രന്ഥങ്ങളിൽ കാണുന്നു. ജനമേജയരാജാവ് ലിംഗദീക്ഷയും, ലിംഗോപദേശവും സ്വീകരിച്ച് പഞ്ചാചാര്യപീഠത്തിലേക്ക് അനവധി ഭൂദാനങ്ങൾ ചെയ്തു ആക്രമണതല്പരനായ ഔറംഗസേബ് കാശീപീഠത്തെ ആക്രമിക്കുവാൻ സൈന്യവുമായി ആചാര്യരുടെ സമീപത്തേക്കെത്തിയപ്പോൾ കറുത്തിരുു ഭയാനകമായ രൂപത്തെക്കു ഭയന്നുവിറച്ചുതിരിഞ്ഞോടിയ അയാൾ പിന്നീട് കാശീപീഠത്തിലെത്തി ആചാര്യ പാദം വണങ്ങി ചെയ്തുപോയതെറ്റിന് മാപ്പു പറഞ്ഞ്, പീഠത്തിലേക്ക് അനവധി ഭൂദാനങ്ങളും മറ്റും നൽകുകയുായി. അങ്ങനെ കാശീപീഠത്തിലേക്ക് ലഭിച്ച പല പഴയ ശാസനങ്ങളും ഇന്നും കാണുന്നു. 6-ാം നൂറ്റാിൽ ജയനന്ദദേവ രാജാവ് നൽകിയ ശാസനമാണിതിൽ പ്രധാനം. ശ്രീ ജഗദ്ഗുരു വിശ്വാരാദ്ധ്യർ അന്നത്തെ മഠാധിപതിയായിരുന്നു. കാശീപീഠത്തിന്റെ ശാഖാമഠമാണ് നേപ്പാളിലെ ജംഗമവാടിമഠം.

രേവണ (രേണുകർ) സിദ്ധ്ശ്വരാചാര്യർ എന്ന രേണുകർ രാമൻ ശങ്കരാചാര്യരുടെ കാലത്തായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. 8-ാം നൂറ്റാിനും മുമ്പേ രംഭാപുരിപീഠം ഉായിരുന്നു വെന്ന് ഇതുകൊ് അനുമാനിക്കാം. 'സ്മാർത്തന്മാർ പഞ്ചദേവന്മാരെ പൂജിക്കണം' എന്നു കല്പിച്ച ശങ്കരാചാര്യർ കാഞ്ചിയിലായിരിക്കുമ്പോൾ അന്നത്തെ സുരേശ്വരശിവാചാര്യരിൽ നിന്നും ലിംഗോപദേശവും ലിംഗദീക്ഷയും സ്വീകരിച്ച് വീരശൈവാചാര്യനായി. അദ്ദേഹത്തിന്റെ ശിവഭക്തിയിൽ സന്തുഷ്ടനായി സുരേശ്വരാചാര്യർ സർവ്വാത്ഥസാധകമായ 'ചന്ദ്രമൌലീശ്വര ലിംഗ'വും, 'രത്നഗർഭ ഗണപതി' എന്ന ബഹുമതിയും നൽകി അദ്ദേഹത്തെ അനുഗ്രഹിച്ചു. ദേവീദേവന്മാരും ലിംഗധാരികളായിരുന്നുവെന്ന് അവരുടെ വിഗ്രഹം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമിയും സദാ ലിംഗപൂജചെയ്തുകൊിരിക്കുന്നതായാണു കാണപ്പെടുന്നത്.







ഭഗവാൻ ശിവശങ്കരന് പ്രിയപ്പെട്ടവനായതിനാൽ ഗാംഭീര്യം കൊും മഹത്വം കൊും യോഗ്യനാക്കുക എന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. ഇപ്രകാരം ശിവനിർദ്ദേശം പാലിക്കുന്നതിനായി മഹർഷി അഗസ്ത്യർക്ക് ലിംഗോപദേശം കൊടുത്ത ശേഷം ദൃഢവ്രതിയായ അദ്ദേഹം വീരശൈവസിദ്ധാന്ത പ്രചാരം നടത്തി, വിഭീഷണന്റെ അപേക്ഷപ്രകാരം ഒരേ സമയം മൂന്നുകോടി ഗുരുരൂപം (ആചാര്യരൂപം) ധരിച്ച് മൂന്നു കോടി ശിവലിംഗങ്ങൾ ഒരേ സമയം ശ്രീലങ്കയിൽ സ്ഥാപിച്ചു.

ഈ ഗ്രന്ഥം വായിക്കുമ്പോൾ ആദ്യന്തം നിർവികാരഭാവം ഉദിച്ചുകൊിരിക്കുന്നു. ഗുരു, ശിഷ്യൻ, ശിവഭക്തി, ശിവലിംഗം, പ്രപഞ്ചം, ലിംഗാർച്ചന, സമർപ്പണം മുതലായ വിഷയങ്ങൾ വായിക്കുന്നവരുടെ മനസ്സിൽ ലൗകികതയിൽ വിരസതയും, ശിവനെപ്രതി സമർപ്പണഭാവവും സൃഷ്ടിക്കുന്നു. 1-ാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ ശിവസ്തുതി, ശക്തിസ്തുതി, ഗ്രന്ഥകാരനായ ശിവയോഗി ശിവാചാര്യരുടെ വംശവർണ്ണന എന്നിവ ചെയ്തിരിക്കുന്നു. അദ്ധ്യായം 2-ൽ പരബ്രഹ്മത്തെയും 3 മുതൽ 23വരെയുള്ള ശ്ലോകങ്ങളിൽ തന്റെ വംശജരെക്കുറിച്ചും, 24 മുതൽ 35 വരെയുള്ള ശ്ലോകങ്ങളിൽ പാർവ്വതിദേവിയുടെ സൗന്ദര്യത്തെയും വർണ്ണിച്ചിരിക്കുന്നു. 3-ാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ പ്രകൃതിയെയും വർണ്ണിച്ചിരിക്കുന്നു. വീരശൈവസിദ്ധാന്തങ്ങളുടെ ശിഖാമണി തന്നെയാണിത്. 'ശ്രീസിദ്ധാന്തശിഖാമണി' എന്ന വീരശൈവഗ്രന്ഥം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുവാൻ പ്രേരിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്ത ശ്രീ കാശി ജംഗമവാടി ജ്ഞാന സിംഹാസനാധിശ്വര ശ്രീമദ് ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു ഡോ. ചന്ദ്രശേഖര ശിവാചാര്യ മഹസ്വാമിജിയുടെ തൃപ്പാദങ്ങളിൽ എന്റെ ആയിരമായിരം പ്രണാമങ്ങൾ.

വീരശൈവ മതം സ്ഥാപിച്ചത് പഞ്ചാചാര്യന്മാരല്ല ബസവേശ്വരനാണ് എന്ന് ബസവ ധർമ്മ പീഠത്തിലെ ഒരു സംഘം

ആളുകൾ വിശ്വസിക്കുകയും സമർത്ഥിക്കുകയും ചെയ്യുന്നു.
ഇതിന്റെ കാര്യത്തിലേക്ക് ഞാൻ വിരൽ ചൂുകയാണ്.

12-ാം നൂറ്റാിൽ 1134 ഏപ്രിൽ 30ന് കർണ്ണാടകത്തിൽ
ശൈവബ്രാഹ്മണനായി ജനിച്ച മഹാത്മാ ബസവേശ്വരൻ കുടല
സംഗമേശ്വരത്തിനടുത്തുള്ള നന്ദിഗോത്രോത്ഭൂതനായ മരുളാ
രാദ്ധ്യ ഗണേശ്വരാചാര്യരെന്ന (ദാരുകർ) പഞ്ചാചാര്യരുടെ
ഉജ്ജൈനി പീഠത്തിന്റെ ശാഖാമഠമായ സാരംഗമഠത്തിലെ
'സംഗമേശ്വരാചാര്യ സ്വാമികൾ' എന്ന 'ജാതവേദമുനി'യിൽ
നിന്നു ലിംഗോപദേശവും ലിംഗദീക്ഷയും വാങ്ങി വീരശൈവ
നായി. ബസവന് ജാതകർമ്മം നടത്തി നാമകരണം ചെയ്തതും
അദ്ദേഹമായിരുന്നു. ഇതിൽ നിന്നും ബസവനു മുമ്പേ പഞ്ചാ
ചാര്യന്മാരുായിരുന്നുവെന്നും പഞ്ചാചാര്യന്മാർ വീരശൈവ
മതം സ്ഥാപിച്ചതുകൊാണ് സംഗമേശ്വരാചാര്യനായ ജാത
വേദമുനിയിൽ നിന്നും ബസവൻ ലിംഗദീക്ഷവാങ്ങി വീരശൈ
വനായതെന്നു ഇതിൽ നിന്നും മനസ്സിലാക്കാം. ബസവൻ
വളർന്നു വന്ന സാഹചര്യം തൊട്ടുകൂടായ്മയുടേയും അന്ധ
വിശ്വാസത്തിന്റേയും പുരോഹിത വർഗ്ഗത്താൽ അടിച്ചമർത്ത
പ്പെട്ട ഒരു വിഭാഗം ജനങ്ങളുടെ ദൈന്യതയുടേയും നടുവിലാ
ണ്. ഇക്കാരണത്താൽ ചെറുതിലേ ദുഃഖിതനായ ബസവൻ ഈ
പ്രവണതകളിൽ നിന്നു പാവപ്പെട്ട ജനങ്ങളെ ഉൽബുദ്ധരാക്കി
രക്ഷിക്കണമെന്നുറച്ചു. ജാതവേദമുനിയിൽ നിന്നും ലിംഗധാ
രണം സ്വീകരിച്ച ബസവേശ്വരൻ ഔദ്യോഗിക പദവിയിലിരു
ന്നുകൊു തന്നെ ലിംഗധാരണത്തിലൂടെ സാമൂഹ്യ പരിഷ്ക
രണം നടത്തിയ മഹാനാണ്. അവരവരുടെ ജാതിയിൽ നിന്നു
കൊു തന്നെ ലിംഗധാരണത്തിലൂടെ വീരശൈവ ധർമ്മം
സ്വീകരിക്കാൻ 'ബസവ പ്രസ്ഥാന'ത്തിലൂടെ സാധാരണ ജന
തയ്ക്കു കഴിഞ്ഞു. ലിംഗധാരണത്തിലൂടെ ഇടനിലക്കാരായ
ബ്രാഹ്മണപുരോഹിതന്മാരുടെ അധിനിവേശവും കുറക്കാനായി
കർണ്ണാടകത്തിലെ അബ്രാഹ്മണർക്കും, അധഃസ്ഥിതർക്കും
ഇഷ്ടലിംഗപൂജയിലൂടെ ഈശ്വരനെ സ്വയം പൂജിക്കാനുള്ള





അവകാശവും സാദ്ധ്യമായി. കർണ്ണാടകത്തിലെ വിരക്ത വർഗ്ഗ
മെന്ന് ബസവപ്രസ്ഥാനക്കാരേയും ഗുരുവർഗ്ഗമെന്ന് പഞ്ചാചാ
ര്യപ്രസ്ഥാനക്കാരേയും പറയുന്നു. ഗുരുവർഗ്ഗമായ പഞ്ചാചാ
ര്യപ്രസ്ഥാനത്തിൽ ലിംഗധാരണം നടത്തി ഏവർക്കും വീര
ശൈവരാകാം. അതിൽ ജാതികൾ ഇല്ല എല്ലാവരും വീരശൈ
വർ തന്നെ എന്നതാണു വ്യത്യാസം. ഇതിൽ നിന്നും വീര
ശൈവമതസ്ഥാപകൻ ബസവേശ്വരനല്ല എന്നും അന്ധവിശ്വാ
സങ്ങളിലും അനാചാരങ്ങളിലും ഞെരിഞ്ഞമർന്ന ജനതയെ
ഉദ്ധരിക്കുവാൻ സാമൂഹ്യപരിഷ്കരണോപാധിയായി അദ്ദേഹം
വീരശൈവ ധർമ്മത്തെ വിനിയോഗിച്ചതാണന്നു മനസ്സിലാ
ക്കാം. പ്രസ്ഥാനം രങ്കിലും മാർഗ്ഗവും ആചാരങ്ങളും ഒന്നു
തന്നെ. വർണ്ണാശ്രമാചാര സമ്പന്നമായ വീരശൈവമതത്തിലെ
'പഞ്ചാചാര്യപ്രസ്ഥാന'ത്തിൽ ജാതി വ്യവസ്ഥക്കു പ്രാധാന്യം
കല്പിക്കുന്നില്ല.

6-ാം നൂറ്റാിൽ ശിവയോഗി ശിവാചാര്യർ വേദാഗ
മങ്ങളും ഉപനിഷത്തുക്കളും നന്നായി പഠിച്ച ശേഷമാണ് ഈ
മതഗ്രന്ഥം സംസ്കൃതത്തിൽ രചിച്ചത് എന്നു് തെളിവുകളു
്. അല്ലമപ്രഭു, ചന്നബസവണ്ണ, ബസവേശ്വരൻ എന്നിവ
രെല്ലാം ശ്രീ സിദ്ധാന്ത ശിഖാമണിയിലെ പല ശ്ലോകങ്ങളും
വചനസംഹിതകളിൽ ഉൾപ്പെടുത്തിയിട്ടുളളതായി കാണുന്നു.
സിദ്ധാന്തശിഖാമണി തന്നെയാണ് 101 സ്ഥലങ്ങൾ എന്നു മതി
യായ പ്രാമാണ്യങ്ങളു്.

ശൈവദ്വിജന്മാരായ ഭക്തന്മാരുടെ ഗോത്രഗുരുക്കന്മാ
രായ കൌശികൻ, കശ്യപൻ, സാനന്ദൻ, കപിലൻ, ഗൌതമൻ
എന്നിവർ പഞ്ചാചാര്യന്മാരിൽ നിന്നും ലിംഗദീക്ഷയും, ലിംഗോ
പദേശവും നേടിയ വീരശൈവ ധർമ്മാവലംബികളാണ്. പ്രസി
ദ്ധരായ വ്യാസൻ, ദുർവ്വാസാവ്, ദധീചി, ഉപമന്യു, ഹരകണ്
ഠൻ തുടങ്ങിയ മഹർഷിമാരും, നളൻ, കുകുത്സൻ, പുരുര
വസ് മുതലായ ചക്രവർത്തിമാരും പഞ്ചാചാര്യന്മാരിൽ നിന്നും
ലിംഗദീക്ഷയും ലിംഗോപദേശവും നേടിയവരായിരുന്നുവെന്ന്

ന്നു. ഈ മതത്തിന്റെയും, ഈ മതഗ്രന്ഥത്തിന്റെയും, പൌരാണികതയും പ്രശസ്തിയും ഇത്ര ഉൽകൃഷ്ടമാണെന്ന് എനിക്കും അറിയുവാൻ പാടില്ലായിരുന്നു. 'ശ്രീസിദ്ധാന്തശിഖാമണി' എന്ന ഗ്രന്ഥത്തെക്കുറിച്ച് എവിടെയോ വായിച്ചറിഞ്ഞ ഒരോർമ്മ മാത്രമെ ഉായിരുന്നുള്ളൂ. തികച്ചും അത്ഭുതകരമെന്നു പറയട്ടെ, ഈ ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ എഴുതുവാനുള്ള അവസരം എനിക്ക് ഭഗവത്കൃപയാൽ ഒരു നിയോഗമെന്നപോലെ അവിചാരിതമായി വീണു കിട്ടിയതാണ്.

2011 ഫെബ്രുവരിയിൽ എന്റെ പുത്രൻ അരുണും ഭാര്യയും ഉത്തരേന്ത്യൻ സന്ദർശനത്തിനു പോയപ്പോൾ ഞങ്ങളേയും ക്ഷണിച്ചു. അനാരോഗ്യം മൂലം ഞാൻ പോയില്ല. ഭർത്താവ് അപ്പുക്കുട്ടൻ അവരോടൊപ്പം പോയി ഉത്തർപ്രദേശിലെ വാരണാസി ജംഗമവാടി ജ്ഞാന സിംഹാസനപീഠവും, അവിടുത്തെ ജ്യോതിർലിംഗമായ കാശി വിശ്വനാഥലിംഗവും ദർശിച്ചു. തദവസരത്തിൽ കാശി ജംഗമവാടി സിംഹാസന പീഠത്തിലെ ശ്രീ കാശി വിശ്വാരാദ്ധ്യ ജ്ഞാനസിംഹാസനിധീശ്വര ശ്രീമദ് ശ്രീ ശ്രീ ശ്രീ 1008 ജഗദ്ഗുരു ഡോ. ചന്ദ്രശേഖര ശിവാചാര്യ മഹാസ്വാമികളെയും ദർശിച്ച് സംഭാഷണവും നടത്തി അനുഗ്രഹവും വാങ്ങി അപ്പോൾ അദ്ദേഹം കേരളത്തിലെ വീരശൈവരെക്കുറിച്ച് ആരാഞ്ഞു. ഇവിടുള്ളവർ ശിവജ്ഞാനത്തിലും സാമ്പത്തികമായും മറ്റെല്ലാംകൊും ശോചനീയാവസ്ഥയിലാണെന്ന് അദ്ദേഹത്തെ അറിയിച്ചു. തുടർന്ന് വീരശൈവരുടെ ഉന്നമനത്തിനായി കേരളത്തിലേക്കെഴുന്നെള്ളാമെന്ന് അദ്ദേഹം ഉറപ്പു തന്നു. കൂടാതെ അദ്ദേഹം എന്നെക്കുറിച്ചും തിരക്കി. നമ്മുടേതായ മതഗ്രന്ഥം ഏതെങ്കിലും കിട്ടിയാൽ കൊള്ളാമെന്ന് മകൻ അരുൺ അറിയിച്ചതു പ്രകാരം 'ശ്രീസിദ്ധാന്തശിഖാമണി'എന്ന ആഗമ ഗ്രന്ഥത്തിന്റെ ഇംഗ്ലീഷിലും ഹിന്ദിയിലും ഉള്ള വ്യാഖ്യാനത്തിന്റെ ഓരോ പകർപ്പും കൊടുത്ത് അതിന്റെ മലയാള പരിഭാഷ എഴുതുവാൻ അമ്മയോട് പറയുവാനും നിർദ്ദേശിച്ച് പൊന്നാടയും നൽകി അവരെ അനുഗ്രഹിച്ചു. അങ്ങനെ







'അനന്തപത്മനാഭസ്യ ഹസ്തലിംഗസ്യ ധാരണം
പാണ്ഡുരംഗേ തഥാ വിഷ്ണോ ശർഷലിംഗസ്യധാരണം.'

രേണുകാരാദ്ധ്യാചാര്യർ 1400 വർഷം ജീവിച്ച് തപഃശക്തികൊ് ശിഷ്യൻ ഭദ്രമുനിയെ സൃഷ്ടിച്ച ശേഷം സോമനാഥലിംഗത്തിൽ മറഞ്ഞു ദാരുകാരാദ്ധ്യചാര്യർ ദധീചി മഹർഷിക്ക് ലിംഗോപദേശവും ലിംഗധാരണവും ലിംഗദീക്ഷയും നൽകി അനുഗ്രഹിച്ച് തന്റെ ശിഷ്യനാക്കി. കാശി വിശ്വനാഥ ക്ഷേത്രത്തിൽ വിഷ്ണുവിനെ സ്തുതിച്ച വ്യാസന് ഹസ്തസ്തംഭനമുായി. ശംഭുവിനെ സ്തുതിക്കുവാൻ വിഷ്ണു വ്യാസനിൽ തോന്നിപ്പിക്കുകയും ശംഭുവിനെ സ്തുതിച്ചു മുക്തി നേടുകയും ചെയ്ത വ്യാസൻ ഘാകർണ്ണ ശിവാചാര്യനിൽ നിന്നും ലിംഗദീക്ഷയും ലിംഗോപദേശവും സ്വീകരിച്ച് ശിഷ്യനായി. അഗസ്ത്യമഹർഷി രേണുകാചാര്യരിൽ നിന്നുംലിംഗോപദേശവും ലിംഗദീക്ഷയും സ്വീകരിച്ച് ശിഷ്യനായെന്ന് 'ശ്രീസിദ്ധാന്തശിഖാമണിയിൽ' വർണ്ണിക്കുന്നു. മഹാവിഷ്ണു പത്ത് അവതാരങ്ങളിലും ലിംഗപൂജ മുടങ്ങാതെ ചെയ്തിരുന്നുവത്രെ. ആയിരം താമരപ്പൂക്കൾ കൊു ശിവപൂജ ചെയ്തിരുന്ന വിഷ്ണു ശിവമായതിനാൽ പൂജയ്ക്ക് ഒരു പൂവ് തികയാതെ വന്നപ്പോൾ തന്റെ ഒരു നേത്രത്തെ പുഷ്പമാക്കിയർപ്പിച്ചു പൂജചെയ്തു. ശിവൻ പ്രസാദിച്ച് 'കമലാക്ഷൻ' എന്ന പേരും, സുദർശനചക്രവും നൽകിയനുഗ്രഹിച്ചുവത്രേ.

മഹാദേവനിൽ അസാധാരണ ഭക്തി സമ്പാദിച്ച്, ശിവസർവ്വോത്തമത്വം സ്ഥാപിച്ച്, വീരശൈവ മത പ്രചാരണവും, മതപ്രസംഗവും നടത്തിയിരുന്നവരാണ് ശിവാചാര്യന്മാർ. ഹരദത്താചാര്യർ, ഉത്ഭടാചാര്യർ, ഭവേമനാരാദ്ധ്യാചാര്യർ, വജ്രനഖാചാര്യർ, ഭവാനി ശങ്കരാചാര്യർ തുടങ്ങിയ വീരശൈവരത്നങ്ങളാണവരെല്ലാം എന്നതിന് ചരിത്രങ്ങൾ തെളിവുകളാണ്.

7–ാം മാിൽ കാളഹസ്തിയിലെ ഹരദത്താചാര്യർ ഇതര മതസ്ഥരായ സാധാരണക്കാരുടെ മുന്നിൽ ചുട്ടുപഴുത്ത

അഞ്ച് പടികളുള്ള ഇരുമ്പുഗോവണിയുടെ പടികളിലോരോന്നിലും കയറി നിന്ന് ശൈവസ്തോത്രശ്ലോകങ്ങൾ എഴുതി ശിവനെ സ്തുതിച്ചു. അതുക് അത്ഭുതസ്തംബ്ധരായ ജനങ്ങളെയെല്ലാം ശരണാർത്ഥികളാക്കിയ, ശിവാധികൃത നിറഞ്ഞു തുളുമ്പുന്ന 'പഞ്ചശ്ലോകി' എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ ശ്ലോകങ്ങളഞ്ചും ഓരോ വീരശൈവന്റേയും നാവിലെപ്പോഴുമുാവേതാണ്. ഇതിന്റെ സംസ്കൃത വ്യാഖ്യാനമാണ് 'ശൈവസഞ്ജീവനി'. ഇപ്രകാരമുള്ള ശ്രേഷ്ഠരായ പഞ്ചാചാര്യന്മാരുടെ പരമ്പരയാണ് വീരശൈവരെന്നറിഞ്ഞ് അത്യധികം ശിവഭക്തിയോടുകൂടി ലിംഗധാരണവും ലിംഗോപദേശവും സ്വീകരിച്ച് ഇഷ്ടലിംഗപൂജയും നടത്തി വീരശൈവസോദരരെല്ലാം ധന്യരായി ശിവസായൂജ്യം നേടുക. മതത്തിന്റെ അടിത്തറയെന്ന ആചാരങ്ങളില്ലാതായാൽ ആ മതവും സമുദായവും നശിക്കും. ആചാരാനുഷ്ഠാനങ്ങൾ ലംഘിക്കാതെ ലിംഗപൂജ നിത്യേന ചെയ്തുകൊ് ശിവസായൂജ്യം നേടുക.

'ന ലിംഗധാരിണാം പുംസാം സ്വപ്നമോക്ഷേണജായതേ,
ലിംഗം വിനാ ന സായൂജ്യം സത്യം സത്യം വദാമ്യഹം'

എന്നു വീരലിംഗോപനിഷത്തിൽ പറയുന്നു. ലിംഗധാരികളായ വീരശൈവർ സൂര്യചന്ദ്രാദി മണ്ഡലങ്ങളും ദേവലോകവും അതിലുപരി 36 തത്വങ്ങൾക്കുമുപരിയായ ചിത്ബ്രഹ്മാണ്ഡമെന്ന 'ജ്യോതിർമയ ശാംഭവ'മെന്ന പരബ്രഹ്മലോകം പ്രാപിക്കുന്നുവെന്ന് 'വീരശൈവസിദ്ധാന്ത'ത്തിൽ പറയുന്നു.

വീരശൈവധർമ്മത്തെക്കുറിച്ച് അറിയുവാനും മനസ്സിലാക്കുവാനും തല്പരരായിരുന്ന എനിക്ക് ഇക്കാലമത്രയും തേടിയത് ഇപ്പോഴാണു കരഗതമായത്. മഹത്തായ ഒരു സമുദായം- ജാതി സമൂഹമാണ്. വീരശൈവമെന്നല്ലാതെ ഈ മതത്തെക്കുറിച്ച് വ്യക്തമായ അറിവൊന്നും ഉായിരുന്നില്ല. വീരശൈവം ഒരു മതമാണെന്നും ശൈവമതത്തിൽ അതിശ്രേഷ്ഠമാണെന്നും അറിയാമായിരുന്നു. ഭഗവാൻ ശിവശങ്കരന്റെ പ്രഥമ സൃഷ്ടികളായ പഞ്ചമുഖോത്ഭൂതരായ പഞ്ചാചാര്യഗണേശ്വരന്മാരുടെ പിൻതുടർച്ചക്കാരാണ് വീരശൈവരെന്നും അവരുടെ ആചാരാനുഷ്ഠാനങ്ങൾക്കൊത്ത് ജീവിക്കുന്ന ശിവജ്ഞാനികളായ ശിവയോഗികളാണു നാമെന്നുള്ള ജ്ഞാനം കരഗതമായിരുന്നില്ല.







നമ്മുടെ മതഗ്രന്ഥങ്ങൾ സംസ്കൃതത്തിലും മറ്റു ഭാരതീയ ഭാഷകളിലും അനവധിയുെങ്കിലും അവ മലയാളത്തിൽ വിരലിലെണ്ണാവുന്നവ മാത്രമേയുള്ളൂ. ഗുരുലിംഗജംഗമദാസ് എന്ന പി. കെ. വേലായുധൻപിള്ളയുടെ വീരശൈവ പ്രകാശികയും, വി. നാരായണപിള്ളയുടെ 'ശിവാദ്വൈതം' എന്ന ഗ്രന്ഥവും ഡോ. എൻ.സുബ്രഹ്മണ്യപിള്ളയുടെ വീരശൈവമതം-ആചാരവും അനുഷ്ഠാനവും എന്ന ഗ്രന്ഥവും വീരശൈവരായ മലയാളികൾക്ക് ഉായി എന്നതാണ് ഏറെ ആശ്വാസകരം. പിന്നീട് ഒന്നുരു മറ്റു ചില രചനകളും പുറത്തിറങ്ങിയെങ്കിലും ശ്രീ. കെ. പ്രസന്നകുമാർ അവർകളുടെ വീരശൈവധർമ്മ പരിചയം എന്ന ഗ്രന്ഥം ഏറെ ശ്രദ്ധേയമായി. ശ്രീ സിദ്ധാന്ത ശിഖാമണിയുടെ മലയാളപരിഭാഷ ശിവാദ്വൈതദർശന വീരശൈവമതപാരായണഗ്രന്ഥമാണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഭഗവാൻ ശിവശങ്കരൻ ഉമാദേവിക്കും ശ്രീ സുബ്രഹ്മണ്യനും ഉപദേശിച്ചതായ കാര്യങ്ങളാണ് അതിലുള്ളത്. ശ്രീ രേണുകാരാദ്ധ്യാചാര്യർ കന്നടയിൽ 'സിദ്ധാന്ത ബോധിനി' എന്ന വ്യാഖ്യാനവും, ശ്രീ മരിതൊദാര്യർ 12-ാം നൂറ്റാിൽ 'തത്വപ്രദീപിക' എന്ന സംസ്കൃത വ്യാഖ്യാനവും പ്രൊഫസർ ഡോ. രാധേശ്യാമ ചതുർവേദി 'ജ്ഞാനവതി' എന്ന ഹിന്ദി വ്യാഖ്യാനവും ഡോ. എം. ശിവകുമാരസ്വാമി ഇംഗ്ലീഷ് വ്യാഖ്യാനവും, പ്രൊഫ. കെ. പ്രതാപൻ തെലുങ്കിൽ പാരായണ ഗ്രന്ഥവും രചിച്ചു. തമിഴ്, മറാഠി മുതലായ ഭാഷകളിലും പരിഭാഷകളുായിട്ടു്.

വീരശൈവമതം ഇത്രയേറെ ശ്രേഷ്ഠമെന്നോ ഇതിനു പ്രത്യേകമതഗ്രന്ഥങ്ങളുണ്ടോ എന്നൊന്നും കേരളത്തിലെ മലയാളികളായ വീരശൈവർക്കറിവില്ല. എന്തിനേറെപ്പറയു

ശിവായ വിഷ്ണുരൂപായ ശിവരൂപായ വിഷ്ണവേ
ശിവസ്യ ഹൃദയം വിഷ്ണുഃ വിഷ്ണോസ്തു ഹൃദയം ശിവഃ

എന്ന സ്കന്ദപുരാണത്തിന്റെ അഭിപ്രായം ഏതാല്ലൊ പുരാണങ്ങളും ആവർത്തിക്കുന്നു്. കേരളത്തിലെ തന്ത്രശാസ്ത്രഗ്രന്ഥങ്ങളിൽ പ്രമുഖമായ തന്ത്രസമുച്ചയം തുടങ്ങുന്നതുതന്നെ വിഷ്ണ്വാദികളായ ദേവതകൾക്കും പരമാത്മാവിനും നാമങ്ങളിൽ മാത്രമേ ഭേദമുള്ളൂവെന്ന പ്രഖ്യാപനത്തോടെയാണ്.

ശ്രീശേശസേശഹരിസുംഭജിദാംബികേയ-
വിഘ്നേശഭൂതപതിർനാമ വിഭിന്നഭൂമ്നഃ
വക്ഷ്യേ പരസ്യ പുരുഷസ്യ സമാനരൂപ-
മർച്ചാവിധിം......

വ്യത്യസ്ഥമായ ആരാധനാ സമ്പ്രദായങ്ങളും വിശ്വാസങ്ങളുമടങ്ങിയ അറിവുരൂപങ്ങൾ വേദം-ഉപനിഷത്ത്-ഇതിഹാസ-പുരാണങ്ങൾ- ദർശനം-തന്ത്രം എന്നിവകളിലായി പരന്നുകിടക്കുന്നു്. ലോകത്തിലെ തന്നെ ഉൽകൃഷ്ടമായ ചിന്തകൾ ഉൾക്കൊള്ളുന്ന മേൽപറഞ്ഞ വിജ്ഞാനത്തിന്റെ പൊരുളെന്തെന്നറിയാതെ വന്നപ്പോഴൊക്കെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നമ്മുടെ നാട്ടിൽ കൊടികുത്തി വാണിരുന്നത് ചരിത്രമാണ്. മനുഷ്യജീവിതം ദുസഹമായിരുന്ന ഈയവസരത്തിലൊക്കെ ആചാര്യന്മാർ നമുക്കിടയിലേക്കിറങ്ങി വന്നിട്ടു്. ശ്രീ ശങ്കരാചാര്യസ്വാമികളാണ് (ഏ.ഡി.8-ാം നൂറ്റാ്) ഭാരതീയ തത്ത്വചിന്തയുടെ അടിസ്ഥാനത്തിൽ ആരാധനാസമ്പ്രദായങ്ങൾ ശൈവ-വൈഷ്ണവ-ശാക്തേയ-കൗമാര-ഗാണപത്യമെന്നിങ്ങനെ ചിട്ടപ്പെടുത്തുകയും അനാചാരങ്ങൾ നിറുത്തലാക്കുകയും ചെയ്തവരിൽ മുന്നിൽ നിൽക്കുന്നത്. കാലം കടന്നുപോയപ്പോൾ സമൂഹജിവിതത്തിൽ തിന്മകൾ പലരീതിയിൽ വീും കടന്നുകൂടി. ഇതിനെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി ആധ്യാത്മിക-സാമൂഹിക രംഗത്ത് പല പ്ര





യാണ് ആ ഗ്രന്ഥം എഴുതുക എന്ന ദൌത്യം ഞാൻ ഏറ്റെടുക്കുന്നത്.

വേദാഗമാദികളിൽ പരാമർശിച്ചിട്ടുള്ള വീരശൈവമതത്തേയും ആചാരുനുഷ്ഠാനങ്ങളെയും കുറിച്ച് ഇന്നത്തെ മലയാളി വീരശൈവർക്കത്ര ജ്ഞാനം പോര. അതുകൊുതന്നെയാവാം ഇത്രയേറെ ശ്രേഷ്ഠമായ സന്യാസി വൃന്ദത്തിൽ വന്നു പിറന്നിട്ടും സ്വസമുദായത്തെക്കുറിച്ച് അപകർഷത തോന്നിത്തുടങ്ങിയതും ആചാരാനുഷ്ഠാനലംഘനമുാക്കി താനാരാണെന്നു ചിന്തിക്കുകപോലും ചെയ്യാതെ മത്സ്യമാംസാദികളും മറ്റും ഭുജിച്ച് അന്യമതജന സഹവാസികളായി ദുഷിച്ച് സ്വയം അധഃപതിച്ചുകൊിരിക്കുന്നത്.

സർവ്വേശ്വരനായ ഭഗവാൻ ശ്രീപരമേശ്വരന്റെയും പഞ്ചാചാര്യപാദങ്ങളുടെയും, കാശിമഠാധിപതി ജഗദ്ഗുരു ശ്രീ ശ്രീ ശ്രീ ഡോ. ചന്ദ്രശേഖര ശിവാചാര്യ സ്വാമികളുടെയും കൃപയാൽ 'ശ്രീസിദ്ധാന്തശിഖാമണി' എന്ന വീരശൈവമത ഗ്രന്ഥത്തിന്റെ 'ശിവാദ്വൈത ദർശന' എന്ന മലയാള പരിഭാഷയിലുള്ളപാരായണ ഗ്രന്ഥം എഴുതി പൂർത്തീകരിക്കുവാൻ എനിക്കു സാധിച്ചു. പരിഭാഷയിലെ തെറ്റു കുറ്റങ്ങൾ തീർത്ത് തന്നു സഹായിച്ചത് ഹിന്ദിയിൽ പാണ്ഡിത്യം നേടിയ ശ്രീമതി. ഡോ. എൻ. പി. ഗീതയും, സംസ്കൃതപണ്ഡിതൻ പ്രൊഫസർ ഡോ. എം. വി. നടേശൻ, സംസ്കൃത സർവ്വകലാശാല, കാലടി, അവർകളുമാണ്. ദൈവകൃപയെന്നു തന്നെ പറയട്ടെ അദ്ദേഹത്തേയും യാദൃശ്ചികമായി പരിചയപ്പെടാനിടയായതാണ്. മൈസൂരിലെ ഒരു സംസ്കൃത പണ്ഡിതരുടെ സെമിനാറിൽ പങ്കെടുക്കാനെത്തിയ അദ്ദേഹത്തെ സ്വാമിജി പരിചയപ്പെടുകയും മകൻ അരുണിനെ ഫോണിൽ വിളിപ്പിച്ച് പരിചയം പുതുക്കുകയും ചെയ്തു. ഈ ഗ്രന്ഥത്തിന്റെ ഭാഷാശുദ്ധി നിർവ്വഹിച്ചത് ശ്രീമതി. ഗിരിജാദേവി, ചിന്മയാ സ്കൂൾ, തൃപ്പുണിത്തുറയാകുന്നു. ഔദ്യോഗിക രംഗത്തെ തിരക്കിനിടയിലും എനിക്കുവേ എല്ലാ സഹായങ്ങളും ഇവരെല്ലാവരും യഥാ

സമയം ചെയ്തുതന്ന് എന്നെ സഹായിച്ചു. അവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിനായി എന്റെ കുടുംബാംഗങ്ങളുടെ എല്ലാവിധ സഹായസഹകരണങ്ങളും നിർബാധം ലഭിച്ചിരുന്നു. ഇതിന്റെ രചനയ്ക്കുവേി സഹായങ്ങൾ നൽകിയ ഹരിത, ഹരിപ്രിയ, ജയേഷ്, കാവ്യാ ശശി, ചിഞ്ചു ശിവരാമൻ എന്നിവരേയും ഈയവസരത്തിൽ ഞാൻ സ്മരിച്ചുകൊള്ളുന്നു. ഇതിന്റെ ഡി.റ്റി.പി. ഏല്പിച്ചിരുന്ന സുനിത പ്രസ്സ് ചോറ്റാനിക്കര ചെയ്തു തന്ന എല്ലാ സഹായങ്ങളും ഏറെ സ്മരണീയമാണ്. കാശിപീഠത്തിലെ സ്വാമിജി അവിടിരുന്നു കൊു തന്നെ 'ശിവാദ്വൈതദർശന' യെന്ന മലയാളഗ്രന്ഥത്തിനു വേി അനുഗ്രഹിച്ചുകൊിരിക്കുന്നുവെന്നതും സ്മരണാർഹമാണ്.

'ശ്രീസിദ്ധാന്തശിഖാമണി' പോലുള്ള 'വീരശൈവമതഗ്രന്ഥങ്ങൾ' സംസ്കൃതത്തിൻ നിന്നും പരിഭാഷപ്പെടുത്തിജ്ഞാനികളാകുന്നതിന് കൂടുതൽ വീരശൈവ വിദ്യാർത്ഥികൾ സംസ്കൃതം രാം ഭാഷയായി പഠിക്കുവാൻ താല്പര്യപ്പെട്ടുമുന്നോട്ടുവരണം. ബ്രാഹ്മണസമൂഹത്തിൽ മുമ്പേ തന്നെ സംസ്കൃതം പഠിപ്പിച്ചു വന്നിരുന്നു. അവരേക്കാൾ ശ്രേഷ്ഠരായ വീരശൈവർക്ക് സംസ്കൃതം പഠിക്കുവാനോ, പഠിച്ചാലുള്ള ഗുണത്തേക്കുറിച്ചോ എന്തുകൊാേ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഇനിയുള്ള കുട്ടികൾ കഴിയുന്നത്ര വേഗത്തിൽ സംസ്കൃതം 2-ാം ഭാഷയായെടുത്ത് കൂടുതൽ കാര്യങ്ങൾ പഠിച്ച് നമ്മുടെ ധർമ്മത്തെ നിലനിറുത്തേതു്.

ജഗദ്ഗുരു ശ്രീ ശ്രീ ശ്രീ വിശ്വാരാദ്ധ്യ കാശി സിംഹാസന മഠാധിപതി ഡോ. ചന്ദ്രശേഖര ശിവാചാര്യ മഹാസ്വാമികളുടെയും പഞ്ചാചാര്യപാദങ്ങളുടേയും അനുഗ്രഹാശിസ്സുകളോടെ ഈ 'ശിവാദ്വൈത ദർശന' എന്ന പാരായണ ഗ്രന്ഥം സമർപ്പിക്കട്ടെ

അംബികാ അപ്പുക്കുട്ടൻ





## സമ്പാദകകുറിപ്പ്

ആഗമങ്ങളും നിഗമങ്ങളും സനാതനധർമ്മത്തിന്റെ രു പ്രധാനപ്പെട്ട വിജ്ഞാനശാഖകളാണ്. ആഗമമെന്നാൽ തന്ത്രവും നിഗമം വേദവുമാണ്. ശിവമുഖത്തിൽ നിന്നും ഉത്ഭവിച്ച അറിവിനെയാണ് ആഗമങ്ങളെന്ന് പറയുന്നത്.

'ആഗതഃ ശിവവക്ത്രേഭ്യോ ഗതോപി ഗിരിജാലയേ
മഗ്നസ്തസ്യ ഹൃദംഭോജേ തസ്മാദാഗമ ഉച്യതേ'

എന്ന ആദിയാമളതന്ത്രത്തിന്റെ അഭിപ്രായത്തിൽ ശിവമുഖത്തിൽ നിന്നുത്ഭവിച്ച് ദേവിയുടെ ഹൃദയപത്മത്തിൽ ആമഗ്നമായിരിക്കുന്നതുകൊ് ഇതിനെ ആഗമമെന്നു പറയുന്നു. മനുഷ്യനെ ധർമ്മബോധമുള്ളവനാക്കാനും മനസിനെ സംസ്കരിച്ച് ഉയർന്ന പടിയിലേക്ക് നയിക്കാനുമാണ് ഈ വിജ്ഞാനങ്ങൾ ഓരോകാലത്തും ആവിർഭവിച്ചിട്ടുള്ളത്. കൃതയുഗത്തിൽ വേദത്തിനും ത്രേതായുഗത്തിൽ സ്മൃതികൾക്കും ദ്വാപരയുഗത്തിൽ പുരാണങ്ങൾക്കും കലിയുഗത്തിൽ ആഗമത്തിനുമാണ് പ്രാധാന്യമെന്ന് കുളാർണ്ണവ തന്ത്രത്തിൽ കാണുന്നു.

കൃതേ ശ്രുത്യുക്തഃ ആചാരഃ
ത്രേതായാം സ്മൃതി സംഭവഃ
ദ്വാപരേ തു പുരാണോക്തഃ
കലാവാഗമചോദിതഃ

ധർമ്മം ക്ഷയിച്ച് അധർമ്മം വളർച്ച പ്രാപിക്കുന്ന കലിയുഗത്തിൽ അറിവിനെ അനുഭവവേദ്യമാക്കാനും അനുഭവങ്ങളെ ദേവസ്പർശമുള്ളതാക്കാനും സവിശേഷതയുള്ള ആഗമശാസ്ത്രത്തിന്റെ പ്രസക്തി ഇന്ന് ഏറിവരുകയാണ്.

എണ്ണിയാലൊടുങ്ങാത്തത്ര ദേവീ-ദേവന്മാരെ ആരാധിക്കുന്നവരാണ് ഭാരതത്തിലെ ഹിന്ദുജനത. എല്ലാ ദേവതകളും ഓരേ തത്ത്വത്തിന്റെ വിഭിന്ന ഭാവങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്.

യാളി സ്വന്തമാക്കിയിട്ടു്. തമിഴ് ശൈവഗ്രന്ഥമായ പെരിയ പുരാണം, തിരുവാചകം, ചിലപ്പതികാരം, തിരുക്കുറൾ ശൈവ വചനങ്ങൾ എന്നിവ മലയാളത്തിലു്. എന്നാൽ നമ്മുടെ തൊട്ട ടുത്ത സംസ്ഥാനമായ കർണ്ണാടകത്തിലും മറ്റും പ്രസിദ്ധി പെറ്റ വീരശൈവ സിദ്ധാന്തത്തെക്കുറിച്ചുള്ള കൃതികൾ മലയാള ത്തിൽ കുറവാണ്.

ഇത്തരത്തിൽ നോക്കുമ്പോൾ ശ്രീസിദ്ധാന്തശിഖാമണി യെന്ന ഈ വീരശൈവമതഗ്രന്ഥം ശൈവരഹസ്യത്തെക്കുറിച്ച് കൂടുതൽ പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഒരു സഹായകമായി രിക്കും.

ജാതീയമായ വേർതിരിവുകളും ആരാധനയുടെ പേരിൽ അന്ധവിശ്വാസവും അനാചാരവും തീർത്ത് മനുഷ്യ വിരുദ്ധമായ സാമൂഹിക സാഹചര്യം നിലനിന്നിരുന്ന കാലത്ത് സനാതനധർമ്മതിന്റെ അന്തസത്ത ശൈവസിദ്ധാന്തത്തിലൂടെ കാണിച്ചുതന്ന കൃതികളിൽ പ്രമുഖമാണ് ശ്രീസിദ്ധാന്തശിഖാ മണി. പഴയകാല സാമൂഹിക ജീർണതകൾ പുതിയ ഭാവത്തിൽ അതിശക്തമായി സാമൂഹജീവിതത്തിലേക്ക് കടന്നുവന്നുകൊ ിരിക്കുന്ന കാലമാണിത്. ഈ സാഹചര്യത്തിൽ ജനങ്ങളെ ധർമ്മബോധമുള്ളവരാക്കിമാറ്റാൻ ഈ ഗ്രന്ഥത്തിന്റെ പഠന ത്തിനും പ്രചാരണത്തിനും നമുക്കൊരുമിക്കാം.

മരുതോണ്ഡദാര്യർ (17 AD) സംസ്കൃതത്തിലെഴു തിയ തത്ത്വദീപികയെന്ന വ്യാഖ്യാനത്തോടുകൂടിയ വിവർത്തനം പൂർണ്ണമായും ശ്രീമതി അംബികാ അപ്പുക്കുട്ടൻ നിർവ്വഹിച്ചിട്ടു്. എന്നാൽ ആദ്യഘട്ടത്തിൽ ശ്ലോകവും അതിന്റെ സമാനമായ അർത്ഥവിവരണവും കൊടുക്കുന്നതാണ് നല്ലതെന്ന് പരമാചാര്യന്റെ നിർദ്ദേശപ്രകാരം വ്യാഖ്യാനത്തെ സംക്ഷേപിച്ച് അർത്ഥമാണ് ഇതിൽ കൊടുത്തിരിക്കുന്നത്. അതു കൊ് ശ്ലോകത്തിന്റെ പദാനുപദമായ അർത്ഥത്തിനപ്പുറം ചില വിശദീകരണം കൂടി നൽകിയിട്ടു്. ജഗദ്ഗുരു ഡോ. ചന്ദ്ര ശേഖര ശിവാചാര്യ സ്വാമികളുടെയും രംഭാപുരി, ഉജ്ജൈനി,







സ്ഥാനങ്ങൾ ഉയർന്നുവന്നിട്ടു്. പ്രാചീന ആഗമസിദ്ധാന്തത്തെ 12-ാം നൂറ്റാിൽ കർണ്ണാടകത്തിലെ വീരശൈവ പണ്ഡിതന്മാർ പ്രചുരപ്രചാരം നടത്തി. വീരശൈവ പ്രതിപാദകമായ കൃതി കളിൽ പ്രമുഖമായതാണ് ശിവയോഗിശിവാചാര്യരാൽ സംസ്കൃതത്തിൽ രചിക്കപ്പെട്ട സിദ്ധാന്തശിഖാമണി.

പൊതുവെ തന്ത്രശാഖയുമായി ബന്ധപ്പെട്ടു കിടക്കുന്ന വിജ്ഞാനം രഹസ്യങ്ങളായതുകൊാവാം മറ്റു കൃതികൾക്കു ള്ളത്ര പ്രചാരം ഇന്നും കൈവന്നിട്ടില്ല. സംസ്കൃത ഭാഷയി ലാണല്ലോ ഇത്തരത്തിലുള്ള വിഷയങ്ങളെക്കുറിച്ചെഴുതിയ ഗ്രന്ഥങ്ങളിലേറെയും. സംസ്കൃതസാഹിത്യചരിത്രമെഴുതിയ ഒട്ടുമിക്ക പണ്ഡിതന്മാരും തന്ത്രശാഖയെ ഒഴിവാക്കിയാണ് തങ്ങളുടെ രചന നിർവ്വഹിച്ചിട്ടുള്ളത്. തന്ത്ര-ആഗമാദി വിജ്ഞാനത്തെ മാറ്റിനിറുത്തിയാൽ ഭാരതത്തിന്റെ ദർശനം, കല, ശാസ്ത്രം, സാഹിത്യം എന്നിവ അപൂർണ്ണമാകും.

ശൈവാഗമങ്ങൾ പ്രധാനപ്പെട്ടവ 28 ആണ്. ഉപാഗമ ങ്ങൾ 108 ഉ്, ഇവയുടെ ഗ്രന്ഥസമുച്ചയം ഇനിയും ക ത്താനും പ്രകാശിപ്പിക്കുവാനും കഴിഞ്ഞിട്ടില്ല. കാശ്മീരിയൻ ശൈവസിദ്ധാന്തം, തമിഴ് ശൈവസിദ്ധാന്തം വീരശൈവം തുട ങ്ങിയ സമ്പ്രദായങ്ങൾ പ്രതിപാദിക്കുന്ന കൃതികൾ സംസ്കൃതം, തമിഴ്, കന്നട ഭാഷകളിൽ നിരവധിയുങ്കെിലും മലയാള ഭാഷയിൽ വളരെ കുറവാണ്.

ലിംഗരൂപത്തിലാരാധിക്കപ്പെടുന്ന ശിവൻ വളരെ പഴ യകാലം മുതൽക്കേ കേരളീയരുടെ ആരാധനാമൂർത്തിയാണ്. തൃശ്ശൂർ വടക്കുംനാഥൻ, ഏറ്റുമാനൂർ, തൃത്താല, എറണാകു ളം തുടങ്ങിയ ശിവക്ഷേത്രങ്ങൾ പഴമകൊും പാരമ്പര്യം കൊും ശ്രദ്ധേയങ്ങളാണ്. ശങ്കരനാരായണൻ, ഹരനാരാ യണൻ എന്നീ ശൈവ വൈഷ്ണവ സമന്വയമൂർത്തികൾ കേര ളത്തിന്റെ പ്രത്യേകതയാണ്. ഇതുകൂടാതെ കിരാതമൂർത്തി, കാമാരി ദക്ഷിണാമൂർത്തി, മൃത്യുഞ്ജയൻ, നൃത്തമൂർത്തി, സദാശിവൻ, ഉമാസമേതൻ തുടങ്ങി ശിവമൂർത്തികളുടെ നിര

വധി വകഭേദങ്ങളെ കേരളീയർ ആരാധിക്കുന്നു്. തന്ത്രഗ്രന്ഥമായ ഈശാനശിവഗുരുദേവപദ്ധതിയിലും തന്ത്രസമുച്ചയം, ശില്പരത്നം എന്നീ കൃതികളിലും ശൈവമൂർത്തീഭേദങ്ങളുടെ ആരാധനാ സമ്പ്രദായവും ശില്പരീതിയെക്കുറിച്ചും വർണ്ണിക്കുന്നു്. ഇങ്ങനെനോക്കിയാൽ കേരളീയജനജീവിതവുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നതാണ് ശൈവസമ്പ്രദായം എന്നുകാണാം. പക്ഷേ സാഹിത്യസൃഷ്ടികളാകട്ടെ വളരെകുറച്ചുമാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ. ഇതെന്തുകൊ് എന്നത് പഠനം നടത്തേ കാര്യമാണ്.

ശ്രീജഗദ്ഗുരു വിശ്വാരാധ്യ ജനകല്യാണ പ്രതിഷ്ഠാൻ ശൈവവിജ്ഞാനത്തെ ജനങ്ങളിലെത്തിക്കുന്നതിന് നിരവധി കർമ്മ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പ്രസ്ഥാനമാണ്. 2011 ജനുവരിയിൽ ജനകല്യാണ പ്രതിഷ്ഠാനത്തിന്റെ ആഭിമുഖ്യത്തിൽ ബാംഗ്ലൂരിൽ വച്ച് ഗോത്രപുരുഷനായ സ്കന്ദൻ എന്ന വിഷയത്തെ അധികരിച്ച് ഒരു ദേശീയ സെമിനാർ നടത്തുകയുായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സ്കന്ദാചാരങ്ങൾ അനുഷ്ഠാനങ്ങൾ സ്കന്ദസാഹിത്യം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നതിന് വിവിധ സംസ്ഥാനങ്ങളിലെ പ്രമുഖ പണ്ഡിതന്മാർ അതിൽ സംബന്ധിക്കുകയുായി. ഇതിൽ സ്കന്ദൻ മലയാള സാഹിത്യത്തിൽ എന്ന വിഷയത്തെ അധികരിച്ച് പ്രബന്ധമവതരിപ്പിക്കുന്നതിന് കേരളത്തിൽ നിന്നും ക്ഷണിക്കപ്പെട്ട പ്രമുഖ വേദ-സാഹിത്യ പണ്ഡിതനായ ഡോ. സി. എം. നീലകണ്ഠന്റെ അസൗകര്യം കാരണം ആ ചുമതല അദ്ദേഹം എന്നെ ഏല്പിച്ചിരുന്നു. ഞാൻ പ്രസ്തുത പരിപാടിയിൽ പ്രബന്ധമവതരിപ്പിച്ചു. അന്ന് വൈകിട്ട് വീരശൈവസിദ്ധാന്തത്തിന്റെ പരമാചാര്യനും വാരണാസി ശ്രീമദ് കാശി ജ്ഞാന സിംഹാസനത്തിന്റെ അധീശനുമായ ജഗദ്ഗുരു ഡോ. ചന്ദ്രശേഖര ശിവാചാര്യ സ്വാമികളെ സന്ദർശിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു.

സ്വാമികളെ സന്ദർശിച്ചു മടങ്ങുന്ന ഭക്തന്മാർക്ക് ഫല







ങ്ങളോ മധുരമോ പ്രസാദമായി സ്വാമി നൽകിയിരുന്നു. എനിക്ക് പ്രസാദമായി തന്നത് സിദ്ധാന്തശിഖാമണിയെന്ന വിശിഷ്ട ഗ്രന്ഥമായിരുന്നു. മരുതോണ്ഡാദാര്യർ സംസ്കൃതത്തിൽ രചിച്ച തത്ത്വപ്രദീപികയെന്ന വ്യാഖ്യാനവും, അതിന് പ്രശസ്ത പണ്ഡിതനായ ഡോ. ശിവകുമാരസ്വാമികൾ ഇംഗ്ലീഷിൽ തയ്യാറാക്കിയ ഗ്രന്ഥവും ഉായിരുന്നു. ലിംഗപൂജയുടെ സവിശേഷത, ഭസ്മനിർമാണം, രുദ്രക്ഷമാഹാത്യം, ലിംഗസങ്കല്പം പഞ്ചാക്ഷരജപം തുടങ്ങി ഒട്ടേറെ വിഷയങ്ങൾ പ്രതിപാദിച്ചിട്ടുള്ളതും വീരശൈവമതസ്ഥരുടെ നിത്യപാരായണഗ്രന്ഥവുമായ സിദ്ധാന്തശിഖാമണിയെക്കുറിച്ച് സംസ്കൃതത്തിൽ എന്നോട് സ്വാമി സംസാരിക്കുകയുായി. അദ്ദേഹത്തിന് ഈ ഗ്രന്ഥത്തെ അധികരിച്ചുള്ള പഠനത്തിനാണത്രേ ഡോക്ടറേറ്റ് ലഭിച്ചത്. ഈ കൃതി മലയാളത്തിലും പ്രസിദ്ധികരിച്ചുകൂടെ എന്നു ചോദിച്ചപ്പോഴാണ് അദ്ദേഹം പറഞ്ഞത് തിരുവാങ്കുളം സ്വദേശിനിയായ ശ്രീമതി അംബിക അപ്പുക്കുട്ടൻ എന്ന ഭക്ത പ്രസ്തുത പുസ്തകത്തിന്റെ വിവർത്തനം നടത്തിക്കൊിരിക്കുകയാണെന്നും അതിന്റെ എഡിറ്റിംഗ് നടേശ് മഹാശയൻ നോക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചത്. സ്വാമിജിയുടെ ആശീർവാദത്തോടെ സിദ്ധാന്തശിഖാമണി മലയാളത്തിൽ പ്രസിദ്ധികരിക്കുന്ന കർമ്മത്തിൽ പങ്കാളിയാകാൻ കഴിഞ്ഞത് സൗഭാഗ്യമായാണ് ഞാൻ കരുതുന്നത്.

ശൈവാരാധന വളരെ പുമുതലേ വ്യാപകമായിരുന്ന നാടാണല്ലോ കേരളം. മാത്രമല്ല മധ്യഗുരുവായ ശ്രീശങ്കരാചാര്യരും അഭിനവഗുരുവായ ശ്രീനാരായണഗുരുദേവനും ശൈവാംശം മനുഷ്യരൂപമെടുത്ത പരമാചാര്യന്മാരാണെന്നു വിശ്വസിക്കപ്പെടുന്നവരുമാണ് നാം. എന്നാൽ ശൈവാഗമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളാകട്ടെ വളരെകുറവുമാണ് മലയാളത്തിൽ. വേദം, പുരാണം, കാവ്യങ്ങൾ, ഇതിഹാസം, ദർശനം എന്നീ നിരവധി കൃതികൾ വിവർത്തനങ്ങളിലൂടെയും പഠനങ്ങളിലൂടെയും ധാരാളമായി പുമുതലേ മല

3. **അഗസ്ത്യ സംശയ വ്രാത മഹാ ധ്വാന്തംശു മാലിനം**
**വന്ദേ ശിവസുതം ദേവം രേണുകാഖ്യം ജഗദഗുരും**

അഗസ്ത്യ മനസ്സിലെ അജ്ഞാനാന്ധകാരത്തെ ദൂരീകരിച്ച സൂര്യസദൃശനും ജഗദ്ഗുരുവും ശിവപുത്രനുമായ രേണുകാചാര്യരെ ഞാൻ വന്ദിക്കുന്നു.

**4.** **നമ: ശിവാചാര്യവരായ തുഭ്യം**
**ശ്രീവീരശൈവാഗമ സാഗരായ**
**വിനാƒപിതൈലം ഭവതാƒത്ര യേന**
**പ്രജ്വലിതോ ജ്ഞാനമണി പ്രദീപ:**

എണ്ണയില്ലാതെ ജ്ഞാനദീപം പ്രജ്വലിപ്പിക്കുകയും വീര ശൈവ വിജ്ഞാന സാഗരത്തെ മനസ്സിലാക്കിക്കുകയും ചെയ്ത ശിവാചാര്യർക്ക് നമസ്കാരം.

**5.** **യസ്മിന്നാഗമശാസ്ത്രതത്ത്വമഖിലം**
**സമ്യക് ച സംസൂചിതം**
**ഭക്തൈർവാഞ്ഛിതഭുക്തിമുക്തിഫലദം**
**യത്കല്പവൃക്ഷാത്മകം**
**തം ശൈവാഗമസമ്മതം നിഗമവിദ്**
**വിദ്വദ്ഭിരാസേവിതം**
**ശ്രീ സിദ്ധാന്ത ശിഖാമണിം പ്രതിദിനം**
**ധ്യായേത് സദാ സാദരം**

ആഗമശാസ്ത്രപ്പൊരുൾ അടങ്ങിയിട്ടുള്ളതും ഭക്തന്മാരുടെ ആഗ്രഹമനുസരിച്ച് ഭൗതികവും ആദ്ധ്യാത്മികവുമായ ഫലം നൽകുന്നതും കല്പവൃക്ഷ സദൃശവും, ശൈവാഗമവിജ്ഞാന തിഷ്ണാതരുമായ വിദ്വാന്മാരാൽ അനുസന്ധാനം ചെയ്യുന്നതുമായ ശ്രീസിദ്ധാന്ത ശിഖാമണിയെന്ന വിശിഷ്ട ഗ്രന്ഥം അനുദിനം ഭക്തിപൂർവ്വം ധ്യാനിക്കേതാണ്.

**6.**

**പൂജ്യശ്രീ ശിവയോഗിവരരചിതം**
**സിദ്ധാന്തരത്നാകരം**





**ശ്രീശൈലം എന്നീ ആശ്രമങ്ങളിലെ ആചാര്യശ്രേഷ്ഠന്മാരുടെയും ആശീർവചനം ഇതിൽ കൊടുത്തിട്ടു്.**

**ഈ ഗ്രന്ഥത്തിൽ എന്തെങ്കിലും പിഴവുകൾ വന്നിട്ടുെങ്കിൽ ചൂി ക്കാണിച്ച് അനുഗ്രഹിക്കണമെന്ന് സജ്ജനങ്ങളോട് അപേക്ഷിക്കുന്നു.**

**ഡോ. എം. വി. നടേശൻ**

# ശ്രീ സിദ്ധാന്ത ശിഖാമണി - ന്യാസാദികൾ
## ഋഷിന്യാസം

ശ്രീസിദ്ധാന്തശിഖാമണി ശാസ്ത്രമഹാമന്ത്രസ്യ ശ്രീ ശിവയോഗിശിവാചാര്യ ഋഷിഃ, അനുഷ്ടുപ് ഛന്ദഃ, ശ്രീ സച്ചിദാനന്ദ സ്വരൂപ: പരശിവോ ദേവതാ

1. സച്ചിദാനന്ദരൂപായ ശിവായ ബ്രഹ്മണേ നമ: ഇതി ബീജം (സി.ശി. 1.1)
2. അമൃതാർത്ഥം പ്രപന്നാനാം യാ സുവിധ പ്രദായിനീ ഇതി ശക്തി: (സി.ശി.5.2)
3. ശിവജ്ഞാനകരം വക്ഷ്യേ സിദ്ധാന്തം ശ്രുണു സാദരം ഇതി കീലകം.(സി.ശി.5.2.)

## കരന്യാസം

1. ഏക ഏവ ശിവസാക്ഷാച്ചിദാനന്ദമയേ വിഭു: (സി.ശി.5-34) ഇതി അംഗുഷ്ഠാഭ്യാം നമ:
2. നിർവ്വികല്പോ നിരാകാരോ നിർഗുണോനിഷ്പ്രപഞ്ചക: (സി.ശി. 5-34) ഇതി തർജ്ജതിബ്യാം. നമ:
3. അനാദ്യവിദ്യാസംബന്ധാത്തദംശോ ജീവനാമക: ഇതി മദ്ധ്യമാഭ്യാം നമ:. (സി.ശി.5-34)
4. ദേവ തിര്യംഗ് മനുഷ്യാദിജാതിഭേദേ വ്യവസ്ഥിത: ഇതി അനാമികാഭ്യാം നമ:. (സി.ശി.5-34)
5. മായീ മഹേശ്വരസ്തേഷാം പ്രേരകോ ഹൃദി സംസ്ഥിത: ഇതി കനിഷ്ഠികാഭ്യാം നമ:. (സി.ശി.5-35)
6. ബീജേ യാങ്കുര: സിദ്ധസ്ഥാത്മനി ശിവ: സ്ഥിത: ഇതി കരതലകര പൃഷ്ഠാഭ്യാം നമ:. (സി.ശി.5-36)

## <u>അംഗന്യാസം</u>

1. ഏക ഏവ ശിവസാഭാച്ചിദാനന്ദമയോ വിഭു: ഇതി ഹൃദയായ നമ:. (സി.ശി. 5-34)
2. നിർവ്വികല്പോ നിരാകാരോ നിർഗുണോ നിഷ്പ്രപഞ്ചക: ഇതി ശിരസേ സ്വാഹാ:. (സി.ശി. 5-34)







3. അനാദ്യവിദ്യാസംബന്ധാത്തദംഗോ ജീവനമക: ഇതി ശിഖായൈ വഷട്. (സി.ശി. 5-34)
4. ദേവതിര്യങ്മനുഷ്യാദി ജാതിഭേദേ വ്യവസ്ഥിത: ഇതി കവചായ ഹും. (സി.ശി.5-35)
5. മായിമഹേശ്വര സ്തേഷാം പ്രേരകോ ഹൃദി സംസ്ഥിതഃ നേത്രത്രയായ വൗഷട്. (സി.ശി. 5-35)
6 ബീജേ യഥാങ്കുര: സിദ്ധസ്തഥാ%ത്മിനിശിവ:സ്ഥിത: അസ്ത്രായ ഫട്. (സി.ശി. 5-36)

ശ്രീ ശിവപ്രീത്യർത്ഥേ ശ്രീ സിദ്ധാന്ത ശിഖാമണി: പാഠേ വിനിയോഗ:

## ശ്രീ സിദ്ധാന്ത ശിഖാമണി ധ്യാനം

1. സ്വസ്തി ശ്രീ ഗണനായകേന മുനയേƒ
ഗസ്ത്യായ തത്വാർത്ഥിനേ
ശിഷ്യായ പ്രതിബോധിതേ ഭഗവതാ
ശ്രീരേണുകേന സ്വയം
താത: ത്വം ശിവയോഗിവര്യ സുകൃതിർ-
മേ മാനസേ മന്ദിരേ
ശ്രീസിദ്ധാന്തശിഖാമണേ വസ സദാ
ജ്ഞാനപ്രദീപോ ഭവ.

ശ്രീഗണനായകനായ രേണുകാചാര്യർ തത്ത്വജ്ഞാനിയും മുനി:ശ്രേഷ്ഠനുമായ തന്റെ ശിഷ്യനായ അഗസ്ത്യർക്ക് ഉപദേശിച്ചതും ശിവയോഗീ ശിവാചാര്യരാൽ രചിക്കപ്പെട്ടതുമായ ശ്രീ സിദ്ധാന്ത ശിഖാമണി എന്റെ മനസ്സിന്റെ മണിമന്ദിരത്തിൽ ജ്ഞാനദീപമായി വിളങ്ങേണമേ.

2. ശരണാഗതദീനാർതപരിത്രാണൈകഹേതവേ
ശ്രീരേണുകഗണേശായ ജ്ഞാനമുദ്രായ തേ നമ:

ശരണാഗതരായ ദീനരെ പരിരക്ഷിക്കുന്നതിനു ബദ്ധശ്രദ്ധനും ജ്ഞാനമുദ്രാംഗിതനുമായ ശ്രീ രേണുകാചാര്യർക്ക് നമസ്കാരം.

## വിഷയ - സംക്ഷേപം

**അദ്ധ്യായം-1, 2, 3**

ഗ്രന്ഥത്തിന്റെ നിർവ്വിഘ്നമായ സമാപ്തിക്കുവേ 1-ാമത്തെ അദ്ധ്യായത്തിൽ 12 ശ്ലോകം വരെ മംഗളാചരണം. അതിനുശേഷം ശ്രീ ശിവയോഗി ശിവാചാര്യരുടെ വംശവർണ്ണനയാകുന്നു. ശിവയോഗി ഒന്നാമന്റെ പുത്രൻ മുദ്ദദേവന്റെ പുത്രനാണ് സിദ്ധനാഥൻ. സിദ്ധനാഥന്റെ പുത്രനാണ് ശിവയോഗി രാമൻ. അദ്ദേഹം വീരശൈവ മതത്തിന്റെ പ്രവർത്തകനായ ആ ശിവയോഗി ശിവാചാര്യർ ശ്രീസിദ്ധാന്തശിഖാമണി രചിച്ചു.

ബ്രഹ്മം സച്ചിദാനന്ദ സ്വരൂപവും വിഭജിക്കുവാനാകാത്തതും സനാതനവുമാകുന്നു സൃഷ്ടിക്കു മുൻപ് ലോകം അതിൽ ലീനമായിരുന്നു. അതിന്റെ ശക്തിയും അതിൽത്തന്നെ അഭേദ്യമായി നില നിന്നിരുന്നു. പരമേശ്വരൻ ബ്രഹ്മാവിനെ സൃഷ്ടിക്കുകയും, അദ്ദേഹത്തെ സർവ്വവിദ്യകളാലലങ്കരിക്കുകയും ചെയ്തു. അതുപോലെ തന്നെ ഭഗവാൻ ശിവശങ്കരൻ സൃഷ്ടിയുടെ ഉപായം ബ്രഹ്മാവിന് പറഞ്ഞുകൊടുക്കുകയും ചെയ്തു. സദാശിവന്റെ സദ്യോജാതം, വാമദേവം, അഘോരം, തത്പുരുഷം, ഈശാനം എന്നീ അഞ്ചു മുഖങ്ങളിൽ നിന്ന് രേണുകർണർ, ദാരുകർണർ, ഘാകർണർ, ധേനുകർണർ, വിശ്വാകർണർ എന്നീ അഞ്ചു പ്രമഥശിവഗണങ്ങൾ ഉദ്ഭൂതരായി. അതിൽ രേണുകർ, ദാരുകൾ എന്നീ രു ശിവഗണങ്ങൾ ശിവശങ്കരന് അത്യന്തം പ്രിയപ്പെട്ടവരായിരുന്നു. അവർ സദാനേരവും അന്ത:പുരത്തിന്റെ വാതിൽക്കൽ നിന്നുകൊ് ഭഗവാൻ ശിവന്റെ സേവ ചെയ്തു വന്നു.

ഒരു ദിവസം ഭഗവാൻ ശിവൻ കൈലാസ പർവ്വത്തിൽ വിരാജിക്കുകയായിരുന്നു. അവിടുത്തോടൊപ്പം ഉമാദേവിയും പരിവാരങ്ങളും അവിടെ വിരാജിച്ചിരുന്നു. സരസ്വതി, വേദങ്ങൾ, ദേവകന്യകമാർ മുതലായവരും ശിവഗണങ്ങൾ, പ്രമഥഗണങ്ങൾ എന്നിവരെല്ലാം അവിടുത്തെ സേവചെയ്തുകൊിരുന്നു. ബ്രഹ്മാവ്, ഇന്ദ്രൻ തുടങ്ങിയ ദേവഗണങ്ങൾ, വസിഷ്ഠാദി മുനിഗണങ്ങൾ,





**സൂക്ഷ്മം ധാർമികതാത്വികസ്ഥലയുതം**
**ചൈകാധികം തത്ശതം**
**ത്രൈലോക്യം പദമാദിമം പരപദം**
**സർവ്വാന്തിമേ യോജിതം**
**ശ്രീ സിദ്ധാന്ത ശിഖാമണിം ദിനദനം**
**ധ്യായേത് സദാശാന്തിദം.**

സംപൂജ്യനായ ശ്രീ ശിവയോഗിവര്യനാൽ വിരചിതമായ ശ്രീ സ്ദധാന്ത ശിഖാമണി (സിദ്ധാന്ത രത്നാകരം) ധാർമ്മിക തത്ത്വത്തിന്റെ സൂക്ഷ്മമായ വിവരണങ്ങൾ 101 (സ്ഥലങ്ങൾ) അദ്ധ്യായങ്ങളിൽ കൂടി വർണ്ണിക്കുന്നു.

## ശ്രീ സിദ്ധാന്ത ശിഖാമണി മാഹാത്മ്യം

1. **യഃ പഠേത് പ്രയതോ നിത്യം ശ്രീസിദ്ധാന്തശിഖാമണീം.**
   **ശിവസായൂജ്യമാപ്നോതി ഭയശോകാദിവർജിത:**

   സിദ്ധാന്ത ശിഖാമണി ഏതൊരുവനാണോ ദിനംപ്രതി പാരായണം ചെയ്യുന്നത് അയാർ ഭയദു:ഖങ്ങളകന്ന് ശിവപദത്തിലെത്തിച്ചേരുന്നതാണ്.

2. **സദാ/ധ്യയനശീലസ്യ ശ്രീസിദ്ധാന്തശിഖാമണേ:**
   **ക്ഷീയതേ സർവപാപാനി പൂർവജന്മകൃതാനിച**

   ശ്രീ സിദ്ധാന്ത ശിഖാമണി അനുദിനം പാരായണം ചെയ്യുന്നതു് ശീലമാക്കിയവരുടെ പൂർവ്വ ജന്മങ്ങളിൽ ചെയ്തുപോയ സർവ്വ പാപങ്ങളും നശിക്കുന്നതാണ്.

3. **ജലസ്നാനാദ് വരം പുംസാം ശ്രീസിദ്ധാന്തശിഖാമണൗ**
   **ജ്ഞാനാർണവേ സദാ സ്നാനം സംസാരമലനാശനം**

   ശൈവാഗമമാകുന്ന ജ്ഞാനസമുദ്രത്തിലെ സ്നാനം ജലസ്നാനത്തേക്കാൾ ശ്രേഷ്ഠവും ലൌകിക ദു:ഖങ്ങളില്ലാതാക്കുവാൻ കഴിവുള്ളതുമാകുന്നു.

4. **ശ്രീ രേണുകാഗണാദ്ധ്യക്ഷമുഖപത്മാദ്വിനിസൃത:**
   **കണ്ഠപീഠേ സദാ ധാര്യ: ശ്രീസിദ്ധാന്തശിഖാമണിഃ.**

   ഗണനായകനായ ശ്രീ രേണുകാ ഗണേശ്വരരുടെ മുഖകമല

ത്തിൽ നിന്നും പ്രവാഹിതമായ ശ്രീ സിദ്ധാന്തശിഖാമണി മന:പാഠമാക്കുന്നത് കണ്ഠത്തിനലങ്കാരമാണ്.

5. **ശ്രീരേണുകാഗണാദ്ധ്യക്ഷവചനാമൃതസാഗരം**
**പായം പായം സദാ പുംസാം പുനർജന്മ ന വിദ്യതേ.**

ശ്രീ രേണുകാഗണേശ്വരാചാര്യരുടെ അമൃതവചനം പാനം ചെയ്യുന്നവർക്ക് പുനർജന്മം ഉാവുകയില്ല. (ഇല്ലതന്നെ)

6. **സർവ്വാഗമവ്രജോഗാവസ്താസാം ദോഗ്ധാ ച രേണുക:**
**വത്സോഗസ്ത്യ: സുധീർഭോക്തോ ദുഗ്ധം ശിഖാമണിർമഹാൻ**

ശ്രീ രേണുകാചാര്യർ ആഗമങ്ങളാകുന്ന പശുക്കളുടെ കറവക്കാരനും, അഗസ്ത്യ മുനിയാകുന്ന ശിഷ്യൻ പശുക്കിടാവും, ശ്രീ സിദ്ധാന്ത ശിഖാമണിയാകുന്ന പാൽ കുടിക്കുന്നതു് പണ്ഡതന്മാരുമാകുന്നു.

7. **ഏകം ശാസ്ത്രം ശ്രീശിവാദ്വൈതസഞ്ജ്ഞം**
**ഏകോ ദേവ: ശ്രീമഹാദേവ ഏവ**
**ഏകോ മന്ത്ര: ശൈവപഞ്ചാക്ഷരോയം**
**കർമാപ്യേകം ഇഷ്ടലിംഗാർചനം ഹി**

ഈ ലോകത്തിൽ ശ്രേഷ്ഠമായൊരു ശാസ്ത്രം ശിവാദ്വൈവും ഒരേ ഒരു ദേവൻ മഹാദേവനും ഒരേ ഒരു മന്ത്രമാവട്ടെ ശിവപഞ്ചാക്ഷരവും, ഏറ്റവും വലിയ കർമ്മം ഇഷ്ടലിംഗാർച്ചനയുമാകുന്നു.

<u>ഫലശ്രുതി</u>

**ശ്രീ വേദാഗമവിരശൈവസരണിം**
**ശ്രീഷഡ് സ്ഥലോദ്യന്മണി**
**ശ്രീ ജീവേശ്വരയോഗപത്മതരിണിം**
**ശ്രീ ഗോപ്യചിന്താമണിം**
**ശ്രീ സിദ്ധാന്തശിഖാമണിം ലിഖയിതാ**
**യസ്തം ലിഖിത്വാ പരാൽ**
**ശ്രുത്വാ ശ്രാവയിതാ സ യാതി വിമലാം**
**ഭുക്തിം ചമുക്തിം പരാം.** (സി. ശി. 21-55)





വേദാഗമങ്ങളെ പിൻതുടരുന്ന വീരശൈവ മാർഗ്ഗത്തെയും, ഷഡ് സ്ഥലവർണ്ണനയാകുന്ന മുത്തുമണിയും, സമുദ്രതരണത്തിന് പത്മത്തെയെന്നപോലെ ജീവനെയും ഈശ്വരനെ(ശിവനെ)യും തമ്മിൽ യോജിപ്പിക്കുന്ന തത്ത്വത്തെയും അതീവ രഹസ്യമായ ചിന്താമണി മന്ത്രത്തെയും ധരിച്ചിട്ടുള്ള ഏതൊരാളാണോ ശ്രീസിദ്ധാന്തശിഖാമണി എഴുതുകയോ, എഴുതിക്കുകയോ, കേൾക്കുകയോ, കേൾപ്പിക്കുകയോ ചെയ്യുന്നത് അയാൾ അത്യന്തം ശ്രേഷ്ഠമായ ഭുക്തിയെയു മുക്തിയേയും (മോക്ഷം) പ്രാപിക്കുന്നു.

ശുഭം



**ശ്രീമദ് കാശി വിശ്വാരാധ്യ ജ്ഞാനസിംഹാസനാധീശ്വര ശ്രീ 1008 ജഗദ്ഗുരു ഡോ. ചന്ദ്രശേഖരശിവാചാര്യ മഹാസ്വാമിജിയും മുൻ മഠാധിപതികളും**







**ഹസ്തപീഠലിംഗപൂജ**










**ശ്രീ ജഗദ്ഗുരു രേണുകാദ്ധ്യാചാര്യരും**
**അഗസ്ത്യമഹർഷിയും**

കീഴടക്കി, സമുദ്രത്തിലെ വെള്ളം വറ്റിച്ചുണക്കി ചെളിയാക്കി ത്തീർന്നു. വാതാപിയെന്ന രാക്ഷസനെ തന്റെ ജഠരാഗ്നിയിൽ കത്തിച്ചു. പ് കാർത്തികേയ സ്വാമി താങ്കൾക്ക് വീരശൈവ ധർമ്മം ഉപദേശിച്ചു തന്ന കാരണത്താൽ താങ്കൾ പരമശിവ ഭക്ത നുമാകുന്നു.'

അഗസ്ത്യർ പറഞ്ഞു- 'ഞാൻ എല്ലായ്പ്പോഴും മഹർഷിമാരുടെ ആദരവിനുപാത്രമായിരിക്കുന്നു. ഞാൻ അവിടുത്തെ രേണുകാ ഗണേശ്വരരുടെ രൂപത്തിൽ അറിയുന്നു. എന്നിൽ അനുഗ്രഹം ചൊ രിയുന്നതിനുവേ അവിടുന്ന് ഈ ഭൂമിയിൽ പ്രത്യക്ഷനായി രിക്കുന്നു. ഞാൻ അവിടുത്തെ തിരുമുഖത്തുനിന്നും ശ്രുതി സമ്മ തമായ വീരശൈവ സിദ്ധാന്തം കേൾക്കുവാൻ ആഗ്രഹിക്കുന്നു. അനേകം ആഗമങ്ങൾ കേൾക്കുന്നതുകൊ് എന്റെ മനസ്സിൽ സംശയങ്ങളുായിരിക്കുന്നു. അല്ലയോ ദിവ്യനായ യോഗീ! അവി ടുന്ന് എന്നെ മേല്പറഞ്ഞ സിദ്ധാന്തം പറഞ്ഞുകേൾപ്പിച്ച് കൃത കൃത്യനാക്കിയാലും' അഗസ്ത്യരുടെ വാക്കുകൾ കേട്ടശേഷം ആചാര്യൻ രേണുകർ പറഞ്ഞു-

'അല്ലയോ അഗസ്ത്യരേ! ഞാൻ ശിവജ്ഞാനം ഉപദേശിച്ചു തരാം. ജ്ഞാനികളുടെ രുചിഭേദങ്ങളനുസരിച്ച് സാംഖ്യം, യോഗം, പാഞ്ചരാത്രം, വേദം, പാശുപതം മുതലായ അനേകം സിദ്ധാന്തങ്ങൾ പ്രചാരത്തിലു്. ഇവയെല്ലാം പ്രാമാണിക ദർശ നങ്ങൾ അഥവാ ശാസ്ത്രങ്ങളാണ്. ഇതിനെ ഖണ്ഡിക്കുവാനാ കുകയില്ല. മേല്പറഞ്ഞ സർവ്വദർശനങ്ങളേയുമപേക്ഷിച്ച് ശൈവതന്ത്രങ്ങൾ ശ്രേഷ്ഠമാകുന്നു. ശൈവം, പാശുപതം, സോമം, ലാകുളം എന്നിങ്ങനെ ഭേദംകൊ് ആഗമങ്ങൾ നാലു വിധമാകുന്നു. ഇതിൽ ശൈവാഗമം-വാമം, ദക്ഷിണം, മിശ്രം, സിദ്ധാന്തം എന്നിങ്ങനെ നാലുവിധമാണ്. വാമാഗമം ശക്തിപ്ര ധാനവും, ദക്ഷിണാഗമം ഭൈരവ പ്രധാനവും, മിശ്രാഗമം മാതൃ പ്രധാനവും, സിദ്ധാന്തം വേദപ്രധാനവുമാകുന്നു. ശിവോപദി ഷ്ടമായ കാമികാദി വാതുളാന്തം വരെയുള്ള ആഗമങ്ങളെ അപേ ക്ഷിച്ച് വീരശൈവമതം അത്യധികം ആധികാരികമാകുന്നു.





**ശ്രീജഗദ്ഗുരുപഞ്ചാചാര്യാഃ പ്രസീദന്തു**



**പഞ്ചാചാര്യന്മാർ**

ദ്വാദശാദിത്യൻ, അഷ്ടവസ്സുക്കൾ, ഏകാദശ രുദ്രൻ, രാക്ഷസന്മാർ, ദാനവർ എന്നിവരെല്ലാം അവിടുത്തെ ആരാധനയിൽ മുഴുകിയിരുന്നു. ഭഗവാൻ ശിവശങ്കരൻ എല്ലാവരേയും തന്റെ കൃപാകടാക്ഷം കൊ് കൃതകൃത്യരാക്കിക്കൊിരുന്നു. ഇതിനിടയിൽ ഭഗവാൻ ശിവൻ ദാരുകരെ താംബൂലപ്രസാദം നൽകുന്നതിനായി വിളിച്ചു. ശിവന്റെ ആഹ്വാനം കേട്ടനേരം അഹങ്കാരത്തോടുകൂടി രേണുകർ ദാരുകനെ മറികടന്ന് ശിവന്റെ സമീപമെത്തി. ഈ കുത്സിതപ്രവർത്തി കിട്ട് ഭഗവാൻ ശിവശങ്കരൻ രേണുകരോട് പറഞ്ഞു- 'ഹേ! ദുർബുദ്ധി! ശിവഭക്തന്മാരെ അതിക്രമിച്ചു കടക്കുന്നത് പരമമായ അനർത്ഥത്തിനുകാരണമാണ്.' മനുഷ്യസഹജമായ പ്രവൃത്തി ചെയ്തുവെന്ന അപരാധം കൊ് ഭയഭീതനായ രേണുകാ ഗണേശ്വരൻ തന്നെ മനുഷ്യയോനിയിൽ നിന്നും ജനിക്കുവാൻ അനുവദിക്കരുതേയെന്ന് കേണപേക്ഷിച്ചു. രേണുകരുടെ അപേക്ഷയിൽ സന്തുഷ്ടനായ ഭഗവാൻ ശിവശങ്കരൻ പറഞ്ഞു- 'ശ്രീ ശൈലത്തിന്റെ വടക്കുഭാഗത്ത് ത്രിലിംഗദേശത്തിൽ കൊല്ലീപാകി ക്ഷേത്രത്തിൽ സോമശ്വരമെന്ന പേരിൽ എന്റെ അടയാളമായ ശിവലിംഗമു്. അതിൽ നീ പ്രത്യക്ഷനാവുകയും, വേദ വേദാന്ത സമ്മതമായ വീരശൈവ ശാസ്ത്രത്തെ ഭൂലോകം മുഴുവൻ സ്ഥാപിക്കുകയും ചെയ്യുക.' ഇപ്രകാരം പറഞ്ഞശേഷം ഭഗവാൻ തന്റെ അന്ത:പുരത്തിലേക്ക് പോവുകയും രേണുകാചാര്യർ ഭൂമിയിൽ വന്ന് (സോമേശ്വരലിംഗത്തിൽ നിന്നും) ഉത്ഭൂതനാവുകയും ചെയ്തു.

## <u>അദ്ധ്യായം-4, 5</u>

കൊല്ലീപാകി സോമേശ്വരലിംഗത്തിൽ നിന്നും രേണുകാ ഗണേശ്വരാദ്ധ്യാചാര്യർ ഉത്ഭൂതനായപ്പോൾ, തെലുങ്കാനാ ദേശത്തിലെ സമസ്ത ജനങ്ങളും അത്യന്തം തേജസ്വിയായ അദ്ദേഹത്തെ ക് വിസ്മയചകിതരായിപ്പോയി അദ്ദേഹത്തിന്റെ ശരീരമാസകലം ഭസ്മോദ്ധൂളിതമായിരുന്നു. നെറ്റിയിൽ ത്രിപുണ്ഡ്രവും അരയിൽ പ്രത്യേകതരം വസ്ത്രവും ധരിച്ചിരുന്നു. കയ്യിൽ യോഗദണ്ഡും, ഭസ്മപാത്രവും കമണ്ഡലുവും ഉായിരുന്നു.





'അവിടുന്ന് ആരാണ്?' എന്നുള്ള ജനങ്ങളുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു- 'ഞാൻ ഭഗവാൻ ശിവശങ്കരന്റെ സഹചാരിയായ രേണുകാഗണേശ്വരനാണ്. ചില കാരണത്താൽ ഇവിടുത്തെ ജ്യോതിർലിംഗത്തിൽ നിന്നും ഞാൻ ഉത്ഭവിച്ചു. ജൈന, ബുദ്ധ, ചർവ്വാകാദി നാസ്തിക ദർശനങ്ങളെ ഇല്ലാതാക്കി വീരശൈവസിദ്ധാന്തം സ്ഥാപിക്കുക എന്നതാണ് എന്റെ അവതാരോദ്ദേശ്യം.' ഇപ്രകാരം പറഞ്ഞ ശേഷം രേണുകാഗണേശ്വരാദ്ധ്യാചാര്യർ ആകാശ മാർഗ്ഗത്തിൽ കൂടി മലയപർവ്വതത്തിൽ എത്തിച്ചേരുകയും, അവിടെയുള്ള ആഗസ്ത്യരുടെ ആശ്രമത്തിലേക്ക് എഴുന്നള്ളുകയും ചെയ്തു. അത്യന്തം മനോഹരവും, തപസ്വികളാൽ സമ്പൂർണ്ണവുമായ ബ്രഹ്മലോകത്തിനു സമാനവുമായിരുന്നു ആ ആശ്രമം അതിന്റെ മദ്ധ്യത്തിലായി ചന്ദനമരത്തിന്റെ ചുവട്ടിൽ മഹർഷി അഗസ്ത്യൻ ഇരുന്നിരുന്നു. പിണ്ഡ-ജടാധാരിയും, ഭസ്മംകൊ് ത്രിപുണ്ഡ്രം ധരിച്ച നെറ്റിയുള്ളവനുമായ അഗസ്ത്യരുടെ നാലുപാടും താപസ്സന്മാരും മുനിജനങ്ങളും വിരാജിച്ചിരുന്നു. രേണുകാഗണേശ്വരാചാര്യർ വരുന്നതു കപ്പോൾ തന്റെ ദിവ്യദൃഷ്ടികൊ് വരുന്നവരാണെന്നും, ആഗമനോദ്ദേശ്യം എന്തെന്നും ആഗസ്ത്യർ മനസ്സിലാക്കി. അഗസ്ത്യരുടെ ഭാര്യയായ ലോപമുദ്ര കൊു വന്ന ജലം കൊ് രേണുകാ ഗണേശ്വരരെ പാദപൂജ ചെയ്തിട്ട് അഗസ്ത്യർ മറ്റൊരു പീഠത്തിലിരുന്നു.

പിന്നീട് അഗസ്ത്യരും രേണുകരും സംഭാഷണത്തിലേർപ്പെട്ടു. രേണുകാചാര്യർ പറഞ്ഞു:- 'ഹേ! മുനിവര്യ താങ്കൾ മഹാ തേജസ്വിയാണ് അതുകൊ് തന്നെ താങ്കളുടെ ദൈനംദിന യമനിയമാദികളായ ആചാരാനുഷ്ഠാനങ്ങളിൽ വിഘ്നം കടുകിടയ്ക്കുപോലുമുാകുവതെങ്ങനെ? താങ്കൾക്ക് വിന്ധ്യാചലത്തെ നടത്താനെങ്ങനെ കഴിഞ്ഞു? താങ്കൾ വിന്ധ്യാചലത്തെ

ചെയ്യണം. ഇങ്ങനെയൊക്കെയാണെങ്കിലും അവിടുന്ന് തന്റെ ഭക്തരുടെ ഹൃദയത്തിൽ വിശേഷരൂപത്തിൽ ശോഭിക്കുന്നു.

**അദ്ധ്യായം 11, 12, 13**

11-ാമദ്ധ്യായത്തിൽ പ്രധാനമായതു 'പ്രസാദിസ്ഥല'മാകുന്നു. 2-ാമത്തേത് ഗുരു മാഹാത്മ്യസ്ഥലം, ലിംഗ പ്രശംസ, ജംഗമഗൌരവം, ഭക്തമാഹാത്മ്യം, ശരണകീർത്തനം, ശിവപ്രസാദ മാഹാത്മ്യം എന്നിങ്ങനെ ഇതിൽ 7 സ്ഥലങ്ങൾ (ഉപാദ്ധ്യായങ്ങൾ) ഉ്. പ്രസാദിസ്ഥലത്തിൽ മനസ്സിന്റെ നൈർമ്മല്യത്തെ പ്രാപിക്കുവാനുള്ള ഉപായം, നിർമ്മലതകൊുള്ള ലാഭം എന്നിവ വർണ്ണിച്ചിരിക്കുന്നു. ഗുരുമാഹാത്മ്യസ്ഥലത്തിൽ ഗുരുവിലും ശിവനിലും അഭേദമില്ലാതെയുള്ള ധാരണകൊുള്ള ലാഭത്തെയും വർണ്ണിക്കുന്നു. ലിംഗപ്രശംസാ സ്ഥലത്തിൽ ലിംഗ സ്വരൂപം, ബ്രഹ്മം ലിംഗവും പരമാശക്തി അവിടുത്തെ പീഠവുമാകുന്നു. രിന്റേയും സംയോഗം 'വിശ്വലിംഗ'മാകുന്നു. ഇതിന്റെ ഉപാസനകൊ് പരമൈശ്വര്യം ലഭിക്കുന്നു. ശിവയോഗികൾ ജംഗമലിംഗമാകുന്നു. കാമാദി ദോഷങ്ങളില്ലാത്ത ശിവ ജ്ഞാനിയായ ശിവചിന്തന പരായണൻ ശരിയായ 'ജംഗമലിംഗ' മാകുന്നു.

'ഭക്തമാഹാത്മ്യ'ത്തിന്റെ അദ്ധ്യായത്തിൽ ഭക്തന്മാരുടെ ലക്ഷണം, ശിവനിലും, ഭക്തനിലും അഭേദം, വൈശിഷ്ട്യം എന്നിവ പറഞ്ഞിരിക്കുന്നു. 'ശരണസ്ഥല'ത്തിൽ ശരണന്റെ മഹിമ, ശരണാർത്ഥിയുടെ രൂപം, ശിവപ്രവൃത്തിയുടെ മഹത്വം എന്നിവയെ പറഞ്ഞിരിക്കുന്നു. 'പ്രസാദ മഹത്വ സ്ഥല'ത്തിന്റെ വിഷയത്തിൽ ശിവപ്രസാദത്തിന്റെ രൂപം അതിന്റെ മഹത്വം എന്നിവയെ വിവരിക്കുന്നു.

12-ാമത്തെ അദ്ധ്യായം 'പ്രാണലിംഗി സ്ഥലം'. ഇതിൽ അഞ്ച് അവാന്തര സ്ഥലങ്ങളു്. പ്രാണലിംഗം, പ്രാണലിംഗാർച്ചന, ശിവയോഗസമാധി, ലിംഗനിജ സ്ഥലം, അംഗലിംഗി സ്ഥലം പ്രാണന്റേയും അപാനന്റെയും സമാഘാതം കൊ് അതിനു മദ്ധ്യത്തിൽ നിന്നുയരുന്ന ജ്യോതിയെ 'പ്രാണലിംഗ'





വീരശൈവം, വീരമാഹേശ്വരം എന്ന പദത്തെ അർത്ഥനിർവ്വചനം ചെയ്തതിനുശേഷം വീരശൈവത്തിന്റെ ആറു ഭേദങ്ങളെക്കുറിച്ച് പറഞ്ഞു.അവ 1) ഭക്തസ്ഥലം 2) മാഹേശ്വരസ്ഥലം 3) പ്രസാദിസ്ഥലം 4) പ്രാണലിംഗിസ്ഥലം 5) ശരണസ്ഥലം 6) ഐക്യസ്ഥലം എന്നിവയാണ്. അതിനു ശേഷം ഭക്ത സ്ഥലത്തിന്റെ 15 അവാന്തരഭേദങ്ങൾ പറഞ്ഞു. അവ 1) പിണ്ഡസ്ഥലം 2) പിണ്ഡജ്ഞാനസ്ഥലം 3) സംസാരഹേയസ്ഥലം 4) ഗുരുകാരുണ്യസ്ഥലം 5) ലിംഗധാരണസ്ഥലം 6) വിഭൂതിധാരണസ്ഥലം 7) രുദ്രാക്ഷധാരണസ്ഥലം 8) പഞ്ചാക്ഷരജപസ്ഥലം 9) ഭക്തമാർഗ്ഗക്രിയാസ്ഥലം 10) ഉഭയസ്ഥലം 11) ത്രിവിധസമ്പത്തിസ്ഥലം 12) ചതുർവ്വിധസാരായസ്ഥലം 13) സോപാധിദാന സ്ഥലം 14) നിരുപാധിദാനസ്ഥലം 15) സഹജദാന സ്ഥലം എന്നിവയാകുന്നു. ശൈവഭക്തർ ഈ സ്ഥലങ്ങൾ (അദ്ധ്യായങ്ങളെ) പ്രയത്നപൂർവ്വകമായി വായിച്ചുമനസ്സിലാക്കുകയാണ് ചെയ്യേത്. പിണ്ഡസ്ഥലത്തിൽ ശരീരം, ജ്ഞാന സ്ഥലത്തിൽ ശരീരത്തിന്റെ രൂപം സംസാരഹേയസ്ഥലത്തിൽ ലൌകികവും ലൌകിക വസ്തുകകളെ ത്യജിക്കലും പറഞ്ഞിരിക്കുന്നു'.

**അദ്ധ്യായം- 6, 7**

6-ാമത്തെ അദ്ധ്യായമായ 'ഗുരുകാരുണ്യസ്ഥല'ത്തിൽ ഗുരുവിന്റെ വൈശിഷ്ട്യങ്ങളെ പറഞ്ഞതിനുശേഷം ഗുരുവിനു സമീപം ശിഷ്യൻ പോകുന്നതിനെക്കുറിച്ച് പറയുന്നു. പിന്നീട് ദീക്ഷയുടെ വ്യാഖ്യാനം, അതിന്റെ മൂന്നു ഭേദങ്ങൾ, മാംസപിണ്ഡത്തെ മന്ത്ര പിണ്ഡത്തിന്റെ രൂപത്തിൽ പരിപക്വമാക്കുന്നത് എന്നിവയെക്കുറിച്ച് പറയുന്നു. ലിംഗധാരണസ്ഥലത്തിൽ ശിഷ്യന്റെ പ്രാണൻ, ലിംഗത്തോടുകൂടിയുള്ള സാമരസ്യം ലിംഗധാരണത്തിന്റെ പ്രയോജനം, അതു ധരിക്കുന്നവൻ, അന്തർലിംഗധാരണം, ബ്രഹ്മലിംഗധാരണം. ലിംഗധാരണത്തെക്കുറിച്ച് വേദപ്രമാണത്തിൽ വർണ്ണിച്ചിരിക്കുന്നു.

7-ാമത്തെ അദ്ധ്യായമായ ഭസ്മധാരണ സ്ഥലത്തിൽ ഭസ്മത്തിന്റെ വിഭൂതി മുതലായ അഞ്ചുനാമങ്ങളുടെ സാർത്ഥകത,

അതിന്റെ രൂപം, വിനിയോഗം, ഭസ്മനിർമ്മാണത്തിന്റെ വിവിധ പ്രക്രിയകൾ, ഭസ്മസ്നാനത്തിന്റെ 7 രീതികൾ ഭസ്മസ്നാനം, ത്രിപുണ്ഡ്രധാരണം ത്രിപുണ്ഡ്രധാരണീയമായ അംഗങ്ങളെയും, ത്രിപുണ്ഡ്രധാരണീയമായ ജീവനെക്കുറിച്ചുള്ള വർണ്ണനയുമാകുന്നു. രുദ്രാക്ഷധാരണ സ്ഥലത്തിൽ രുദ്രാക്ഷങ്ങളുടെ ഉത്ഭവം ധരിക്കേ രുദ്രാക്ഷത്തിന്റെ ലക്ഷണം ഏതേത് അവയവങ്ങളിൽ എത്രവീതം രുദ്രാക്ഷങ്ങൾ ധിരിക്കണം, രുദ്രാക്ഷ ധാരണത്തിന്റെ ഫലങ്ങൾ മുതലായവ വർണ്ണിച്ചിരിക്കുന്നു.

**അദ്ധ്യായം 8, 9, 10**

8-ാമത്തെ അദ്ധ്യായത്തിൽ 'പഞ്ചാക്ഷരീ' വിദ്യയെ വർണ്ണിച്ചിരിക്കുന്നു. ശിവത്തേക്കാൾ ശ്രേഷ്ഠമായി മറ്റൊരു തത്വവുമില്ല. അതുപോലെ പഞ്ചാക്ഷര (നമശിവായ)ത്തേക്കാൾ ശ്രേഷ്ഠമായ മറ്റൊരു മന്ത്രവുമില്ല. 'ശിവ'മെന്ന രക്ഷരം പരബ്രഹ്മത്തെ പ്രകാശിപ്പിക്കുന്നു. 'ഓം' കാരത്തോടുകൂടി ഇതിനെ 'ഷഡാക്ഷരീ' മന്ത്രമെന്നും പറഞ്ഞുവരുന്നു ഇതിനുശേഷം പഞ്ചാക്ഷര ജപത്തിന്റെ വിധാനം (നിയമം) ജപത്തിന്റെ ഭേദം, ജപയജ്ഞത്തിന്റെ മാഹാത്മ്യം, മാനസ്സജപത്തിന്റെ ശ്രേഷ്ഠത്വം, സാമന്ത്രക ശിവപൂജയുടെ വിധികളും അതിന്റെ മാഹാത്മ്യങ്ങളും,പഞ്ചാക്ഷര ജപത്തിന്റെ ഫലം, ജപിക്കുന്ന ആചാര്യന്മാരുടെ മഹിമ എന്നിവയെ വർണ്ണിച്ചു.

9-ാമദ്ധ്യായത്തിന്റെ വിഷയം ഭക്തിമാർഗ്ഗ ക്രിയകളാണ്. ഇതിൽ ഭക്തിയുടെ 9 ഭേദങ്ങൾ ബാഹ്യ-ആന്തരിക ദൃഷ്ടിയിൽ ഭക്തിയുടെ രുവിധങ്ങൾ, ഭക്തിയുടെ അനേകം ജന്മലഭ്യത്വം, മനോ-വാക്-കായ ഭേദങ്ങൾ, ഭക്തിയുടെ മൂന്നു വിധങ്ങൾ, പിന്നീട് തപം, ജപം, ധ്യാനം, കർമ്മം, ജ്ഞാനം വീരശൈവ മാർഗ്ഗത്തിൽ ദീക്ഷിതരായ ഭക്തർക്കായുള്ള നിയമങ്ങൾ, ലിംഗിയും-അലിംഗിയും തമ്മിലുള്ള ഭേദവും, കർത്തവ്യവും, ഇവരിലും അന്ന-ജല-ദാനത്തിന്റെ ശ്രേഷ്ഠത ഉഭയസ്ഥലത്തിൽ ശിവനും ഗുരുവും തമ്മിലുള്ള അഭേദം 'ത്രിവിധസമ്പത്തി സ്ഥല' ത്തിൽ ഗുരു- ലിംഗം-ജംഗമനായ ശിവയോഗിയുടെ വിവിധ





തലങ്ങൾ ചതുർവ്വിധസാരായ സ്ഥലത്തിൽ ശിവന്റെ ചരണാമൃതം, അവിടേയ്ക്കർപ്പിച്ച ബില്വപത്രം (കൂവളത്തില) അന്ന ഗ്രഹണഫലം എന്നിവകളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഒടുവിൽ സോപാധി, നിരുപാധി, സഹജസംജ്ഞാകമെന്നിങ്ങനെ രിന്റേയും 3 വിധത്തിലുള്ള മഹിമ പറഞ്ഞിരിക്കുന്നു.

10-ാമത്തെ അദ്ധ്യായത്തിൽ 'മഹേശ്വരസ്ഥല'മാണു വിഷയം ഇതിൽ മാഹേശ്വരപ്രശംസ, ലിംഗനിഷ്ഠ, പൂർവ്വാശ്രമ നിരസനം, അദ്വൈത നിരാകരണം, ആഹ്വാന വർജ്ജനം അഷ്ട മൂർത്തി നിരാകരണം, സർവ്വഗതത്വ ഖണ്ഡനം (ഭേദനം) ശിവനും ഭക്തനും-രിന്റെയും ശിവത്വം-ഇപ്രകാരം 9 ഭേദങ്ങളുടെ (സ്ഥലങ്ങളുടെ) സംഭാഷണമാകുന്നു. മഹേശ്വരനെ സർവ്വശ്രേഷ്ഠനെന്നു മനസ്സിലാക്കുന്നവനാരാണോ അവൻ മാഹേശ്വരൻ ആകുന്നു. പരസ്ത്രീ, പരദ്രവ്യം എന്നിവയിൽ മോഹമില്ലാത്തവനും പരാങ്മുഖനായ ശിവനുവേി പ്രാണത്യാഗം ചെയ്യുന്നവനുമാകുന്നു. ഭക്തോത്തമനായ 'മാഹേശ്വരൻ' മുഖേന വിധിക്കപ്പെട്ടതായ ലിംഗനിഷ്ഠയുടെ സ്വരൂപമായ ശിവലിംഗം തന്നെ എല്ലാമെന്നു കണക്കാക്കുന്ന മാഹേശ്വരൻ പ്രാണന് ആപത്ത് വന്നാൽക്കൂടി ലിംഗപൂജയുടെ മഹാവ്രതം ഉപേക്ഷിക്കുകയില്ല. അവന് വേദോക്തമായ അഗ്നിഹോത്രാദി കർമ്മങ്ങൾ ചെയ്യേി വരുകയില്ല. അവൻ പൂർവ്വാശ്രമത്തിൽ സ്വീകരിച്ചിരുന്ന മാർഗ്ഗങ്ങളെ ഉപേക്ഷിക്കുന്നു. '**സർവ്വം ഖല്വിദം ബ്രഹ്മ**' എന്നതിനെ പരിത്യജിക്കുന്നവൻ ലിംഗത്തെ പൂജ്യനായും തന്നെ പൂജകനായും മനസ്സിലാക്കി ദ്വൈതഭാവത്തിലിരിക്കുന്നു. അയാൾക്ക് ശിവനെ വിളിക്കേ ആവശ്യമില്ല. കാരണം ലിംഗരൂപത്തിൽ സദാശിവൻ അവനോടൊപ്പമു്. ഭൂമി മുതലായ എട്ടു തത്വങ്ങൾ ശിവനിൽ നിന്നും ഭിന്നമാകുന്നു. അതുകൊ് ശിവൻ എല്ലായിടത്തുള്ളവനാണെങ്കിലും ശിവലിംഗത്തിൽ വിശേഷ രൂപത്തിൽ സ്ഥിതനായിരിക്കുന്നു. വിഭിന്ന രൂപത്തിൽ അവിടുത്തെ പൂജ ചെയ്തെന്നാലും പൂജകൻ ശിവൻ സർവ്വവ്യാപിയാകുന്നു എന്ന സങ്കല്പത്തിൽ പൂജ

സർവ്വോൽകൃഷ്ടമാകുന്നു. ഇവിടെ ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ തുടങ്ങിയ ഭേദങ്ങളില്ലാതാകുന്നു. പരബ്രഹ്മബോധം തന്നെ ജ്ഞാനവിഷയമായിത്തീരുന്നു. ജ്ഞാനസമ്പൂർണ്ണനായ വ്യക്തിയെ 'ജ്ഞാനലിംഗി'യെന്നും ജ്ഞാനത്തിന് 'ജ്ഞാനലിംഗ'മെന്നും പറയുന്നു.

ഭാവലിംഗത്തെ അറിഞ്ഞവന്റെ ജ്ഞാനം ഏതൊരു ജ്ഞാനത്തിൽ ലീനമായിരിക്കുന്നുവോ ആ ജ്ഞാനമുള്ള വ്യക്തിക്ക് സ്വയം എന്നു പറഞ്ഞു വരുന്നു. അയാൾ ജഗത്തിൽ വസിച്ചുകൊ് പരമാനന്ദത്തിൽ ലീനനായിരിക്കുന്നു. ശിവധ്യാനം, ശിവജ്ഞാനം, ദീക്ഷ, ഏകാന്തവാസം ഇവയെല്ലാം തന്നെ അതിനുള്ള കർമ്മങ്ങളാകുന്നു. ഇങ്ങനെ സ്വയം ലിംഗയുക്തനായ സാധകൻ കാമക്രോധാദികളില്ലാതെ സമബുദ്ധിയോടുകൂടി 'സർവ്വം ഖല്വിദം ബ്രഹ്മ' എന്നു ഭാവിച്ചു കൊിരിക്കുന്നുവെങ്കിൽ അയാളെ 'ചരം' എന്നു വിളിക്കുന്നു. അയാൾ 'സ്വയം' മാത്രമായി 'സ്വയ'ത്തെത്തന്നെ കാണുന്നുവെങ്കിൽ ആ ബോധത്തെ 'പരബോധ'മെന്നു പറയുന്നു. അയാൾ വർണ്ണശ്രമ ധർമ്മങ്ങൾക്കും ഉപരിയായുള്ളവനായി തന്നെത്തന്നെ സർവ്വോൽകൃഷ്ടനെന്ന് മനസ്സിലാക്കുന്നു. ഇങ്ങനെയുള്ള ശിവയോഗികൾ തങ്ങളുടെ ദർശന സ്പർശനാദികൾ കൊ് അജ്ഞാനികളെയും മുക്തരാക്കുന്നു. അയാൾ നിരജ്ഞനും ജീവന്മുക്തനായിരുന്നിട്ടും സാധാരണ ജനങ്ങളെപ്പോലെ വ്യവഹരിക്കുന്നു.

**<u>അദ്ധ്യായം- 16</u>**

മാഹേശ്വരസ്ഥലത്തെക്കുറിച്ചുള്ള വിവരണത്താൽ ഇത് അലങ്കരിച്ചിരിക്കുന്നു. അതിൽ 9 ഖണ്ഡങ്ങളു്. ക്രിയാഗമം, ഭാവാഗമം, ജ്ഞാനാഗമം, സകായം, അകായം, പരകായം, ധർമ്മാചാരം, ഭാവാചാരം എന്നിവയാണ്. ക്രിയാഗമസ്ഥലത്തിൽ ശിവപൂജയെ സംബന്ധിക്കുന്ന ചർച്ചയാണ്. അരണിമഥനം കൂടാതെ അഗ്നി പ്രത്യക്ഷമാവുകയില്ലാത്തതുപോലെ പൂജ കൂടാതെ ഭഗവാൻ ശിവന്റെ സാക്ഷാത്കാരമു്ാകുന്നില്ല. അതുകൊ് ഗുരുവിന്റെ നിർദ്ദേശത്തോടുകൂടി ശ്രീപരമേശ്വരന്റെ പൂജ ചെയ്യണം.





മെന്നു വിളിക്കുന്നു. 'ബാഹ്യലിംഗ'ത്തെ ഉപേക്ഷിച്ച് 'ചിത്‌ലിംഗ'ത്തെ പരിമർശിക്കുന്നത് ഏതൊന്നാണോ അതിനെ 'പ്രാണലിംഗി' എന്നു വിളിച്ചു വരുന്നു. ഇപ്രകാരമുള്ള 'പ്രാണലിംഗി'യുടെ ഹൃദയ കമലത്തിൽ ചെയ്യുന്ന അർച്ചന പ്രാണലിംഗാർച്ചനയാകുന്നു. ഇതിനായി ക്ഷമ, വിവേകം, സത്യം മുതലായ ഗുണങ്ങളെ ഉപചാരത്തിന്റെ രൂപത്തിൽ പ്രയോഗിക്കുന്നു. 'ശിവയോഗ സമാധിസ്ഥല' ത്തിൽ സമാധിസ്ഥന്റെ ലക്ഷണം, ബഹിർവാസനയെ പുറത്താക്കലിന്റെ ഉപായം എന്നിവ വർണ്ണിച്ചിരിക്കുന്നു. 'ലിംഗനിജസ്ഥല'ത്തിൽ ലിംഗസ്വരൂപത്തെക്കുറിച്ചുള്ള വർണ്ണന, ലിംഗ മഹത്വം, തന്റെ അതേ രൂപത്തിൽ ധ്യാനിക്കുന്നത് എന്നിവ പറഞ്ഞിരിക്കുന്നു. 'അംഗലിംഗിസ്ഥല'ത്തിൽ ജ്ഞാനസ്വരൂപമാകുന്ന അംഗവും ജ്ഞേയ(സ്വരൂപ)മാകുന്ന ലിംഗവും ആരുടെയടുത്തുോ അതിനെ 'അംഗലിംഗി' എന്നു പറയുന്നു. ഈ രുകാര്യങ്ങളുമില്ലാതെയിരിക്കുന്നവന് മുക്തിയു്ാവുകയില്ല.

13-ാമദ്ധ്യായത്തിൽ- ശരണസ്ഥലം, താമസനിരസന സ്ഥലം, നിർദ്ദേശ സ്ഥലം, ശീലസമ്പാദന സ്ഥലം എന്നീ കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. പതിവ്രതയായ സ്ത്രീയെപ്പോലെ ശിവനെ പതിയായും, തന്നെ സതിയായും കാണുന്നത്, മറ്റ് ആരാദ്ധ്യ ദേവന്മാർക്കുവിമുഖമായിട്ടുള്ളവരെ 'ശരണസ്ഥലവാൻ' എന്നുപറയപ്പെടുന്നു. ഗുരുമുഖേന ഭക്തന്റെയുള്ളിൽ ഉള്ള എല്ലാ തമോമയ ഭാവങ്ങളെയും ഇല്ലാതാക്കുമ്പോൾ അതിന് 'താമസ നിരസക'മെന്നു പറയുന്നു. തമോമിശ്രിതമായ ജ്ഞാനം ഉള്ളവന് മുക്തിയു്ാകുന്നില്ല. അതുകൊ് ശമം, ദമാമി ഇന്ദ്രിയവിഷയങ്ങളിൽ യുക്തനായിരിക്കുന്നവൻ 'സാത്വിക മഹായോഗി'. ഇപ്രകാരം ശിവമയമായ പ്രപഞ്ചത്തിൽ മുഴുവനും സർവ്വത്രദ്വേഷം ഭാവിക്കുന്നവൻ 'രജോഗുണ' സംബന്ധനും, സർവ്വത്ര അസത്യഭാവനയുള്ളവൻ 'താമസഗുണ'ശിവയോഗിയുമാകുന്നു. ഇങ്ങനെയുള്ള വ്യക്തി പറഞ്ഞുകൊടുക്കുന്ന ജ്ഞാനത്തിന് 'നിർദ്ദേശ'മെന്നു പറയപ്പെടുന്നു.

നിർദ്ദേശം കൊടുക്കുന്നവൻ 'ഗുരു'വാകുന്നു. അയാൾ ശിവത്വം ലഭ്യമാക്കുന്നതിൽ സമർത്ഥനാണ് ശിവതത്വത്തിന്റെ ജിജ്ഞാസ അവിടുത്തെ പ്രതിസ്ഥിരഭാവനാ ശീലത്തിന്റെ പേരിൽ പറയപ്പെടുന്നു. ഇപ്രകാരം ശിവൈക്യജ്ഞാനം, ശിവധ്യാനം, ശിവപ്രാപ്തിക്കുവേിയുള്ള ആകാംക്ഷ ഇതിനെല്ലാം 'ശീലം' എന്നു പറയുന്നു ഇങ്ങനെയുള്ള ഭക്തനെ 'ശിവലിംഗൈക്യവാൻ' എന്നു പറയുന്നു.

<u>**അദ്ധ്യായം - 14, 15**</u>

14-ാമത്തെ അദ്ധ്യായത്തിൽ ഐക്യം, ആചാരം, സമ്പത്തി മുതലായ നാല് സ്ഥലങ്ങള്ു്. ശരണനായ ഭക്തൻ പ്രാണലിംഗത്തിന്റെ യോഗം കൊ് അതിശയകരമായ സുഖം ലഭ്യമാക്കിയിട്ടു്. ശിവനോടൊപ്പം ഐക്യവാനായിരിക്കുന്ന വിഷയാനന്ദനും പരാങ്മുഖനുമായ അവൻ ശിവാനന്ദത്തിന്റെ സാഗരത്തിൽ നിമജ്ജനം ചെയ്തുകൊിരിക്കുന്നു. അവന് പ്രപഞ്ചതത്വത്തെക്കുറിച്ചുള്ള ബോധം പോലുമു ാകുന്നില്ല. കാരണം ഭേദമാകുന്ന മാളത്തിൽ ഉറങ്ങുന്ന പ്രപഞ്ചമാകുന്ന സർപ്പത്തിനുവേി ശിവൈക്യഭാവന ഔഷധമാകുന്നു. ശിവൈക്യഭാവം ലഭ്യമായിരിക്കുന്നവന് കർമ്മഫലങ്ങൾ അനുഭവിക്കേി വരികയില്ല. ഈ അവസ്ഥയിൽ ബ്രാഹ്മണൻ, ചണ്ഡാളൻ, പാപി, പുണ്യാത്മാവ് എന്നതെല്ലാം സമമായിത്തീരുന്നു. അവന്റെ കർമ്മമാകുന്ന ബീജം ശിവജ്ഞാനമാകുന്ന അഗ്നിയാൽ ദഹിച്ചു പോകുന്നു. അയാളുടെ ശമാദികളായ സകല കർമ്മങ്ങളും ശിവാരാധനയാണ്. അയാൾ ഈ പ്രപഞ്ചത്തെ ശിവമയമായിക്കാണുന്നു. ശിവനിലും പ്രപഞ്ചത്തിലും അയാൾക്ക് ആധാര-അധേയ ഭാവത്തിന്റെ തോന്നലു ാക്കുന്നു. ശിവനിൽ ലീനമായ നിരാകുലമായ ഹൃദയം എപ്പോൾ ശൂന്യമാകുന്നുവോ അപ്പോഴവൻ മുക്തനായിത്തീരുന്നു. ഗുരു, ശിഷ്യൻ, ശിവൻ എന്നതിന്റെ ഐകരൂപ്യമായ സ്മരണയെ 'സഹഭോജനസ്ഥല'മെന്നു പറഞ്ഞു വരുന്നു. ഇപ്രകാരം കണക്കാക്കാതിരിക്കുന്നവൻ വിശ്വഭോജകനല്ല. പരബ്രഹ്മമാകുന്ന അഗ്നിയിൽ ഇദന്തയെ ഹോമി







ക്കുന്നവനെ 'വിശ്വഹോമി' എന്നു വിളിക്കുന്നു. സർവ്വലോകങ്ങളെയും 'അഹ'മെന്ന രൂപത്തിൽ കാണുന്നതിന് 'പൂർണ്ണാഹന്ത' എന്നുപറയുന്നു.

15-ാമദ്ധ്യായത്തിൽ ദീക്ഷാഗുരു, ശിക്ഷാഗുരു മുതലായ 9 സ്ഥലങ്ങളെ അഥവാ അദ്ധ്യായങ്ങളെ വർണ്ണിച്ചിരിക്കുന്നു. ശിവജ്ഞാനം കൊടുക്കുകയും ത്രിവിധങ്ങളായ മലങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്നതിനെ 'ദീക്ഷ' എന്നു പറയുന്നു. ആ വിഷയത്തിൽ ഗുരുവിനെ 'ദീക്ഷാഗുരു' എന്നു പറയുന്നു 'ഗു' ഗുണാതീതം; 'രു' എന്നാൽ രൂപാതീതം. ഇതിന്റെ ജ്ഞാനം പ്രദാനം ചെയ്യുന്നവനെ 'ഗുരു' എന്നു വിളിക്കുന്നു. ശാസ്ത്രത്തിന്റെ അർത്ഥം മനസ്സിലാക്കിയിട്ട് അതിനെ സംഗ്രഹിക്കുകയും, സ്വയം ആചരിക്കുകയും, മറ്റുള്ളവരെ അതിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നയാളെ 'ആചാര്യൻ' എന്നു വിളിക്കുന്നു സർവ്വ വസ്തുക്കളിലും അഖണ്ഡമായ ചൈതന്യത്തെ പ്രകടിപ്പിക്കുന്ന 'ഗുര' 'വിശ്വഭാസകൻ' ആകുന്നു. 'ദീക്ഷാഗുരു'വാകുന്നയാൾ ശിഷ്യന്റെ ബോധകനാകുന്നതിനാൽ 'ശിക്ഷാഗുരു'വും ആകുന്നു. ഇപ്രകാരം ജ്ഞാന പ്രകാശത്താൽ ശിഷ്യന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുന്നവനായ ഗുരു ദുർലഭമാകുന്നു. ശിവരൂപാനുസന്ധായിയായ ജ്ഞാനം കൊടുക്കുന്നയാൾ 'ജ്ഞാനഗുരു'. ബ്രഹ്മമാകുന്ന സൂര്യൻ ബാഹ്യമായ അന്ധകാരത്തെ മാത്രം ഇല്ലാതാക്കുന്നു. എന്നാൽ 'ജ്ഞാനഗുരു' ബാഹ്യവും ആന്തരികവുമായ അന്ധകാരത്തിന്റെ വിനാശകനാകുന്നു. സകല ക്രിയകളും 'ജ്ഞാനഗുരു'വിന്റെ വിശേഷജ്ഞാനം മുഖേന ഏതിൽ ലീനമായിരിക്കുന്നുവോ അതിനെ 'ക്രിയാലിംഗ'മെന്നു പറയുന്നു. ശിവയോഗികൾ സകല ക്രിയകളെയും ത്യജിച്ചിട്ട് ലിംഗപൂജയിൻ മാത്രം തല്പരരായിരിക്കുന്നു. തന്മൂലം ക്രിയാലിംഗത്തിന് പ്രത്യേക മഹത്വമു്. ഇപ്രകാരം ക്രിയയും ഭാവവും ലിംഗത്തിൽ ലീനമായിത്തീരുന്ന അവസ്ഥയ്ക്ക് 'ഭാവലിംഗ'മെന്നു പറയപ്പെടുന്നു. ഈ ദശയിൽ ഭഗവാൻ ശിവഭക്തന്റെ 'ഭാവലിംഗ പൂജ' യാൽ പ്രസന്നനാകുന്നു. ഇപ്രകാരമുള്ള ആന്തരിക 'ഭാവലിംഗപൂജ'

ിരിക്കുന്നു. ഇവ മായാബന്ധനങ്ങൾക്ക് കാരണമാകുന്നു. 'ശിവോƒഹ'സങ്കല്പം ചിത്തത്തിൽ സ്ഥിതി ചെയ്തിരിക്കുന്ന അശുദ്ധചിന്തകളെ ഇല്ലാതാക്കിത്തീർക്കുന്നു. പിന്നീട് ഭോക്താവ്, ഭോജ്യം, ഭോഗം എന്നീ ത്രിപുടികൾ ഇല്ലാതാകുന്നു. സമസ്ത കർമ്മങ്ങൾ ശിവാർച്ചനയും, സമസ്ത വചനങ്ങൾ ശിവസങ്കീർത്തനവുമായിത്തീരുന്നു.

'യദ്യത് കർമ്മ കരോമി തത്തദഖിലം ശംഭോ തവാരാധനം.' പരകായനായ ശിവയോഗിയാൽ ഏതൊരുവൻ ശാസിക്കപ്പെടുന്നുവോ അവൻ 'ശിഷ്യ'നാകുന്നു. ശമം, ദമം, തപം ശീലം, സത്യവാക്യം, സമദൃഷ്ടി, ഗുരു, ശിഷ്യൻ എന്നിവകളിൽ സമാന ഭാവം ഉത്തമശിഷ്യന്റെ ലക്ഷണങ്ങളാണ്. ശിഷ്യൻ ഗുരുവിന്റെ ആജ്ഞ ലംഘിക്കരുത്. മേൽപറഞ്ഞ വിധമുള്ള ശിഷ്യനെ 'നീ ശിവനാകുന്നു'എന്ന് ഗുരു നിർദ്ദേശിക്കുമ്പോൾ മുതൽ അവൻ മുക്തനായിത്തീരുന്നു. പരകായനായ ഗുരുവിൽ നിന്നും ഉപദേശം സ്വീകരിച്ച ഈ ശിഷ്യൻ ഗുരുവിന്റെ 'ശുശ്രൂഷ'യിൽ (സേവ) വ്യാപൃതനായിരിക്കുമ്പോൾ അവനെ 'ശുശ്രൂഷു' എന്നു പറയുന്നു. ശിഷ്യൻ സേവ മാത്രമല്ല ചെയ്യുന്നത് ഏതൊക്കെ പരമതത്വങ്ങളാണ് അറിയേത് മുതലായ ചോദ്യോത്തരങ്ങളും ചെയ്തുകൊിരിക്കുന്നു. ശിവൻ തന്നെ ജ്ഞേയമാകുന്നു. നിങ്ങൾ ശിവനാകുന്നു. ശിവനെക്കുറിച്ച് കേൾക്കുകയും ചിന്തിക്കുകയും, മനസ്സിലാക്കുകയും ചെയ്യുക ഇതുകൊ് മുക്തിലാഭം ഉാകും എന്ന് ഗുരുപറഞ്ഞു. ഗുരുവിന്റെ ഉപദേശങ്ങളാകുന്ന അമൃത് പാനം ചെയ്ത് 'ശുശ്രൂഷു'വാകുന്ന ശിഷ്യൻ ശിവതത്വമാകുന്ന ജ്ഞാനം പ്രാപിക്കുമ്പോൾ അവനെ 'സേവ്യ'നെന്നു വിളിക്കുന്നു. ഗുരുവിന്റെ ഉപദേശമനുസരിച്ച് ആചരിക്കുന്നതുകൊ് ആ ശിഷ്യനും സാധാരണക്കാരെ മോക്ഷമാർഗ്ഗത്തിൽ കൊുപോകുന്നു.

## <u>അദ്ധ്യായം – 18</u>

ഇതിൽ 'പ്രാണലിംഗി സ്ഥല'മാകുന്നു. ആത്മസ്ഥലം, അന്തരാത്മസ്ഥലം, പരമാത്മസ്ഥലം, നിർദ്ദേഹാഗമ സ്ഥലം, നിർഭാവാർഗമസ്ഥലം, നഷ്ടാഗമ സ്ഥലം, ആദി പ്രസാദി സ്ഥലം, അന്ത്യപ്ര







അവിടുത്തെ പൂജ കൊ് സമസ്തദേവകളും പൂജിതരാകുന്നു. ജ്ഞാനവും ക്രിയയും രു ചിറകുകൾക്കു തുല്യമാകുന്നു. ഒറ്റച്ചിറകുമാത്രമുള്ള ജീവനാകുന്ന പക്ഷിക്ക് മോക്ഷാകാശത്തിൽ പറക്കുവാൻ കഴിയുകയില്ല. ഇങ്ങനെ ക്രമേണ ചെയ്തു ചെയ്ത് 'ഭാവശുദ്ധി 'യു ാകുന്നു. ഈ അവസ്ഥയിൽ സർവ്വത്ര പരിപൂർണ്ണനായ മഹേശ്വരനാണെന്ന ഭാവനയുാകുന്നു. അതിലൂടെ ശിവദർശനവും സാദ്ധ്യമാകുന്നു. ആ ഭാവം തന്നെ അയാളുടെ കണ്ണുകളാകുന്നു. ജ്ഞാനമില്ലാത്തകർമ്മം(പാശ) ബന്ധനത്തിനു കാരണാകുന്നു. ജ്ഞാനം തന്നെ മുക്തി തരുന്നു. അതു ശാസ്ത്രാഭ്യാസം, ഗുരുപദേശം, സൽസംഗം മുതലായവകളാൽ ലഭ്യമാകുന്നു. കർമ്മത്തെക്കുറിച്ചുള്ള ചിന്തയില്ലാത്തവനായ ശിവയോഗിയുടെ ശരീരം ആത്മസദൃശമാകുന്നു. ഈ ലോകത്തെ അവൻ മുഖേന 'സകായം' എന്നു വിളിക്കപ്പെടുന്നു. കാരണം ശരീരമില്ലാതെ ശിവയോഗികൾക്ക് ലൌകിക ജീവിതത്തിൽ സാധാരണക്കാരെ സന്മാർഗ്ഗത്തിലേക്ക് നയിക്കുവാൻ കഴിയുകയില്ല. വിഗ്രഹം മുഖേന ദേവന്മാർ പൂജിതരാകുന്നതുപോലെ ശരീരം മുഖേന യോഗിയും ഈ ലോകത്തിൽ പൂജിതരാകുന്നു. തപസ്സ് മുതലായ സർവ്വ കാര്യങ്ങളും ശിവയോഗി ശരീരം കൊു തന്നെ ചെയ്യുന്നു. അയാൾക്ക് ശരീരം ത്യജിക്കുവാൻ കഴിയുകയില്ല. ധീരനായിരുന്നിട്ടു കൂടി അയാൾ, ശരീരാദാകളെപ്പറ്റി ഭേദബുദ്ധിയോടുകൂടി ചിന്തിക്കാത്തതു കാരണം 'അകായം' എന്നു വിളിക്കപ്പെടുന്നു. അയാൾ മനുഷ്യർ, ദേവന്മാർ തുടങ്ങിയവയെല്ലാം സ്വയം ശിവൻ തന്നെ എന്നു കണക്കാക്കുന്നു. പ്രകൃതി ഇയാളുടെ അധീനതയിലാകുന്നതുകൊ് മായയ്ക്ക് സ്പർശിക്കാനുമാവുകയില്ല. അതുകൊ് ഇദ്ദേഹം സച്ചിദാനന്ദ സ്വരൂപനായ 'പരകായ'നാകുന്നു. 'പരബ്രഹ്മ സ്വരൂപനായ (പൂർണ്ണാഹന്ത)' ശിവയോഗി അഖില ജഗത്തിനെയും സ്വന്തം ആത്മാവിന്റെ രൂപത്തിൽ-ശിവ സ്വരൂപത്തിൽ തന്നെ കാണുന്നു. തത്ഫലമായി അയാൾ 'നിരവഛിന്ന'മാകുന്നു. 'പരകായ'നായ ശിവയോഗിക്ക് ഉള്ളതായ

ആചാരത്തെ 'ധർമ്മാചാര'മെന്നു പറയുന്നു. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, ദയ, ക്ഷമ, ദാനം, പൂജ, ജപം, ധ്യാനം, ഇവയെല്ലാം 'ധർമ്മ'ങ്ങളാകുന്നു. ഇതനുസരിക്കുന്നവൻ എന്റേ തെന്ന ഭാവം ഇല്ലാത്തവനാണ്. ഇപ്രകാരമുള്ള ധർമ്മാചാര ങ്ങളെ തൃജിക്കാത്തവനായ ശിവയോഗിയുടെ ഭാവം തന്നെ സാധാരണക്കാരുടെ 'ഭാവാചാര'മാകുന്നു. ഭാവംകൊ് മനഃശുദ്ധിയും, ഭാവത്തിന്റെ ശുദ്ധി കർമ്മം കൊും ഉാകു ന്നു. അതുകൊ് ശിവയോഗിക്ക് ഭാവം തൃജിക്കേതില്ല. ശിവ സങ്കല്പത്തിലൂടെ സർവ്വ കാര്യങ്ങളും ചെയ്യുന്നവനായ 'മഹായോഗി' ഗുണദോഷങ്ങളാൽ ആവരണം ചെയ്യപ്പെടുന്നി ല്ല. തന്നെയും ജഗത്തിനെയും പരമശിവനെയും ഒന്നായി കാണു ന്നവൻ വാസ്തവത്തിൽ 'ശിവദൃഷ്ടാ'വാകുന്നു. ഇങ്ങനെയുള്ള യോഗിയുടെ 'ജ്ഞാനാചാരം' തന്നെയാണ് സാധാരണജനങ്ങ ളുടേയും 'ജ്ഞാനാചാരം'. ശിവാദ്വൈതഭാവന തന്നെ ജ്ഞാനാ ചാരമാകുന്നു. ഇപ്രകാരം പ്രപഞ്ചത്തിൽ പ്രവർത്തിക്കുന്ന വനെ'ജ്ഞാനാചാരി'എന്നു വിളിയ് ക്കപ്പെടുന്നു. അവൻ സർവ്വ രേയും ജ്ഞാനത്താൽ യോഗ്യരാക്കുന്നു. അദ്വൈതഭക്തികൊ് യുക്തമായ ഈ ശിവയോഗിയുടെ സകല ക്രിയകളും 'ക്രിയാമാ ത്ര'യാകുന്നു.

## <u>അദ്ധ്യായം - 17, 18</u>

17-ാമദ്ധ്യായത്തിൽ 'പ്രസാദിസ്ഥലം' പ്രസിദ്ധമാകുന്നു. ഇതിൽ 9 സ്ഥലങ്ങളു്. കായാനുഗ്രഹസ്ഥലം, ഇന്ദ്രയാനുഗ്ര ഹം, പ്രാണാനുഗ്രഹം, കായാർപിതം, കരണാർപിതം, ഭാവാർപി തം, ശിഷ്യസ്ഥലം, ശുശ്രൂഷാസ്ഥലം, സേവ്യസ്ഥലം എന്നിവ യാണ് അത് ശരീരം പ്രദർശിപ്പിച്ചുകൊ് ശിവയോഗി ജന ങ്ങൾക്ക് അനുഗ്രഹം ചൊരിയുന്നതിന് 'കായാനുഗ്രഹം' എന്നു പറയുന്നു. ഇപ്രകാരം സംഭവിക്കുന്നതുമൂലം ഭഗവാൻ ശിവൻ ശിവയോഗിയുടെ ശരീരത്തിൽ ആവിഷ്ടനായിരുന്ന് അനുഗ്രഹം ചൊരിയുന്നു. അങ്ങനെ ശിവനും ശിവയോഗിയും ശരീരത്തെ പ്രതി അനാസക്തരാകുന്നു. ഇന്ദ്രിയങ്ങളും പരമശിവനും തമ്മി







ലുള്ള അഭേദജ്ഞാനത്തെ 'ഇന്ദ്രിയാനുഗ്രഹ'മെന്നു പറയപ്പെ ടുന്നു. ഈയവസ്ഥയിൽ ശിവയോഗി മനസ്സിൽ ശിവനെ അനു ഭവിച്ചുകൊ് നിമിഷനേരത്തേക്ക് ബാഹ്യപദാർത്ഥങ്ങളെയും ചിലപ്പോൾ അനുഭവിക്കുന്നു. അയാൾക്ക് മരണത്തെയും വാർദ്ധ്യക്യത്തേയും ഭയമില്ല. അയാൾ ഇന്ദ്രിയങ്ങളാൽ പ്രാണ നെയും മനസ്സിൽ സാംശീകരിച്ച് ശിവഭാവന ചെയ്തുകൊേ യിരിക്കുന്നു. ഇന്ദ്രിയാനുഗ്രഹസമ്പന്നനായ ശിവയോഗി പ്രാണ വായുവിനെ തടഞ്ഞുകൊ് ഉദ്ദേശ്യലക്ഷ്യങ്ങളെ താല്പര്യ ത്തോടുകൂടി എപ്പോൾ നോക്കുന്നുവോ അതിനെ 'പ്രാണാനുഗ്ര' മെന്നു വിളിക്കുന്നു. 'താല്പര്യദർശന'മെന്നാൽ പരമകാരണനായ ഭഗവാൻ ശിവനിൽ പ്രാണനെ ലയിപ്പിക്കുക എന്നാണ്. പ്രാണ പ്രവൃത്തികളിൽ ലീനനായാൽ മനഃശാന്തിയുാകുന്നു. എന്നാൽ തന്റെ ശക്തി-സംസ്കാരത്തിന്റെ- ബലത്താൽ ശിവ യോഗി ദേഹയാത്ര ചെയ്തുകൊിരിക്കുന്നു. വാസ്തവത്തിൽ അയാൾ ശരീരിയാണെങ്കിലും ശരീരമില്ലാത്തവനെപ്പോലെയാ കുന്നു. കാരണം അയാൾക്ക് നിജമായ ശരീര ചിന്ത (കായാഭി മാനം) ഇല്ല. ഇതിന് 'കായാർപ്പിതം'എന്നു പറയുന്നു. ശിവനായി സ്വശരീരത്തെ അർപ്പിച്ചതിന്റെ ഫലമായി ആ ശിവയോഗി ശിവ നായിത്തീരുന്നു. ശരീരത്തിലെ സർവ്വ ദുഃഖങ്ങളും ശിവന്റേയ തായിത്തീരുന്നു. സർവ്വ ഇന്ദ്രിയങ്ങളെയും 'ശിവാർപ്പണം' ചെയ്യുക എന്നതാണ് 'കരണാർപ്പിതസ്ഥലം' വിഷയ സുഖങ്ങളെ അനുഭവിക്കുന്ന ഇന്ദ്രിയങ്ങളെ ശിവാർപ്പണം ചെയ്യുന്നവനായ ശിവയോഗി 'കരണാർപ്പക'നെന്നറിയപ്പെടുന്നു. ഇന്ദ്രിയങ്ങളിൽ പ്രധാമായത് മനസ്സാണ്. അതിനെ നിയന്ത്രിക്കുവാനാകുമ്പോൾ സർവ്വ ഇന്ദ്രിയങ്ങളും നിയന്ത്രണത്തിലാകുന്നു. മനസ്സും ജഗത്തും ചിദാഗ്നിയിൽ സമർപ്പിക്കുന്നതുകൊ് ലൌകിക ജീവിതം ഇല്ലാതാകുകയും ശിവയോഗി മുക്തനായിത്തീരുകയും ചെയ്യുന്നു. ഇപ്രകാരം നിശ്ചലമായ ഭാവത്തിൽ ശിവനായി സമസ്ത ഭാവങ്ങളെയും സമർപ്പിക്കുന്നതിന് 'ഭാവാർപ്പണ'മെ ന്ന് പറയപ്പെടുന്നു. മനസ്സിൽ സദാ ഭാവനകൾ ഉായിക്കൊ

ന്നു. 'പിണ്ഡാകാശ സ്ഥല'ത്തെക്കുറിച്ച് വർണ്ണിക്കുന്നത് – ആകാശത്തിന്റെ ഘടാവച്ഛിന്നം (മേഘം) മലാവച്ഛിന്നമാകുമ്പോഴും അതിന്റെ പൂർണ്ണത ക്ഷയിക്കാതിരിക്കുന്നു. അപ്രകാരം പിണ്ഡത്തിൽ സ്ഥിതിചെയ്യുന്ന ആത്മാവിന്റെ പൂർണ്ണതയിൽ യാതൊരു കുറവുമുാകുന്നില്ല. ശ്രീപമേശ്വരൻ പരാകാശത്തിനു സമാനനാകുന്നു. അവിടുന്ന് ജീവനുള്ളവയുടെ പിണ്ഡത്തിൽ (ശരീരം) സ്ഥിതി ചെയ്യുന്ന ഹൃദയമാകുന്ന ഗുഹയിൽ വസിക്കുന്നു. ശിവയോഗി ആ പരമേശ്വരനേയും, ജീവന്റെ പരാകാശത്തെയും, പിണ്ഡാകാശത്തെയും അഭേദം കൂടാതെ ധ്യാനിക്കുകയാണു ചെയ്യേത്. സദാശിവതത്വം മുതൽ പൃഥ്വി വരെ നോക്കിയാൽ സ്ഥിതമായിരിക്കുന്ന സർവ്വ തത്വങ്ങളുടെയും മൂലകാരണം സർവ്വവ്യാപിയായിരിക്കുന്ന 'പരമശിവനാ'കുന്നു. 'ബിന്ദു സ്വരൂപ'ത്തിൽ ധ്യാനിക്കുന്നത് 'ബിന്ദ്വാകാശസ്ഥല 'മാകുന്നു. ഈ ആകാശവും ആത്മാവും ഒരുപോലെയാകുന്നു ആകാശത്തിൽ നിന്നുമുാകുന്ന വായു എങ്ങനെയെല്ലാം ഒന്നായിരുന്നാലും സർവ്വയിടങ്ങളിലും അതാത് ആകാരത്തെ സ്വീകരിച്ച ശേഷവും അതിനേക്കാൾ സമുന്നതനായിരിക്കുന്നു. ഭഗവാൻ ശ്രീപരമേശ്വരനും അപ്രകാരം സമസ്ത ശരീരങ്ങളിൽ ജീവന്റെ രൂപത്തിൽ സ്ഥിതി ചെയ്തിട്ടും ഇതിനെല്ലാത്തിനും ഉപരിയാകുന്നു. ഇത് 'ബിന്ദ്വാകാശ'മാകുന്നു. ബ്രഹ്മാണ്ഡത്തിൽ സ്ഥിതി ചെയ്യുന്ന രാകാശങ്ങളും പരസ്പരം അഭിന്നമാകുന്നതുപോലെ ശിവയോഗിയുടെ ചേതനയുള്ള ജീവാത്മാവിൽ നിന്നും പരമാത്മാവിന് യാതൊരു ഭേദവുമില്ല. ഇതിനെ 'മഹാകാശസ്ഥല'മെന്നു പറയുന്നു. പരാനന്ദരൂപിണിയായ ശക്തിയും, പരമാകാശമാകുന്ന ശരീരത്തിൽ മൂടപ്പെട്ടതായ ജീവനും അതു തന്നെയാകുന്നു. സിന്ധുവും അതിന്റെ തിരകളും പോലെ പരമാത്മാവും ജീവാത്മാവും പ്രപഞ്ചത്തെപ്പോലെ ഏകവും അഭിന്നവുമാകുന്നു. ചിദാകാശമാകുന്ന ഭഗവാൻ ശിവനെ ആത്മാവിന്റെ രൂപത്തിൽ അനുസന്ധാനം ചെയ്യുന്നവൻ 'ക്രിയാപ്രകാശവാൻ' ആകുന്നു. ഈയവസ്ഥയിൽ ശിവയോഗിയുടെ മറ്റു ക്രിയ





സാദിസ്ഥലം എന്നിവയാകുന്നു. 'സേവ്യസ്ഥലം'– ജീവഭാവം വെടിഞ്ഞ് ശിവതത്വ രൂപത്തിൽ ഭാവനയുടെ വിഷയമാകുമ്പോൾ ഇതിനെ 'ആത്മാവ് ' എന്നു വിളിക്കുന്നു. ഈ 'ആത്മാവ് ' തലമുടിനാരിന്റെ അഗ്രഭാഗത്തിന്റെ നൂറിൽ ഒരംശത്തിന്റെ രൂപം മാത്രമാകുന്നു. അതിപുരാതനകാലത്തിലെ കർമ്മമാകുന്ന പാശത്താൽ ബന്ധനസ്ഥനായി ജീവനുാകുന്നു. അഹങ്കാരത്താൽ സംബന്ധനായതുകാരണം ശരീരവാനായിത്തീരുന്നു. തന്റെ മൂലരൂപത്തിൽ 'നിർദ്ദേഹ'വും നിർമ്മലവുമായിത്തീരുന്നു. ഇതു നാമമില്ലാത്തതും അരൂപവുമാകുന്നു. താമരയും ഇലയും പോലെ ഇത് (പുഷ്കരപലാശം) ദേഹത്തിൽ നിന്നും വിട്ടുനില്ക്കുന്നു. ഈയവസ്ഥയിലും അയാൾ യോഗബലംകൊ് ശിവസാക്ഷാത്കാരം ചെയതുകൊിരിക്കുന്നു. ഈ അന്തരാത്മാവും നിർമ്മലമായിട്ട് പരമാത്മാവായിത്തീരുന്നു. ശിവൻ സർവ്വവ്യാപിയും ഉൽകൃഷ്ടതമമായ ആത്മതത്വവുമായതു കാരണം പരമാത്മാവാകുന്നു. അയാൾ ഘുമാവതി മുതലായ ശക്തികളാൽ ജഗത്തിൽ പഞ്ചകൃത്യങ്ങൾ ചെയ്തുകൊ് സ്ഥിതി ചെയ്യുന്നു.'പരമാത്മസ്ഥല'ത്തിനുശേഷം 'നിർദ്ദേഹാഗമസ്ഥല'ത്തിന്റെ വിവരണമാകുന്നു. അഹന്തത്വം, മമത്വം എന്നിവയുടെ നിരസ്സനത്തിനുശേഷം ദേഹത്തിന്റെ സ്ഥൂലത്വാദി ധർമ്മത്തെ ശിവയോഗിക്ക് അനുഭവിക്കുവാൻ കഴിയുന്നില്ല. ഇപ്രകാരമുള്ള യോഗിയെ 'നിർദ്ദേഹ' മെന്നു പറഞ്ഞു വരുന്നു. സാധാരണ ജനങ്ങളുടെ ദൃഷ്ടിയിൽ അയാൾ സംശയഗ്രസ്തനാണ്. യഥാർത്ഥത്തിൽ അയാളുടെ ദേഹസങ്കല്പം അതിനേക്കാളുപരിയാണ്. സർവ്വവ്യാപിയായ പരമാത്മാവിൽ നിന്നും ഭിന്നമല്ലാത്തതുകൊ് അയാൾക്ക് നിശ്ചയിക്കപ്പെട്ട ദേഹകർമ്മങ്ങളാൽ പ്രഭാവിതനാകുവാൻ കഴിയുന്നില്ല. 'നിർദ്ദേഹ'തത്വത്തിന്റെ പരിണാമ സ്വരൂപമായ ഈ ശിവയോഗി രാഗദ്വേഷാദികളായ ഭാവങ്ങൾ ഇല്ലാത്തവനായിത്തീരുന്നു. അഹം, 'ബ്രഹ്മം' എന്നീ രു ഭാവങ്ങൾ ചിദാകാരത്തിൽ ഒന്നായിത്തീരുമ്പോൾ 'നിർഭാവാവസ്ഥ'യുാകുന്നു. വാക്കിന്റേയും, മനസ്സിന്റേയും നിയന്ത്രണത്തിൽ നിന്നുമുയർന്ന് ശൂന്യമായ ചിദാകാശ

ത്തിൽ തന്റെ അസ്തിത്വത്തെ ലയിപ്പിക്കുന്നവനായ ശിവയോഗിക്ക് സങ്കല്പമെന്നത് അസാദ്ധ്യമാണ്. ഈയവസ്ഥയിൽ ത്രിപുടിയെന്ന ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയമെന്ന അയാളുടെ ഭാവം ഇല്ലാതായിത്തീരുന്നു. അപ്പോൾ അയാളെ 'നഷ്ടാഗമ'മെന്നു വിളിക്കുന്നു. 'ത്രിപുടി' ദ്വൈതഭാവത്തിൽ സ്ഥിതിചെയ്യുന്നു. അദ്വൈതമായതു കാരണം അയാൾക്ക് 'സ്വ'യുടെയും തോന്നൽ ഉ ാകുന്നില്ല. പിന്നെ, ത്രിപുടിമയ പ്രപഞ്ചത്തെക്കുറിച്ചുള്ള അയാളുടെ തോന്നലുകൾ കൊന്തൊുകാര്യം. അദ്വൈതഭാവനയ്ക്കു ശേഷം ശിവയോഗിക്ക് ശിവത്വപദപ്രാപ്തിക്കുവേ ി ശിവകൃപ ആവശ്യമാണ്. സൂര്യനെ നോക്കുന്നതിനായി സൂര്യരശ്മികൾ ആവശ്യമാകുന്നതുപോലെ തന്നെ ശിവപ്രസാദം ലഭിക്കുന്നതിനായി ശിവകൃപാ കിരണങ്ങൾ അനിവാര്യമാണ്. ശിവതത്വസാക്ഷാത്കാരവും പ്രപഞ്ചത്തിൽ നിന്നുള്ള മുക്തിയും ഒരേ സംഗതി തന്നെയാണ്. പ്രപഞ്ചത്തിൽ നിന്നുമുള്ള മുക്തിയുടെ മറ്റൊരു പേരാണ് 'അന്ത്യം' വിശ്വത്തെ മായയാൽ സൃഷ്ടിച്ചതാണ്. ഇതിന്റെ 'അന്ത്യം' ചിദാകാശ ദർശനം കൊ ാകുന്നു. ചിദാകാശത്തിൽ പ്രതിഷ്ഠിക്കപ്പെട്ടാൽ പ്രപഞ്ചം എന്നത് ഉ ാകുന്നില്ല. ഈയവസ്ഥ സർവ്വരാലും സേവിക്കപ്പെടുന്ന ശിവനാകുന്ന ഗുരുവിന്റെ സന്തോഷം കൊ് ഉ ാകുന്നു.

**<u>അദ്ധ്യായം - 19, 20, 21</u>**

19-ാമദ്ധ്യായം 'ശരണസ്ഥലം' ഇതിൽ 12 ഭാവങ്ങളു്. ദീക്ഷാപാദോദകം, ശിക്ഷാപാദോദകം, ജ്ഞാനപാദോദകം, ക്രിയാനിഷ്പത്തികം, ഭാവനിഷ്പത്തികം, ജ്ഞാനനിഷ്പത്തികം, പിണ്ഡാകാശസ്ഥലം, മഹാകാശസ്ഥലം, ക്രിയാപ്രകാശസ്ഥലം, ഭാവപ്രകാശനസ്ഥലം, ജ്ഞാനപ്രകാശനസ്ഥലം എന്നീ പേരുകളിലറിയപ്പെടുന്നു. ദീക്ഷ മുഖേന ദ്വൈതഭാവം ഇല്ലാതാവുകയും ഗുരുശിഷ്യന്മാരുടെ കര്യത്തിൽ ഐക്യഭാവനയു ാകുകയും ചെയ്യുന്നു. അതോടുകൂടി ഇയളെ 'ദീക്ഷാപാദോദക'മെന്നു വിളിക്കുന്നു. 'പാദ'മെന്നതിന് നിർമ്മലമായ പരമാനന്ദമെന്നും 'ഉദകം' എന്നതിന് ജ്ഞാനമെന്നുമാണ് അർത്ഥം.





ദീക്ഷ മുഖേന ജ്ഞാനവും, നിർമ്മലമായ ആനന്ദവും അഭിന്നമായിത്തീരുന്നു. പരബ്രഹ്മ സവിധത്തിൽ നിന്നും യോഗ്യനായ ശിവയോഗി പരമാനന്ദം ലഭ്യമാക്കിയിട്ട് സർവ്വതിനേയും അഭേദമായി അനുഭവിക്കുന്നു. ഈ ജ്ഞാനാനന്ദം ഗുരുകൃപ കൊ ു മാത്രം സിദ്ധിക്കുന്നതാണ്.

മേൽപറഞ്ഞ ജ്ഞാനത്തിന്റെ മനനവും ഗുരുശിഷ്യന്മാരുടെ ഐകരൂപത്തെക്കുറിച്ചുള്ള ജ്ഞാനവും തമ്മിലുള്ള സാമരസ്യതയെ 'ശിക്ഷാപാദോദകം' എന്നു പറയുന്നു. ഇതിന്റെ പരിണാമം കൊ് ശിവയോഗി വിഷയാനന്ദത്തിൽ നിന്നും വിമുഖൻ ആയി സ്വയം ആനന്ദസാഗരത്തിൽ ആറാടുന്നു. വിഷയാനന്ദം പരമാനന്ദത്തിന്റെ കണിക മാത്രമാണ്. ഇങ്ങനെയുള്ള ആനന്ദമയനായ ശിവയോഗിയുടെ സമസ്ത ക്രിയകളും ഫലം ലഭിക്കുന്നവയല്ല. നെയ്യ് തുടങ്ങിയവയുടെ സ്വാദ് നോക്കുന്ന നാക്ക് അതിൽ അലിഞ്ഞുപോകാത്തതുപോലെ ജ്ഞാനികൾ കർമ്മം ചെയ്താലും അതിൽ മുഴുകിപ്പോകുന്നില്ല. ഉള്ളിലു ാകുന്ന ഏതൊരു ഭാവവും കല്പിതമാകുന്നു. ആ ഭാവത്തെ 'ഭാവനിഷ്പത്തിമാൻ' എന്നു പറയുന്നു. അയാളുടെ ഭാവത്തോട് സംബന്ധമില്ലയെങ്കിലും അയാളുടെ താരകമായ ശിവനെ പ്രതി അദ്വൈതഭാവന ഉ ായിരിക്കണം. കാരണം അയാളുടെ ആ ഭാവസങ്കല്പം മറ്റു ഭക്തന്മാർക്കും താരകമാകുന്നു. ഭാവമില്ലാതെ ജ്ഞാനവും ജ്ഞാനമില്ലാതെ ഭാവവും ഇല്ല. ആയതിനാൽ ശിവയോഗി ഇവ രിനേയും ആശ്രയിച്ചിരിക്കണം. ഇവ രിന്റേയും കാരകം മനസ്സാകുന്നു. മനസ്സ് ലക്ഷ്യത്തിലെത്തി പരതത്വത്തിൽ വിലീനമാകുമ്പോൾ അയാളുടെ ജ്ഞാനം സ്വപ്നം പോലെയായിത്തീരുന്നു. ഇപ്രകാരമുള്ള ജ്ഞാനികളെ 'ജ്ഞാനനിഷ്പത്തിമാൻ' എന്നു പറയപ്പെടുന്നു. ഉണരുമ്പോൾ സ്വപ്നത്തിലെ വസ്തുക്കളും അതിന്റെ ഓർമ്മകളും മാഞ്ഞുപോകുന്നു. അതുപോലെ ആത്മപ്രകാശമു ാകുമ്പോൾ പ്രപഞ്ചവും അതിലെ ജ്ഞാനവും മറന്നു പോകുന്നു. ഈയവസ്ഥയിൽ അഖണ്ഡമായ ആനന്ദസ്വരൂപനായ സംവിധാവു മാത്രം ശേഷിക്കു

അഗസ്ത്യർ പറഞ്ഞു– 'അല്ലയോ ശിവജ്ഞാനത്തിന്റെ മഹാസാഗരമായ ആചാര്യരേ! അവിടുത്തെ തിരുമുഖത്തുനിന്നും നിർമ്മലമായ ഈ ശാസ്ത്രം അവതരിപ്പിച്ചു. ഇതു കേട്ടിട്ട് എന്റെ മനസ്സ് അതീവ സന്തുഷ്ടമായി. ഞാൻ ശിവജ്യോതിയെ സാക്ഷാത്കാരം ചെയ്തുകൊിരിക്കും. തപസ്യയുടെ പ്രഭാവം കൊ് ശങ്കരന്റെ കൃപയില്ലാതെ ഇതു കേൾക്കുവാനുള്ള അധികാരം ആർക്കാണുാവുക? എന്നെ കൃതകൃത്യനാക്കുവാൻ വേി അവിടുന്ന് ഇവിടേക്ക് എഴുന്നെള്ളി, അങ്ങനെ എന്റെ ജന്മം സഫലമായി. ഞാൻ പാശബന്ധനത്തിൽ നിന്നും മുക്തനായി'. അഗസ്ത്യന്റെ ഇപ്രകാരമുള്ള വാക്കുകൾ കേട്ട ശേഷം രേണുകാചാര്യർ പറഞ്ഞു– 'അല്ലയോ മുനിശാർദ്ദൂലാ! താങ്കൾക്കല്ലാതെ മറ്റാർക്കാണ് ഈ ശിവശാസ്ത്രം അറിയുവാനുള്ള അധികാരിയാകുവാൻ കഴിയുന്നത്? ഈ ശൈവതന്ത്രത്തിന്റെ അധികാരി താങ്കൾ തന്നെയാണ്. സർവ്വാനുഗ്രഹകാരകനായ ഭഗവാൻ ശിവൻ ലോകമംഗളത്തിനായി വീരശൈവധർമ്മ പ്രവചനം നടത്തി. ഇതുകൊു ശിഷ്യന്മാരെ പരീക്ഷിച്ചതിനുശേഷം താങ്കൾതന്നെ അവർക്കുപദേശം നൽകുക. അയോഗ്യർക്ക് ഒരിക്കലും കൊടുക്കുവാൻ പാടില്ല. താങ്കൾ ഈ ശാസ്ത്രം പ്രചരിപ്പിക്കുകയും പ്രസരിപ്പിക്കുകയും ചെയ്യുക!' ഉപര്യുക്തമായ പ്രവചനത്തിനുശേഷം അഗസ്ത്യരെ നോക്കിയശേഷം രേണുകാഗണേശ്വരൻ ഭഗവാൻ ശിവനെ മനസ്സിൽ ധ്യാനിച്ചുകൊ് അപ്രത്യക്ഷനായി. സ്വേച്ഛയാൽ ശരീരം ധരിക്കുന്നവനായ രേണുകാഗണേശ്വരർ പിന്നീട് ലങ്കയിലെത്തി.

സർവ്വാഗമജ്ഞാനിയായ ഗണേശ്വരരുടെ ആഗമനം ക് വിഭീഷണൻ അദ്ദേഹത്തെ തന്റെ കൊട്ടാരത്തിലേക്ക് കൂട്ടിക്കൊുപോവുകയും ഭദ്രാസനത്തിലിരുത്തി അർഘ്യോപാദ്യാദി സമസ്ത ഉന്നതോപചാരങ്ങളാൽ അദ്ദേഹത്തിന്റെ പാദപൂജയും ചെയ്തു. അതിനുശേഷം വിഭീഷണൻ തൊഴുകൈയോടുകൂടി പറഞ്ഞു– 'അല്ലയോ ഗണനായകാ! അവിടുന്നു് ഭഗവാൻ ശിവന്റെ ആജ്ഞാനുസരണം ഈ ഭൂമിയിൽ അവതീർണ്ണനായി എന്നു







കൾ ഇല്ലാതായിത്തീരുന്നുവെന്നു മാത്രമല്ല, അതിലൂടെ നേടിയിട്ടുള്ള സകല ലൌകിക ക്രിയകളെയും, ഗന്ധർവ്വ നാഗരിയെപ്പോലും അയൾ തുച്ഛമായി കണക്കാക്കുന്നു. സമുദ്രത്തിലെ തിരമാലകൾ സമുദ്രത്തിൽ നിന്നും ഭിന്നമല്ലാതിരിക്കുന്നതുപോലെ ബുദ്ധി മുതലായ ഭാവങ്ങളും ശിവയോഗിയുടെ ചൈതന്യത്തിൽ നിന്നും ഭിന്നമല്ല. അതു ശിവമയം തന്നെയാകുന്നു. അജ്ഞാനം ഇല്ലാതാകുമ്പോൾ യോഗിയുടെ സമസ്തക്രിയകളും ശിവാത്മകം തന്നെയാകുന്നു. സർവ്വഭാവങ്ങളും ശിവാത്മകമായിത്തീരുന്നു. ജ്ഞാനത്തിന്റെ ഈ പ്രകാശത്തിൽ 'തത്വമസ്സി' മഹാവാക്യത്തിൽ ഭവത്യാഗ-ലക്ഷണത്തിലൂടെ 'അഖണ്ഡ ശിവത്വ'ത്തിന്റെ ബോധവും ഉാകുന്നു 'ശിവതത്വം' ജ്ഞാനത്തിന്റെ വിഷയമല്ല. അതിനെ ആത്മാവിൽ നിന്നും അഭിന്നമെന്നു മനസ്സിലാക്കുന്നതിന് ജ്ഞാനമെന്നു പറയുന്നു. ഈ അദ്വൈത ജ്ഞാനം മോക്ഷത്തിനു കാരണമാകുന്നു. അപ്പോൾ ലോകം തന്നെ ഉാകുന്നില്ല.

20–ാമദ്ധ്യായത്തെ ഐക്യസ്ഥലമെന്നു പറയുന്നു. ഇതിൽ 9 സ്ഥലങ്ങളെ വിശദീകരിച്ചിരിക്കുന്നു. സ്വീകൃത പ്രസാദൈക്യ സ്ഥലം, ശിഷ്ടോദന സ്ഥലം, ചരാചരസ്ഥലം, ഭാണ്ഡ സ്ഥലം, ഭാജന സ്ഥലം, അംഗാലേപ സ്ഥലം, സ്വപരാജ്ഞസ്ഥലം, ഭാവാഭാവ ലേപ സ്ഥലം, ജ്ഞാനശുന്യസ്ഥലം എന്നിവയാണ്.

ജ്ഞാനപ്രകാശത്താൽ സമ്പന്നനായ ശിവയോഗിയുടെ ഉള്ളിൽ മുഖ്യാർത്ഥവും, ലക്ഷ്യാർത്ഥവും-രിന്റേയും അഭാവമുാകുമ്പോൾ അയാൾ പൂർണ്ണജ്ഞാനപ്രസാദവാനായിത്തീരുന്നു. അപ്പോൾ അയാൾ പ്രമാദ-പ്രമേയ-പ്രമാണരൂപങ്ങളായി ത്രിപുടിയിൽ ഒന്നിച്ച് നിലനില്ക്കുന്ന ഭഗവത് ശക്തിയുടെ സാക്ഷാത്കാരമുായി സ്വസ്ഥനായിത്തീരുന്നു. അതുപോലെ തന്നെ പരാനന്ദമയനായി ഇന്ദ്രിയ വിഷയങ്ങളെ ഭോഗം ചെയ്യുന്നു. മായയെ 'ഓദനം' (ചോറ്) എന്നു വിളിക്കുന്നു. ചോറു കഴിച്ച ശേഷം രക്തം മുതലായവയുടെ രൂപത്തിൽ പരിണമിച്ച്

നശ്വരമായ ശരീരത്തെ പുഷ്ടിപ്പെടുത്തുന്നതുപോലെ മായയും ഈ ലോകത്തിൽ വിവിധ രൂപത്തിൽ പ്രത്യക്ഷീഭവിച്ച് ഇതിനെ പുഷ്ടിപ്പെടുത്തുന്നു. ചിത്ല്ലിംഗത്തിൽ ലീനനായിക്കഴിയുമ്പോൾ അയാളെ 'ശിഷ്ടനെ 'ന്നു വിളിക്കുന്നു. മായ സാധാണക്കാരുടെ സ്വാമിനിയും, ശിവയോഗികളുടെ കിങ്കരിയുമാണ്. കാരണം മഹാത്മാവായ ശിവയോഗി ചിത്സ്വരൂപമായ ജ്യോതിർലിംഗത്തിൻ നിമഗ്നനായിരിക്കുന്നു. ഇപ്രകാരമുള്ള ശിവയോഗികൾ മുഖേന ഭുജിക്കുന്ന വിഷയം ചിദാത്മാവിൽ ലീനമായിത്തീരുന്നു. അഗ്നി ഇന്ധനത്തെ ജ്വലിപ്പിച്ച് സ്വയം സ്വസ്ഥനാകുന്നതുപോലെ ശിവയോഗി ദേഹധാരിയായിരുന്നാലും നിർദ്ദേഹവാനാവുകയും ചരാചരാത്മകമായ ജഗത്തിൽ സ്ഥിതി ചെയ്യുന്ന മലശക്തിയുടെ വിനാശകനുമായിത്തീരുന്നു. സ്വപ്നപ്രപഞ്ചം ഉണരുമ്പോൾ അദൃശ്യമാകുന്നതുപോലെ തന്നെ ആത്മപ്രബോധമുാകുമ്പോൾ സമ്പൂർണ്ണജഗത്തും ഇല്ലാതാകുന്നു. അപ്പോൾ ശിവയോഗിക്കായി അങ്ങനെയൊരു പ്രപഞ്ചം ഉാവുകയില്ല. അതു സാധാരണക്കാർക്കുവേയിാകുന്നു. വാക്കിനും മനസ്സിനും ഉപരിയായി തുരീയാവസ്ഥയെ പ്രാപിച്ച ശിവയോഗി ചിദാനന്ദമയനായ ശിവനെയല്ലാതെ മറ്റൊന്നുമറിയുകയില്ല.

ശിവയോഗിയുടെ സങ്കല്പരൂപമായ പരബിന്ദുവിന്റെ മറ്റൊരു നാമം 'ഭാണ്ഡസ്ഥലം' എന്നാകുന്നു. ഈ പരശിവരൂപം ശിവയോഗിയുടെ 'വിമർശകല'യാകുന്നു. അതിൽ സർവ്വപ്രപഞ്ചവും മയിൽമുട്ട വെള്ളയെന്നപോലെ പ്രച്ഛന്നമായിരിക്കുന്നു. അതിന് 'ശബ്ദബ്രഹ്മ'മെന്നു പറയുന്നു. ഇത് 'പരബ്രഹ്മരൂപവിമർശ'മാകുന്നു. ഈ 'വിമർശ'മാകുന്ന ഭാണ്ഡത്തിൽ സമ്പൂർണ്ണ ലോകവും ലീനമാക്കി ശിവയോഗി മുക്തനായിത്തീരുന്നു. നിഖിലബ്രഹ്മാണ്ഡത്തിന്റെ കാരണഭൂതനായ വിമർശശക്തി വിളങ്ങിയിരിക്കുന്ന 'അഹംത്തിൽ' 'അ'കാരം ശിവനും 'ഹ'കാരം ശക്തിയുമാകുന്നു. ഇപ്രകാരം 'അഹം' എന്ന പദത്തിൽ ശിവശക്തികൾ സമരസമായിരിക്കുന്നു. ഈ അഹന്തയിൽ പ്രപഞ്ചമാകുന്ന വടവൃക്ഷത്തിന്റെ മായയാകുന്ന വിത്തിൽ (അവ്യക്തമായ) മുളപോലെ പരാഹന്തമയനായ ശിവയോഗി വിശ്വാത്മാവായി പരിലസിക്കുന്നു. ആ രൂപം ദേശകാലാദികൾ കൊു മറയ്ക്കപ്പെടാതെ ചിദാനന്ദമയനാകുന്ന ശിവയോഗിയും പുക മുതലായവകളാൽ ആകാശം മലിനപ്പെടാതിരിക്കുന്നതുപോലെ ലൌകിക വിഷയങ്ങളാൽ മലിനപ്പെടുന്നില്ല. അയാൾക്കായി വിധി നിഷേധികളൊന്നുമുാകുന്നില്ല.







സ്വപരാജ്ഞസ്ഥലത്തിൽ തന്റെയും തനിക്കുപരിയായുള്ള പരബ്രഹ്മത്തെക്കുറിച്ചുള്ള അജ്ഞതയുടെ കാര്യത്തെയും കുറിച്ച് പറഞ്ഞിരിക്കുന്നു. ശിവയോഗി അപ്രമേയമായ ചിദാദ്വൈതത്തിൽ വിലീനനായിരിക്കുമ്പോൾ അയാൾക്ക് സ്വയം ജീവാത്മാവ്, പരമാത്മാവ് എന്ന തോന്നൽ ഉാകുന്നില്ല. അയാൾ വിജാതീയനോ, സജാതീയനോ, സ്വഗതനോ എന്നീ ഭേദങ്ങളിൽ നിന്നും ശൂന്യനാകുന്നു. സർവ്വ സംഘർഷങ്ങൾക്കും ഉപരിയായുള്ള അയാളെ 'സ്വപരാജ്ഞസ്ഥല' മെന്നു പറയുന്നു. ഇപ്രകാരം 'ത്വ'മെന്നും 'അഹ'മെന്നുമുള്ള ഭാവത്തിൽ നിന്നും ശൂന്യമായിത്തീരുന്നു. അഹമെന്നും സ്വന്തമെന്നുമുള്ള ഭാവമില്ലാതെ ജീവന്മുക്തൻ ചിത്സ്വരൂപമായിത്തീരുമ്പോൾ അയാൾക്ക് സുഖദുഃഖാദികളുടെ ഭാവഭാവങ്ങൾ ഉാകുന്നില്ല. നെയ്യിലേക്ക് നെയ്യും, എണ്ണയിലേക്ക് എണ്ണയും, പാലിലേക്ക് പാലും ഒഴിക്കുമ്പോൾ അവ വെവ്വേറെയാകുന്നില്ല. അപ്രകാരം ശിവയോഗിയും പരബ്രഹ്മത്തിൽ നിന്നും വിഭജിക്കപ്പെടുന്നില്ല. സ്വയം വിഭജിച്ചാലും അതിന് അസ്തിത്വമുാവുകയില്ല. ചിദാനന്ദസ്വരൂപമായ അവിടുത്തെ തത്വത്തിൽ വിശേഷണങ്ങളൊന്നും സാദ്ധ്യമാകുന്നില്ല. കാര്യകാരണങ്ങൾ, ശേഷാശ്ലേഷി തുടങ്ങിയ സകലബന്ധങ്ങളും ശൂന്യതയെ പ്രാപിക്കുന്നു. ഇങ്ങനെയുള്ള വ്യക്തിയെ ജ്ഞാനശൂന്യസ്ഥലം എന്നു വിളിക്കപ്പെടുന്നു.

ഭഗവാൻ ശിവശങ്കരൻ ദേവിപാർവ്വതിയോട് ഉപദേശിച്ചു കൊടുക്കുന്നതായ അദ്വൈതാനന്ദമയമായ വീരശൈവധർമ്മത്തെ ഗണേശ്വരൻ രേണുകാചാര്യർ അഗസ്ത്യർക്ക് ഉപദേശിച്ചു കൊടുത്തശേഷം മൗനമായിരുന്നു. അതിനുശേഷം

**യദ്ഭാസാ ഭാസതേ വിശ്വം യത്സുഖേനാനു മോദതേ**
**നമസ്തസ്മൈ ഗുണാതീതവിഭവായ പരാത്മനേ 4**

4. ഈ ലോകം പ്രകാശിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നത് ആരുടെ പ്രകാശത്താലും, ആനന്ദത്താലുമാണോ, സത്വരജസ്തമോ ഗുണങ്ങൾക്കുമുപരിയായുള്ളവനും വൈഭവ സമ്പന്നനുമായ ആ പരമാത്മാവിനെ ഞാൻ നമസ്കരിക്കുന്നു.

**സദാശിവമുഖാശേഷതത്ത്വോന്മേഷവിധായിനേ**
**നിഷ്കളങ്കസ്വഭാവായ നമ: ശാന്തായ ശംഭവേ 5**

5. സദാശിവൻ മുതൽ ഭൂമിവരെയുള്ള 36 തത്വങ്ങളുടെ വികാസങ്ങൾക്ക് കാരണഭൂതനും, സംസാര (വിഷയേന്ദ്രിയ) ദോഷങ്ങളില്ലാത്തവനും, സ്വരൂപവാനും സുഖഭോക്തൃവും സുഖധാതൃവുമായ ശംഭുവിനെ നമസ്കരിക്കുന്നു.

**സ്വേച്ഛാവിഗ്രഹയുക്തായ സ്വേച്ഛാവർതനവർതിനേ**
**സ്വേച്ഛാകൃതത്രിലോകായ നമ: സാംബായ ശംഭവേ 6**

6. തന്റെ ഇച്ഛാനുസരണം ശരീരം ധരിക്കുന്നവനും, വ്യവഹരിക്കുന്നവനും, സ്വേച്ഛയാൽ ത്രിലോക സൃഷ്ടി നടത്തുന്നവനും, പാർവ്വതിപതിയുമായ പരമശിവനെ നമസ്കരിക്കുന്നു.

**യത്ര വിശ്രാമ്യതീശത്വം സ്വാഭാവികമനുത്തമം**
**നമസ്തസ്മൈ മഹേശായ മഹാദേവായ ശൂലിനേ 7**

7. ഐശ്വര്യത്തിന്റെ പരമകാഷ്ഠയുാകുന്നത് സ്വാഭാവികമായും സർവ്വോത്തമമാകുന്നു. ത്രിശൂലധാരിയായ ആ മഹേശ്വരനെ നമസ്കരിക്കുന്നു.

## ശക്തി സ്തുതി:

**യാമാഹു: സർവ്വലോകാനാം പ്രകൃതിംശാസ്ത്രപാരഗാ:**
**താം ധർചാരിണീം ശംഭോ: പ്രണമാമി പരാം ശിവാം 8**

8. വേദാഗമാദി ശാസ്ത്ര പാരംഗതരായ ശിവജ്ഞാനികൾ സമസ്ത ലോകങ്ങളുടേയും മൂല കാരണമായിക്കാണുന്ന ശംഭു





ഞാൻ കേട്ടിരുന്നു. എന്റെ സൌഭാഗ്യം കൊ് സാക്ഷാൽ മഹേശ്വരരൂപമായ അവിടുന്ന് എന്റെ ഭവനത്തിൽ ആഗതനായതു കാരണം ലങ്കയും ഞാനും കൃതാർത്ഥമായി'. ഇതുകേട്ടശേഷം രേണുകാഗണേശ്വരർ വിഭീഷണനോട്-'അല്ലയോ രാക്ഷസേന്ദ്രാ! ആളുകൾ താങ്കളെ സകല ശാസ്ത്രങ്ങളുടേയും തത്വജ്ഞനെന്നും ധർമ്മപാരായണനെന്നും വിളിക്കുന്നു. അതുകൊ് കൈലാസത്തിലേക്ക് പോകുന്നതായ സന്ദർഭത്തിൽ ഞാൻ താങ്കളുടെ സമീപത്തേക്ക് വന്നു. താങ്കൾക്കിഷ്ടമുള്ള വരം എന്നോടു ചോദിച്ചു കൊള്ളുക'. വിഭീഷണൻ പറഞ്ഞു- 'അല്ലയോ ഭഗവാനെ! സുകൃതം എപ്പോൾ പരിപക്വമാകുന്നുവോ അപ്പോൾ അത് സ്വയം ഫലം തരുന്നു. എന്നിരുന്നാലും എനിക്ക് ഒരു വരം കൂടി തന്നാലും എന്റെ സഹോദരൻ രാവണൻ യുദ്ധത്തിൽ രാമശരത്താൽ മരണാസന്നനായിരുന്നപ്പോൾ എന്നോട് പറഞ്ഞു-'അല്ലയോ വിഭീഷണാ! ഞാൻ ഈ ലങ്കയിൽ 9 കോടി ശിവലിംഗങ്ങൾ സ്ഥാപിക്കണമെന്നു വിചാരിച്ചിരുന്നു. 6 കോടി ശിവലിംഗങ്ങൾ ഞാൻ സ്ഥാപിച്ചു. ശേഷിച്ച 3 കോടി ശിവലിംഗങ്ങൾ നീ സ്ഥാപിക്കണം.' അല്ലയോ ഗണേശ്വരരേ! ഒന്നിച്ച് ഇത്രയേറെ ശിവലിംഗങ്ങൾ സ്ഥാപിക്കുവാനുള്ള സംവിധാനം അസംഭവ്യമെന്നു ക് ഞാനിവിടെ ചിന്താഗ്രസ്ഥനായിരുന്നു. അവിടുന്നെന്റെ ഇച്ഛയെ പൂർത്തീകരിച്ചാലും'.

ഭഗവാൻ രേണുകാ ഗണേശ്വരർ വിഭീഷണന്റെ അപേക്ഷ പ്രകാരം 3 കോടി ഗുരുരൂപങ്ങൾ ധരിച്ച അതേ ക്ഷണത്തിൽ 3 കോടി ശിവലിംഗങ്ങൾ സ്ഥാപിച്ചു. വിഭീഷണൻ ഗണേശ്വരരുടെ ഇപ്രകാരമുള്ള മഹിമകൾ ക് വിസ്മയ ചകിതനായി അവിടുത്തെ പാദാരവിന്ദങ്ങളിൽ നമസ്കരിച്ചു. രേണുകാചാര്യർ അദ്ദേഹത്തെ അനുഗ്രഹിച്ച ശേഷം അവിടെ നിന്നും അന്തർധാനം ചെ യ്തു. പൃഥ്വി മണ്ഡലത്തിൽ അവിടവിടെ ചുറ്റിത്തിരിഞ്ഞ് ജനങ്ങൾക്ക് മംഗളങ്ങൾ ചെയ്തുകൊ് 'കൊല്ലിപാകി' യെന്നു പേരായ തന്റെ നഗരത്തിൽ വന്നു ചേർന്ന് അവിടെ സോമേശ്വര ലിംഗ ക്ഷേത്രത്തിലെത്തി ഭക്തിപൂർവ്വം സോമേശ്വരനെ സ്തുതിച്ചു. സന്തുഷ്ടനായ ഭഗവാന്റെ ജ്യോതിർലിംഗത്തിൽ

നിന്നും ആ സമയം അശരീരിയുായി–'അല്ലയോ വത്സാ! രേണുകാ! വരൂ. നിന്നിൽ ഞാൻ പ്രസന്നനായിരിക്കുന്നു'. ഇങ്ങനെ കേൾക്കുന്ന നേരം ഗണേശ്വരർ രേണുകർ ജ്യോതിസ്വരൂപനായി സോമേശ്വരലിംഗത്തിൽ സമാവിഷ്ടനായിക്കഴിഞ്ഞു.







**ശ്രീ**

അദ്ധ്യായം 1

ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച

# ശ്രീസിദ്ധാന്തശിഖാമണി

## ശിവസ്തുതി

**ത്രൈലോക്യസമ്പദാലേഖ്യസമുല്ലേഖനഭിത്തയേ**
**സച്ചിദാനന്ദരൂപായ ശിവായ ബ്രഹ്മണേ നമ: 1**

1. ത്രിലോകമാകുന്ന സമ്പത്തിന്റെ സൃഷ്ടിക്ക് ആധാരമായവനും, സച്ചിദാനന്ദസ്വരൂപനും സർവ്വവ്യാപിയുമായ ഭഗവാൻ ശിവനെ ഞാൻ നമസ്കരിക്കുന്നു.

**ബ്രഹ്മേതി വ്യപദേശസ്യ വിഷയം യം പ്രചക്ഷതേ**
**വേദാന്തിനോ ജഗന്മൂലം തം നമാമി പരം ശിവം 2**

2. വേദാന്തികൾ ബ്രഹ്മം ഉപദേശിക്കുന്നതിനും പറയുന്നതിനുമുള്ള (വ്യവഹാരത്തിനുമുള്ള) വിഷയമാക്കി പറയുന്നവനും ജഗദ്കാരണനും, ശൈവ സിദ്ധാന്ത പ്രസിദ്ധനുമായ ആ പരമശിവനെ ഞാൻ നമസ്കരിക്കുന്നു.

**യസ്യോർമിബുദ്ബുദാഭാസ: ഷട്ത്രിംശത്തത്ത്വസഞ്ജയ:**
**നിർമലം ശിവനാമാനം തം വന്ദേ ചിന്മഹോദധിം 3**

3. ശിവദിക്ഷിതമായ 36–തത്വങ്ങളുടെ സമാഹാരമായ (സമൂഹം) പരമശിവനാകുന്ന ചിത് സമുദ്രത്തിലെ തിരകളും കുമിളകളുമായി (നുരയും, പതയും) തോന്നിപ്പിക്കുന്ന മലത്രയങ്ങളില്ലാത്തവനായ ശിവനെന്ന ആ ചിത്സിന്ധുവിനെ ഞാൻ നമസ്കരിക്കുന്നു.

**സ മഹാവീരശൈവാനാം ധർമമാർഗപ്രവർത്തക:**
**ശിവതത്ത്വപരിജ്ഞാനചന്ദ്രികാവൃതചന്ദ്രമാ: 24**

24. ശിവതത്വങ്ങളുടെ പരിപൂർണ്ണജ്ഞാനമാകുന്ന ചന്ദ്രികയാൽ ആവൃതമായ ആ ശിവയോഗി മഹത്തായ വീരശൈവധർമ്മത്തിന്റെ പ്രവർത്തകനായി.

**ആലോക്യ ശൈവതന്ത്രാണി കാമികാദ്യാനി സാദരം**
**വാതുളാന്താനി ശൈവാനി പുരാണാന്യഖിലാനി തു 25**

25. അദ്ദേഹം കാമികം മുതൽ വാതുളാന്തം വരെയുള്ള ശൈവ തന്ത്രങ്ങളും, സമസ്ത ശൈവ പുരാണങ്ങളും ഭക്ത്യാദരപൂർവ്വം പഠിച്ച ശേഷം വീരശൈവ മഹാതന്ത്രം രചിച്ചു.

**വേദമാർഗവിരോധേന വിശിഷ്ടാചാര സിദ്ധയേ**
**അസന്മാർഗനിരാസായ പ്രമോദായ വിവേകിനാം 26**

26. വൈദിക മാർഗ്ഗത്തെ എതിർക്കാതെ വിശിഷ്ടമായ ആചാരത്തിന്റെ സിദ്ധികൊ് അസത്തായ മാർഗ്ഗത്തെ ദൂരീകരിക്കുന്നതിനും പണ്ഡിതന്മാരുടെ സന്തോഷത്തിനും വേി ഇതു രചിച്ചു.

**സർവസ്വം വീരശൈവാനാം സകലാർത്ഥപ്രകാശനം**
**അസ്പഷ്ടമഖിലൈർദോഷൈരാദൃതം ശുദ്ധമാനസൈഃ 27**

27. വീരശൈവരുടെ സർവ്വസ്വവും, സമസ്ത തത്വങ്ങളെയും പ്രകാശിപ്പിക്കുന്നതും, സമ്പൂർണ്ണ ദോഷരഹിതവുമായ ഈ ഗ്രന്ഥത്തെ ശുദ്ധമനസ്കരായ പണ്ഡിതന്മാർ ആദരിക്കുന്നു.

**തേഷ്വാഗമേഷു സർവ്വേഷു പുരാണേഷ്വമഖിലേഷു ച**
**പുരാ ദേവേന കഥിതം ദേവ്യൈതന്നന്ദനായ ച 28**

28. പുകാലം മുതലേ സമസ്ത ആഗമങ്ങളിലും പുരാണങ്ങളിലും വർണ്ണിച്ചിരിക്കുന്ന ഈ സിദ്ധാന്തത്തെ ഭഗവാൻ പരമശിവൻ ശ്രീപാർവ്വതി ദേവിയോടും അവരുടെ പുത്രൻ കാർത്തികേയനോടും ഉപദേശിച്ചിരുന്നു.

**തത്സംപ്രദായസിദ്ധേന രേണുകേന മഹാത്മനാ**
**ഗണേശ്വരേണ കഥിതമഗസ്ത്യായ പുന: ക്ഷിതൌ 29**





വിന്റെ ധർമ്മ പത്നിയായ പരമശിവയെ ഞാൻ പ്രണമിക്കുന്നു.

**യയാ മഹേശ്വര: ശംഭുർനാമരൂപാദിസംയുത:**
**തസ്യൈ മായാസ്വരൂപായൈ നമ: പരമശക്തയേ 9**

9. നാമരൂപാദികളാൽ യോഗ്യനായി ശംഭുവെന്നു വിളിക്കപ്പെടുന്ന മഹേശ്വരന്റെ മായാ സ്വരൂപയും ജഗദുല്പാദനകാരിണിയും സത്വരജസ്തമോ ഗുണങ്ങളുള്ളവളും പരമശിവ സമവേത നിത്യശക്തിയുമായുള്ള പരാശക്തിക്കു നമസ്കാരം

**ശിവാദ്യാദിസമുല്പന്നശാന്ത്യതീതപരോത്തരാം**
**മാതരം താം സമസ്താനാം വന്ദേ ശിവകരീം ശിവാം 10**

10. ശിവനിൽ നിന്നും സർവ്വപ്രഥമമായുായവളും ശാന്താതീതകലയിൽ നിന്നും ആദ്യമായി അവതരിച്ച പരാശക്തിയും സമസ്തകലകളുടേയും മാതാവും മംഗളകാരിണിയുമായ ശിവയെ ഞാൻ വന്ദിക്കുന്നു.

**ഇച്ഛാജ്ഞാനാദിരൂപേണ യാ ശംഭോർവ്വിശ്വഭാവിനീ**
**വന്ദേ താം പരമാനന്ദപ്രബോധലഹരീം ശിവാം. 11**

11. ശിവന്റെ ഇച്ഛ, ജ്ഞാനം, ക്രിയ മുതലായവയാൽ പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്നവളും, പരമാനന്ദമാകുന്ന ആ ജ്ഞാനത്തിന്റെ അലകളാകുന്ന ശിവയെ ഞാൻ വന്ദിക്കുന്നു.

**അമൃതാർത്ഥം പ്രപന്നാനാം യാ സുവിദ്യാപ്രദായിനീ**
**അഹനിർശമഹം വന്ദേ താമീശാനമനോരമാം 12**

12. അമരത്വത്തിനു വേി ശരണാഗതരായ ഭക്തജനങ്ങൾക്കു സദ്വിദ്യ നൽകുന്നവളും ഗാനസുന്ദരിയുമായ ശിവാനിയെ ഞാൻ രാപകൽ വന്ദിക്കുന്നു.

## ഗ്രന്ഥകാര വംശവർണ്ണന:

**കശ്ചിതാചാര സിദ്ധനാമഗ്രണി: ശിവയോഗിനാം**
**ശിവയോഗീതി വിഖ്യാത: ശിവജ്ഞാനമഹോദധി: 13**

13. സദാചാര സിദ്ധരായ ശിവയോഗികളിൽ പ്രഥമനും ശൈവ വിജ്ഞാന സാഗരത്തെ അറിഞ്ഞവനും, ശിവയോഗി എന്ന് പ്രസി

ദ്ധനുമായ ഒരു മഹാത്മാവുായിരുന്നു.

**ശിവഭക്തി സുധാസിന്ധുജൃംഭണാമലചന്ദ്രികാ**
**ഭാരതീ യസ്യ വിദധേ പ്രായ: കുവലയോത്സവം 14**

14. അദ്ദേഹത്തിന്റെ ശിവഭക്തിയെന്ന അമൃത സാഗരത്തിന്റെ ആനന്ദതിരേകത്തിനായി ചന്ദ്രനേപ്പോലെ വാണീദേവി കുവലയോത്സവം (കു=ഭൂവലയം, താമരഉത്സവം) നടത്തിയിരുന്നു.

**തസ്യ വംശേ സമുത്പന്നോ മുക്താമണിരിവാമല:**
**മുദ്ദദേവാഭിധാചാര്യോ മൂർദ്ധന്യ: ശിവയോഗിനാം 15**

15. അദ്ദേഹത്തിന്റെ വംശത്തിൽ ശിവയോഗികളിൽ പ്രധാനിയായും നിർമ്മലമായ മുത്തുമണി (രത്നം)ക്കു സമാനനുമായി മുദ്ദദേവനെന്നു പേരായ ആചാര്യനുായിരുന്നു.

**മുദ്ദാനാത് സർവ്വജന്തൂനാം പ്രണതാനാം പ്രബോധത:**
**മുദ്ദദേവേതി വിഖ്യാതാ സമാഖ്യാ യസ്യ വിശ്രുതാ16**

16. ശരണാഗതരായ സകല ജീവികൾക്കും ആനന്ദം നൽകുന്നതും, പ്രണമിക്കുന്നവരെ പ്രബുദ്ധരാക്കുന്നതും മൂലം മുദ്ദദേവനെന്ന അദ്ദേഹത്തിന്റെ നാമം പ്രസിദ്ധമായി.

**തസ്യാസിന്നന്ദന: ശാന്ത: സിദ്ധനാഥാഭിധ: ശുചി:**
**ശിവ സിദ്ധാന്തനിർണേതാ ശിവാചാര്യ: ശിവാത്മക:17**

17. അദ്ദേഹത്തിന് സിദ്ദനാഥനെന്നുപേരായ ഒരു പുത്രനുായി. അവൻ ശിവാത്മകവും, ശൈവസിദ്ധാന്തത്തിന്റെ നിർണ്ണായക ശിവാചാര്യനുമായിരുന്നു.

**വീരശൈവശിഖാരത്നം വിശിഷ്ടാചാരസമ്പദം**
**ശിവജ്ഞാനമഹാസിന്ധും യം പ്രശംസന്തി ദേശികാ: 18**

18. ആചാര്യഗണങ്ങൾ അദ്ദേഹത്തെ വീരശൈവ ചൂഡാമണി, വിശിഷ്ടാചാര സമ്പന്നൻ, ശിവജ്ഞാന മഹാസിന്ധു എന്നെല്ലാം പ്രശംസിച്ചിരുന്നു.

**യസ്യാചാര്യകുലാജ്ജാതാ സതാമാചാരമാതൃകാ**







**ശിവഭക്തി: സ്ഥിരായസ്മിൻ ജജ്ഞേ വിഗതവിപ്ലവാ 19**

19. സജ്ജനങ്ങൾക്കുള്ള ഉത്തമമായ ആചാരമാതൃകകൾ ഈ ആചാര്യന്റെ കുലത്തിൽ നിന്നാണ് തുടങ്ങിയത്. ഇത് എല്ലാവിധ സംശയങ്ങളുമകറ്റി ശൈവഭക്തി ഉറപ്പിക്കുന്നതിന് കാരണമായി.

**തസ്യ വീരശൈവാചാര്യശിഖാരത്നസ്യ നന്ദന:**
**അഭവച്ഛിവയോഗീതി സിന്ധോരിവ സുധാകര: 20**

20 വീരശൈവാചാര്യന്മാരുടെ കിരീടത്തിലെ മുത്തുമണി (രത്നം) പോലെ ശോഭിക്കുന്ന ആ സിദ്ധനാഥന് സമുദ്രത്തിലെ ചന്ദ്രനെപ്പോലെ തോന്നിപ്പിക്കുമാറുള്ള ശിവയോഗി എന്നുപേരായ ഒരു പുത്രനുായി.

**ചിദാനന്ദപരാകാശശിവാനുഭവയോഗത:**
**ശിവയോഗീതി നമോക്തിര്യസ്യ യാഥാർഥ്യയോഗിനീ. 21**

21. സച്ചിദാനന്ദസംവലിതമായ പരാകാശമാകുന്നശിവതത്വത്തിന്റെ അനുഭവത്താൽ യോഗ്യാനായതുകാരണം അദ്ദേഹത്തിന്റെ ശിവയോഗി എന്ന നാമം അതിന്റെ അർത്ഥത്തിന് യോജിച്ചതുതന്നെ ആയിരുന്നു.

**ശിവാഗമപരിജ്ഞാനപരിപാകസുഗന്ധിനാ**
**യദീയകീർത്തിപുഷ്പേണ വാസിതം ഹരിതാം മുഖം 22**

22. ശൈവാഗമത്തിന്റെ പരിപൂർണ്ണമായ ജ്ഞാനത്തെ സമ്പൂർണ്ണമായ മലപരിപാകത്താൽ സുഗന്ധയുക്തമായ അതിന്റെ കീർത്തിപുഷ്പത്തിൽ നിന്നും നാനാ ദിക്കിലേക്കും സുഗന്ധം പരത്തിക്കൊിരിക്കുന്നു.

**യേന രക്ഷാവതി ജാതാ ശിവഭക്തി: സനാതനീ**
**ബുദ്ധാതിപ്രതിസിദ്ധാന്തമഹധ്വാന്താംശുമാലിനാ 23**

23. ബൌദ്ധാദികളുടെ പ്രതികൂലസിദ്ധാന്തങ്ങളാകുന്ന മഹാ അന്ധകാരത്തെ ദൂരീകരിക്കുന്നതിനായി സൂര്യനെപ്പോലെ പ്രകാശം പരത്തിക്കൊ് സനാതന ശിവഭക്തിയെ രക്ഷിച്ചു.

കാണപ്പെടുന്നതും, നിർമ്മലവും, അനുപമമവും, സർവ്വജ്ഞവും സർവ്വവ്യാപിയും, ശാന്തവും, സർവ്വ ശക്തി സമ്പന്നവും, സ്വത ന്ത്രവുമാകുന്നു.

**ശിവരുദ്ര മഹാദേവഭവാദിപദസംജ്ഞിതം**
**അദ്വിതീയമനിർദ്ദേശ്യം പരമബ്രഹ്മ സനാതനം 6**

6. ആ പരബ്രഹ്മം ശിവൻ, രുദ്രൻ, മഹാദേവൻ ഭവ തുടങ്ങിയ പദങ്ങളാൽ അറിയപ്പെടുന്നതും, അദ്വിതീയവും, അനിർദ്ദേശ്യ വും, സനാതനവുമാകുന്നു.

**തത്ര ലീനമഭൂത് പൂർവ്വം ചേതനാചേതനം ജഗത്**
**സ്വാത്മലീനം ജഗത്കാര്യം സ്വപ്രകാശ്യം തദത്ഭുതം 7**

7. സൃഷ്ടിക്കു മുൻപ് ജീവനില്ലാതെ ജഢമായിരുന്ന ഈ ജഗ ത്തിൽ ബ്രഹ്മം ലീനമായിരുന്നു. സ്വാത്മാവിൽ പരബ്രഹ്മത്തോ ടുകൂടി ലയിച്ചിരുന്ന് ഈ ജഗത്ത് സ്വയം പ്രകാശിക്കുന്നു.

**ശിവാഭിധം പരബ്രഹ്മ ജഗന്നിമാർതൃമിഛയാ**
**സ്വരൂപമാദധേ കിഞ്ചിത് സുഖാസ്ഫുർത്തി വിജൃംഭിതം 8**

8. ശിവനെന്നു വിളിക്കുന്ന ഈ പരബ്രഹ്മം പ്രപഞ്ചത്തെ സൃഷ്ടി ക്കുന്നതിന് അല്പം ആനന്ദ സമ്മിശ്രമായ രൂപം ധരിച്ചു.

**നിരസ്ത ദോഷസംബന്ധം നിരുപാധികമവ്യയം**
**ദിവ്യമപ്രാകൃതം നിത്യം നീലകണ്ഠം ത്രിലോചനം 9**

9. ദോഷങ്ങളാൽ ബന്ധിക്കപ്പെടാത്തതും, ഉപാധി രഹിതവും, അനശ്വരവുമായ ആ സ്വരൂപം നിത്യനും, ദിവ്യനും അപ്രാകൃ തനും നീലകണ്ഠനുമായ ഭഗവാൻ ത്രിലോചനനായിരുന്നു.

**ചന്ദ്രാർദ്ധശേഖരം ശുദ്ധം ശുദ്ധസ്ഫടിക സന്നിഭം**
**ശുദ്ധമുക്താഫലാഭാസമുപാസ്യം ഗുണമൂർത്തിഭി: 10**

10. തിരുനെറ്റിയിൽ അർദ്ധചന്ദ്രക്കലയുള്ളവനും, ശുദ്ധനും, ശുദ്ധസ്ഫടികം പോലെ നിർമ്മലനും, സുന്ദരനും, ശുദ്ധമായ മുത്തു പോലെ കാണപ്പെടുന്നവനും, ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരന്മാ രായ ത്രിമൂർത്തികളാൽ ഉപാസ്യനുമായിരുന്നു.





29. ശൈവ സമ്പ്രദായം സിദ്ധിച്ചതിനാൽ പ്രസിദ്ധനും മഹാത്മാ വുമായ രേണുകാ ഗണേശ്വരാചാര്യർ ഈ ശാസ്ത്രം പൃഥി ലോകത്തിൽ മഹർഷി അഗസ്ത്യർക്ക് ഉപദേശിച്ചു കൊടുത്തു.

**വീരശൈവമഹാതന്ത്രമേകോത്തരശതസ്ഥലം**
**അനുഗ്രഹായ ലോകാനാമഭ്യധാത് സുധീയാം വര 30**

30. സന്യാസി ശ്രേഷ്ഠനായ ശിവയോഗി ശിവാചാര്യർ 101 (അ ദ്ധ്യായം) സ്ഥലങ്ങളുള്ള വീരശൈവ മഹാതന്ത്രം മാനുഷാനുഗ്ര ഹത്തിനായി രചിച്ചു.

**സർവ്വേഷാം ശൈവതന്ത്രണാമുത്തരത്വാന്നിരുത്തരം**
**നാമ്നാ പ്രതീയതേ ലോകേ യത്സിദ്ധാന്തശിവാമണീ 31**

31. സമസ്ത ശൈവ തന്ത്രങ്ങളുടെയും ഉത്തരവും നിരുത്തരവും (ഒടുവിലത്തേത്) ആയ ഈ ഗ്രന്ഥം ലോകത്താകമാനം 'സിദ്ധാ ന്തശിഖാമണി' എന്ന പേരുകൊ് പ്രസിദ്ധമാകുന്നു. തലയ്ക്കു മുകളിലായി യാതൊരു അവയവങ്ങളുമില്ല എന്നാൽ തലയിലെ കിരീടത്തിന്മേൽ പതിച്ചിരിക്കുന്ന രത്നം സർവ്വോപരിയാകു ന്നു. അതുപോലെ ഈ ഗ്രന്ഥം വീരശൈവ സിദ്ധാന്തം വിവരി ക്കുന്നതിൽ സർവ്വശ്രേഷ്ഠമാകുന്നു.

**അനുഗത സകലാർത്ഥേ ശൈവതന്ത്രൈ: സമസ്തൈ:**
**പ്രകടിത ശിവബോധാദ്വൈതഭാവപ്രസാദേ**
**വിദധതു മതിമസ്മിൻ വീരശൈവാ വിശിഷ്ടാ:**
**പശുപതിമതസാരേ പണ്ഡിതശ്ലാഘനീയേ 32**

32. അല്ലയോ വിശിഷ്ടരായ വീരശൈവരേ! സമസ്ത തന്ത്രങ്ങ ളിലെയും തത്വങ്ങളെ തന്നിൽതന്നെ സമാഹരിച്ചു വയ്ക്കുന്ന വനും ശിവജ്ഞാനത്തിന്റെ അദ്വൈതഭാവത്തിലുള്ള ആന ന്ദത്തെ പ്രകടിപ്പിക്കുന്നവനും പാശുപതധർമ്മത്തിന്റെ സാരഭൂ തരുമായ പണ്ഡിതന്മാർ മുഖേന ശ്ലാഘനീയമായ ഈ ഗ്രന്ഥം വായിക്കുന്നതിന് താങ്കൾ മനസ്സുവച്ചാലും.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ അനുക്രമവർണ്ണന എന്ന 1-ാമത്തെ അദ്ധ്യായം സമാപ്തം.**





## അദ്ധ്യായം-2
## രേണുകാ-ദാരുകാവതാര വർണ്ണന

**സച്ചിദാനന്ദ രൂപായ സദസദ്വയക്തി ഹേതവേ**
**നമഃ ശിവായ സാംബായ സഗണായ സ്വയംഭുവേ 1**

1. സച്ചിദാനന്ദ രൂപമായ സത്ഭാവ നിർഭരമായ പരമേശ്വരനും, അസത്ഭാവമായ ജാഗ്രത്, സ്വപ്നം, സുഷുപ്തി അഥവാ പ്രപഞ്ചത്തിന്റെ പ്രതിഭാസികവും, വ്യവഹാരികവുമായ അഭിവ്യക്തിക്കു കാരണഭൂതനും, ഗണസഹിതനും സ്വയം വിഭുവുമായ ശിവനെ ഞാൻ നമസ്ക്കരിക്കുന്നു.

**സദാശിവ മുഖാശേഷതത്ത്വമൌക്തിക ശുക്തികാം**
**വന്ദേ മഹേശ്വരീം ശക്തീം മഹാമായാദിരൂപീണിം 2**

2. സദാശിവൻ മുതൽ പൃഥ്വി വരെയുള്ള മുപ്പത്തിയാറു (36) തത്വങ്ങളാകുന്ന മുത്തുമണികളും (രത്നങ്ങൾ) ശുക്തിസ്വരൂപമാകുന്ന മഹാമായ മുതലായ സ്വരൂപമുള്ളവനുമായ മഹേശ്വരന്റെ ശക്തിയെ ഞാൻ വന്ദിക്കുന്നു.

**അസ്തി സച്ചിത്സുഖാകാരമലക്ഷണപദാസ്പദം**
**നിർവ്വികല്പം നിരാകാരം നിരസ്താശേഷവിപ്ലവം 3**

3. സച്ചിദാനന്ദ സ്വരൂപവും, വിലക്ഷണവും, നിർവ്വികല്പവും, നിരാകാരവും, സമസ്ത ദോഷങ്ങളും ഇല്ലാതാകുന്നതുമായ പരശിവം 'ബ്രഹ്മ'മാകുന്നു.

**പരിഛേദകഥാശൂന്യം പ്രപഞ്ചാതീതവൈഭവം**
**പ്രത്യക്ഷാദിപ്രമാണാനാമഗോചരപദേ സ്ഥിതം 4**

4. ബ്രഹ്മം അതിരില്ലാത്തതും, പ്രപഞ്ചത്തേക്കാൾ ഉപരിയായുള്ളതും, വൈഭവത്തോടുകൂടിയതും, പ്രത്യക്ഷാനുമാന പ്രമാണങ്ങളിലൂടെ മനസ്സിലാക്കാൻ ആവാത്തതുമാകുന്നു.

**സ്വപ്രകാശം വിരാജന്തമനാമയമനൌപമം**
**സർവ്വജ്ഞം സർവ്വഗം ശാന്തം ശർവ്വശക്തി നിരങ്കുശം 5**

5. ബ്രഹ്മം സ്വയം പ്രകാശിക്കുന്നതും, വിശേഷരൂപത്താൽ

**വദുക്തോ ഹ്യുപായോ മേ ന കിഞ്ചിജ്ഞായതേഽധുനാ 23**

23. 'അല്ലയോ സച്ചിദാനന്ദാ ! സ്വേച്ഛയാൽ ശരീരം ധരിക്കുന്നവനും, കാരണങ്ങൾക്കെല്ലാം കാരണഭൂതനുമായ ഭവ ശർവ്വ മഹേശ്വരാ! അവിടുന്നു പറഞ്ഞു തന്ന വിദ്യകളൊന്നും എന്റെ മനസ്സിൽ തോന്നുന്നില്ല.

**സൃഷ്ടീം വിധേഹി ഭഗവൻ പ്രഥമം പരമേശ്വര**
**ജ്ഞാനോപായസ്തത: കുര്യാം ജഗത്സൃഷ്ടിമുമാപതേ 24**

24. 'അല്ലയോ പരമേശ്വരാ! ഭഗവാനെ! അവിടുന്നു തന്നെ ആദ്യം സൃഷ്ടി നടത്തിയാലും. അല്ലയോ ഉമാപതേ! അതിനുശേഷം ഞാൻ വിദ്യകു മനസ്സിലാക്കി ലോകസൃഷ്ടി നടത്തിക്കൊള്ളാം'.

**ഇത്യേവം പ്രാർത്ഥിത: ശംഭുർബ്രഹ്മണാ വിശ്വയോനിനാ**
**സസർജാത്മസമപ്രഖ്യാൻ സർവ്വഗാൻ സർവ്വശക്തികാൻ 25**

25. ഇപ്രകാരം ബ്രഹ്മാവിന്റെ അപേക്ഷയാൽ ജഗദ്കാരണ ഭൂതനായ ഭഗവാൻ ശിവൻ തനിക്കു തുല്യമായി ശോഭിക്കുന്നവരായ പ്രമഥഗണങ്ങളെ സൃഷ്ടിച്ചു.

**പ്രബോധപരമാനന്ദപരിവാഹിതമാനസാൻ**
**പ്രമഥാൻ വിശ്വനിർമാണപ്രളയാപാദനക്ഷമാൻ 26**

26. അവരെല്ലാവും സർവ്വഗാമികളും, സർവ്വശക്തരും, പ്രബോധജനിതരും, പ്രപഞ്ചസൃഷ്ടിയിൽ സമർത്ഥമായിരുന്നു.

**തേഷു പ്രമഥവർഗേഷു സൃഷ്ടേഷു പരമാത്മനാ**
**രേണുകോ ദാരുകശ്ചേതി ദ്വാവഭൂതാം ശിവപ്രിയൌ 27**

27. പരമാത്മാവായ ഭഗവാൻ ശിവശങ്കരനിൽ നിന്നും ഉത്ഭൂതരായ ആ പ്രമഥഗണങ്ങളിൽ രേണുകർ, ദാരുകർ എന്നിവർ ശിവന് ഏറെ പ്രിയങ്കരരായിരുന്നു.

## ഗണേശ്വരമഹിമാ വർണ്ണന

**സർവ്വവിദ്യാവിശേഷജ്ഞൌ സർവ്വകാര്യവിചക്ഷണൌ**





**വിശുദ്ധജ്ഞാനകരണംവിഷയം സർവ്വയോഗിനാം**
**കോടിസൂര്യപ്രതികാശം ചന്ദ്രകോടിസമപ്രഭം**
**അപ്രാകൃത ഗുണാധാരമനന്ത മഹിമാസ്പദം 11**

11. വിശുദ്ധമായ ജ്ഞാനത്തിന്റെ അസാധാരണ കാരണനും, സമസ്ത ശിവയോഗികളുടേയും ധ്യാനത്തിന്റെ വിഷയവും, കോടിസൂര്യന്മാരെപ്പോലെ കാണപ്പെടുന്നവനും, കോടിചന്ദ്രന്മാരപ്പോലെ കാന്തിയുള്ളവനും, പ്രകൃതിഗുണങ്ങളിൽ നിന്നും വിഭിന്നവും, സർവ്വജ്ഞത, സംതൃപ്തി, അനാദിബോധം മുതലായ ഗുണങ്ങൾക്ക് ആധാരമായുള്ളവനും, അനന്തമായ മഹത്വമുള്ളവനുമായിരുന്നു ശിവൻ

**തദീയാ പരമാ ശക്തി: സച്ചിദാനന്ദലക്ഷണാ**
**സമസ്തലോകനിർമ്മാണസമവായസ്വരൂപിണീ 12**
**തദിച്ഛയാഽഭവത് സാക്ഷാത്തത്സ്വരൂപാനുസാരിണീ 13**

12/13. അവിടുത്തെ സച്ചിദാനന്ദ ലക്ഷണങ്ങളുള്ളവളായ പരമാശക്തി സമസ്ത ജഗത്സൃഷ്ടിയുടെ സമവായ രൂപയാകുന്നു. അവളുടെ ഇച്ഛയാൽ അവിടുത്തെ സ്വരൂപം അങ്ങനെയായിത്തീർന്നു.

കുറിപ്പ്:

പരമേശ്വരന്റെ ശക്തി തന്റെ മൂലരൂപത്തിൽ ക്രമത്തിലല്ലാതെ (മയൂരാണ്ഡരസന്യായേന) മയിൽമുട്ടവെള്ളപോലെ പ്രപഞ്ചത്തെ തന്റെയുള്ളിൽ തന്നിൽ നിന്നും ഭിന്നമല്ലാത്ത രൂപത്തിൽ ധരിക്കുന്നു. അതിനു ശേഷം ഇല, പുഷ്പം, ഫലം, ശിഖരം എന്നിവ ബില്വ വൃക്ഷത്തിൽ വെവ്വേറെയിരിക്കുന്നുവെങ്കിലും 'അയമേക വൃക്ഷ:' എന്ന അവസ്ഥയുാകുന്നതുപോലെ അവിടുന്ന് ഈ പ്രപഞ്ചത്തിൽ അനേകവിധമായിരുന്നിട്ടും ഒരേ രൂപത്തിൽ പ്രകാശിക്കുന്നു. പിന്നീട് ആമയുടെ അവയവങ്ങൾ പോലെ ഈ പ്രപഞ്ചം മുഴുവൻ തന്നിൽ തന്നെ സംഗ്രഹിക്കുന്നു. ഇവയെല്ലാം ഭഗവാൻ ശ്രീപരമേശ്വരൻ തന്റെ സ്വതന്ത്ര ശക്തിയാൽ ചെയ്യുന്നു. അവിടുത്തെ ശക്തി ലൗകിക

ദൃഷ്ടിയാൽ അസംഭവ്യമെങ്കിലും സംഭവ്യമാക്കുന്നതാകുന്നു.

**ജഗസ്തിസൃക്ഷു: പ്രഥമം ബ്രഹ്മാണം സർവ്വദേഹിനാം**
**കർതാരം സർവ്വലോകാനാം വിദധേ വിശ്വനായക 14**

14. വിശ്വനായകനും, സർവ്വജ്ഞനും, സർവ്വശക്തിമാനുമായ ഭഗവാൻ ശംഭു പ്രപഞ്ചസൃഷ്ടി നടത്തുന്നതിനുള്ള ആഗ്രഹത്താൽ ആദ്യംതന്നെ സമസ്ത ലോകങ്ങളിലേയും സകല ജീവികളുടെയും കർത്താവായ ബ്രഹ്മാവിനെ സൃഷ്ടിച്ചു.

**തസ്മൈ പ്രഥമപുത്രായ ശങ്കരഃ ശക്തിമാൻ വിഭുഃ**
**സർവ്വജ്ഞഃ സകലാ വിദ്യാഃ സാനുഗ്രഹമുപാദിശത് 15**

15. സർവ്വജ്ഞനും, ശക്തിമാനും, സർവ്വവ്യാപിയുമായ ഭഗവാൻ ശിവശങ്കരൻ തന്റെ പ്രഥമപുത്രന് സമസ്ത വിദ്യകളും ഉപദേശിച്ചു.

**സമസ്തലോകാന്നിർമാതും സമുദ്യമപരോ$f$ഭവത്**
**കൃതോദ്യോകോ$f$പി നിർമ്മാണേ ജഗതാം ശങ്കരാജ്ഞയാ**
**അജ്ഞാതോപായസമ്പത്തേരഭവന്മായയാവൃത: 16**

16. പ്രപഞ്ചത്തെ നിയന്ത്രിക്കുന്നവനായ മഹാദേവനിൽ നിന്നും വിദ്യ കരസ്ഥമാക്കിയ ബ്രഹ്മാവ് ത്രിലോകസൃഷ്ടി നടത്തുന്നതിൽ വ്യാപൃതനായി. ഭഗവാൻ ശിവശങ്കരന്റെ ആജ്ഞയാൽ പ്രപഞ്ചസൃഷ്ടിയിൽ ഏറെ പ്രയത്നിച്ചിട്ടും മായയാൽ ചുറ്റപ്പെട്ട അദ്ദേഹം ഉപായങ്ങളറിയാത്തതുമൂലം ഇതികർത്തവ്യതാമൂഢനായിപ്പോയി.

**വിധാതുമഖിലാൻ ലോകാനുപായ പ്രാപ്തുമിച്ഛയാ**
**പുനസ്തം പ്രാർത്ഥയാമാസ ദേവദേവം ത്രിയംബകം 17**

17. സമസ്ത ലോകങ്ങളുടേയും സൃഷ്ടിക്കുവേി വിദ്യ ലഭ്യമാക്കുവാനുള്ള ആഗ്രഹത്താൽ ബ്രഹ്മാവ് വീും ദേവാധിദേവനായ ത്രിലോചനനോടു് അപേക്ഷിച്ചു.

**നമസ്തേ ദേവദേവേശ നമസ്തേ കരുണാകര**
**അസ്മദാദിജഗത്സർവ്വനിർമാണനവിധിക്ഷമ 18**





18. ബ്രഹ്മാവ് ഇപ്രകാരം അപേക്ഷിച്ചു. 'അല്ലയോ ദേവദേവേശ! ഞാൻ അവിടുത്തെ സമസ്ക്കരിക്കുന്നു. അല്ലയോ കരുണാകര! ഞങ്ങളിൽ തുടങ്ങിയ സർവ്വജഗത്തിന്റെയും സൃഷ്ടിയിൽ സന്തോഷചിത്തരായി അവിടുത്തെ നമസ്ക്കരിക്കുന്നു'.

**ഉപായം വദ മേ ശംഭോജഗത്സ്രഷ്ട: ജഗത്പതേ**
**സർവ്വജ്ഞ: സർവ്വശക്തിസ്ത്വം സർവ്വകർത്താ സനാതന: 19**

19. 'അല്ലയോ ശംഭോ! പ്രപഞ്ചനാഥാ! എനിക്ക് വിദ്യ ഉപദേശിച്ചു തന്നാലും കാരണം അവിടുന്ന് സർവ്വജ്ഞാതാവും, സർവ്വശക്തിമാനും, സർവ്വകർത്താവും സനാതനവുമാകുന്നു. '

**ഇതി സംപ്രാർത്ഥിത: ശംഭുർബ്രഹ്മണാ വിശ്വനായക**
**ഉപായമവദത് തസ്മൈ ലോകസൃഷ്ടി പ്രവർത്തനം 20**

20. ഇപ്രകാരം ബ്രഹ്മാവിന്റെ പ്രാർത്ഥനയാൽ വിശ്വനായകനായ ഭഗവാൻ ശിവൻ പ്രപഞ്ച സൃഷ്ടി പ്രവർത്തക വിദ്യ അദ്ദേഹത്തിനുപദേശിച്ചു കൊടുത്തു.

**ഉപായമീശ്വരേണോക്തം ലബ്ധ്വാ$f$പി ചതുരാനന:**
**ന സമർത്ഥോ$f$ഭവത് കർത്തും നാനാരൂപമിദം ജഗദ് 21**

21. സർവ്വേശ്വരനായ പരമശിവൻ ഉപദേശിച്ച വിദ്യ ലഭ്യമാക്കിയിട്ടും ചതുരാനനായ ബ്രഹ്മാവിന് നാനാരൂപത്തിലുള്ള ഈ പ്രപഞ്ചം സൃഷ്ടിക്കുന്നതിന് സമർത്ഥനാകുവാനായില്ല.

**പുനസ്ത പ്രാർത്ഥയാമാസ ബ്രഹ്മാ വിഹ്വലമാനസ:**
**ദേവദേവ മഹാദേവ ജഗത്പ്രഥമകാരണ 22**

22. ഇപ്രകാരം പറഞ്ഞുകൊ് വ്യാകുലചിത്തനായ ബ്രഹ്മാവ് ഭഗവാൻ ശിവശങ്കരനോട് വീും അപേക്ഷിച്ചു. 'അല്ലയോ ദേവാധിദേവാ, മഹാദേവ! പ്രപഞ്ചത്തിന്റെ ആദികാരണനായ അവിടുത്തെ നമസ്കരിക്കുന്നു'.

**നമസ്തേ സച്ചിദാനന്ദ സ്വേച്ഛാവിഗ്രഹരാജിത**
**ഭവ ശർവ്വ മഹേശാന സർവ്വകാരണകാരണ**

**ഹേമാരവിന്ദകലികാസുഗന്ധിരസമാനസേ**
**ശാതകുംഭമയസ്തംഭശതോത്തുംഗവിരാജിതേ 5**

5. മാനസ്സസരോവരം സ്വർണ്ണത്താമരമൊട്ടുകളാൽ സുഗന്ധപൂരിതമായിരുന്നു.സ്വർണ്ണനിർമ്മിതമായ ആയിരക്കണക്കിന് ഉന്നതസ്തംഭങ്ങൾ അവിടെ വിരാജിച്ചിരുന്നു.

**മാണിക്യദീപകലികാമരീചിദ്യോതിതാന്തരേ**
**ദ്വാരതോരണസംരൂഢശംഖപത്മനിധിദ്വയേ 6**

6. ആ പർവ്വതത്തിന്റെ അന്തഃപുരം മാണിക്യ ദീപങ്ങളാകുന്ന മൊട്ടുകളുടെ കിരണങ്ങളാൽ പ്രകാശിതമായിരുന്നു. അതിന്റെ വാതിൽക്കലുള്ള തോരണത്തിൽ ശംഖ്, പത്മം, എന്നീ നിധികൾ പതിച്ചിരുന്നു.

**മുക്താതാരകിതോദാരവിതാനാംബരമണ്ഡിതേ**
**സ്പർശലക്ഷിതവൈഡൂര്യമയഭിത്തിപരമ്പരേ 7**

7. താരകൾ പോലുള്ള രത്നങ്ങൾ പതിച്ച വസ്ത്രങ്ങൾ കൊള്ള വിശാലമായ കൂടാരത്താൽ ആ പർവ്വതം ശോഭിച്ചിരുന്നു. അതിന്റെ ഭിത്തികളിൽ സ്പർശനം കൊു മാത്രം മനസ്സിലാക്കാവുന്ന വിധത്തിലുള്ള വൈഡൂര്യമണികൾ പതിച്ചിരുന്നു. (സ്പർശിച്ചാൽ മാത്രമെ വൈഡൂര്യമണികൾ മനസ്സിലാക്കുവാനാകുമായിരുന്നുള്ളു.)

**സഞ്ചരത്പ്രമഥശ്രേണീപദവാചാലനൂപുരേ**
**പ്രവാളവലഭീശൃംഗശൃംഗാരമണിമണ്ഡപേ 8**

8. അവിടുത്തെ സദ്ചരണസേവചെയ്യുന്നവരായ പ്രമഥ ഗണങ്ങളുടെ പാദങ്ങളിൽ അണിഞ്ഞിരുന്ന പാദസരം (തളകൾ) കിലുങ്ങിക്കൊിരുന്നു. പവിഴങ്ങളാൽ നിർമ്മിതമായ മേലാപ്പും മുത്തുകളാൽ അലംകൃതമായ ഗിരിശൃംഗങ്ങളും കൊുനിർമ്മിതമായ മണ്ഡപവും അവിടെ കാണാമായിരുന്നു.

**വന്ദാരുദേവമുകുടമന്ദാരരസവാസിതം**
**രത്നസിംഹാസനം ദിവ്യമദ്ധ്യസ്തം പരമേശ്വരം 9**





**മായമലവിനിർമുക്തൌ മഹിമാതിശയോജ്വലൌ 28**

28. അവരിരുവരും സമസ്ത വിദ്യകളിലും പണ്ഡിതന്മാരും, സർവ്വകാര്യസമ്പാദനത്തിൽ സമർത്ഥരും മായമലങ്ങളില്ലാത്തവരും, തങ്ങളുടെ മഹിമകളിൽ അത്യന്തം ഊർജ്ജസ്വലരുമായിരുന്നു.

**ആത്മാനന്ദപരിസ്ഫുർത്തിരസാസ്വാദനലമ്പടൌ**
**ശിവതത്ത്വപരിജ്ഞാനതിരസ്കൃതഭവാമയൌ 29**

29. ആത്മാനന്ദത്തിന്റെ പരിസ്ഫുരണത്താൽ ജന്യമായ രസമാസ്വദിക്കുന്നവരും, ശിവതത്വത്തിന്റെ സമ്പൂർണ്ണ ജ്ഞാനത്താൽ ലൌകികമായ ആമയങ്ങളിൽ നിന്നും രോഗങ്ങളെ അതിജീവിച്ചവരുമായിരുന്നു.

**നാനാപഥമഹാശൈവതന്ത്രനിർവ്വാഹതല്പരൌ**
**വേദാന്തസാരസർവ്വസ്വവിവേചനവിചക്ഷണൌ 30**

30. അനേകം മതസ്ഥർ ശിവാദ്വൈതതന്ത്രപാലനത്തിലും വേദാന്തസാരസർവ്വസ്വം വിവേചിക്കുന്നതിലും തല്പരരായിരുന്നു.

**നിത്യസിദ്ധൌ നിരാതങ്കൌ നിരങ്കുശപരാക്രമൌ**
**താദൃശൌ തൌ മഹാഭാഗൌ സംവീക്ഷ്യ പരമേശ്വര: 31**
**സമർത്ഥൌ സർവ്വകാര്യേഷു വിശ്വാസപരമാശ്രിതൌ**
**അന്തഃപുരദ്വാരപാലൌ നിർമമേ നിയതൌ വിഭു: 32**

31–32. നിത്യസിദ്ധരും, നിർഭയരും, അജയ്യരും, പരാക്രമികളും, ഭാഗ്യശാലികളുമായ ഈ രുപേരെയും കിട്ട് ഭഗവാൻ ശ്രീ പരമേശ്വരൻ സർവ്വ കാര്യങ്ങളും നിർവ്വഹിക്കുന്നതിൽ ഇവർ സമർത്ഥരും വിശ്വസ്തരുമാണെന്നു മനസ്സിലാക്കി, തന്റെ അന്തഃപുരത്തിന്റെ ദ്വാരപാലകരാക്കി.

**ഗണേശ്വരൌ രേണുകദാരുകാവുഭൌ**
**വിശ്വാസ ഭൂതൌ നവചന്ദ്രമൌലേ :**
**അന്തഃപുരദ്വാരഗസദാതൌ**
**വിതേനതുർവീശ്വപതേസ്തു സേവാം. 33**

33. ഇപ്രകാരം രേണ്യകരും ദാരുകരും ബാലചന്ദ്രക്കല തിള

ങ്ങുന്ന തിരുനെറ്റിയുള്ള ഭഗവാൻ ശിവശങ്കരന്റെ വിശ്വാസപാത്രങ്ങളായി സദാനേരവും അവിടുത്തെ അന്തഃപുര വാതിൽക്കൽ നിന്ന് വിശ്വരക്ഷകനായ ശിവന്റെ സേവ ചെയ്യുവാൻ തുടങ്ങി.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ രേണുകാ-ദാരുകാവതാരവർണ്ണന എന്ന 2-ാമത്തെ അദ്ധ്യായം സമാപ്തം.**





## അദ്ധ്യായം-3
## രേണുകാ ഭൂലോകാവതാര വർണ്ണന

ശിവയോഗി രേണുകാ ഗണേശ്വരാരാദ്ധ്യാചാര്യൻ ഭൂലോകത്തിൽ പ്രത്യക്ഷപ്പെട്ട സന്ദർഭം വിവരിക്കുന്നിടത്ത് ഒന്നു മുതൽ എട്ടു വരെയുള്ള ശ്ലോകങ്ങളിൽ കൈലാസ വർണ്ണന ചെയ്തിരിക്കുന്നു.

**കദാചിദഥ കൈലാസേ കലധൌതശിലാമയേ**
**ഗന്ധർവ്വവാമനയനാക്രീഡാമൗക്തികദർപണേ 1**

1. വെള്ളിക്കട്ടിപൊലെയുള്ള ശിലകളോടുകൂടിയതും, ഗന്ധർവ്വ സ്ത്രീകളുടെ ക്രീഡക്കു വേി (രത്നം) മുത്തു പതിച്ച കണ്ണാടി പോലെയുള്ള കൈലാസത്തിൽ ഭഗവാൻ ഇരുന്നിരുന്നു.

**മന്ദാരവകുളാശോകമാകന്ദപ്രായഭൂരുഹേ**
**മല്ലീമരന്ദനിഷ്യന്ദപാനപീനമധുവ്രതേ 2**

2. ആ പർവ്വതത്തിൽ കല്പവൃക്ഷം, മൗലസിരി, അശോകം, മാവ്, എന്നിവ മുളച്ചു പൊങ്ങി നിന്നിരുന്നു. മല്ലികപ്പുവിന്റെ തേൻ നുകരുന്നതിനാൽ അവിടുത്തെ വുകൾ ഭീമാകാരന്മാരായിരുന്നു.

**കുങ്കുമസ്തബകാമോദകൂലങ്കഷഹരിന്മുഖേ**
**കളകണ്ഠകുലാലാപകന്ദളദ്രാഗബന്ധുരേ 3**

3. രക്തപുഷ്പത്തിന്റെ (ചെമ്പരത്തി) പൂങ്കുലകളുടെ ആമോദത്താൽ സമ്പൂർണ്ണമായ നദികൾ കൊ് ദിക്കുകളെല്ലാം നിറഞ്ഞിരുന്നു. കുയിൽക്കൂട്ടങ്ങളുടെ മധുരതരമായ പഞ്ചമരാഗധ്വനികൾ കൊ് ആ പർവ്വതം മനോഹരമായിരുന്നു.

**കിന്നരിഗീതമാധുര്യപരിവാഹിതഗഹ്വരേ**
**സാനന്ദവരയോഗീന്ദ്രവൃന്ദാലംകൃതകന്ദരേ 4**

4. അതിന്റെ ഗുഹകൾ കിന്നര സ്ത്രീകളുടെ സംഗീതമാധുര്യത്താൽ മുഖരിതവും, പരബ്രഹ്മാനന്ദാനുഭവസ്ഥരായ ശ്രേഷ്ഠ ശിവയോഗീ വൃന്ദത്താൽ അലംകൃതവുമായിരുന്നു.

തളിരുപോലെ ശോഭിക്കുന്ന കാലുകളെ ചന്ദ്രസമാനമായ സ്ഫടികം കൊു നിർമ്മിച്ച പീഠത്തിൽ വച്ച് അവിടുന്ന് ഇരുന്നിരുന്നു.

## ശ്രീപരമേശ്വരിഉമാദേവിവർണ്ണന

**വാമപാർശ്വനിവാസിന്യാ മംഗളപ്രിയവേഷയാ**
**സമസ്തലോകനിർമാണസമവായസ്വരൂപയാ 24**

24. മംഗളകാരിണിയും, പ്രിയമുള്ള വേഷഭൂഷാധികളോടു കൂടിയവളും, സമസ്ത ലോകത്തിന്റേയും സൃഷിടിയുടെ സമവായ കാരണരൂപയുമായ ശക്തിദേവി ഉമ ശ്രീപരമേശ്വരന്റെ വാമഭാഗത്ത് വിരാജിക്കുന്നു ായിരുന്നു.

**ഇച്ഛാജ്ഞാനക്രിയരൂപബഹുശക്തിവിലാസയാ**
**വിദ്യാതത്ത്വപ്രകാശിന്യാ വിനാഭാവവിഹീനയാ 25**

25. ഇച്ഛ, ജ്ഞാനം, ക്രിയ എന്നീ രൂപത്തിൽ അനവധി ശക്തികളാൽ ഏറെ ശോഭിക്കുന്നവളായ ഭവാനി, ശുദ്ധവിദ്യാ തത്വങ്ങളുടെ പ്രകാശികയും, ഭഗവാൻ ശിവനോടുകൂടി അവിഛേദ്യബന്ധമുള്ളവളുമായിരുന്നു

**സംസാരവിഷകാന്താരദാഹദാവാഗ്നിലേഖയാ**
**ധർമില്ലമല്ലികാമോദഝങ്കുർവദ്ഭൃംഗമാലയാ 26**

26. ഇന്ദ്രിയ വിഷയങ്ങൾ നിറഞ്ഞ സംസാരമാകുന്ന വിഷവനത്തെ ചുട്ടെരിക്കുന്ന കാട്ടുതീ ജ്വാലയെന്ന പോലെ ശോഭിക്കുന്നവളായിരുന്നു ആ ശക്തി സ്വരൂപിണി. അവിടുത്തെ തിരുമുടിയിൽ ചൂടിയിരിക്കുന്ന മുല്ലപ്പൂവിന്റെ സുഗന്ധത്താൽ വിൻകൂട്ടങ്ങൾ മൂളിപ്പറന്നുകൊിരുന്നു.

**സമ്പൂർണ്ണചന്ദ്രസൌഭാഗ്യസംവാദിമുഖപത്മയാ**
**നാസാമൌക്തികലാവണ്യനാശീരസ്മിതശോഭയാ 27**

27. പൂർണ്ണചന്ദ്രന്റെ സൌന്ദര്യത്തെപ്പോലും തിരസ്ക്കരിക്കുന്ന വിധത്തിലുള്ളതായിരുന്നു അവിടുത്തെ മുഖകമലം. മൂക്കിന്മേൽ അണിഞ്ഞിരുന്ന മുത്തുകൊുള്ള മൂക്കുത്തിയുടെ സൌന്ദര്യ





9. വന്ദനത്തിലേർപ്പെട്ടിരുന്ന മുപ്പത്തിമുക്കോടി ദേവതകളുടെയും കീരടത്തിന്മേൽ പതിച്ചിരുന്ന കല്പവൃക്ഷത്തിന്റെ പൂക്കളിലെ പൂമ്പൊടിയാൽ സുഗന്ധപൂരിതമായ ദിവ്യസിംഹാസനത്തിന്മേൽവിരാജിക്കുന്ന ശ്രീപരമേശ്വരന്റെ സേവ അവിടുത്തെ പ്രമഥഗണങ്ങളായ പരിവാരങ്ങൾ ചെയ്തുകൊിരുന്നു.

## ശിവസ്വരൂപവൈഭവവർണ്ണന

**തമസ്ഥാനഗതം ദേവം സർവ്വലോകമഹേശ്വരം**
**ത്രയ്യന്ത കമലാരണ്യവിഹാരകളഹാംസകം 10**

10. ദേവന്മാരേക്കാൾ യുക്തമായ സ്ഥാനത്ത് വിരാജിക്കുന്ന സർവ്വ ദേവന്മാരുടേയും സ്വാമിയായ മഹാദേവൻ, വേദാന്തമാകുന്ന താമരയുടെ കൂടെ വിഹരിക്കുന്ന രാജഹംസത്തെപ്പോലെയിരുന്നു.

**ഉദാരഗുണമോങ്കാരശുക്തികാപുടമൌക്തികം**
**സർവ്വമംഗളസൌഭാഗ്യസമുദായനികേതനം 11**

11. ഔദാര്യം മുതലായ ഗുണങ്ങളാൽ യോഗ്യനും ഓംകാരമാകുന്ന ശുക്തിയുടെ മുത്തുമണിയും, സമ്പൂർണ്ണ മംഗളകാരിയും, ശൈവധർമ്മത്തിന്റെ (സമുദായം) സൌഭാഗ്യ ഭണ്ഡാരവുമായിരുന്നു അവിടുന്ന്.

**സംസാരവിഷമൂർഛാലുജീവസഞ്ജീവനൌഷധം**
**നിത്യപ്രകാശനൈർമല്യകൈവല്യസുരപാദപം 12**

12. ലൌകിക വിഷയമാകുന്ന വിഷത്താൽ മൂർഛിതരായവർക്കുള്ള സഞ്ജീവനൌഷധവും (അമൃത്) നിത്യപ്രകാശവും, നെർമ്മല്യവും കൊ് യുക്തമായ കൈവല്യത്തിന്റെ കല്പവൃക്ഷവുമായിരുന്നു.

**അനന്തപരമാനന്ദമകരന്ദമധുവ്രതം**
**ആത്മശക്തിലതാപുഷ്യത്രിലോകീപുഷ്പകോരകം 13**

13. തേൻമധുരം ആസ്വദിക്കുന്ന വിനെപ്പെലെയും, തന്റെ ശക്തിയാകുന്ന വള്ളിയാൽ സംരക്ഷിക്കപ്പെടുന്ന ത്രിഭുവന

പുഷ്പത്തിന്റെ മൊട്ടുപോലെയും അനന്തവും, പരമാനന്ദവുമായ ആ ശ്രീപരമേശ്വരൻ ശോഭിച്ചിരുന്നു.

**ബ്രഹ്മാണ്ഡകുണ്ഡികാഷണ്ഡപിണ്ഡീകരണപണ്ഡിതം**
**സമസ്തദേവതാചക്രവർതിപദേ സ്ഥിതം 14**

14. ബ്രഹ്മാണ്ഡമാകുന്ന കുണ്ഡികകളുടെ കഷണങ്ങളെ (ഭൂഖണ്ഡങ്ങളെ) സംയോജിപ്പിക്കുന്നതിൽ പണ്ഡിതനെപ്പോലെയും, ദേവലോകചക്രവർത്തിയെപ്പോലെയും അവിടുന്ന് തോന്നിക്കുമായിരുന്നു.

**ചന്ദ്രബിംബായുതച്ഛായാദായദദ്യുതിവിഗ്രഹം**
**മാണിക്യമുകുടജ്യോതിർമഞ്ജരീപിഞ്ചരാംബരം 15**

15. ആയിരം ചന്ദ്രന്മാരുടെ നിലാവിനെ ഒന്നിച്ചു ചേർത്താലുാകുന്ന പ്രകാശത്താൽ യോഗ്യമായ ശരീരത്തോടുകൂടിയവനും, മാണിക്യം പതിച്ച കിരീടത്തിന്റെ പ്രകാശ കിരണങ്ങളാൽ ശോഭിക്കുന്ന വസ്ത്രത്തോടുകൂടിയവനുമായിരുന്നു ആ ശിവശങ്കരൻ.

**ചൂടാലം സോമകലയാ സുകുമാരബിസാഭയാ**
**കല്യാണപുഷ്പകലികാകർണ്ണപൂരമനോഹരം 16**

16. കോമളവും, താമരനൂലിനു സമാനവുമായ ജടയിൽ ചന്ദ്രക്കലയും, മംഗളകരമായ പൂമൊട്ടുകൊുള്ള കർണ്ണപൂരവും ധരിച്ചുകൊ് ഏറെ സുന്ദരനായിരുന്നു അവിടുന്ന്

**മുക്താവലയസംബദ്ധമുണ്ഡമാലാവിരാജിതം**
**പര്യാപ്തചന്ദ്രസൗന്ദര്യപരിപന്ഥിമുഖശ്രിയം 17**

17. മുഴച്ചുപൊന്തി നിൽക്കുന്ന മുത്തു മാലയും, മുണ്ഡമാലയും കൊു സുശോഭിതനും, പ്രസിദ്ധമായ ചാന്ദ്രസൌന്ദര്യത്തോടു കിടപിടിക്കത്തക്ക മുഖശോഭയോടുകൂടിയവനുമായിരുന്നു അവിടുന്ന്.

**പ്രാതഃസംഫുല്ലകമലപരിയായത്രിലോചനം**
**മന്ദസ്മിതമിതാലാപമധുരാധരാപല്ലവം 18**

18. അവിടുത്തെ ത്രിനേത്രങ്ങൾ പുലർകാലത്തു വിടർന്ന താമ







രപ്പൂപോലെയും, തളിരിലപോലുള്ള ചുുകൾ മന്ദസ്മേരത്തോടുകൂടിയതും, മിതപ്രഭാഷണം കൊു മധുരവുമായിരുന്നു.

**ഗണ്ഡമണ്ഡലപര്യന്തക്രീഡന്മകരകുണ്ഡലം**
**കാളിമ്നാ കാളകൂടസ്യ കണ്ഠനാളേ കളങ്കിതം 19**

19. മകരമത്സ്യത്തിന്റെ ആകൃതിയോടുകൂടിയ കർണ്ണാഭരണം അവിടുത്തെ കവിൾത്തടങ്ങൾ വരെ തൂങ്ങിക്കിടന്നിരുന്നു. കാളകൂടസർപ്പവിഷത്തിന്റെ കാളിമകൊ് അവിടുത്തെ കണ്ഠനാളം നീലനിറത്താൽ കളങ്കിതമായിരുന്നു.

**മണികങ്കണകേയൂരമരീചികരപല്ലവൈ**
**ചരുർഭിഃ സംവിരാജന്തം ബാഹുമന്ദാരശാഖിഭിഃ 20**

20. രത്നജടിതവും, കല്പവൃക്ഷത്തിന്റെ ശിഖരംപോലെ ആകൃതിയുള്ളതുമായ കങ്കണം ധരിച്ച് ഇളംതളിർ പോലെയുള്ള ചതുർഭുജങ്ങളോടും കൂടി അവിടുന്ന് അത്യന്തം ശോഭിച്ചിരുന്നു.

**ഗൌരിപയോധരാശ്ലേഷകൃതാർത്ഥഭുജമദ്ധ്യമം**
**സുവർണ്ണബ്രഹ്മസൂത്രാങ്കം സൂക്ഷ്മകൌശേയവാസസം 21**

21. അവിടുത്തെ വക്ഷസ്ഥലം ഗൌരിയുടെ സ്തനത്തോട് ചേർന്നിരുന്നിരുന്നു. സ്വർണ്ണ നിർമ്മിതമായ യജ്ഞോപവീതവും പട്ടുവസ്ത്രവും അവിടുന്ന് ധരിച്ചിട്ടുായിരുന്നു.

**നാഭിസ്ഥാനാവലംബിന്യാ നവമൌക്തികമാലയാ**
**ഗംഗയേവ കൃതാശ്ലേഷം മൌലിഭാഗാവതിർണയാ 22**

22. പൊക്കിൾതടം വരെ ഇറങ്ങിക്കിടന്നിരുന്ന മാല കാൽ ശിരസ്സിൽ നിന്നും ഗംഗ ഇറങ്ങി വന്ന് അവിടുത്തെ ആലിംഗനം ചെയ്തുകൊിരിക്കുകയാണെന്ന് തോന്നിക്കുമായിരുന്നു.

**പദേന മണിമഞ്ജീരപ്രഭാപല്ലവിതശ്രിയാ**
**ചന്ദ്രവത്സ്ഫടികം പീഠം സമാവൃത്യ സ്ഥിതപുര: 23**

23. മുത്തുമണികൾ പതിച്ച മഞ്ജീരത്തിന്റെ ശോഭയാൽ ഇളം

**മന്ത്രേണ തമസേവന്ത വേദാ: സാംഗവിഭൂതയ:**
**ഭക്ത്യാ ചൂഡാമണിം കാന്തം വഹന്ത ഇവ മൌലിഭി: 42**

42. ഷഡാംഗങ്ങളിലെല്ലാം വിഭൂതികൾ ധരിച്ച വേദപുരുഷനായ ബ്രഹ്മാവ് ഉപനിഷത്തുക്കളാകുന്ന തന്റെ ശിരസ്സുകളിൽ മനോഹരമായ രത്നങ്ങൾ (മുത്ത്) പതിച്ച കിരീടം ധരിച്ചുകൊ് ഭക്തിയോടുകൂടി മന്ത്രങ്ങൾ ജപിച്ചു ശ്രീപരമേശ്വരനെ സേവ ചെയ്തുകൊിരുന്നു.

**തദീയായുധധാരിണ്യസ്തത്സമാനവിഭൂഷണാ:**
**അംഗഭൂതാ: സ്ത്രിയാ: കാശ്ചിദാസേവന്ത തമീശ്വരം 43**

43. വേദങ്ങളുടെ അംഗഭൂതരായ ദേവസ്ത്രീകൾ അവരുടെ അസ്ത്ര ശസ്ത്രങ്ങൾ ധരിച്ച് അവർക്കനുയോജ്യമായ വേഷഭൂഷാധികളാൽ അലംകൃതരായി ശിവേശ്വരസേവ ചെയ്തുകൊിരുന്നു.

**ആപ്താധികാരിണ: കേചിദനന്തപ്രമുഖാ അപി**
**അഷ്ടൌ വിദ്വേശ്വരാ ദേവംഭജന്ത സംന്തത: 44**

44. അനന്തൻ മുതലായവ വിശ്വസ്ഥരായ എട്ടു വിദ്യേശ്വരന്മാർ ഭഗവാൻ ശിവനു ചുറ്റിലും സദാ നേരവും സേവ ചെയ്തു കൊിരുന്നു.

**തതോ നന്ദീ മഹാകാലശ്ചണ്ഡോ ഭൃംഗീ രിടിസ്തത:**
**ഘാകർണ്ണ: പുഷ്പദന്ത: കപാലീ വീരഭദ്രക: 45**
**ഏവമാദ്യാ മഹാഭാഗാ മഹാബലപരാക്രമാ**
**നിരങ്കുശമഹാസത്വാ ഭേജിരേ തം മഹേശ്വരം 46**

45/46. ഇതിനുശേഷം, മഹാബലവാന്മാരും, പരാക്രമികളും, സ്വതന്ത്രരും, മഹാസത്വന്മാരുമായ മഹാകാല ചണ്ഡൻ, ഭൃംഗി, രിടി, ഘാകർണ്ണൻ, പുഷ്പദന്തൻ, കപാലി, വീരഭദ്രൻ മുതലായ പ്രമഥഗണങ്ങൾ ശ്രീപരമേശ്വര സേവ ചെയ്തു കൊിരുന്നു.

**അണിമാദികമൈശ്വര്യം യേഷാം സിദ്ധേരപോഹനംന**





ത്താൽ അവിടുത്തെ നാസാഛിദ്രം മന്ദഹസിച്ചുകൊിരിക്കുകയാണെന്നു തോന്നുമായിരുന്നു.

**മണിതാടങ്കരങ്കാന്തർവലിതാപാംഗലീലയാ**
**നേത്രദ്വിതയസൌന്ദര്യനിന്ദിതേന്ദീവരത്വിഷാ 28**

28. മുത്തുമണികൾ (രത്നങ്ങൾ) പതിച്ച കർണ്ണാഭരണമാകുന്ന രംഗമഞ്ചം കൊ് ദേവിഉമ കടാക്ഷ വിക്ഷേപണം നടത്തിക്കൊിരിക്കുകയാണെന്നും തോന്നും. നീലത്താമരയുടെ സൌന്ദര്യത്തെപ്പോലും വെല്ലുന്നതാ (തിരസ്കരിക്കത്തക്കത്) യിരുന്നു അവിടുത്തെ ഇരു നയനങ്ങളുടെയും സൌന്ദര്യം.

**കുസുമായുധകോദണ്ഡകുടിലഭ്രൂവിലാസയാ**
**ബന്ധൂകകുസുമഛായാബന്ധുഭൂതാƒധരശ്രീയാ 29**

29. അവിടുത്തെ പുരികകൊടികൾ കാമദേവന്റെ വില്ലുപോലെ വളഞ്ഞതും, അധരത്തിന്റെ ശോഭ ബന്ധൂക പുഷ്പത്തിന്റെ ഛായയ്ക്കു സമാനവുമായിരുന്നു.

**കണ്ഠനാളജിതാനാംഗകംബുബിബ്ബോകസമ്പദാ**
**ബാഹുദ്വിതയസൌഭാഗ്യവഞ്ചിതോത്പലമാലയാ 30**

30. കണ്ഠനാളത്തിൽ നിന്നും നിർഗ്ഗമിച്ച ദേവിയുടെ ശബ്ദം കാമദേവന്റെ ശംഖനാദത്തേപ്പോലും തോല്പിക്കുന്നതായിരുന്നു. ഇരുഭുജങ്ങളുടെയും സൌന്ദര്യമാകട്ടെ നിലത്താമരയെപോലും തിരസ്കരിക്കുന്നവിധമുള്ളതായിരുന്നു.

**സ്ഥിരയൌവ്വനലാവണ്യശൃംഗാരിതശരീരയാ**
**അത്യന്തകഠിനോത്തുംഗപീവരസ്ഥനഭാരയാ 31**

31. സ്ഥിരയൌവ്വനത്തിന്റെ ലാവണ്യത്താൽ ആ തിരുമേനി ശൃഗാരയുക്തമായി തോന്നിയിരുന്നു. അത്യന്തം കഠിനവും, ഉയർന്നതും, വിസ്തൃതവുമായ സ്തനങ്ങളുടെ ഭാരത്താൽ നമ്രമുഖിയും യുക്തയുമായിരുന്നു അവിടുന്ന്.

**മൃണാളവല്ലരീതന്തുബന്ധുഭൂതാവലഗ്നയാ**
**ശൃംഗാരതടിനീതുഗപുളിനശ്രോണിഭാരയാ 32**

32. താമര (നാളത്തിലെ) നൂൽ പോലെ ക്ഷീണിച്ചതായിരുന്നു ദേവിയുടെ അരക്കെട്ട്. ശൃംഗാരരൂപിയായ നദിയുടെ ഉയർന്ന തീരങ്ങളെപ്പോലെ നിതംബങ്ങളുടെ ഭാരത്താൽ ദേവി അലസ ഗമനയായിരുന്നു.

**കുസുംഭകുസുമച്ഛായാകോമളാംബരശോഭയാ**
**ശൃംഗാരോദ്യാനസംരംഭരംഭാസ്തംഭോരുകാണ്ഡയാ 33**

33. കുസുംഭപുഷ്പങ്ങളുടെ വർണ്ണത്തിലുള്ള മനോഹരമായ വസ്ത്രത്തോടുകൂടി അവിടുന്ന ശോഭിച്ചിരുന്നു. ഉദ്യാനത്തിലെ വാഴപ്പിപോലെ ശോഭിക്കുന്ന തൂണിനു സമാനം ഭംഗിയുള്ളതായിരുന്നു അവിടുത്തെ തുടകൾ.

**ചൂതപ്രവാളസുഷമാസുകുമാരപദാബ്ജയാ**
**സ്ഥിരമംഗളശൃംഗാരഭൂഷണാലംകൃതാംഗയാ 34**

34. മാന്തളിർപോലെ സുന്ദരവും സുകുമാരവുമായിരുന്നു അവിടുത്തെ കാലുകൾ മംഗളമയവും, ശൃംഗാരതരവുമായ ആഭൂഷണങ്ങളാൽ അംഗതലങ്ങൾ അലംകൃതമായിരുന്നു.

**ഹാരനൂപുരകേയൂരചമത്കൃതശരീരയാ**
**ചക്ഷുരാനന്ദലതയാ സൌഭാഗ്യകുലവിദ്യയാ 35**

35. കണ്ഠാഭരണങ്ങൾ, പാദസ്വരങ്ങൾ, കൈവളകൾ എന്നിവകളാൽ അവിടുത്തെ മേനി തിളങ്ങിക്കൊിരുന്നു. ആനന്ദം കൊ് കണ്ണുകൾ നീു വിടർന്ന ഇലകൾ പോലെയായിരുന്നു. യഥാർത്ഥത്തിൽ സൌഭാഗ്യത്തിന്റെ കുലവതിയും, വിദ്യാരൂപിണിയുമായിരുന്നു ദേവി.

**ഉമയാ സമമാസീനം ലോകജാലകുടുംബയാ**
**അപൂർവ്വരൂപമഭജൻ പരിവാരാ: സമന്തത: 36**

36. ജഗന്നാഥയായ (പ്രപഞ്ച കുടുംബിനി) ഉമാദേവിയോടൊപ്പം ഭഗവാൻ ശിവശങ്കരൻ ഇരിക്കുന്നുായിരുന്നു. ഉമാദേവിയോടൊപ്പം ഇരിക്കുന്ന ഉമാനാഥന്റെ അപൂർവ്വസ്വരൂപത്തെ അവിടുത്തെ പരിവാരങ്ങളായ ശിവഗണങ്ങൾ നാനാവശങ്ങളിൽ നിന്നും സേവി







ച്ചുകൊിരുന്നു.

**പുണ്ഡരീകാകൃതിം സ്വച്ഛം പൂർണചന്ദ്രസഹോദരം**
**ദധൌ തസ്യ മഹാലക്ഷ്മീ: സിതമാതപവാരണം 37**

37. വെൺതാമരയുടെ ആകൃതിയോടുകൂടിയതും, പൂർണ്ണചന്ദ്രനെപ്പോലെ വെളുത്ത നിറമുള്ളതുമായ കുട മഹാലക്ഷ്മി ഉമാദേവിയെ ചൂടിച്ചുകൊിരുന്നു.

**തന്ത്രീഝങ്കാരശാലിന്യാ സംഗീതാമൃതവിദ്യയാ**
**ഉപതസ്ഥേ മഹാദേവമുപാന്തേ ച സരസ്വതീ. 38**

38. സംഗീതമാകുന്ന അമൃതവിദ്യകൊ് സരസ്വതിദേവി മഹാദേവന്റെ സമീപത്ത് വീണാനാദത്താൽ ഉപാസന ചെയ്തുകൊിരുന്നു.

**ഝണത്കങ്കണജാതേന ഹസ്തേതോപനിഷദ്വധു:**
**ഓംകാരതാളവൃന്ദേന ബീജയാമസ ശങ്കരം 39**

39. ഉപനിഷത്താകുന്ന വധു ഇളകുന്ന (ചലിക്കുന്ന) വളകളണിഞ്ഞ കൈകളാൽ ഓംകാരമാകുന്ന വിശറി (വെൺചാമരം) കൊു ഭഗവാൻ ശിവശങ്കരനെ വിശിക്കൊിരുന്നു.

**ചലച്ചാമരികാഹസ്താ ഝങ്കുർവന്മണികങ്കണാ:**
**ആസേവന്ത തമീശാനമഭിതോ ദിവ്യകന്യകാ: 40**

40. കിലുകിലുനാദം പുറപ്പെടുവിച്ചുകൊിരുന്ന രത്നങ്ങൾ പതിച്ച വളകളണിഞ്ഞിരുന്ന കൈകളാൽ ഇന്ദ്രാണി മുതലായ ദേവസ്ത്രീകൾ ഭഗവാൻ ശിവശങ്കരനു ചുറ്റും വെൺചാമരം വീശിക്കൊ് നിന്നു സേവ ചെയ്തുകൊിരുന്നു.

**ചാമരാണാം വിലോലാനാം മദ്ധ്യേ തന്മുഖമണ്ഡലം**
**രരാജ രാജഹംസാനാം ഭ്രമതാമിവ പങ്കജം 41**

41. ഇളകിയാടുന്ന ചാമരങ്ങൾക്ക് നടുവിലിരിക്കുന്ന ശിവശങ്കരന്റെ മുഖം ചുറ്റിക്കറങ്ങിക്കൊിരിക്കുന്ന രാജഹംസങ്ങളുടെ ഇടയിൽ സ്ഥിതി ചെയ്യുന്ന താമരപോലെ തോന്നിച്ചിരുന്നു.

**ഹാസ്യനൃത്യം ക്ഷണം പശ്യൻ ഭൃംഗിണാ പരികല്പിതം**
**നന്ദിനാ വേത്രഹസ്തേന സർവ്വതന്ത്രാധികാരിണാ 60**
**അമുഞ്ചതാ സദാ പാർശ്വമാത്മാഭിപ്രായവേദിനാ**
**ചോദിതാം വാസയൻ കാംശ്ചിദ്വിസൃജൻ ഭ്രൂവിലാസതഃ**
**സംഭാവയംസ്തഥാ ചാന്യാനന്യാനപി നിരാമയൻ 61**

60/61. ചിലപ്പോൾ ഭൃംഗി മുതലായ പ്രമഥഗണങ്ങളുടെ ഹാസ്യ നൃത്തം കാണുന്നുവെങ്കിൽ മറ്റുചിലപ്പോൾ സർവ്വാധികാരിയായ വേത്രഹസ്തൻ (ശിവൻ) സദാ നേരവും സമീപത്തിരുന്ന് (നിന്ന്) ആത്മാഭിപ്രായങ്ങളറിയുന്ന നന്ദിയാൽ വിളിപ്പിക്കപ്പെട്ട ആൾക്കാരെ കൊുവരികയും, ചിലരെ തിരിച്ചയയ്ക്കുകയും, പ്രിയമായ വാക്കുകൾ കൊ് ചിലരെ സന്തുഷ്ടരാക്കുകയും മറ്റുചിലരെ ശാസിക്കുകയും ചെയ്തുകൊിരുന്നു.

**സമസ്തഭുവനാധീശമൌലിലാളിതശാസനഃ**
**അകുണ്ഠശക്തിരവ്യാജലാവണ്യലളിതാകൃതിഃ 62**

62. സമസ്ത ലോകങ്ങളുടെയും സ്വാമിയായ മഹാദേവന്റെ നിർദ്ദശം ജനങ്ങൾക്ക് സ്വീകാര്യവും രൂപം സ്വാഭാവിക സൌന്ദര്യത്തേക്കാൾ അതീവ സുന്ദരവും, ശക്തി സംശയ രഹിതവുമായിരുന്നു.

**സ്ഥിരയൌവ്വനസൌരഭ്യശൃംഗാരിതകളേവരഃ**
**ആത്മശക്ത്യമൃതാസ്വാദരസോല്ലാസിതമാനസ 63**

63. അവിടുത്തെ ശരീരം സ്ഥിരമായ യൌവ്വനത്തിന്റെ സുഗന്ധത്താൽ സുസജ്ജിതവും, മനസ്സ് ആത്മശക്തിയാകുന്ന അമൃതിന്റെ രസമാസ്വദിച്ചതിനാൽ ഉല്ലാസ്സയുക്തവുമായിരുന്നു.

**സ്വാഭാവികമഹൈശ്വര്യവിശ്രാമപരമാവധിഃ**
**നിഷ്കളങ്കമഹാസത്വനിർമിതാനേകവിഗ്രഹഃ 64**

64. സ്വാഭാവികമായ മഹാ ഐശ്വര്യത്തിന്റേയും ശാന്തിയുടേയും അന്തിമ സീമയായവനും, തന്റെ സ്വരൂപത്തിന് കളങ്കമേശാതെ മഹാസത്വം മുഖേന അനേകം ശരീരത്തെ ധരിക്കുന്നവനുമാകു







**ബ്രഹ്മാദയഃ സുരാ യേഷമാജ്ഞാലംഘനനഭീരവഃ 47**

47. ആ പ്രമഥ ഗണങ്ങളുടെ സിദ്ധിക്കു മുൻപിൽ, മഹിമ, ലഘിമ, ഗരിമ, പ്രാപ്തി, പ്രാകമ്യ, ഈശിത്വ, വശിത്വ തുടങ്ങിയ അഷ്ടസിദ്ധികൾ വളരെ ചെറുതായിരുന്നു. ബ്രഹ്മാവ് മുതലായ ദേവന്മാർ പ്രമഥഗണങ്ങളുടെ ആജ്ഞകൾ ലംഘിക്കുന്നതിൽ ഭയഭീതരായിരുന്നു.

**മോക്ഷലക്ഷ്മിപരിഷ്വങ്കമുദിതാ യേഽന്തരാത്മനാ**
**യംഷാമീഷത്കരം വിശ്വസർഗ്ഗസംഹാരകല്പനം 48**

48. തങ്ങളുടെ അന്തരാത്മാവിൽ മേക്ഷലക്ഷ്മിയുടെ ആലിംഗനത്താൽ ആ പ്രമഥ ഗണങ്ങൾ ആനന്ദമയരായിരുന്നു. അതുകൊ് അവർക്ക് പ്രപഞ്ചത്തിന്റെ സൃഷ്ടിയും, സംഹാരവും വളരെ എളുപ്പമുള്ള കാര്യമായിരുന്നു.

**ജ്ഞാനശക്തിഃ പരാ യേഷാം സർവ്വവസ്തുപ്രകാശിനീ**
**ആനന്ദകണികാ യേഷാം ഹരിബ്രഹ്മാദിസമ്പദാഃ 49**

49. മോക്ഷലക്ഷ്മിക്കും ഉപരിയായുള്ള ജ്ഞാനശക്തി സകല വസ്തുക്കൾക്കും പ്രകാശം തൽകുന്നതായിരുന്നു. വിഷ്ണു, ബ്രഹ്മാവ് മുതലായ ദേവന്മാരുടെ മുഴുവൻ സമ്പത്തും കൂടിയാൽ അവയെല്ലാം ആ ശക്തിയുടെ പക്കലുള്ള ആനന്ദത്തിന്റെ (കണിക) ഒരംശം മാത്രമായിരുന്നു.

**ആകാങ്ഷന്തേ പദം യേഷാം യോഗിനോ യോഗതല്പരാഃ**
**കാങ്ഷണീയഫലോ യേഷാം സങ്കല്പഃ കല്പപാദപഃ 50**

50. ശിവയോഗ തല്പരരായ ശിവയോഗികൾ അവിടുത്തെ ചരണങ്ങളെ കാംക്ഷിച്ചു ജീവിക്കുന്നവരാണ്. അവിടുത്തെ സങ്കല്പം തന്നെ മനസ്സിലാഗ്രഹിക്കുന്ന ഫലം കൊടുക്കുന്ന കല്പവൃക്ഷമെന്നാകുന്നു.

**കർമകാലാദികാർപ്പണ്യചിന്താ യേഷാം ന വിദ്യതേ**
**യേഷാം വിക്രമസന്നാഹാ കൃത്യോരപി ച കൃത്യവഃ**
**തേ സാരൂപ്യപദം പ്രാപ്താഃ പ്രമഥാ ഭേജിരേശിവം 51**

51. കർമ്മം, കാലം മുതലായവകളിലൂടെയുായ ദുഃഖത്തെക്കുറിച്ച് വിചാരമില്ലാത്തവരുടെ പരാക്രമപൂർണ്ണമായ പ്രവർത്തികൾ മൃത്യുവിന്റെയും മൃത്യുവാകുന്നു. ഭഗവാൻ ശിവന്റെ (സാരൂപ്യം) മോക്ഷപദം ലഭ്യമാക്കിയ പ്രമഥഗണങ്ങൾ ശിവസേവാനിരതരായിരുന്നു.

**ബ്രഹ്മോപേന്ദ്രമഹേന്ദ്രാദ്യാ വിശ്വതന്ത്രാധികാരണം**
**ആയുധാലംകൃതപ്രാന്താ: പരിതസ്തം സിഷേവിരേ 52**

52. ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഇന്ദ്രൻ മുതലായ ദേവന്മാർ തന്താങ്ങളുടെ ശസ്ത്രങ്ങളാൽ സജ്ജരായിട്ട് വിസ്തൃതമായ ഈ പ്രപഞ്ചത്തിന്റെ അധികാരിയായ ഭഗവാൻ ശിവശങ്കരന്റെ സാർവ്വഭൗമസേവ നടത്തിക്കൊിരുന്നു.

**ആദിത്യാ വസവോ രുദ്രാ യക്ഷഗന്ധർവ്വ കിന്നരാ:**
**ദാനവാ രാക്ഷസാ ദൈത്യാ: സിദ്ധാ വിദ്യാധരോരഗാ:**
**അഭജന്ത മഹാദേവമപരിച്ഛിന്നസൈനികാ. 53**

53. ദ്വാദശ സൂര്യന്മാർ, അഷ്ട വസുക്കൾ, ഏകാദശ രുദ്രന്മാർ, കുബേരൻ മുതലായ യക്ഷന്മാർ, ഹാഹാ, ഹുഹു മുതലായ ഗന്ധർവ്വന്മാർ, അശ്വമുഖൻ മുതലായ കിന്നരന്മാർ, ബാണൻ മുതലായ ദാനവന്മാർ, രാവണൻ മുതലായ രാക്ഷസന്മാർ, താരകൻ മുതലായ ദൈത്യന്മാർ ആദിനാഥൻ തുടങ്ങിയ സിദ്ധന്മാർ, മണിഭദ്രൻ തുടങ്ങിയ വിദ്യാധരന്മാർ, ശേഷനാഗം മുതലായ സർപ്പങ്ങൾ എന്നിവരെല്ലാം അസംഖ്യം സൈന്യബലത്തോടുകൂടി യോഗ്യരായി മഹാദേവന്റെ സേവ ചെയ്തുകൊിരുന്നു.

**വസിഷ്ഠോ വാമദേവശ്ച പുലസ്ത്യാഗസ്ത്യശൌനകാ:**
**ദധീചിഗൌതമശ്ചൈവ സാനന്ദശുക നാരദാ: 54**
**ഉപമന്യു ഭൃഗുവ്യാസപരാശരമരീചയ:**
**ഇത്യാദ്യാ മുനയ: സർവ്വേ നീലകണ്ഠം സിഷേവിരേ 55**

54/55. വസിഷ്ഠൻ, വാമദേവൻ, പുലസ്ത്യൻ, അഗസ്ത്യൻ,







ശൌനകൻ, ദധീചി, ഗൌതമൻ, സാനന്ദൻ, ശുകദേവൻ, നാരദൻ, ഉപമന്യു, ഭൃഗു, വ്യാസൻ, പരാശരൻ, മരീചി മുതലായ സമസ്ത ഋഷിവര്യന്മാരും നീലകണ്ഠനായ ശിവശങ്കരന്റെ സേവ ചെയ്തുകൊിരുന്നു.

**പാർശ്വസ്ഥപരിവാരാണാം വിമലാംഗേഷു ബിംബിത:**
**സർവ്വാന്തർഗതമാത്മാനം സ രേജേ ദർശയന്നിവ 56**

56. സമീപത്തു നിന്നിരുന്ന ശിവഗണങ്ങളായ പരിവാരങ്ങളുടെ നിർമ്മലമായ അംഗങ്ങളിൽ നിഴലിച്ചിരുന്ന ശിവൻ, താൻ സ്വയം സർവ്വരിലും വിരാജിച്ചിരിക്കുന്നു എന്നതുകാണിച്ചു കൊടുത്തുകൊ് പ്രശോഭിതനായിരുന്നു.

**ക്ഷണം സ ശംഭുർദ്ദേവാനാം കാര്യഭാഗം നിരൂപയൻ**
**ക്ഷണം ഗന്ധർവ്വരാജാനം ഗാനവിദ്യാം വിഭാവയൻ 57**

57. ഭഗവാൻ ശംഭു ഒരു നിമിഷത്തേക്ക് ദേവന്മാരുടെ കാര്യങ്ങൾ തിരിക്കിക്കൊിരിക്കുകയും, ചിലപ്പോൾ ഗന്ധർവ്വന്മാരുടെ ഗാനവിദ്യകൾ കേട്ടുകൊിരിക്കുകയും ചെയ്യുന്നു.

**ബ്രഹ്മവിഷ്ണുവാദിഭിർദ്ദേവൈ: ക്ഷണമാലാപമാചരൻ**
**ക്ഷണം ദേവമൃഗാക്ഷീണാം ലാലയന്നൃത്യവിഭ്രമം 58**

58. ചില നിമിഷം വിഷ്ണുബ്രഹ്മാദി ദേവന്മാരുടെ കൂടെ സംസാരിച്ചുകൊിരിക്കുന്നു. അടുത്ത നിമിഷത്തിൽ അവിടുന്ന് ദേവസ്ത്രീകളുടെ നൃത്തത്തെ പ്രശംസിച്ചുകൊിരിക്കുകയായിരിക്കും.

**വ്യാസാദീനാം ക്ഷണം കുർവ്വൻ വേദോച്ചാരേഷു ഗൌരവം**
**വിദധാന: ക്ഷണം ദേവ്യാ മുഖേ ബിംബാധരേ ദൃശ: 59**

59. ഒരു ക്ഷണത്തിൽ വേദോച്ചാരണത്തിന്റെ കാര്യത്തിൽ വ്യാസൻ മുതലായ ഋഷിമാരെ പ്രശംസിക്കുന്നുവെങ്കിൽ അടുത്ത ക്ഷണത്തിൽ ദേവി ഉമയുടെ ബിംബ സദൃശമായ അധരത്തോടുകൂടിയ മുഖത്തെ നോക്കിക്കാണുകയായിരിക്കും.

ന്മാരുടെയും സേവകത്വമാകുന്ന ദൈന്യതയുടെ 'ജന്മ സ്ഥലി'യായ ആദ്ധ്യാത്മികവും ആധിഭൌതികവും ആധിദൈവികവുമായ മൂന്നുതരം താപങ്ങളാൽ യുക്തമായതും വർണ്ണാശ്രമ ധർമ്മങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതുമായ മനുഷ്യയോനിയെ പ്രാപിച്ച്, അവിടുത്തെ പദകമലങ്ങളെ സേവിക്കുന്നവനായി ഞാൻ എങ്ങനെ കഴിയും? അല്ലയോ കരുണാനിധേ! ഭൂമിയിൽ എനിക്കു മാനുഷഭാവം ഇല്ലാതിരിക്കുന്നതിനുള്ള കൃപ ചെയ്ത് അനുഗ്രഹിച്ചാലും.

**ഇതി സംപ്രാത്ഥിതോ ദേവോ രേണുകേന മഹേശ്വര:**
**മാ ഭൈഷീർമമ ഭക്താനാം കുതോ ഭിതിരിഹേഷ്യതി: 82**

82. രേണുകരുടെ ഇപ്രകാരമുള്ള അപേക്ഷ കേട്ടശേഷം മഹേശ്വരൻ പറഞ്ഞു. ഭയപ്പെടേ എന്റെ ഭക്തന്മാർക്ക് ഈയുലകിൽ ഭയമെവിടെ ?

**ശ്രീശൈലസ്യോത്തരേ ഭാഗേ ത്രിലിംഗവിഷയേ ശുഭേ**
**കൊല്ലീപാക്യഭിധാനോഽസ്തി കോഽപി ഗ്രാമോ മഹത്തര: 83**

83. ശ്രീശൈലത്തിന്റെ വടക്കു ഭാഗത്തു സ്ഥിതി ചെയ്യുന്ന തെലുങ്കാനാ ദേശത്തിൽ 'കൊല്ലീപാകി' എന്നു പേരായ വലിയൊരു ഗ്രാമമു്.

**സോമേശ്വരഭിധാനസ്യ തത്ര വാസവതോ മമ**
**അസ്പൃശൻ മാനുഷം ഭാവം ലിംഗാത് പ്രാദുർഭവിഷ്യസി 84**

84. അവിടുത്തെ സോമേശ്വര ലിംഗമെന്ന ശിവലിംഗത്തിൽ നിന്നും മാനുഷഭാവ സ്പർശനമേല്കാതെ തന്നെ നീ ജനിക്കും.മനുഷ്യ ശരീരത്തിൽ നിന്നും നിന്റെ ജന്മമുാവുകയില്ല.

**മദീയലിംഗസംഭൂതം മദ്ഭക്ത പരിപാലകം**
**വിസ്മിതാ മാനുഷാ: സർവ്വേ ത്വാം ഭജന്തു മദാജ്ഞയാ 85**

85. എന്റെ അജ്ഞയാൽ സർവ്വരേയും ആശ്ചര്യചകിതനാക്കികൊ് എന്റെ അടയാളമായ ശിവലിംഗത്തിൽ നിന്നും പ്രത്യക്ഷപ്പെട്ട്, എന്റെ സ്വരൂപമായ നിന്റെ സേവ ഭക്തപരിപാലകർ





ന്നു.

**അഖണ്ഡാരതിദോർദണ്ഡകണ്ഡുഖണ്ഡനപണ്ഡിത:**
**ചിന്താമണി: പ്രപന്നാനാം ശ്രീകണ്ഠ: പരമേശ്വര: 65**

65. സകല ശത്രുക്കളുടെയും ശത്രുത (കൈത്തരിപ്പ്) ഇല്ലാതാക്കുന്നതിൽ വിദഗ്ദനായും ശരണാഗതർക്കുവേ ചിന്താമണിയേപ്പോലെയും ശോഭിച്ചിരുന്നു.

**സഭാന്തരഗദം തന്ത്രം രേണുകം ഗണനായകം**
**പ്രസാദം സുലഭം ദാതും താംബൂലം സ തമാഹ്വയത് 66**

66. ഭഗവാൻ ശിവൻ ദേവസഭയ്ക്കുള്ളിലിരുന്ന് മുഖ്യഗണനായകനായ രേണുകരെ പ്രസാദ സുലഭമായ താംബൂലം കൊടുക്കുന്നതിനായി വിളിച്ചു.

**ശംഭോരാഹ്വാനസന്തോഷസംഭ്രമേണൈവ ദാരുകം**
**ഉല്ലംഘ്യ പാർശ്വമഗമല്ലോകനാഥസ്യ രേണുക: 67**

67. ഭഗവാന്റെ വിളികേട്ടപ്പോൾ വേഗത്തിൽ ദാരുകരെ മറികടന്നു കൊ് ജഗന്നാഥനായ ശിവശങ്കരനെ സന്തുഷ്ടനാക്കുവാൻ വേ അവിടുത്തെ വാമഭാഗത്തേക്ക് എത്തി.

**തമാലോക്യ വിഭുസ്തത്ര സമുലംഘിതദാരുകം**
**മാഹാത്മ്യം നിജഭക്തനാം ദ്യോതയന്നിദമബ്രവീത് 68**

68. സർവ്വവ്യാപിയായ ശ്രീപരമേശ്വരൻ തന്റെ ഭക്തന്മാരുടെ മഹാത്മ്യത്തെ കാണിച്ചു കൊടുക്കുന്നതിനായി ദാരുകരെ ലംഘിച്ച് (തടഞ്ഞ്) കടന്നുവന്നവനായ രേണുകാ ഗണേശ്വരനോട് ഇപ്രകാരം പറഞ്ഞു.

**രേ രേ രേണുക ദുർബുദ്ധേ കഥമേഷ ത്വയാഽധുന**
**ഉല്ലംഘിത: സഭാമദ്ധ്യേ മമ ഭക്തോ ഹി ദാരുക: 69**

69. എടാ ദുഷ്ടബുദ്ധിയായ രേണുകരേ ! നീ സഭയുടെ ഇടയ്ക്കുവച്ച് എന്റെ ഭക്തൻ ദാരുകരെ (തടഞ്ഞ്) ലംഘിച്ച് കടന്നതെന്തിന്?

**ലംഘനം മമ ഭക്തനാം പരമാനർത്ഥകാരണം**

**ആയു: ശ്രീയം കുലം കീർത്തി നിഹന്തി ഹി ശരീരിണാം 70**

70. എന്റെ ഭക്തരെ തടയുന്നത് വലിയ അനർത്ഥങ്ങൾക്കു കാരണമാകുന്നു. ആ മനുഷ്യരുടെ ആയുസ്സ്, ഐശ്വര്യ ലക്ഷ്മി, കുലം, കീർത്തി എന്നിവയെല്ലാം ഇല്ലാതാക്കുന്നു.

**മമ ഭക്തമവ ജ്ഞായ മാർക്കണ്ഡേയം പുരാ യമ:**
**മത്പാദതാഡനാദാസീത് സ്മരണീയകളേവര: 71**

71. പണ്ടൊരിക്കൽ എന്റെ ഭക്തനായ മാർക്കണ്ഡേയന്റെ ആയുസ്സിനു വേണ്ടിയുള്ള അപേക്ഷയെ യമരാജൻ അവഗണിച്ചതിനാൽ എന്റെ കാലിന്റെ പ്രഹരമേറ്റ് ഇല്ലാതായിപ്പോയി.

**ഭൃഗോശ്ച ശങ്കുകർണ്ണസ്യ മമ ഭക്തിമതോസ്തയോ:**
**കൃത്വാനിഷ്ഠമഭൂത് വിഷ്ണുർവ്വികേശാ ദശയോനിഭാക് 72**

72. പണ്ടൊരിക്കൽ എന്റെ ഭക്തനായ ഭൃഗുവിനോടും, ശംഖകർണ്ണനോടും വിഷ്ണു അനിഷ്ടം ചെയ്തതിനാൽ വിശേഷ തരത്തിൽ നെറ്റിയിൽ കേശമുള്ളവനാകുകയും, പത്തുപ്രാവശ്യം അവതാരമെടുക്കുകയും ചെയ്തു.

**മദ്ഭക്തേന ദധിചേന കൃത്വാ യുദ്ധം ജനാർദ്ദന:**
**ഭഗ്നചക്രായുധ: പൂർവ്വ പരാഭവമുപാഗമത്. 73**

73. ഒരിക്കൽ എന്റെ ഭക്തൻ ദധീചിയോടു യുദ്ധം ചെയ്ത് മഹാവിഷ്ണുവിന്റെ വില്ലും, ചക്രായുധവും ഒടിച്ചു കളഞ്ഞ് പരാജിതനാക്കി.

**കൃതാശ്വമേധോ ദക്ഷോഽപി മദ്ഭക്താംശ്ച ഗണേശ്വരാൻ**
**അവമത്യ സഭാമദ്ധ്യേ മേഷവക്ത്രോഽ ഭവത് പുരാ. 74**

74. അശ്വമേധയാഗം ചെയ്തവനായ ദക്ഷൻ സഭാമദ്ധ്യത്തിൽ വച്ച് എന്റെ ഭക്തരായ ഗണേശ്വരന്മാരെ അപമാനിച്ചതിനാൽ ചെമ്മരിയാടിനേപ്പോലായിത്തീർന്നു.

**ശ്വേതസ്യ മമ ഭക്തസ്യ ദുരേതിക്രമതേജസ:**
**ഔദാസിന്യേന കാലോഽപി മയാ ദഗ്ധ: പുരാഽഭവത് 75**

75. പണ്ടൊരിക്കൽ അസാധാരണമായ തേജസ്സുള്ളവനായ എന്റെ ഭക്തൻ ശ്വേതനെ മടിയനാക്കിയതിനാൽ ഞാൻ കാലനേയും ചാമ്പലാക്കി





**ഏവമന്യേഽപി ബഹവോ മദ്ഭക്താനാമതിക്രമാത്**
**പരിഭൂതാ ഹതാശ്ചാസൻ ഭക്താ മേ ദുരതിക്രമാ: 76**

76. ഇപ്രകാരം നിരവധിപേർ എന്റെ ഭക്തരെ അതിക്രമിച്ചു കടന്നതുമൂലം എന്റെ പരിഭവത്തിനു പാത്രമാവുകയും മരിച്ചുപോവുകയും ചെയ്തു. ആയതിനാൽ എന്റെ ഭക്തരെ ലംഘിക്കുവാൻ പാടില്ലാത്തതാണ്.

**അവിചാരേണ മദ്ഭക്തോ ലംഘിതോ ദാരുകസ്ത്വയാ**
**ഏഷ ത്വം രേണുകാനേന ജന്മവാൻ ഭവ ഭൂതലേ 77**

77. അല്ലയോ രേണുകരേ! നിങ്ങൾ ആലോചനയില്ലാതെ എന്റെ ഭക്തനായ ദാരുകരെ ലംഘിച്ചതു മൂലം നീ ഭൂമിയിൽ ജന്മമെടുക്കുക.

**ഇത്യുക്ത: പരമേശേന ഭക്താഹാത്മ്യശംസിനാ**
**പ്രാർത്ഥയാമാസ ദേവേശം പ്രണിപത്യ സ രേണുക: 78**

78. ഭക്തന്മാരുടെ മഹാത്മ്യത്തെപ്പറ്റി പറയുന്ന അവിടുത്തെ പാദാരവിന്ദങ്ങളിൽ വീണ് രേണുകർ ദേവേശനായ ഭഗവാൻ ശിവനോടപേക്ഷിച്ചു.

**മാനുഷീം യോനിമാസാദ്യ മഹാദുഃഖവിവർദ്ധിനീം**
**ജാത്യായുർഭോഗവൈഷമ്യഹേതുകർമോപപാദിനീം 79**
**സമസ്തദേവ കൈംകര്യകാർപണ്യപ്രസവസ്ഥലീം**
**മഹാതാപത്രയോപേതാം വർണ്ണശ്രമനിയന്ത്രിതാം**
**വിഹായ ത്വത് പദാംഭോജസേവാം കിം വാ വസാമ്യഹം 80**
**യഥാ മേ മാനുഷോ ഭാവോ ന ഭവേത് ക്ഷിതിമണ്ഡലേ**
**തഥാ പ്രസാദം ദേവേശ വിധേഹി കരുണാനിധേ 81**

79/81. അല്ലയോ ദേവേശാ! മഹാദുഃഖത്തെ വളർത്തുവാനും, ജന്മം, ആയുസ്സ് ഭോഗം എന്നിവകൾക്കൊുള്ള വിഷമങ്ങൾക്കു കാരണഭൂതമായ കർമ്മങ്ങൾ ചെയ്യിക്കുന്നവനും, സകല ദേവ

**നിർധൂതസർവ്വസംസാരവാസനാദോഷ പഞ്ജരം 5**

5. ശിവാദ്വൈതത്തിന്റെ പരിപൂർണ്ണജ്ഞാനത്താൻ ഉായ പരമാനന്ദത്തിൽ നിന്നും ഉത്ഭൂതനായ അദ്ദേഹം സർവ്വ ജഗത്തിലെയും സകല വിധത്തിലുമുള്ള ഇന്ദ്രിയ വാസനകളെയും (ലൌകിക വിഷയങ്ങൾ) ഇല്ലാതാക്കിയിരുന്നു.

**ശിവാഗമസുധാസിന്ധുസമുന്മേഷസുധാകരം**
**ചിത്താരവിന്ദസംഗൂഢശിവപാദാംബുജദ്വയം 6**

6. ശൈവാഗമമാകുന്ന അമൃത സിന്ധുവിന്റെ അഭിവൃദ്ധിക്കുവേി ചന്ദ്രനെപ്പോലെ തന്റെ ഹൃദയമാകുന്ന കമലത്തിൽ ഭഗവാൻ ശിവന്റെ ഇരുചരണകമലങ്ങളേയും അദ്ദേഹം ഒളിപ്പിച്ചിരുന്നു.

**യമാദിയോഗതന്ത്രജ്ഞം സ്വതന്ത്രം സർവ്വകർമസു**
**സമസ്തസിദ്ധസന്താനസമുദായശിഖാമണിം 7**

7. അദ്ദേഹം ശിവയോഗത്തിന്റെ എട്ടുഭാഗങ്ങളായ യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി എന്നീ യോഗ സാധനകൾ അറിയുന്നവനും സർവ്വകാര്യങ്ങളും ചെയ്യുന്നതിൽ സ്വതന്ത്രനും, സകല ശിവാദ്വൈത സിദ്ധാന്ത പരമ്പരാ സമൂഹത്തിലെ ശിഖാമണിയുമായിരുന്നു.

**വീരസിദ്ധാന്തനിർവ്വാഹികൃതപട്ടനിബന്ധനം**
**അലോകമാത്രനിർഭിന്നസമസ്തപ്രാണിപാതകം 8**

8. വീരശൈവ സിദ്ധാന്തം പ്രചരിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനും, ദർശനമാത്രകൊ് സകലരു (ജീവന്മാരുടെ)ടേയും പാപങ്ങൾ പോക്കുന്നവനുമായിരുന്നു ആ രേണുകാ ഗണേശ്വരാരാദ്ധ്യാചാര്യർ.

**തമപൃച്ഛൻ ജനാ: സർവേ നമന്ത: കോ ഭവാനിതി**
**ഇതി പൃഷ്ടോ മഹായോഗീ ജനൈർവിസ്മിതമാനസൈ 9**
**പ്രത്യുവാച ശിവാദ്വൈതമഹാനന്ദപരായണ:**
**പിനാകിന : പാർശ്വവർത്തീ രേണുകാഖ്യഗണേശ്വര: 10**







ചെയ്യും.

**മദദ്വൈതപരം ശാസ്ത്രം വേദവേദാന്തസമ്മതം**
**സ്ഥാപയിഷ്യസി ഭൂർലോകേ സർവ്വേഷാം ഹിതകാരകം 86**

86. നീ പൃഥ്വിലോകത്തിൽ വേദവേദാന്ത സമ്മതവും, സർവ്വ ഹിതകാരിയുമായ ശിവാദ്വൈത സിദ്ധാന്തം ശാസ് ത്രം (വീരശൈവ സിദ്ധാന്തം) സ്ഥാപിക്കും.

**മമ പ്രതാപമതുലം മദ്ഭക്തനാം വിശേഷത:**
**പ്രകാശയ മഹീഭാഗേ വേദമാർഗ്ഗാനുസാരത: 87**

87. 'അല്ലയോ രേണുകരേ ! നീ വേദമാർഗ്ഗത്തെ അനുസരിച്ചുകൊ് ഭൂതലത്തിൽ എന്റെ അതുല്യ പ്രതാപത്തെക്കുറിച്ച് വിശേഷപ്പെട്ട രീതിയിൽ ഭക്തർക്ക് പറഞ്ഞു കൊടുക്കുക'.

**ഇത്യുക്ത്വാ പരമേശ്വര : സ ഭഗവാൻ**
**ഭദ്രാസനാദുത്ഥിതോ**
**ബ്രഹ്മോപേന്ദ്രമുഖാൻ വിസൃജ്യ വിബുധാൻ**
**ഭ്യംസംജ്ഞയാ കേവല 88**
**പാർവ്വത്യാ സഹിതോ ഗണൈരഭിമതൈ:**
**പ്രാപ സ്വമന്ത:പുരം**
**ക്ഷോണീഭാഗമവാതരത് പശുപതേ-**
**രാജ്ഞാവശാദ് രേണുക: 89**

88/89. ഇപ്രകാരം പറഞ്ഞശേഷം ഭഗവാൻ ശ്രീ പരമേശ്വരൻ ഭദ്രാസനത്തിൽ നിന്നും എഴുന്നേറ്റ് പുരികകൊടികളാൽ സൂചന നൽകി ബ്രഹ്മാവ്, വിഷ്ണു, ഇന്ദ്രൻ മുതലായ ദേവന്മാരോട് വിട ചൊല്ലിയ ശേഷം അഭിമതരായ ശിവഗണങ്ങളോടും, പാർവ്വതി ദേവിയോടും കൂടി തന്റെ അന്തപുരത്തിലേക്ക് നടന്നുപോയി. പശുപതിയുടെ ആജ്ഞാനുസരണം രേണുകാ ഗണേശ്വരർ ഭൂലോകത്തിലും പ്രത്യക്ഷീ ഭവിച്ചു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാ**

**മണിയുടെ രേണുകാ ഭൂലോകാവതാരവർണ്ണന എന്ന 3-ാമത്തെ അദ്ധ്യായം സമാപ്തം.**







## അദ്ധ്യായം-4
## രേണുകാഗസ്ത്യ ദർശന വർണ്ണന

രേണുകാഗണേശാരാദ്ധ്യാചാര്യരുടെ ഭൂലോകാവതാരണത്തെയും, അദ്ദേഹത്തിന്റെ സ്വരൂപത്തെയും കുറിച്ചുള്ള വർണ്ണന

**അഥ ത്രിലിംഗവിഷയേ കൊല്ലീപാകൃഭിധേ പുരേ**
**സോമേശ്വരമഹാലിംഗാത് പ്രാദുരാസിത് സ രേണുക: 1**

1. അതിനുശേഷം രേണുകാ ഗണേശ്വരൻ തെലുങ്കാന ദേശത്തെ കൊല്ലിപാകി എന്നു പേരായ നഗരത്തിൽ സോമേശ്വര മഹാദേവനെന്നു പേരുള്ള മഹാലിംഗത്തിൽ നിന്നും ഉത്ഭൂതനായി.

**പ്രാദുർഭൂതം തമാലോക്യ ശിവലിംഗാത് ത്രിലിംഗജാ:**
**വിസ്മിതാ: പ്രാണിന: സർവ്വേ ബഭൂവുരതിതേജസം 2**

2. അത്യന്തം തേജസ്വിയായ രേണ്യകർ ശിവലിംഗത്തിൽ നിന്നും ആവിർഭൂതനാകുന്നതു ക് തെലുങ്കാന ദേശത്തെ സകലരും വിസ്മയഭരിതരായിപ്പോയി.

**ഭസ്മോദ്ധൂളിതസർവ്വാംഗം സാരരുദ്രാക്ഷഭൂഷണം**
**ജടാമുകുടസംയുക്തം ത്രിപുണ്ഡ്രാംഗിതമസ്തകം 3**

3. ആ രേണുകരുടെ ശിരീരമാസകലം ഭസ്മം പൂശിയിരുന്നു. രുദ്രാക്ഷമാലയാൽ വിഭൂഷിതനായി, ജടാ മുകുടത്താൽ സംയുക്തമായ അവിടുത്തെ തിരുനെറ്റിയിൽ (മസ്തകം) 'ഭസ്മത്രിപുണ്ഡ്രം' ധരിച്ചിരുന്നു.

**കടീതടീപടീഭൂതകന്ഥാപടലബന്ധുരം**
**ദധാനം യോഗദണ്ഡം ച ഭസ്മാധാരം കമണ്ഡലും 4**

4. അദ്ദേഹം അരക്കെട്ടിലെ വസ്ത്രം കൊ് തോൾ മുറുകെട്ടി, യോഗദണ്ഡും ധരിച്ച് (പിടിച്ച്), ഭസ്മപാത്രവും കമണ്ഡലുവും എടുത്തിരുന്നു.

**ശിവാദ്വൈതപരിജ്ഞാനപരമാനന്ദമോദിതം**

23. അതിശ്രഷ്ഠമായ രത്നങ്ങൾ (മുത്ത്) കൊു നിർമ്മിച്ച പട വുകൾ ആ കുളത്തിനു ചുറ്റിലും കെട്ടിയിരുന്നു. ആശ്രമ വാസി കളുടെ വിരക്തഭാവം കൊു മുക്തമായ അവിടം മറ്റൊരു ബ്രഹ്മ ലോകമെന്നു തോന്നുമായിരുന്നു.

**ഹൂയമാനാജ്യസന്താനധൂമഗന്ധിമഹാസ്ഥലം**
**ശുകസംസത്സമാരബ്ധശ്രുതിശാസ്ത്രോപബൃംഹണം 24**

24. ഹോമം നടത്തിക്കൊിരിക്കുന്നതിനാൽ അതിൽ നിന്നും വമിക്കുന്ന നെയ്യിന്റെ പുകകൊ് സുഗന്ധപൂരിതവും വേദമന്ത്ര ങ്ങളാൽ മുഖരിതവുമായിരുന്നു ആ ആശ്രമം. (അവിടം)

## അഗസ്ത്യ സൌന്ദര്യ വർണ്ണന

**തസ്യ മദ്ധ്യേ സമാസീനം മൂലേ ചന്ദനഭൂരുഹ:**
**സുകുമാരദളഛായാദൂരിതാദിത്യതേജസ: 25**

25. ആശ്രമത്തിന്റെ മദ്ധ്യത്തിൽ സുകുമാരലതകളുടെ തണൽകൊ് സൂര്യന്റെ പ്രകാശത്തേയും ചൂടിനേയും അക റ്റുന്ന ചന്ദനമരത്തിനു താഴെയിരിക്കുന്ന അഗസ്ത്യരെ രേണു കർ കു.

**തടിത്പിംഗജടാഭാരൈസ്ത്രിപുണ്ഡ്രാംഗിതമസ്തകൈ:**
**ഭസ്മോദ്ധൂളിതസർവാംഗൈ: സ്ഫുരദ്രുദ്രാക്ഷഭൂഷണൈ: 26**
**നവവത്കലവാസോഭിർനാനാനിയമധാരിഭി:**
**പരിവീതം മുനിഗണൈ: പ്രമഥൈരിവ ശങ്കരം. 27**

26/27. മിന്നൽപിണർപോലെ മഞ്ഞവർണ്ണമുള്ള (ചെമ്പിച്ച) ജട യോടുകൂടിയവരും, നെറ്റിയിൽ ഭസ്മത്തെ ത്രിപുണ്ഡ്രമായി ധരി ച്ചിട്ടുള്ളവരും, ഷഡംഗങ്ങളിലും ഭസ്മം ധരിച്ചു, രുദ്രാക്ഷത്തെ ആഭരണങ്ങളാക്കി, പുതിയ വല്ക്കലം ധരിച്ചിരിക്കുന്നവരും, അനേകം യമ നിയമങ്ങൾ പാലിച്ചുകൊിരിക്കുന്നവരുമായ സന്യാസി ശ്രേഷ്ഠന്മാരാൽ അഗസ്ത്യ മഹർഷി വളയപ്പെട്ടിരു ന്നതു കാൽ (ചുറ്റപ്പെട്ടിരുന്നു) പ്രമഥ ഗണങ്ങളാൽ ചുറ്റപ്പെട്ട







9/10. എല്ലാവരും അദ്ദേഹത്തെ പ്രണമിച്ച ശേഷം ചോദിച്ചു- 'അവിടുന്നാരാണ്?' വിസ്മയ ചിത്തരായ ആളുകൾ ചോദിച്ച തുകേട്ടപ്പോൾ മഹാനായ ആ ശിവയോഗി പറഞ്ഞു- 'ഞാൻ ഭഗവാൻ ശിവശങ്കരന്റെ ശിവാദ്വൈത പരമാനന്ദത്തിൽ (മഹാ നന്ദം)ലീനമായ ശിഷ്യൻ (പാർശ്വവർത്തി) രേണുകാ ഗണേശ്വ രരാണ്'.

**കേനചിത് കാരണേനാഹം ശിവലിംഗാദിഹാഭവം**
**നാമ്നാ രേണുസിദ്ധോ%ഹം സിദ്ധസന്താനനായക: 11**

11. 'ഏതോ കാരണത്താൽ ഞാൻ ഈ ജഗത്തിൽ ഇവിടുത്തെ ശിവലിംഗത്തിൽ നിന്നും ഉത്ഭൂതനായിരിക്കുന്നു. സിദ്ധപാര മ്പര്യത്തിൽ ഉത്ഭൂതനായ എന്റെ പേര് രേണുകാസിദ്ധനെന്നാ കുന്നു'.

**സ്വച്ഛന്ദചാരീ ലോകേ$f$സ്മിൻ ശിവസിദ്ധാന്തപാലക**
**ഖണ്ഡയൻ ജൈനചാർവാകബൌദ്ധാദീനാം ദുരാഗമാൻ 12**

12 'ഞാൻ ഈ ലോകത്തിൽ സ്വച്ഛന്ദം (യഥേഷ്ടം) വിഹരിക്കു ന്നവനും, ശൈവാഗമങ്ങളെ ഖണ്ഡിക്കുന്ന ജൈന, ചർവ്വാക, ബൌദ്ധാദികളായ നാസ്തികന്മാരിൽ നിന്നും ശൈവസിദ്ധാ ന്തത്തെ പരിപാലിക്കുന്നവനുമാണ്'.

**ഇത്യുക്ത്വാ പശ്യതാം തേഷാം വിഷയസ്ഥിരചക്ഷുഷാം**
**ഉത്ഥായ വ്യോമമാർഗേണ മലായാദ്രിമുപാഗമത 13**

13. ഇപ്രകാരം പറഞ്ഞ ശേഷം ഞൊടിയിടകൊ് അദ്ദേഹത്തെ വീക്ഷിച്ചുകൊിരുന്ന ജനങ്ങളുടെ മുൻ പിൽ വച്ചു തന്നെ ആ ഗണേശ്വരൻ രേണുകർ എഴുന്നേറ്റ് ആകാശ മാർഗ്ഗ ത്തിൽക്കൂടി മലയ പർവ്വതത്തിലേക്ക് പോയി.

## മലയപർവ്വത വർണ്ണന

**നവചന്ദനകാന്താരകന്ദളന്മന്ദമാരുതം**
**അഭംഗുരഭുജംഗസ്ത്രീസംഗീതരസസങ്കുലം 14**

14. പുതിയ ചന്ദനമരങ്ങളാൽ നിറഞ്ഞ ഘോരവനമായ ആ മലയ

പർവ്വതത്തിൽ മന്ദമാരുതൻ വീശുന്നുായിരുന്നു. അത്യന്തം ഘോര സർപ്പങ്ങളുടെ സംഗീതമാകുന്ന സീൽകാരം അവിട മാകമാനം വ്യാപിച്ചിരുന്നു.

**കരിപോതകരാകൃഷ്ടസ്ഫുരദേലാതിവാസിതം**
**വരാഹദംഷ്ട്രികാദ്ധ്വസ്തമുസ്താസുരഭികന്ദരം 15**

15. ആനക്കുട്ടികളുടെ തുമ്പികൈകളാൽ പറിച്ചെടുക്കപ്പെട്ടതായ ഏലച്ചെടികളുടെ സുഗന്ധവും, പന്നിക്കുഞ്ഞുങ്ങളുടെ ചെറു പല്ലുകൾ കൊു മുറിഞ്ഞതായ മുത്തങ്ങാക്കിഴങ്ങിന്റെ സൌരഭ്യവും അവിടമാകെ വ്യാപിച്ചിരുന്നു.

**പട്ടീരദളപര്യങ്കപ്രസുപ്തവ്യാധദമ്പതി**
**മാധവിമല്ലികാജാതീമഞ്ജരിരേണുരഞ്ജിതം 16**

16. അവിടെ വേട ദമ്പതികൾ വെളുത്ത കദളീദളങ്ങൾ കൊു നിർമ്മിച്ച തട്ടിന്മേൽ (പല്ലക്കിൽ) ഉറങ്ങിക്കൊിരുന്നു. ആ വാസന്തീ പർവ്വതം (മാധവി) മുല്ലയുടെയും, ചെമ്പകത്തിന്റെയും പൂമ്പൊടിയാൽ മനോരഞ്ജിതമായിരുന്നു.

## അഗസ്ത്യാശ്രമ വർണ്ണന

**തത്ര കുത്രചിദാഭോഗസർവർതുകുസുമദ്രുമേ**
**അപശ്യദാശ്രമം ദിവ്യമഗസ്ത്യസ്യ മഹാമുനേ 17**

17. ദിവ്യനായ അഗസ്ത്യ മഹാമുനിയുടെ എല്ലാ ഋതുക്കളിലും പുഷ്പിക്കുന്ന വൃക്ഷങ്ങളാൽ നിറഞ്ഞ വിശാലമായ ആശ്രമം രേണുകർ അവിടെ കു.

**മന്ദാരചന്ദനപ്രായൈർമണ്ഡിതം തരുമണ്ഡലൈ:**
**ശാഖാശിഖരസംലീനതാരകാഗണകോരകൈ: 18**

18. കല്പവൃക്ഷം, ചന്ദനം മുതലായ വൃക്ഷങ്ങൾകൊു നിബിഡമായിരുന്നു ആ ആശ്രമം. വൃക്ഷങ്ങളിലെ പൂമൊട്ടുകൾ കാൽ അവിടെ ആകാശത്തിലെ നക്ഷത്രങ്ങൾ ഒന്നിച്ചു ചേർന്നിരിത്തുന്നതാണോ എന്നു തോന്നുമായിരുന്നു.





**മുനികന്യാകരാനീതകലശാംബുവിവർദ്ധിതൈ:**
**ആലവാലജലാസ്വാദമോദമാനമൃഗീഗണൈ: 19**

19. മുനി കന്യകമാരുടെ കൈകളാൽ നട്ടുനനച്ചുവളർന്നു വന്നവയായിരുന്നു ആ വൃക്ഷങ്ങൾ. മാൻകൂട്ടങ്ങൾ ആ വൃക്ഷങ്ങളുടെ തടങ്ങളിൽ നിന്നുള്ള വെള്ളം കുടിച്ച് സന്തോഷവാന്മാരായിരുന്നു.

**ഹേമാരവിന്ദനിഷ്യന്ദമകരന്ദസുഗന്ധിഭി:**
**മരാളാലാപവാചാലുവീചിമാലാമനോഹരൈ: 20**

20. സ്വർണ്ണത്താമരയിൽ നിന്നും വീണതായ പൂമ്പൊടി കൊു സുഗന്ധയുക്തമായ ആ ആശ്രമം ഹംസധ്വനികളാൽ മുഖരിതമായിരുന്നു.

**ഇന്ദീവരവരജ്യോതിരന്ധീകൃതഹരിന്മുഖൈ:**
**ലോപാമുദ്രാപദന്യാസചരിതാത്ഥ്യതടാങ്കിതൈ: 21**

21. നീലത്താമരയുടെ പ്രകാശത്താൽ ഉായ നിറം കൊ് അന്ധകാരമായതു പോലെ തോന്നുമായിരുന്നു ആ ആശ്രമത്തിന്റെ നാലുവശങ്ങൾ കാൽ. കുളത്തിൻ കരയിൽ അഗസ്ത്യമഹർഷിയുടെ പത്നിയായ ലോപമുദ്രയുടെ കാല്പാടുകൾ പതിച്ചിരുന്നു.

**ഹാരനിഹാരകർപൂരഹരഹാസാമലോദകൈ:**
**നിത്യനൈമിത്തികസ്നാനനിയമാർത്ഥൈസ്തപസ്വിനാം 22**

22. ആ കുളത്തിലെ വെള്ളം മഞ്ഞുകൊുള്ള കർപ്പൂരം പോലെ വെൺമയേറിയതും (മനോഹരം) ഭഗവാൻ ശിവശങ്കരന്റെ മന്ദഹാസം പോലെ സ്വച്ഛവുമായിരുന്നു. നിത്യനൈമിത്തിക സ്നാനത്തിനും യമനിയമാദികൾക്കു പ്രയോജനപ്രദവുമായിരുന്ന ആ വെള്ളം കൊ് താപസ്സന്മാർ നിത്യകർമ്മങ്ങൾ ചെയ്തിരുന്നു.

**പ്രകൃഷ്ടമണിസോപാനൈ: പരിവീതം സരോവരൈ:**
**വിമുക്തസത്വവൈരസ്യം ബ്രഹ്മലോകാമിവാപരം 23**

**ഭവന്തമേകം ശംസന്തി പ്രകൃത്യാ സംഗവർജിതം 42**

42. ജനങ്ങൾ താങ്കളെ ശിവാദ്വൈതമൊന്നുമാത്രമായ പരമാനന്ദത്തിന്റെ പ്രകാശനത്തിൽ കൂട്ടിച്ചേർക്കുകയും, സ്വാഭാവികവും ആസക്തി രഹിതവുമായ രൂപത്തിൽ പ്രശംസിക്കുകയും ചെയ്യുന്നു.

**പുരാ ഹൈമവതീസുനുരവദത് തേ ഷഡാനന:**
**ശിവധർമ്മോത്തരം നാമ ശാസ്ത്രമീശ്വരഭാഷിതം 43**

43. പാരിക്കൽ പാർവ്വതി തനയനായ സുബ്രഹ്മണ്യൻ താങ്കൾക്ക് ശിവ സുഭാഷിതമായ 'ശിവ ധർമ്മോത്തരം' എന്ന ശാസ്ത്രം ഉപദേശിച്ചു തന്നു.

**ഭക്തി: ശൈവി മഹാഘോരസംസാരഭയഹാരിണീ**
**ത്വയാ രാജന്വതീ ലോകേ ജാതാഗസ്ത്യ മഹാമുനേ 44**

44. 'അല്ലയോ അഗസ്ത്യരെ! ഈ ജഗത്തിലെ ഭയത്തെ ഇല്ലാതാക്കുന്ന ശൈവ ഭക്തി താങ്കൾ മുഖേന ധർമ്മാത്മാക്കളായ രാജാക്കന്മാർ മുഖേന വേതുപോലെ പ്രകാശിക്കുന്നു'.

## അഗസ്ത്യ വചനം

**ഇതി തസ്യ വച: ശ്രുത്വാ സിദ്ധസ്യ മുനിപുംഗവ:**
**ഗംഭീരഗുണയാ വാചാ ബഭാഷേ ഭക്തിപൂർവകം 45**

45. മഹർഷിശ്രേഷ്ഠനായ അഗസ്ത്യൻ രേണുകാചാര്യർ പറഞ്ഞ കാര്യങ്ങൾ കേട്ടതിനു ശേഷം ഭക്തിയോടുകൂടി ഉച്ചസ്വരത്തിൽ പറഞ്ഞു.

**അഹമേവ മുനീന്ദ്രാണാം ലാലനീയോഽസ്മി സർവദാ:**
**ഭവദാഗമസമ്പത്തിർമാം വിനാ കസ്യ സംഭവേത്. 46**

46. 'അല്ലയോ ആചാര്യവര്യാ!അവിടുത്തെ ആഗമനമാകുന്ന സമ്പത്ത് എനിക്കല്ലാതെ മറ്റാർക്കാണ് ലഭിക്കുന്നത്. അതുകൊ് ഞാൻ സദാ താപസ്സന്മാർക്കിടയിൽ ആദരവിനു പാത്രമാകുന്നു'.







ഭഗവാൻ ശിവശങ്കരനെപ്പോലെ തോന്നുമായിരുന്നു.

**സമുജ്ജ്വലജടാജാലൈസ്തപ: പാദപപല്ലവൈ:**
**സ്ഫുരത്സൌദാമിനീകല്പൈർജ്വാലാജാലൈരിവാനലം 28**

28. കത്തുന്ന വൈദ്യുതിക്കമ്പി പോലെയുള്ള (മിന്നൽപ്പിണർപോലെയും) ചെമ്പിച്ച ജടയോടുകൂടിയ അദ്ദേഹത്തെ കാൽ ജ്വാലകളാലാവൃതമായ അഗ്നിയെപ്പോലെയും, തപസ്യയാകുന്ന വൃക്ഷത്തിന്റെ ഇളം തളിരുപോലെയും തോന്നിക്കുമായിരുന്നു.

**വിശുദ്ധഭസ്മകൃതയാ ത്രിപുണ്ഡ്രാംഗിതരേഖയ**
**ത്രിസ്രോതസേവ സംബദ്ധശിലാഭാഗം ഹിമാചലം 29**

29. വിശുദ്ധമായ ഭസ്മം കൊുാക്കിയ ത്രിപുണ്ഡ്രത്തിന്റെ മൂന്നു രേഖകളാൽ അദ്ദേഹം മൂന്നു സ്രോതസ്സുകളാൽ സംബദ്ധമായ ശിലയോടുകൂടിയ ഹിമാലയത്തെപ്പോലെ തോന്നിച്ചിരുന്നു.

**ഭസ്മാലംകൃതസർവാംഗം ശശാങ്കമിവ ഭൂഗതം**
**വസാനം വൽക്കലം നവ്യം ബാലാതപസമപ്രഭം 30**

30. ആകാശത്തുനിന്നും ചന്ദ്രൻ ഭൂമിയിലേക്കിറങ്ങി വന്നതാണോ എന്നു തോന്നിക്കും വിധം അദ്ദേഹത്തിന്റെ ദേഹമാസകലം ഭസ്മത്താൽ അലംകൃതമായിരുന്നു. ബാലസൂര്യന്റെ രശ്മികൾ പോലെയുള്ള കാന്തിയോടുകൂടിയ പുതിയ വൽക്കല വസ്ത്രം ധരിച്ചിട്ടുായിരുന്നു.

**വടവാഗ്നിശിഖാജാലസമാലീഢമിവാർണവം**
**സർവ്വാസാമപി വിദ്യാനാം സമുദായനികേതനം 31**

31. സർവ്വ വിദ്യകൾക്കും ആശ്രയമായിരിക്കുന്ന ആ അഗസ്ത്യ മഹർഷിയെ കാൽ വടവാഗ്നിയുടെ ശിഖരങ്ങളാൽ വ്യാപൃതമായ സമുദ്രത്തെപ്പോലെ തോന്നുമായിരുന്നു.

**ന്യക്കൃതപ്രാകൃതാഹന്തം നിരൂഢശിവഭാവനം**
**തൃണീകൃതജഗജ്ജാലം സിദ്ധീനാമുദയസ്ഥലം 32**

32. പ്രകൃതി തത്വങ്ങളിൽ നിന്നുായ അഹങ്കാരം ഇല്ലാത്തവനും, ശിവഭാവനകളിൽ ദൃഢവിശ്വാസമുള്ളവനുമായ അദ്ദേഹം ഈ ലൌകിക ജീവിതത്തിലെ (സംസാരം) ഇന്ദ്രിയവിഷയങ്ങളെ തൃണസമാനം കണക്കാക്കുന്നവും, സിദ്ധികളുടെ ഉറവിടവുമായിരുന്നു.

**മോഹാന്ധകാരതപനം മൂലബോധമഹീരുഹം**
**ദദർശ സ മഹായോഗീ മുനീംകലശസംഭവം 33**

33. മോഹമാകുന്ന അന്ധകാരത്തെ അകറ്റുന്ന സൂര്യനെപ്പോലെയും, ബോധമാകുന്ന വൃക്ഷത്തിന്റെ മൂല സ്വരൂപമായവനെപ്പോലെ ഉള്ളവനും, കുടത്തിൽ നിന്നുമുത്ഭൂതനായവനുമായ അഗസ്ത്യരെ മഹായോഗിയായ ആ രേണുകർ കു.

**തമാഗതം മഹാസിദ്ധം സമീക്ഷ്യ കലശോദ്ഭവ:**
**ഗണേന്ദ്രം രേണുകാഭിഖ്യം വിവേദ ജ്ഞാനചക്ഷുഷാ 34**

34. കുംഭജനായ അഗസ്ത്യ മഹർഷി തന്റെ ദിവ്യദൃഷ്ടികൊ് ആ വരുന്ന മഹാസിദ്ധൻ രേണുകരെന്നു പേരായ ഗണേശ്വരാചാര്യരാണെന്ന് മനസ്സിലാക്കി.

**തസ്യാനുഭാവം വിജ്ഞായ സഹസൈവ സമുത്ഥിത:**
**ലോപമുദ്രാകരാനിതൈരുദകൈരത്രിപാവനൈ:**
**പാദൌ പ്രക്ഷാളയാമാസ സ തസ്യ ശിവയോഗിന:35**

35. അവിടുത്തെ പ്രഭാവം മനസ്സിലാക്കിയ അഗസ്ത്യ മഹർഷി പെട്ടെന്നെഴുന്നേറ്റു നിന്ന് ഭാര്യ ലോപമുദ്രയാൽ കൊുവരപ്പെട്ട അത്യന്തം പവിത്രമായ ജലം കൊ് ആ ശിവയോഗിയായ രേണുകരുടെ പാദങ്ങൾ കഴുകി.

**സംപൂജ്യ തം യഥാശാസ്ത്രം തന്നിയോഗപുരസ്സരം**
**മുനിർവിനയസമ്പന്നോ നിഷസാദാസനാന്തരേ 36**

36. വിനയ സമ്പന്നനായ അഗസ്ത്യ മഹർഷി ശാസ്ത്രവിധിപ്രകാരം അവിടുത്തെ പാദപൂജ ചെയ്ത ശേഷം അദ്ദേഹത്തിന്റെ ആജ്ഞാനുസരണം മറ്റൊരിരിപ്പിടത്തിൽ ആസനസ്ഥനായി.







## രേണുകാഗസ്ത്യ സംവാദം

**സമാസീനം മൃതിവരം സർവതേജസ്വിനാം വിഭും**
**ഉപാച ശാന്തയാ വാചാ രേവണ: സിദ്ധശേഖര 37**

37. സകല തേജസ്വികളിലും തേജസ്വിയും, ശ്രേഷ്ഠനുമായ ഋഷിവര്യനെ ആസനസ്ഥനാക്കിയ ശേഷം സിദ്ധേശ്വര രേണുകാചാര്യർ ശാന്തമായ സ്വരത്തിൽ പറഞ്ഞു.

**നിർവിഘ്നം വർത്തസേ കിം നു നിത്യാ തേ നിയമക്രിയ**
**അഥ വാഗസ്ത്യ തേജസ്വിൻ കൂത: സ്യുസ്തേന്തരായകാ: 38**

38. അല്ലയോ മഹാതേജസ്വിയായ അഗസ്ത്യരേ! താങ്കൾക്കു വിഘ്നങ്ങളൊന്നുമില്ലല്ലോ? നിർവിഘ്നം താങ്കളുടെ നിത്യകർമ്മങ്ങൾ യഥാവിധി നടക്കുന്നില്ലേ? അല്ലെങ്കിൽ തന്നെ താങ്കൾക്ക് വിഘ്നം എവിടുന്നുാകുവാനാണ്?

**വിന്ധ്യോ നിരുദ്ധോ ഭവതാ വിശ്വോല്ലംഘനവിഭ്രമ:**
**നഹുഷോ രോഷലേശാത് തേ സദ്യ: സർപ്പത്വമാഗത: 39**

39. താങ്കൾ വിശ്വോല്ലംഘനമെന്ന സാഹസം ചെയ്യുന്ന വിന്ധ്യാചലത്തെ തടഞ്ഞു നിർത്തുകയും, ക്ഷണികമാത്രമായ കോപത്താൽ നഹുഷനെ സർപ്പമാക്കി മാറ്റുകയും ചെയ്തു.

**ആചാന്തേ ഭവതാ പൂർവ്വം പങ്കശേഷാ:പയോധയ:**
**ജീർണസ്തേ ജാഠരേ വഹ്നൌ ദൃപ്തോ വാതാപി ദാനവാ: 40**

40. പണ്ടൊരിക്കൽ താങ്കൾ സമുദ്രം കുടിച്ചു വറ്റിച്ച് അതിൽ ചെളിമാത്രം അവശേഷിപ്പിച്ചു ഭയങ്കരനും മദോന്മത്തനുമായ വാതാപി എന്ന രാക്ഷസനെ ജഠരാഗ്നിയിൽ ഹോമിച്ചു.

**ഏവംവിധാനാം ചിത്രാണാം സർവലോകാതിശായിനാം**
**കൃത്യാനാം തു ഭവാൻ കർത്താ കസ്തേഗസ്ത്യ സമപ്രഭ: 41**

41. അല്ലയോ അഗസ്ത്യരേ! ലോകോത്തരങ്ങളായ ഇത്ത രം കാര്യങ്ങൾ നിർവ്വഹിക്കുന്നവനായ താങ്കളെപ്പോലെ തേജസ്വിയായിട്ട് ആരാണുള്ളത്? ആരുമില്ല.

**ശിവാദ്വൈതപരാനന്ദപ്രകാശനപരായണം**

# അദ്ധ്യായം-5
# പിണ്ഡജ്ഞാന സംസാര ഹേയ സ്ഥല വർണ്ണന

## അഗസ്ത്യ മഹർഷിക്ക് രേണുകാചാര്യരുടെ തത്ത്വോപദേശം

**അഥാഗസ്ത്യവച: ശ്രുത്വാ രേണുകോ ഗണനായക:**
**ധ്യാത്വാ ക്ഷണം മഹാദേവം സാംബമാഹ സമാഹിത: 1**

1. ശിവ ഗണങ്ങളുടെ അധിപതിയായ രേണുകാചാര്യർ അഗസ്ത്യർ പറഞ്ഞതെല്ലാം കേട്ടതിനുശേഷം മാതാവു് ശ്രീപാർവ്വതീസമേതനായ ശ്രീമഹാദേവനെ ഒരു നിമിഷം ധ്യാനിച്ചുകൊ് ശാന്തചിത്തനായി പറഞ്ഞു.

**അഗസ്ത്യ മുനിശാർദ്ദൂല സമസ്താഗമപാരഗ**
**ശിവജ്ഞാനകരം വക്ഷ്യേ സിദ്ധാന്തം ശൃണു സാദരം 2**

2. 'സകല ആഗമപണ്ഡിതനും മുനിശ്രേഷ്ഠനുമായ അല്ലയോ അഗസ്ത്യരേ! ഞാൻ താങ്കൾക്ക് ശിവജ്ഞാന ദായകമായ സിദ്ധാന്തം പറഞ്ഞുതരാം. ഭക്ത്യാദരവോടെ കേട്ടാലും'.

**ഖലു സിദ്ധാന്താ വിഖ്യാതാ രുചിഭേദത:**
**ഭിന്നാചാരസമായുക്താ ഭിന്നാർത്ഥ പ്രതിപാദകാ: 3**

3. 'അല്ലയോ അഗസ്ത്യരേ! അഭിപ്രായവ്യത്യാസങ്ങളനുസരിച്ച് വിഭിന്നങ്ങളായ ആചാരങ്ങളോടുകൂടിയതും വിഭിന്ന വിഷയങ്ങളെ പ്രതിപാദിക്കുന്നതുമായ അനേകം സിദ്ധാന്തങ്ങൾ വിശ്വവിഖ്യാതമാണ്'.

**സാംഖ്യം യോഗ: പാഞ്ചരാത്രം വേദാ : പാശുപതം തഥാ**
**ഏതാനി മാനഭൂതാനി നോപഹന്യാനി യുക്തിഭി: 4**

4. സാംഖ്യം, യോഗം, പാഞ്ചരാത്രം, വേദം എന്നിവ പ്രാമാണിക ദർശനങ്ങളാണ്. (ശാസ്ത്രം) തക്കം മുഖേന ഇതിനെ ഖണ്ഡിക്കാനാവുകയില്ല.







**സ്ഥിരമദ്യ ശിവജ്ഞാനം സ്ഥിരാ മേ താപസക്രിയാ**
**ഭവദ്ദർശനപുണ്യേന സ്ഥിരാ മേ മുനിരാജതാ 47**

47. അവിടുത്തെ ദർശന പുണ്യത്താൽ ഇന്ന് എന്റെ ശിവജ്ഞാനവും, തപസ്യയും, താപസന്മാർക്കിടയിലെ രാജതുല്യമായ സ്ഥാനവും (അവസ്ഥ) സുസ്ഥിരമായിരിക്കുന്നു. ഞാൻ സദാ അവിടുത്തേക്കു വേ ഋഷി ശ്രേഷ്ഠനായി.

**സംസാരസർപ്പദഷ്ടാനാം മൂർച്ഛിതാനാം ശരീരിണാം**
**കടാക്ഷസ്തവ കല്യാണം സമുജ്ജീവനഭേഷജം 48**

48. അല്ലയോ ആചാര്യ പ്രവരരേ! ഇന്ദ്രിയ വിഷയങ്ങളാകുന്ന (ലൌകികം) സർപ്പങ്ങളുടെ ദംശനമേറ്റ് വിഷലിപ്തമാകുന്ന മനുഷ്യർക്കുവേ അവിടുത്തെ കൃപാദൃഷ്ടി മംഗളകാരിയും സഞ്ജീവനിയുമായ ഔഷധമാകുന്നു.

**സമസ്തലോകസംദാഹതാപത്രയമഹാനല:**
**ത്വത്പദാംബുകണാസ്വാദാദുപശാമ്യതി ദേഹിനാം 49**

49. ഓരോ ജീവികൾക്കും വേ സർവ്വലോകങ്ങളെയും കത്തിജ്വലിപ്പിക്കുന്നവനും, താപത്രയങ്ങളുമാകുന്ന മഹാ അനലൻ അവിടുത്തെ പാദോദകത്തിന്റെ ഒരു തുള്ളി പാനം ചെയ്യുന്നതുമൂലം ശാന്തനായിത്തീരുന്നു.

**രേണുകം ത്വാം വിജാനാമി ഗണനാഥം ശിവപ്രിയം**
**അവതീർണമിമാം ഭൂമിം മദനുഗ്രഹകാങ്ക്ഷയാ 50**

50. ഭൂതഗണങ്ങളുടെ സ്വാമിയായ ഭഗവാൻ ശ്രീ പരമേശ്വരനു പ്രിയപ്പെട്ട രേണുകാ ഗണേശ്വരരുടെ രൂപത്തിൽ അവിടുത്തെ ഞാൻ അറിയുന്നു. എന്നിൽ കൃപ ചൊരിയുന്നതിനായി അവിടുന്ന് ഈ ഭൂമിയിൽ ഉത്ഭൂതനായി. (അവതീർണ്ണനായി.)

**ഭവാദൃശാനാം സിദ്ധാനാം പ്രബോധധ്വസ്തജന്മനാം**
**പ്രവൃത്തിരീദൃശി ലോകേ പരാനുഗ്രഹകാരണി 51**

51. ശിവതത്വ ബോധത്താൽ ധ്വംസിക്കപ്പെട്ടു ജന്മമെടുത്ത അവിടുത്തെപ്പോലുള്ള സിദ്ധന്മാരായ ആളുകളെ സംബന്ധിച്ച്

പ്രവൃത്തി തന്നെ പരബ്രഹ്മാനുഗ്രഹത്തിനു കാരണമാകുന്നു. ത്വന്മുഖാച്ഛോതുമിച്ഛാമി സിദ്ധാന്തശ്രുതിസമതം

**സർവജ്ഞ വദ മേ സാക്ഷാച്ഛൈവം സർവാർത്ഥ സാധകം 52**
**സദ്യ: സിദ്ധികരം പുംസാം സർവ്വയോഗീന്ദ്രസേവിതം**
**ദുരാചാരൈരനാഘ്രാതം സ്വീകൃതം വേദവേദിഭി**
**ശിവാത്മൈക്യമഹാബോധസമ്പ്രദായപ്രവർത്തകം. 53**

52/53. ഞാൻ അവിടുത്തെ തിരുമുഖത്തുനിന്നും വേദസമ്മതമായ (ശിവാദ്വൈത സിദ്ധാന്തം) 'വീരശൈവ സിദ്ധാന്തം'കേൾക്കുവാനാഗ്രഹിക്കുന്നു. അല്ലയോ സർവ്വജ്ഞാ! അവിടുന്ന് എനിക്ക് സാക്ഷാൽ സർവ്വാർത്ഥ സാധകവും, മനുഷ്യർക്ക് സർവ്വസിദ്ധിപ്രദവും സമസ്ത യോഗീന്ദ്രന്മാരാലും സേവിക്കപ്പെടുന്നതും, ജൈനർ, ബൌദ്ധർ മുതലായ ദുരാചാരധർമ്മവാദികൾക്ക് അസ്പഷ്ടവും, വേദവേദാന്തങ്ങൾ മുഖേന സ്വീകാര്യമായതും, 'ശിവജീവൈക്യ'മഹാജ്ഞാനമാകുന്നതുമായ വീരശൈവ സമ്പ്രദായത്തിന്റെ പ്രവർത്തകമായ 'ശിവാദ്വൈത സിദ്ധാന്തം' പറഞ്ഞു തന്നാലും

**ഉക്ത്വാ ഭവാൻ സകലലോകമഹോപകാരം**
**സിദ്ധാന്തസംഗ്രഹമനാദൃതബാഹ്യതന്ത്രം**
**സദ്യ: കൃതാർത്ഥയിതുമർഹതി ദിവ്യയോഗിൻ**
**നാനാഗമശ്രവണവർത്തിതസംശയം മാം 54**

54. അല്ലയോ ദിവ്യനായ യോഗിവര്യാ! സർവ്വ ജഗത്തിന്റെയും മഹാനായ വേദോപദേശീ! (വേദോപകാരകൻ) അവിടുന്ന് ബാഹ്യതന്ത്രങ്ങൾ മുതലായ അനാചാരങ്ങളായ മതങ്ങളോട് അനാദരവു കാണിക്കുന്ന വീരശൈവസിദ്ധാന്ത സംഗ്രഹം പറഞ്ഞു തന്നിട്ട് കാമികം മുതൽ വാതുളാന്തം വരെയുള്ള വിഭിന്നങ്ങളായ ആഗമങ്ങൾ കേട്ടതുമൂലം സംശയഗ്രസ്ഥനായ എന്നെ ഇപ്പോൾ തന്നെ കൃത കൃത്യനാക്കിയാലും.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാ**





**മണിയുടെ രേണുകാഗസ്ത്യ ദർശനവർണ്ണന എന്ന 4-ാമത്തെ അദ്ധ്യായം സമാപ്തം.**

രമിക്കുന്നതിനാൽ (വീ-വിശേഷ ജ്ഞാനം; ര-രമിക്കുന്ന) മഹാ ഭാഗ്യശാലികളെന്നു പറയപ്പെടുന്നു.

**വീരശബ്ദേനോച്യതേ വിദ്യാ ശിവജീവൈക്യബോധികാ**
**തസ്യാം രമന്തേ യേ ശൈവാ വീരശൈവാസ്തു തേ മതാ: 16**

16. 'വി' എന്ന ശബ്ദം കൊ് ശിവജീവൈക്യരൂപത്തെ 'വിദ്യ' എന്നും 'ര' എന്ന ശബ്ദം കൊ് ശൈവത്തിൽ രമിക്കുന്ന എന്നും വിദ്യയിൽ (ജ്ഞാനത്തിൽ) രമിക്കുന്നവനെ വീര ശൈവനെന്നും പറയുന്നു.

**വിദ്യായാം രമതേ യസ്മന്മായാം ഹേയാം ശ്രവദ് രഹേത്**
**അനേനൈവ നിരുക്തേന വീരമാഹേശ്വര: സ്മൃത: 17**

17. വിദ്യയിൽ (ജ്ഞാനം) രമിക്കുകയും മായയെ നായയെ പ്പൊലെ ത്യജിക്കുകയും ( കണക്കാക്കുകയും) ചെയ്യുന്നവനെ വീരശൈവൻ (വീരമാഹേശ്വരൻ) എന്നു പറയുന്നു. (വി-വിദ്യ; ര-രമിക്കുന്ന; മാ-മായ; ഹേ-ത്യജിക്കുക; ശ്വ-നായ; ര-ത്യജിക്കു ക-വീരമാഹേശ്വരൻ)

**വേദാന്തജന്യം യജ്ഞാനം വിദ്യേതി പരികീർത്യതേ**
**വിദ്യായാം രമതേ തസ്യാം വീര ഇത്യഭിധീയതേ 18**

18. വേദാന്തത്തിൽ നിന്നുമുാകുന്ന ജ്ഞാനത്തെ വിദ്യയെന്നും ആ വിദ്യയിൽ രമിക്കുന്ന ഭക്തനെ (സാധകനെ) 'വീര'നെന്നും (വീരശൈവനെന്നും) വിളിക്കുന്നു.

**ശൈവൈർമാഹേശ്വരൈശ്ചൈവ കാര്യമന്തർബഹി:ക്രമാത്**
**ശിവോ മഹേശ്വരശ്ചേതി നാന്യന്തമിഹ ഭിദ്യതേ 19**
**യഥാ തഥാ ന ഭിദ്യന്തേ ശൈവാ മാഹേശ്വരാ അപി**
**ശിവാശ്രിതേഷു തേ ശൈവാ ജ്ഞാനയജ്ഞരതാ നരാ: 20**

19/20. ശൈവരും വീരശൈവരും (വീരമാഹേശ്വരനും) ലിംഗാർച്ചന യഥാക്രമം ഹൃദയത്തിനുള്ളിലും പുറമെയും ചെയ്യ ണം. ശിവനും മാഹേശ്വരനും തമ്മിൽ ആത്യന്തികമായ ഭേദമി ല്ലാത്തതുപോലെ ശൈവരും വീരശൈവരും തമ്മിലും ഭേദം





കുറിപ്പ്:

സാംഖ്യശാസ്ത്രം കപില മഹർഷിയാൽ രചിക്കപ്പെട്ടതാണ്. ദ്വൈതവാദികൾ ഈ ദർശനത്തെ സൃഷ്ടിയുടെ മൂലകാരണ മായി പ്രകൃതിയും പുരുഷനും എന്ന രു തത്ത്വങ്ങളെ കണ ക്കാക്കുന്നു. രും നിത്യമാകുന്നു. ഇതിന് അനീശ്വരസാംഖ്യ മെന്നും യോഗദർശനത്തെ സേശ്വരസാംഖ്യമെന്നും പറയുന്നു. യോഗശാസ്ത്രത്തിന്റെ പ്രവർത്തകൻ ഹിരണ്യഗർഭനാകുന്നു വെങ്കിലും ദർശനശാസ്ത്രരൂപത്തിൽ ഇതിന്റെ പ്രവർത്തകൻ പതഞ്ജലിയാണെന്നും കണക്കാക്കുന്നു.

'പാഞ്ചരാത്രം' ശ്രീകൃഷ്ണനാൽ രചിക്കപ്പെട്ട 'വൈഷ്ണവ ദർശന'മാകുന്നു. ഇത് ചിത്തം, അചിത്തം, ഈശ്വരൻ എന്നീ മൂന്നു കാര്യങ്ങളെ മുഖ്യമായും കണക്കാക്കുന്നു. 'പാശുപതമ തം' ശിവ സംബന്ധവും ശിവനാൽ ഉാക്കപ്പെട്ടതുമാകുന്നു. പശു, പതി, പാശം എന്നീ മൂന്നു മുഖ്യ വിഷയങ്ങൾ ഇതിൽ പ്രതിപാദിക്കുന്നു. വേദം വിഷ്ണുവിന്റെ സ്വാഭാവിക നിശ്വാ സമാകുന്നു. ജൈമിനിയാൽ രചിക്കപ്പെട്ട മീമാംസാ ശാസ്ത്ര മാണ് ഇതിന്റെ പൂർവ്വകാണ്ഡം. അത് യാഗം മുതലായ കർമ്മ ങ്ങളാൽ ഉായ അദൃശ്യതയെ പ്രപഞ്ചകാരണമായി കണക്കാ ക്കുന്നു. ഈശ്വരസത്ത ഇതിൽ സ്വീകരിക്കുന്നില്ല. ഇവയെല്ലാം പ്രമാണിക ശാസ്ത്രങ്ങളാണ്. പുഷ്പദന്താചാര്യർ 'ശിവമഹിംന സ്ത്രോത്ര'ത്തിൽ 'ത്രയീസാംഖ്യം യോഗ പശുപതി മതം വൈഷ്ണവമിതി' എന്നുപറഞ്ഞശേഷം ഇതിന്റെ മാഹാ ത്മ്യത്തെ സമർത്ഥിച്ചിരിക്കുന്നു.

**വേദ: പ്രധാനം സർവ്വേഷാം സാംഖ്യാദീനാം മഹാമുനേ**
**വേദാനുസരണാദേഷാം പ്രമാണ്യമിതി നിശ്ചിതം. 5**

5. 'അല്ലയോ മഹാമുനേ! വേദം സംഖ്യാദി ശാസ്ത്രങ്ങളിൽ പ്രധാനമാണ്. വേദത്തെ അനുസരിക്കുന്നതു കാരണം സംഖ്യ മുതലായ സിദ്ധാന്തങ്ങൾക്ക് പ്രാമാണ്യം കല്പിക്കപ്പെട്ടിരിക്കു ന്നു '.

**പാഞ്ചരാത്രസ്യ സാംഖ്യസ്യ യോഗസ്യ ച തഥാ മുനേ**
**വേദൈകദേശവർത്തിത്വം ശൈവം വേദമയം മതം. 6**

6. 'അല്ലയോ മഹാമുനേ! പാഞ്ചരാത്രം, സാംഖ്യം യോഗം എന്നിവയെല്ലാം ഈ വേദങ്ങളുടെ ഭാഗമായി കണക്കാക്കപ്പെടുന്നു. ഇവയെല്ലാം അർദ്ധ വൈദികമാണ്. ശൈവ സിദ്ധാന്തം പൂർണ്ണമായും വൈദികമാകുന്നു'.

**വേദൈകദേശവർത്തിഭ്യ : സാംഖ്യാദിഭ്യോ മഹാമുനേ**
**സർവ്വവേദാനുസാരിത്വാച്ഛൈവതന്ത്രം വിശിഷ്യതേ. 7**

7. 'അല്ലയോ മഹാമുനേ! വേദങ്ങളുടെ ഒരുഭാഗമായി കണക്കാക്കപ്പെടുന്ന സംഖ്യാദികളെ അപേക്ഷിച്ചു ശൈവ തന്ത്രം സമ്പൂർണ്ണ വേദത്തെ പിൻ തുടരുന്നതുകൊ് അതിവിശിഷ്ടമാണ്'.

**ശൈവതന്ത്രമിതി പ്രോക്തം സിദ്ധാന്താഖ്യം ശിവോദിതം**
**സർവ്വവേദാർത്ഥ രൂപത്വാത് പ്രാമാണ്യം വേദവത് സദാ. 8**

8. ഭഗവാൻ ശ്രീപരമേശ്വരനാൽ ഉപദേശിക്കപ്പെട്ട സിദ്ധാന്തത്തെ ശൈവതന്ത്രം എന്നു പറയുന്നു. സമ്പൂ ർണ്ണ വേദങ്ങളുടെയും താല്പര്യരൂപമായതു കാരണം ഇതിന്റെ പ്രമാണ്യം എല്ലായ്പ്പോഴും വേദത്തെപ്പോലെയാണ്.

**ആഗമാ ബഹുധാ പ്രോക്താ: ശിവേന പരമാത്മനാ**
**ശൈവം പാശുപതം സോമം ലാകുളം ചേതി ഭേദത: 9**

9. പരമാത്മാവായ ഭഗവാൻ ശിവനു് ശൈവം, പാശുപതം, സോമം, ലാകുളം എന്നിങ്ങനെ അനേക പ്രകാരത്തിലുള്ള ഭേദങ്ങളുന്ന് ആഗമങ്ങളിൽ പറഞ്ഞിരിക്കുന്നു.

**തേഷു ശൈവം ചതുർഭേദം തന്ത്രം സർവ്വവിനിശ്ചിതം**
**വാമം ച ദക്ഷിണം ചൈവമിശ്രം സിദ്ധാന്തസംജ്ഞകം.10**

10. അതിൽ നിന്നും ശൈവതന്ത്രം, വാമം, ദക്ഷിണം, മിശ്രം, സിദ്ധാന്തം എന്നിങ്ങനെ നാലുവിധത്തിൽ എല്ലത്തിനേയും നിശ്ചയിച്ചിരിക്കുന്നു.





**ശക്തിപ്രധാനം വാമാഖ്യം ദക്ഷിണം ഭൈരവാത്മകം**
**സ്പതമാതൃപരം മിശ്രം സിദ്ധാന്തം വേദസമ്മതം 11**

11. വാമതന്ത്രം ശക്തിപ്രധാനവും, ദക്ഷിണ തന്ത്രം ഭൈരവ പ്രധാനവും, മിശ്രതന്ത്രം സ്പതമാതൃ പ്രധാനവും സിദ്ധാന്ത തന്ത്രം വേദപ്രധാനവുമാകുന്നു.

**വേദധർമ്മാഭിധായിത്വാത് സിദ്ധാന്താഖ്യ: ശിവാഗമ:**
**വേദബാഹ്യവിരോധിത്വാദ് വേദസമ്മത ഉച്യതേ. 12**

12. 'സിദ്ധാന്ത'മെന്നു പേരായ ശിവാഗമം വേദോക്തമായ ഭസ്മധാരണം, ലിംഗധാരണം മുതലായ ധർമ്മത്തെ പ്രതിപാദിക്കുന്നതുകൊും വേദവിരുദ്ധമായ ജൈനചാർവ്വാക സിദ്ധാന്തങ്ങളെ വിരോധിക്കുന്നതുകൊും 'വേദസമ്മത'മെന്നു പറയുന്നു.

**വേദസിദ്ധാന്തയോരൈക്യമേകാർത്ഥാപ്രതിപാദനാത്**
**പ്രാമാണ്യം സദൃശം ജ്ഞേയം പണ്ഡിതൈരേതയാ സദാ: 13**

13. വേദം, ശൈവ സിദ്ധാന്തം എന്നിവ സമാന വിഷയ ത്തെ പ്രതിപാദിച്ചിരിക്കുന്നതിനാൽ രിന്റെയും പ്രാമാ ണ്യം ഒരുപോലെയാണെന്നും പണ്ഡിതന്മാർ മനസ്സിലാക്കണം.

**സിദ്ധാന്താഖ്യേ മഹാതന്ത്രേ കാമികാദ്യേ ശിവോദിതേ.**
**നിർദ്ദിഷ്ടമൃത്തരേ ഭാഗേ വീരശൈവമതം പരമം. 14**

14. ഭഗവാൻ ശ്രീപരമേശ്വരനാൽ ഉപദേശിക്കപ്പെട്ടതായ കാമികാദ്യം മുതൽ വാതുളാന്തം വരെയുള്ള ആഗമങ്ങൾ നോക്കിയാൽ ആഗമസിദ്ധാന്തങ്ങൾ എന്ന മഹാതന്ത്രങ്ങളുടെ ഉത്തര ഭാഗത്തിൽ മുഴുവൻ ഉൽകൃഷ്ടമായ വീരശൈവ മതത്തെയും പൂർവ്വഭാഗത്ത് സാധാരണ ശൈവത്തെയും പ്രതിപാദിച്ചിരിക്കുന്നു.

**വിദ്യായാം ശിവരൂപായാം വിശേഷാദ് രമണം യത:**
**തസ്മാദേതേ മഹാഭാഗാ വീരശൈവാ ഇതി സ്മൃത: 15**

15. ശിവസ്വരൂപരായ വീരശൈവർ വിശേഷ വിജ്ഞാന ത്തിൽ

ക്കാളും ലക്ഷണയുക്തമാണ്.

**അനാദ്യവിദ്യാസംബന്ധാത് തദംശോ ജീവനാമക: 34**
**ദേവതിര്യങ്മനുഷ്യാദിജാതിഭേദേ വ്യവസ്ഥിത :**
**മായി മഹേശ്വരസ്തേഷാം പ്രേരകോ ഹൃദി സംസ്ഥിത: 35**

34/35. ഭഗവാൻ ശിവൻ ഏകമാത്രമാകുന്നു. അതു സാക്ഷാൽ ചിതാനന്ദമയവും, സർവ്വ വ്യാപിയും, നിർവ്വികല്പവും, നിരാകാരവും, നിർഗ്ഗുണവും, പ്രപഞ്ച രഹിതവും ആകുന്നു. അനാദി അവിദ്യാ സംബന്ധമാകുന്നതിനാൽ ജീവനെന്ന അവിടുത്തെ അംശം ദേവൻ, തിര്യങ്, മനുഷ്യൻ മുതലായ ജാതിഭേദ രൂപത്തിൽ സ്ഥിതി ചെയ്യുന്നു. ആ ജീവന്മാർക്ക് പ്രേരകനായ മഹേശ്വരൻ- മായാശാലിയായ ഈശ്വരൻ - അവന്റെ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു.

കുറിപ്പ്:

'ഏകമേവാദ്വിതീയം' എന്ന വേദവാക്യത്തിന്റെ നിഴലാണിത്. 'ഏകം', 'ഏവം' 'അദ്വിതീയം' എന്നീ മൂന്നു പദങ്ങളും ബ്രഹ്മത്തിൽ വിജാതീയം, സജാതീയം, സ്വഗതം എന്ന ഭേദങ്ങളെ നിരാകരിക്കുന്നു. പശു എരുമയിൽ നിന്നും വിജാതീയ ഭേദവും, പശു പശുവിനോടുള്ളത് സജാതീയ ഭേദവും, ഒരേ പശുവിന്റെ കയ്യ്, കാല് എന്നിവകൾ സ്വഗത ഭേദവുമാകുന്നു. ഭഗവാൻ ശിവശങ്കരൻ ഈ മൂന്നുഭേദങ്ങളുമില്ലാത്തവനാകുന്നു. ജീവൻ ശിവാംശമാകുന്നു. ഈ വിഷയത്തിൽ 'മമൈവാംശോ ജീവ ലോകേ' ജീവഭൂത: സനാതന: എന്നു ഗീത (4-7) യും, അംശോ നാനാ വ്യപദേശാത് '(2/3/43)' എന്നു ബ്രഹ്മസൂത്രത്തിലും പറയുന്നു.

**ചന്ദ്രകാന്തേ തഥാ തോയം സൂര്യകാന്തേ യഥാƒനല:**
**ബിജേ യഥാങ്കുര: സിദ്ധസ്തഥാത്മനി ശിവ: സ്ഥിത: 36**

36. ചന്ദ്രകാന്ത മണിയിൽ (രത്നം) ജലവും, സൂര്യകാന്ത മണിയിൽ അഗ്നിയും, ഉള്ളതുപോലെ വിത്തിനുള്ളിൽ അതിന്റെ (മുള) ബീജം മുമ്പേയു്. ഇതുപോലെ തന്നെ നമ്മിൽ ഭഗവാൻ ശിവനും സ്ഥിതി ചെയ്യുന്നു.







ഇല്ല.

**മാഹേശ്വരാ: സമാഖ്യാതാ: കർമ്മയജ്ഞരതാ ഭുവി**
**തസ്മാദഭ്യന്തരേ കുര്യു: ശൈവാ മാഹേശ്വരാ ബഹി: 21**

21. ശിവാശ്രിതരായവരിൽ ജ്ഞാനയജ്ഞങ്ങളിൽ മുഴുകിയിരിക്കുന്നവരെ 'ശൈവർ'എന്നു വിളിക്കുന്നു. ഭൂമിയിൽ 'കർമ്മയജ്ഞ'ങ്ങളിൽ മുഴുകിയിരിക്കുന്നവരെ 'മാഹേശ്വരൻ'-'വീരശൈവൻ' എന്നു പറയുന്നു. തന്മൂലം ശൈവർ ആഭ്യന്തരമായ ജ്ഞാന- യജ്ഞനങ്ങളും വീരശൈവനായ (മാഹേശ്വരനായ) സാധകൻ ബാഹ്യമായ കർമ്മയജ്ഞങ്ങളും ചെയ്യുക.

കുറിപ്പ്:

പക്ഷിക്ക് ആകാശത്തിൽ ഒറ്റച്ചിറകുകൊ് പറക്കാനാവാത്തതുപോലെ ജ്ഞാനം കൊോ ക്രിയ കൊോ മാത്രം ശിവത്വത്തെ പ്രാപിക്കാൻ കഴിയുകയില്ല. അജ്ഞാനിയായവൻ അന്ധനെപ്പോലെയും, ക്രീയരഹിതനായവൻ കയ്യില്ലാത്തവനെപ്പോലെയുമാണ്. സംസാ രാഗ്നിയിൽ ഇവ രും ജ്വലിച്ച് ചാമ്പലായിത്തീരുന്നു.

## വീരശൈവ ഷഡ്സ്ഥലഭേദങ്ങൾ

**വീരശൈവാസ്തു ഷഡ്ഭേദാ: സ്ഥലധർമവിഭേദത**
**ഭക്താദിവ്യവഹാരരേണ പ്രോച്യന്തേ ശാസ്ത്രപാരഗൈ. 22**

22. ഷഡ് സ്ഥലങ്ങളും അതിന്റെ ആചാരഭേദങ്ങളും കൊ് ഭക്ത മാഹേശ്വരാദികളുടെ വ്യവഹാരത്താൽ ശാസ്ത്ര പണ്ഡിതന്മാർ 'വീരശൈവ'ത്തിന് ആറു ഭേദങ്ങൾ പറയുന്നു.

**ശാസ്ത്രം തു വീരശൈവാനാം ഷഡ്വിധം സ്ഥലഭേദത:**
**ധർമ ഭേദസമായോഗാദധികാരിവിഭേദത: 23**

23. സ്ഥലഭേദം, മതഭേദം, അധികാരിഭേദം എന്നിവയാൽ 'വീരശൈവ ശാസ്ത്രം' ആറുവിധമാകുന്നു.

**ആദൌ ഭക്തസ്ഥലം പ്രോക്തം തതോ മാഹേശ്വരസ്ഥലം**
**പ്രസാദിസ്ഥലമന്യത്ത് പ്രാണലിംഗസ്ഥലം തത: 24**

24. ഭക്തസ്ഥലം, മാഹേശ്വരസ്ഥലം, പ്രസാദിസ്ഥലം, പ്രാണ ലിംഗി സ്ഥലം, ശരണസ്ഥലം, ഐക്യസ്ഥലം എന്നിങ്ങനെ സ്ഥലഭേദങ്ങൾ ആറുവിധമു്.

## ഭക്തസ്ഥല വർണ്ണന

**ഭക്തസ്ഥലം പ്രവക്ഷ്യാമി പ്രഥമം കലശോദ്ഭവ:**
**തദവാന്തരഭേദാംശ്ച സമാഹിതമനാ: ശൃണു 25**

25. 'അല്ലയോ കുംഭജാ! ആദ്യമായി ഞാൻ ഭക്തസ്ഥലത്തെയും, അതിന്റെ അവാന്തര ഭേദങ്ങളെയും കുറിച്ച് പറയാം. സ്ഥിരചിത്തനായിരുന്ന് കേൾക്കുക'.

**ശൈവീ ഭക്തി: സമുല്പന്നാ യസ്യാസൌ ഭക്ത ഉച്യതേ**
**തസ്യാനുഷ്ഠേയധർമാണാം മുക്തിർഭക്തസ്ഥലം മതം 26**

26. ഭഗവാൻ ശിവനിൽ ഭക്തിയുള്ളവനാരോ അവനെ 'ഭക്തൻ' എന്നു വിളിക്കുന്നു. അവന്റെ അനുഷ്ഠാന ധർമ്മങ്ങൾ പ്രതിപാദിക്കുന്ന അദ്ധ്യായത്തെ (സ്ഥലം) 'ഭക്തസ്ഥലം' എന്നു പറയുന്നു.

**അവാന്തരസ്ഥലാന്യത്ര പ്രാഹു:പഞ്ചദശോത്തമാ:**
**പിണ്ഡതാ പിണ്ഡവിജ്ഞാനം സംസാരഗുണ ഹേയതാ 27**
**ദീക്ഷാ ലിംഗധൃതിശ്ചൈവ വിഭൂതേരപി ധാരണം**
**രുദ്രാക്ഷധാരണം പശ്ചാത് പഞ്ചാക്ഷര ജപസ്തഥാ 28**
**ഭക്തമാർഗ്ഗക്രിയാ ചൈവ ഗുരോർലിംഗസ്യ ചാർച്ചനം**
**ജംഗമസ്യ തഥാ ഹ്യേഷാം പ്രസാദസ്വീകൃതിസ്തഥാ 29**
**അത്ര ദാനത്രയം പ്രോക്തം സോപാധിനിരുപാധികം**
**സഹജം ചേതി നിർദ്ദിഷ്ടം സമസ്താഗമപാരഗൈ:**
**ഏതാനി ശിവഭക്തസ്യ കർത്തവ്യാനി പ്രയത്നത: 30**

27-30. ഭക്തസ്ഥലത്തിന് പണ്ഡിതന്മാർ 15 അവാന്തര സ്ഥലങ്ങൾ പറഞ്ഞിരിക്കുന്നു.

1. പിണ്ഡസ്ഥലം 2. പിണ്ഡജ്ഞാന സ്ഥലം 3. സംസാരഹേയസ്ഥലം 4.ദീക്ഷാലക്ഷണഗുരുകാരുണ്യ സ്ഥലം







5. ലിംഗധാരണ സ്ഥലം 6. വിഭൂതിധാരണ സ്ഥലം 7. രുദ്രാക്ഷ ധാരണസ്ഥലം 8. പഞ്ചാക്ഷരീ ജപസ്ഥലം 9. ഭക്തമാർഗ്ഗ ക്രിയാസ്ഥലം 10. ഉദയസ്ഥലം (ഗുരു-ശിവലിംഗം പൂജാരൂപം 11. ത്രിവിധ സമ്പത്തിസ്ഥലം 12. ചതുർവ്വിധ സാരായസ്ഥലം പ്രസാദസ്വീകരണസ്ഥലം,

<u>ദാനസ്ഥലം മൂന്നുവിധം</u>

13. സോപാധിദാനസ്ഥലം 14. നിരുപാധിദാനസ്ഥലം
15. സഹജദാനസ്ഥലം

ഇങ്ങനെ 15 അവസ്ഥാന്തരങ്ങൾ സർവ്വാഗമപണ്ഡിതന്മാരാലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വീരശൈവരായ ശിവഭക്തന്മാർ ഇവ സശ്രദ്ധം പഠിക്കണം. (മനസ്സിലാക്കണം)

## പിണ്ഡസ്ഥലവർണ്ണന

**ബഹുജന്മകൃതൈ: പുണ്യൈ: പ്രക്ഷീണേ പാപപഞ്ജരേ**
**ശുദ്ധാന്ത:കരണോ ദേഹി പിണ്ഡശബ്ദേന ഗീയതേ. 31**

31. അനേക ജന്മങ്ങളിലായാർജ്ജിച്ച പുണ്യങ്ങൾ കൊ് പാപങ്ങളാകുന്ന അസ്ഥികൂടം ഇല്ലാതാകുമ്പോൾ ശുദ്ധമായ മനസ്സിനാൽ സംലഗ്നമായ ജീവനെ 'പിണ്ഡ'മെന്നു പറയുന്നു.

കുറിപ്പ്:

രുകാലുകൾ കൊ് ഒരു ഗമനക്രിയ നടക്കുന്നതും രു നേത്രങ്ങൾകൊ് ഒരു ദർശന ക്രിയ നടക്കുന്നതും എപ്രകാരമാണോ അപ്രകാരം ഒരാൾക്ക് ആത്മലാഭം ഗുരുപദേശവും സ്വാനുഭവവും മുഖേന സമ്പാദിക്കുവാനാകുന്നു.

**ശിവശക്തി സമുല്പന്നേ പ്രപഞ്ചേƒസ്മിൻ വികല്പ്യതേ 32**
**പുണ്യാധിക ക്ഷീണപാപ: ശുദ്ധാത്മാ പിണ്ഡനാമക:**
**ഏക ഏവ ശിവ:സാക്ഷാച്ചിദാനന്ദമയോ വിഭു:**
**നിർവികല്പോ നിരാകാരോ നിർഗ്ഗുണോ നിഷ്പ്രപഞ്ചക: 33**

32/33. ശിവശക്തിയിൽ നിന്നുമുായ ഈ പ്രപഞ്ചത്തിൽ പാപരഹിതമായ പിണ്ഡമെന്ന ശുദ്ധാത്മാവ് സർവ്വതിനേ

**കിഞ്ചിത്സത്ത്വരജോരൂപം ഭോക്തൃസംജ്ഞകമുച്യതേ**
**അത്യന്തതാമസോപാധിർഭോജ്യമിത്യഭിധീയതേ**
**പരതത്ത്വമയോപാധിർബ്രഹ്മചൈതന്യമീശ്വര: 40**
**ഭോക്താ ഭോജ്യം പ്രേരയിതാ വസ്തുത്രയമിതം സ്മൃതം**
**അഖണ്ഡേ ബ്രഹ്മചൈതന്യേ കല്പിതം ഗുണഭേദത 41**

40/41. സത്വഗുണത്തിന്റെയും രജോഗുണത്തിന്റെയും അല്പം മിശ്രണത്തിൽ നിന്നുമുായ ചെതന്യത്തെ 'ഭോക്താവ്' എന്നും, അത്യന്തം തമസ്സ് എന്ന ഉപാധിയുള്ള ബ്രഹ്മത്തെ 'ഭോജ്യം' എന്നും പറയുന്നു. പരതത്വസ്വരൂപമായ സത്വഗുണത്തിന്റെ ഉപാധിയാൽ യോജ്യമായ ചൈതന്യത്തെ 'ഈശ്വരൻ' എന്നു പറയുന്നു. ഇപ്രകാരം ഭോക്താവ്, ഭോജ്യം, പ്രേരകം എന്നീ മൂന്നു വസ്തുക്കൾ ഗുണഭേദത്താൽ അഖണ്ഡമായ ബ്രഹ്മചൈതന്യത്തിൽ കല്പിക്കപ്പെട്ടിരിക്കുന്നു.

**അത്ര പ്രേരയിതാ ശംഭു: ശുദ്ധോപാധിർമഹേശ്വര:**
**സമിശ്രോപാധയ: സർവേ ഭോക്താര: പശവ : സ്മൃതാ: 42**

42. ഈ മൂന്നിലും ശുദ്ധ സത്വോപാധിയുള്ള മഹേശ്വരൻ പ്രേരയിതാവാണ്. അല്പ സത്വഗുണത്തിന്റെയും, തമോഗുണത്തിന്റെയും മിശ്രണത്താൽ രാജോഗുണമുള്ളവരായ സകല ഭോക്താക്കളും മൃഗങ്ങളെന്നു കണക്കാപ്പെടുന്നു. അവ്യക്തവും ഗൂഢവുമായ ശുദ്ധതാമസ ഗുണരൂപമെന്ന ചൈതന്യത്തെ 'ഭോജ്യ'മെന്നു പറയുന്നു.

**ഭോജ്യമവ്യക്തമിത്യുക്തം ശുദ്ധതാമസരൂപകം**
**സർവജ്ഞ: പ്രേരക: ശംഭു: കിഞ്ചിജ്ഞോ ജീവ ഉച്യതേ**
**അത്യന്തഗൂഢചൈതന്യം ജഡമവ്യക്തമുച്യതേ 43**

43. പ്രേരകനായ ഭഗവാൻ ശിവൻ സർവ്വജ്ഞനാണ്. ജീവൻ അല്പജ്ഞവുമാണ്. അത്യന്തം ഗൂഢചൈതന്യമായ ജഡത്തെ അവ്യക്തമെന്നു പറയുന്നു. വൃക്ഷാദികളിലും, പച്ചപ്പാടങ്ങളിലും, പാറക്കെട്ടുകളിലും, മറ്റും വൃദ്ധി കാണപ്പെടുത്തനതിനാൽ അതിൽ ചൈതന്യം ഗൂഢമാണെന്ന് മനസ്സിലാകുന്നു.







**ആത്മത്വമീശ്വരത്വം ച ബ്രഹ്മണ്യേകത്രകല്പിതം**
**ബിംബത്വം പ്രതിബിംബത്വം യഥാ പൂഷണി കല്പിതം 37**

37. ഒരേ സൂര്യനിൽ തന്നെ ബിംബത്വവും, പ്രതിബിംബത്വവും സ്ഥിതി ചെയ്തിരിക്കുന്നതു പോലെ ഒരേ ബ്രഹ്മത്തിൽ ആത്മത്വവും ഈശ്വരത്വവും കല്പിക്കപ്പെട്ടിരിക്കുന്നു. മായയിൽ പ്രതിബിംബിക്കുന്ന ബ്രഹ്മത്തെയും ഈശ്വരനെന്നു വിളിക്കപ്പെടുന്നു.

**ഗുണത്രയവിഭേദേന പരതത്വേ ചിദാത്മനി**
**ഭോക്തൃത്വം ചൈവ ഭോജ്യത്വം പ്രേരകത്വം ച കല്പിതം 38**

38. സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളുടെയും ഭേദത്താൽ ചിത്സ്വരൂപമായ പരതത്വത്തിൽ ഭോക്തൃത്വം, ഭോജത്വം, പ്രേരകത്വം, എന്നിവ കല്പിച്ചിരിക്കുന്നു എന്നത് വാസ്തവമല്ല.

**ഗുണത്രയാത്മികാ ശക്തിർബ്രഹ്മനിഷ്ഠാ സനാതനീ**
**തദ്വൈഷമ്യാത് സമുത്പന്നാ തസ്മിൻ വസ്തുത്രയഭിധാ 39**

39. ബ്രഹ്മത്തിലുള്ള ത്രിഗുണാത്മക ശക്തി സനാതനവും നിത്യവുമാകുന്നു. ത്രിഗുണങ്ങളുടെ വൈഷ്യമത്താൽ ബ്രഹ്മത്തിൽ മൂന്നു വിധത്തിലുള്ള പദാർത്ഥങ്ങളുാകുന്നു.

കുറിപ്പ്:

'ബ്രഹ്മനിഷ്ഠ' എന്നത് ശക്തിയുടെ വിശേഷണമാണ്. കൂടാതെ ബ്രഹ്മത്തിൽ സ്ഥിതി ചെയ്യുന്നത് എന്നും അർത്ഥമു്. ബ്രഹ്മത്തിന്റെയും ശക്തിയുടെയും സംയോഗരൂപമല്ല ഈ അവസ്ഥ. കാരണം സംയോഗമെന്നാൽ രു വസ്തുക്കൾ തമ്മിലുള്ള കൂടിച്ചേരലോ, ഏതെങ്കിലുമൊരു വസ്തുവിന്റെ ക്രിയയാൽ സംഭവിക്കുന്നതോ, രു വസ്തുക്കളുടെ ഒരംഗം കൊോ ആകുന്നു. ബ്രഹ്മം ക്രിയയോ സാവയവമോ അല്ല. ആയതിനാൽ ഈ സ്ഥിതി സാമരസ്യമയിയാകുന്നു. ബ്രഹ്മത്തിന്റേയും ശക്തിയുടെയും സംബന്ധം അഗ്നിയും അതിന്റെ ചൂടും, ചന്ദ്രനും അതിന്റെ ശീതളിമയും പോലെയാണ്. 'ശക്തി' എന്നത് ശിവന്റെ സ്വഭാവമാകുന്നു. 'രസ്സോഹമപ്സു കൌന്തേയ' തുടങ്ങിയ ഭഗ

വത് ഗീതയിലെ വാക്യങ്ങൾ ഇതിനു പ്രമാണങ്ങളാണ്.

ശ്രീ പരമേശ്വരന്റെ ശക്തി എന്നത് നിത്യവും. സനാതനവും, ജ്ഞാനവും ക്രിയയും, സാമരസ്യ സ്വരൂപവുമാകുന്നു. ഇത് ശിവന്റെ സ്വഭാവമാകുന്നു. ശ്രീപരമേശ്വരൻ പ്രകാശരൂപനാണ്. ശക്തി ഈ പ്രകാശത്തിന് വിമർശമാകുന്നു. പരാശക്തിയെക്കുറിച്ച് പല വിധത്തിൽ കേൾക്കുന്നു. ജ്ഞാനം ബലം, ക്രിയ എന്നിവ അതിൽ സ്വാഭാവികമായും കാണപ്പെടുന്നു. ആ ശക്തി നിത്യമാണെങ്കിൽ അതിൽ ജഗത് സൃഷ്ടി എങ്ങനെ സംഭവിക്കുന്നു. വെണ്ണക്ക് കഠിനത ആകസ്മികമായുാവുന്നു. പരാശക്തിയുടെ ജ്ഞാനാംശത്തിൽ നിന്നും സത്വഗുണാത്മികമായ വിദ്യാശക്തിയും, ശുദ്ധക്രിയാംശത്തിൽ നിന്നും സത്വഗുണത്തിന്റെയും തമോഗുണത്തിന്റെയും മിശ്രിതമായി ക്രിയാശക്തിയും, ക്രിയ ജ്ഞാനമോ, ജ്ഞാനം ക്രിയയോ ആകാത്ത അന്യോന്യഭാവബുദ്ധി പരമേശ്വരന്റെ തമോഗുണ ശക്തിയാകുന്നു. ഈ മൂന്നു ശക്തികളും ശിവനിൽ 'മയിൽമുട്ട വെള്ള'യെന്നപോലെ സുഷുപ്തമായിരിക്കുന്നു. സംഖ്യാശാസ്ത്രത്തിന്റെ പരിണാമ വാദത്തിന് ഇവിടെ അവകാശമില്ല.

നിരംശമായ ശ്രീപരമേശ്വരന്റെ ശക്തിയും നിരംശമാകുന്നു. അതിൽ നിന്നും അവയവങ്ങളോടുകൂടിയുള്ള സൃഷ്ടി എങ്ങനെ സംഭവിക്കുന്നു? നിരംശമായ പരമാണുവിൽ നിന്നും സംയോഗസംബന്ധമായി ദ്വയനുക്, ത്രസരേണ്യ മുതലായവയുാകുന്നത് ആരുടെ പ്രകാശം കൊാണ്? ഇവിടെയും നിരവയവത്തിൽ നിന്നും സാവയവ സൃഷ്ടി ഉാകുന്നു. ശ്രീപരമേശ്വരന്റെ ശക്തി ലഘൂകരിക്കുവാൻ ആകാത്തതാകുന്നു. അസംഭവ്യത്തെയും സംഭവ്യമാക്കുന്നുവെന്നത് അവിടുത്തെ സ്വാതന്ത്ര്യമാകുന്നു. പിന്നെ അതിൽ അവിദ്യയുമുാകുന്നില്ല. അത് നിരഞ്ജനവും, നിരവദ്യവുമാകുന്നത് എങ്ങനെ? എന്തുകൊ്? ഇങ്ങനെ കണക്കാക്കിയാൽ ജീവനും ഈശ്വരനും തമ്മിലുള്ള വ്യത്യാസം ഉാകുന്നില്ല.





ഈ വിവേകം പ്രതിബിംബത്തിലൂടെ ഉാകുന്നുവെങ്കിൽ അങ്ങനെ സംഭവിക്കുന്നില്ല. മുഖവും കണ്ണാടിയും തമ്മിൽ രിന്റേയും ഗുണമുാകുന്നതിനാൽ ബിംബ-പ്രതിബിംബ സ്വഭാവം ഉാകുന്നു. ഭഗവാൻ ശ്രീപരമേശ്വരൻ ഏകമാത്രമാകുന്നു. ഏതൊരു വസ്തുവിലും അവിടുത്തെ അതിശയകരമായ സാമർത്ഥ്യത്താൽ ബിംബ-പ്രതിബിംബ ഭാവമുാകുന്നു. സ്വച്ഛമായ ആകാശത്തിൽ മാലിന്യങ്ങളുാകുന്നതുപോലെ ഈ പ്രപഞ്ചം അവിടുത്തെ ഇച്ഛപോലെ പ്രത്യക്ഷീഭവിക്കുന്നു. ഇതിന്റെ അവസ്ഥയും ശുദ്ധാ ശുദ്ധത്വത്തിന്റെ സ്ഥിതിയിലാകുന്നു.

**ജീവ ഇശോ വിശുദ്ധാ ചിത് തഥാ**
**ജീവേശായോർഭിദാ അവിദ്യാ തച്ചിതോ**
**യോഗ: ഷഡ്സ്മാകമനാദയ:**

എന്ന് ഈ അവസ്ഥയെ ഉദ്ദേശിച്ച് പറയുന്നു.

അവസാനം ശിവശങ്കരൻ മാത്രമുാകുന്നു. ജീവനും അവിദ്യയും ഒന്നും തന്നെ ഉാവുന്നില്ല. ജ്ഞാതാ, ജ്ഞാന, ജ്ഞേയങ്ങളായ ത്രിപുടി ബുദ്ധി നിലനിൽക്കുമ്പോൾ സർവ്വ വ്യവഹാരങ്ങളും നടന്നുകൊിരിക്കുന്നു. ജ്ഞേയം ജ്ഞാനത്തിലും, ജ്ഞാനം ജ്ഞാതാവിലും ലയിക്കുമ്പോൾ ജ്ഞാതൃത്വവും ജ്ഞേയ-ജ്ഞാനങ്ങളും സാക്ഷേപമാകുന്നു. അതുകൊ് ശുദ്ധവും ചിത്സ്വരൂപവുമായ പരതത്വം അവശേഷിക്കുന്നതിനാൽ ബ്രഹ്മത്തിന്റെ കാര്യത്തിൽ ബാഹ്യപ്രമാണങ്ങൾ സമർത്ഥിക്കുന്നില്ല. സ്വന്തം അനുഭവം തന്നെ പ്രമാണങ്ങളാകുന്നു. ജന്മാദ്യസ്യയത: (ബ. സൂ 1/1/2), യതോ വാ ഇമാനി ഭൂതാനി ജായന്തേ (തൈ.ഉ) തുടങ്ങിയ വാക്യങ്ങൾ മനുഷ്യന് അവന്റെ ലൌകിക ദശയിൽ ബ്രഹ്മത്തിന്റെ അസ്തിത്വമായ ജ്ഞാനം കൊടുക്കുന്നു. അവിടുത്തെ സ്വരൂപത്തിന്റെ ബോധം വിമർശ ശക്തിയാകുന്ന കൃപയുടെ സഹായത്താൽ ഉാകുന്നു.

ച്ചറിഞ്ഞ കാര്യത്തിന്റെ സ്മരണ ഇന്ദ്രിയങ്ങൾക്ക് ഉാകുന്നില്ല.

**ശരീരേന്ദ്രിയബുദ്ധിഭ്യോ വ്യതിരിക്ത: സനാതന:**
**ആത്മസ്ഥിതിവിവേകി യ പിണ്ഡജ്ഞാനി സ കഥ്യതേ. 58**

58. അതുകൊ് ഇന്ദ്രിയങ്ങൾ, ബുദ്ധി മുതലായവകളിൽ നിന്നും ഭിന്നവും, സനാതനവും നിത്യവുമാകുന്ന ശരീരം ആത്മാവോടു കൂടിയതാകുന്നു. ഇങ്ങനെയുള്ള ആത്മസ്ഥിതികളെ വിവേക ത്തോടെ വയ്ക്കുന്നവനെ 'പിണ്ഡജ്ഞാനി' എന്നുപറയുന്നു.

കുറിപ്പ്:

ധനം പുത്രൻ മുതലായ ബാഹ്യവിഷയങ്ങൾ ഇല്ലാതാകുന്ന തിൽ നിന്നു ദുഃഖവും ഇതിന്റെ അഭിവൃദ്ധികൊ് സുഖമു ാ കുന്നതിനാൽ ബാഹ്യവിഷയം ആത്മാവുതന്നെയാകുന്നുവെന്ന് സാധാരണക്കാർ കണക്കാക്കുന്നു. ആ വിഷയങ്ങളിൽ നിന്നും വിഭിന്നമായ ശരീരം തന്നെ സുഖദുഃഖങ്ങളെ അനുഭവിക്കുന്നു. ശരീരംതന്നെ ആത്മാവാകുന്നുവെന്ന് ചാർവ്വാകൻ കണക്കാക്കു ന്നു. ഇന്ദ്രിയങ്ങളെയും ആത്മാവുതന്നെയെന്നു കണക്കാക്കുന്നു. ഇതും സംഭവ്യമല്ല. കാരണം ഇന്ദ്രിയങ്ങളെ മുഴുവൻ ആത്മാ വായി കണക്കാക്കിയാൽ ഒന്നോ രോ ഇന്ദ്രിയങ്ങൾ ഇല്ലാ താകുമ്പോൾ സർവ്വതും മരിക്കും. ഓരോരോ ഇന്ദ്രിയങ്ങൾ ആത്മാവാകുന്നുവെങ്കിൽ പിന്നെ ജലം മധുരവും സ്വച്ഛവുമാകും. ഇപ്രകാരം ് ഇന്ദ്രിയങ്ങൾ കൊ് ഒന്നിച്ചു ചേരുന്നതായ ജ്ഞാനം സംഭവ്യമല്ല. അതുകൊ് ഇന്ദ്രിയങ്ങൾ ആത്മാവല്ല. എന്നാൽ ബുദ്ധി ആത്മാവാകുന്നു എന്ന് കുറച്ചാളുകൾ കണ ക്കാക്കുന്നു. ഇങ്ങനെ കണക്കാക്കുമ്പോൾ ബുദ്ധി ജഡമാകുന്നു. ആത്മാവിനേയും ജഡമായി കാണേി വരും. ആത്മാവ് ചൈത ന്യമാകുന്നു വെന്നത് അനുഭവവും സ്മൃതിയും കൊ് യുക്ത മാകുന്നു. ക്ഷണികമായ വിജ്ഞാന സന്താനം ആത്മാവാകുന്നു എന്ന് വിജ്ഞാന വാദികളായി ബൌദ്ധർ കണക്കാക്കുന്നു.

ഈ വിഷയത്തെക്കുറിച്ച് ഗ്രന്ഥകാരൻ പറയുന്നത്-'ഇത് എന്റെ ശരീരം, ബുദ്ധി, സ്മരണ എന്നിവയാണ്. ഇന്ദ്രിയങ്ങളില്ലാതിരു





**ഉപാധി: പുനരാഖ്യാത: ശുദ്ധാശുദ്ധവിഭേദത:**
**ശുദ്ധോപാധി: പരാ മായാ സ്വാശ്രയാഽമോഹകാരിണീ. 44**

44. ഭേദം കൊ് ഉപാധിയെ ശുദ്ധമെന്നും അശുദ്ധമെന്നും പറ യുന്നു. അതാതിൽ തന്നെ ആശ്രയിച്ചു കഴിയുന്ന ശുദ്ധ ഉപാധി 'മായ'യാകുന്നു. ഈശ്വരൻ മായയുടെ മോഹവലയത്തിൽ വീഴ്ത്തുകയില്ല.

**അശുദ്ധോപാധിരപ്യേവമവിദ്യാശ്രയിമോഹിനീ**
**അവിദ്യാശക്തിഭേദന ജീവാ ബഹുവിധാ: സ്മൃതാ: 45**

45. അശുദ്ധോപാധിയായ അവിദ്യ, തന്നെ ആശ്രയിക്കുന്ന ജീവനെ മോഹവലയത്തിൽ വീഴ്ത്തുന്നു. അവിദ്യ യുടെ ശക്തി ഭേദം കൊ് ജീവൻ അനേകവിധമെന്ന് കണക്കാക്കുന്നു.

**മായാശക്തിവശാദീശോ നാനാമൂർത്തിധര: പ്രഭു:**
**സർവ്വജ്ഞ: സർവകർത്താ ച നിത്യമുക്തോ മഹേശ്വര: 46**

46. ഭഗവാൻ ശിവൻ മായാശക്തി കാരണം അനേകം രൂപത്തെ സ്വീകരിക്കുന്നു. അവിടുന്ന് സർവ്വജ്ഞനും, സർവ്വകർത്താവും, നിത്യമുക്തനുമാകുന്നു.

കുറിപ്പ്:

നിരുപാധിയായ ഭഗവാൻ ശ്രീ പരമേശ്വരൻ ശുദ്ധമായയാ കുന്ന ഉപാധിയാൽ സവലിതമാകുമ്പോൾ അവിടുന്ന് സാദ്യോ ജാതം, വാമദേവം, അഘോരം, ഈശാനം, തത്പുരുഷം എന്നീ രൂപങ്ങളിൽ സ്വയം വിളങ്ങുന്നു. തന്ത്രശാസ്ത്രങ്ങളിൽ (ആഗമങ്ങളിൽ) ഈ അഞ്ചും സദാശിവന്റെ അഞ്ചു മുഖങ്ങ ളാണെന്നു പറയുന്നു.

**കിഞ്ചിത്കർത്താ ച കിഞ്ചിജ്ജ്ഞോ ബദ്ധോഽനാദിശരീരവാൻ**
**അവിദ്യാമോഹിതാ ജീവാ ബ്രഹ്മൈക്യജ്ഞാന വർജ്ജിതാ: 47**

47. അനാദിയായ ശ്രീ പരമേശ്വരൻ ബദ്ധനാകുമ്പോൾ അവി ടുന്ന് അല്പകർത്താവും അല്പജ്ഞനും ജീവനും ആയിത്തീ രുന്നു.

**പരിഭ്രമന്തി സംസാരേ നിജകർമാനസാരത:**
**ദേവതിര്യങ്മനുഷ്യാദിനാനായോനിവാഭേദത: 48**

48. പ്രപഞ്ചത്തിൽ അവിദ്യ കാരണം മോഹവലയത്തിൽപ്പെട്ട ജീവൻ ബ്രഹ്മാവും ശിവനുമായുള്ള ഐക്യജ്ഞാനമില്ലാതെ കർമ്മങ്ങൾ ചെയ്തതനുസരിച്ച് ദേവൻ, തിര്യങ്, മാനുഷൻ മുതലായ അനേകമനേകം വിവിധയോനികളിൽ ജനിച്ചും മരിച്ചും പരിഭ്രമണം ചെയ്തുകൊിരിക്കുന്നു.

**ചക്രനേമിക്രമേണൈവ ഭ്രമന്തി ഹി ശരീരിണ:**
**ജാത്യായുർഭോഗവൈഷമ്യകാരണം കർമ കേവലം 49**

49. ശരീരധാരിയായ ആത്മാവ് ചക്രത്തിന്റെ മുകളി (നെറ്റിയി) ലിരിക്കുന്ന ഗോളത്തെപ്പോലെ അനുക്രമം കറങ്ങിക്കൊിരിക്കുന്നു. ജന്മം, ആയുസ്സ്, ഭോഗം എന്നിവയുടെ വൈഷമ്യങ്ങൾക്കു കാരണം കേവലം കർമ്മം മാത്രമാകുന്നു.

**ഏതേഷാം ദേഹിനാം സാക്ഷീ പ്രേരക: പരമേശ്വര:**
**ഏതേഷാം ഭ്രമതാം നിത്യം കർമയന്ത്രനിയന്ത്രണേ. 50**

50. നിത്യേന കറങ്ങിക്കൊിരിക്കുന്നതായ ഈ ആത്മാക്കളുടെ കർമ്മയന്ത്രത്തെ നിയന്ത്രിക്കുവാൻ പ്രേരിപ്പിക്കുന്ന ഭഗവാൻ ശ്രീപരമേശ്വരൻ ഇതിന് സാക്ഷിയാകുന്നു.

**ദേഹിനാം പ്രേരക: ശംഭുർഹിതമാർഗോപദേശക:**
**പുനരാവൃത്തിരഹിതമോക്ഷമാർഗോപദേശക: 51**

51. ഭഗവാൻ ശിവൻ തന്നെ ശരീരികളുടെ പ്രേരകനും ഹിതകരമായ മാർഗ്ഗോപദേശകനും പുനർജന്മരഹിതമായ മോക്ഷത്തിന്റെ ഉപദേഷ്ടാവുമാകുന്നു.

**സ്വകർമപരിപാകേന പ്രക്ഷീണമലവാസന:**
**ശിവപ്രസാദാജ്ജീവ്യോഽയം ജായതേ ശുദ്ധമാനസ: 52**

52. സ്വകർമ്മങ്ങളുടെ പരിപൂർണ്ണമായ പരിപാകം കൊ് (ആത്മാവിന്റെ) ജീവന്റെ മലവാസന ഇല്ലാതാകുകയും ശിവാനുഗ്രഹത്താൽ ഈ ജീവൻ ശുദ്ധചിത്തനായിത്തീരുകയും ചെയ്യുന്നു.







**ശുദ്ധാന്ത:കരണേ ജീവേ ശുദ്ധകർമവിപാകത:**
**ജായതേ ശിവകാരുണ്യാത് പ്രസ്ഫുടാ ഭക്തിരൈശ്വരി 53**

53. ശുദ്ധമനസ്സുള്ള ജീവന്റെയുള്ളിൽ ശുദ്ധമായ കർമ്മപരിപാകത്താൽ ശിവകാരുണ്യത്തിനായി ശിവനോട് സ്പഷ്ടമായ ഭക്തിയു ാകുന്നു.

**ജന്തുരന്ത്യശരീരോഽസൗ പിണ്ഡശബ്ദാഭിധേയക:54**

54. ഒടുവിൽ ശരീരവാനായ ഈ ജീവൻ 'പിണ്ഡ'മെന്ന ശബ്ദത്തിനു പര്യായമാകുന്നു.

## പിണ്ഡജ്ഞാനസ്ഥല വർണ്ണന

**ശരീരാത്മാവിവേകേന പിണ്ഡജ്ഞാനി സ കഥ്യതേ**
**ശരീരമേവ ചർവാകൈരാത്മേതി പരികീർത്യതേ. 55**

55. ശരീരവും ആത്മാവും തമ്മിലുള്ള ഭേദത്തെ അറിയുന്നവനെ 'പിണ്ഡജ്ഞാനി' എന്നു വിളിക്കപ്പെടുന്നു. ചാർവ്വാകന്റെ പിൻഗാമികൾ ശരീരത്തെതന്നെ ആത്മാവായി കണക്കാക്കുന്നു.

**ഇന്ദ്രിയാണാം തഥാത്മത്വപരൈ: പരിഭാഷ്യതേ**
**ബുദ്ധിതത്ത്വഗതൈർബൌദ്ധൈർ**
**ബുദ്ധിരാത്മേതി ഗീയതേ 56**

56. അപ്രകാരം ചർവ്വാകാദികളും മറ്റും ഇന്ദ്രിയങ്ങളെയും ആത്മാവെന്നു പറയുന്നു. ബുദ്ധി തത്വങ്ങളുടെ മൂലം കണക്കാക്കുന്നവരായ ബൌദ്ധർ ബുദ്ധിയെയും (ജ്ഞാനത്തെ) ആത്മാവെന്നു പറയുന്നു.

**നേന്ദ്രിയാണാം ന ദേഹസ്യ ന ബുദ്ധേരാത്മതാ ഭവേത്**
**അഹം പ്രത്യയവേദ്യത്വാദനുഭൂതസ്മൃതേരപി. 57**

57. ഇന്ദ്രിയങ്ങൾ, ദേഹം, ബുദ്ധി ഇവകളല്ലാത്തവ ആത്മാവു തന്നെയാകുന്നു. കാരണം ആത്മാവ് 'അഹം,അഹം' എന്നു പറഞ്ഞ് ഉാകുന്ന ജ്ഞാനത്തിന്റെ കാര്യമാകുന്നു. അനുഭവി

വിധം ജ്വലിച്ചു കൊിരിക്കുന്നു.

**കർമ്മമൂലേന ദുഃഖേന പീഡ്യമാനസ്യ ദേഹിനഃ**
**ആദ്ധ്യാത്മികാദിനാ നിത്യം കുത്ര വിശ്രാന്തിരിഷ്യതേ 66**

66. കർമ്മഫലത്തിൽ നിന്നുമുാകുന്ന ആദ്ധ്യാത്മികം മുതലായ ദുഃഖം കൊ് പീഡയനുഭവിക്കുന്ന ജീവന് എവിടെ നിന്നാണ് ശാന്തി ലഭിക്കുക? എവിടെ നിന്നും ലഭിക്കുകയില്ല.

**അദ്ധ്യാത്മികം തു പ്രഥമം ദ്വിതീയം ചാധിഭൌതികം**
**ആധിദൈവികമന്യച്ച ദുഃഖത്രയമിദം സ്മൃതം 67**

67. ആദ്ധ്യാത്മികം, ആധിഭൌതികം, ആധിദൈവികം എന്നിങ്ങനെ ദുഃഖങ്ങൾ മുന്നുവിധമാകുന്നു.

**ആദ്ധ്യാത്മീകം ദ്വിധാ പ്രോക്തം ബാഹ്യാഭ്യന്തരഭേദതഃ**
**വാതപിത്താദിജം ദുഃഖം ബാഹ്യമാദ്ധ്യാത്മികം മതം 68**

68. ബാഹ്യവും ആഭ്യന്തരവുമായ ഭേദത്തിൽ നിന്നും ആദ്ധ്യാത്മിക ദുഃഖം രുവിധമെന്നു പറയുന്നു. വാതപിത്തകഫങ്ങളാലുാകുന്ന ദുഃഖത്തെ 'ബാഹ്യാദ്ധ്യാത്മിക ദുഃഖം' എന്നു കണക്കാക്കുന്നു.

**രാഗാദ്വേഷാദിസമ്പന്നമാന്തരം പരികീർത്യതേ**
**ആധിഭൌതികമേതദ്ധി ദുഃഖം രാജാദിഭൂതജം 69**

'ആഭ്യന്തര ആദ്ധ്യാത്മിക ദുഃഖം' എന്നു പറയുന്നു. രാജാവ് മുതലായ കർമ്മങ്ങളാൽ ഉാകുന്ന ദുഃഖത്തെ 'ആധിഭൌതിക'മെന്നു പറയുന്നു.

**ആധിദൈവികമാഖ്യാതം ഗ്രഹയക്ഷാദിസംഭവം**
**ദുഖൈരേതൈരുപേതസ്യ കർമബദ്ധസ്യ ദേഹിനഃ**
**സ്വർഗേ വാ യദി വാ ഭൂമൌ സുഖലേശോ ന വിദ്യതേ 70**

70. ഗ്രഹങ്ങൾ, യക്ഷന്മാർ മുതലായവകളാലുാകുന്ന ദുഃഖം 'ആധിദൈവി'കമാകുന്നു. ഈ ദുഃഖങ്ങളിൽ നിന്നും യുക്തവും, കർമ്മത്താൽ ബദ്ധവുമായ ജീവന് ഭൂമിയിൽ (സ്വർഗ്ഗം) അല്പം പോലും സുഖമുാകുന്നില്ല.







ന്നാലും ജീവിച്ചുകൊിരിക്കു'മെന്നാണ്. 'ഇപ്രകാരമുള്ള അനുഭവങ്ങൾ കൊ് സിദ്ധിക്കുന്നത് ഉപര്യുക്തമായ ഇന്ദ്രിയങ്ങൾ മുതലായവകളിൽ നിന്നും ഭിന്നമായ ഏതോ ആത്മാവ് എന്ന തത്വം വേറെയു്' എന്നതാണ്. രൂപം, നാമം, സംസ്കാരം, വിജ്ഞാനം, വേദന എന്നീ പേരുകളുള്ള അഞ്ചു സ്കന്ദങ്ങളായ വസ്തുക്കൾക്കും ആത്മാവാകുവാൻ കഴിയുകയില്ല. കാരണം രൂപാദികൾ തന്നെ ആത്മാവാകുന്നുവെങ്കിൽ കൂടി അത് അനിത്യമായിത്തീരും. സുഷുപ്തിയിലും, അബോധാവസ്ഥയിലും ആത്മാവിന് അസ്ഥിത്വമുാവുകയില്ല. 'എനിക്കറിയാം' തുടങ്ങിയ അനുഭവത്തെ അധികരിച്ച് 'അഹം' എന്നതിനെത്തന്നെ ആത്മാവെന്നും നിത്യമെന്നും കാണുന്നുവെങ്കിൽ ആത്മാവ് ക്ഷണികവും വിജ്ഞാനരൂപവുമാകുന്നില്ല. രൂപജ്ഞാനങ്ങൾ ഇല്ലാതാകുന്നതിലൂടെ രസത്തിന്റെ സ്മൃതി ഉാവുകയില്ല. ഇങ്ങനെ സർവ്വലോക വ്യവഹാരങ്ങളും പിഴുതെറിയപ്പെടും. അതായത് ഇപ്രകാരമുള്ള ഏതൊരു തത്വവും നിത്യവും, തന്നെ അനുസരിക്കുന്നതും, ജ്ഞാനം, സ്മൃതി, അപോഹനശക്തി എന്നിവയുള്ളതുമാകുന്നു. അത് ആത്മാവാകുന്നു.

'മത്തഃസ്മൃതിർ ജ്ഞാനമപോഹനം ച' (15/15) എന്നു ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നു.

ആത്മാവ് 'അഹം,അഹം' എന്നു പറഞ്ഞ് ഉാകുന്ന ജ്ഞാനം 'തത് സ്വരൂപം' ആകുന്നു. 'അഹം' എന്നതിനെ ജ്ഞാനവിഷയമായി വേദാന്തം കണക്കാക്കുന്നു. കാരണം ജ്ഞാനവൃത്തികൾ സാക്ഷേപമാകുന്നു. വേദാന്തമനുസരിച്ച് ആത്മാവ് തന്റെ ശുദ്ധരൂപത്തിൽ 'ചിത് സ്വരൂപ'മാകുന്നു. എന്നാൽ ഗ്രന്ഥകാരൻ 'അഹം' 'തത് സ്വരൂപ'മെന്നു പറഞ്ഞിരിക്കുന്നത്, ഇതിൽ നിന്നും ഭിന്നമായ മറ്റൊന്നും തന്നെ ഇല്ല. സുഷുപ്തിയിലും അബോധാവസ്ഥയിലും അതിന്റെ അനുഭവം ഉാകാത്തതിനാൽ അനിത്യമാകുന്നതുകൊ് ശങ്കിക്കേതില്ല. മേല്പറഞ്ഞ അവസ്ഥയിൽ അത് ശൂന്യസ്ഥാനങ്ങളിൽ നിമഗ്നമായിരിക്കുന്നതിനാൽ അതിന്റെ പ്രകാശം മറഞ്ഞിരിക്കു

ന്നു. ആത്മാവ് സുഷുപ്താവസ്ഥയിൽ നിന്നും ഉണരുമ്പോൾ 'ഞാൻ സുഖമായുറങ്ങി' മുതലായ സുഖ സ്മൃതികളുാവുക യില്ല അഥവാ ഉാകുന്നു. സ്വതന്ത്രവും അംശഭൂതവുമായ പ്രാണവായുവിന്റെ പരിസ്പന്ദനത്താൽ ഗ്രഹിക്കുന്നകാര്യം വ്യക്തമാകുന്നു. മേല്പറഞ്ഞ വിവരണം കൊ് ഏതു ദേഹ ധാരിക്കും ജീവാത്മാവിന്റെ സിദ്ധിയുാേ? ഉെങ്കിൽ അത് ഈശ്വരസിദ്ധിയല്ല. ലോകത്തിൽ വിറകുവെട്ടുക മുതലായ ക്രിയ കൾ കർമ്മേന്ദ്രിയങ്ങളുടെ അധീനതയിലാവുകയും അതു സ്വത ന്ത്രമാകുന്നതുകൊ് മറ്റൊരു കർത്താവിന്റെ ആവശ്യമില്ലാതാ വുകയും ചെയ്യുന്നു. 'പ്രപഞ്ചത്തിലെ സകല കാര്യങ്ങളുടെയും പരമകർത്താവ് ഈശ്വരനാകുന്നു' എന്നുപറയുന്നവർ യോഗശാ സ്ത്രത്തിന്റെ അനുയായികളുടെ അഭിപ്രായത്തെ ഖണ്ഡിക്കുന്നു. കാരണം ആത്മതത്വം തന്നെ ഈശ്വരനാകുന്നു.

**ക്ലേശകമ്മ വിപാകാശ വൈരപരാമൃഷ്ടഃ**
**പുരുഷ വിശേഷ ഈശ്വരഃ (പാ.യോ.സു. 9/25)**

'പുരുഷവിശേഷം' പറഞ്ഞിരിക്കുന്നു.

**നശ്വരാണി ശരീരാണി നാനാരൂപാണി കർമ്മണ**
**ആശ്രിതോ നിത്യ ഏവാസാവിതി ജന്തോർവിവേകിതാ 59**

59. ഈ ശരീരം നശ്വരവും കർമ്മാനുസരണം അനേകം രൂപങ്ങ ളുള്ളതുമാകുന്നു. ശരീരത്തെ ആശ്രയിച്ചു കഴിയുന്ന ആത്മാവ് നിത്യമാകുന്നു. ശരീരം അനിത്യമാകുമ്പോൾ ഇതു ജീവന്റെ വിവേകമാകുന്നു.

**ശരീരാത് പൃഥഗാത്മാനമാത്മഭ്യഃ പൃഥഗീശ്വരം**
**പ്രേരകം യോ വിജാനാതി പിണ്ഡജ്ഞാനീതി കഥ്യതേ 60**

60. ആത്മാവ് ശരീരത്തിൽ നിന്നും ഭിന്നമാണ്. അതിന്റെ പ്രേരക മാകുന്ന ഈശ്വരൻ ആത്മാക്കളിൽ നിന്നും ഭിന്നമാകുന്നു. ഇപ്ര കാരം മനസ്സിലാക്കുന്നവനെ 'പിണ്ഡജ്ഞാനി' എന്നു പറയുന്നു.

## സംസാരഹേയസ്ഥലവർണ്ണന







**നിരസ്തഹൃത്കളങ്കസ്യ നിത്യാനിത്യവിവേകിനഃ**
**സംസാരഹേയതാ ബുദ്ധിർജായതേ വാസനാബലാത് 61**

61 ഹൃദയത്തിൽ കളങ്കം (മലവാസന) ഇല്ലാതായവൻ നിത്യ വും, അനിത്യവും തമ്മിലുള്ള ഭേദത്തെ തിരിച്ചറിയുന്നു. വാസനാ ബലത്താൽ ഈ ലോകം നീചവും ത്യജിക്കപ്പെടേ തുമാണെന്ന ബോധം ഉാകുന്നു.

**ഐഹികേ ക്ഷണികേ സൌഖ്യേ പുത്രദാരാദി സംഭവേ**
**ക്ഷയിത്വാദിയുതേ സ്വർഗ്ഗേ കസ്യ വാഞ്ഛാ വിവേകിനഃ 62**

62. പുത്രൻ, സ്ത്രീ മുതലായവയിൽ നിന്നുമുാകുന്ന ക്ഷണി കമായ സുഖത്തിനും, ക്ഷയിക്കുന്നതും, അതിശയകരവുമായ സർഗ്ഗസുഖത്തിനും വേി ഏതൊരു ബുദ്ധിമാനാണ് ആഗ്ര ഹമുാകുന്നത്? ആർക്കുമുാവില്ല.

**ജാതസ്യ ഹി ധ്രുവോ മൃത്യുർധ്രുവം ജന്മ മൃതസ്യ ച**
**ജന്തുർമരണജന്മഭ്യാം പരിഭ്രമതി ചക്രവത് 63**

63. ജനിക്കുന്നവന്റെ മരണവും മരിക്കുന്നവന്റെ ജനനവുംനിശ്ച യിക്കപ്പെട്ടതാണ് ജനനവും മരണവും മുഖേന ജീവൻ ചക്രത്തെ പ്പോലെ ചുറ്റിക്കറങ്ങിക്കൊിരിക്കുന്നു.

**മത്സ്യകൂർമവരാഹാം ഗൈർനൃസിംഹമനൂജാദിഭി**
**ജാതേന നിധനം പ്രാപ്തം വിഷ്ണുനാപി മഹാത്മനാ 64**

64. മഹാവിഷ്ണുവും മത്സ്യം, ആമ, പന്നി, നരസിംഹം, മനു ഷ്യൻ തുടങ്ങിയ രൂപങ്ങളിൽ ശരീരധാരണം ചെയ്ത് അവതാ രമെടുത്തപ്പോൾ മരണം പ്രാപിച്ചു.

**ഭൂത്വാ കർമ്മവശാജ്ജന്തുർബ്രാഹ്മണാദിഷു ജാതിഷു**
**താപത്രയമഹാവഹ്നിസന്താപാദ് ദഹ്യതേ ഭൃശം 65**

65. ജീവൻ (ആത്മാവ്) തന്റെ പൂർവ്വ ജന്മസുകൃതത്താൽ കർമ്മാ നുഭവം കൊ് ബ്രാഹ്മണർ മുതലായ ജാതികളിൽ ജനിച്ച് ആദ്ധ്യാത്മികം, ആധിദൈവികം, ആധി ഭൌതികം എന്നീ താപ ത്രയങ്ങളുടെ അതിഭയങ്കരമായ അഗ്നിയിൽ അതിശയകരമാം

ഭസ്മതത്വങ്ങൾ അറിവുള്ളവനും, ത്രിപുണ്ഡ്രം ധരിക്കുന്നതിൽ ഉത്സുകനും, രുദ്രാക്ഷമാല ധരിക്കുന്നവനും, ലിംഗധാരണത്തിന് യോഗ്യനും, ലിംഗാംഗയോഗ തത്വങ്ങൾ അറിയുന്നവനും ലിംഗ പൂജാ (സമ്പന്നനും) പണ്ഡിതനും, ദൃഢമായ അദ്വൈതഭാവന യുള്ളവനും, ലിംഗാംഗസ്ഥല ഭേദത്തെ അറിയുന്നുവനും, ശൈവവാദിയുമാകുന്നു.

**സേവേത് പരമാചാര്യ ശിഷ്യോ ഭക്തിഭയാന്വിത:**
**ഷണ്മാസാൻ വത്സരം വാപി യാവദേഷ പ്രസീദതി. 7**

7. ഗുരു പ്രസന്നനാകുന്നതുവരെ യോഗ്യനായ ശിഷ്യൻ ഭയ ഭക്തി (ബഹുമാനത്തോടെ) യോടുകൂടി ആറുമാസം മുതൽ ഒരു വർഷം വരെ പരമാചാര്യനെ സേവിക്കുക.

**പ്രസന്നം പരമാചാര്യ ഭക്ത്യാ മുക്തിപ്രദർശകം 8**
**പ്രാർത്ഥയേദഗ്രത: ശിഷ്യ: പ്രജ്ജലിർവിനയാന്വിത:**
**ഭോ കല്യാണ മഹാഭാഗാ ശിവജ്ഞാനമഹോദധേ**
**ആചാര്യവര്യ സംപ്രാപ്തം രക്ഷ മാം ഭവരോഗിണാം. 9**

8/9. പ്രസന്നനും മോക്ഷപ്രദർശകനുമായ പരമാചാര്യന്റെ മുൻപിൽ നിന്ന ശേഷം ശിഷ്യൻ ഭക്തിയോടുകൂടി കൈ കൂപ്പി വിനമ്രനായി അപേക്ഷിക്കുക. അല്ലയോ മംഗളകാരിയായ മഹാ ഭാഗാ ശിവജ്ഞാന സാഗരമായ ആചാര്യശ്രേഷ്ഠാ! അവിടുത്തെ സമീപം വന്നിട്ടുള്ള എനിക്ക് ഒരു സാധാരണ ഭക്തനുള്ള രക്ഷ നൽകിയാലും.

**ഇതി ശുദ്ധേന ശിഷ്യേണ പ്രാർത്ഥിത: പരമോഗുരു**
**ശക്തിപാതം സമാലോക്യദീക്ഷയാ യോജയേദമും 10**

10. നിർമ്മലനായ ശിഷ്യന്റെ ഇപ്രകാരമുള്ള അപേക്ഷകേട്ട് പര മാചാര്യൻ ശക്തിപാദത്തിന്റെ ചിഹ്നങ്ങളെ പരീക്ഷിച്ചശേഷം ശിഷ്യനെ ദീക്ഷയാൽ യോഗ്യനാക്കുന്നു.

**ദീയതേ ച ശിവജ്ഞാനം ക്ഷിയതേ പാശബന്ധനം**
**യസ്മാദത: സമാഖ്യാനം ദീക്ഷേതീയം വിചക്ഷണൈ. 11**





**തടിത്സു വിചിമാലാസു പ്രദീപസ്യ പ്രഭാസു ച**
**സമ്പത്സു കർമ്മമൂലാസു കസ്യ വാ സ്ഥിരതാ മതി: 71**

71. ആകാശത്തിലെ മിന്നൽപ്പിണർ കൊ് ദീപത്തിന് പ്രഭയു ാകുന്നതു പോലെ കർമ്മങ്ങൾ കൊ് ആർജ്ജിതമായ സമ്പ ത്തിനെ സ്ഥിരമെന്നു കണക്കാക്കുന്നത് ആരാണ്? ആരുമില്ല.

**മലകോശേ ശരീരേഽസ്മിൻ മഹാദുഃഖവിവർധനേ**
**തഡിദങ്കുര സങ്കാശേ കോ വാ രുച്യേത പണ്ഡിത: 72**

72. വൈദ്യുതിയുടെ അങ്കുരത്തിന് തുല്യമായ മലം അഥവാ അഴുക്കിന്റെ ഭണ്ഡാരമായ മഹാദുഃഖം വളർത്തുന്ന ഈ ശരീര ത്തിന്റെ കാര്യത്തിൽ ഏതു ബുദ്ധിമാനാണ് പ്രീതികാണിക്കുക?

**നിത്യാനന്ദചിദാകാരമാത്മതത്വം വിഹായ ക:**
**വിവേകി രമതേ ദേഹേ നശ്വരേ ദുഃഖഭാജനേ 73**

73. നിത്യാനന്ദവും ചിത്സ്വരൂപവുമായ ആത്മതത്വത്തെ ഉപേ ക്ഷിച്ച് നശ്വരവും, ദുഃഖത്തിന് പാത്രീഭൂതവുമായ ഈ ശരീ രത്തെ ആസ്വദിക്കുന്നത് ഏതു ബുദ്ധിമാനാണ്?

**വിവേകി ശുദ്ധ ഹൃദയോ നിശ്ചിതാത്മസുഖോദയ:**
**ദുഃഖഹേതൌ ശരീരേഽസ്മിൻ കളത്രേ ച സുതേഷു ച 74**
**സഹത്സു ബന്ധുവർഗേഷു ധനേഷു കുലപദ്ധതൌ**
**അനിത്യബുദ്ധ്യാ സർവ്വത്ര വൈരാഗ്യം പരമശ്നുതേ 75**

74/75. വിവേകിയും, ശുദ്ധഹൃദയനും ആത്മസുഖം ആഗ്രഹിക്കു ന്നവനുമായ മനുഷ്യൻ ദുഃഖത്തിനു കാരണഭൂതമായ ഈ ശരീ രം, പത്നി, പുത്രന്മാർ, ബന്ധുമിത്രാദികൾ, ധനം, കുലപാര മ്പര്യം എന്നിവയിൽ അനിത്യ ബുദ്ധി മൂലം എല്ലായിടത്തും പരമമായ വിരാഗത അനുഭവിച്ചുകൊിരിക്കുന്നു.

**വിവേകിനോ വിരക്തസ്യ വിഷയേഷ്വാത്മരാഗിണ:**
**സംസാരദുഃഖവിച്ഛേദഹേതൌ ബുദ്ധി പ്രവർത്തതേ.76**

76. ഇന്ദ്രിയവിഷയങ്ങളെ പ്രതി വിരക്തമായ ആത്മാക്കളിൽ അനുരക്തരായ ബുദ്ധിമാനായ മനുഷ്യന്റെ ബുദ്ധി ലൌകിക

ദുഃഖങ്ങളെ ഇല്ലാതാക്കുന്നതിനു വേി പ്രവർത്തിക്കുന്നു.

**നിത്യാനിത്യവിവേകിന: സുകൃതിന:**
**ശുദ്ധാശയസ്യാത്മനോ**
**ബ്രഹ്മോപേന്ദ്രമഹേന്ദ്രമുഖ്യവിഭവേ-**
**ഷ്വസ്ഥായിതാം പശ്യത:**
**നിത്യാനന്ദപദേ നിരാകൃതജഗ-**
**ത്സംസാരദുഃഖോദയേ**
**സാംബേ ചന്ദ്രശിരോമണൌ സമുദയേദ്**
**ഭക്തിർഭവധ്വംസിനി 77**

77. നിത്യാനിത്യങ്ങളേ വിവേകേത്തോടുകൂടി മനസ്സിലാക്കുന്ന യോഗ്യനും, പുണ്യവാനും, പവിത്രഹൃദയനും, ബ്രഹ്മാവ്, വിഷ്ണു, ഇന്ദ്രൻ മുതലായവരുടെ കഴിവിനെ അസ്ഥായിയാണെന്നു മനസ്സിലാക്കുന്നവനും, മനുഷ്യന്റെ നിത്യാനന്ദത്തിന്റെ സ്ഥാനഭൂതരായ ജംഗമരും സംസരണ ശീലരും, മൃത്യുലോകത്തിന്റെ ദുഃഖത്തെ ഇല്ലാതാക്കുന്നവനും അംബാസഹിതനുമായ ചന്ദ്രമൌലിയോട് സാംസ്കാരിക ദുഃഖങ്ങളെ ദുരീകരിക്കുന്നതായ ഭക്തി ഉാകണം.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ പിണ്ഡജ്ഞാന സംസാര ഹേയ സ്ഥല വർണ്ണന എന്ന 5-ാമത്തെ അദ്ധ്യായം സമാപ്തം.**





## അദ്ധ്യായം-6
## ദീക്ഷാലക്ഷണ - ഗുരുകാരുണ്യസ്ഥലവർണ്ണന

**തതോ വിവേകസമ്പന്നോ വിരാഗീ ശുദ്ധമാനസ: 1**
**ജിജ്ഞാസു: സർവസംസാരദോഷദ്ധ്വംസകരം ശിവം.**
**ഉപൈതി ലോകവിഖ്യാതം ലോഭമോഹവിവർജ്ജിതം**
**ആത്മതത്ത്വവിചാരജ്ഞം വിമുക്തവിഷയഭ്രമം 2**
**ശിവസിദ്ധാന്തതത്ത്വജ്ഞം ഛിന്നസന്ദേഹവിഭ്രമം**
**സർവതന്ത്രപ്രയോഗജ്ഞം ധാർമികം സത്യവാദിനം 3**
**കുലക്രമാഗതാചാരം കുമാർഗ്ഗാചാരവർജ്ജിതം**
**ശിവധ്യാനപരം ശാന്തം ശിവതത്ത്വവിവേകിനം 4**
**ഭസ്മോദ്ധൂലനനിഷ്ണാതം ഭസ്മതത്ത്വവിവേകിനം**
**ത്രിപുണ്ഡ്രധാരണോത്കണ്ഠം ധൃതരുദ്രാക്ഷമാലികം 5**
**ലിംഗധാരണ സംയുക്തം ലിംഗപൂജാപരായണം**
**ലിംഗാംഗയോഗതത്ത്വജ്ഞം നിരുഢാദ്വൈതവാസനം**
**ലിംഗാംഗസ്ഥലഭേദജ്ഞം ശ്രീഗുരും ശിവവാദിനം 6**

1-6. ഇതിനുശേഷം വിവേകസമ്പന്നനും, (പണ്ഡിതൻ) വൈരാഗിയും, ശുദ്ധമാനസ്സനും, ജിജ്ഞാസുവുമായ ശിഷ്യൻ ഗുരുവിന്റെ അടുക്കലെത്തുന്നു.

### ഗുരുവിന്റെ സവിശേഷത

ഗുരു സകല ജഗത്തിന്റെയും ദോഷങ്ങളില്ലാതാക്കുന്നവനും (ദുഃഖങ്ങൾ), മംഗളകാരിയും, ലോകപ്രസിദ്ധനും, ലോഭമോഹാദികൾ ഇല്ലാത്തവനും, ആത്മതത്വങ്ങൾ ചിന്തിക്കുന്നവനും, ഇന്ദ്രിയവിഷയഭ്രമത്തിൽ നിന്നും വിമുക്തനായവനും, ശിവാദ്വൈത സിദ്ധാന്തത്തിന്റെ തത്വത്തെ അറിയുന്നവനും, സംശയരഹിതനും, സർവ്വതത്വങ്ങളുടെയും പ്രയോഗത്തെ അറിയുന്നവനും, ധാർമ്മികനും, സത്യവാദിയും, ഗുരുവംശ പരമ്പരയാ (കുലക്രമം)യിട്ടുള്ള ആചാരനുഷ്ഠാനങ്ങൾ പാലിക്കുന്നവനും, ശിവജ്ഞാനത്തിൽ മുഴുക്രിയവനും, ശാന്തനും, ശിവതത്വപാണ്ഡിത്യമുള്ള ഭസ്മധാരണത്തിൽ അതീവ ശ്രദ്ധയുള്ളവനും,

കൊ് നിലത്തുവീഴുകയാണെങ്കിൽ മോക്ഷലബ്ധിക്കായി തന്റെ പ്രാണനെ ത്യജിക്കേതായി വരും. എന്നു് ഉടൻ കരുതണം.

**ഇതി സംബോധിത: ശിഷ്യോ ഗുരുണാ ശാസ്ത്രവേദിനാ**
**ധാരയേഛങ്കരം ലിംഗം ശരീരേ പ്രാണയോഗത: 28**

28. വേദശാസ്ത്ര പാരംഗതനായ ഗുരു മുഖേന ഇപ്രകാരം മനസ്സിലാക്കിയ ശിഷ്യൻ ആ ശിവലിംഗത്തെ പ്രാണലിംഗമായി ശരീരത്തിനോടു ചേർത്ത് ധരിക്കുക.

**ലിംഗസ്യ ധാരണം പുണ്യം സർവപാപപ്രണാശനം**
**ആദൃതം മുനിഭി: സർവൈരാഗമാർഥവിശാരദൈ: 29**

29. ഇപ്രകാരം ലിംഗധാരണം പുണ്യപ്രദവും സർവ്വപാപഹാരിയും ആകുന്നു. ആഗമതത്വങ്ങളെ പിൻതുടരുന്ന സകല പണ്ഡിതന്മാരും മഹർഷിമാരും ഇതിനെ ആദരവോടുകൂടി സ്വീകരിക്കുന്നു.

**ലിംഗധാരണമാഖ്യാതം ദ്വിധാ സർവാർത്ഥ സാധകൈ:**
**ബാഹ്യമാഭ്യന്തരം ചേതി മുനിഭിർമോക്ഷകാങ്ക്ഷിഭി 30**

30. സർവ്വാർത്ഥ സാധകമായ ഈ ലിംഗധാരണം മോക്ഷാർത്ഥികളായ സന്യാസിമാർ ആഭ്യന്തരമെന്നും ബാഹ്യമെന്നും രു വിധത്തിൽ പറഞ്ഞുവരുന്നു.

**ചിദ്രൂപം പരമം ലിംഗം ശങ്കരം സർവകാരണം**
**യത്തസ്യ ധാരണം ചിത്തേ തദാന്തരമുദാഹൃതം 31**

31. സകല പ്രപഞ്ചത്തിന്റേയും കാരണഭൂതനായ ഭഗവാൻ ശിവശങ്കരന്റെ ചിദ്രൂപമായ ശിവലിംഗം അതീവ ശ്രേഷ്ഠമാകുന്നു. മനസ്സിൽ (ഹൃദയം) അതു ധരിക്കുന്നതിന് 'ആന്തരലിംഗധാരണം' എന്നു പറയുന്നു.

**ചിദ്രൂപം ഹി പരം തത്വം ശിവാഖ്യം വിശ്വകാരണം**
**നിരസ്ത വിശ്വകാലുഷ്യം നിഷ്കളം നിർവികല്പകം 32**
**സത്താനന്ദപരിസ്ഫുർത്തിമുല്ലാസകലാമയം**





11. ശിവജ്ഞാനം കൊടുക്കുന്നതും പാശബന്ധനം ഇല്ലാതാക്കുന്നതും കാരണം പണ്ഡിതന്മാർ സംസ്കാരാത്മകമായ ഈ പ്രക്രിയയെ 'ദീക്ഷ' എന്നു പറയുന്നു.

**സാ ദീക്ഷാ ത്രിവിധാ പ്രോക്താ ശിവാഗമവിശാരദൈ:**
**വേധരൂപാ ക്രിയാരൂപാ മന്ത്രരൂപാ ച താപസ 12**

12. അല്ലയോ താപസനായ അഗസ്ത്യരേ! ശിവാഗമ പണ്ഡിതന്മാർ ഈ ദീക്ഷയെ മൂന്നു വിധത്തിൽ- വേധാരൂപം, ക്രിയാരൂപം, മന്ത്രരൂപം എന്നിങ്ങനെപറയുന്നു.

**ഗുരോരാലോകമാത്രേണ ഹസ്തമസ്തകയോഗത: 13**
**യ:ശിവത്വസമാവേശോ വേധാ ദീക്ഷേതി സാ മതാ**
**മാന്ത്രി ദീക്ഷേതി സാ പ്രോക്താ മന്ത്രമാത്രോപദേശിനീ. 14**
**കുണ്ഡമണ്ഡലികോപേതാ ക്രിയാദീക്ഷാ ക്രിയോത്തരാ**

13/14. ഗുരു ശിഷ്യനെ നോക്കിക്കൊ് തന്റെ കരം അവന്റെ മസ്തകത്തിൽ (നെറുകയിൽ) വയ്ക്കുന്നു. ഇപ്രകാരം സമാവേശിക്കുന്ന ശിവത്വത്തെ 'വേധാദീക്ഷ' എന്നു കണക്കാക്കുന്നു. മന്ത്രത്തെ ഉപദേശം മുഖേന കൊടുക്കുന്നതിന് 'മാന്ത്രി ദീക്ഷ' എന്നുപറയുന്നു. കുണ്ഡത്തിൻ നിന്നും മണ്ഡലത്തിൽ നിന്നും യോജ്യമായ ക്രിയാപ്രധാനമായ ദീക്ഷയെ 'ക്രിയാദീക്ഷ'യെന്നു പറയുന്നു.

**ശുഭമാസേ ശുഭതിഥൌ ശുഭകാലേ ശുഭേƒഹനി 15**
**വിഭൂതിം ശിവഭക്തേഭ്യോ ദത്വാ താംബൂലപൂർവകം:**
**യഥാവിധി യഥായോഗം ശിഷ്യമാനീയ ദേശിക:**
**സ്നാനം ശുക്ലാംബരധരം ദന്തധാവനപൂർവകം 16**
**മണ്ഡലേ സ്ഥാപയേഛിഷ്യം പ്രാങ്മുഖം തമുദങ്മുഖ:**
**ശിവസ്യ നാമ കീർത്തിം ച ചിന്താമപി ച കാരയേത്. 17**

15/16/17. ശുഭമാസത്തിൽ, ശുഭതിഥിയിൽ, ശുഭദിനത്തിൽ, ശുഭകാലത്തിൽ, താംബൂല സഹിതമായ ഭസ്മം ശിവഭക്തന്മാരെകൊ് നിമന്ത്രണം ചെയ്യിച്ച്, ശാസ് ത്രോക്തമായ (ആഗമോക്തമായ) വിധിയ്ക്കനുസരിച്ച് ശി ഷ്യനെ ഗുരുകൊു വരു

ന്നു. അതിനു മുൻപ് ശിഷ്യൻ പല്ലുതേച്ചു്, കുളിച്ച് വെള്ള വസ്ത്രം ധരിച്ചിരിക്കണം. ശിഷ്യനെ മണ്ഡപത്തിനകത്ത് കിഴക്കോട്ടു മുഖം ദർശനമായിരുത്തിയ ശേഷം ആചാര്യൻ സ്വയം ശിഷ്യനഭിമുഖമായി ഇരിക്കണം. ശിഷ്യനോട് ശിവനെ ധ്യാനിക്കുവാനും, ശിവമന്ത്രം-പഞ്ചാക്ഷരം-ചൊല്ലുവാനും നിർദ്ദേശിക്കുന്നു.

**വിഭൂതിപട്ടം ദത്വാഗ്രേ യഥാസ്ഥാനം യഥാവിധി 18**
**പഞ്ചബ്രഹ്മമയൈസ്തത്ര സ്ഥാപിതൈ: കലശോദകൈ:**
**ആചാര്യ: സമമൃത്വിഗ്ഭിസ്ത്രി: ശിഷ്യമഭിഷിഞ്ചയേത്. 19**

18/19. ഇതിനുശേഷം യഥാസ്ഥാനത്ത് വിധിപ്രകാരം ഭസ്മത്തെ ത്രിപുണ്ഡ്രമായി ധരിപ്പിക്കണം. പിന്നീട് ആചാര്യൻ അവിടെ സ്ഥാപിച്ചിരിക്കുന്ന പഞ്ചബ്രഹ്മ കലശങ്ങളിലെ ജലം കൊ് ഋത്വിജന്മാരാൽ ശിഷ്യനെ മൂന്നു പ്രാവശ്യം അഭിഷേകം ചെയ്യിക്കണം.

**അഭിഷിച്യ ഗുരു: ശിഷ്യമാസീനം പരിത:ശുചിം**
**തത: പഞ്ചാക്ഷരീം ശൈവീം സംസാരഭയതാരിണീം20**
**തസ്യ ദക്ഷിണകർണ്ണേ തു നിഗൂഢമപി കീർത്തയേത്**
**ഛന്ദോ രൂപമൃഷീം ചാസ്യ ദേവതാന്യാസപദ്ധതീം.21**

20/21. ഗുരു അവിടെയിരുന്നു കൊ് സർവ്വ പ്രകാരത്താലും നിർമ്മലനായ ശിഷ്യന്റെ വലതു കർണ്ണത്തിൽ സംസാരഭയതാരിണിയായ (ഓം) 'നമശിവായ' എന്ന പഞ്ചാക്ഷരി മന്ത്രം രഹസ്യമായി ഉപദേശിക്കുന്നു. അക്കൂട്ടത്തിൽ മന്ത്രത്തിന്റെ ഛന്ദസ്, സ്വരൂപം, ഋഷി, ദേവതാ ന്യാസ പദ്ധതി മുതലായവയും ഉപദേശിക്കുന്നു.

## ലിംഗധാരണ സ്ഥല വർണ്ണന

**സ്ഫടികം ശൈലജം. വാപി ചന്ദ്രകാന്തമയം തു വാ**
**ബാണം വാ സൂര്യകാന്തം വാ ലിംഗമേകം സമാഹരേത്. 22**

22. ഇതിനുശേഷം ഗുരു സ്ഫടികം, ശില ചന്ദ്രകാന്തമണി, സൂര്യ







കാന്തമണി ഇവയിലേതെങ്കിലും കൊു നിർമ്മിച്ച ഒരു ലിംഗം കൊു വരുന്നു.

**സർവ്വലക്ഷണസമ്പന്നേ തസ്മില്ലിംഗേ വിശോധിതേ**
**പീഠസ്ഥിതേഭി്ഷിക്തേ ച ഗന്ധപുഷ്പാദിപൂജിതേ.**
**മന്ത്രപൂതേ കലാം ശൈവീം യോജയേദ്വിധിനാ ഗുരു: 23**

23. എല്ലാവിധ ലക്ഷണങ്ങളാലും സമ്പന്നമായ ആ ലിംഗം ശുദ്ധീകരിച്ച് പീഠത്തിൽ വെച്ച് അതിനെ അഭിഷേകം ചെയ്യുക ഗന്ധപുഷ്പാദികളാൽ പൂജ ചെയ്തശേഷം മന്ത്രം കൊു പവിത്രമാക്കപ്പെട്ട അതിൽ ശാസ്ത്രവിധിപ്രകാരം ശൈവകലയെ സംയോജിപ്പിക്കുക.

**ശിഷ്യസ്യ പ്രാണമാദായ ലിംഗേ തത്ര നിധാപയേത് 24**
**തല്ലിംഗം തസ്യ തു പ്രാണോ സ്ഥാപയേദേകഭാവത:**
**ഏവം കൃത്വാ ഗുരുർലിംഗം ശിഷ്യഹസ്തേ നിധാപയേത് 25**

24/25. പിന്നീട് ശിഷ്യന്റെ പ്രാണനെ അങ്കുശമുദ്ര മുഖേന ആകൃഷ്ടനായെടുത്ത് ആ ലിംഗത്തിൽ സ്ഥാപിക്കുക അതിനുശേഷം ലിംഗമെടുത്ത് ശിഷ്യന്റെ പ്രാണനിൽ ഏകീ ഭാവത്തോടുകൂടി സ്ഥാപിക്കണം. ഇപ്രകാരമുള്ള അനുഷ്ഠാനങ്ങൾ ചെയ്തശേഷം ഗുരുലിംഗ ശിവജീവകലാ സാമരസ്യാത്മകമായിരിക്കുന്ന ശിഷ്യന്റെ കരകമലത്തിൽ ഗുരു ലിംഗം വച്ചു കൊടുക്കുന്നു.

**പ്രാണവദ്ധാരണീയം തത്പ്രാണലിംഗമിദം തവ**
**കദാചിത്കുത്രചിദ്വാപി ന വിയോജയ ദേഹത: 26**

26. 'നീ ഈ പ്രാണലിംഗത്തെ പ്രാണനെപ്പോലെ കരുതി നിന്റെ ശിരീരത്തിൽ നിന്നും മാറ്റാതെ വയ്ക്കുക'. എന്ന് ഗുരു ശിഷ്യനോട് പിന്നീട് ആജ്ഞാപിക്കുന്നു.

**യദി പ്രമാദാത് പതിതേ ലിംഗേ ദേഹാത്മഹീതലേ**
**പ്രാണാൻ വിമുഞ്ച സഹസാ പ്രാപ്തയേ മോക്ഷസമ്പദ: 27**

27. ലിംഗം ശരീരത്തിൽ നിന്നും വേർപെടുമ്പോൾ അശ്രദ്ധ

48. ആന്തരികലിംഗം ധരിക്കുന്നതിൻ സമർത്ഥനോ, അസമർത്ഥനോ ആകട്ടെ, ബാഹ്യലിംഗത്തെ ആന്തരികലിംഗമെന്നു തന്നെ കണക്കാക്കി അത് ധരിക്കേത് അവശ്യം തന്നെയാകണം.

**ലിംഗം തു ത്രിവിധം പ്രോക്തം സ്ഥൂലം സൂക്ഷ്മം പരാത്പരം**
**ഇഷ്ടലിംഗമിദം സ്ഥൂലം യദ് ബാഹ്യോ ധാര്യതേ തനൗ 49**
**പ്രാണലിംഗമിദം സൂക്ഷ്മം യദന്തർഭാവനാമയം**
**പരാത്പരം തു യത് പ്രോക്തം തൃപ്തിലിംഗം തദുച്യതേ 50**

49/50. സ്ഥൂലം, സൂക്ഷ്മം, കാരണം (പരാത്പരം) എന്നീ ഭേദങ്ങൾ കൊ് മൂന്നുവിധമെന്നു പറയുന്നു. ബാഹ്യശരീരത്തിൽ ധരിച്ചിരിക്കുന്ന 'ഇഷ്ടലിംഗം' 'സ്ഥൂലലിംഗ'വും ആന്തരഭാവത്തിൽ കാണുന്ന 'പ്രാണലിംഗം' 'സൂക്ഷ്മലിംഗ'വും, 'പരാത്പര ലിംഗ'മെന്നു പറയുന്നതിനെ 'തൃപ്തി ലിംഗവും' (കാരണലിംഗം)ആണെന്നു പറയുന്നു.

**ഭാവനാതീതമവ്യക്തം പരബ്രഹ്മ ശിവാഭിധം**
**ഇഷ്ടലിംഗമിദം സാക്ഷാഭിനിഷ്ട പരിഹാരത:**
**ധാരയേദേവധാനേന ശരീരേ സർവദാ ബുധ: 51**

51. അവ്യക്തമായ ശിവനെന്ന പരബ്രഹ്മം ഭാവനയേക്കാളുപരിയായി അനിഷ്ടത്തെ പരിഹരിക്കുന്നതു മൂലം സാക്ഷാൽ ഇഷ്ടലിംഗമാകുന്നു.

ഇഷ്ടലിംഗത്തെ ശ്രദ്ധയോടുകൂടി സാവധാനം എടുത്ത് പൂജചെയ്തശേഷം സദാ ശരീരത്തിൽ ധരിക്കണമെന്നാണ് പണ്ഡിതന്മാർ പറയുന്നത്.

**മൂർദ്ധ്നി വാ കണ്ഠദേശേ വാ കക്ഷേ വക്ഷസ്ഥലേപി വാ**
**കുക്ഷൌ ഹസ്തസ്ഥലേ വാപി ധാരയേല്ലിംഗമൈശ്വരം. 52**

52. ശിരസ്സിലും, കഴുത്തിലും, വക്ഷസ്ഥലത്തിലും, കുക്ഷിയിലും, വയറിനു മുകളിലും ഉള്ളം കൈയ്യിലും ശിവലിംഗത്തെ ധരിക്കണം.





**അപ്രമേയമനിർദ്ദേശ്യം മുമുക്ഷുഭിരുപാസിതം**
**പരം ബ്രഹ്മ മഹാലിംഗം പ്രപഞ്ചാതീതമവ്യയം 33**

32/33. ശിവനെന്നു പേരായ ചിദ്രൂപമായ പരമതത്വം വിശ്വത്തിന് കാരണമാകുന്നു.

സർവ്വ മാലിന്യങ്ങളിൽ നിന്നും മുക്തമായ (മലരഹിതം) പരതത്വം നിഷ്കളങ്കവും നിർവ്വികല്പവുമാകുന്നു. സച്ചിദാനന്ദത്തിന്റെ സ്ഫുരതയാൽ ഉല്ലാസിതമായ കലകൾ കൊ് യോഗ്യവും അപ്രമേയവും, അനിദ്ദേശ്യവും മോക്ഷാർത്ഥികളാൽ ഉപാസിക്കപ്പെട്ടതുമാകുന്നു അത്. പ്രപഞ്ചാതീതവും പരബ്രഹ്മ സ്വരൂപവുമായ ശിവലിംഗം 'മഹാലിംഗ'മാകുന്നു.

**തദേവ സർവഭൂതാനാമന്തസ്ത്രിസ്ഥാനഗോചരം 34**
**മൂലാധാരേ ച ഹൃദയേ ഭ്രൂമദ്ധ്യേ സർവ ദേഹിനാം**
**ജ്യോതിർ ലിംഗം സദാ ഭാതി യദ് ബ്രഹ്മേത്യാഹുരാഗമാ: 35**

34/35. അവിടുന്ന് സകല ജീവികളുടെയും ഉള്ളിൽ മൂന്നു സ്ഥാനങ്ങളിലായി വസിക്കുന്നു. മൂലാധാരം, ഹൃദയം ഭ്രൂമദ്ധ്യം എന്നിവിടങ്ങളാണവ. ജ്യോതി സ്വരൂപമാകുന്ന ആ ലിംഗം സദാ പ്രകാശിച്ചുകൊിരിക്കുന്നു. ഇതിനെ ആഗമ ശാസ്ത്രത്തിൽ 'ബ്രഹ്മം' എന്നു പറയുന്നു.

**അപരിച്ഛിന്നമവ്യക്തം ലിംഗം ബ്രഹ്മ സനാതനം**
**ഉപാസനാർത്ഥമന്ത:സ്ഥം പരിച്ഛിന്നം സ്വമായയാ 36**

36. അപരിച്ഛിന്നവും, അവ്യക്തവും, സനാതനവും പരബ്രഹ്മ സ്വരൂപവുമായ ലിംഗം ജീവികൾ മുഖേന ഉപാസിക്കപ്പെടുന്നതിനുവേി തന്റെ മായയാൽ മൂലാധാരം മുതലായവയെ ഉള്ളിൽ മറച്ചുകൊ് സ്ഥിതി ചെയ്തിരിക്കുന്നു.

**ലയം ഗച്ഛതി യത്രൈവ ജഗദേതച്ചരാചരം**
**പുന: പുന: സമുല്പത്തീം നല്ലിംഗം ബ്രഹ്മ ശാശ്വതം 37**

37.ചരാചരങ്ങൾ നിറഞ്ഞ ഈ ലോകം ഏതൊന്നിൽ ലീനമായിരിക്കുന്നുവോ, വീും വീും ഉായിക്കൊിരിക്കുന്നുവോ അത് ശാശ്വത (നിത്യം) മായ 'ബ്രഹ്മ ലിംഗ'മാ

കന്നു.

**തസ്മാലിംഗമിതിഖ്യാതം സത്താനന്ദചിദാത്മകം**
**ബൃഹത്വാദ് ബൃഹണത്വാച്ച ബ്രഹ്മശബ്ദാഭിധേയകം 38**

38. സർവ്വതിനേയും അപേക്ഷിച്ച് ബൃഹത്തായതും, സർവ്വതിനും പോഷകപ്രദവുമായതു കാരണം ആ സച്ചിദാനന്ദ തത്വം 'ബ്രഹ്മ'മെന്ന ശബ്ദത്തിന്റെ പര്യായമാകുന്നു. ഇപ്രകാരം പരബ്രഹ്മം തന്നെ മഹാലിംഗവും, മഹാലിംഗം തന്നെ പരബ്രഹ്മവും ആകുന്നു. തന്മൂലം ചിദാനന്ദമയിയായ സത്തയെ 'ലിംഗ'മെന്നു പറയുന്നു.

**ആധാരേ ഹൃദയേ വാപി ഭ്രൂമദ്ധ്യേ വാ നിരന്തരം**
**ജ്യോതിർലിംഗാനുസന്ധാനമാന്തരം ലിംഗധാരണം 39**

39. മൂലാധാരം, ഹൃദയം, ഭ്രൂമദ്ധ്യം എന്നിവയിൽ ഏതെങ്കിലും ജ്യോതിർലിംഗത്തെ നിരന്തരം അനുസന്ധാനം ചെയ്യുന്നതിന് 'ആന്തരലിംഗധാരണം' എന്നു പറയുന്നു.

**ആധാരേ കനകപ്രഖ്യം, ഹൃദയേ വിദ്ര്യുമപ്രഭം**
**ഭ്രൂമദ്ധ്യേ സ്ഫടികച്ഛായാം ലിംഗം യോഗീ വിഭാവയേത്. 40**

40. മൂലാധാരത്തിൽ സ്വർണ്ണനിറത്തിലും, ഹൃദയത്തിൽ വിദ്ര്യുമപ്രഭയിലും, ഭ്രൂമദ്ധ്യത്തിൽ സ്ഫടിക ശോഭയിലും ഉള്ളതായ ലിംഗത്തെ ശിവയോഗി ധ്യാനിക്കുക.

**നിരുപാധികമാഖ്യാതം ലിംഗസ്യാന്തരധാരണം**
**വിശിഷ്ടം കോടിഗുണിതം ബാഹ്യലിംഗസ്യ ധാരണാത് 41**

41. ഈ നിരുപാധിക ലിംഗത്തിന്റെ ആന്തരികധാരണം ബ്രഹ്മലിംഗ ധാരണത്തെ അപേക്ഷിച്ച് കോടിക്കണക്കിന് ശ്രേഷ്ഠഗുണമുള്ളതാകുന്നു.

**യേ ധാരയന്തി ഹൃദയേ ലിംഗം ചിദ്രൂപമൈശ്വരം**
**ന തേഷാം പുനരാവൃത്തിർഘോരസംസാരമണ്ഡലേ 42**

42. തന്റെ ഹൃദയത്തിൽ ചിദ്രൂപമായ ശിവലിംഗം ധരിക്കുന്ന വ്യക്തിക്ക് ഈ ഘോരമായ ലൌകിക ജീവിതത്തിൽ (സംസാ







രമണ്ഡലം) പുനർജന്മമുാവുകയില്ല.

**അന്തർലിംഗാനുസന്ധാനമാന്മവിദ്യാപരിശ്രമഃ**
**ഗുരുപാസനശക്തിശ്ച കാരണം മോക്ഷസമ്പദാം 43**

43. ആന്തരലിംഗധ്യാനം, ആത്മജ്ഞാന സംബന്ധമായ ശാസ്ത്രങ്ങൾ കേട്ടു പഠിക്കുക, (ആത്മവിദ്യാപരിശ്രമം), ഗുരുസേവ ചെയ്യുക എന്നിവ മോക്ഷപ്രാപ്തിക്കു കാരണമാകുന്നു.

**വൈരാഗ്യജ്ഞാനയുക്താനാം യോഗിനാം സ്ഥിരചേതസാം**
**അന്തർലിംഗാനുസന്ധാനേ രുചിർബാഹ്യേ ന ജായതേ 44**

44. ജ്ഞാന വൈരാഗ്യങ്ങളാൽ യോഗ്യരായ സ്ഥിരചിത്തരായ യോഗികൾക്കിഷ്ടം ആന്തരലിംഗാനുസന്ധാനമാണ്.

**ബ്രഹ്മാ വിഷ്ണുശ്ച രുദ്രശ്ച വാസവാദ്യശ്ച ലോകപാഃ**
**മുനയഃ സിദ്ധഗന്ധർവ ദാനവാ മാനവാസ്തഥാ 45**
**സർവേ ച ജ്ഞാനയോഗേന സർവകാരണകാരണം**
**പശ്യന്തി ഹൃദയേ ലിംഗം പരമാനന്ദലക്ഷണം 46**

45/46. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ (കോടിരുദ്രൻ), ഇന്ദ്രൻ മുതലായ ലോകപാലകരും, മുനിഗണങ്ങളും, സിദ്ധരും, ഗന്ധർവ്വന്മാർ, ദാനവർ, മാനവർ മുതലായ സർവ്വരു, ജ്ഞാനയോഗത്തിൽകൂടി സകല കാരണങ്ങൾക്കും കാരണഭൂതവും, പരമാനന്ദ സ്വരൂപവുമായ ശിവലിംഗത്തെ ഹൃദയകമലത്തിൽ വെച്ച് സാക്ഷാത്കാരം ചെയ്യുന്നു.

**തസ്മാത് സർവ്വപ്രയത്നേന ശങ്കരം ലിംഗമുത്തമം**
**അന്തർവിഭാവയേദ് വിദ്വാനശേഷക്ലേശമുക്തയേ 47**

47. ആയതിനാൽ പണ്ഡിതന്മാർ സകല ക്ലേശങ്ങളിൽ നിന്നും മുക്തി പ്രാപിക്കുന്നതിനു വേ കഠിന പ്രയാസത്താൽ ഉത്തമമായ ശിവലിംഗത്തെ തന്റെ ഹൃദയത്തിൽ വച്ചു ധ്യാനിക്കുന്നു.

**അന്തർധാരയിതും ലിംഗമശക്തഃ ശക്ത എവാ വാ**
**ബാഹ്യം ച ധാരയേല്ലിംഗം തദ്രൂപമിതി നിശ്ചയാത്. 48**

## അദ്ധ്യായം 7
## ഭസ്മധാരണസ്ഥലവർണ്ണന

**ഭസ്മധാരണസംയുക്ത: പവിത്രോ നിയതാശയ:**
**ശിവാഭിധാനം യത് പ്രോക്തം ഭാസനാദ്ഭസിതം തഥാ 1**
**മഹാഭസ്മേതി സഞ്ചിത്യ മഹാദേവം പ്രഭാമയ.**
**വർതന്തേ യേ മഹാഭാഗാ മുഖ്യസ്തേ ഭസ്മധാരിണ: 2**

1/2. ഭസ്മധാരണത്താൽ യോഗ്യനായ വ്യക്തി നിശ്ചിതമായ ആശയവും പവിത്രതയും ഉള്ളവനാകുന്നു. ഭഗവാൻ ശിവശങ്കരന്റെ നാമം പഞ്ചാക്ഷര മന്ത്ര ജപത്തിലൂടെ പ്രകാശിക്കുന്നതിനാൽ ഏതൊരു വ്യക്തിയും (മഹാഭസ്മം) ഭസിതനാകുന്നു. ഇപ്രകാരം മഹാദേവനെ പഞ്ചാക്ഷര മന്ത്രജപം ധ്യാനം മുതലായവ കൊു മറ്റു കാര്യങ്ങൾ ചെയ്യുന്നവനും മുഖ്യ ഭസ്മധാരിയാകുന്നു.

**ശിവാഗ്ന്യാദിസമുല്പന്നം മന്ത്രന്യാസാദിയോഗത:**
**തദുപാധികമിത്യാഹുർഭസ്മതന്ത്രവിശാരദാ: 3**

3. മന്ത്രം, ന്യാസം മുതലായവകളുടെ സംയോഗത്താൽ ശിവാഗ്നിയിൽ നിന്നുമുായ ഭസ്മത്തെ ശാസ്ത്രപണ്ഡിതന്മാർ 'സോപാധിക ഭസ്മം' എന്നു പറയുന്നു.

**വിഭൂതിഭസിതം ഭസ്മ ക്ഷാരം രക്ഷേതി ഭസ്മന:**
**ഏതാനി പഞ്ചാനാമാനി ഹേതു: ഭി: പഞ്ചഭിർഭൃശം 4**

4. ഭസ്മത്തിന്റെ അഞ്ചു പേരുകളായ വിഭൂതി, ഭസിതം, ഭസ്മം, ക്ഷാരം, രക്ഷ എന്നിവ നിശ്ചിത രൂപത്തിൽ അഞ്ചു കാരണത്താലാകുന്നു.

**വിഭൂതിർഭൂതിഹേതുത്വാദ് ഭസിതം തത്വഭാസനാത്**
**പാപാനാം ഭർത്സനാദ്ഭസ്മ ക്ഷരണാത് ക്ഷാരമാപദാം**
**രക്ഷണാത് സർവഭൂതേഭ്യോ രക്ഷേതി പരിഗീയതേ 5**

5. ഐശ്വര്യത്തിനു (ഭൂതി) നിദാനമായതു കൊ് ഇതിനെ വിഭൂതിയെന്നു പറയുന്നു. തത്ത്വങ്ങളെ പ്രകാശിപ്പിക്കുന്നതിനാൽ







**നാഭേരധസ്ഥാല്ലിംഗസ്യ ധാരണം പാപകാരണം**
**ജടായേ ത്രികഭാഗേ ച മലസ്ഥാനേ ന ധാരയേത്. 53**

53. നാഭി (പൊക്കിൾ) യ്ക്കിടയിലും, മുടിത്തുമ്പിലും, മലസ്ഥാനത്തും ശിവലിംഗം ധരിക്കുവാൻ പാടില്ല

**ലിംഗധാരീ സദാ ശുദ്ധോ നിജലിംഗം മനോരമം**
**അർച്ചയേദ് ഗന്ധപുഷ്പാദ്യൈ: കരപീഠേ സമാഹിത: 54**

54. ലിംഗം ധരിക്കുന്നവൻ സദാ ശുദ്ധിയുള്ളവനാകുന്നു. ഏകാഗ്രചിത്തനായിരുന്ന് മനോരമമായിട്ടുള്ള ഇഷ്ടലിംഗത്തെ തന്റെ ഹസ്തമാകുന്ന പീഠത്തിൽ വച്ച് ഗന്ധപുഷ്പാദികളാൽ പൂജിയ്ക്കണം.

**ബാഹ്യപീഠാർച്ചനാദേതത് കരപീഠാർച്ചനം വരം**
**സർവ്വേഷാം വീരശൈവാനാം മുമുക്ഷൂണാം നിരന്തരം 55**

55. മോക്ഷാത്ഥികളായ വിരശൈവരെ സംബന്ധിച്ച് ഈ ഹസ്തപീഠാ(ലിംഗാ)ർച്ചന ബാഹ്യപീഠാർച്ചനയെ അപേക്ഷിച്ച് സർവ്വദാ ശ്രേഷ്ഠമാകുന്നു.

**ബ്രഹ്മവിഷ്ണുവാദയോ ദേവാ മുനയോ ഗൌതമാദയ:**
**ധാരയന്തി സദാ ലിംഗമുത്തമാംഗേ വിശേഷത: 56**
**ലക്ഷ്മ്യാദിശക്തയ: സർവാ: ശിവഭക്തിവിഭാവിത:**
**ധാരയന്ത്യലികാഗ്രേഷു ശിവലിംഗമഹർനിശാം 57**

56/57. ബ്രഹ്മാവ്, വിഷ്ണു മുതലായ ദേവന്മാരും, ഗൌതമൻ മുതലായ ഋഷിമാരും വിശേഷരൂപത്തിൽ ശിവലിംഗത്തെ ഉത്തമാംഗ(ശിരസ്സിൽ)ത്തിൽ ധരിക്കുന്നു. ശിവഭക്തിയാൽ സമ്പൂർണ്ണരായ ലക്ഷ്മി മുതലായ സകല ദേവശക്തികളും ശിവലിംഗത്തെ രാപകലില്ലാതെ അവരുടെ തിരുജടയിൽ ധരിച്ചു കൊിരിക്കുന്നു.

**വേദശാസ്ത്രപുരാണേഷു കാമികാദ്യാഗമേഷു ച**
**ലിംഗധാരണമാഖ്യാതം വീരശൈവസ്യ നിശ്ചയാത് 58**

58. വേദശാസ്ത്രപുരാണങ്ങളിലും, കാമികാദിആഗമങ്ങളിലും

വീരശൈവർക്ക് ലിംഗധാരണം അവശ്യമെന്നു പറയപ്പെടുന്നു.

**ഋഗിത്വാഹ പവിത്രം തേ വിതതം ബ്രഹ്മണസ്പതേ**
**തസ്മാത്പവിത്രം തല്ലിംഗം ധാര്യം ശൈവമനനാമയം 59**

59. ഋഗ്വേദത്തിൽ:- 'അല്ലയോ ബ്രഹ്മണസ്പതേ: (ബഹ്മൻ:)36 തത്വങ്ങളിൽ വ്യാപ്തമായ ഈ ശിവലിംഗ ധാരണം പവിത്രമാണ്. ഇതുകാരണം നിങ്ങൾ ഈ അനാമയ ശിവലിംഗം ധരിക്കണം'.

**ബ്രഹ്മേതി ലിംഗമാഖ്യാനം ബ്രഹ്മണ: പതിരീശ്വര:**
**പവിത്രം തദ്ധി വിഖ്യാതം തത്സമ്പർക്കാത്തനു: ശുചി: 60**

60. സാമവേദത്തിൽ:- ലിംഗം ബ്രഹ്മമാകുന്നു. ബ്രഹ്മത്തിനും പതിയാണ് (ശിവൻ) ഈശ്വരൻ. ലിംഗം പവിത്രമാകുന്നു. അതിന്റെ സമ്പർക്കത്താൽ അതു ധരിക്കുന്നവന്റെ ശരീരവും ശുദ്ധമായിത്തീരുന്നു.

**അതപ്തതനുരജ്ഞോ വൈ ആമ: സംസ്കാരവർജിത:**
**ദീക്ഷയാ രഹിത: സാക്ഷാന്നാപ്നുയാല്ലിംഗമുത്തമം 61**

61. അഥർവ്വ വേദത്തിൽ:- 'തപസ്യാരഹിതനും, അജ്ഞാനിയും, പരിപക്വമല്ലാത്ത മനസ്സോടുകൂടിയവനുമായ സംസ്കാര ഹീനനും, ദീക്ഷാരഹിതനുമായ മനുഷ്യൻ ഉത്തമലിംഗം ധരിക്കുവാൻ പാടില്ല. സ്വന്തം ഇഷ്ടത്താൽ സ്വയം ലിംഗം ധരിക്കുന്നത് പാപത്തിനു കാരണമാകുന്നു'.

**അഘോരാ പാപകാശിനി യാ തേ രുദ്രശിവാ തനു:**
**യജുഷാ ഗീതയേ യസ്മാത് തസ്മാച്ചൈരവോഘലവർജ്ജിത 62**

62. യജൂർവേദത്തിൽ :- 'അല്ലയോ രുദ്രാ! അവിടുത്തെ ശരീരം അഘോരം പാപരഹിതവും മംഗളകാരിയും ആകുന്നു. ഇതുകാരണം ശിവലിംഗം ധരിക്കുന്നവനും ശിവോപാസകനുമായ വീരശൈവൻ പാപരഹിതനായിത്തീരുന്നു'.

**യോ ലിംഗധാരീ നിയതാന്തരാത്മാ**
**നിത്യം ശിവാരാധനബദ്ധചിത്ത:**





**സ ധാരയേത് സർവമലാപഹത്യൈ**
**ഭസ്മാമലം ചാരു യഥാപ്രയോഗം 63**

63. സംയമചിത്തനായി നിത്യശിവാരാധനയിൽ മനസ്സു വയ്ക്കുന്ന ലിംഗധാരി സകല പാപങ്ങളെയും ഇല്ലാതാക്കുന്നതിനു വേി സുന്ദരവും നിർമ്മലവുമായ ഭസ്മം ശാസ്ത്രവിധിവിധാനങ്ങളനുസരിച്ച് ധരിക്കുക.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ ദീക്ഷാലക്ഷണ-ഗുരുകാരുണ്യസ്ഥലവർണ്ണന എന്ന 6-ാമത്തെ അദ്ധ്യായം സമാപ്തം.**

## അഭിഷേക മന്ത്രങ്ങളായ ഈശാനാദി മന്ത്രങ്ങൾ

**സാദ്യോജാതം** :- ഓം നാം സാദ്യോജാതം പ്രപദ്യാമി സാദ്യോജാതായ വൈ നമോ നമ: ഭവേ ഭവേ നാതി ഭവേ ഭവസ്വ മാം ഭവോദ്ഭവായ നമ:

**വാമദേവം:-** ഓം മാം വാമദേവായ നമോ ജ്യേഷ്ഠായ നമ: ശ്രേഷ്ഠായ നമോ രുദ്രായ നമ: കാലായ നമ: കലവിക രണായ നമോ ബലവികരണായ നമോ ബലായ നമോ ബല പ്രമഥനാഥായ നമ: സർവ്വഭൂതദമനായ നമോ മനോന്മനായ നമ:

**അഘോരം** :- ഓം ശീം അഘോരേഭ്യോ%ഥഘോരേഭ്യോ ഘോരഘോര തരേഭ്യ: സർവ്വേഭ്യ : സർവ്വശർവ്വേഭ്യോ നമ സ്തേ അസ്തു രുദ്രരൂപേഭ്യ:

**തത്പുരുഷം** : ഓം വാം തത്പുരുഷായ വിദ്മഹേ മഹാ ദേവായ ധീമഹീ തന്നോ രുദ്ര : പ്രചോദയാത്

**ഈശാനം** :- ഓം യാം ഈശാന സർവ്വവിദ്യാനാമീശ്വര : സർവ്വഭൂതാനാം ബ്രഹ്മാധിപതിർ ബ്രഹ്മണോധിപതിർ ബ്രഹ്മാ ശിവോ മേസ്തു സദാശിവോം

**ഭസ്മനാ വിഹിതം സ്നാനമിദമാഗ്നേയമുത്തമം**
**സ്നാനേഷു വാരുണാദ്യേഷു മുഖ്യമേതന്മലാപഹം 23**

23. ഭസ്മം കൊു ചെയ്യപ്പെടുന്നതായ ഈ സ്നാനത്തിന് 'ഭസ്മ സ്നാനം' എന്നുപറയുന്നു. സ്നാനം ഏഴു വിധമാകുന്നു. മന്ത്ര സ്നാനം, ഭൌമ സ്നാനം, ആഗ്നേയസ്നാനം, വായവ്യ സ്നാനം, ദിവ്യ സ്നാനം, വാരുണ സ്നാനം ഇതിൽ ഭസ്മ സ്നാനം അതി പ്രധാനവും ബാഹ്യാഭ്യന്തര മലങ്ങളെ ദൂരീകരിക്കുന്നതുമാകുന്നു.

**ഭസ്മസ്നാനവതാം പുംസാം യഥായോഗം ദിനേ ദിനേ**
**വാരണാദ്യൈരലം സ്നാനൈർ ബാഹ്യദോഷാപഹാരിഭി: 24**

24. ശാസ്ത്രവിധിയനുസരിച്ച് ഭസ്മ സ്നാനം ചെയ്യുന്നവർക്ക്







ഭസിതമെന്നും, ആപത്തുകളിൽ നിന്നും രക്ഷിക്കുന്നതിനാൽ ക്ഷാരമെന്നും, സകല ജീവജാലങ്ങളെയും രക്ഷിക്കുന്നതി നാൽ രക്ഷ എന്നും ഇതിനെ വിളിക്കപ്പെടുന്നു.

**നന്ദാ ഭദ്ര ച സുരഭി: സുശീലാ സുമനാസ്തഥാ**
**പഞ്ച ഗാവോ വിഭോർജാതാ: സാദ്യോജാതാദിവക്ത്രത. 6**

6. നന്ദ, ഭദ്ര, സുരഭി, സുശീല, സുമന എന്നി അഞ്ചു ഗോക്കൾ യഥാക്രമം പരമേശ്വരന്റെ സാദ്യോജാതം, വാമദേവം, അഘോരം, തത്പുരുഷം ഈശാനം, എന്നീ അഞ്ചു മുഖങ്ങളിൽ നിന്നു മു ായി.

**കപിലാകൃഷ്ണാ ച ധവളാ ഘൂമ്ര രക്താ തഥൈവ ച**
**നന്ദദീനാം ഗവാം വർണാ: ക്രമേണ പരികീർത്തിതാ: 7**

7. നന്ദ മുതലായ ഗോക്കളുടെ നിറങ്ങൾ യഥാക്രമം കപിലം, കൃഷ്ണം, ശ്വേതം, ഘൂമ്ര, രക്തം എന്നിവയാണെന്നു പറഞ്ഞിരിക്കുന്നു.

**സാഭ്യോജാതാദ്വിഭൂതിശ്ച വാമാദ്ഭസിതമേവ ച 8**
**അഘോരാദ്ഭസ്മ സജാതം തത്പുരുഷാത്ക്ഷാരനാമ ച**
**രക്ഷാ ചേശാനവക്ത്രാച്ച നന്ദാദിദ്വാരതോ%ഭവത്. 9**

8/9.സദ്യോജാത മുഖത്തിൽ നിന്നും ഉായ നന്ദ എന്ന ഗോവിന്റെ വിഭൂതി, വാമദേവ മുഖത്തിൽ നിന്നും ഉായ ഭദ്ര എന്ന ഗോവിന്റെ ഭസിതം, അഘോര മുഖത്തിൽ നിന്നും ഉായ സുരഭി എന്ന ഗോവിന്റെ ഭസ്മം, തത്പുരുഷ മുഖത്തിൽ നിന്നും ഉായ സുശീല എന്ന ഗോവിന്റെ ക്ഷാരം, ഈശാന മുഖത്തിൽ നിന്നും ഉായ സുമന എന്ന ഗോവിന്റെ രക്ഷാ എന്നീ ഭസ്മങ്ങൾ ഉായി.

**ധാരയേന്നിത്യകാര്യേഷു വിഭൂതിം ച പ്രയത്നത:**
**നൈമിത്തികേഷു ഭസിതം ക്ഷാരം കാമ്യേഷു സർവ്വദാ 10**
**പ്രായശ്ചിത്തേഷു സർവേഷു ഭസ്മ നാമ യഥാവിധി**
**രക്ഷാ ച മോക്ഷകാര്യേഷു പ്രയോക്തവ്യാ സദാ ബുധൈ: 11**

10/11. നിത്യ കർമ്മത്തിൽ വിഭൂതിയും, നൈമിത്തികത്തിൽ ഭസിതവും കാമ്യകർമ്മത്തിൽ ക്ഷാരവും, പ്രായശ്ചിത്ത കർമ്മ ത്തിൽ ഭസ്മവും മോക്ഷ കാര്യത്തിൽ രക്ഷയും ആയിട്ടുള്ള ഭസ്മത്തെ വിധി വിധാനങ്ങളോടുകൂടി പണ്ഡിതന്മാർ (യോ ഗീശ്വരന്മാർ) ധരിക്കുന്നു.

**നന്ദാദിനാം തു യേ വർണാ: കപിലാദ്യാ പ്രകീർത്തിതാ:**
**ത ഏവ വർണാ വിഖ്യാതാ ഭൂത്യാദീനാം യഥാക്രമം 12**

12. നന്ദ മുതലായ ഗോക്കളുടെ കപിലം മുതലായ വർണങ്ങളെ ക്കുറിച്ചു മുൻപ് തന്നെ സൂചിപ്പിച്ചിട്ടു്.

**ഭസ്മോത്പാദനമുദിഷ്ടം ചതുർധാ തന്ത്രവേദിഭി:**
**കല്പം ചൈവാനുകല്പം രൂപകല്പമകല്പകം**
**ഏഷാമാദിമമുത്കൃഷ്ടമന്യത് സർവ്വമഭാവത് 13**

13. തന്ത്ര ശാസ്ത്രത്തിൽ ഭസ്മത്തിന്റെ ഉല്പാദനം കല്പം, അനു കല്പം, ഉപകല്പം, അകല്പം എന്നിങ്ങനെ നാലു വിധമെന്നു പറഞ്ഞിരിക്കുന്നു. ഇതിൽ കല്പം അതിശ്രേഷ്ഠവും അതിന്റെ അഭാവത്തിൽ മറ്റുള്ളവയും സ്വീകരിക്കുന്നു.

**യഥാ ശാസ്ത്രോക്തവിധിനാ ഗൃഹിത്വാ ഗോമയം നവം 14**
**സദ്യേന വാമദേവേന കുര്യാത്പിണ്ഡമനുത്തമം**
**ശോഷയേത്പുരുഷേണൈവ ദ ഹേദ ഘോരാഹ്വിവാഗ്നിനാ 15**
**കല്പം തദ്ഭസ്മ വിജ്ഞേയമനുകല്പമഥോച്യതേ**
**വനേഷു ഗോമയം യച്ച ശുഷ്കം ചൂർണീകൃതം തഥാ 16**
**ദഗ്ധം ചൈവാനുകല്പാഖ്യമാപണാദിഗതം തു യത്**
**വസ്ത്രേണോത്താരിതം ഭസ്മ ഗോമൂത്രാബദ്ധപിണ്ഡിതം 17**
**ദഗ്ധം പ്രാഗുക്തവിധിനാ ഭവേദ്ഭസ്മോപകല്പകം**
**അന്യൈരാപാദിതം ഭസ്മാപ്യകല്പമിതി നിശ്ചിതം 18**

14/18. തന്ത്ര ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നതു പ്രകാരം സദ്യോജാതമന്ത്രം ചൊല്ലിക്കൊ് പശുവിന്റെ (ഗോവ്) പുതിയ ചാണകം എടുത്ത്, വാമദേവമന്ത്രം ചൊല്ലിക്കൊ് അതു കുഴച്ച് ഉരുട്ടിയെടുത്ത്, തത്പുരുഷമന്ത്രം ജിപച്ചുക്കൊ് പുകയിൽ







ഉണക്കി, അഘോരമന്ത്രം ജപിച്ചു കൊ് അതിനെ അഗ്നിയിൽ കത്തിച്ച് ഭസ്മീകരിക്കണം. ഇങ്ങനെ തയ്യാറാക്കിയ ഭസ്മത്തിന് 'കല്പം' പറയുന്നു.

വനത്തിൽ നിന്നും കിട്ടുന്ന ഉണങ്ങിപ്പൊടിഞ്ഞ ചാണകം കത്തിച്ചു കിട്ടുന്ന ഭസ്മത്തിന് 'അനുകല്പം' എന്നു പറയുന്നു. കടയിൽ നിന്നും കൊുവന്ന് തുണിയിൽ അരിച്ച് ഉരുട്ടി പൂർവ്വോക്ത വിധി പ്രാകരം കത്തിച്ചു നിർമ്മിക്കുന്ന ഭസ്മത്തിന് 'അകല്പ'മെന്നു പറയുന്നു. ഇപ്രകാരം ശാസ്ത്രത്തിൽ ഭസ്മ നിർമ്മാണം വിധിച്ചിരിക്കുന്നു.

**ഏഷ്വേകതമമാദായ പാത്രേഷു കലശാദിഷു**
**ത്രിസന്ധ്യമാചരേത് സ്നാനം യഥാസംഭവമേവ വാ. 19**

19. കലശക്കുടങ്ങളിലും മറ്റും നിറച്ചിരിക്കുന്ന മേല്പറഞ്ഞ ഭസ്മ ങ്ങളിൽ ഏതെങ്കിലും ഒന്നെടുത്ത് ത്രിസന്ധ്യകളിൽ ഷഡംഗ ങ്ങളിൽ ധരിക്കുക.

**സ്നാനകാലേ കരൌ പാദൌ പ്രക്ഷാള്യ വിമലാംഭസാ**
**വാമഹസ്തതലേ ഭസ്മ ക്ഷിപ്ത്വാച്ഛാദ്യാന്യപാണിനാ 20**
**അഷ്ടകൃത്വാഥ മൂലേന മൌനീ ഭസ്മാഭിമന്ത്ര്യ ച**
**ശിര ഈശാനമന്ത്രേണ പുരുഷേണ മുഖം തഥാ. 21**
**ഹൃദ്പ്രദേശാഘോരേണ വാമദേവേന ഗുഹ്യകം**
**പാദൌ സദ്യേന സർവ്വാംഗം പ്രണവേനൈവ സേചയേത് 22**

20/22 ഭസ്മ സ്നാനത്തിനു മുൻപ് ശുദ്ധജലം കൊ് മുഖവും കൈകാലുകളും കഴുകി നിർമ്മലമാക്കിയ ശേഷം ഇടതു കൈ വെള്ളയിൽ ഭസ്മം വച്ച് വലതു കരം കൊ് അതു മൂടി വച്ചു കൊ് എട്ടു പ്രാവശ്യം പഞ്ചാക്ഷരം അഭിമന്ത്രിച്ച് ഈശാന മന്ത്രം കൊ് ശിരസ്സിലും, തത്പുരുഷ മന്ത്രം കൊ് നെറ്റി യിലും, അഘോരമന്ത്രം കൊ് ഹൃദയത്തിലും വാമദേവ മന്ത്രം കൊ് നാഭിയിലും ഓങ്കാരം കൊു സർവ്വാംഗവും (അഭി ഷേകം) ധരിക്കണം.

ധരിക്കുന്നവൻ രുദ്രനായിത്തീരും. ഇപ്രകാരം മുന്നുനേരവും ത്രിപുണ്ഡ്രം ധരിക്കുന്നവൻ രുദ്രധർമ്മം കൊ് യുക്തനും വേദസ്വരൂപനുമായിത്തീരുന്നു എന്ന് 'ശ്രുതി'യിൽ പറയുന്നു.

**ബ്രഹ്മ വിഷ്ണുശ്ച രുദ്രാശ്ച ദേവാ: ശക്രപുരോഗമാ:**
**ത്രിപുണ്ഡ്രം ധാരയന്ത്യേവ ഭസ്മനാ പരികല്പിതം. 41**
**വസിഷ്ഠാദ്യാ മഹാഭാഗാ മുനയ: ശ്രുതീ കോവിദാ:**
**ധാരയന്തി സദാകാലം ത്രിപുണ്ഡ്രം ഭസ്മനാ കൃതം 42**

41/42. ബ്രഹ്മാവ്, വിഷ്ണു മുതലായ ദേവതകളും, വേദശാസ്ത്ര പാരംഗതരായ വസിഷ്ഠൻ മുതലായ മഹർഷിമാരും ഭസ്മത്രിപുണ്ഡ്രകം സദാ ധരിച്ചിരുന്നു.

**ശൈവാഗമേഷു വേദേഷു പുരാണേഷ്വഖിലേഷു ച**
**സ്മൃതീതിഹാസകല്പേഷു വിഹിതം ഭസ്മപുണ്ഡ്രകം**
**ധാരണീയം സമസ്താനാം ശൈവാനാം ച വിശേഷത: 43**

43. ശൈവാഗമങ്ങൾ, വേദങ്ങൾ, പുരാണങ്ങൾ. സ്മൃ തികൾ, ഇതിഹാസങ്ങൾ, കല്പഗ്രന്ഥങ്ങൾ എന്നിവകളിലെല്ലാം ഭസ്മ ത്രിപുണ്ഡ്രകത്തെക്കുറിച്ച് വർണ്ണിച്ചിട്ടു്. ഇത് എല്ലാവരും വിശേഷിച്ച് ശൈവഭക്തന്മാർ ധരിച്ചിരിക്കണം.

**നാസ്തികോ ഭിന്നമര്യാദോ ദുരാചാരപരായണ:**
**ഭസ്മത്രിപുണ്ഡ്രധാരി ചേന്മുച്യതേ സർവകിൽബിഷൈ:44**

44. നാസ്തികരും, ശാസ്ത്രനിയമം ലംഘിക്കുന്നവരും ദുരാചാരികളും ഭസ്മത്രിപുണ്ഡ്രം ധരിക്കുന്നുവെങ്കിൽ സർവ്വപാപങ്ങളിൽ നിന്നും അവർ മുക്തരായിത്തീരുന്നു.

## രുദ്രാക്ഷധാരണസ്ഥല വർണ്ണന

**ഭസ്മനാ വിഹിതസ്നാനസ്ത്രിപുണ്ഡ്രാംഗിതമസ്തക:**
**ശിവാർച്ചനപരോ നിത്യം രുദ്രാക്ഷമപി ധാരയേത് 45**

45. ഭസ്മസ്നാനം ചെയ്യുന്നവനും, നെറ്റിയിൽത്രിപുണ്ഡ്രം ധരിക്കുന്നവനും, നിത്യവും ശിവപൂജ ചെയ്യുന്നവനുമായ വ്യക്തി രുദ്രാക്ഷവും ധരിച്ചിരിക്കണം





ബാഹ്യദോഷങ്ങളെ അകറ്റുന്ന ജലാദി സ്നാനങ്ങളുടെ ആവശ്യമില്ല.

**ആഗ്നേയം ഭസ്മനാ സ്നാനം യതിഭിസ്തു വിധീയതേ**
**ആർദ്രസ്നാനാത് പരം ഭസ്മ ആർദ്രേ ജന്തുവധോ ധ്രുവം 25**

25. യതികൾ ഭസ്മത്താൽ ആഗ്നേയ സ്നാനം ചെയ്യുന്നു. ജല സ്നാനം കൊ് ഭസ്മ സ്നാനത്തേക്കാൾ പ്രാണിഹിംസയു ാകുന്നു്. അതുകൊ് ഭസ്മസ്നാനം ജലസ്നാനത്തേക്കാൾ ശ്രേഷ്ഠമാകുന്നു.

**ആർദ്രം തു പ്രകൃതിം വിന്ദ്യാത് പ്രകൃതിം ബന്ധനം വിദു:**
**പ്രകൃതേസ്തു പ്രഹാണാർത്ഥം ഭസ്മനാ സ്നാനമിഷ്യതേ 26**

26. ജലത്തെ പ്രകൃതിയായും, പ്രകൃതിയെ ബന്ധമായും കണക്കാക്കി അതിനെ ത്യജിക്കുന്നതിനായി ഭസ്മത്താൽ സ്നാനം ചെയ്യുന്നു.

**ബ്രഹ്മാദ്യാ വിബുധാ: സർവേ മുനയോ നാരദാദയ:**
**യോഗിന: സനകാദ്യാശ്ച ബാണാദ്യാ ദാനവാ അപി. 27**
**ഭസ്മസ്നാനയുതാ : സർവേം ശിവഭക്തി പരായണാ:**
**നിർമ്മുക്തദോഷകലിലാ നിത്യശുദ്ധാ ഭവന്തി ഹി. 28**

28. ബ്രഹ്മാവ് മുതലായ ദേവന്മാരും നാരദൻ തുടങ്ങിയ ഋഷിഗണങ്ങളും സനകൻ മുതലായ യോഗികളും, ബാണാദി രാക്ഷസന്മാരും മറ്റും ഭസ്മധാരണത്താൽ യുക്തരും ശിവഭക്തിയിൽ ലീനരും, മലിന മുക്തരും നിത്യ നിർമ്മലരുമായിത്തീർന്നു.

**നമശിവായേതി ഭസ്മ കൃത്വാ സപ്താഭിമന്ത്രിതം**
**ഉദ്ധൂളയേത് തേന ദേഹം ത്രിപുണ്ഡ്രം ചാപി 29**

29. നമശിവായ : എന്ന മന്ത്രം കൊ് ഭസ്മത്തെ ഏഴു പ്രാവശ്യം ജപിച്ച ശേഷം ത്രിപുണ്ഡ്രമായി ശരീരത്തിൽ ധരിക്കുക.

**സർവാം ഗോദ്ധൂളനം ചാപി ന സമാനം ത്രിപുണ്ഡ്രകൈ:**

**തസ്മാത് ത്രിപുണ്ഡ്രമേവൈകം ലിഖേദുദ്ധൂളനം വിനാ. 30**

30. ഭസ്മം കൊ് ശരീരം മുഴുവൻ ഉദ്ധൂളനം (പൂശിയാലും) ചെയ്തുവെന്നാലും ഭസ്മധാരണം ത്രിപുണ്ഡ്രത്തിന് സമാനമാവുകയില്ല. തന്മൂലം ഇഷ്ടമില്ലാതെയാണെങ്കിൽ പോലും ഉദ്ധൂളനമില്ലാതെയും ഭസ്മം കൊ് ത്രീപുണ്ഡ്രം ധരിച്ചിരിക്കണം.

**ത്രിപുണ്ഡ്രം ധാരയേന്നിത്യം ഭസ്മനാ സലിലേന ച**
**സ്ഥാനേഷു പഞ്ചദശസു ശരീരേ സാധകോത്തമ: 31**

31. ഉത്തമനായ സാധകൻ ദിനംപ്രതി ഭസ്മവും ജലവും കൂട്ടിക്കുഴച്ച് ശരീരത്തിൽ നിശ്ചിത (15) സ്ഥാനങ്ങളിൽ ത്രിപുണ്ഡ്രമായി ധരിച്ചിരിക്കണം.

**ഉത്തമാംഗേ ലലാടേ ച ശ്രവണദ്വിതയേ തഥാ**
**ഗളേ ഭുജദ്വയേ ചൈവ ഹൃദി നാഭൌ ച പൃഷ്ഠകേ 32**
**ബാഹൃയുഗ്മേ കകുദ്ദേശേ മണിബന്ധദ്വയേ തഥാ**
**ത്രിപുണ്ഡ്രം ഭസ്മനാ ധാര്യം മൂലമന്ത്രേണ സാധകൈ. 33**

32/33. സാധകൻ മൂലമന്ത്രം ജപിച്ച് കൊ് ഉത്തമാംഗമായ ശിരസ്സ്, നെറ്റി, രു കാതുകൾ കഴുത്ത് ഇരു ഭുജങ്ങൾ, മാറ്, നാഭി പീഠം, ഇരുബാഹുക്കൾ ഇരുതോളുകളുടെ മദ്ധ്യം, മണിബന്ധങ്ങൾ എന്നിവിടങ്ങളിൽ ഭസ്മത്താൽ ത്രിപുണ്ഡ്രം ധരിക്കുക.

**വാമഹസ്തലേ ഭസ്മ ക്ഷിപ്ത്വാച്ഛാദ്യാന്യപാണിനാ**
**അഗ്നിരിത്യാദിമന്ത്രേണ സ്പൃശൻ വാരാഭിമന്ത്ര്യ ച. 34**
**ത്രിപുണ്ഡ്രമുക്തസ്ഥാനേഷു ദധ്യാത് സജലഭസ്മനാ**
**ശിവം ശിവകരം ശാന്തം സ പ്രാപ്നോതി ന സംശയ: 35**

34/35. പിന്നീട് ഭക്തൻ ഇടതുകൈവെള്ളയിൽ ഭസ്മം വച്ച ശേഷം വലതുകൈകൊ് മൂടി 'അഗ്നിരീതി ഭസ്മ, വായുരീതി ഭസ്മ, ജലമിതി ഭസ്മ, സ്ഥലമിതി ഭസ്മ, വ്യോമിതി ഭസ്മ, സർവം ഹവാ ഇദം ഭസ്മ മന ഏതാനി ചക്ഷുഷീം ഭസ്മാനി' എന്ന മന്ത്രത്താൽ (ഭസ്മശുദ്ധീകരണം ചെയ്ത്)





ജലമൊഴിച്ച് ഭസ്മം കുഴച്ച് ശരീരത്തിന്റെ ഉക്തമായ സ്ഥാനങ്ങളിൽ ത്രിപുണ്ഡ്രമായി ധരിക്കുന്നുവെങ്കിൽ അവൻ ശാന്തനായ ശിവശങ്കരനെ പ്രാപിക്കുമെന്നതിന് സംശയമില്ല.

**മദ്ധ്യാംഗുലിത്രയേണൈവ സ്വദക്ഷിണകരസ്യ തു**
**ഷഡംഗുലായതം മാനമപി വാƒലികമാനകം**
**നേത്രയുഗ്മപ്രമാണേന ഭാലേ ദധ്യാത് ത്രിപുണ്ഡ്രകം 36**

36. വലതുകൈയുടെ തർജ്ജനി (ചൂുവിരൽ), മദ്ധ്യമ (നടുവിരൽ), അനാമിക (മോതിരവിരൽ) എന്നിവകളാൽ (ആറംഗുലം നീളത്തിൽ) നെറ്റിത്തടത്തിന്റെ അത്രയും നീളത്തിൽ ത്രിപുണ്ഡ്രം വരയ്ക്കണം.

**മദ്ധ്യമാനാമികാംഗുഷ്ഠൈരനുലോമവിലോമത:**
**ധാരയേദ്യസ്ത്രീപുണ്ഡ്രാംഗം സ രുദ്രോ നാത്ര സംശയ: 37**

37. മദ്ധ്യമ, അനാമിക, അംഗുഷ്ഠം എന്നീ വിരലുകളാൽ അനുലോമമായും വിലോമമായും ശാസ്ത്രവിധിപ്രകാരം ത്രിപുണ്ഡ്രം ധരിക്കുന്നവൻ രുദ്രനായിത്തീരുമെന്നതിൽ സംശയമില്ല.

**ഋജു ശ്വേതമനുഷ്യാപ്തം സ്നിഗ്ധം ശ്രോത്രപ്രമാണകം**
**ഏവം സല്ലക്ഷണോപേതം ത്രിപുണ്ഡ്രം സർവസിദ്ധിദം 38**

38. സരളവും, വെളുത്തതും, അന്യോന്യം ചേർന്നിരിക്കുന്നതും, തിളങ്ങുന്നതും, കാതുവരെ വരയ്ക്കപ്പെട്ടതും ഉത്തമലക്ഷണങ്ങളാൽ യോഗ്യവുമായ ത്രിപുണ്ഡ്രം സർവ്വ സിദ്ധിദായകമാകുന്നു.

**പ്രാതഃകാലേ ച മദ്ധ്യാഹ്നേ സായാഹ്നേ ച ത്രിപുണ്ഡ്രകം 39**
**കദാചിദ്ഭസ്മനാ കുര്യാത് സ രുദ്രോ നാത്ര സംശയ:**
**ഏവംവിധം വിഭുത്യാ ച കുരുതേ യസ്ത്രിപുണ്ഡ്രകം**
**സ രൌദ്രധർമസംയുക്തസ്ത്രയീമയ ഇതിശ്രുതി: 40**

39/40. രാവിലെയും, ഉച്ചയ്ക്കും, വൈകിട്ടും (ത്രിസന്ധ്യകളിൽ) കുറഞ്ഞത് ഒരു നേരമെങ്കിലും ഭസ്മം ത്രിപുണ്ഡ്രമായി

രനോ ആകട്ടെ, രുദ്രാക്ഷധാരണത്താൽ സർവപാപങ്ങളിൽ നിന്നും മോചിതരായിത്തീരുന്നു. സർവ്വരും രുദ്രാക്ഷം ധരിക്കുന്നതിന് അധികാരാവകാശമുള്ളവരാണ്.

**ഗവാം കോടി പ്രദാനസ്യ യത്ഫലം ഭൂവി ലഭ്യതേ**
**തത്ഫലം ലഭതേ മർത്ത്യോ നിത്യം രുദ്രാക്ഷധാരണാത് 63**

63. ഭൂമിയിൽ ഒരു കോടി ഗോക്കളെ ദാനം ചെയ്യുന്നതുകൊു ലഭിക്കുന്ന അതേ ഫലം മനുഷ്യന് രുദ്രാക്ഷം നിത്യേന ധരിക്കുന്നതുകൊ് ലഭിക്കുന്നു.

**മൃത്യുകാലേ ച രുദ്രാക്ഷം നിഷ്പിണ്ഡ്യ സഹവാരിണാ:**
**യ: പിബേച്ചിന്തയൻ രുദ്രം രുദ്രലോകം സ ഗച്ഛതി 64**

64. ശിവനെ ധ്യാനിച്ച് പഞ്ചാക്ഷരീമന്ത്രം ജപിച്ച് രുദ്രാക്ഷം പൊടിച്ച് ജലത്തിൽ കലക്കി ചേർത്ത് മരണസമയത്ത് പാനം ചെയ്യിച്ചാൽ അവൻ രുദ്രലോക പ്രാപ്തനായിത്തീരുന്നു.

**ഭസ്മോദ്ധൂളിതസർവ്വാംഗാ ധൃതരുദ്രാക്ഷമാലികാ:**
**യേ ഭവന്തി മഹാത്മാനസ്തേ രുദ്രോ നാത്ര സംശയ: 65**

65. രുദ്രാക്ഷമാലയും, ദേഹത്തിൽ സർവ്വാംഗം ഭസ്മവും ധരിച്ചുകൊിരിക്കുന്നവൻ മഹാത്മാവായ രുദ്രൻ തന്നെയാകുന്നു എന്നതിനു സംശയമില്ല.

**നിത്യാനി കാമ്യാനി നിമിത്തജാനി**
**കർമാണി സർവാണി സദാ%പി കുർവൻ**
**യോ ഭസ്മരുദ്രാക്ഷധരോ യദി സ്യാദ്**
**ദ്വിജോ ന തസ്യാസ്തി ഫലോപപത്തി: 66**

66. നിത്യം, കാമ്യം, നൈമിത്തികം എന്നീ കർമ്മങ്ങളും സദാ ചെയ്തെന്നാലും ഭസ്മവും രുദ്രാക്ഷങ്ങളും ധരിക്കുന്ന ബ്രാഹ്മണൻ കർമ്മങ്ങളുടെ ഫലമനുഭവിക്കാതെ തന്നെ മുക്തനായിത്തീരുന്നു.

**സർവേഷു വർണാശ്രമാസംഗതേഷു**
**നിത്യം സദാചാര പരായണേഷു**







**രുദ്രാക്ഷധാരണാദേവ മുച്യന്തേ സർവപാതകൈ:**
**ദൃഷ്ടചിത്താ ദുരാചാര ദുഷ്പ്രജ്ഞാ അപി മാനവാ:46**

46. ദുഷ്ടചിത്തനും, ദുരാചാരിയും, ദുഷ്ടബുദ്ധിയുമായ മനുഷ്യനും കേവലം രുദ്രാക്ഷധാരണം കൊ് സകല പാപങ്ങളിൽ നിന്നും മുക്തനായിത്തീരുന്നു.

**പുരാ ത്രിപുരസംഹാരേ ത്രിനേത്രോ ജഗതാം പതി:**
**ഉദ്പശ്യത് പുരാം യോഗമുന്മീലിതവിലോചന: 47**
**നിപേതുസ്തസ്യ നേത്രേഭ്യോ ബഹവോ ജലബിന്ദവ:**
**തേഭ്യോ ജാതാ ഹി രുദ്രാക്ഷാ രുദ്രാക്ഷാ ഇതി കീർത്തിതാ:**
**രുദ്രനേത്രസമുല്പന്നാ രുദ്രാക്ഷ ലോകപാവനാ: 48**

**47/48.** പരൊരിക്കൽ ഭൂലോകനാഥനായ ഭഗവാൻ ശിവൻ ത്രിപുരസംഹാര സമയത്ത് നേത്രങ്ങൾ തുറന്ന് യോഗ ദൃഷ്ടിയാൽ ചിരകാലത്തേക്ക് അവിടുത്തെ യോഗ ത്തെ നോക്കിയപ്പോൾ ആ നേത്രങ്ങളിൽ നിന്നും പൊഴി ഞ്ഞു വീണ അശ്രുബിന്ദുക്കൾ പൃഥ്വിയിൽ പതിച്ചു. അത് രുദ്രാക്ഷമായിത്തീർന്നു. രുദ്രന്റെ കണ്ണുകളിൽ നിന്നും ഉായതുകൊ് ജഗത്തിൽ ഇവ രുദ്രാക്ഷമെന്ന പേരിൽ പ്രസിദ്ധമായിത്തീർന്നു.

**അഷ്ടത്രിംശത്പ്രഭേദേന ഭവന്ത്യുല്പത്തിഭേദത: 49**

49. രുദ്രനേത്രങ്ങളിൽ നിന്നുമുായ രുദ്രാക്ഷം ഉല്പത്തിഭേദത്താൽ 38 വിധമാകുന്നു.

**നേത്രാത് സൂര്യാത്മന: ശംഭോ: കപിലാ ദ്യാദശോഭിത:**
**ശ്വേത: ഷോഡശ സഞ്ജാതാ: സോമരൂപാദ്വിലോചനാത് 50**
**കൃഷ്ണാ ദശവിധാ ജാതാ വഹ്നിരൂപാദ്വിലോചനാത്**
**ഏവമുല്പത്തിഭേദേന രുദ്രാക്ഷാ ബഹുധാ സ്മൃതാ: 51**

50/51. സൂര്യസമാനമായ ശിവനേത്രത്തിൽ നിന്നും കപില വർണ്ണങ്ങളിൽ ഉള്ള 12 രുദ്രാക്ഷങ്ങൾ ഉായെന്നു പറയുന്നു. സൂര്യന് തപിനി, താപിനി തുടങ്ങിയ 12 കലകൾ ഉള്ളതിനാൽ അതിൽ നിന്നുായ രുദ്രാക്ഷത്തിന്റെ എണ്ണവും 12 ആകുന്നു. ചന്ദ്രസമാനമുള്ളനേത്രത്തിൻ നിന്നും ശ്വേത വർണ്ണത്തിലുള്ള 16ഉം

വഹ്നി സമാനമുള്ള നേത്രത്തിൽ നിന്നും കൃഷ്ണവർണ്ണത്തിലുള്ള 10 രുദ്രാക്ഷങ്ങളും ഉായി. ഇപ്രകാരം ഉല്പത്തിഭേദം കൊ് രുദ്രാക്ഷം 38 ആകുന്നു.

**അച്ഛിദ്രം കനകപ്രഖ്യമനന്യധൃതമുത്തമം**
**രുദ്രാക്ഷം ധാരയേത് പ്രാജ്ഞഃ ശിവപൂജാപരായണഃ 52**

52. പൊട്ടാത്തതും ജന്തുക്കൾ കടിക്കാത്തതും, സ്വർണ്ണവർണ്ണമുള്ളതും മറ്റാരും ധരിക്കാത്തതുമായ രുദ്രാക്ഷം ഉത്തമമാകുന്നു. ശിവപൂജാ തല്പരരായ പണ്ഡിതന്മാർ ഇപ്രകാരമുള്ള രുദ്രാക്ഷം ധരിക്കണം.

**യഥാസ്ഥാനം യഥാവക്ത്രം യഥായോഗം യഥാവിധി**
**രുദ്രാക്ഷധാരണം വക്ഷ്യേ രുദ്രസായൂജ്യസിദ്ധയേ 53**

53. ശിവസായൂജ്യത്തിനുവേി മുഖശാസ്ത്രവും രീതിയുമനുസരിച്ചുള്ള രുദ്രാക്ഷധാരണത്തെക്കുറിച്ച് സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നിങ്ങനെ ശാസ്ത്രങ്ങളിൽ വർണ്ണിച്ചിരിക്കുന്നു. സായൂജ്യമുക്തി സർവ്വോത്കൃഷ്ടമാണ്. രുദ്രാക്ഷധാരണത്തെ സംബന്ധിച്ച് അതിന്റെ മുഖങ്ങൾ, ധരിക്കേ സ്ഥാനങ്ങൾ, ധരിക്കേ വിധങ്ങൾ എന്നിവയെല്ലാം ഞാൻ പറയാം.

**ശിഖായാമേകമേകാസ്യം രുദ്രാക്ഷം ധാരയേദ് ബുധഃ**
**ദ്വി ത്രിദ്വാദശവക്ത്രാണി ശിരസ്സി ത്രിണി ധാരയേത്. 54**
**ഷഡ്ത്രിംശദ്ധാരയേന്മൂർധിൻ നിത്യമേകാദശാനനാൻ**
**ദശസപ്തപഞ്ചവക്ത്രാൻഷട് ഷട് കർണദ്വയേ വഹേത് 55**
**ഷഡഷ്ടവദനാൽ കണ്ഠേ ദ്വത്രിംശദ്ധാരയേത് സദാ**
**പഞ്ചാശദ്ധാരയേദ് വിദ്വാൻ ചതുർവക്ത്രാണി വക്ഷസി 56**
**ത്രയോദശമുഖാൻ ബാഹ്വോർധരത് ഷോഢശ**
**പ്രത്യേകം ദ്വാദശ വഹേന്നവാസ്യാൻ മണിബന്ധയോഃ 57**
**ചതുർദ്ദശമുഖം യജ്ഞസൂത്രമഷ്ടോത്തരം ശതം**
**ധാരയേത് സർവകാലം തു രുദ്രാക്ഷം ശിവപൂജകഃ 58**

54/58. പണ്ഡിതന്മാർ ഒരു ഏകമുഖീ രുദ്രാക്ഷം ശിഖയിലും 2, 3, 12 എന്നീ മുഖങ്ങളിലുള്ള രുദ്രാക്ഷങ്ങൾ ശിരസ്സിലും ധരിക്കുക. 36 ഏകമുഖീ രുദ്രാക്ഷങ്ങൾ മസ്തകത്തിലും പത്ത് സപ്തമുഖവും, ആറ് പഞ്ചമുഖവുമുള്ളവ ഇരു കർണ്ണങ്ങളിലും, ആറും, എട്ടും മുഖങ്ങളുള്ള 32 എണ്ണങ്ങൾ കണ്ഠത്തിലും, നാലു മുഖങ്ങളുള്ള 50 എണ്ണങ്ങൾ വക്ഷഃസ്ഥലങ്ങളിലും, 13 മുഖങ്ങളുള്ള 14 എണ്ണങ്ങൾ ഇരു ഭുജങ്ങളിലും, 9 മുഖങ്ങളുള്ള 12 എണ്ണങ്ങൾ വീതം ഇരു മണിബന്ധങ്ങളിലും 14 മുഖങ്ങളുള്ള 108 എണ്ണങ്ങൾ ശിവാർച്ചകർ സദാ യജ്ഞോപവീതം പോലെയും ധരിക്കുക.





**ഏവം രുദ്രാക്ഷധാരീ യഃ സർവകാലേ തു വർത്തതേ**
**തസ്യ പാപകതാ നാസ്തി മൂഢസ്യാപി ന സംശയഃ 59**

59. ഇപ്രകാരം സദാ സമയവും രുദ്രാക്ഷം ധരിക്കുന്ന വിഡ്ഢിക്കും, ശാസ്ത്രത്തിൽ അനഭിജ്ഞനും, പാപിക്കും പാപമുാകുകയില്ല.

**ബ്രഹ്മഹാ മദ്യപായി ച സ്വർണഹൃദ് ഗുരുതല്പഗഃ**
**മാതൃഹാ പിതൃഹാ ചൈവ ഭ്രൂണഹാ കൃതഘ്നാതകഃ**
**രുദ്രാക്ഷധാരണാദേവ മുച്യതേ സർവപാതകൈഃ 60**

60. ബ്രഹ്മഘാതകൻ, മദ്യപാനി, കനകമോഷ്ടാവ് ഗുരുപത്നിയോടുകൂടി സമാഗമിക്കുന്നവൻ, മാതാപിതൃഹത്യ ചെയ്യുന്നവൻ, ഭ്രൂണഹത്യ ചെയ്യുന്നവൻ, കൃതഘ്നൻ എന്നിവരും രുദ്രാക്ഷധാരണം കൊ് സർവ്വപാപമുക്തരായിത്തീരുന്നു.

**ദർശനാത് സ്പർശനാച്ചൈവ സ്മരണാദപി പൂജനാത്**
**രുദ്രാക്ഷധാരണാല്ലോകേ മുച്യന്തേ പാതകൈർജനാഃ 61**

61. രുദ്രാക്ഷ ദർശനം, സ്പർശനം, പൂജനം, സ്മരണ,ധാരണം എന്നിവയാൽ ആളുകൾ പാപമുക്തരായിത്തീരുന്നു.

**ബ്രാഹ്മണോ വാന്ത്യജോ വാപി മൂർഖോ വാ പണ്ഡിതോഽപിവാ**
**രുദ്രാക്ഷധാരണാദേവ മുച്യതേ സർവപാതകൈ 62**

62. ബ്രാഹ്മണനോ, അന്ത്യജനോ ആകട്ടെ, പണ്ഡിതനോ, പാമ

തന്നെ വിശുദ്ധനും ആണവം, മായികം, കാർമ്മികം എന്നീ മൂന്നു തരം മലങ്ങളിൽ നിന്നും വിമുക്തനുമായതിനാൽ 'ശിവ'നെന്നു പറയുന്നു.

**ആസ്പദത്വാദശേഷാണാം മംഗളാനാം വിശേഷത:**
**ശിവശബ്ദാഭിധേയോ ഹി ദേവദേവസ്ത്രിയംബക: 9**

9. സവിശേഷമായ രൂപം കൊ് സർവ്വമംഗളങ്ങളുടെയും സ്ഥാനീയനായതു കാരണം ദേവാധിദേവനായ ഭഗവാൻ ത്രിയംബകൻ 'ശിവ'നെന്ന ശബ്ദത്തിന്റെ വാച്യം (പര്യായം) ആകുന്നു.

**ശിവ ഇത്യക്ഷരദ്വന്ദം പരബ്രഹ്മപ്രകാശകം**
**മുഖ്യവൃത്യാ തദന്യേഷാം ശബ്ദാനാം ഗുണവൃത്തയ: 10**

10. 'ശിവ'മെന്ന ഈ രക്ഷരങ്ങളുടെ സമുച്ചയത്തിന് 'പരബ്രഹ്മ'ത്തെ പ്രകാശിപ്പിക്കുന്നവൻ എന്നർത്ഥമാകുന്നു. അതിൽ നിന്നും മറ്റ് ശബ്ദങ്ങളുടെ ആ ലക്ഷണം മുഖേന പര്യായമായി ത്തീരുന്നു.

**തസ്മാന്മുഖ്യതരം നാമ ശിവ ഇതൃക്ഷരദ്വയം**
**സച്ചിദാനന്ദരൂപസ്യ ശംഭോരമിതതേജസ: 11**
**ഏതന്നാമാവലംബേന മന്ത്ര: പഞ്ചാക്ഷര: സ്മൃത: 12**

11/12. ഇക്കാരണത്താൽ ശിവമെന്ന ഈ രക്ഷരം സച്ചിദാനന്ദസ്വരൂപനും അസ്സീമവും തേജസ്വിയുമായ ഭഗവാൻ ശംഭുവിന്റെ പ്രധാന നാമമാകുന്നു.

**യസ്മതാദ: സദാ ജപ്യോമോക്ഷകാങ്ക്ഷിഭിദരാത്**
**യഥാനാദിർമഹാദേവ: സിദ്ധ: സംസാരമോചക:**
**തഥാ പഞ്ചാക്ഷരോ മന്ത്ര: സംസാരക്ഷയകാരക: 13**

13. ഈ നാമം അവലംബിച്ചിരിക്കുന്നതിനാൽ ഉക്തമായ മന്ത്രം പഞ്ചാക്ഷരമെന്നു പറയുന്നു. അതുകൊ് മോക്ഷാർത്ഥികൾ ആദരവോടുകൂടി ഇതു ജപിക്കണം. അനാദിയായ മഹാദേവൻ ലൌകിക ദു:ഖനിവാരണന്റെ രൂപത്തിൽ പ്രസന്നനാകുന്നതു പോലെ തന്നെ ഈ പഞ്ചാക്ഷരവും സംസാര ദുഃഖങ്ങളെ ഇല്ലാ







**ശ്രുതിസ്മൃതിഭ്യാമിഹ ചോദ്യമാനോ**
**വിഭൂതിരുദ്രാക്ഷധര: സമാന 67**

67. വർണ്ണാശ്രമികളും സദാചാരനിമഗ്നരുമായ സർവ്വ ആളുകൾക്കുമിടയിൽ ഭസ്മരുദ്രാക്ഷങ്ങൾ ധരിക്കുന്നവൻ ശ്രുതിയും സ്മൃതിയും പോലെ ആദരണീയനാകുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ ഭസ്മധാരണസ്ഥലവർണ്ണന എന്ന 7-ാമത്തെ അദ്ധ്യായം സമാപ്തം.**

## അദ്ധ്യായം 8
## പഞ്ചാക്ഷരജപസ്ഥലവർണ്ണന-(8)

**ധൃതശ്രീഭൂതിരുദ്രാക്ഷ: പ്രയതോ ലിംഗധാരക:**
**ജപേത് പഞ്ചാക്ഷരീവിദ്യാം ശിവതത്ത്വപ്രബോധിനീം 1**

1. വിഭൂതിരുദ്രാക്ഷങ്ങൾ ധരിക്കുന്നവനും, പവിത്രമായ ശിവലിംഗം ധരിച്ചവനുമായ മനുഷ്യൻ ശിവതത്വത്തിന്റെ ജ്ഞാനം നൽകുന്ന പഞ്ചാക്ഷരീ വിദ്യയെന്ന 'നമഃശിവായം' ജപിക്കുക.

**ശിവതത്ത്വാത് പരം നാസ്തി യഥാ തത്ത്വാന്തരം മഹത്**
**തഥാ പഞ്ചാക്ഷരമന്ത്രാന്നാസ്തി മന്ത്രാന്തരം മഹത് 2**

2. ശിവതത്വത്തേക്കാൾ വലുതായിട്ട് മറ്റൊരു തത്വങ്ങളുമില്ല. പഞ്ചാക്ഷരീ മന്ത്രത്തേക്കാൾ വലുതായിട്ട് മറ്റൊരു മന്ത്രവുമില്ല.

**ജ്ഞാതേ പഞ്ചാക്ഷരീമന്ത്രേ കിം വാ മന്ത്രാന്തരൈ: ഫലം**
**ജ്ഞാതേ ശിവേ ജഗന്മൂലേ കിം ഫലം ദേവതാന്തരൈ: 3**

3. പഞ്ചാക്ഷര മന്ത്രജ്ഞാനമുദിക്കുമ്പോൾ മറ്റു മന്ത്രങ്ങൾ കൊന്തെു ലാഭം? പ്രപഞ്ചകാരണനായ ഭഗവാൻ ശിവന്റെ ജ്ഞാനമുാകുമ്പോൾ മറ്റു ദേവന്മാരുടെ ജ്ഞാനം കൊന്തെു ഫലം?

**സപ്തകോടിഷു മന്ത്രേഷു മന്ത്ര: പഞ്ചാക്ഷരോ മഹാൻ**
**ബ്രഹ്മവിഷ്ണ്വാദിദേവേഷു യഥാ ശംഭുർ മഹത്തര: 4**

4. ബ്രഹ്മാവ്, വിഷ്ണു മുതലായ ദേവന്മാരിൽ ഭഗവാൻ ശിവന്റെ മാഹാത്മ്യത്തോളം മഹത്വമേറിയതാണ് ഏഴുകോടി മന്ത്രങ്ങളിൽ ശ്രേഷ്ഠമായ പഞ്ചാക്ഷരീമന്ത്രം.

('ശിവ' എന്ന പദത്തിന്റെ രക്ഷരങ്ങളിൽ 'അ'കാരം 'ഋഗ്വേദ'ത്തിന്റെയും 'സാമവേദ'ത്തിന്റെയും, 'ഇ'കാരം യജൂർവേദത്തിന്റെയും 'ശ'കാരം 'അഥർവ്വവേദ'ത്തിന്റെയും, 'വ'കാരം വ്യാകരണത്തിന്റെയും സമഗ്രരൂപമായതിനാൽ 'ശിവ'മെന്ന പദം വേദ-വേദാംഗങ്ങളുടെ സാരമാകുന്നു. അതായത് സർവ്വോത്കൃഷ്ട മന്ത്രമാകുന്നു 'ശിവം')





**അശേഷജഗതാം ഹേതു: പരമാത്മാ മഹേശ്വര:**
**തസ്യ വാചകമന്ത്രോയം സർവമന്ത്രൈകകാരണം. 5**

5. സമ്പൂർണ്ണ ജഗത്തിന്റേയും കാരണഭൂതൻ പരമാത്മാവായ ഭഗവാൻ ശിവനാകുന്നു. അവിടുത്തെ 'നമഃശിവായ'മെന്ന മന്ത്രം സകല മന്ത്രങ്ങളുടെയും ഏകമാത്ര മൂലമന്ത്രമാകുന്നു.

**തസ്യാഭിധാനമന്ത്രോഽയമഭിധേയശ്ച സ സ്മൃത:**
**അഭിധാനാഭിധേയത്വാന്മന്ത്രാത് സിദ്ധ: പര: ശിവ: 6**

6. ഈ മന്ത്രം അവിടുത്തെ പര്യായമാകുന്നു. അതിനെ ഈ മന്ത്രത്തിന്റെ വാച്യം എന്നു പറയുന്നു. വാച്യവാചക സംബന്ധമുാകുന്നതിനാൽ മന്ത്രംകൊ് ഭഗവാൻ ശിവന്റെ സിദ്ധിയുാകുന്നു.

കുറിപ്പ്:

'പരാത്രിംശികാ' ശാസ്ത്രമനുസരിച്ച് പൃഥ്വിമുതൽ പുരുഷൻ വരെയുള്ള 25 തത്ത്വങ്ങൾ 'ക' മുതൽ 'മ' വരെയുള്ള 25 അക്ഷരങ്ങളിൽ നിന്നുമുാകുന്നു. ഇപ്രകാരം ആദിക്ഷാന്തവർണ്ണം സൃഷ്ടിക്കു കാരണമാകുന്നു. ഇപ്രകാരം സൃഷ്ടി വർണ്ണങ്ങളിൽ നിന്നും ഉാകുന്നു. 'ശിവായ' എന്നതിൽ 'ശകാരം' പഞ്ചബ്രഹ്മത്തിന്റെയും, 'വ'കാരം മായതത്വത്തിന്റെയും വാചകമാകുന്നു. ഇപ്രകാരം 'ശിവായ' ശബ്ദം സമ്പൂർണ്ണ സൃഷ്ടിയുടെയും വാചകമാകുന്നു.

**നമ: ശബ്ദം വദേത് പൂർവ്വം ശിവായേതി തത: പരം**
**മന്ത്ര: പഞ്ചാക്ഷരോ ഹ്യേഷ സർവശ്രുതിശിരോഗത 7**

7. ആദ്യം 'നമ:' ശബ്ദവും, പിന്നീട് 'ശിവായ' ശബ്ദ വും പറയണം. ഈ പഞ്ചാക്ഷര മന്ത്രമാണ് സകല വേദങ്ങളുടേയും അടിസ്ഥാനം.

**ആദിത: പരിശുദ്ധത്വാന്മലത്രയവിയോഗത:**
**ശിവ ഇത്യുച്യതേ ശംഭുശ്ചിദാനന്ദഘന: പ്രഭു: 8**

8. സച്ചിദാനന്ദ സ്വരൂപഘനനായ ഭഗവാൻ ശംഭു പ്രാരംഭത്തിൽ

വിധമെന്നു പറയുന്നു. സമീപമിരുന്ന് ആൾക്കാർ മുഖേന വർണ്ണ ക്രമമനുസരിച്ച് കേൾക്കുന്നവന് സകല പാപങ്ങളും ഇല്ലാതാകുന്നതായ ജപം 'വാചിക'മാകുന്നു. മറ്റുള്ളവർ കേൾക്കാതെ ചുനക്കി പറയുന്നത് 'ഉപാംശു'ജപമാകുന്നു. ചുും നാക്കും അനങ്ങാതെ (ഉള്ളിൽ) ഹൃദയത്തിൽ സങ്കല്പിച്ചുള്ള ജപം മാനസജപ' മാകുന്നു.

കുറിപ്പ്: വാസ്തവത്തിൽ എല്ലാ ജപങ്ങളും വാചികം തന്നെയാകുന്നു. മാനസ്സ ജപം ഹൃദയത്തിൽ (മദ്ധ്യമരാജ്യം) പ്രവേശിക്കാതെ സംഭവിക്കുന്നില്ല.

**യാവന്ത: കർമ്മയജ്ഞാദ്യാ വ്രതദാനതപാംസി ച**
**സർവംതേ ജപയജ്ഞസ്യ കലാം നാർഹന്തി ഷോഡശീം 30**

30. എത്രമാത്രം കർമ്മയജ്ഞങ്ങളും: വ്രതം, ദാനം, തപം, ജപം, യജ്ഞം മുതലായവ ചെയ്താലും അവയെല്ലാം ജപയജ്ഞത്തിന്റെ 16 കലയ്ക്കു തുല്യംപോലും ആകുന്നില്ല.

**മാഹാത്മ്യം വാചികസ്യൈതജ്ജപയജ്ഞസ്യ കീർത്തിതം**
**തസ്മാച്ഛതഗുണോപാംശു: സഹസ്രോ മാനസ: സ്മൃത: 31**

31. ഈ മാഹാത്മ്യത്തെ 'വാചികജപ'യജ്ഞമെന്നു പറയുന്നു. അതിനേക്കാൾ നൂറിരട്ടി ഗുണമുള്ളതും, ഉൽകൃഷ്ടവുമാണ് 'ഉപാംശു' അതിനേക്കാൾ ആയിരമിരട്ടി ഗുണമുള്ളതും, ഉൽകൃഷ്ടവുമാണ് 'മാനസ്സജപം' എന്നു പറയപ്പെടുന്നു.

**വാചികാത് തദുപാംശോശ്ച ജപാദസ്യ മഹാമനോ:**
**മാനസോ ഹി ജപ: ശ്രേഷ്ഠോ ഘോരസംസാരനാശക: 32**

32. 'വാചിക'ത്തെയും, 'ഉപാംശു'വിനെയും അപേക്ഷിച്ച് 'മാനസ്സ ജപം' അതിശ്രേഷ്ഠമാകുന്നു. അത് ഭയാനകമായ ഇന്ദ്രിയ വിഷയാദി സാംസ്കാരിക ദു:ഖങ്ങൾ ഇല്ലാതാക്കുന്നു.

**ഏതേഷ്വേതേന വിധിനാ യഥാഭാവം യഥാക്രമം**
**ജപേത് പഞ്ചാക്ഷരീമേതാം വിദ്യാ പാശവിമുക്തയേ 33**

33. പാശബന്ധനത്തിൽ നിന്നും മുക്തി നേടുന്നതിനുവേി മൂന്നു





താക്കുന്നു.

**പഞ്ചഭൂതാനി സർവ്വാണി പഞ്ചതന്മാത്രകാണി ച**
**ജ്ഞാനേന്ദ്രിയാണി പഞ്ചാപി പഞ്ചകർമ്മേന്ദ്രിയാണി ച 14**
**പഞ്ചബ്രഹ്മണി പഞ്ചാപി കൃത്യാനി സഹ കാരണൈ:**
**ബോദ്ധ്യാനി പഞ്ചഭിർവർണൈ: പഞ്ചാക്ഷര മഹാമനോ: 15**

14/15. ഈ പഞ്ചാക്ഷര മന്ത്രത്തിൽ പഞ്ചമഹാഭൂതങ്ങൾ, പഞ്ചതന്മാത്രകൾ, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചകർമ്മേന്ദ്രിയങ്ങൾ, പഞ്ചബ്രഹ്മങ്ങൾ, (ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ, ഈശ്വരൻ, സദാശിവൻ) പഞ്ചസാദാഖ്യർ (സാദ്യോജാതം, വാമദേവം, അഘോരം, തത്പുരുഷം, ഈശാനം) എന്നീ പഞ്ചകാരണങ്ങളോടൊപ്പം പഞ്ചകൃത്യങ്ങളായ സൃഷ്ടിസ്ഥിതി സംഹാരങ്ങളും നിഗ്രഹാനുഗ്രഹങ്ങളും ഉൾക്കൊള്ളുന്നു.

**പഞ്ചധാ പഞ്ചധാ യാനി പ്രസിദ്ധാനി വിശേഷത:**
**താനി സർവാണി വസ്തുനി പഞ്ചാക്ഷരമയാനി ഹി 16**

16. അയ്യഞ്ചു വച്ചു പ്രസിദ്ധമായ വസ്തുക്കളെല്ലാം വിശേഷരൂപത്താൽ പഞ്ചാക്ഷരമയമാകുന്നു.

**ഓങ്കാരപൂർവ്വോം മന്ത്രോ%യം പഞ്ചാക്ഷരമയ: പര:**
**ശൈവാഗമേഷു വേദേഷു ഷഡക്ഷര ഇതി സ്മൃത: 17**

17. അഞ്ചക്ഷരങ്ങളുള്ള ഉൽകൃഷ്ടമായ ഈ മന്ത്രത്തിന് തൊട്ടുമുമ്പിൽ 'ഓങ്കാരം' ചേർക്കുന്നതിനാൽ ശൈവാഗമങ്ങളിലും വേദങ്ങളിലും 'ഷഡക്ഷരീ മന്ത്ര'മെന്നു പറയുന്നു.

**മന്ത്രന്യാസാദിഭൂതേന പ്രണവേന മഹാമനോ:**
**പ്രബോധ്യതേ മഹാദേവ: കേവലശ്ചിത്സുഖാത്മക: 18**

18. ഈ മന്ത്രത്തിന്റേയും ഇതിന്റെ ന്യാസത്തിന്റേയും മുൻപിൽ പ്രണവം ചേർക്കുന്നതിനാൽ കേവലം ചിദാനന്ദമയനായ മഹാദേവന്റെ പ്രബോധമുാകുന്നു.

**പ്രണവേനൈകവർണേന പരബ്രഹ്മ പ്രകാശ്യതേ**
**അദ്വിതീയം പരാനന്ദം ശിവാഖ്യം നിഷ്പ്രപഞ്ചകം. 19**

19. ഏകവർണത്തോടുകൂടിയ പ്രണവത്താൽ അദ്വിതീയവും പരമാനന്ദ സ്വരൂപവും പ്രപഞ്ചരഹിതവും ശിവശങ്കരനുമായ 'പരബ്രഹ്മം' പ്രകാശിക്കുന്നു.

**പരമാത്മമനുർജ്ഞേയ: സോഽഹംരൂപ: സനാതന:**
**ജായതേ ഹസയോർലോപാദോമിത്യേകാക്ഷരോ മനു: 20**

20. 'സോഽഹം' എന്നതിനെ പരമാത്മാവിന്റെ മന്ത്രമെന്നു മനസ്സിലാക്കണം. 'സോഹ'ത്തിലെ 'ഹ'യും 'സ'യും ലോപിക്കുന്നതിനാൽ 'ഓം' എന്ന ഏകാക്ഷരമുാകുന്നു.

കുറിപ്പ്:

'സോഹ'ത്തിൽ 'ഹകാരം സൂര്യബീജമായതിനാൽ 'വേദക'വും, 'സ'കാരം ചന്ദ്രബീജമായതിനാൽ വേദ്യവുമാകുന്നു 'സ'കാരവും 'ഹ'കാരവും (വേദ്യവും വേദവാക്യവും) ഇല്ലാതായാൽ പ്രകാശം മാത്രം അവശേഷിക്കുന്നു. 'ഓം' നിഷ്പ്രപഞ്ചമായ പരബ്രഹ്മത്തിന്റെ പ്രതീകമാകുന്നു.

**പ്രണവേനൈവ മന്ത്രേണ ബോദ്ധ്യതേ നിഷ്കള: ശിവ:**
**പഞ്ചാക്ഷരേണ മന്ത്രേണ പഞ്ചബ്രഹ്മതനുസ്തഥാ: 21**
**നിഷ്കള: സംവിദാകാര: സകളോവിശ്വമൂർതിത:**
**ഉഭയാത്മാ ശിവോ മന്ത്രേ ഷഡക്ഷരമയേ സ്ഥിത: 22**

21/22. കേവലം 'ഓം' എന്ന പ്രണവമന്ത്രം കൊ് 'നിഷ്കള ശിവ'ന്റെ ജ്ഞാനമുാകുന്നു. പഞ്ചാക്ഷരമന്ത്രം കൊ് പഞ്ചബ്രഹ്മാത്മക ശരീരവാനായ ശിവന്റെ ജ്ഞാനം ഉാകുന്നു.

കുറിപ്പ്:

പ്രണവത്തെ ഉപനിഷത്തുക്കളിൽ 'സപ്രപഞ്ചബ്രഹ്മ'മെന്നു പറയപ്പെടുന്നു. എന്നാൽ പ്രപഞ്ചം അതി സൂക്ഷ്മമാകുന്നു എന്നതാണ് വാസ്തവം ഇതിനെ നിഷ്കളങ്കമെന്നും പറഞ്ഞു വരുന്നു. പഞ്ചാക്ഷരമന്ത്രം വിദ്യാ വൃക്ഷവും, പ്രണവം അതിന്റെ ബീജസ്വരൂപവുമാകുന്നു.

ഷഡക്ഷര മന്ത്രത്തെക്കുറിച്ചുള്ള ചോദ്യമുള്ളിടത്ത് സംവിദാകാരത്തിലുള്ള വിശ്വമൂർത്തിയുടെ സകളം, നിഷ്കളം എന്നീ രു







വിധത്തിലുള്ള ശിവരൂപം സ്ഥിതി ചെയ്യുന്നു.

**മൂലം വിദ്യാ ശിവ: ശൈവസൂത്രം പഞ്ചാക്ഷരസ്തഥാ:**
**ഏതാനി നാമധേയാനി കീത്തിതാനി മഹാമനോ: 23**

23. ഈ മഹാ മന്ത്രത്തെ മൂലം, വിദ്യ, ശിവം, ശൈവ സൂത്രം, പഞ്ചാക്ഷരം എന്നീ അഞ്ചു പേരുകളിൽ മഹത്തുക്കൾ പ്രകീർത്തിക്കുന്നു.

**പഞ്ചാക്ഷരീമിമാം വിദ്യാം പ്രണവേന ഷഡക്ഷരീം**
**ജപേത് സമാഹിതോ ഭൂത്വാ ശിവപൂജാപരായണ 24**

24. ശിവപൂജയിൽ വ്യാപൃതനായ മനുഷ്യൻ പ്രണവ മന്ത്രത്തോടുകൂടി (ആറക്ഷരങ്ങളുടെ) ഷഡാക്ഷരവിദ്യ സംയമ ചിത്തനായി ചെയ്യുക.

**പ്രാണായാമത്രയം കൃത്വാ പ്രാങ്മുഖോദങ്മുഖോഽപി വാ.**
**ചിന്തയൻ ഹൃദയാം ഭോജേ ദേവദേവം ത്രിയംബകം 25**
**സർവാലാങ്കാരസംയുക്തം സാംബം ചന്ദ്രോർദ്ധശേഖരം**
**ജപേദേതാം മഹാവിദ്യാം ശിവരൂപാമനന്യധി: 26**

25/26. കിഴക്കോട്ടോ, വടക്കോട്ടോ അഭിമുഖമായിരുന്ന് മൂന്നുപ്രാവശ്യം പ്രാണയാമം ചെയ്ത ശേഷം സാധകൻ തന്റെ ഹൃദയ കമലത്തിൽ സർവാലങ്കാര സംയുക്തനും പാർവ്വതീസഹിതനും ത്രിനേത്രനുമായ ഭഗവാൻ ചന്ദ്രചൂഡനെ ആദ്യം ധ്യാനിക്കുക. പിന്നീട് ഏകാഗ്രചിത്തനായിരുന്ന് ശിവസ്വരൂപ മഹാവിദ്യയാകുന്ന പഞ്ചാക്ഷ.ര മന്ത്രം ജപിക്കുക.

**ജപസ്തു ത്രിവിധ: പ്രോക്തോ വാചികോപാംശുമാനസ:**
**ശ്രൂയതേ യസ്തു പാർശ്വസ്ഥൈര്യഥാ വർണസമന്വയ: 27**
**വാചിക: സ തു വിജ്ഞേയ: സർവപാപപ്രഭഞ്ജന:**
**ഈഷസ്പൃഷ്ടവാധരപുടം യോ മന്ദമഭിധീയതേ 28**
**പാർശ്വസ്ഥൈരശ്രുത: സോഽയമുപാംശു: പരികീർത്തിത:**
**അസ്പൃഷ്ടാധരമസ്പന്ദി ജിഹ്വാഗ്രം യോഽന്തരാത്മനാ:**
**ഭാവ്യതേ വർണരൂപേണ സ മാനസ ഇതി സ്മൃത: 29**

27/28/29. വാചികം, ഉപാംശു, മാനസം എന്നിങ്ങനെ ജപം മൂന്നു

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ പഞ്ചാക്ഷരജപസ്ഥലവർണ്ണന എന്ന 8-ാമത്തെ അദ്ധ്യായം സമാപ്തം.**





വിധമുള്ള ഭക്തിഭാവനയിൽ ഏതെങ്കിലും ഒന്നിനോടു കൂടി ക്രമാനുസാരം പഞ്ചാക്ഷര മന്ത്രം ജപിക്കണം.

**അനേന മൂലമന്ത്രേണ ശിവലിംഗം പ്രപൂജയേത്**
**നിത്യം നിയമസമ്പന്നഃ പ്രയതാത്മാ ശിവാത്മക: 34**

34. ശുദ്ധമനസ്സോടുകൂടി നിയമാനുസരണം ഈ മൂലമന്ത്രം കൊ് ശിവലിംഗത്തെ ശിവഭക്തൻ നിത്യേന പൂജിക്കണം.

**ഭക്ത്യാ പഞ്ചാക്ഷരേണൈവ യ: ശിവം സകൃദർച്ചയേത്**
**സോഽപി ഗച്ഛേച്ഛിവസ്ഥാനം മന്ത്രസ്യാസൈവ ഗൗരവാത്. 35**

35. പഞ്ചാക്ഷര മന്ത്രത്താൽ ഭക്തിപൂർവ്വം ഒരു പ്രാവിശ്യമെങ്കിലും ശിവപൂജ ചെയ്യുന്നവൻ അതിന്റെ മാഹാത്മ്യം കൊ് ശിവസ്ഥാനം പൂകുന്നു.

**അംഭക്ഷാ വായൂഭക്ഷാശ്ച യേ ചാന്യേ വ്രതകർശിതാ:**
**തേഷാമേതൈർവ്രതൈർനാസ്തി ശിവലോകസമാഗമ:36**

36. ജലം പാനം ചെയ്തും, വായു ഭക്ഷിച്ചുള്ള വ്രതവും, മറ്റു വിധത്തിലെടുക്കുന്ന വ്രതവും കൊ് ഒരുവനും ശിവലോക പ്രാപ്തി ലഭിക്കുകയില്ല.

**തസ്മാത്തപാംസി യജ്ഞാശ്ച വ്രതാനി നിയമാസ്തഥാ**
**പഞ്ചാക്ഷരാർച്ചനസ്യൈതേ കോട്യംശേനാപി നോ സമ:37**

37. പഞ്ചാക്ഷരമന്ത്രം മുഖേന ശിവപൂജയും ജപവും കൊള്ളതിന്റെ കോടിയുടെ ഒരു ഭാഗത്തിന്റെ പോലും ഗുണം തപസ്സ്, യജ്ഞം, നിയമം, വ്രതം മുതലായവ കൊ് ലഭിക്കുകയില്ല.

**അശുദ്ധോ വാ വിശുദ്ധോ വാ സകൃത പഞ്ചാക്ഷരേണ യ:**
**പൂജയേത് പതിതോ വാപി മുച്യതേ നാത്ര സംശയ:38**

38. ജന്മംകൊാ, ജന്മശേഷമോ വിശുദ്ധനോ, അശുദ്ധനോ, പതിതനോ ആകട്ടെ. ഒരു പ്രാവശ്യമെങ്കിലും പഞ്ചാക്ഷരം ജപിച്ചുകൊ് ശിവാർച്ചന ചെയ്യുന്നുവെങ്കിൽ അവൻ മുക്തനായി തീരുമെന്നതിൽ സംശയമില്ല.

**സകൃദുച്ചാരമാത്രേണ പഞ്ചാക്ഷരമഹാമനോ:**
**സർവേഷാമപി ജന്തൂനാം സർവപാപക്ഷയോ ഭവേത് 39**

39. പഞ്ചാക്ഷര മന്ത്രം കേവലം ഒരു പ്രാവശ്യമെങ്കിലും ജപിക്കുന്ന സകലർക്കും പാപമോചനം ഉാകുന്നു.

**അന്യേƒപി ബഹവോ മന്ത്രാ വിദ്യന്തേ സകലാഗമേ**
**ഭൂയോ ഭൂയ: സമഭ്യാസാത് പുരുഷാർദ്ധപ്രദായിന:40**
**ഏഷ മന്ത്രോ മഹാശക്തിരീശ്വരപ്രതിപാദക:**
**സകൃദുച്ചാരണാദേവ സർവസിദ്ധിപ്രദായക: 41**

40/41. ആഗമങ്ങളെല്ലാം പലവുരു ആവർത്തിക്കുമ്പോൾ മാത്രമെ ഫലം ലഭിക്കൂ. മഹാശക്തിസമ്പന്നവും, ഈശ്വര പര്യായവുമായ ഈ പഞ്ചാക്ഷര മന്ത്രം ഒരു പ്രാവശ്യം ജപിച്ചാൽ തന്നെ സർവ്വ സിദ്ധികളും ലഭിക്കുന്നു.

**പഞ്ചാക്ഷരീം സമുച്ചാര്യ പുഷ്പം ലിംഗേ വിനിക്ഷിപേത്**
**യസ്തസ്യ വാജപേയാനാം സഹസ്രഫലമിഷ്യതേ 42**

42. പഞ്ചാക്ഷര മന്ത്രം ജപിച്ചുകൊ് ശിവലിംഗത്തിൽ പുഷ്പാർച്ചന നടത്തുന്നവന് ആയിരം വാജ്പേയ യജ്ഞത്തിന്റെ ഫലം ലഭിക്കുന്നു.

**അഗ്നിഹോത്രം ത്രയോവേദാ യജ്ഞാശ്ച ബഹുദക്ഷിണാ:**
**പഞ്ചാക്ഷരജപസ്യൈതേ കോട്യംശേനാപി നോ സമാ: 43**

43. വളരെയധികം ദക്ഷിണയും മറ്റും നൽകുന്ന മൂന്നു വേദങ്ങളുടെയും സാദ്ധ്യായമായ യജ്ഞം, അഗ്നിഹോത്രം എന്നിവയ്ക്ക് പഞ്ചാക്ഷര ജപം കൊു ലഭിക്കുന്നതിന്റെ കോടിയിലൊരംശത്തിന്റെ ഗുണം പോലും ലഭിക്കുകയില്ല.

**പുരാ സാനന്ദയോഗീന്ദ്ര: ശിവജ്ഞാനപരായണ:**
**പഞ്ചാക്ഷരം സമുച്ചാര്യ നാരകാനുദതാരയത് 44**

44. പ് ശിവജ്ഞാന സമ്പന്നനായ സാനന്ദമഹർഷി പഞ്ചാക്ഷര മന്ത്രം ജപിച്ച് 28കോടി നരക വാസികളെ ഉദ്ധരിച്ചു.





**സിദ്ധ്യാ പഞ്ചാക്ഷരസ്യാസ്യ ശതാനന്ദ: പുരാ മുനി:**
**നരകം സ്വർഗ്ഗമകരോത് സംഗിരസ്യാപി പാപിന: 45**

45. പാരിക്കൽ ശതാനന്ദനെന്നു പേരായ മഹർഷി പഞ്ചാക്ഷര മന്ത്രസിദ്ധികൊ് സംഗീരനെന്ന പാപിയെ നരകത്തിൽ നിന്നും സ്വർഗ്ഗസ്ഥനാക്കി.

**ഉപമന്യു: പുരാ യോഗീ മന്ത്രേണാനേന സിദ്ധിമാൻ**
**ലബ്ധവാൻ പരമേശാനാച്ഛൈവശാസ്തപ്രവക്തൃതാം 46**

46. ഒരിക്കൽ ഉപമന്യു എന്ന ശിവയോഗി പഞ്ചാക്ഷര മന്ത്രത്താൽ സിദ്ധി നേടിയശേഷം ഭഗവാൻ ശ്രീപരമേശ്വരനിൽ നിന്നും ശൈവ ശാസ്ത്രം കൈവരിച്ചു.

**വസിഷ്ഠവാമദേവാദ്യാ മുനയോ മുക്തകിൽബിഷാ:**
**മന്ത്രേണാനേന സംസിദ്ധാ മഹാതേജസ്വിനോƒഭവൻ 47**

47. വസിഷ്ഠൻ, വാമദേവൻ മുതലായ മഹർഷിമാർ ഈ മന്ത്രം മുഖേന പാപരഹിതരും സമ്പൂർണ്ണ സിദ്ധരും മഹാതേജസ്വികളുമായിത്തീർന്നു.

**ബ്രഹ്മാദീനാം ച ദേവാനാം ജഗത്സൃഷ്ട്യാദികർമിണ.**
**മന്ത്രസ്യാസ്യൈവ മാഹാത്മ്യാത് സാമർത്ഥ്യമുപജായതേ 48**

48. ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർക്ക് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര ശക്തികളുായത് ഈ മന്ത്രത്തിന്റെ മാഹാത്മ്യം കൊാണ്.

**കിമിഹ ബഹുഭിരുക്തൈർമന്ത്രമേവം മഹാത്മാ**
**പ്രണവസഹിതമാദൌ യസ്തു. പഞ്ചാക്ഷരാഖ്യം**
**ജപതി പരമഭക്ത്യാ പൂജയൻ ദേവദേവം**
**സ ഗതദുരിതബന്ധോ മോക്ഷലക്ഷ്മീം പ്രയാതി 49**

49. എന്തിനേറെപ്പറയുന്നു? ഏതൊരു മഹാത്മാവും പ്രണവയുക്തമായ പഞ്ചാക്ഷരമന്ത്രം പരമഭക്തിയോടുകൂടി ജപിച്ച് ദേവാധിദേവനായ ഭഗവാൻ ശിവ ശങ്കരന്റെ പൂജചെയ്യുകയാണെങ്കിൽ പാപമാകുന്ന ബന്ധനങ്ങൾ ഇല്ലാതാക്കി മോക്ഷമാകുന്ന ഐശ്വര്യത്തെ പ്രാപിക്കുന്നു.

15. ഇപ്രകാരമുള്ള ഭക്തന് ഗർഭത്തിൽ വസിക്കുന്നതിന്റെ ദുഃഖമുാവുകയില്ലെന്നുള്ളതിന് സംശയമില്ല. മുൻപ് പറഞ്ഞിട്ടുള്ള 9 വിധത്തിലുള്ള അംഗോപാംഗത്തോടുകൂടി ലഘുപൂജ ചെയ്യുന്നതിനു് 'അല്പഭക്തി' എന്നുപറയുന്നു.

**സാ പുനർഭിദ്യതേ ത്രേധാ മനോവാക്കായസാധനൈഃ**
**ശിവരൂപാദിചിന്താ യാ സാ സേവാ മാനസി സ്മൃതാ**
**ജപാദി വാചികീ സേവാ കർമപൂജാ ച കായികീ 16**

16. മനസ്സ്, വാക്ക്, ശരീരം എന്നിവയെ ആധാരമാക്കി മാനസ്സികം, വാചികം, ശാരീരികം എന്നിങ്ങനെ ഭക്തി ഭേദങ്ങൾ മുന്നു വിധമാകുന്നു. ശിവന്റെ വർണ്ണം, സ്ഥാനം, ആഭരണം, വാഹനം, ഗുണം, ലീല മുതലായ വകളോടുകൂടിയ ആൾരൂപത്തെ ധ്യാനിക്കുന്നതിന് 'മാനസ്സപൂജ'യെന്നും, ജപം മുതലായ വാചക രൂപത്തിലുള്ളതിന് 'വാചികഭക്തി' എന്നും, കർമ്മം മുതലായവ മുഖേനയുള്ള പൂജയ്ക്ക് 'കായികഭക്തി' എന്നും പറയുന്നു.

**ബാഹ്യമാഭ്യന്തരം ചൈവ ബാഹ്യാഭ്യാന്തരമേവ ചാ**
**മനോവാക്കായഭേദൈശ്ച ത്രിധാ തദ്ഭജനം വിദുഃ 17**

17. മനസ്സ്, വാക്ക്, ശരീരം എന്നിവകൊുള്ള ഭക്തി ഭാവങ്ങളെ ക്രമത്തിൽ ബാഹ്യം, ആഭ്യന്തരം, ബാഹ്യാഭ്യന്തരം എന്നിങ്ങനെ മൂന്നു വിധത്തിൽ പറയപ്പെടുന്നു.

**മനോ മഹേശധ്യാനാഢ്യം നാന്യധ്യാനരതം മനഃ**
**ശിവനാമരതാ വാണീ വാങ്മതാ ചൈവ നേതരാ 18**
**ലിംഗൈഃ ശിവസ്യ ചോദ്ദിഷ്ടൈസ്ത്രിപുണ്ഡ്രാദിഭിരങ്കിതഃ**
**ശിവോപചാരനിരതഃ കായഃ കായോ ന ചേതരഃ 19**

18/19. മറ്റൊന്നിനേയും ധ്യാനിക്കാതെ മനസ്സ് മഹേശ്വരധ്യാനം കൊ് നിറഞ്ഞ്, വാക്കുകൾ ശിവനാമങ്ങൾ മാത്രം ജപിച്ച്, മറ്റു ഭക്തിയിൽ മുഴുകാതെ ശിവഭക്തിയിൽ മുഴുകി, ആഗമ ശാസ്ത്രങ്ങളിൽ വർണ്ണിച്ചിരിക്കുന്നതനുസരിച്ച് ഭസ്മത്രിപു





## അദ്ധ്യായം 9
## ഭക്തമാർഗക്രിയാസ്ഥലവർണ്ണന

**ഭൂതിരുദ്രാക്ഷസംയുക്തോ ലിംഗധാരീ സദാശിവഃ**
**പഞ്ചാക്ഷരജപോദ്യോഗീ ശിവഭക്ത ഇതി സ്മൃതഃ 1**

1. ഭസ്മരുദ്രാക്ഷങ്ങളാൽ വിഭൂഷിതനായ ലിംഗധാരി (വീരശൈവൻ) സദാശിവന്റെ പഞ്ചാക്ഷര മന്ത്രജപത്തിൽ മുഴുകിയിരിക്കുന്നു. തന്മൂലം അയാളെയും, സദാ ശിവപഞ്ചാക്ഷര ജപത്തിൽ മുഴുകിയിരിക്കുന്നവനെയും ശിവഭക്തനെന്നു കണക്കാക്കുന്നു.

### ഭക്തിഭേദങ്ങൾ

**ശ്രവണം കീർതനം ശംഭോഃ സ്മരണം പാദസേവനം**
**അർചനം വന്ദനം ദാസ്യം സഖ്യമാത്മനിവേദനം 2**
**ഏവം നവവിധാ ഭക്തിഃ പ്രോക്താ ദേവേനശംശുഭുനാ**
**ദുർലഭാ പാപിനാം ലോകേ സുലഭാ പുണ്യകർമണാം 3**

2/3. ഭഗവാൻ ശിവന്റെ കഥകൾ കേൾക്കുക, അവിടുത്തെ സ്മരിക്കുക, പാദപൂജ ചെയ്യുക, അർച്ചന നടത്തുക, വന്ദിക്കുക, സ്വയം ദാസനെന്നു കണക്കാക്കുക, സ്വയം മിത്രമായി കണക്കാക്കുക, അവിടുത്തേക്കായി സ്വയം സമർപ്പിക്കുക,എന്നിങ്ങനെ 9 വിധത്തിൽ ഭക്തിയെ വർണ്ണിച്ചിരിക്കുന്നു. ഈ ശിവഭക്തി പാപികൾക്കു ദുർല്ലഭവും, പുണ്യവാന്മാർക്ക് സുലഭവുമാകുന്നു.

**അധമേ ചോത്തമേ വാപി യത്ര കുത്രചിദൂർജിതാ**
**വർതതേ ശാങ്കരീ ഭക്തിഃ സ ഭക്ത ഇതി ഗീയതേ 4**

4. ഉയർന്നവനെന്നോ താഴ്ന്നവനെന്നോ ഭേദമില്ലാതെ ഏതൊരാളിൽ ശിവഭക്തി തീവ്രമായിരിക്കുന്നുവോ അയാളെ 'ഭക്തൻ' എന്നു വിളിക്കുന്നു.

**ഭക്തിഃ സ്ഥിരീകൃതാ യസ്മിൻമ്ലേച്ഛേ വാ ദ്വിജസത്തമേ**
**ശംഭോഃ പ്രിയഃ സവിപ്രശ്ച ന പ്രിയോ ഭക്തിവർജിതഃ 5**

5. ഉത്തമബ്രാഹ്മണനായാലും മ്ലേച്ഛനായാലും ഭക്തിസ്ഥിരത

യുള്ളവൻ ഭഗവാൻ ശിവന് പ്രിയപ്പെട്ടവനും ഭക്തി രഹിതനായി രിക്കുന്നവൻ അപ്രിയനുമാകുന്നു.

**സാ ഭക്തിർദ്വിവിധാ ജ്ഞേയാ ബാഹ്യാഭ്യന്തരഭേദത:**
**ബാഹ്യാ സ്ഥൂലാന്തരാ സൂക്ഷ്മാ വീരമഹേശ്വരാദൃതാ. 6**

6. ബാഹ്യം, ആഭ്യന്തരം എന്നിങ്ങനെ ഭക്തി രുവിധമു്. സ്ഥൂലഭക്തി ബാഹ്യവും, സൂക്ഷ്മ ഭക്തി ആഭ്യന്തരവുമാകുന്നു. ഇതിൽ സൂക്ഷ്മഭക്തി ഏറെ ആദരിക്കപ്പെടുന്നു. ബാഹ്യഭക്തിയായ സ്ഥൂലവും ആന്തര ഭക്തിയായ സൂക്ഷ്മവും വീരശൈവരാൽ ആദരി ക്കപ്പെടുന്നു.

**സിംഹാസനേ ശുദ്ധദേശേ സുരമ്യേ രത്നചിത്രിതേ**
**ശിവലിംഗസ്യ പൂജാ യാ സാ ബാഹ്യാ ഭക്തിരുച്യതേ 7**

7. ശുദ്ധവും മനോഹരവുമായ സ്ഥാനത്ത്, രത്നം പതിച്ച സിംഹാ സനത്തിനു മുകളിൽ ഇരിക്കുന്ന ശിവലിംഗത്തിന്റെ പൂജ ചെയ്യു ന്നതിന് ബാഹ്യഭക്തിയെന്നു പറയുന്നു.

**ലിംഗേ പ്രാണം സമാധായ പ്രാണേ ലിംഗം തു ശാംഭവം**
**സ്വസ്ഥം മനസ്തഥാ കൃത്വാ ന കിഞ്ചിച്ചിന്തയേദ് യദി 8**
**സാഭ്യന്തരാ ഭക്തിരിതി പ്രോച്യതേ ശിവയോഗിഭി**
**സാ യസ്മിൻ വർതതേ തസ്യ ജീവനം ഭ്രഷ്ടബീജവത് 9**

8/9. ലിംഗത്തിൽ പ്രാണനേയും പ്രാണനിൽ ലിംഗത്തേയും ഒരു മിപ്പിച്ച ശേഷം മനസ്സിനെ സ്വസ്ഥമാക്കി വച്ച സാധകൻ ഭഗവാൻ ശിവനിലല്ലാതെ മറ്റൊന്നിലും ശ്രദ്ധിക്കുന്നില്ല. ഇതിനെ യോഗി കൾ 'ആഭ്യന്തര ഭക്തി' എന്നുപറയുന്നു. ആ ഭക്തി ഹൃദയത്തിനു ള്ളിൽ ഉാകുന്നവന്റെ ജീവൻ ചുട്ടെടുത്ത വിത്തിനുള്ളിലെ ബീജ ത്തിനു തുല്യമാകുന്നു. (ചുട്ടെടുത്ത വിത്തിനുള്ളിലെ അങ്കുരി ക്കാത്ത മുളപോലെ അവന് പുനർജന്മമുാകുകയില്ല.)

**ബഹുനാത്ര കിമുക്തേന ഗുഹ്യാദ് ഗുഹ്യതരാ പരാ**
**ശിവഭക്തിർന സന്ദേഹസ്തയാ യുക്തോ വിമുച്യതേ 10**

10. ഈ കാര്യത്തിൽ എന്തിനേറെ പറയുന്നു. പരമോന്നതവും, അഗാ







ധവുമായ ശിവഭക്തികൊ് അനുയോജ്യനായ മനുഷ്യൻ മുക്ത നായിത്തീരുമെന്നതിന് സംശയമില്ല.

**പ്രസാദാദേവ സാ ഭക്തി: പ്രസാദോ ഭക്തി സംഭവ:**
**യഥൈവാങ്കുരതോ ബീജം ബീജതോ വാ യഥാങ്കുര: 11**

11. ആ ഭക്തിപ്രസാദം കൃപകൊു ലഭിക്കുന്നു. പ്രസാദം ഭക്തി യിൽനിന്നുമുാകുന്നു. ബീജത്തിൽ നിന്നു മുളയും, മുളയിൽ നിന്നു ബീജവും ഉാകുന്നതുപോലെയാണ് അനാദിയായ ഭക്തി യെയും കൃപയേയും സംബന്ധിച്ച് സംഭവിക്കുന്നത്.

**പ്രസാദപൂർവികാ യേയം ഭക്തിർമുക്തിവിധായിനീ**
**നൈവ സാ ശക്യതേ പ്രാപ്തും നരൈരേകേന ജന്മനാ 12**

12. പ്രസാദത്തോടുകൂടിയ ഭക്തി മുക്തി പ്രദാനം ചെയ്യുന്നു. ഇപ്ര കാരമുള്ള ഭക്തി മനുഷ്യർക്ക് ഒരു ജന്മം കൊ് ലഭ്യമാവാൻ കഴി യുകയില്ല.

**അനേകജന്മശുദ്ധാനാം ശ്രൌനതസ്മാർതാനുവർതിനാം 13**
**വിരക്താനാം പ്രബുദ്ധാനാം പ്രസീദതി മഹേശ്വര :**

13. അനേകം ജന്മങ്ങളിലായി ഉത്തമമായ കർമ്മങ്ങൾ ചെയ്ത് വിശുദ്ധ രായിത്തീരുന്നവരും, വേദാഗമപുരാണാദികൾ, സ്മൃതികൾ, ശ്രുതികൾ എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻ പ്രകാരം ജീവിക്കുന്നവരും, വിര ക്തരും, ജ്ഞാനിയുമായവരിൽ ഭഗവാൻ ശ്രീ പരമേശ്വരൻ കൃപ ചൊരി യുന്നു.

**പ്രസന്നേ സതി മുക്തോഽഭുന്മുക്ത: ശിവസമോ ഭവേത്.**
**അല്പഭക്ത്യാപി യോ മർത്യസ്തസ്യ ജന്മത്രയാത്പരം 14**

14. ഭഗവാൻ ശിവൻ പ്രസന്നനാകുമ്പോൾ മുക്തനായ മനുഷ്യൻ ശിവതുല്യനായിത്തീരുന്നു. അല്പ ഭക്തികൊ് ഉത്തമനായിത്തീ രുന്നവന് മുന്നു ജന്മങ്ങൾക്കു ശേഷം പരമോന്നതമായ മുക്തി ലഭിക്കുന്നു.

**ന യോനിയന്ത്രപീഢാ വൈ ഭവേന്നവാത്ര സംശയ:**
**സാംഗാ ന്യൂനാ ച യാ സേവാ സാ ഭക്തിരിതി കഥ്യതേ 15**

33. സദാശിവനിൽ ഭക്തിവിശ്വാസങ്ങളർപ്പിച്ച് യോഗ്യനാകുന്നവൻ വീര ശൈവ മാർഗ്ഗത്തിൽ ചരിക്കുന്നവനാകുന്നുവെങ്കിൽ അവന് മാല മുതായവ ചാർത്തുന്നത് സ്ഥാവര ലിംഗത്തിൽ ചാർത്തുന്നതിനേക്കാൾ ഉചിതമാകുന്നു.

**യത്ര സ്ഥാവരലിംഗാനാമപായ: പരിവർതതേ**
**അഥവാ ശിവഭക്താനാം ശിവലാഞ്ചനധാരിണാം. 34**
**തത്ര പ്രണാൻ വിഹായാപി പരിഹാരം സമാചരേത്**
**ശിവാർത്ഥം മുക്തജീവശ്ചേച്ഛിവസായൂജ്യമാപ്നുയാത് 35**

34/35. എവിടെയെല്ലാം സ്ഥാവരലിംഗങ്ങളുടെ വിനാശവും, ശിവ ഛിഹ്നങ്ങളായ ഭസ്മം മുതലായവ ധരിക്കുന്നവരുടെ വിനാശവും ഉള്ളതായികാണപ്പെടുന്നുവോ അവിടെ നിന്നും പ്രാണൻ പോലു മുപേക്ഷിച്ച് വിട്ടുപോകണം. ശിവപ്രാപ്തിക്കായി പ്രാണത്യാഗം ചെയ്യുന്നവന് ശിവസായൂജ്യം ലഭ്യമാകുന്നു.

**ശിവനിന്ദാകരം ദൃഷ്ട്യാ ഘാതയേദഥവാ ശപേത്**
**സ്ഥാനം വാ തത്പരിത്യജ്യ ഗച്ഛേദ് യദ്യക്ഷമോ ഭവേത്.36**

36. ശിവനിന്ദ ചെയ്യുന്നവനെ കാൽ അവിടെ നിന്നും ഓടിക്കുക യോ, ശകാരിക്കുകയോ അതിനു സാധിക്കാത്തപക്ഷം ചെവിപൊത്തിക്കൊ് അവിടം വിട്ടുപോവുകയോ ചെയ്യണം.

**യത്ര ചാചാരനിന്ദാഽസ്തി കദാചിത്തത്ര ന വ്രജേത്**
**യദ്ഗൃഹേ ശിവനിന്ദാഽസ്തി തദ്ഗൃഹാണി പരിത്യജേത് 37**

37. ശിവാചരങ്ങളെ നിന്ദിക്കുന്നിടത്ത് ഒരിക്കലും പോകരുത്. ശിവ നിന്ദയുാകുന്ന ഗൃഹങ്ങളെ ഉപേക്ഷിക്കണം.

**യ: സർവഭൂതാധിപതിം വിശ്വേശാനം വിനിന്ദതി**
**ന തസ്യ നിഷ്കൃതി: ശക്യാ കർതും വർഷശതൈരപി 38**

38. സർവ്വ ജീവികളുടെയും സ്വാമിയും, പ്രപഞ്ചനാഥനുമായ ഈശ്വരനെ (ശിവനെ) നിന്ദിക്കുന്നവൻ അതിനുള്ള പ്രായശ്ചിത്തം നൂറു വർഷം ചെയ്തു തീർത്താലും തീരുന്നതല്ല.





ണ്ഡാദികളും ധരിച്ച്, യുക്തമായ വിധത്തിൽ ശിവലിംഗപൂജയിൽ മുഴുകകയും ചെയ്യുന്നത് കായിക ഭക്തിയാകുന്നു.

**അന്യാത്മവിദിതം ബാഹ്യം ശംഭോരഭ്യർചനാദികം**
**തദേവ തു സ്വസംവേദ്യംമാഭ്യന്തരമുദാഹൃതം**
**മനോ മഹേശപ്രവണം ബാഹ്യാഭ്യന്തരമുച്യതേ. 20**

20. മറ്റൊരാൾകൂടി അറിയുകയോ, കാണുകയോ ചെയ്യുന്ന ശിവാർച്ചന, ജപം മുതലായവ 'ബാഹ്യപൂജ'യാകുന്നു. തന്റെ മനസ്സിൽ താൻ തന്നെ പൂജകൻ എന്നറിയുന്നത് 'ആഭ്യന്തര പൂജ'യാകുന്നു. മനസ്സിനെ ശിവനിൽ ആസക്തനാക്കിത്തീർക്കുന്നത് 'ബാഹ്യാഭ്യന്തര പൂജ'യാകുന്നു.

**പഞ്ചധാ കഥ്യതേ സദ്ഭിസ്തദേവ ഭജനം പുന:**
**തപ: കർമ ജപോ ധ്യാനം ജ്ഞാനം, ചേത്യനുപൂർവകം 21**

21. ഭക്തിയെ മഹർഷിമാർ തപസ്സ്, കർമ്മം, ജപം, ധ്യാനം, ജ്ഞാനം എന്നിങ്ങനെ വീും അഞ്ചുവിധത്തിൽ പറയുന്നു.

**ശിവാർത്ഥേ ദേഹസംശോഷസ്തപ: കൃച്ഛ്രാദി നോ മതം**
**ശിവാർചാ കർമ വിജ്ഞേയം ബാഹ്യം യാഗാദി നോച്യതേ 22**

22. ശിവപ്രാപ്തിക്കുവേ ദേഹത്തെ ശോഷിപ്പിക്കുന്നത് 'തപ' മാണ്. കൃച്ഛ്രം, ചാന്ദ്രായനം മുതലായവ തപമല്ല. ശിവലിംഗപൂജയെ കർമ്മമെന്നു കണക്കാക്കണം. ബാഹ്യങ്ങളായ യാഗം മുതലായവയെ കർമ്മങ്ങളെന്നു പറയുകയില്ല. (ഏകാദശി മുതലായവ ഒറ്റ രാത്രികൊുള്ള ഉപവാസത്തിന് 'കൃച്ഛ്രം' എന്നു പറയുന്നു. സുര്യൻ ചുറ്റിലും അഗ്നി ജ്വലിപ്പിച്ച് ശരീരത്തെ തപിപ്പിക്കുന്നതിന് 'സാന്തപനവ്രത'മെന്നു പറയുന്നു. പൌർണ്ണമിയിൽ 15 കറുകയും കൃഷ്ണപക്ഷം വരെ ഓരോന്നു വീതം കുറച്ചു ഭക്ഷിക്കുകയും, കറുത്തവാവു മുതൽ ഓരോന്നുവീതം കൂട്ടിക്കൂട്ടി ഭക്ഷിച്ച് പൗർണ്ണമിയിൽ 15 എണ്ണം കഴിക്കുകയും ചെയ്യുന്നത് 'ചാന്ദ്രായനം')

**ജപ: പഞ്ചാക്ഷരാഭ്യാസ: പ്രണവാഭ്യാസ ഏവ വാ**
**രുദ്രാധ്യായാദികാഭ്യാസോ ന വേദാദ്ധ്യയനാദികം 23**

23. പഞ്ചാക്ഷരമന്ത്രം (പ്രണവം) ആവർത്തിച്ച് ജപിക്കുന്നതിന് 'ജപം' എന്നുപറയുന്നു. വേദങ്ങൾ ഉരുവിടുന്നതിനേക്കാൾ കോടി ക്കണക്കിന് ഗുണം 'രുദ്രാക്ഷ ജപം' കൊ് ഉാകുന്നു.

**ധ്യാനം ശിവസ്യ രൂപാദിചിന്താ നാത്മാദിചിന്തനം**
**ശിവാഗമാർത്ഥവിജ്ഞാനം ജ്ഞാനം നാന്യാർത്ഥവേദനം**
**ഇതി പഞ്ചപ്രകാരോളയം ശിവയജ്ഞ: പ്രകീർത്തിത: 24**

24. ആത്മചിന്തയെക്കാൾ ശിവരൂപാദികളെക്കുറിച്ച് ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുകയാണ് നന്ന്. ശൈവാഗമങ്ങളുടെ അർത്ഥത്തെ മനസ്സിലാക്കുന്നതാണ് ശരിയായ അറിവ് (വിജ്ഞാനം) ഇപ്രകാരം 'ശിവയജ്ഞം' അഞ്ചുവിധമെന്നു പറയുന്നു.

**അനേന പഞ്ചയജ്ഞേന യ: പൂജയതി ശങ്കരം**
**ഭക്ത്യാ പരമയാ യുക്ത: സ വൈ ഭക്ത ഇതീരിത: 25**

25. ഈ പഞ്ചയജ്ഞത്താൽ പരമഭക്തിപൂർവ്വം ശിവ പൂജ ചെയ്യുന്ന വ്യക്തിയെ 'ഭക്തൻ' എന്നു പറയുന്നു.

**പൂജനാച്ഛിവഭക്തസ്യ പുണ്യാ ഗതിരവാപ്യതേ**
**അവമാനാത്മഹാഘോരോ നരകോ നാത്ര സംശയ: 26**

26. ശിവഭക്തൻ തന്റെ പൂജയിലൂടെ ഉത്തമഗതി പ്രാപിക്കുന്നു. ശിവ ഭക്തനെ അപമാനിക്കുന്നവൻ അതിഘോര നരകം പ്രാപിക്കുന്നു വെന്നതിൽ സംശയമില്ല.

**ശിവഭക്തോ മഹാതേജാ: ശിവഭക്തിപരാങ്മുഖാൻ**
**ന സ്പൃശേന്നൈവ വീക്ഷേത ന തൈ: സഹവസേത് ക്വചിത് 27**

27. മഹാതേജസ്വികളായ ശിവഭക്തന്മാർ ശിവ ഭക്തിയില്ലാത്ത വ്യക്തികളെ സ്പർശിക്കുകയോ, നോക്കുകയോ, അവരോടൊപ്പം സഹവസിക്കുകയോ പാടില്ല. ശിവഭക്തന്റെ തേജസ്സ് നഷ്ടപ്പെടുന്നതിന് ഇത് കാരണമാകുന്നു.

**യദാ ദീക്ഷാപ്രവേശ:സ്യാല്ലിംഗധാരണാപൂർവ്വക:**





**തദാപ്രഭൃതി ഭക്തോഽസൗ പൂജയേത് സ്വാഗമസ്ഥിതാൻ 28**

28. ലിംഗധാരണത്തിനുള്ള ദീക്ഷ എടുത്ത ശിവഭക്തൻ (സാധകൻ) അപ്പോൾ മുതൽ ശൈവാഗമങ്ങളിൽ ഭക്തിവിശ്വാസങ്ങളർപ്പിക്കുന്നവരെ ആദരിക്കണം.

**സ്വമാർഗാചാരനിരതാ: സജാതീയാ ദ്വിജാസ്ത്യ യേ**
**തേഷാം ഗൃഹേഷു ഭുഞ്ചീത നേതരേഷാം കദാചന 29**

29. ആ ശൈവ ബ്രാഹ്മണൻ തന്റെ മാർഗ്ഗത്തിലും ആചാരത്തിലും നിരതരായിരിക്കുന്ന സജാതീയരുടെ വീടുകളിൽ നിന്നേ ഭക്ഷണം കഴിക്കാൻ പാടുള്ളൂ. ശൈവേതരായവരുടെ വീടുകളിൽ നിന്നും ഭുജിക്കുവാൻ പാടില്ല.

**സ്വമാർഗാചാരവിമുഖൈർഭവിഭി: പ്രകൃതാത്മഭി:**
**പ്രേഷിതം സകലം ദ്രവ്യമാത്മലീനമപി ത്യജേത്. 30**

30. ശൈവ ബ്രാഹ്മണൻ തന്റെ ആചാരത്തിൽ നിന്നും മാർഗ്ഗത്തിൽ നിന്നും വിമുഖരായ ലൌകിക ജീവിത സുഖഭോഗികളായ സാധാരണ ജനങ്ങളാൽ നൽകപ്പെട്ട അന്നം മുതലായവ (സ്വയേച്ഛയാലാണെങ്കിൽ പോലും) നിരാകരിക്കണം.

**നാർചയേദന്യദേവാംസ്തു ന സ്മരേന്ന ച കീർതയേത്**
**ന തന്നിവേദ്യമാശ്നിയാച്ഛിവഭക്തോ ദൃഢവ്രത: 31**

31. ദൃഢ വ്രതികളായ ശിവഭക്തർ മറ്റു ദേവന്മാരെ പൂജിയ്ക്കുകയോ, സ്മരിക്കുകയോ, പ്രകീർത്തിക്കുകയോ, അവർക്കു നിവേദിച്ച നൈവേദ്യം ഭുജിക്കുകയോ ചെയ്യരുത്.

**യദ്ഗൃഹേഷ്വന്യദേവോഽസ്തി തദ്ഗൃഹാണി പരിത്യജേത്**
**നാന്യദേവാർച്ചകാൻ മർത്യാൻ പൂജകാലേ നിരീക്ഷയേത് 32**

32. മറ്റു ദേവന്മാരെ സ്ഥാപിച്ചിരിക്കുന്ന ഗൃഹത്തെ ശിവഭക്തർ ഉപേക്ഷിക്കേതാണ്. ശിവപൂജ ചെയ്യുമ്പോൾ മറ്റു ദേവന്മാരെ പൂജിക്കുന്നവരെ ദർശിക്കാൻ പോലും പാടില്ലാത്തതാകുന്നു.

**സദാ ശിവൈകനിഷ്ഠാനാം വീരശൈവാധ്വവർതിനാം**
**നഹി സ്ഥാവരലിംഗാനാം നിർമാല്യാദ്യുപയുജ്യതേ 33**

**ദീയതേ യേന സ ഗുരു: കസ്യ വന്ദ്യോ ന ജായതേ 54**

54. അത്യധികം ഘോരമായ ഇന്ദ്രിയ വിഷയങ്ങളാകുന്ന സംസാര സാഗരം കടക്കുവാനുള്ള ശിവ ജ്ഞാനം നൽകുന്നവനായ ഗുരു ആരാലും വന്ദനീയനാണ്.

**യത്കടാക്ഷകലാമാത്രാത് പരമാനന്ദലക്ഷണം**
**ലഭ്യതേ ശിവരൂപത്വം സ ഗുരു: കേന നാർചിത: 55**

55. കൃപാകടാക്ഷത്തിന്റെ ഒരു കിരണം കൊ് പരമാനന്ദ സ്വരൂപമായ ശിവഭാവം ലഭിക്കുന്ന ആ ഗുരുവിനെ ആരാണ് പൂജിക്കാത്തത്. (എല്ലാവരും പൂജിക്കുന്നു.)

**ഹിതമേവ ചരേന്നിത്യം ശരീരേണ ധനേന ച**
**ആചാര്യസ്യോപശാന്തസ്യ ശിവജ്ഞാന മഹാനിധേ: 56**

56. രാഗദ്വേഷാദികളിൽ നിന്നുമുപശാന്തനും, ശിവജ്ഞാന മഹാനിധിസ്വരൂപവുമായ ഗുരുവിനെ ശിവഭക്തൻ നിത്യേന ശരീരം കൊ‌ും സമ്പത്തു കൊ‌ും സേവിക്കണം.

**ഗുരോരാജ്ഞാം ന ലംഘേത് സിദ്ധികാമീ മഹാമതി:**
**തദാജ്ഞാലംഘനേനാപി ശിവാജ്ഞാച്ഛേദകോ ഭവേത് 57**

57. ശിവപ്രാപ്തി ആഗ്രഹിക്കുന്ന മഹാബുദ്ധിമാനായ ഗുരുവിന്റെ ആജ്ഞയെ ശിഷ്യൻ ഒരിക്കലും ലംഘിക്കുവാൻ പാടില്ല. ആജ്ഞാലംഘനം ശിവാജ്ഞ ലംഘിക്കുന്നതിന് തുല്യമായിത്തീരുന്നു.

## ത്രിവിധസമ്പത്തിസ്ഥലവർണ്ണന

**യഥാഗുരൌ യഥാ ലിംഗേ ഭക്തിമാൻ പരിവർതതേ**
**ജംഗമേ ച തഥാ നിത്യം ഭക്തിം കുര്യാദ് വിചക്ഷണ: 58**

58. ഭക്തിയും ബുദ്ധിയുമുള്ള ശിവഭക്തൻ ഗുരുവിനേയും ശിവലിംഗത്തേയും ഭക്തി പുരസ്സരം ആചരിക്കുന്നതുപോലെ തന്നെ ജംഗമനായ ശിവയോഗിയേയും നിത്യേന ഭക്തിപൂർവ്വം ആദരിക്കുക.

**ഏക ഏവ ശിവ: സാക്ഷാത് സർവാനുഗ്രഹകാരക:**







**ശിവപൂജാപരോ ഭൂത്വാ പൂർവകർമ വിസർജയേത്**
**അഥവാ പൂർവകർമ സ്യാത് സാ പൂജാ നിഷ്ഫലം ഭവേത് 39**

39. ശിവപൂജയിൽ തല്പരരായവർ പൂർവ്വകർമ്മങ്ങളായ മറ്റ് ഉപാസനകളെ ത്യജിക്കണം ശിവപൂജയോടൊപ്പം മറ്റുപാസനകളെ ആവർത്തിക്കുകിൽ ആ ശിവപൂജ നിഷ്ഫലമായിത്തീരുന്നു.

**ഉത്തമാം ഗതിമാശ്രിത്യ നീചാം വൃത്തീം സമാശ്രിത:**
**ആരൂഢപതിതോ ജ്ഞേയ: സർവകർമ ബഹിഷ്കൃത: 40**

40. ശിവപൂജയാകുന്ന ഉത്തമ മാർഗ്ഗത്തെ ലഭിച്ചിട്ടും നീചവൃത്തികളായ പൂർവ്വകർമ്മ ഉപാസനകളും മറ്റുപൂജകളും അർച്ചനകളും തുടരുന്നവനെ ആരൂഢ പതിതനെന്നും സർവ്വകർമ്മ ബഹിഷ്കൃതനെന്നും കണക്കാക്കണം.

**പഞ്ചാക്ഷരോപദേശീ ച നരസ്തുതികരോ യദി**
**സോഽലിംഗീ സ ദുരാചാരീ കുകവി: സ തു വിശ്രുത: 41**

41. പഞ്ചാക്ഷരോപദേശം നേടിയ സാധകൻ മനുഷ്യരെ സ്തുതിക്കുന്നുവെങ്കിൽ അവൻ അലിംഗിയും ദുരാചാരിയും കുകവിയുമായിത്തീരുന്നു.

**ചർമപാത്രേ ജലം തൈലം ന ഗ്രാഹ്യം ഭക്തിതല്പരൈ:**
**ഗൃഹ്യതേ യദി ഭക്തേന രൌരവം നരകം വ്രജേത് 42**

42. ശിവഭക്തിയിൽ ലീനരായ ആളുകൾ തുകൽ പാത്രത്തിൽ എണ്ണയോ, ജലമോ സ്വീകരിക്കാൻ പാടില്ല. അത് സ്വീകരിക്കുന്ന ഭക്തൻ രൌരവ നരകത്തിൽ പതിക്കുന്നു.

**ന തസ്യ സൂതകം കിഞ്ചിത്പ്രാണലിംഗാംഗസംഗിന:**
**ജന്മനോത്ഥം മൃതോർത്ഥം ച വിദ്യതേ പരമാർത്ഥത: 43**

43. പ്രാണലിംഗധാരിയായവനെ പരമാർത്ഥത്തിൽ ജനന സൂതകമോ, മരണസൂതകമോ അല്പം പോലും ബാധിക്കുകയില്ല.

**ലിംഗാർചനരതായാശ്ച ഋതൌ നാര്യാ ന സൂതകം**
**തഥാ പ്രസൂതികായാശ്ച സൂതകം നൈവ വിദ്യതേ 44**

44. സദാ ലിംഗാർച്ചന ചെയ്യുന്നവളായ സ്ത്രീ ഋതുമതി (രജസ്വല) യായിരുന്നാലും അശുദ്ധിയാകുന്നതല്ല. കുട്ടി ജനിച്ചാലു

ാകുന്ന ജനന സൂതകവും അവൾക്ക് ലിംഗപൂജക്ക് ബാധകമല്ല.

**ഗൃഹേ യസ്മിൻ പ്രസൂതാ സ്ത്രീ സൂതകം നാത്ര വിദ്യതേ**
**ശിവപാദാംബുസംസ്പർശാത് സർവപാപം പ്രണശ്യതി.**
**ലിംഗാർചനരതാ നാരീ സൂതകി തു രജസ്വലാ**
**രവിരഗ്നിര്യഥാ വായുസ്തദ്വത് കോടിശുചിർഭവേത്** 45
**(ശിവാഗമം)**

45. ലിംഗാർച്ചന ചെയ്യുന്ന സ്ത്രീ പ്രസവിക്കുന്ന ഗൃഹത്തിലും സൂതകമുാകുന്നില്ല. ശിവപാദത്തിലെ ജലസ്പർശം കൊ് സകല പാപങ്ങളും ഇല്ലാതായിത്തീരുന്നു. ശിവഭക്തയായ സ്ത്രീയുടെ ഗൃഹത്തിലും യാതൊരുവിധത്തിലുള്ള സൂതകത്താലും അശുദ്ധിയുാകുന്നില്ല.

**ശിവസ്ഥാനാനി തീർത്ഥാനി വിശിഷ്ടാനി ശിവാർചക:**
**ശിവയാത്രോത്സവം നിത്യം സേവേത പരയാ മുദാ** 46

46. ശിവപൂജചെയ്യുന്നവനായ ശിവഭക്തൻ വിശിഷ്ട ശിവതീർത്ഥസ്ഥാനയാത്രയിലും, ശിവരാത്രിയിലും (നിത്യവും) പരമാനന്ദത്തത്തോടുകൂടി ശിവപൂജ ചെയ്യുക.

**ശിവക്ഷേത്രോത്സവമഹായാത്രാദർശനകാങ്ക്ഷിണാം**
**മാർഗേന്നപാനദാനം ച കുര്യാന്മാഹേശ്വരോ ജന:** 47

47. ശിവക്ഷേത്രോത്സവത്തിനും, ശിവക്ഷേത്ര തീർത്ഥയാത്രയ്ക്കും പോകുന്ന ശിവഭക്തന്മാർക്ക് യാത്രാമദ്ധ്യേ അന്നവും ജലവും ദാനം ചെയ്യുക.

**നാന്നതോയസമം ദാനം ച സാഹിംസാപരം തപ:**
**തസ്മാന്മാഹേശ്വരോ നിത്യമന്നതോയപ്രദോ ഭവേത്** 48

48. അന്നവും ജലവും ദാനം ചെയ്യുന്നതിനേക്കാൾ വലിയദാനം മറ്റൊന്നുമില്ല. അഹിംസയേക്കാൾ വലിയ തപമില്ല. ഇക്കാരണത്താൽ ശിവഭക്തന്മാർ നിത്യേന അന്നപാനാദികൾ ദാനം ചെയ്യുക.

**സ്വമാർഗാചാരവർത്തിഭ്യ: സ്വജാതിഭ്യ: സദ്വ്രതീ**





**ദദ്യാത് തേഭ്യ: സമാദദ്യാത് കന്യാം കുലസമുദ്ഭവാം** 49

49. ദേവാധിദേവനായ ഭഗവാൻ ശിവന്റെ വ്രതം അനുഷ്ഠിക്കുന്നവൻ, തന്റെ ജാതിയും, സമുദായാചാരങ്ങളും പാലിക്കുന്നവർക്ക് തന്റെ കന്യകയെ ദാനം ചെയ്യുകയും തന്റെ തന്നെ സമുദായത്തിൽ നിന്ന് കന്യകയെ വിവാഹം കഴിക്കുകയും ചെയ്യുക.

**ഏവമാചാരസംയുക്തേ വീരശൈവോ മഹാവ്രതീ**
**പൂജയേത് പരയാഭക്ത്യാ ഗുരും ലിംഗം ച സന്തതം** 50

50. ഇപ്രകാരം ബഹുവിധങ്ങളായ ആചാരം കൊ് യോഗ്യനായ വീരശൈവവ്രതികളായ ശിവഭക്തർ ഭക്തിയോടുകൂടി ഗുരുവിന്റേയും ശിവലിംഗത്തിന്റേയും പൂജ ചെയ്യുക.

## ഉഭയസ്ഥലവർണ്ണന

**ഗുരോരഭ്യർചനേനാപി സാക്ഷാദഭ്യർചിത: ശിവ:**
**തയോർനാസ്തി ഭിദാ കിഞ്ചിദേകത്വാത് തത്ത്വരൂപത:** 51

51. ഗുരുപൂജ ചെയ്യുന്നതുകൊുതന്നെ സാക്ഷത് ഭഗവാൻ ശിവൻ പൂജിതനായിത്തീരുന്നു. താത്വികരൂപം കൊ് അവ രും ഒന്നു തന്നെയാണ്. അവ രിലും അല്പം പോലും അന്തരമില്ല.

**യഥാ ദേവേ ജഗന്നാഥേ സർവാനുഗ്രഹകാരകേ**
**തഥാ ഗുരുവരേ കുര്യാദുപചാരാൻ ദിനേ ദിനേ** 52

52. സർവ്വരിലും കൃപ വർഷിക്കുന്ന പ്രപഞ്ചനാഥനായ ഭഗവാൻ ശിവന്റെ പൂജ ചെയ്യുന്നതുപോലെ തന്നെ ശിവഭക്തൻ നിത്യേന ശ്രേഷ്ഠനായ ഗുരുവിന്റേയും പൂജ ചെയ്യണം.

**അപ്രത്യക്ഷോ മഹാദേവ: സർവേഷാമാത്മമായയാ**
**പ്രത്യക്ഷോ ഗുരുരൂപേണ വർതതേ ഭക്തിസിദ്ധയേ.** 53

53. മഹാദേവൻ മായയാൽ സകലർക്കും വേി അപ്രത്യക്ഷനാവുകയും, അവിടുത്തെ ഭക്തിയെ സിദ്ധിക്കുന്നതിനുവേി ഗുരുരൂപത്തിൽ പ്രത്യക്ഷനാവുകയും ചെയ്യുന്നു.

**ശിവജ്ഞാനം മഹാഘോരസംസാരാർണവതാരകം**

കൊള്ള ഫലം ലഭ്യമാകുന്നു.

**നിർമാല്യം നിർമലം ശുദ്ധം ശിവേന സ്വീകൃതം യത:**
**നിർമലൈസ്തത്പരൈർധാര്യം നാന്യൈ: പ്രാകൃതജന്തുഭി: 75**

75. ഭഗവാൻ ശിവനാൽ സ്വീകരിക്കപ്പെടുന്ന സമ്പൂർണ്ണ നൈവേദ്യ ങ്ങളും (നിർമ്മലം) ശുദ്ധമായിത്തീരുന്നു. ലിംഗദീക്ഷയാൽ നിർമ്മ ലരും, ശിവപൂജാതല്പരരും നിഷ്ഠയോടുകൂടി ശിവലിംഗം ധരിച്ച വരുമായ വീര ശൈവ ഭക്തന്മാർ മുഖേന അനുഗൃഹീതമാകണം. ലിംഗദീക്ഷാരഹിതരും, പ്രാകൃതരും, അശുദ്ധരുമായവർ മുഖേന പാടി ല്ല.

**ശിവഭക്തി വിഹീനാനാം ജന്തൂനാം പാപകർമണാം**
**വിശുദ്ധേ ശിവനിർമാല്യേ നിധികാരോസ്തി കുത്രചിത് 76**

76. ശിവഭക്തിയില്ലാത്തവരും പാപകർമ്മം ചെയ്യുന്നവരുമായ ആളു കൾക്ക് വിശുദ്ധമായ ശിവനിർമ്മാല്യത്തിന്റെ കാര്യത്തിൽ യാതൊ രധികാരവുമില്ല. ശിവദീക്ഷാസമ്പന്നരെന്ന സർവ്വാഗമപ്രസിദ്ധരായ വീരശൈവർക്കാണ് അതിനധികാരമുള്ളത്.

**ശിവലിംഗപ്രസാദസ്യ സ്വീകാരാദ്യത്ഫലം ഭവേത്**
**തഥാ പ്രസാദസ്വീകാരാദ് ഗുരുജംഗമയോരപി 77**
**തസ്മാദ് ഗുരും മഹാദേവം ശിവയോഗിനമേവ ച**
**പൂജയേത് തത്പ്രസാദാന്നം ഭുഞ്ജിയാത് പ്രതിവാസരം 78**

77/78. ശിവലിംഗ പ്രസാദം ഗ്രഹിക്കുന്നതിലൂടെ ലഭ്യമാകുന്ന അതേ ഫലങ്ങൾ ഗുരുവിന്റേയും ജംഗമനായ ശിവയോഗിയുടേയും പ്രസാദത്തിനും ലഭിക്കുന്നു. ആയതിനാൽ നിത്യേന ഗുരുവിനെയും ലിംഗത്തെയും, ജംഗമരായ വീരശൈവരെയും പൂജിക്കുകയും പ്രസാ ദസ്വരൂപമായ അന്നം (നൈവേദ്യം) സ്വീകരിക്കുകയും ചെയ്യണം.

## സോപാധി നിരുപാധി

## സഹജദാനസ്ഥലവർണന

**ശിവലിംഗേ ശിവാചാര്യേ ശിവയോഗിനി ഭക്തിമാൻ**





**ഗുരുജംഗമലിംഗാത്മാ വർതതേ ഭുക്തിമുക്തിദ: 59**

59. സർവ്വരിലും അനുഗ്രഹം ചൊരിയുന്നവനും, ഭോഗവും മോക്ഷവും നൽകുന്നവനും ഏകമാത്രമായതുമായ ഭഗവാൻ ശിവൻ ഗുരുലിംഗജംഗമ രൂപങ്ങളിൽ വ്യവഹരിക്കുന്നുവെന്ന് മനസ്സിലാ ക്കണം

**ലിംഗം ച ദ്വിവിധം പ്രോക്തം ജംഗമാജംഗമാത്മനാ**
**അജംഗമേ യഥാ ഭക്തിർജംഗമേ ച തഥാ സ്മൃതാ 60**

60. ജംഗമമെന്നും സ്ഥാവരമെന്നും (അജംഗമം) ലിംഗം രുവിധ മു്. സ്ഥാവരലിംഗത്തോടുള്ളത്ര തന്നെ ഭക്തി ജംഗമലിംഗ ത്തോടും ഉാകണമെന്ന് കണക്കാക്കപ്പെടുന്നു.

**അജംഗമം തു യല്ലിംഗം മൃച്ഛിലാദിവിനിർമിതം**
**തദ്വരം ജംഗമം ലിംഗം ശിവയോഗീതി വിശ്രുതം. 61**

61. മണ്ണ്, ശില എന്നിവകളാൽ നിർമ്മിക്കപ്പെട്ട സ്ഥാവര ലിംഗത്തേ കകാൾ ശ്രേഷ്ഠമാണ് ശിവയോഗിയെന്നു പ്രസിദ്ധമായ ജംഗമലിംഗം.

**അചരേ മന്ത്രസംസ്കാരല്ലിംഗേ വസതി ശങ്കര:**
**സദാകാലം വസത്യേവ ചരലിംഗേ മഹേശ്വര: 62**

62. സ്ഥാവരലിംഗത്തിൽ ശിവന്റെ അധിവാസം മന്ത്രങ്ങൾ ജപിച്ച് സ്ഥിരമായി ഒരിടത്തു സംസ്കരിക്കുന്നതു കൊും, ജംഗമലിം ഗത്തിൽ ശിവയോഗികളിൽ മഹാദേവൻ സദാ സംസ്കാരാദികൾ ഇല്ലാതെ തന്നെ അധിവസിക്കുന്നതുകൊും, ശ്രേഷ്ഠമെന്നു പറ യുന്നു.

**ശിവയോഗിനി യദ്ദത്തം തദക്ഷയഫലം ഭവേത്**
**തസ്മാത് സർവ പ്രയത്നേന തസ്മൈ ദേയം മഹാത്മനേ 63**
**യത്ഫലം ലഭതേ ജന്തു: പൂജയാ ശിവയോഗിന:**
**തദക്ഷയമിതി പ്രോക്തം സകലാഗമപാരഗൈ: 64**

63/64. ശിവയോഗിക്കു കൊടുക്കുന്നതെന്തും അക്ഷയ ഫലകാര കമാകുന്നു. ആയതിനാൽ എത്ര പ്രയാസപ്പെട്ടിട്ടായാലും മഹാ

ത്മാവായ ശിവയോഗിക്ക് എന്തെങ്കിലും കൊടുക്കണം. ശിവയോഗിയായ വീരശൈവന്റെ പൂജയാൽ ആത്മാവിന് അക്ഷയഫലം ലഭിക്കുന്നുവെന്ന് ആഗമപണ്ഡിതന്മാർ കണക്കാക്കുന്നു.

**നാവമന്യേത കുത്രാപി ശിവയോഗിനമാഗതം**
**അവമാനാദ്ഭവേത്തസ്യ ദുർഗ്ഗതിശ്ച ന സംശയ 65**

65. തന്റെ മുൻപിൽ വരുന്നതായ ശിവയോഗിയായ വീരശൈവനെ ഒരിക്കലും അപമാനിക്കാൻ പാടില്ല. അയാളെ അപമാനിക്കുന്നവന്റെ ദുർഗ്ഗതിക്ക് അതു കാരണമാകുമെന്നത് നിശ്ചയമാണ്.

**ശിവയോഗീ ശിവ: സാക്ഷാദിതി കൈംകര്യഭക്തിത:**
**പൂജയേദാദരേണൈവ യഥാ ലിംഗം യഥാ ഗുരു: 66**

66. ശിവയോഗി സാക്ഷാൽ ശിവനാകുന്നുവെന്ന് കണക്കാക്കി സേവകഭാവത്താൽ ലിംഗത്തെയും ഗുരുവിനേയും പൂജിക്കുന്നതുപോലെ തന്നെ ഭക്തിപൂർവ്വം ശിവയോഗിയെയും പൂജിക്കണം.

## ചതുർവ്വിധസാരായ സ്ഥലവർണന

**പാദോദകം യഥാ ഭക്ത്യാ സ്വീകരോതി മഹേശിതു:**
**തഥാ ശിവാത്മനോർനിത്യം ഗുരുജംഗമയോരപി 67**

67. ഭഗവാൻ ശിവശങ്കരന്റെ ചരണോദകം ഭക്തിയോടുകൂടി സാധകൻ സ്വീകരിക്കുന്നതെപ്രകാരമാണോ, അതുപോലെ തന്നെ നിത്യവും അവൻ ഗുരുവിന്റെയും ജംഗമനായ വീരശൈവന്റെയും പാദോദകം എടുക്കണം.

**സർവമംഗളമാംഗല്യം സർവപാവനപാവനം**
**സർവസിദ്ധികരം പുംസാം ശംഭോ: പാദാംബുധാരണം 68**

68. സമസ്ത മംഗളങ്ങളുടെയും മംഗളവും, സർവ്വ പവിത്രങ്ങളിൽ പവിത്രവും, മാനുഷർക്കു സർവ സിദ്ധിപ്രദായകനുമായ ഭഗവാൻ ശിവശങ്കരന്റെ പാദോദകം പ്രതിദിനം എടുക്കണം.

**ശിരസാ ധാരയേദ്യസ്തു പത്രം പുഷ്പം ശിവാർപിതം**
**പ്രതിക്ഷണം ഭവേത്തസ്യ പൗണ്ഡരീക ക്രിയാഫലം 69**







69. ഭഗവാൻ ശിവന് അർപ്പിച്ചതായ കൂവളത്തില (പത്രപുഷ്പങ്ങൾ) ശിരസ്സിലണിയുന്ന (ധരിക്കുന്ന) ഭക്തന് തൽക്ഷണത്തിൽ പൌണ്ഡരീകക്രിയയുടെ ഫലം ലഭ്യമാക്കുന്നു.

**ഭുഞ്ജിയാദ് രുദ്രഭുക്താന്നം രുദ്രപീതം ജലം പിബേത്**
**രുദ്രാഘ്രാതം സദാ ജിഘ്രേദിതി ജാബാലികീ ശ്രുതി: 70**

70. ഭഗവാൻ രുദ്രന് സമർപ്പിക്കപ്പെട്ട അന്നം ഭുജിക്കുകയും, ജലം പാനം ചെയ്യുകയും ചൂടുകയും രുദ്രൻ ഘ്രാണനം ചെയ്ത പുഷ്പങ്ങൾ മണക്കുകയും ചെയ്യണമെന്ന് ജാബാലോപനിഷത്തിൽ പറയുന്നു.

**അർപയിത്വാ നിജേ ലിംഗേ പത്രം പുഷ്പം ഫലം ജലം**
**അന്നാദ്യം സർവ്വഭോജ്യം ച സ്വീകുര്യാദ് ഭക്തിമാന്നര: 71**

71. പത്രം, പുഷ്പം, ഫലം, ജലം, നിവേദ്യം (അന്നം) മുതലായ സമ്പൂർണ്ണ ഭോജ്യവസ്തുക്കളും ഭക്തൻ തന്റെ ഇഷ്ടലിംഗത്തിനർപ്പിച്ച ശേഷം ഭുജിക്കുക.

**ഗുരുത്വാത് സർവഭൂതാനാം ശംഭോരമിതതേജസ:**
**തസ്മൈ നിവേദിതംസർവ്വം സ്വീകാര്യം തത്പരായണൈ 72**

72. സർവ്വ ഭൂതങ്ങളെയുമപേക്ഷിച്ച് മഹാതേജസ്വിയായ ഭഗവാൻ ശിവൻ ശ്രേഷ്ഠനായതിനാൽ അവിടുത്തേക്കു നിവേദിച്ചതെല്ലാം അവിടുത്തെ ഭക്തൻമാർ മുഖേന സ്വീകരിക്കണം.

**യേ ലിംഗധാരീണോ ലോകേ യേ ശിവൈകപരായണാ:**
**തേഷാം തു ശിവനിർമാല്യമുചിതം നിത്യജന്തുഷു 73**

73. ഈ ജഗത്തിൽ ശിവലിംഗം ധരിക്കുന്നവനും, ശിവനെ മാത്രം ഭജിക്കുന്നവനും, ശിവനൈവേദ്യം ഭുജിക്കുന്നവനും ശിവലിംഗപ്രസാദത്തിന് അധികാരിയാകുന്നു.

**അന്നജാതേ തു ഭക്തേന ഭുജ്യമാനേ ശിവാർപിതേ**
**സിക്ഥേ സിക്ഥേഽശ്വമേധസ്യ യത്ഫലം തദവ്യാപ്യതേ 74**

74. ശിവഭക്തന്മാരാൽ ശിവനു സമർപ്പിക്കപ്പെട്ടതായ അന്നത്തിൽ നിന്നുമുള്ള ഓരോ മണി അരിയിലും അശ്വമേധ യാഗം

**ഉക്താഖിലാചാരപരായണോഽസൗ
സദാ വിദന്വൻ സഹജം തു ദാനം
ബ്രഹ്മാദിസമ്പത്സു വിരക്തചിത്തോ
ഭക്തോ ഹി മാഹേശ്വരതാമുപൈതി 94**

**94.** മേല്പറഞ്ഞ സകല ആചാരങ്ങളുമനുഷ്ടിക്കുന്നവനും, സദാ സഹജദാനങ്ങൾ നൽകുന്നവനും ബ്രഹ്മാദി ദേവന്മാരെപ്രതി രാഗദ്വേഷാദികളില്ലാത്തവനും ആയ ഭക്തൻ മാഹേശ്വരനായി ത്തീരുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ ഭക്തമാർഗക്രിയാ സ്ഥല വർണ്ണന എന്ന 9-ാമത്തെ അദ്ധ്യായം സമാപ്തം.**







**ദാനം കുര്യാദ് യഥാശക്തിതത്പ്രസാദയുത: സദാ 79**

79. ശിവലിംഗത്തോടും ശിവാചാര്യനോടും, ശിവയോഗിയോടും ഭക്തിയുള്ളവൻ അവരുടെ അനുഗ്രഹത്തിനായി സദാ യഥാ ശക്തി ദാനം കൊടുക്കണം.

**ദാനം ച ത്രിവിധം പ്രോക്തം സോപാധിനിരുപാധികം
സഹജം ചേതി സർവേഷാം സർവ്വതന്ത്രവിശാരദൈ: 80**

80. സകലർക്കും വേി ആഗമ ശാസ്ത്ര പണ്ഡിതന്മാർ ദാനത്തെ സോപാധികം, നിരുപാധികം, സഹജം എന്നിങ്ങനെ മൂന്നുവിധമെന്നു പറയുന്നു.

**ഫലാഭിസന്ധിസംയുക്തം ദാനം യദ്വിഹിതം ഭവേത്
തത് സോപാധികമാഖ്യാതം മുമുക്ഷുഭിരനാദൃതം 81**

81. ഫലത്തിന്റെ ആകാംക്ഷയാൽ യോഗ്യരായിട്ട് ചെയ്യുന്ന ദാനത്തെ 'സോപാധികദാനം' എന്നു പറയുന്നു. മോക്ഷാർത്ഥി കൾ അപ്രകാരമുള്ള ദാനത്തെ ആദരിക്കുന്നില്ല.

**ഫലാഭിസന്ധിനിർമുക്തമീശ്വരാർപിതകാങ്ക്ഷിതം
നിരുപാധികമാഖ്യാതം ദാനം ദാനവിശാരദൈ 82**

82. ദാനധർമ്മിഷ്ടരായ ആളുകൾ ഫലേച്ഛകൂടാതെ ഈശ്വ രാർപ്പണ മനോഭാവത്തോടുകൂടി ചെയ്യുന്നതായ ദാനത്തെ 'നിരുപാധിക ദാനം' എന്നു പറയുന്നു.

## സഹജദാന സ്ഥലവർണ്ണന

**അദാതൃദാതൃദേയാനാം ശിവഭാവം വിചിന്തയൻ
ആത്മനോഽകർതൃഭാവം ച യദ്ദത്തം സഹജം ഭവേത് 83**

83. ശിവാനുഗൃഹീതനായ ദാനധർമ്മിഷ്ഠനും ദാനത്തെ ശിവ സ്വരൂപമായി ചിന്തിക്കുന്നവും ദാനത്തിന്റെ കാര്യത്തിൽ സ്വയം കർത്താവാണെന്നു വിചാരിക്കാതെ കൊടുക്കുന്ന ദാനത്തെ 'സഹജദാനം' എന്നു പറയുന്നു.

**സഹജം ദാനമുത്കൃഷ്ടം സർവദാനോത്തമോത്തമം**
**ശിവജ്ഞാനപ്രദം പുംസാം ജന്മരോഗനിവർത്തകം 84**

84. മൂന്നുവിധത്തിലുള്ള ദാനങ്ങളിൽ 'സഹജദാനം' ഉൽകൃഷ്ടവും ഉത്തമവുമാകുന്നു. അതു മാനുഷർക്ക് ശിവജ്ഞാനം നൽകുന്നതും പുനർജന്മങ്ങളില്ലാതാക്കുന്നതുമാകുന്നു.

**ശിവായ ശിവഭക്തായ ദീയതേ യദി കിഞ്ചന**
**ഭക്ത്യാ തദപി വിഖ്യാതം സഹജം ദാനമുത്തമം 85**

85. ഭഗവാൻ ശിവന് (ശിവഭക്തന്) ഭക്തിപൂർവ്വം എന്തുകൊടുക്കുന്നുവോ അതിനെ ഉത്തമമായ സഹജദാനം എന്നു പറയുന്നു. ഇഷ്ടലിംഗരൂപത്തിലോ, സ്ഥാവരലിംഗ രൂപത്തിലോ ഇരിക്കുന്ന ഭഗവാൻ ശിവന് (ക്ഷേത്രാദികൾക്ക്) വിരക്തമൂർത്തിയോ, ശിവഭക്തനോ ഭക്തിപൂർവ്വം നൽകുന്ന ദാനത്തെ ഉത്തമമായ സഹജദാനം എന്നു പറയുന്നു.

**ദാനാത് സ്വർണസഹസ്രസ്യ സത്പാത്രേ യത്ഫലം ഭവേത്**
**ഏകപുഷ്പപ്രദാനേന ശിവേ തത്ഫലമിഷ്യതേ 86**

86. ഉത്തമനും യോഗ്യനുമായ വ്യക്തിക്ക് ഓരായിരം സ്വർണ്ണമുദ്രകൾ കൊടുക്കുമ്പോഴുാകുന്ന അതേഫലം ഭഗവാൻ ശിവന് ഭക്തിപൂർവ്വം ഒരു പുഷ്പം അർപ്പിക്കുന്നതിൽ നിന്നുമുാകുന്നു.

**ശിവ ഏവ പരം പാത്രം സർവവിദ്യാനിധിർഗുരു:**
**തസ്മൈ ദത്തം തു യത്കിഞ്ചിത്തദനന്തഫലം ഭവേത് 87**

87. സമസ്ത വിദ്യകളുയെടും ഉറവിടവും ഗുരു സ്വരൂപവുമായ ഭഗവാൻ ശിവൻ ദാനത്തിന്റെ സർവ്വോൽകൃഷ്ടപാത്രമാകുന്നു. ഭഗവാൻ ശിവനും സർവ്വവിദ്യാനിധിയായ ഗുരുവും ഉത്തമങ്ങളിൽ ഉത്തമപാത്രമാകുന്നു. അദ്ദേഹത്തിനുകൊടുക്കുന്നതെന്തും അനന്തഫലമുളവാക്കുന്നതാകുന്നു.

**ശിവയോഗീ ശിവ: സാക്ഷാച്ഛിവജ്ഞാന മഹോദധി:**
**യദ്കിഞ്ചിദ് ദീയതേ തസ്മൈ തദ്ദാനം പരമാർത്ഥികം 88**

88. ശിവജ്ഞാന സാഗര രൂപമായ ശിവയോഗി (വീരശൈവൻ) സാക്ഷാൽ ശിവനാകുന്നു. അദ്ദേഹത്തിനു കൊടുക്കുന്ന ദാനം ശിവസായൂജ്യം ലഭിക്കുന്നതാകുന്നു.





## യോഗീശ്വര മഹത്വ വർണ്ണന

**ശിവയോഗി മഹത്പാത്രം സർവേഷാം ദാനകർമണി**
**തസ്മാന്നാസ്തി പരം കിഞ്ചിത്പാത്രം ശാസ്ത്രവിചാരത: 89**

**89.** സമസ്തദാന കർമ്മങ്ങളിൽ സർവ്വതിനേയുമപേക്ഷിച്ച് ശിവയോഗി (യോഗീശ്വരൻ) ഉത്തമപാത്രമാകുന്നു. ആഗമങ്ങളിൽ അതിനേക്കാളുപരിയായി മറ്റൊരു സൽപാത്രങ്ങളുമില്ല.

**ഭിക്ഷാമാത്രപ്രദാനേന ശാന്തായ ശിവയോഗിനേ**
**യത്ഫലം ലഭ്യതേ നൈതദ് യജ്ഞകോടിശതൈരപി 90**

**90.** ശാന്തനായ യോഗീശ്വരന്  കേവലം ഒരു പുൽ ക്കൊടി (കറുക) ദാനമായി (ഭിക്ഷ) കൊടുത്താൽ ലഭിക്കുന്ന ഫലം കോടിക്കണക്കിന് യജ്ഞം കൊുപോലും കിട്ടുകയില്ല.

**ശിവയോഗിനി സംതൃപ്തേ തൃപ്തോ ഭവതിശങ്കര:**
**തത്തൃപത്യാ തന്മയം വിശ്വം തൃപ്തിമേതി ചരാചരം 91**

**91.** ശിവയോഗിയാകുന്ന വീരശൈവൻ തൃപ്തനാകുമ്പോൾ ഭഗവാൻ ശിവനും സ്വയം തൃപ്തനാകുന്നു. ഭഗവാന്റെ സംതൃപ്തിയാൽ അവിടുന്നിൽ വ്യാപിച്ചിരിക്കുന്ന ജഗത്തിലെ സർവചരാചരങ്ങളും തൃപ്തരായിത്തീരുന്നു.

**തസ്മാത് സർവപ്രയത്നേനയേന കേനാപി കർമണാ**
**തൃപ്തിം കുര്യാത് സദാകാലമന്നാദ്യൈ: ശിവയോഗിന: 92**

**92.** തന്മൂലം ഏവരും എത്രകഷ്ടപ്പെട്ടിട്ടായാലും ഏതു കർമ്മത്തിനും സദാ അന്നപാനാദികളാൽ ശിവയോഗിയെ തൃപ്തനാക്കണം.

**നിരുപാധികചിദ്രൂപപരാനന്ദാത്മവസ്തുനി**
**സമാപ്തം സകലം യസ്യ സ ദാനീ ശങ്കര: സ്വയം 93**

**93.** യാതൊന്നിലും ആകാംക്ഷയില്ലാത്തതും സച്ചിദാനന്ദസ്വരൂപവുമായ പരാനന്ദ തത്വത്തിന്റെ നാമത്തിൽ സർവ്വതും സമർപ്പിക്കുന്ന ദാനി (ധർമ്മിഷ്ഠൻ) സ്വയം ശിവശങ്കരനായിത്തീരുന്നു.

ന്നവനും, ശൈവാഗമങ്ങൾ പഠിക്കുന്നവനും, ശിവസ്തുതികൾ പാടി ആനന്ദിച്ച് പ്രസന്നമായ മനസ്സോടുകൂടിയവനും, പവിത്രനും ശിവ മാഹാത്മ്യങ്ങൾ ഉൾക്കൊള്ളുന്ന പ്രമാണങ്ങൾ ശേഖരിക്കുന്നതിൽ ഉത്സുകനും, ലൌകിക ജീവിതത്തെക്കുറിച്ച് മമതയില്ലാത്തവനും, അഹങ്കാരശൂന്യനും, അവിദ്യ, അസ്മിത മുതലായ ദുഃഖങ്ങൾ പറി ച്ചെറിഞ്ഞവനും, ഭേദങ്ങളിൽ നിന്നും അസ്പൃഷ്ടനായവനും, മത്സ രാവേശങ്ങൾ ഇല്ലാത്തവനും, കാമ്യഭാവങ്ങളില്ലാത്തവനും, അതി വേഗം കോപമകറ്റുന്നവനും, സദാ സന്തോഷവാനും, ജീവജാലങ്ങ ളോട് പ്രിയമുള്ളവനും ശിവകാര്യങ്ങളിൽ അനിഷ്ടം ചെയ്യുന്നവരെ ദുരീകരിക്കുന്നതിൽ വ്യാപൃതനും, ശിവോൽക്കർഷം പ്രചരിപ്പി ക്കുന്നവരുടെ സഹചാരിയും ശിവനുവേി പ്രാണത്യാഗ സന്ന ദ്ധനും, ശിവനിൽ മാത്രം നിഷ്ഠയുള്ളവനും, സർവ്വാത്മാവുമായ വ്യക്തി മാഹേശ്വരൻ (വീരശൈവൻ) ആകുന്നു.

## ലിംഗാനിഷ്ഠാ സ്ഥല വർണ്ണന

**അസ്യ മാഹേശ്വരസ്യോക്തം ലിംഗനിഷ്ഠാമഹാസ്ഥലം**
**പ്രാണാത്യയേƒപി സമ്പന്നേ യദത്യാജ്യം വിധീയതേ 21**

**21.** പ്രാണൻ വെടിയുന്ന അവസ്ഥയിൽ ശിവലിംഗം ത്യജിക്കുവാ നുള്ള മാർഗ്ഗമില്ലാത്തതിന് 'ലിംഗാനിഷ്ഠാസ്ഥലം' എന്നു പറയുന്നു.

**അപഗച്ഛതു സർവസ്വം ശിരച്ഛേദനമസ്തു വാ**
**മാഹേശ്വരോ ന മുഞ്ചേത ലിംഗപൂജാമഹാവ്രതം 22**

**22.** സകല സമ്പത്തുക്കളും തീർന്നുപോകും. ശിരസ്സറ്റുപോകുമെന്നു വന്നാൽ പോലും ലിംഗപൂജയാകുന്ന മഹാവ്രതം വീരശൈവൻ ഉപേക്ഷിക്കുകയില്ല.

**ലിംഗപൂജാമകൃത്വാ തു യേ ന ഭുഞ്ജന്തി മാനവാ:**
**തേഷാം മഹാത്മനാം ഹസ്തേ മോക്ഷലക്ഷ്മീരുപസ്ഥിതാ: 23**

**23.** ലിംഗപൂജ ചെയ്യാതെ ഭുജിക്കുകയില്ലാത്ത മഹാത്മാക്കളുടെ കയ്യിൽ മോക്ഷലക്ഷ്മി സദാ ഉപസ്ഥിതായായിരിക്കുന്നു.

**കിമന്യൈർധർമകലിലൈ: കികഷാർത്ഥപ്രദായിഭി:**
**സാക്ഷാന്മോക്ഷപ്രദ: ശംഭോർധർമോ ലിംഗാർച്ചനാത്മക: 24**

**24.** ഉപദ്രവകാരിയും വെറുപ്പുളവാക്കുന്ന അർത്ഥം കൊടു







## അദ്ധ്യായം 10

## മാഹേശ്വര സ്ഥല വർണ്ണന

1. അഗസ്ത്യമഹർഷി പറഞ്ഞു-

**ഭക്തസ്ഥലം സമാഖ്യാതം ഭവതാ ഗണനായകാ**
**കേന വാ ധർമഭേദേന ഭക്തോ മാഹേശ്വരോ ഭവേത് 1**

'അല്ലയോ ഗണനായക! അവിടുന്ന് ഭക്തസ്ഥലത്തെക്കുറിച്ച് വർണ്ണിച്ചു കഴിഞ്ഞു. ഏതു ധർമ്മഭേദത്താലാണ് ഭക്തൻ മഹേശ്വ രനായിത്തീരുന്നത് എന്ന് പറഞ്ഞു തന്നാലും.'

2. രേണുകാചാര്യർ പറഞ്ഞു-

**കേവലേ സഹജേ ദാനേ നിഷ്ണാത: ശിവതത്പര:**
**ബ്രഹ്മാദിസ്ഥാനവിമുഖോ ഭക്തോ മാഹേശ്വര: സ്മൃത: 2**

സഹജദാനത്തിൽ നിഷ്ണാതനും, ശിവഭക്തിയിൽ വ്യാപൃതനും, ബ്രഹ്മാദി ദേവകളിൽ മനസ്സുവയ്ക്കാത്തവനുമായ ഭക്തനെ മാഹേ ശ്വരൻ എന്നു കണക്കാക്കുന്നു.

**ഭക്തേര്യദാ സമുത്കർഷോ ഭവേദ് വൈരാഗ്യഗൌരവാത്**
**തദാ മഹേശ്വര: പ്രോക്തോ ഭക്ത: സ്ഥിരവിവേകവാൻ 3**

**3.** മനുഷ്യരിൽ വിരക്തി(വിരാഗത)യുടെ ആധിക്യം കൊ് ഭക്തിയുടെ ഉൽക്കർഷമുാകുമ്പോൾ അവനെ സ്ഥിര വിവേകിയായ 'ഭക്തമാഹേ ശ്വരൻ' എന്നു വിളിക്കുന്നു.

**മാഹേശ്വരസ്ഥലം വക്ഷ്യേ യഥോക്തം ശംഭുനാ പുരാ**
**മാഹേശ്വരപ്രശംസാദൌ ലിംഗനിഷ്ഠാ തത: പരം 4**
**പൂർവ്വാശ്രയ നിരാസശ്ച തഥാദ്വൈതനിരാകൃതി:**
**ആഹ്വാനവർജ്ജനം പഞ്ചാദഷ്ടമൂർത്തിനിരാകൃതി 5**
**സർവഗത്വനിരാസശ്ച ശിവത്വം ശിവഭക്തയോ:**
**ഏവം നവവിധം പ്രോക്തം മാഹേശ്വരമഹാസ്ഥലം 6**

**4/5/6.** ഞാനിപ്പോൾ 'മാഹേശ്വരസ്ഥല'ത്തെക്കുറിച്ച് ഭഗവാൻ ശിവൻ മുൻപ് പറഞ്ഞിട്ടുള്ളതുപോലെ പറയാം. മാഹേശ്വര സ്തുതി, ലിംഗാർച്ചന നിഷ്ഠ, പൂർവ്വാശ്രമ നിരസ്സനം, അദ്വൈത നിരാക രണം, ആഹ്വാന വർജ്ജനം, അഷ്ടമൂർത്തി നിരാകരണം, സർഗത്വ

നിരസ്സനം, ശിവജഗന്മയ സ്ഥലം, ഭക്തദേഹിക ലിംഗസ്ഥലം എന്നി ങ്ങനെ മാഹേശ്വര മഹാസ്ഥലം ഒൻപതുവിധം എന്നു പറയുന്നു.

**ആദിത: ക്രമശോ വക്ഷ്യേ സ്ഥലഭേദസ്യ ലക്ഷണം**
**സമാഹിതേന മനസാ ശ്രുയതാം ഭവതാ മുനേ 7**

**7.** അല്ലയോ മുനിവര്യരേ! സ്ഥലഭേദങ്ങളുടെ ലക്ഷണത്തെക്കുറിച്ച് തുടക്കം മുതലേ പറയാം. താങ്കൾ ക്ഷമയോടെ കേൾക്കുക.

## മാഹേശ്വരസ്ഥല വർണ്ണന

**വിശ്വസ്മാദധികോ രുദ്രോ വിശ്വാനുഗ്രഹകാരക:**
**ഇതി യസ്യ സ്ഥിരാ ബുദ്ധി: സ വൈ മാഹേശ്വര: സ്മൃത: 8**

**8.** പ്രപഞ്ചത്തേക്കാൾ ഉപരിയായുള്ള ഭഗവാൻ പരമശിവൻ പ്രപ ഞ്ചത്തിന് അനുഗ്രഹം ചൊരിയുന്നവനാകുന്നു. ഇപ്രകാരം ദൃഢമായി വിശ്വസിക്കുന്നവൻ മാഹേശ്വരനാകുന്നു.

**ബ്രഹ്മാദ്യൈർമലിനപ്രായൈനിർമലേ പരമേശ്വരേ**
**സാമ്യോക്തിം യോ ന സഹതേ സവൈ മാഹേശ്വരാഭിധ: 9**

**9.** മലിനപ്രായരായ ബ്രഹ്മാദികളുടെ കൂടെ നിർമലനായ ഭഗവാൻ പരമേശ്വരനെ തുലനം ചെയ്യുന്നത് സഹിക്കുവാൻ കഴിയാത്തവനെ മാഹേശ്വരൻ (വീരശൈവൻ) എന്നു പറയുന്നു.

**ഈശ്വര: സർവ്വഭൂതാനാം ബ്രഹ്മാദീനാം മഹാനിതി**
**ബുദ്ധിയോഗാത് തദാസക്തോ ഭക്തോ മാഹേശ്വര: സ്മൃത: 10**

**10.** ബ്രഹ്മാദി ദേവകളിലും, സർവ്വ ജീവികളിലും വച്ച് മാഹേശ്വ രൻ മഹാനാണെന്ന സ്മരണകളാൽ ആ ശ്രീപരമേശ്വരനിൽ സദാ ആസക്തിയുള്ളവനായിരിക്കുന്നവനെ വീരശൈവൻ (മാഹേശ്വരൻ) എന്നു പറയുന്നു.

**ബ്രഹ്മാദി ദേവതാജാലം മോഹിതം മായയാ സദാ**
**അശക്തം മുക്തിദാനേ തു ക്ഷയാതിശയ സംയുതം: 11**
**അനാദിമുക്തോ ഭഗവാനേക ഏവ മഹേശ്വര:**
**മുക്തിദശ്ചേതി യോ വേദ സ വൈ മാഹേശ്വര: സ്മൃത:**
**തത്പരം ബ്രഹ്മ സ ഏക: സ ഏകോ രുദ്രേ:**





**സ ഇശാനം സ ഭഗവാൻ സ മഹേശ്വര: സ മഹാദേവ: 12**

**11/12.** ബ്രഹ്മാവ് മുതലായ ദേവവൃന്ദം എപ്പോഴും മായാ ഗ്രസ്ഥ വും, ക്ഷയിച്ചതും, അതിശയയുക്തവുമായ ആ സമൂഹം മോക്ഷം നൽകുന്നതിന് അസമർത്ഥരാണ്. ഭഗവാൻ ശിവൻ മാത്രം മുക്തി ദാതാവും അനാദിമുക്തവും എന്നു കണക്കാക്കുന്നവനെ മാഹേ ശ്വരൻ എന്നു പറയുന്നു.

**ക്ഷയാതിശയ സംയുക്താ ബ്രഹ്മവിഷ്ണവാദിസമ്പദ:**
**തൃണവന്മന്യതേ യുക്ത്യാ വീരമാഹേശ്വര: സദാ. 13**
**ശബ്ദസ്പർശാദിസമ്പന്നേ സുഖലേശേ തു നിസ്പൃഹ:**
**ശിവാനന്ദേ സമൃത്കണ്ഠോ വീരമാഹേശ്വരോ ഭവേത് 14**

**13/14.** ബ്രഹ്മാവ്, വിഷ്ണു മുതലായ ദേവന്മാരുടെ ഐശ്വര്യം ക്ഷയാത്മകവും, അതിശയ യുക്തവുമാകുന്നു. വീരമാഹേശ്വരർ അവയെ സദാ തൃണതുല്യം കാണക്കാക്കുന്നു. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം മുതലായവകളാലുള്ള ക്ഷണികങ്ങളായ സുഖ ങ്ങൾ ഇച്ഛിക്കാത്തവനും, ശിവാനന്ദ പ്രാപ്തിക്കുവേി ഉൽക ണ്ഠയുള്ളവനുമായ വ്യക്തി വീരമാഹേശ്വരൻ ആകുന്നു.

**പരസ്ത്രീസംഗനിർമുക്ത: പരദ്രവ്യപരാംങ് മുഖ:**
**ശിവാർഥകാര്യ സമ്പന്ന: ശിവാഗമപരായണ: 15**
**ശിവസ്തുതിരസാസ്വാദമോദമാനമനാ: ശുചി:**
**ശിവോത്കർഷ പ്രമാണാനാം സമ്പാദനസമുദ്യത: 16**
**നിർമമോ നിരഹങ്കാരോ നിരസ്തക്ലേശപഞ്ചര:**
**അസ്പൃഷ്ടമദസംബന്ധോ മാത്സര്യാവേശ വർജ്ജിത: 17**
**നിരസ്തമദനോന്മേഷോ നിർധൂതക്രോധവിപ്ലവ:**
**സദാ സന്തുഷ്ടഹൃദയ: സർവപ്രാണിഹിതേ രത: 18**
**നിവാരണസമുദ്യോഗി ശിവകാര്യവിരോധിനാം**
**സഹചാരീ സദാകാലം ശിവോത്കഷഭിധായിഭി: 19**
**ശിവാപകർഷസമ്പ്രാപ്തൌ പ്രാണത്യാഗോപ്യ്ശങ്കിത:**
**ശിവൈകനിഷ്ഠ: സർവാത്മാ വീരമാഹേശ്വരോ ഭവേത്. 20**

**15–20.** പരസ്ത്രീഗമനം ചെയ്യാത്തവനും, അന്യരുടെ ധനം ആഗ്ര ഹിക്കാത്തവനും, ഭഗവാൻ ശിവനുവേിയുള്ള കാര്യങ്ങൾ ചെയ്യു

**41.** ശിവജ്ഞാനത്താൽ പരതത്വവും, പരശിവവും, പരബ്രഹ്മവു മായ മഹാലിംഗതത്വത്തിന്റെ സാക്ഷാത്കാരമുാകുമ്പോൾ അദ്വൈതം പ്രാപ്തമാകുന്നു. ജ്ഞാനമില്ലാത്തവന് ഇത് ഒരിക്കലും ലഭ്യമല്ല.

**ഭേദസ്യ കർമഹേതുത്വാദ് വ്യവഹാര: പ്രവർത്തതേ ലിംഗാ**
**പൂജാദികർമസ്ഥോ ന ചാദ്വൈതം സമാചരേത് 42**

**42.** ഭേദവ്യവഹാരം എന്നത് ജീവേശ്വരന്റെ ഭേദവ്യവഹാരമാകു ന്നു. അവ കർമ്മഹേതുകവുമാണ്. ആയതിനാൽ ലിംഗപൂജാദി കർമ്മങ്ങൾ അനുഷ്ഠിക്കുന്നവന് അദ്വൈത സിദ്ധാന്തങ്ങൾ ആച രിക്കേതില്ല.

**പൂജാദിവ്യവഹാര: സ്യാദ്ഭേദാശ്രയതയാ സദാ**
**ലിംഗപൂജാപരസ്തസ്മാന്നാദ്വൈതേ നിരതോ ഭവേത് 43**

**43.** പൂജ മുതലായ വ്യവഹാരങ്ങൾ എപ്പോഴും ഭേദത്തെ അടി സ്ഥാനമാക്കിയുള്ളതാണ്. അതുകൊ് ലിംഗപൂജയിൽ മുഴുകി യിരിക്കുന്ന ഭക്തന് അദ്വൈത നിരതനാകേതില്ല.

## ആഹ്വാന നിരസന സ്ഥല വർണ്ണന

**ലിംഗാർചനപര: ശുദ്ധ: സർവാദ്വൈത നിരാസക:**
**സ്വേഷ്ടലിംഗേ ശിവാകാരേ ന തമാവാഹയേച്ഛിവം 44**

**44.** ലിംഗാർച്ചനയിൽ മുഴുകിയിരിക്കുന്ന സർവ്വാദ്വൈത നി ഷേ ധിയും പരിശുദ്ധനുമായ വീരശൈവൻ ശിവനാകുന്ന തന്റെ ഇഷ്ട ലിംഗത്തിൽ ശിവനെ ആവാഹനം ചെയ്യരുത്.

**യദാ ശിവകലായുക്തം ലിംഗം ദദ്യാത്മഹാഗുരു:**
**തദാരഭ്യ ശിവസ്തത്ര തിഷ്ഠത്യാഹ്വാനമത്ര കിം 45**

**45.** ശിവകലായുക്തമായ ഇഷ്ടലിംഗം മഹാഗുരു ശിഷ്യനു നൽകിയ ദിവസം മുതൽ ശിവൻ അതിൽ വസിക്കുന്നതു കൊ് വീും ഭഗവാനെ അതിലേക്ക് ആവാഹനം ചെയ്യേതില്ല.

**സംസ്കാരേഷു ലിംഗേഷു സദാ സന്നിഹ്ത: ശിവ:**
**തത്രാഹ്വാനം ന കർത്തവ്യം പ്രതിപത്തിവിരോധകം 46**

**46.** ശിവസംസ്കാര യുക്തമായ ലിംഗങ്ങളിൽ ഭഗവാൻ സദാ സന്നി







ക്കുന്നതുമായ മറ്റു മലിനമായ ധർമ്മങ്ങൾ കൊന്തു ലാഭം? ശംഭുവിന്റെ ലിംഗാർച്ചനാത്മകമായ വീരശൈവധർമ്മത്തിലൂടെ സാക്ഷാൽ മോക്ഷപ്രാപ്തിയുാകുന്നു.

**അർപ്പിതേനാന്നപാനേന ലിംഗേ നിയമപൂജിതേ**
**യേ ദേഹവൃത്തിം കുർവന്തി മഹാമാഹേശ്വരാ ഹി തേ 25**

**25.** ലിംഗസമർപ്പണം ചെയ്ത അന്നവും ജലവും കൊ് നിയ മാനുസരണം ലിംഗപൂജ ചെയ്യുകയും, ദേഹത്തെ ലിംഗാർപ്പണം ചെയ്ത അന്നപാനാദികളാൽ ജീവിക്കുകയും ചെയ്യുന്നവൻ (വീര ശൈവൻ) മഹാമാഹേശ്വരൻ ആകുന്നു.

**ചിന്മയേ ശങ്കരേ ലിംഗേ സ്ഥിരംയേഷാം മന: സദ**
**വിമുക്തേതരസർവാർത്ഥം തേ ശിവാ നാത്ര സംശയ: 26**

**26.** സദാ മനസ്സ് ചിന്മയനായ ഭഗവാൻ ശങ്കരന്റെ ലിംഗത്തിൽ സ്ഥിതി ചെയ്യുകയും, മുക്തികൊ് ഭിന്നങ്ങളായ സർവ്വ കാര്യ ങ്ങളും ത്യജിക്കുകയും ചെയ്യുന്നവൻ ശിവനാകുന്നുവെന്നതിന് സംശയമില്ല.

**ലിംഗേ യസ്യ മനോ ലീനം ലിംഗസ്തുതിപരാ ച വാക്**
**ലിംഗാർച്ചനപരൗ ഹസ്തൗ സ രുദ്രോ നാത്ര സംശയ: 27**

**27.** മനസ്സ് ലിംഗത്തിൽ ലീനമായിരിക്കുകയും, വാക്ക് ലിംഗസ്തു തിയിൽ മുഴുകിയിരിക്കുകയും, കരങ്ങൾ ലിംഗാർച്ചനയിൽ നിരത മായിരിക്കുകയും ചെയ്യുന്നവൻ രുദ്രനാകുന്നുവെന്നതിൽ സംശ യമില്ല.

**ലിംഗനിഷ്ഠസ്യ കിം തസ്യകർമണാ സ്വർഗഹേതുനാ**
**നിത്യാനന്ദശിവപ്രാപ്തിര്യസ്യ ശാസ്ത്രേഷു നിശ്ചിതാ 28**

**28.** ഏതൊരു ഭക്തന്റേയും ശിവാനന്ദ ലബ്ധി ശാസ്ത്ര ങ്ങളനു സരിച്ച് നിശ്ചിതമാണ്. ലിംഗാർച്ചനയിൽ വ്യാപൃതനായ ഭക്തന്റെ സ്വർഗ്ഗഹേതുകമായ കർമ്മങ്ങൾ കൊന്തു പ്രയോജനം?

**ലിംഗാനിഷ്ഠാപരം ശാന്തം ഭൂതിരുദ്രാക്ഷസംയുതം**
**പ്രശംസന്തി സദാ കാലം ബ്രഹ്മാദ്യാ ദേവതാ മുദാ 29**

**29.** ബ്രഹ്മാവ് മുതലായ ദേവന്മാർ ലിംഗനിഷ്ഠയുള്ളവരും, ശാന്ത രും, ഭസ്മരുദ്രാക്ഷ ധാരികളുമായ ശിവഭക്തരെ ആനന്ദത്തോടു

കൂടി സദാ പ്രശംസിക്കുന്നു.

## പൂർവ്വാശ്രയ നിരസ്സന സ്ഥല വർണ്ണന

**ലിംഗൈകനിഷ്ഠാഹൃദയ: സദാ മാഹേശ്വരോ ജന:**
**പൂർവാശ്രയഗതാൽ ധർമാംസ്ത്യജേത് സ്വാചാരരോധകാൻ 30**

**30.** ലിംഗാർച്ചന എന്ന ഒന്നിൽ മാത്രം നിഷ്ഠയുള്ള വീരശൈവൻ തന്റെ പൂർവ്വാശ്രമത്തിലെ വിരോധധർമ്മങ്ങൾ ത്യജിക്കണം.

**സ്വജാതികുലജാൻ ധർമാൻ ലിംഗനിഷ്ഠാവിരോധിന:**
**ത്യജൻ മാഹേശ്വരോ ജ്ഞേയ: പൂർവ്വാ%ശ്രയനിരാസക: 31**

**31.** ലിംഗനിഷ്ഠാവിരോധങ്ങളായ ജാതിയുടെയും കുലത്തിന്റെയും ധർമ്മങ്ങളായ ജനനസൂതകം, മരണസൂതകം മുതലായവയെ ത്യജിക്കുന്നവൻ പൂർവ്വാശ്രയ നിരാസ്സകനായ ഭക്തമാഹേശ്വരൻ (വീരശൈവൻ) എന്നറിയുന്നു.

**ശിവസംസ്കാരയോഗേന വിശുദ്ധാനാം മഹാത്മനാം**
**കിംപൂർവകാലികൈർധർമൈ: പ്രാകൃതാനാം ഹി നേ മതാ: 32**

**32.** ശൈവസംസ്കാര യോഗത്താൽ ശുദ്ധരായിത്തീർന്ന മഹാത്മക്കൾക്ക് പൂർവ്വാശ്രമധർമ്മാനുഷ്ഠാനങ്ങൾ കൊണ്ടെന്തു പ്രയോജനം? അതു സാധാരണക്കാർക്കു വേിയാണെന്നു പറയുന്നു.

**ശിവസംസ്കാരയോഗേന ശിവധർമ്മാനുഷംഗിണാം**
**പ്രാകൃതാനാം ന ധർമ്മേഷു പ്രവൃത്തിരൂപപ്രദ്യതേ 33**

**33.** ശിവയോഗം കൊ് ശിവസംസ്കാരസമ്പന്നരായ ശൈവ ധർമ്മ പരിപാലകർ മറ്റു മതസ്ഥരുടെ മതധർമ്മങ്ങളിൽ പ്രവർത്തിക്കുകയില്ല.

**വിശുദ്ധാ: പ്രാകൃതാശ്ചേതി ദ്വിവിധാ മാനുഷാ: സ്മൃതാ:**
**ശിവസംസ്കാരിണ: ശുദ്ധാ പ്രാകൃതാ ഇതരേ മതാ: 34**

**34.** വിശുദ്ധരും പ്രാകൃതരുമെന്ന് രുവിധത്തിലുള്ള മനുഷ്യരിൽ, ശൈവ സംസ്കാര സമ്പന്നരായവർ വിശുദ്ധരും, മറ്റുള്ളവർ പ്രാകൃതരെന്നും കണക്കാക്കുന്നു.

**വർണാശ്രമാദിധർമാണാം വ്യവസ്ഥാ ഹി ദ്വിധാ മതാ**
**ഏകാ ശിവേന നിർദ്ദിഷ്ടാ ബ്രഹ്മണാ കഥിതാ%പര 35**

**35.** മതാചാരങ്ങളിൽ വർണ്ണാശ്രമം മുതലായവ ശിവ നിർദ്ദേശമെ





ന്നും, ബ്രഹ്മനിർദ്ദേശമെന്നും രു വിധത്തിൽ പറയപ്പെടുന്നു.

**ശിവോക്തധർമനിഷ്ഠാ തു ശിവാശ്രമനിഷേവിണാം**
**ശിവസംസ്കാരഹീനാനാം ധർമ: പൈതാമഹ: സ്മൃത: 36**

**36.** ശൈവാശ്രമത്തിൽ ജീവിക്കുന്നവർക്ക് ശൈവോക്ത ധർമ്മത്തിൽ പ്രത്യേകം നിഷ്ഠയു് ശൈവസംസ്കാരഹീനന്റെ ധർമ്മം ബ്രഹ്മ നിർദ്ദേശമെന്നു പറയുന്നു.

## സർവ്വാദ്വൈതനിരസനസ്ഥലവർണ്ണന

**പൂജ്യപൂജകയോർലിംഗജീവയോർഭേദവർജനേ:**
**പൂജാകർമാദ്യസമ്പത്തേർലിംഗനിഷ്ഠാവിരോധത: 37**
**സർവാദ്വൈതവിചാരസ്യ ജ്ഞാനഭാവോ വ്യവസ്ഥിതേ:**
**ഭവേന്മാഹേശ്വര: കർമി സർവാദ്വൈതനിരാസക: 38**

**37/38.** പൂജ്യനും പൂജകനുമെന്ന ബന്ധമില്ലാതെയും, ശിവജീവ ഭേദങ്ങളില്ലാതെയും, പൂജാകർമ്മങ്ങൾ ചെയ്യുന്നതിൽ അപ്രാപ്തനും, ലിംഗനിഷ്ഠയില്ലാത്തവനും, സർവ്വാദ്വൈതചിന്തകളുടെ നിയമങ്ങളിൽ അറിവില്ലാത്തവനുമായ ധർമ്മിഷ്ഠൻ സർവ്വാദ്വൈത നിരാസകനായ വീരശൈവനാകുന്നു.

**പ്രേരകം ശകരം ബുദ്ധ്വാ പ്രേര്യമാത്മാനമേവ ച**
**ഭേദാത് തം പൂജയേന്നിത്യം ന ചാദ്വൈതപരോ ഭവേത് 39**

**39.** ഭഗവാൻ ശിവശങ്കരനെ പ്രേരകനായും, തന്നെ പ്രേര്യനായും ചിന്തിച്ചുകൊ് ഭേദജ്ഞാനപൂർവ്വം നിത്യേന അവിടുത്തെ പൂജ ചെയ്യണം. അത് അദ്വൈതപരമാകുന്നില്ല.

**പതി: സാക്ഷാത്മഹാദേവ: പശുരേഷ തദാശ്രയ:**
**അനയോ: സ്വാമിഭൃത്യത്വമഭേദേ കഥമിഷ്യതേ 40**

**40.** മഹാദേവൻ സാക്ഷാൽ 'പതി'യും അവിടുത്തെ അധീനതയിൽ ജീവിക്കുന്ന ജീവൻ 'പശു'വുമാകുന്നു. ഇവ രിലും സ്വാമി ഭാവ രൂപ സംബന്ധമാകുന്നു. അഭേദമെന്നു കണക്കാക്കുമ്പോൾ ഇതെങ്ങനെ സംഭവിക്കും.?

**സാക്ഷാത്കൃതം പരം തത്ത്വം യദാ ഭവതി ബോധക:**
**തദാദ്വൈതസമാപത്തിർജ്ഞാനഹീനസ്യ ന കചിത് 41**

**ശിവസ്യ സർവഗതോ഻പി സർവത്ര രതിവർജ്ജിത:**
**സ്വേഷ്ടലിംഗേ യജൻ ദേവം സർവഗത്വനിരാസക. 61**

**61.** ഭഗവാൻ ശിവൻ സർവ്വഗാമിയാണെങ്കിലും സർവ്വതിനോടും അനുരാഗരഹിതനായിരുന്ന് തന്റെ ഇഷ്ടലിംഗം മാത്രം ധ്യാനിച്ച് ശിവ പൂജ ചെയ്യുന്നവനെ 'സർവ്വഗതനിരാസകൻ' എന്നു പറയുന്നു.

## ശിവജഗന്മയസ്ഥല വർണ്ണന

**പൂജാവിധൌ നിയമ്യത്വാ ലിംഗമാത്രേ സ്ഥിതം ശിവം**
**പൂജയന്നപി ദേവസ്യ സർവഗത്വം വിഭാവയേത് 62**

**62.** പൂജയ്ക്ക് വിധിനിയമങ്ങളുള്ളതുകൊ് ലിംഗത്തിൽ മാത്രം പൂജചെയ്താലും ഭക്തന്മാർ ദേവാധിദേവന്റെ സർവ്വവ്യാപിത്വ ത്തെയും ധ്യാനിക്കുന്നു.

**യസ്മാദേതത് സമുത്പന്നം മഹാദേവാച്ചരാചരം**
**തസ്മാദേതത്ര ഭിദ്യേത യഥാ കുംഭാദികം മുദ: 63**

**63.** സർവ്വചരാചരങ്ങളും മഹാദേവനിൽനിന്നുമുായതാകുന്നു. മൺകുടങ്ങൾ മണ്ണിൽ നിന്നു വിഭിന്നമല്ലാത്തതു പോലെ മഹാദേ വനും ഭിന്നമല്ല.

**ശിവത്വാത് സമുല്പന്നം ജഗദ്സ്മാത്ര ഭിദ്യതേ**
**ഫേനോർമിബുദ്ബുദാകാരം യഥാ സിന്ധോർന ഭിദ്യതേ 64**

**64.** സകല ചരാചരങ്ങളും ശിവതത്വങ്ങളിൽ നിന്നുമുായതാ ണ്. നുരയും പതയും തിരമാലകളും സമുദ്രത്തിൽ നിന്നും ഭിന്നമ ല്ലാത്തതുപോലെ മറ്റൊന്നും ശിവതത്വങ്ങളേക്കാൾ ഭിന്നമല്ല.

**യഥാ തന്തുഭിരുല്പന്ന: പടസ്തന്തുമയ: സ്മൃത:**
**തഥാ ശിവാത് സമുല്പന്നം ശിവ ഏവ ചരാചരം 65**

**65.** നൂലുകളാൽ നിർമ്മിതമായ വസ്ത്രം നൂലുമയമെന്നതുപോലെ ശിവനിൽ നിന്നുമുായ സകല ചരാചരങ്ങളും ശിവൻ തന്നെയാ കുന്നു.

**ആത്മശക്തിവികാസേന ശിവോ വിശ്വാത്മനാ സ്ഥിത:**
**കുടിഭാവാദ് യഥാ ഭാതി പട: സ്വസ്യ പ്രസാരണാത്. 66**

**66.** തന്റെ ശക്തി വികാസം കൊ് ഭഗവാൻ ശിവൻ പ്രപഞ്ചരൂ







ഹിതനാണ്. അപ്രകാരമുള്ള ശിവലിംഗത്തിന് ഭക്തി-ജ്ഞാന- വിരോധിയായ ആവഹനത്തിന്റെ ആവശ്യമില്ല.

**നാഹ്വാനം ന വിസർഗം ച സ്വേഷ്ടലിംഗേ തു കാരയേത്**
**ലിംഗനിഷ്ഠാപരോ നിത്യമിതി ശാസ്ത്രസ്യ നിശ്ചയ: 47**

**47.** ലിംഗപൂജയിൽ നിഷ്ഠയുള്ള ഭക്തന് തന്റെ ഇഷ്ടലിംഗത്തിൽ ശിവനെ ആവാഹിക്കേതില്ല എന്നത് ശാസ്ത്ര നിയമമാകുന്നു.

## അഷ്ടമൂർത്തി നിരസനസ്ഥലവർണ്ണന

**യഥാത്മശിവയോരൈക്യം ന മതം കർമ സംഗിന:**
**തഥാ ശിവാത് പൃഥിവ്യാദേരദ്വൈതമപി നേഷ്യതേ. 48**

**48.** ശിവപൂജ, ലിംഗധാരണം മുതലായ കർമ്മങ്ങളിൽ താല്പ ര്യമുള്ളവർ ഭഗവാൻ ശിവനിലും ആത്മാവിലും ഐക്യം ദർശി ക്കാത്തതുപോലെ ഭൂമി മുതലായവയും ശിവനോട് ഐക്യപ്പെ ടുവാൻ ഇഷ്ടപ്പെടുന്നില്ല.

**പൃഥിവ്യാദ്യാഷ്ടമൂർത്തിത്വമീശ്വരസ്യ പ്രകീർത്തിതം**
**തദധിഷ്ഠാതൃഭാവേന ന സാക്ഷാദേകഭാവത: 49**

**49.** പൃഥ്വി മുതലായ അഷ്ടമൂർത്തികളുടെ രൂപമാണ് ഈശ്വരൻ. അവിടുന്ന് അഷ്ടമൂർത്തികളുടെ അധിഷ്ഠാവു മാത്രമല്ല. അതിനേ ക്കാളുപരി അഭിന്നവുമാകുന്നു.

കുറിപ്പ്:
സ്തനവും പാലും വിഭിന്നമാണെങ്കിലും കുട്ടി സ്തനം കുടിച്ചു കൊതിരിക്കുന്നു എന്നത് ലാക്ഷണികമായ വസ്തുതയാണ്. അതു പോലെ മണ്ണുകൊു നിർമ്മിച്ച മൂർത്തിയും ശിവനും വിഭിന്ന മെങ്കിലും ശിവന്റെ മൂർത്തിരൂപമെന്നത് ലാക്ഷണികമാകുന്നു എന്ന തിനെ ബലപ്പെടുത്തുന്നതിന് 'യസ്യ പൃഥ്വി ശരീരം' മുതലായ വാക്യം പ്രമാണമാകുന്നു.

**പൃഥിവ്യാദികമിദം സർവം കാര്യം കർതാ മഹേശ്വര:**
**നൈതത്സാക്ഷാന്മഹേശോ഻യം കുലാലോ മൃത്തികാ യഥാ 50**

**50.** ഇവയെല്ലാം പൃഥ്വി മുതലായവകളുടെ കാര്യവും മഹേശ്വരൻ ഇതിന്റെ കർത്താവുമാകുന്നു. മണ്ണും കുശവനും ഒന്നല്ലാത്തതു

പോലെ പൃഥ്വി മുതലായവയും മഹേശ്വരനും ഒന്നല്ല.

**പൃഥ്വിവ്യാദ്യാത്മപര്യന്തപ്രപഞ്ചോ ഹൃഷ്ടധാ സ്ഥിത:**
**തനുരീശസ്യ ചാത്മായം സർവതത്ത്വനിയാമക: 51**

**51.** ഭൂമി മുതൽ ആത്മാവ് വരെ എട്ടുവിധത്തിൽ പ്രപഞ്ചം നില നിൽക്കുന്നു. അതിന്റെ ശരീരവും ആത്മാവും സർവ്വതത്ത്വങ്ങളുടെ നിയന്താവും ശിവൻ തന്നെയാകുന്നു.

**ശരീരഭൂതാദേതസ്മാത് പ്രപഞ്ചാത് പരമേഷ്ഠിന:**
**ആത്മഭൂതസ്യ ദേവസ്യ നാഭേദോ ന പൃഥക് സ്ഥിതി: 52**

**52.** കുടവും വസ്ത്രവും വെവ്വേറെയെന്നതുപോലെ പരമേഷ്ടി യുടെ ശരീരഭൂതമായ പ്രപഞ്ചത്തേക്കാൾ ആ ത്മഭൂതമായ ഭഗ വാൻ ശിവന് അഭേദമാകുന്നു.

**അചേതനത്വാത് പൃഥ്വിവ്യാദേരജ്ഞത്വാദാത്മനസ്തഥാ**
**സർവജ്ഞസ്യ മഹേശസ്യ നൈകരൂപത്വമിഷ്യതേ. 53**

**53.** ഭൂമി മുതലായവയെല്ലാം അചേതനവും ജീവാത്മാ വ് അല്പ ജ്ഞവും ഭഗവാൻ ശ്രീ പരമേശ്വരൻ സർവ്വജ്ഞനുമാകുന്നു. ഇതു മൂന്നിലും ഐകരൂപ്യം കാണുവാനാകുന്നില്ല.

**ഇതി യശ്ചിന്തയേന്നിത്യം പൃഥ്വിവ്യാദേരഷ്ടമൂർത്തിത:**
**വിലക്ഷണം മഹാദേവം സോ%ഷ്ടമൂർത്തിനിരാസക. 54**

**54.** മഹാദേവനെ ഭൂമ്യാദി അഷ്ടമൂർത്തികളേക്കാളുപരി വില ക്ഷണനായി കാണുകയും ചിന്തിക്കുകയും ചെയ്യുന്നവനെ അഷ്ട മൂർത്തി നിരാസകനെന്നു കണക്കാക്കുന്നു.

## സർവ്വഗത്വ നിരസ്സന സ്ഥല വർണ്ണന

**സർവ്വഗത്വേ മഹേശസ്യ സർവത്രാരാധനം ഭവേത്**
**ന ലിംഗമാത്രേ തന്നിഷ്ഠോ ന ശിവം സർവഗം സ്മരേത് 55**

**55.** മഹേശ്വരൻ സർവ്വവ്യാപിയാണെന്നതുകൊ് ലിംഗത്തെ മാത്രമല്ല സർവ്വസ്വരൂപത്തെയും ആരാധിക്കുന്നു. ലിംഗത്തിൽ മാത്രം അവിടുന്നു കാണപ്പെടുന്നു എന്നു കണക്കാക്കിയാൽ സർവ്വ വ്യാപി യെന്ന് സ്മരിക്കുവാനാവുകയില്ല. (എങ്കിൽ ലിംഗപൂജയെങ്ങനെ യുക്തിയുക്തമാകും?)







**സർവ്വഗോഽപി സ്ഥിത: ശംഭു: സ്വാധാരേ ഹി വിശേഷ**
**തസ്മാദന്യത്ര വിമുഖ: സ്വേഷ്ടലിംഗേ യജേഛിവം 56**

**56.** ഭഗവാൻ ശിവൻ സർവ്വവ്യാപിയാകുന്നുവെങ്കിലും തനിക്കാ ധാരമായ ശിവലിംഗത്തിലും സവിശേഷ രൂപത്തിൽ സ്ഥിതി ചെയ്യു ന്നു. ആയതിനാൽ മറ്റു ദേവന്മാരിൽ നിന്നും വിമുഖരായി തന്റെ ഇഷ്ടലിംഗത്തിൽ തന്നെ പൂജ ചെയ്യണം.

**ശിവ: സർവഗതശ്ചാപി സ്വാധാരേ വ്യജ്യതേ ഭൃശം**
**ശമീർഗർഭേ യഥാ വഹ്നിർവിശേഷേണ വിഭാവ്യതേ. 57**

**57.** വൃക്ഷങ്ങളിലെല്ലാം അഗ്നിയിരിപ്പുങ്കിലും ഗമീവൃക്ഷത്തി നുള്ളിൽ പ്രത്യേകരൂപത്തിൽ സ്പഷ്ടമായിരിക്കുന്നതുപോലെ സർവഗതനായ ഭഗവാൻ ശിവൻ തനിക്കാധാരമായ ഇഷ്ടലിംഗ ത്തിൽ സവിശേഷ രൂപത്തിൽ പ്രത്യക്ഷനായിരിക്കുന്നു.

**സർവഗത്വം മഹേശസ്യ സർവശാസ്ത്രവിനിശ്ചിതം**
**തഥാപ്യാശ്രയലിംഗേന പൂജാർത്ഥമധികാ സ്ഥിതി: 58**

**58.** മഹേശ്വരന്റെ സർവ്വവ്യാപിത്വത്തെക്കുറിച്ച് സകല ശാസ്ത്ര ങ്ങളിലും നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ആശ്രയ ഭൂതമായ ലിംഗത്തിൽ പൂജയ്ക്കും മറ്റുമായി സവിശേഷ രീതിയിൽ സ്ഥിതി ചെയ്യുന്നു.

**നിത്യം ഭാസി തദിയസ്ത്വംയാ തേ രുദ്ര ശിവാ തനു:**
**അഘോരാപാപകാശിതി ശൃതിരാഹ സനാതനി 59**

**59.** അല്ലയോ രുദ്രാ അവിടുത്തെ ശരീരം അതീവ മംഗളകാ രിയും (അഘോരമംഗളം) നിർദ്ദോഷകവുമാകുന്നു എന്ന് (സനാ തനി ശ്രുതിയിൽ) പറയുന്നു. അവ്വിധമുള്ള ശരീരത്തോടു കൂടിയ വനായ ഭഗവാൻ ശിവൻ നിത്യവും പ്രകാശിച്ചുകൊിരിക്കുന്നു.

**തസ്മാത് സർവപ്രയത്നേന സർവസ്ഥാനപരാങ്മുഖ:**
**സ്വേഷ്ടലിംഗേ മഹാദേവം പൂജയേത് പൂജകോത്തമ: 60**

**60.** ഉത്തമപൂജകനായ വീരശൈവൻ സർവ്വ സ്ഥാനങ്ങളിലും പരാങ്മുഖനായിരുന്ന് തന്റെ ഇഷ്ടലിംഗത്തിൽ മഹാദേവന്റെ പൂജ ചെയ്യണം.

## അദ്ധ്യായം 11

# പ്രസാദി സ്ഥല വർണ്ണന

അഗസ്തമഹർഷി പറഞ്ഞു-

**ഉക്തോ മാഹേശ്വര: സാക്ഷാല്ലിംഗനിഷ്ഠാദിധർമവാൻ**
**കഥമേഷ പ്രസാദീതി കഥ്യതേ ഗണനായക 1**

**1.** അല്ലയോ ഗണനായക! സാക്ഷാൽ ശിവലിംഗത്തിൽ നിഷ്ഠയും, മറ്റു ധർമ്മങ്ങൾ മുതലായവയാൽ യോഗ്യനുമായ വീരശൈവനെക്കുറിച്ച് അവിടുന്നു വർണ്ണിച്ചു. വീരശൈവനെ പ്രസാദിയെന്ന് എന്തുകൊു പറയുന്നുവെന്ന് ഇനി പറഞ്ഞുതന്നാലും.

രേണുകാചാര്യർ പറഞ്ഞു-

**ലിംഗനിഷ്ഠാദിഭാവേന ധ്വസ്തപാപനിബന്ധന:**
**മന:പ്രസാദയോഗേന പ്രസാദീത്യേഷ കഥ്യതേ. 2**

**2.** ശിവലിംഗത്തിന്മേലുള്ള നിഷ്ഠ മുതലായ ഭാവങ്ങളാൽ സകല പാപബന്ധങ്ങളേയും ഇല്ലാതാക്കുന്നവനായ വീരശൈവൻ മനസ്സിന്റെ പ്രസന്നതമൂലം പ്രസാദിയെന്നു വിളിക്കപ്പെടുന്നു.

**പ്രസാദിസ്ഥലമിത്യേതദസ്യ മഹാത്മ്യബോധകം**
**അന്തരസ്ഥലഭേദേന സപ്തധാ പരികീർത്തിതം 3**

**3.** പ്രസാദിസ്ഥലം ഇതിന്റെ മഹത്വത്തിന്റെ ജ്ഞാപകമാകുന്നു. ഇതിലന്തർഗതമായിരിക്കുന്ന സ്ഥലങ്ങൾ ഭേദം കൊ് 7 വിധമെന്നു പറയുന്നു.

**പ്രസാദിസ്ഥലമാദൌ തു ഗുരുമാഹാത്മ്യകം തത:**
**തതോ ലിംഗപ്രശംസാ ച തതോ ജംഗമഗൌരവം 4**
**തതോ ഭക്തസ്യ മാഹാത്മ്യം തത: ശരണകീർതനം**
**ശിവപ്രസാദമാഹാത്മ്യമിതി സപ്തപ്രകാരകം 5**

**4/5.** (1) പ്രസാദിസ്ഥലം (2) ഗുരുമാഹാത്മ്യ സ്ഥലം (3) ലിംഗപ്രശംസാ സ്ഥലം (4) ജംഗമഗൌരവ സ്ഥലം (5)ഭക്ത മാഹാത്മ്യ സ്ഥലം (6) ശരണകീർത്തനസ്ഥലം (7) ശിവ പ്രസാദ മാഹാത്മ്യ സ്ഥലം എന്നിങ്ങനെ പ്രസാദിസ്ഥലം ഏഴുവിധമാകുന്നു.





പത്തിൽ സ്ഥിതി ചെയ്യുന്നു. വസ്ത്രം അതിന്റെ വിസ്തൃതി കൊ് കൂടാരം പോലാകുന്നതുപോലെ ഭഗവാനും ജഗത് സ്വരൂപനായി സ്ഥിതി ചെയ്യുന്നു.

**തസ്മാച്ഛിവമയം സർവം ജഗദേതച്ചരാചരം**
**തദഭിന്നതയാ ഭാതി സർപത്വമിവ രജ്ജുത: 67**

**67.** കയറിനെക്കൊ് സർപ്പത്വം ആരോപിക്കുന്നതുപോലെ ശിവമയമായ ഈ സർവ്വജഗത്തും ശിവനിൽ നിന്നും അഭിന്നരൂപത്തിൽ പ്രകാശിച്ചുകൊിരിക്കുന്നു.

**രജ്ജൌ സർപത്വവദ് ഭാതി ശുക്തൌ ച രജതത്വവത്**
**ചോരത്വവദപി സ്ഥാണൌ മരീച്യാം ച ജലത്വവത് 68**
**ഗന്ധർവപുരവദ്വയോമ്നി സച്ചിദാനന്ദലക്ഷണോ**
**നിരസ്തഭേദസദ്ഭാവേ ശിവേ വിശ്വം വിരാജതേ 69**

**68/69.** കയറിന്മേൽ സർപ്പത്വവും, മുത്തിന്മേൽ രജതത്വവും, തൂണിന്മേൽ ചോരത്വവും, മരുപ്പച്ചയിൽ ജലത്വവും ആകാശത്തിൽ ഗന്ധർവ്വനഗരത്വവും ആരോപിച്ചിരിക്കുന്നതുപോലെ സച്ചിദാനന്ദരൂപനും ഭേദരഹിതനുമായ ശിവനിൽ പ്രപഞ്ചം വിളങ്ങുന്നു.

**പത്രശാഖാദിരൂപേണ യഥാ തിഷ്ഠതി പാദപ:**
**തഥാ ഭൂമ്യാദിരൂപേണ ശിവ ഏകോ വിരാജതേ 70**

**70.** ഒരേ വൃക്ഷം തന്നെ അനേകം ശാഖകളും ഇലകളോടും കൂടി സ്ഥിതിചെയ്യുന്നതുപോലെ ഒരേ ശിവൻ തന്നെ അനേകരൂപത്തിൽ ഭൂമി തുടങ്ങിയവകളിൽ ശോഭിക്കുന്നു.

## ഭക്ത ദേഹിക ലിംഗസ്ഥല വർണ്ണന

**സമസ്തജഗദാത്മാ%പി ശങ്കര: പരമേശ്വര:**
**ഭക്താനാം ഹൃദയാംഭോജേ വിശേഷണ വിരാജതേ 71**

**71.** ഭഗവാൻ ശിവശങ്കരൻ (ശ്രീപരമേശ്വരൻ) സർവ്വജഗത്തിലും വ്യാപിച്ചിരിക്കുന്നതുപോലെ ഭക്തന്മാരുടെ ഹൃദയ കമലത്തിലും വളരെ വിശേഷരൂപത്തിൽ പ്രശോഭിച്ചിരിക്കുന്നു.

**കൈലാസേ മന്ദരേ ചൈവ ഹിമാദ്രൌ കനകാചലേ**

**ഹൃദയേഷു ച ഭക്താനാം വിശേഷേണ വ്യവസ്ഥിത: 72**

**72.** കൈലാസം, മന്ദര, സുമേരു എന്നീ പർവ്വതങ്ങളിൽ സ്ഥിതി ചെയ്തിരിക്കുന്നതുപോലെ ഭഗവാൻ ശിവൻ ഭക്തന്മാരുടെ ഹൃദയങ്ങളിലും വിശേഷരൂപത്തിൽ സ്ഥിതി ചെയ്യുന്നു.

**സർവാത്മാപി പരിച്ഛിന്നോ യഥാ ദേഹേഷു വർത്തതേ**
**തഥാ സ്വകീയഭക്തേഷു ശങ്കരോ ഭാസതേ സദാ 73**

73. സർവ്വ വ്യാപിയായിരിക്കുന്ന പരമാത്മാവ് തിര്യക് മനുഷ്യൻ മുതലായ ശരീരങ്ങളിൽ പ്രതിബിംബഭാവത്തിൽ ഒളിഞ്ഞിരിക്കുന്നതുപോലെ ഭഗവാൻ ശങ്കരൻ തന്റെ ഭക്തന്മാരിലും എപ്പോഴും വിളങ്ങിക്കൊിരിക്കുന്നു.

**നിത്യം, ഭാതി ത്വദിയേഷു യാ തേ രുദ്ര ശിവാ**
**തനു:അഘോരാഽപാപകാശീതി ശ്രുതിരാഹ സനാതനി 74**

**74.** അല്ലയോ രുദ്രാ! അവിടുന്ന് ലിംഗമൂർത്തിയും, അഘോരമൂർത്തിയും, അപാപകാശിതിയും, ദോഷരഹിതവുമായ അവിടുത്തെ ശരീരമാകുന്ന ഭക്തന്മാരുടെ ഉള്ളിലും നിത്യേന വിളങ്ങുന്നു എന്ന് സനാതന ശൃതിയിൽ പറയുന്നു.

**വിശുദ്ധേഷു വിരക്തേഷു വിവേകിഷു മഹാത്മസു**
**ശിവസ്തിഷ്ഠതി സർവാത്മാ ശിവലാഞ്ഛനധാരിഷു 75**

**75.** വിശുദ്ധനും, വൈരാഗ്യയുക്തനും വിവേകിയും ശിവചിഹ്നമായി ശിവലിംഗം ധരിക്കുന്നവനുമായ മഹാത്മാക്കളുടെ ഹൃദയത്തിൽ ഭസ്മരുദ്രാക്ഷങ്ങൾ ധരിക്കുന്നവനും ചൈതന്യ യുക്തനും നിത്യപ്രകാശനും സർവ്വാത്മാവുമായിരിക്കുന്ന ശിവൻ വിളങ്ങുന്നു.

**നിത്യംസന്തോഷയുക്താനാം ജ്ഞാനനിർധൂതകർമണാം**
**മാഹേശ്വരാണാമന്ത:സ്ഥോ വിഭാതി പരമേശ്വര: 76**

**76.** നിത്യവും സന്തോഷയുക്തരും ശിവ ജ്ഞാനത്തോടുകൂടി സകല കർമ്മങ്ങളെയും ഭസ്മീകരിക്കാൻ കഴിവുള്ളവരുമായ വിരശൈവഭക്തരുടെ ഹൃദയത്തിൽ സ്ഥിതിചെയ്തുകൊ് ഭഗവാൻ ശ്രീപരമേശ്വരൻ പ്രകാശിക്കുന്നു.

**അന്യത്രേ ശംഭോ രതിമാത്രശൂന്യോ**
**നിജേഷ്ടലിംഗേ നിയതാന്തരാത്മാ**







**ശിവാത്മകം വിശ്വമിദം വിബുദ്ധ്യ-**
**ന്മാഹേശ്വരോഽസൌ ഭവതി പ്രസാദി 77**

**77.** ഭഗവാൻ ശംഭുവിനെകൂടാതെയുള്ള വിഷയങ്ങളിൽ ആസക്തിയില്ലാത്തവനും, അന്യദേവതാ പ്രീതിയില്ലാത്തവനും, തന്റെ ഇഷ്ടലിംഗത്തിൽ മാത്രം സംയുക്തവുമായ മനസ്സുള്ളവരും പ്രപഞ്ചം മുഴുവൻ ശിവസ്വരൂപമായി കാണുന്നവനുമായ ഈ മാഹേശ്വരൻ (വീരശൈവൻ) തന്നെ പ്രസാദിയും, സ്വയം പ്രസന്നനായിരുന്ന് മറ്റുള്ളവരെ പ്രസാദിപ്പിക്കുന്നവനുമായവൻ പ്രസാദിസ്ഥലസാധകനായിത്തീരുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ മാഹേശ്വര സ്ഥലവർണ്ണന എന്ന 10-ാമത്തെ അദ്ധ്യായം സമാപ്തം.**

**തസ്മാന്നി: ശ്രേയസപ്രാപ്ത്യൈ പൂജയേത് തം സമാഹിത: 23**

**23.** ആചാര്യനെ അപമാനിക്കുന്നതുകൊ് മോക്ഷപ്രാപ്തിക്ക് വിഘ്നം വരുന്നു. ആയതിനാൽ കീർത്തിലഭ്യമാക്കുന്നതിന് സംയമചിത്തനായിരുന്ന് അവിടുത്തെ പൂജ ചെയ്യണം.

**ഗുരുഭക്തിവിഹീനസ്യ ശിവഭക്തിർ ന ജായതേ**
**തത: ശിവേ യഥാ ഭക്തിസ്തഥാ ഭക്തിർഗുരാവപി 24**

**24.** ഗുരുഭക്തിയില്ലാത്ത വ്യക്തിയുടെ ഹൃദയത്തിൽ ശിവഭക്തിയുായിരിക്കുകയില്ല. ആയതിനാൽ ശിവനു വേി ചെയ്യുന്നതെല്ലാം ഗുരുവിനും ചെയ്യണം.

## ലിംഗമാഹാത്മ്യ സ്ഥല വർണ്ണന

**ഗുരുമാഹാത്മ്യയോഗേന നിജജ്ഞാനാതിരേകത:**
**ലിംഗസ്യാപി ച മാഹാത്മ്യം സർവ്വോത്കൃഷ്ടം വിഭാവ്യതേ 25**

**25.** ഗുരുവിന്റെ മഹിമയും, തന്റെ ജ്ഞാനാധികൃതയും കൊ് ലിംഗത്തിന്റെ മാഹാത്മ്യം സർവ്വോത്കൃഷ്ടമെന്ന് കണക്കാക്കുന്നു.

**ശിവസ്യ ബോധലിംഗം യദ് ഗുരുബോധിതചേതസാ**
**തദേവ ലിംഗം വിജ്ഞേയം ശങ്കരം സർവകാരണം 26**

**26.** ഗുരുമുഖേന പ്രബോധചിത്തനായ വ്യക്തി ശിവന്റെ ബോധലിംഗമാകുമ്പോൾ അവൻ ആ ബോധലിംഗത്തെ സർവ്വകാരണനായ ഭഗവാൻ ശങ്കരന്റെ ലിംഗമെന്നു കാണണം.

**പരം പവിത്രമമലം ലിംഗം ബ്രഹ്മ സനാതനം**
**ശിവാഭിധാനം ചിന്മാത്രം സദാനന്ദം നിരങ്കുശം 27**
**കാരണം സർവലോകാനം വേദാനാമപി കാരണം**
**പൂരണം സർവതത്ത്വസ്യ താരണം ജന്മവാരിധേ: 28**
**ജ്യോതിർമയ മനിർദ്ദേശ്യം യോഗിനാമാത്മനി സ്ഥിതം**
**കഥം വിജ്ഞായതേ ലോകേ മഹാ ഗുരുദയാം വിനാ 29**

**27/28/29** ശിവലിംഗം പരമപവിത്രവും, നിർമ്മലവും, സനാതനവും, ബ്രഹ്മവും, ചിന്മാത്രയും, സദാനന്ദവും, നിരങ്കുരവും, സർവ്വലോകകാരണവും, വേദകാരണവും, സമ്പൂർണ്ണ തത്വപൂരകവും, ജന്മസാഗരം കടത്തുന്നതും ശിവയോഗികളുടെ ഹൃദയത്തിൽ





**നൈർമല്യം മനസോ ലിംഗം പ്രസാദം ഇതി കഥ്യതേ**
**ശിവസ്യ ലിംഗരൂപസ്യ പ്രസാദാദേവ സിദ്ധ്യതി 6**

**6.** അല്ലയോ മഹർഷേ! ഞാനിതിന്റെ ക്രമത്തിലുള്ള ലക്ഷണങ്ങൾ പറയാം. മനസ്സിന്റെ നിർമ്മലതയാകുന്ന അടയാളത്തെ പ്രസാദം എന്നു പറയുന്നു. അത് ലിംഗമാകുന്ന ശിവന്റെ കൃപാകടാക്ഷം കൊു ലഭ്യമാകുന്നു.

**ശിവപ്രസാദം യദ്ദ്രവ്യം ശിവായ വിനിവേദിതം**
**നിർമാല്യം തത് ശൈവാനാം മനോനൈർമല്യകാരണം 7**

**7.** ഭഗവാൻ ശിവനു സമർപ്പിച്ച ഏതൊരു പ്രസാദവും അതിന്റെ നൈർമ്മല്യവും വീരശൈവരുടെ മനസ്സിന്റ നൈർമ്മല്യത്തിനും കാരണമാകുന്നു.

**മന:പ്രസാദ സിദ്ധ്യാർത്ഥം നിർമലജ്ഞാനകാരണം**
**ശിവപ്രസാദം സ്വീകുർവൻ പ്രസാദിത്യേഷ കഥ്യതേ 8**

**8.** മനസ്സിന്നു പ്രസന്നത ലഭിക്കുന്നതിനുവേി നിർമ്മലമായ ശിവജ്ഞാന കാരണമായ ശിവപ്രസാദം സ്വീകരിക്കുന്ന വീരശൈവനെ പ്രസാദി എന്നു പറയുന്നു.

**അന്നശുദ്ധ്യാ ഹി സർവേഷാം തത്ത്വശുദ്ധിരുദാഹൃതാ**
**വിശുദ്ധമന്നജാതം ഹി യച്ഛിവായ സമർപിതം 9**
**തദേവം സർവകാലം തു ഭുഞ്ജാനോ ലിംഗതത്പര:**
**മന:പ്രസാദമതുലം ലഭതേ ജ്ഞാനകാരണം 10**

**9/10.** അന്നശുദ്ധികൊ് സർവ്വതിന്റെയും തത്വശുദ്ധിവരുന്നു. ഭഗവാൻ ശിവനു സമർപ്പിക്കുന്നതെന്തും വിശുദ്ധ അന്നമാകുന്നു. ശിവാരാധനാ തല്പരരും, സദാ പ്രസാദാന്നം ഭുജിക്കുന്നവരുമായ ശിവഭക്തർക്ക് (വീരശൈവർക്ക്) ജ്ഞാനം കൊുാകുന്ന മനസ്സന്തോഷം പ്രാപ്തമാകുന്നു.

**ആത്മഭോഗായ നിയതം യദ്യദ് ദ്രവ്യം സമാഹിതം**
**തത്തത് സമർപ്യ ദേവായ ഭുഞ്ചിതാത്മവിശുദ്ധയേ 11**

**11.** നിശ്ചിതരൂപം കൊ് ശേഖരിക്കുന്ന ദ്രവ്യങ്ങൾ ആത്മഭോഗത്തിനും, ആത്മശുദ്ധിക്കും വേി മഹാദേവനു സമർപ്പിച്ച ശേഷം ഭുജിക്കണം

**നിത്യസിദ്ധേന ദേവേന ഭിഷജാ ജന്മരോഗിണാം**
**യദ്യത് പ്രസാദിതം ഭുക്ത്വാ തത്തജ്ജന്മരസായനം 12**

**12.** ജന്മമാകുന്ന രോഗികൾക്കായി നിത്യസിദ്ധനായ വൈദ്യനാകുന്ന ഭഗവാൻ ശിവശങ്കരനാൽ ഭോഗം ചെയ്ത ശേഷം പ്രസാദമായിട്ടുള്ള സർവ്വതും പുനർ (ജന്മരസായനം) ജന്മത്തിൽ മോക്ഷം ലഭിക്കുന്നതിനുള്ള ഔഷധമാകുന്നു.

**ആരോഗ്യകാരണം പുംസാമന്തഃകരണശുദ്ധിദം**
**താപത്രയമഹാരോഗസമുദ്ധരണഭേഷജം 13**
**വിദ്യാവൈശദ്യകാരണം വിനിപാതവിഘാതനം**
**ദ്വാരം ജ്ഞാനാവതാരസ്യ മോഹോച്ഛേദസ്യ കാരണം 14**
**വൈരാഗ്യസമ്പദോ മൂലം മഹാനന്ദപ്രവർധനം**
**ദുർലഭം പാപചിത്താനാം സുലഭം ശുദ്ധകർമണാം 15**
**ആദൃതം ബ്രഹ്മവിഷ്ണ്വാദ്യൈർവസിഷ്ഠാദ്യൈശ്ചതാപസൈ:**
**ശിവസ്വീകൃതമന്നാദ്യം സ്വീകാര്യം സിദ്ധികാങ്ക്ഷിഭി: 16**

**16.** ശിവലബ്ധി ആഗ്രഹിക്കുന്നവർ-ശിവനു സമർപ്പിച്ച (നിവേദ്യം) അന്നം മുതലായവ ഭുജിക്കുക. പുരുഷന്മാരുടെ ആരോഗ്യത്തിനു നിദാനവും, അവരുടെ മനസ്സിനെ ശുദ്ധീകരിക്കുന്നതും, മൂന്നുവിധം താപമാകുന്ന മഹാരോഗോദ്ധാരണ ഔഷധവും, വിദ്യ കൂടുതൽ പ്രബുദ്ധമാക്കുന്നതും, കൃത്രിമദോഷം (പതനം)തടയുന്നതും, ജ്ഞാനോദയത്തിന്റെ കവാടവും, മോഹങ്ങളില്ലാതാക്കുന്നതുമാകുന്നു. പാപികൾക്കേറെ ദുർല്ലഭവും ശുദ്ധാചാരങ്ങൾ അനുഷ്ഠിക്കുന്നവർക്ക് സുലഭവും ആകുന്നു. ബ്രഹ്മാവ്, വിഷ്ണു മുതലായ ദേവകളും, വസിഷ്ഠൻ തുടങ്ങിയ ഋഷിമാരും ഈ പ്രസാദത്തെ ആദരിക്കുന്നു.

**പത്രം, പുഷ്പം, ഫലം തോയം യച്ഛിവായ നിവേദിതം**
**തത്തത്സ്വീകാരയോഗേന സർവപാപക്ഷയോ ഭവേത് 17**

17. ശിവന് സമർപ്പിച്ച പത്രം (കൂവളത്തില), പുഷ്പം, ഫലം, ജലം ഇവയിലേതെങ്കിലും ഒന്ന് സ്വീകരിക്കുന്നതുകൊ് സർവ്വ പാപങ്ങളും നശിക്കുന്നു.

**യഥാ ശിവപ്രസാദാന്നം സ്വീകാര്യം ലിംഗതല്പരൈ:**





**തഥാ ഗുരോ: പ്രസാദാന്നം തഥൈവ ശിവയോഗിനാം**
**18**

**18.** ലിംഗാരാധനയിൽ തല്പരരായവർ ശിവപ്രസാദമാകുന്ന അന്നം സ്വീകരിക്കുന്നതുപോലെ ശിവയോഗികളുടെ പ്രാസാദാന്നം സ്വീകരിക്കണം.

## ഗുരുമാഹാത്മ്യ സ്ഥല വർണ്ണന

**ഗുരുരേവാത്ര സർവേഷാം കാരണം സിദ്ധികർമണാം**
**ഗുരുരൂപോ മഹാദേവോ യത: സാക്ഷാദുപസ്ഥിത: 19**

**19.** ലോകത്തിൽ സർവ്വസിദ്ധികർമ്മങ്ങളുടെയും കാരണഭൂതൻ ഗുരുവാകുന്നു. ആ ഗുരുവിന്റെ രൂപത്തിൽ സാക്ഷാൽ മഹാദേവൻ ഉപസ്ഥിതനാകുന്നു.

**നിഷ്കളോ ഹി മഹാദേവോ നിത്യജ്ഞാനമഹോദധി:**
**സകളോ ഗുരുരൂപേണ സർവാനുഗ്രഹകോ ഭവേത് 20**

**20.** നിത്യജ്ഞാനത്തിന്റെ സാഗരമായ മഹാദേവൻ നിഷ്കളവും, ഗുരുരൂപത്തിലിരുന്ന് സകളവുമായിത്തീരുന്നു.

**യ: ശിവഃ സ ഗുരുർജ്ഞേയോ യോ ഗുരു: സ. ശിവഃ സ്മൃത:**
**ന തയോരന്തരം കുര്യാദ് ജ്ഞാനാവാപ്തൗ മഹാമതി: 21**

**21.** ശിവനാകുന്നവനെ ഗുരു എന്നും, ഗുരു ആകുന്നവനെ ശിവൻ എന്നും പറയുന്നു. ഗുരു ശിവസായൂജ്യരൂപമായ മോക്ഷത്തിനു കാരണഭൂതമായ ശിവജ്ഞാനദാതാവാകുന്നതിനാൽ ശിവനിൽ നിന്നും അഭിന്നമാകുന്നു. ജ്ഞാനലബ്ധിയിൽ പണ്ഡിതന്മാർ രിലും ഭേദം കാണുന്നില്ല.

**ഹസ്തപദാദിസാമ്യേന നേതരൈ: സദൃശം വദേത്**
**ആചാര്യജ്ഞാനദം ശുദ്ധം ശിവരൂപതയാ സ്ഥിതം 22**

**22.** ജ്ഞാനദാതാവും ശുദ്ധനും, ശിവസ്വരൂപസ്ഥിതനുമായ ആചാര്യനെ കൈകാലുകളുടെ സമാനതകൾകൊ് സാധാരണക്കാരോട് തുലനപ്പെടുത്തിപറയരുത്.

**ആചാര്യസ്യാവമാനേന ശ്രേയ: പ്രാപ്തിർവിഹന്യതേ**

[illegible]

46 [illegible]

47 [illegible]

48 [illegible]

49 [illegible]

50 [illegible]







[illegible]

30 [illegible]

31 [illegible]

32 [illegible]

33 [illegible]

34 [illegible]

**യസ്മാഛിവപ്രസാദാത് സ്യാത്തദസ്യ മഹിമോച്യതേ** **67**

**67.** ഗുരു, ലിംഗ ജംഗമാദികളുടെ മാഹാത്മ്യവിശേഷങ്ങൾ അനുഭവിക്കുന്നത് ശിവപ്രസാദത്തിന്റെ മഹിമ കൊാകുന്നു.

**സദാ ലിംഗൈകനിഷ്ഠാനാം ഗുരുപൂജാനുഷംഗിണാം**
**പ്രപന്നാനാം വിശുദ്ധാനാം പ്രസീദതി മഹേശ്വര:** **68**

**68.** സദാ ലിംഗാർച്ചനയിൽ മുഴുകിയവനും, ഗുരുപൂജാ തല്പരനും പ്രസന്നനും, വിശുദ്ധനുമാകുന്നവനിൽ ഭഗവാൻ ശ്രീ പരമേശ്വരൻ പ്രസന്നനായിത്തീരുന്നു.

**പ്രസാദോഽപി മഹേശസ്യ ദുർല്ലഭ: പരികീർത്യതേ**
**ഘോരസംസാരസന്താപനിവൃത്തിർയേന ജായതേ** **69**

**69.** ഘോരമായ ലൌകിക ദുഃഖത്തെ അകറ്റുവാൻ ശ്രീപരമേശ്വരന്റെ വരപ്രസാദം ലഭിക്കുക വളരെ ദുർല്ലഭമെന്നു പറയുന്നു.

**യജ്ഞാസ്തപാംസി മന്ത്രണാം ജപശ്ചിന്താ പ്രബോധനം**
**പ്രസാദാർത്ഥം മഹേശസ്യ കീർതിതാനി ന സംശയ:** **70**

**70.** യജ്ഞം,തപം, മന്ത്രജപം, ധ്യാനം, ജ്ഞാനം എന്നീ സാധനകൾ മഹേശ്വരന്റെ സന്തോഷത്തിനുവേിയാണെന്നു പറയുന്നതിൽ യാതൊരു സംശയവുമില്ല.

**പ്രസാദമൂലാ സർവേഷാം ഭക്തിവ്യഭിചാരിണീ**
**ശിവപ്രസാദഹീനസ്യ ഭക്തിശ്ചാപി ന സിദ്ധ്യതി** **71**

**71.** ശിവപ്രസാദത്തിൽ നിന്നുാകുന്ന ഭക്തി സർവ്വർക്കും ഏകനിഷ്ഠയോടുള്ളതാകുന്നു. ശിവപ്രസാദമില്ലാത്ത വ്യക്തിക്ക് ഭക്തിയുമുാവുകയില്ല.

**ഗർഭസ്ഥോ ജായമാനോ വാ ജാതോ വാ ബ്രാഹ്മണോഽഥവാ**
**അന്ത്യജോ വാപി മുച്യേത പ്രസാദേ സതി ശങ്കരേ** **72**

**72.** തന്മൂലം ശിവൻ പ്രസന്നനാകുമ്പോൾ ഗർഭസ്ഥനോ, ഉായിരുന്നതോ ഉായതോ ആയ ബ്രാഹ്മണനോ ചണ്ഡാളനോ ആരും തന്നെ മുക്തരാകുന്നില്ല.

**ബ്രഹ്മാദ്യാ വിബുധാ സർവേ സ്വസ്വസ്ഥാനനിവാസിന:**







**സുകൃതം ദുഷ്കൃതം ചാപി ശിവഭക്തസ്യ നാസ്തി ഹി**
**ശിവഭക്തിവിഹീനാനാം കർമപാശനിബന്ധന** **51**

**51.** ശിവഭക്തന്മാർക്ക് പുണ്യപാപങ്ങളില്ല. കർമ്മപാശബന്ധനം ശിവഭക്തിയില്ലാത്ത സാധാരണ ജനങ്ങൾക്കുള്ളതാണ്.

**ശിവാശ്രിതാനാം ജന്തൂനാം കർമ്മണാ നാസ്തി സംഗമ:**
**വാജിനാം ദിനനാഥസ്യ കഥം തിമിരജം ഭയം** **52**

**52.** സൂര്യന്റെ (കിരണങ്ങളാകുന്ന) കുതിരകൾക്ക് അന്ധകാരഭയമില്ലാത്തതുപോലെ ശിവനിൽ ഭക്തി-വിശ്വാസങ്ങൾ നിറച്ചിരിക്കുന്ന ഭക്തന്മാരെ കർമ്മഫലം പിൻതുടരുകയില്ല.

**നിരോദ്ധും ന ക്ഷമം കർമ ശിവഭക്താൻ വിശൃംഖലാൻ**
**കഥം മത്തഗജാൻ രുന്ധേച്ഛൃംഖലാ ബിസതന്തുജാ** **53**

**53.** മദയാനയെ താമരനൂലിനാൻ ബന്ധിക്കാനാകാത്തതുപോലെ ബന്ധനമുക്തരായ ശിവഭക്തന്മാരെ കർമ്മബന്ധങ്ങൾക്ക് തടയാനാവുകയില്ല.

**ബ്രാഹ്മണ: ക്ഷത്രിയോ വാപി വൈശ്യോ വാ ശൂദ്ര ഏവ**
**അന്ത്യജോ വാ ശിവേ ഭക്ത: ശിവവന്മാന്യ ഏവ സ** **54**

**54.** ബ്രാഹ്മണനും ക്ഷത്രിയനും, വൈശ്യനും, ശൂദ്രനും, അന്ത്യജനും ശിവഭക്ത്യാദരവുമുള്ളവരെങ്കിൽ അവരും ശിവസമാനരായിത്തീരുന്നു.

**ശിവഭക്തി സമാവേശേ ക്വ ജാതിപരികല്പനാ**
**ഇന്ധനേഷ്വഗ്നിദഗ്ധേഷു കോ വാ ഭേദ: പ്രകീർത്യതേ** **55**

**55.** ഇന്ധനങ്ങൾ കത്തുമ്പോൾ അഗ്നിക്കും ഇന്ധനത്തിനും പലവിധത്തിലുള്ള വ്യതിയാനങ്ങൾ സംഭവിക്കുന്നു. ശിവഭക്തി ഉള്ളിൽ നിറയുമ്പോൾ ജാതി സങ്കല്പങ്ങൾ സംഭവിക്കുന്നില്ല.

**ശുദ്ധാ നിയമസംയുക്താ: ശിവാർപിതഫലാഗമാ:**
**അർച്ചയന്തി ശിവം ലോകേ വിജ്ഞേയാസ്തേ ഗണേശ്വരാ:** **56**

**56.** ദീക്ഷ മുതലായവ കൊ് പരിശുദ്ധനും, നിയമങ്ങളാൽ ബന്ധിതനും, തന്റെ അർച്ചനയുടെ ഫലത്തെ ശിവാർപ്പണം ചെയ്യുന്നവനുമായവൻ ഈ പ്രപഞ്ചത്തിൽ ശിവാർച്ചനയും ശിവപൂജയും ചെയ്യുന്നുവെങ്കിൽ അയാൾ ശിവഗണമായ രേണുകാ ഗണേശ്വര

നായിത്തീരുന്നു.

## ശരണമഹത്വ സ്ഥല വർണ്ണന

**ഗുരുലിംഗാദിമാഹാത്മ്യബോധാന്വേഷണസംഗത:**
**സർവാത്മനാ ശിവാപതി: ശരണസ്ഥാനമുച്യതേ 57**

**57.** ഗുരു, ലിംഗം, ജംഗമങ്ങളുടെ മാഹാത്മ്യാന്വേഷണ ത്തോടൊപ്പം ശിവശരണത്തിൽ പോകുന്നതിനെ ശരണസ്ഥലം എന്നു പറയുന്നു.

**ബ്രഹ്മാദിവിബുധാൻ സർവാൻ മത്വാ പ്രാകൃതവൈഭവാൻ**
**പ്രപദ്യതേ ശിവംയത്തും ശരണം തദുദാഹൃതം 58**

**58.** പ്രകൃതി വൈഭവങ്ങളാൽ യുക്തരായ ബ്രഹ്മാദി ദേവകളെ ത്യജിച്ചിട്ട് ശിവശരണത്തിൽ വരുന്നവനെ ശരണൻ എന്നുപറയു ന്നു.

**ശരണ്യ: സർവഭൂതാനാം ശങ്കര: ശശിശേഖര:**
**സർവ്വാത്മനാ പ്രപന്നസ്തം ശരണാഗത ഉച്യതേ 59**

**59.** ശിരസ്സിൽ ചന്ദ്രക്കലാധാരിയായ ഭഗവാൻ ശിവശങ്കരൻ സകല ജീവികളുടെയും ശരണദാതാവാകുന്നു. സർവ്വാത്മനാ അവി ടുത്തെ ശരണത്തിൽ ആകുന്നവനെ ശരണാഗതൻ എന്നു വിളി ക്കുന്നു.

**വിമുക്തഭോഗലാലസ്യോ ദേവതാന്തര നിസ്പൃഹ:**
**ശിവമഭ്യർത്ഥയൻ മോക്ഷം ശരണാർത്ഥീതി ഗീയതേ 60**

**60.** ഭോഗലാലസതയും, വിഷയ ലമ്പടത്വവും, അന്യദേവപ്രീതി യില്ലാത്തവരുമായ വ്യക്തികൾ ശിവനോട് മോക്ഷത്തിനപേക്ഷി ക്കുന്നുവെങ്കിൽ അവനെ ശരണാർത്ഥി എന്നു പറയുന്നു.

**യേ പ്രപന്നാ മഹാദേവം മനോവാക്കായകർമഭി:**
**തേഷാം തു കർമ്മജാതേന കിം വാ ദേവതാദിതർപണൈ 61**

**61.** മനസ്സ്, വാക്ക്, ശരീരം, കർമ്മം എന്നിവകളാൽ ശിവശരണ ത്തിൽ വരുന്നവന് യാഗാദികർമ്മങ്ങളും തർപ്പണങ്ങളും കൊ് യാതൊരു പ്രയോജനവും ഇല്ല.

**സർവേഷാമപി യജ്ഞാനാം ക്ഷയ: സ്വർഗ: ഫലായതേ**





**അക്ഷയം ഫലമാപ്നോതി പ്രപന്ന: പരമേശ്വരം 62**

**62.** യാതൊരു യജ്ഞങ്ങൾ കൊും സ്വർഗ്ഗപ്രാപ്തിയുാ കുകയില്ല. എന്നാൽ ഭഗവാൻ ശ്രീപരമേശ്വരന്റെ ശരണത്തിൽ വരു ന്നവന് അക്ഷയമായ ശിവസായൂജ്യം ലഭ്യമാകുന്നു.

**പ്രപന്നപാരിജാതസ്യ ഭവസ്യ പരമാത്മന:**
**പ്രപത്യാ കിം ന ജായേത പാപിനാമപി ദേഹിനാം 63**

**63.** പരമാത്മാവായ ശിവൻ തന്റെ ഭക്തന്മാർക്ക് കല്പവൃക്ഷ ത്തിനു സമാനനാണ്. ഇപ്രകാരം ശിവനോടുള്ള പ്രതിപത്തി കൊ് പാപികളായ ജീവന്മാർക്ക് (ആത്മാക്കൾ) ലഭിക്കാത്തതാ യൊന്നുമില്ല.

**പ്രപന്നാനാം മഹാദേവം പരിപക്വാന്തരാത്മനാം**
**ജന്മൈവ ജന്മ നാന്യേഷാം വൃഥാ ജനന സംഗിനാം 64**

**64.** മഹാദേവന്റെ ശരണരും നിർമ്മലഹൃദയമുള്ളവരുമായവ രുടെ ജന്മം സ്ഫലവും, അന്യദേവതാ ശരണത്തിൽ ജനിച്ചവരുടെ ജന്മം വ്യർത്ഥവുമാകുന്നു.

**ദുർല്ലഭം മാനുഷം പ്രാപ്യ ജനനം ജ്ഞാനസാധനം**
**യേ ന ജാനന്തി ദേവേശം തേഷാമാത്മാ നിരർത്ഥക: 65**

**65.** ദുർല്ലഭമായ മനുഷ്യജന്മം ലഭിച്ചിട്ടും ജ്ഞാനത്തിന്റെ സാധ നാഭൂതവും, ദേവാധിദേവനും പരമാത്മാവുമായ ഭഗവാൻ ശ്രീ പര മേശ്വരനെ അറിയുവാൻ കഴിയുന്നില്ലെങ്കിൽ അവന്റെ ജന്മം വ്യർത്ഥ മാണ്.

**തത്കുലം ഹി സദാ ശുദ്ധം സഫലം തസ്യ ജീവിതം**
**യസ്യ ചിത്തം ശിവേ സാക്ഷാദ് വിലീനബഹിർമുഖം 66**

**66.** സാക്ഷാൽ ശിവനിൽ വിലയിച്ചിരിക്കുന്ന ബഹിർമുഖമ ല്ലാത്ത മനസ്സോടു കൂടിയവന്റെ കുലം സദാ ശുദ്ധവും, ജീവിതം സഫലവുമായിത്തീരുന്നു.

## പ്രസാദ മഹത്വസ്ഥല വർണ്ണന

**ഗുരുലിംഗാദിമാഹാത്മ്യ വിശേഷാനുഭവസ്ഥിതി:**

**സംവില്ലിംഗപരാമർശീ ബാഹ്യവസ്തുപരാങ്മുഖ:**
**യ: സദാ വർതതേ യോഗീ പ്രാണലിംഗീ സ ഉച്യതേ 10**

**10.** ഈശ്വരനാകുന്ന ശിവലിംഗത്തെ പല പ്രാവശ്യം ധ്യാനിക്കുകയും ബാഹ്യ വസ്തുക്കൾക്ക് വിമുഖനായിരുന്നു വ്യവഹരിക്കുകയും ചെയ്യുന്ന ശിവയോഗിയെ പ്രാണലിംഗി എന്നു പറയുന്നു.

**മായാവികല്പജം വിശ്വം ഹേയം സച്ചിന്ത്യ നിത്യശ**
**ചിദാനന്ദമയേ ലിംഗേ വിലീന പ്രാണലിംഗവാൻ 11**

**11.** പ്രപഞ്ചം മായാ വികല്പങ്ങളാൽ നിർമ്മിതമായതെന്ന് കണക്കാക്കുന്ന ചിദാനന്ദമയമായ ലിംഗത്തിൽ നിത്യേന സദാ ലീനനായിരിക്കുന്നവൻ പ്രാണലിംഗിയാകുന്നു.

**സത്താ പ്രാണമയീ ശക്തി: സദ്രൂപം പ്രാണലിംഗകം**
**തത്സാമരസ്യവിജ്ഞനാത് പ്രാണലിംഗീതി കഥ്യതേ 12**

**12.** ഇപ്രകാരം അനുഭവിക്കുന്നത് ഞാനാകുന്നു എന്ന സത്ത തന്നെ പ്രാണമയി ശക്തിയും പ്രാണലിംഗം ശിവസദ് രൂപവുമാകുന്നു. ഇപ്രകാരം സത്തയാകുന്ന ശക്തിയുടെയും പ്രാണനാകുന്ന ശിവ സാമരസ്യവിജ്ഞാനിയെ പ്രാണലിംഗി എന്നുപറയുന്നു.

## പ്രാണലിംഗാർച്ചന സ്ഥല വർണ്ണന

**അന്തർഗതം ചിദാകാരം ലിംഗം ശിവമയം പരമം**
**പൂജ്യതേ ഭാവപുഷ്പൈര്യത് പ്രാണലിഗാർച്ചനം ഹി തത് 13**

**13.** ഹൃദയ കമലത്തിനുള്ളിൽ ഇരിക്കുന്ന ചിത് സ്വരൂപവും ശിവമയവുമായ ഉത്തമലിംഗത്തെ ഭാവനാത്മകമായ പുഷ്പങ്ങളാൽ ചെയ്യുന്ന പൂജ പ്രാണലിംഗാർച്ചനയാകുന്നു.

**അന്ത: പവനസംസ്പൃഷ്ടേ സുസൂക്ഷമാംബരശോഭിതേ**
**മൂർധന്യചന്ദ്രവിഗളത്സുധാസേകാതിശീതളേ 14**
**ബദ്ധേന്ദ്രിയനവദ്വാരേ ബോധ ദീപേ ഹൃദാലയേ**
**പത്മപീഠേ സമാസീനം ചില്ലിംഗം ശിവവിഗ്രഹം**
**ഭാവയിത്വാ സദാകാലം പൂജയേദ് ഭാവസ്തുഭി: 15**

**14/15.**പ്രാണവായുവിനാൽ സമ്പുഷ്ടമായ സൂക്ഷ്മാകാശത്താൽ സുശോഭിതമായ ആയിരക്കണക്കിന് മൈലുകൾക്കകലെ സ്ഥിതി ചെയ്യുന്ന ചന്ദ്രനിൽ നിന്നും ദ്രവിച്ചു കൊിരിക്കുന്ന അമൃതു





**നിത്യസിദ്ധോ ഭവന്ത്യേവ പ്രസാദാത് പാരമേശ്വരാത് 73**

**73.** ബ്രഹ്മാവ് മുതലായ സകല ദേവഗണങ്ങളും ഭഗവാൻ ശ്രീപരമേശ്വരന്റെ പ്രസാദത്താൽ തന്താങ്ങളുടെ പദവിയിലിരുന്നുകൊ് നിത്യേന പ്രസിദ്ധരാകുന്നു.

**പ്രസാദേ ശാംഭവേ സിദ്ധേ പരമാനന്ദകാരണേ**
**സർവം ശിവമയം വിശ്വം ദൃശ്യതേ നാത്ര സംശയ: 74**

**74.** പരമാനന്ദകാരണഭൂതനായ ഭഗവാൻ ശിവശങ്കരന്റെപ്രസാദം സിദ്ധിക്കുന്നതോടുകൂടി പ്രപഞ്ചം മുഴുവൻ ശിവമയമായി കാണപ്പെടുന്നു എന്നതിൽ സംശയമില്ല.

**സംസാരചക്ര നിർവാഹനിമിത്തം കർമ കേവല**
**പ്രസാദേന വിനാ ശംഭോർന കസ്യാപി നിവർതതേ 75**

**75.**കർമ്മങ്ങൾ സംസാരചക്രത്തിന്റെ പരിഭ്രമണത്തിനു കാരണമാകുന്നു. കർമ്മങ്ങൾ ഇല്ലാതാക്കുന്നതിന് ശിവപ്രസാദം കൂടിയേ കഴിയൂ.

**ബഹുനാത്രകിമുക്തേന നാസ്തി നാസ്തി ജഗത്രയേ**
**സമാനമധികം ചാപി പ്രസാദസ്യ മഹേശിതു 76**

**76.** ഈ വിഷയത്തിൽ ഏറെപ്പറയുന്നതുകൊന്തു ലാഭം ? മഹേശ്വര പ്രസാദത്തിനു സമാനമായി ത്രിലോകങ്ങളിൽ ഒന്നും തന്നെയില്ല.

**ശിവപ്രസാദേ സതി യോഗഭാജി**
**സർവം ശിവൈകാത്മതയാ വിഭാതി**
**സ്വകർമയുക്ത: ശിവഭാവിതാത്മാ**
**സ്വപ്രാണലിംഗീതി നിഗദ്യതേഽസ്സൗ 77**

**77.** ശിവപ്രസാദംകൊ് മുക്തനാകുന്നതോടുകൂടി സർവ്വവും അവനും ശിവമയപ്രതീകമാകുന്നു. ശിവഭാവ നാമയനായവൻ കർമ്മമുക്തനായിട്ട് പ്രാണലിംഗി എന്നറിയപ്പെടുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ പ്രസാദി സ്ഥല വർണ്ണന എന്ന 11-ാമത്തെ**

**അദ്ധ്യായം സമാപ്തം.**

## അദ്ധ്യായം-12

# പ്രാണിലിംഗി സ്ഥല വർണ്ണന

അഗസ്ത്യ മഹഷി പറഞ്ഞു-

**ഭക്തോ മാഹേശ്വരശ്ചേതി പ്രസാദീതി നിബോധിത:**
**ഏക ഏവ കഥം ചൈഷ പ്രാണലിംഗീതി കഥ്യതേ 1**

**1.** ഒരേ വ്യക്തി തന്നെ വീരശൈവനും (ഭക്തമാഹേശ്വരൻ) പ്രസാദിയുമായിത്തീരുന്നു എന്ന് അവിടുന്ന് എന്നോട് പറഞ്ഞു കഴിഞ്ഞു. ആ പ്രസാദിയെ പ്രാണലിംഗി എന്ന് എങ്ങനെ പറയപ്പെടുന്നു.

ശ്രീ രേണുകാചാര്യർ പറഞ്ഞു-

**ഭക്തോ മാഹേശ്വരശ്ചൈഷ പ്രസാദീതി ച കീർതിത:**
**കർമപ്രാധാന്യയോഗേന ജ്ഞാനയോഗോ$സ്യ കഥ്യതേ 2**

**2.** ഭക്തനെ മാഹേശ്വരൻ എന്നും പ്രസാദി എന്നും വിളിക്കുന്നുവെങ്കിൽ അതു കർമ്മ പ്രാധാന്യം കൊാകുന്നു. ഇനി പ്രസാദിയുടെ ജ്ഞാനയോഗത്തെക്കുറിച്ച് പറയുവാൻ പോകുന്നു. ജ്ഞാനയോഗം കൊു തന്നെ പ്രസാദിയെ പ്രാണലിംഗി എന്നു വിളിക്കുന്നു.

**ലിംഗം ചിദാത്മകം ബ്രഹ്മ ത്വച്ഛക്തി: പ്രാണരൂപിണീ**
**തദ്രൂപലിംഗവിജ്ഞാനീ പ്രാണലിംഗീതി കഥ്യതേ 3**

**3.** ചിത് സ്വരൂപം പരബ്രഹ്മസ്വരൂപമായ ശിവലിംഗമാണ് അതിന്റെ ശക്തി പ്രാണനാകുന്നു. ഈ സ്വരൂപത്തിലുള്ള ശിവലിംഗത്തിന്റെ സവിശേഷ രൂപം അറിയുന്നവനെ പ്രാണലിംഗി എന്നുപറയുന്നു.

**പ്രാണലിംഗിസ്ഥലം ചൈതത് പഞ്ചസ്ഥലസമന്വിതം**
**പ്രാണലിംഗിസ്ഥലം ചാദൌ പ്രാണലിംഗാർച്ചനം തത: 4**





**ശിവയോഗസമാധിശ്ച തതോ ലിംഗ നിജസ്ഥലം**
**അംഗലിംഗസ്ഥലം ചാഥ ക്രമാദേഷാം ഭിദോച്യതേ.**
**5**

**4/5.** പ്രാണലിംഗിസ്ഥലം അഞ്ച് സ്ഥലങ്ങളാൽ യുക്തമാണ് (1) പ്രാണലിംഗിസ്ഥലം (2) പ്രാണലിംഗാർച്ചനസ്ഥലം (3) ശിവയോഗ സമാധി സ്ഥലം (4) നിജലിംഗസ്ഥലം (5) അംഗലിംഗി സ്ഥലം. ക്രമമായി ഇതിന്റെ ഭേദങ്ങൾ പറയുവാൻ പോകുന്നു.

# പ്രാണലിംഗ സ്ഥലവർണ്ണന

**പ്രാണാപാനസമാഘാതാത് കന്ദമദ്ധ്യാത്തദുത്ഥിതം**
**പ്രാണലിംഗം തദാഖ്യാതം പ്രാണാപാനനിരോധിഭി: 6**

**6.** പ്രാണനും അപാനനും തമ്മിലുള്ള ആഘാതത്താൽ രിന്റേയും മദ്ധ്യത്തിൽ നിന്നും ജ്യോതി ഉയരുന്നു. പ്രാണനും അപാനനും നിരോധിച്ചിരിക്കുന്ന യോഗികൾ അതിനെ പ്രാണലിംഗം എന്നുപറയുന്നു.

**പ്രാണോ യത്ര ലയം യാതി ഭാസ്കരേ തുഹിനം യഥാ**
**തത് പ്രാണലിംഗമൃദ്ദിഷ്ടം തദ്ധാരി സ്യാത് തദാകൃതി: 7**

**7.** മൂടൽ മഞ്ഞ് സൂര്യനിൽ ലീനമായിത്തീരുന്നതുപോലെ പ്രാണൻ പരബ്രഹ്മമയമായ ശിവലിംഗത്തിൽ ലീനമായിത്തീരുന്നു. അതിന് പ്രാണലിംഗം എന്നു പറയുന്നു. അതു ധരിക്കുന്നവൻ (തദ്രൂപം) പ്രാണലിംഗിയായിത്തീരുന്നു.

**ജ്ഞാനീനാം യോഗയുക്താനാമന്ത: സ്പുരതി ദീപവത്**
**ചിദാകാരം പരബ്രഹ്മലിംഗമർജ്ജെന ഭാവ്യതേ 8**

**8.** ചിദാകാരവും പരബ്രഹ്മ സ്വരൂപവുമായ പ്രാണലിംഗം ശിവയോഗ സമന്വിതരായ ശിവയോഗികളുടേയും ജ്ഞാനികളുടേയും ഉള്ളിൽ ദീപം പോലെ തിളങ്ങിക്കൊരിക്കുന്നു.

**അന്ത: സ്ഥിതം പരം ലിംഗം ജ്യോതിരൂപം ശിവാത്മാകം**
**വിഹായ ബാഹ്യലിംഗസ്ഥ വിമൂഢാ ഇതി കീർത്തിതാ: 9**

**9.** ശിവാത്മകമായ ജ്യോതിരൂപത്തെയും തന്റെ ഉള്ളിൽ സ്ഥിതി ചെയ്യുന്ന ഇഷ്ടലിംഗത്തെയും ത്യജിച്ച് ബാഹ്യലിംഗത്തിൽ വിശ്വസിക്കുന്നവനെ വിഡ്ഢി എന്നുവിളിക്കുന്നു.

**അജ്ഞാനരാക്ഷസോന്മേഷകാരിണഃ സംഹൃതാത്മനഃ**
**ശിവധ്യാനം തു സംസാരതമസഃരണ്ഡഭാസ്കരഃ** 31

**31.** പ്രചണ്ഡമായ സൂര്യതുല്യമായ ശിവധ്യാനം ആ ത്മാവിനെ വളഞ്ഞിരിക്കുന്ന അജ്ഞാനമാകുന്ന രാക്ഷസ്സനെ ഉദ്ദീപിപ്പിക്കുന്ന പ്രപഞ്ചമാകുന്ന അന്ധകാരത്തെ ഇല്ലാതാക്കുന്നു.

## ലിംഗനിജസ്ഥല വർണ്ണന

**സ്വാന്തസ്ഥശിവലിംഗസ്യ പ്രത്യക്ഷാനുഭവസ്ഥിതിഃ**
**യസൈ്യവ പരലിംഗസ്യ നിജമിത്യുച്യതേ ബുധൈഃ** 32

**32.** ആരുടെ ഉള്ളിൽ ശിവലിംഗത്തിന്റെ പ്രത്യക്ഷാനുഭവമു ായോ ആ പരലിംഗത്തെ സ്വന്തം ആത്മാവിന്റെ രൂപത്തിൽ അനു ഭവിക്കുന്നതായ പ്രാണലിംഗത്തെ പണ്ഡിതന്മാർ നിജലിംഗം എന്നു പറയുന്നു.

**ബ്രഹ്മാവിഷ്ണ്വാദയോ ദേവാഃ സർവേ വേദാദയസ്ഥാ**
**ലീയന്തേ യത്ര ഗമ്യന്തേ തല്ലിംഗം ബ്രഹ്മ കേവലം** 33

**33.** ബ്രഹ്മാവ്, വിഷ്ണു മുതലായ സകല ദേവന്മാരും സകല വേദാഗമപുരാണസ്മൃതി തുടങ്ങിയവയും ഏതിൽ ലീനമായിരി ക്കുകയും വീും ഉാവുകയും ചെയ്യുന്നുവോ ആ ലിംഗം ബ്രഹ്മമാകുന്നു.

**ചിദാനന്ദമയഃ സാക്ഷാഛിവ ഏവ നിരഞ്ജനഃ**
**ലിംഗമിത്യുച്യതേ നാന്യദ് യതഃ സ്യാദ്വിശ്വസംഭവ.** 34

**34.** സച്ചിദാനന്ദസ്വരൂപവും നിരഞ്ജനവും നിഷ്കളങ്കവുമായ ഭഗ വാൻ ശിവൻ തന്നെ സാക്ഷാൽ ലിംഗമെന്നു പറയുന്നു. പ്രപഞ്ച ത്തിന്റെ ഉല്പത്തിയും ലിംഗത്തിൽ നിന്നുതന്നെയാകുന്നു.

**ബഹുനാത്ര കിമുക്തേന ലിംഗമിത്യുച്യതേ ബുധൈഃ**
**ശിവാഭിധം പരം ബ്രഹ്മ ചിദ്രൂപം ജഗദാസ്പദം** 35

**35.** ഈ കാര്യത്തിൽ എന്തിനേറേ പറയണം! ശിവനെന്ന പരബ്ര ഹ്മത്തെ പണ്ഡിതന്മാർ ചിദ്രൂപവും പ്രപഞ്ചത്തിനാധാരവുമായ ലിംഗം എന്നു പറയുന്നു.

**വേദാന്തവാക്യജാം വിദ്യാം ലിംഗമാഹുസ്തഥാഽപരേ**





കൊു നനയ്ക്കപ്പെടുന്ന ശീതളവും ലൌകിക ബന്ധവുമായ ഒൻപതു ഇന്ദ്രിയ ദ്വാരങ്ങളുള്ളതും. ബോധ ദീപങ്ങളാൽ യുക്ത മായ ഹൃദയത്തിൽനുള്ളിലെ താമരയിൽ വിളങ്ങുന്ന ചിത് സ്വരൂ പമായ ശിവനെ സങ്കല്പിച്ച് ഭാവ വസ്തുക്കളാൽ

(രത്നൈ കല്പിതമാസനം ഹിമജലൈ സ്നാനം ച ദിവ്യാംബരം
നാനാരത്ന വിഭൂഷിതം മൃഗമദാമോദാങ്കിതം ചന്ദനം
ജാതി ചമ്പക വില്വപത്രരചിതം പുഷ്പം ച ധൂപം തഥാ
ദീപം ദേവ ദയാനിധേ പശുപതേ ഹൃദ് കല്പിതം ഗൃഹ്യതാം )

എന്ന മന്ത്രം ജപിച്ചു പൂജ ചെയ്യണം.

**ക്ഷമാഽഭിഷേകസലിലം വിവേകോ വസ്ത്രമുച്യതേ**
**സത്യമാഭരണം പ്രോക്തം വൈരാഗ്യം പുഷ്പമാലികാ** 16
**ഗന്ധഃ സമാധിസമ്പത്തിരക്ഷതാ നിരഹം കൃതിഃ**
**ശ്രദ്ധാ ധൂപോ മഹാജ്ഞാനം ജഗദ്ഭാസി പ്രദീപികാ** 17
**ഭ്രാന്തിമൂലപ്രപഞ്ചസ്യ നിവേദ്യം തന്നിവേദനം**
**മൗനം ഘ്രാപരിസ്പന്ദസ്താംബൂലം വിഷയാർപണം** 18
**വിഷയഭ്രാന്തിരാഹിത്യം തത്രദക്ഷിണ കല്പനാ**
**ബുദ്ധേസ്തദാത്മികാ ശക്തിർനമസ്കാരക്രിയാ മതാ** 19
**ഏവംവിധൈർഭാവശുദ്ധ്യൈരുപചാരൈരദൂഷിതൈ**
**പ്രത്യുന്മഖമനാ ഭൂത്വാ പൂജയേല്ലിംഗമാന്തരം** 20

**16/17/18/19/20.** ഈ പൂജയിൽ ജലാഭിഷേകം ക്ഷമയേയും വസ്ത്രം വിവേകത്തേയും, അലങ്കാരം സത്യത്തേയും പുഷ്പം വിരാഗതയെയും ചന്ദനഗന്ധം സമാധിയെയും അക്ഷതം അഹ ങ്കാരമില്ലായ്മയെയും ധൂപം(ചന്ദനത്തിരി) ഭക്തിയേയും, ദീപം പ്രപഞ്ച ജ്ഞാനപ്രകാശത്തെയും നൈവേദ്യം ഭ്രമത്തേയും ഘ നാദം മൗനത്തേയും താംബൂല സമർപ്പണം കാമക്രോധാദിക ളെയും പ്രദക്ഷിണം ഇന്ദ്രിയ വിഷയ സുഖങ്ങളെ ത്യജിക്കുന്നതി നേയും നമസ്കാരം ബുദ്ധി വൃത്ത്യാദികളെ ലിംഗത്തിൽ ലയിപ്പി ക്കുന്നതിനേയും സൂചിപ്പിക്കുന്നു. ഇപ്രകാരം ദോഷരഹിതമായ ഭാവശുദ്ധി വരുത്തി പൂജാസാധനങ്ങൾ മുഖേന ലിംഗത്തിന് അഭി മുഖമായിരുന്ന് ഹൃദയത്തിലെ ചിത് സ്വരൂപമായ ശിവലിംഗത്തെ പൂജിക്കണം.

## ശിവയോഗ സമാധിസ്ഥല വർണ്ണന

**അന്ത: ക്രിയാരതസ്യാസ്യ പ്രാണലിംഗാർച്ചനക്രമൈ:**
**ശിവാത്മധ്യാനസമ്പത്തി: സമാധിരിതി കഥ്യതേ. 21**

**21.** ആഭ്യന്തരപൂജയിൽ നിരതനായ ഈ പ്രാണലിംഗിക്ക് പ്രാണലിംഗർച്ചനയുടെ ക്രമപ്രകാരമുള്ള ശിവധ്യാന സമ്പത്തിനെ ലഭിക്കുന്നതിന് സമാധി എന്നു പറയുന്നു.

**സർവ്വതതോപരിഗതം സച്ചിദാനന്ദഭാസുരം**
**സ്വപ്രകാശമനിർദ്ദേശ്യമവാങ്മാനസഗോചരം 22**
**ഉമാഖ്യയാമഹാശക്ത്യാ ദീപിതം ചിത്സ്വരൂപയാ**
**ഹംസരൂപം പരാത്മാനം സോഽഹംഭാവേന ഭാവയേത്**
**തദേകതാനതാസിദ്ധി: സമാധി: പരമോ മത: 23**

**22/23.** ഭൂമി തുടങ്ങി 36 തത്വങ്ങൾക്കും ഉപരിയായുള്ളവനും സച്ചിദാനന്ദ സ്വരൂപനായി കാണപ്പെടുന്നവനും മനസ്സിന്റെയും വാക്കിന്റെയും സീമകൾക്കപ്പുറമുള്ള ചിത് സ്വരൂപയായ ഉമാദേവിയുടെ മഹാശക്തി കൊും ദീപ്തവും ഹംസരൂപനുമായ പരമാത്മാവിനെ സോഽഹം ഞാൻ അവനാകുന്നു എന്ന ഭാവേന സങ്കല്പിക്കണം. ഇപ്രകാരമുള്ള സങ്കല്പത്തെ ഏകമായി ക് അന്യ ചിന്തകൾ വരാതെ ഒരേ ധ്യാനിത്തിൽ ഇരിക്കുന്നതിന് പരമമായ സമാധി എന്നുപറയുന്നു.

**പരമബ്രഹ്മ മഹാലിംഗം പ്രാണോ ജീവ: പ്രകീർത്തിത**
**തദേകഭാവമനനാത് സമാധിസ്ഥ: പ്രകീർത്തിത: 24**

**24.** മഹാലിംഗത്തെ പരബ്രഹ്മമെന്നും പ്രാണനെ ജീവനെന്നും പറയുന്നു. ഇവ രും ഏകവും അഭിന്നവുമെന്നു കാണുന്നവനെ സമാധിസ്ഥൻ എന്നു പറയുന്നു.

**അന്ത:ഷട്ചക്രാരൂഢാനി പങ്കജാനി വിഭാവയേത്**
**ബ്രഹ്മാദിസ്ഥാനഭൂതാനി ഭ്രൂമദ്ധ്യാന്താനി മൂലത: 25**
**ഭ്രൂമദ്ധ്യാദൂർദ്ധ്വഭാഗേ തു സഹസ്രദളമംബുജം**
**ഭാവയേത്തത്ര വിമലം ചന്ദ്രബിംബം തദന്തരേ 26**
**സൂക്ഷ്മരന്ധ്രംവിജാനീയാത് തത് കൈലാസപദം വിദു:**
**തത്രസ്ഥം ഭാവയേഛംഭും സർവകാരണകാരണം 27**







**25/26/27.** സാധകൻ തന്റെ ഉള്ളിലെ ആറുചക്രങ്ങളായ മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, ശാകിനി, ആജ്ഞ എന്നിവകളിൽ സ്ഥിതമായ ആറു താമര പൂക്കളെ സങ്കല്പിക്കുക. ഇത് ബ്രഹ്മാദിസ്ഥാനവും, മൂലാധാരം മുതൽ ഭ്രൂമദ്ധ്യം വരെ സ്ഥിതി ചെയ്യുന്നതുമാകുന്നു. മൂലാധാരം ബ്രഹ്മാവും, സ്വാധിഷ്ഠാനം വിഷ്ണുവും, മണിപൂരകം രുദ്രനും, അനാഹതം ഈശ്വരനും, ശാകിനി സദാശിവനും, ആജ്ഞ ശിവശക്തി സഹസ്രാരത്തിൽ ശിവശക്തികളുടെ യാമളരൂപവും വിളങ്ങുന്നു. ഭ്രൂമദ്ധ്യത്തിനു മുകളിലായി സഹസ്രദള പത്മത്തെ സങ്കല്പിക്കുക. അതിനുള്ളിൽ ചന്ദ്രനെയും, ചന്ദ്രബിംബത്തിനുള്ളിൽ സൂക്ഷ്മരന്ധ്രത്തെയും സങ്കല്പിക്കുക. സൂക്ഷ്മരന്ധ്രത്തെ കൈലാസമെന്നു പറയുന്നു. അതിനുപരിയായി സർവ്വകാരണങ്ങൾക്കും കാരണനായ ഭഗവാൻ ശിവശങ്കരൻ ഇരിക്കുന്നു എന്നു സങ്കല്പിക്കണം.

**ബഹിർവാസനയാ വിശ്വം വികല്പാർത്ഥം പ്രകാശതേ**
**അന്തർവാസിതചിത്താനാമാന്മാനന്ദ: പ്രകാശതേ 28**

**28.** ബഹിർവാസനകൊ് വികല്പവും ഭ്രമാത്മകവുമായി വിഷയങ്ങളുള്ള പ്രപഞ്ചം പ്രകാശിച്ചുകൊിരിക്കുന്നു. അന്തർമുഖമായിരിക്കുന്ന മനസ്സുള്ളവന് ആത്മാനന്ദത്തിന്റെ സാക്ഷാത്കാരവുമു ാകുന്നു.

**ആത്മാരണിസമുത്ഥേന പ്രമോദമഥനാത് സുധീ:**
**ജ്ഞാനാഗ്നിനാ ദേഹേത് സർവം പാശജാലം ജഗന്മയം 29**

**29.** പ്രമോദവും ശിവാനന്ദവുമാകുന്ന ധ്യാനമഥനം മുഖേന ആത്മാവാകുന്ന അരണിയിൽ നിന്നുമുായ ജ്ഞാനമാകുന്ന അഗ്നിയാൽ ലൌകിക വിഷയങ്ങളാകുന്ന സകല പാശബന്ധനങ്ങളെയും ഇല്ലാതാക്കുകയാണ് പണ്ഡിതന്മാർ ചെയ്യേത്.

**സംസാരവിഷവൃക്ഷസ്യ പഞ്ചക്ലേശ പലാശിന:**
**ഛേദനേ കർമ്മമൂലസ്യ പരശു: ശിവഭാവനാ 30**

**30.** കർമ്മങ്ങൾ കൊു ായ ഈ ലോകം വിഷവൃക്ഷത്തിനു സമാനമാകുന്നു. അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നീ അഞ്ചു ക്ലേശങ്ങളും (മൃത്യുഭയത്താൻ) ഇലകളാകുന്നു. ശിവഭാവനയെന്ന കോടാലികൊ് ഇവയെ അറുത്തുകളയണം.

**അദ്ധ്യായം സമാപ്തം.**

## അദ്ധ്യായം-13

# ശരണസ്ഥല വർണ്ണന

അഗസ്ത്യമഹർഷി പറഞ്ഞു-

**മാഹേശ്വര: പ്രസാദീതി പ്രാണലിംഗിതി ബോധിത:**
**കഥമേഷ സമാദിഷ്ട: പുന: ശരണസംജ്ഞക: 1**

**1.** വീരശൈവൻ പ്രസാദിയും പ്രാണലിംഗിയുമാണെന്ന ജ്ഞാനം അവിടുന്ന് അരുളിചെയ്തു. ശരണസ്ഥലി എന്ന് ഇതിനെ പറയുന്നതെങ്ങനെയെന്നു ദയവായി പറഞ്ഞു തന്നാലും

രേണുകാചാര്യർ പറഞ്ഞു-

**അംഗലിംഗി ജ്ഞാനരൂപ: സതി ജ്ഞേയ: ശിവ: പതി:**
**യത്സൗഖ്യം തത്സമാവേശേ തദ്വാൻ ശരണനാമവാൻ 2**

**2.** ജ്ഞാനസ്വരൂപനായ അംഗലിംഗി സതിയും, ജ്ഞേയ സ്വരൂപ നായ ഭഗവാൻ ശിവൻ പതിയുമാകുന്നു. സതീ-പതീ സാമരസ്യത്തിൽ ഉള്ള സുഖമനുഭവിക്കുന്നവനെ ശരണസ്ഥലി എന്നു പറയുന്നു.

**സ്ഥലമേതത്സമാഖ്യാതം ചതുർധാ ധർമ്മഭേദത:**
**ആദൗ ശരണമാഖ്യാതം തതസ്താമസവർജ്ജനം. 3**
**തതോ നിർദേശമുദ്ദിഷ്ടം ശീലസമ്പാദനം തത:**
**ക്രമാല്ലക്ഷണമേതേഷാം കഥയാമി നിശാമ്യതാം. 4**

**3/4.** ധർമ്മ ഭേദത്താൽ ഈ സ്ഥലം നാലുവിധമാകുന്നു. 1) ശര





**തദസജ്ജ്ഞേയരൂപത്വാല്ലിംഗസ്യ ബ്രഹ്മരൂപിണ:**
**പ്രജ്ഞാനം ബ്രഹ്മ: അഹം ബ്രഹ്മാസ്മി, തത്ത്വമസി**
**അയമാത്മാ ബ്രഹ്മ: (വേദാന്തം) 36**

**36.** തത്ത്വമസി അഹംബ്രഹ്മാസ്മി അയമാത്മാ ബ്രഹ്മ പ്രജ്ഞാനം ബ്രഹ്മ എന്നീ നാലു വേദാന്ത മഹാ വാക്യങ്ങളിൽ നിന്നുമുായ ജ്ഞാനത്തെ ലിംഗം എന്നു പറയുന്നു. അതിനെക്കുറിച്ച് പറയുക പ്രയാസമാണ്. ബ്രഹ്മമാകുന്ന ലിംഗം ജ്ഞേയവും, ബ്രഹ്മം അചിന്ത്യവുമാകുന്നു.

**അവ്യക്തം ലിംഗമിത്യാഹുർജഗതാം മൂലകാരണം**
**ലിംഗി മഹേശ്വരശ്ചേതി മതമേതദസംഗതം 37**

**37.** പണ്ഡിതന്മാരിൽ കുറച്ചുപേർപ്രപഞ്ചത്തിന്റെ മൂലകാരണമായ അവ്യക്ത തത്വങ്ങളെ ലിംഗമെന്നും മഹേശ്വരനെ ലിംഗി എന്നും പറയുന്നു. ഈ അഭിപ്രായം അസംഗതമാണ്. കാരണം പ്രകൃതി ജഡവും നിന്ദ്യവു (ഹേയം) മാകുന്നു. ശൈവമതത്തിൽ പരമേശ്വരന്റെ ശക്തി ചേതനയാകുന്നു.

**ന സൂര്യോ ഭാതി തത്രേന്ദുർന വിദ്യുന്ന ച പാവക:**
**ന താരകാ മഹാലിംഗേ ദ്യോതമാനേ പരാത്മനി. 38**

**38.** പരമാത്മാവായ മഹാലിംഗത്തെ പ്രകാശിപ്പിക്കുന്നതോടെ സൂര്യനും, ചന്ദ്രനും, മിന്നലും, അഗ്നിയും നക്ഷത്രങ്ങളും തിളങ്ങുകയില്ല.

**ജ്യോതിർമയം പരം ലിംഗം ശൃതിരാഹ ശിവാത്മകം**
**തസ്യാ ഭാസാ സർവമിദം പ്രതിഭാതി ന സംശയ: 39**

**39.** ശ്രുതിയിൽ ശിവാത്മകമായ ലിംഗത്തെ ജ്യോതിമയമെന്നു പറയുന്നു. അതിന്റെ പ്രകാശത്താൽ സർവ്വ ജഗത്തും പ്രകാശിച്ചു കൊിരിക്കുന്നു. ഇതിൽ യാതൊരു സംശയവുമില്ല.

കുറിപ്പ്: അഗ്നി, സൂര്യൻ, ചന്ദ്രൻ എന്നിവ പ്രമാതവും, പ്രമാണവും, പ്രമേയവുമാകുന്നു. ഈ ത്രിപുടി രൂപങ്ങൾ മഹാലിംഗത്തിന്റെ അധീനതയിലിരുന്നു കൊ് പ്രകാശിക്കുന്നു. വേദാന്തത്തിൽ നിന്നുമുായ ജ്ഞാനത്താൽ മഹാലിംഗവും പ്രകാശിക്കുന്നവയെന്നു കാണുകിൽ അതിലുപരിയായി പ്രകാശിക്കുന്നതുമൂലം ഈ

മഹാലിംഗം കുടത്തിനു സമാനം ജഡമായിത്തീരും. മഹാലിംഗം സ്വയം പ്രകാശിക്കുന്നതും സംഭവേദ്യവുമാകുന്നു.

**ലിംഗാന്നാസ്തി പരം തത്ത്വം യദസ്മാജ്ജായതേ ജഗത്**
**യദേതദ്രൂപതാം ധത്തേ യദത്ര ലയമശ്നുതേ 40**

**40.** ലിംഗത്തിൽ നിന്നും പ്രപഞ്ചം ഉാവുകയും അതിൽ തന്നെ സ്ഥിതി ചെയ്യുകയും, ലീനമാവുകയും ചെയ്യുന്നതിനാൽ ലിംഗത്തേക്കാൾ വലുതായിട്ട് യാതൊരു തത്വങ്ങളുമില്ല.

**തസ്മല്ലിംഗം പരം ബ്രഹ്മ സച്ചിദാനന്ദലക്ഷണം**
**നിജരൂപമിതി ധ്യാനാത് തദവസ്ഥാ പ്രജായതേ 41**

**41.** തന്മൂലം സച്ചിദാനന്ദ സ്വരൂപമായ ബ്രഹ്മം പരലിംഗമാകുന്നു. അത് തന്റെ സ്വരൂപമാകുന്നു എന്നു ചിന്തിക്കുന്നതിൽ നിന്നും നിജലിംഗാവസ്ഥ ഉാകുന്നു.

## അംഗലിംഗ സ്ഥല വർണ്ണന

**ജ്ഞാനമംഗമിതി പ്രാഹുർജ്ഞേയം ലിംഗം സനാതനം**
**വിദ്യതേ തദ്വയം യസ്യ സോ%ഗലിംഗീതി കീർത്തിത: 42**

**42.** പണ്ഡിതന്മാർ ജ്ഞാനത്തെ അംഗമെന്നും ജ്ഞേയത്തെ സനാതനലിംഗമെന്നും പറയുന്നു. ഇവ രിന്റെയും ജ്ഞാനം ഉള്ള യാളെ അംഗലിംഗി എന്നു പറയുന്നു.

**അംഗേ ലിംഗം സമാരൂഢം ലിംഗേ ചാംഗമുപസ്ഥിതം**
**ഏതദസ്ഥി ദ്വയം യസ്യ സ ഭവേദംഗലിംഗവാൻ 43**

**43.** അംഗത്തിൽ ലിംഗവും ലിംഗത്തിൽ അംഗവും അന്യോന്യം ബന്ധപ്പെട്ട് ആരൂഢമായിരിക്കുന്നു. ജന്മനാൽ തന്നെ ഈ വിധത്തിലുള്ള ജ്ഞാനമുള്ളവൻ അംഗലിംഗവാനായിത്തീരുന്നു.

**ജ്ഞാത്വാ യ: സതതം ലിംഗം സ്വാന്ത:സ്ഥം ജ്യോതിരാത്മകം**
**പൂജയേദ് ഭാവയേന്നിത്യം തം വിദ്ധ്യാദംഗലിംഗനം 44**

**44.** തനിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ജ്യോതിർമയ ലിംഗത്തെ ശാസ്ത്രമായും, ഗുരുവായും തന്റെ അനുഭവത്തിൽക്കൂടി മനസ്സി





ലാക്കി നിത്യേന അതിന്റെ പൂജയും, ധ്യാനവും ചെയ്യുന്നവനെ അംഗലിംഗി എന്നു കണക്കാക്കണം.

**ജ്ഞായതേ ലിംഗമേവൈകംസർവൈ: ശാസ്ത്രൈ: സനാതനൈ:**
**ബ്രഹ്മേതി വിശ്വധാമേതി വിമുക്തേ: പരമിത്യപി 45**
**മുക്തി രൂപമിദം ലിംഗമിതി യസ്യ മന:സ്ഥിതി:**
**സ മുക്തോ ദേഹയോഗേ%പി സ ജ്ഞാനി സ മഹാഗുരു 46**

**45/46.** ഒരേ ലിംഗത്തെ തന്നെ സകല സനാതന ശാസ്ത്രങ്ങളിലും, ബ്രഹ്മം, വിശ്വധാമം, മുക്തിപദം എന്നീ രൂപങ്ങളിൽ അറിയുന്നു. ലിംഗം മുക്തി സ്വരൂപമാകുന്നു എന്നു ചിന്തിക്കുന്നവൻ ദേഹയുക്തനായിരുന്നിട്ടും ജീവന്മുക്തനും, ജ്ഞാനിയും, മഹാഗുരുവുമാകുന്നു.

**അനാദിനിധനം ലിംഗം കാരണം ജഗതാമിതി**
**യേ ന ജാനന്തി തേ മൂഢാ മോക്ഷമാർഗ്ഗബഹിഷ്കൃതാ: 47**

**47.** ആദ്യന്തം ഇല്ലാത്ത ലിംഗം പ്രപഞ്ചത്തിനു കാരണമാകുന്നു എന്ന് അറിവില്ലാത്തവൻ വിഡ്ഢിയും മോക്ഷമാർഗ്ഗ ബഹിഷ്കൃതനുമാകുന്നു.

**യ: പ്രാണലിംഗാർച്ചനഭാവപൂർവൈർ**
**ധർമൈർരൂപേത: ശിവഭാവിതാത്മാ**
**സ ഏവ തുര്യ: പരികീർതിതോ%സൌ**
**സംവിദ്വിപാകാച്ഛരണാഭിധാന: 48**

**48.** ശൈവധർമ്മാവലംബിയായവൻ ശിവഭാവത്താൽ പ്രാണലിംഗാർച്ചന ചെയ്യുവാൻ യുക്തനാവുകയും, സദാ ആത്മാവിൽ ശിവനെ ധ്യാനിച്ചുകൊിരിക്കുകയും ചെയ്യുന്ന അവനെ തുര്യാവസ്ഥയ്ക്ക് പ്രാപ്തനെന്നും, സംവിത് പരിപാകത്താൽ അയാളെ ശരണസ്ഥലം എന്നും പറയുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ പ്രാണലിംഗിസ്ഥല വർണ്ണന എന്ന 12-ാമത്തെ**

**യോഽസത്യഭാവനായുക്ത: സ തമസ ഇതി സ്മൃത: 19**

**19.** സർവ്വരോടും ദ്വേഷം കാണിക്കുന്നവനെയും, സദാ അഹങ്കാരിയായിട്ടുള്ളവനേയും താമസൻ എന്നു കണക്കാക്കുന്നു.

**തമോമൂലാ ഹി സഞ്ചാതാ രാഗവിദ്വേഷാദിപാദപാ:**
**ശിവജ്ഞാനകുഠാരേണ ഛേദ്യന്തേ ഹി നിരന്തരം 20**

**20.** രാഗം, ദ്വേഷം മുതലായവയാകുന്ന വൃക്ഷങ്ങൾ തമോമൂലകമാകുന്നു. തമോഗുണങ്ങളാൽ ഉായവയായതിനാൽ ഇവ ശിവജ്ഞാനമാകുന്ന കോടാലി കൊ് മുറിച്ചുകളയുന്നു.

**ശിവജ്ഞാനേ സമുല്പന്നേ സഹസ്രാദിത്യസന്നിഭേ**
**കുതസ്തമോവികാരാ: സ്യുർമഹതാം ശിവയോഗിനാം 21**

**21.** ആയിരം കൈകൾ പോലുള്ള കിരണങ്ങളുള്ള സൂര്യസമാനമായ ശിവജ്ഞാനത്തിൽ നിന്നുമുായതുകൊ് മഹാത്മാരായ ശിവയോഗികൾക്ക് തമോവികാരമെവിടെനിന്നുാകും?

## നിർദ്ദേശസ്ഥല വർണ്ണന

**നിരാകൃത്യ തമോഭാഗം സംസാരസ്യ പ്രവർത്തകം**
**നിർദ്ദേശ്യതേ തു യജ്ഞാനം സ നിർദ്ദേശ ഇതി സ്മൃത: 22**

**22.** പ്രപഞ്ചത്തെ പ്രവർത്തിപ്പിക്കുന്നതും, മൂലകാരണഭൂതവും, തമോഭാഗം ഇല്ലാതാക്കുന്നതുമായ നിർദ്ദിഷ്ടജ്ഞാനത്തെ നിർദ്ദേശം എന്നു (നിർദ്ദേശസ്ഥലം) പറയുന്നു.

**ഗുരുരേവ പരം തത്ത്വം പ്രകാശയതി ദേഹിനാം**
**കോ വാ സൂര്യം വിനാ ലോകേ തമസോ വിനിവർത്തക: 23**

**23.** മനുഷ്യർക്ക് പരമമായ ശിവതത്വത്തിന്റെ ജ്ഞാനം കൊടുക്കുന്നത് ഗുരുവാകുന്നു. പ്രപഞ്ചത്തിൽ അന്ധകാരത്തിന്റെ വിനിവർത്തകനാകുവാൻ സൂര്യനല്ലാതാർക്കാണ് കഴിയുക?

**അന്തരേണ ഗുരും സിദ്ധം കഥം സംസാരനിഷ്കൃതി:**
**നിദാനജ്ഞം വിനാ വൈദ്യം കിം വാ രോഗോ നിവർത്തതേ 24**

**24.** ശിവജ്ഞാന സിദ്ധനായ ഗുരുവില്ലാതെ പ്രപഞ്ചത്തിന്റെ നിവൃത്തി സംഭവിക്കുന്നതെങ്ങനെ? സമർത്ഥനായ വൈദ്യനില്ലാതെ







ണസ്ഥലം; 2) താമസ്സനിസ്സരന സ്ഥലം; 3) നിർദ്ദേശസ്ഥലം; 4) ശീലസമ്പാദന സ്ഥലം എന്നിവയാകുന്നു. ക്രമമായി ഇവയുടെ ലക്ഷണങ്ങൾ പറയുന്നതു കേൾക്കുക.

## ശരണസ്ഥല വർണ്ണന

**സതീവ രമണേ യസ്തു ശിവേ ശക്തിം വിഭാവയൻ**
**തദന്യവിമുഖ: സോഽയം ജ്ഞാത: ശരണനാമവാൻ 5**

**5.** സതിയാകുന്ന സ്ത്രീ തന്റെ പ്രേമഭാജനമാകുന്ന പ്രിയതമനെക്കുറിച്ച് സങ്കല്പിക്കുന്നതുപോലെ ഭഗവാൻ ശിവന്റെ കാര്യത്തിൽ സ്വയം ശക്തിയെന്നു സങ്കല്പിക്കുകയും, അന്യദേവന്മാരുടെ കാര്യത്തിൽ വിമുഖനായി ശിവനിൽ മാത്രം ശരണപ്പെടുകയും ചെയ്യുന്നവനെ ശരണവാൻ എന്നു കണക്കാക്കുന്നു.

(ലിംഗംപതി, ശരണംസതി. ശിവനെ പതിയായും സ്വയം സതിയുമാകുന്നവനെ ശരണവാൻ എന്നുപറയുന്നു.)

**പരിജ്ഞാതേ ശിവേ സാക്ഷാത് കോ വാന്യമഭികാങ്ക്ഷതി**
**നിധാനേ മഹതി പ്രാപ്തേ ക: കാചം യാചതേഽന്യത: 6**

**6.** ഭഗവാൻ ശിവന്റെ സാക്ഷാൽ ജ്ഞാനമുാകുമ്പോൾ ഏതൊരാളും മറ്റുള്ളവരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കും. ആവശ്യത്തിലേറെ സ്വത്ത് സമ്പാദിച്ചിട്ടുള്ളവർ മറ്റുള്ളവരുടെ വെള്ളിക്കായി യാചിക്കുമോ?

**ശിവാനന്ദം സമാസാദ്യ കോ വാന്യമുപതിഷ്ഠതേ**
**ഗംഗാമൃതം പരിത്യാജ്യ ക: കാങ്ക്ഷേന്മൃഗതൃഷ്ണികാം 7**

**7.** ശിവാനന്ദം ലഭ്യമാക്കിയിട്ടുള്ള ആരാണ് മറ്റ് ഉപാസനകൾ ചെയ്യുന്നത്. ഗംഗാജലമാകുന്ന അമൃത് വേന്നെു വച്ച് മരുപ്പച്ചയ്ക്കായി ആരെങ്കിലും ആഗ്രഹിക്കുമോ?

**സംസാരതിമിരച്ഛേദേ വിനാ ശങ്കരഭാസ്കരം**
**പ്രഭവന്തി കഥം ദേവാ: ഖദ്യോതാ ഇവ ദേഹിനാം 8**

**8.** മിന്നാമിനുങ്ങിനെപ്പോലെയുള്ള ദേവന്മാർക്ക് പ്രപഞ്ചത്തിലെ ജീവികൾക്കുവേി ശങ്കരനാകുന്ന സൂര്യനെക്കൂടാതെ ലൌകികവിഷയങ്ങളാകുന്ന സാംസാരികാന്ധകാരത്തെ ഇല്ലാതാ

ക്കാനാകുമോ?

**സംസാരാർത: ശിവം യയാദ് ബ്രഹ്മാദ്യൈ: കിം ഫലം സുരൈ:**
**ചകോരസ്തൃഷിത: പശ്യേച്ചന്ദ്രം കിം താരകാ അപി: 9**

**9.** ഇഹലോകപീഢനം അനുഭവിക്കുന്നവർ ഭഗവാൻ ശിവശങ്കരനെ പ്രാപിക്കണം. വെള്ളത്തിനായി ദാഹിക്കുന്ന ചകോരം (ഉപ്പൻ) ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കിക്കൊിരിക്കുന്നതു പോലെ ബ്രഹ്മാദിദേവന്മാരെക്കൊന്തെുഫലം?

**ശിവ ഏവ സമസ്താനാം ശരണ്യ: ശരണാർത്ഥിനാം**
**സംസാരോരഗദഷ്ടാനാം സർവജ്ഞ: സർവദോഷഹാ: 10**

**10.** ലൌകിക വിഷയങ്ങളാകുന്ന സർപ്പങ്ങളുടെ മുറിവേറ്റ് വിഷമൂർഛിതരായ സകല ശരണാർത്ഥികളുടേയും ഒരേ ഒരു ശരണം ഭഗവാൻ ശിവൻ മാത്രമാകുന്നു എന്നു ചിന്തിക്കുന്നവൻ സർവ്വജ്ഞനും സർവ്വദോഷങ്ങളെയും ഇല്ലാതാക്കിയവനുമാകുന്നു.

**ശിവജ്ഞാനേ സമുല്പന്നേ പരാനന്ദ:പ്രകാശതേ**
**തദാസക്തമനാ യോഗീ നാന്യത്ര രമേ സുധീ: 11**

**11.** ശിവജ്ഞാനമുാകുന്നതോടുകൂടി പരമാനന്ദാനുഭൂതി ഉാകുന്നു. അതിൽ സംസക്തചിത്തനും, ബുദ്ധിമാനുമായ വീരശൈവൻ മറ്റു ദേവന്മാരുടെ ആനന്ദം ആസ്വദിക്കുകയില്ല.

**തസ്മാത്സർവപ്രയത്നേന ശങ്കരം ശരണം ഗത:**
**തദനന്തസുഖം പ്രാപ്യ മോദതേ നാന്യചിന്തയാ 12**

**12.** ശരണാർത്ഥിയായ ശിവയോഗി എത്ര പ്രയാസപ്പെട്ടിട്ടായാലും ഭഗവാൻ ശങ്കരന്റെ അനന്തമായ സുഖമാസ്വദിച്ച് അന്യചിന്തകൂടാതെ ആനന്ദമഗ്നനാകുന്നു.

## താമസ നിരസനസ്ഥല വർണ്ണന

**ശിവാസക്തപരാനന്ദമോദിനാ ഗുരുണാ യത:**
**നിരസ്യതേ തമോഭാവാ: സ താമസനിരാസക: 13**

**13.** ഭഗവാൻ ശിവനിൽ ആസക്തനായവനും പരമാന ന്ദം അനുഭവിക്കുന്നവനുമായ ഗുരു മുഖേന സർവ തമോമയ ഭാവങ്ങളെയും







ഇല്ലാതാക്കിത്തീർക്കുന്നവനെ താമസനിരാസകനെന്നു വിളിക്കുന്നു.

**യസ്യ ജ്ഞാനം തമോമിശ്രം ന തസ്യ ഗതിരിഷ്യതേ**
**സത്ത്വം ഹി ജ്ഞാനയോഗസ്യ നൈർമല്യം വിദുരുത്തമാ: 14**

**14.** തമോഗുണത്താൽ സമ്മിശ്രമാകുന്ന ജ്ഞാനംകൊ് സദ്ഗതിയുാവുകയില്ല. ഉത്തമ പുരുഷൻ സത്ത്വം ജ്ഞാനയോഗത്തിന്റെ നൈർമ്മല്യത്തിനു കാരണമാണെന്നു പറയുന്നു.

**ശമോ ദമോ വിവേകശ്ച വൈരാഗ്യം പൂർണഭാവനാ**
**ക്ഷാന്തി: കാരുണ്യസമ്പത്തി: ശ്രദ്ധാ സത്യസമുദ്ഭവാ 15**
**ശിവഭക്തി: പരോ ധർമ്മ: ശിവജ്ഞാനസ്യ ബാന്ധവാ:**
**ഏതൈരുക്തോ മഹായോഗീ സാത്വിക: പരികീർതിത: 16**

**15/16.** ശമം, ദമം, വിവേകം, വൈരാഗ്യം, സമ്പൂർണ്ണ ശിവഭാവന, അഖണ്ഡജ്ഞാനം, ക്ഷമ, കരുണ, സത്യത്തിൽ നിന്നുമുളവാകുന്ന ആദരവ്, ശിവഭക്തി,പരശിവധർമ്മം, ഉൽകൃഷ്ടമായ ശൈവാചാരങ്ങൾ എന്നിവയെല്ലാം ശിവജ്ഞാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. മേല്പറഞ്ഞവയാൽ യുക്തനായ മഹായോഗിയെ സാത്വികൻ എന്നു വിളിക്കുന്നു.

**കാമക്രോധമഹാമോഹമദമാത്സര്യവാരണാ:**
**ശിവജ്ഞാനമൃഗേന്ദ്രസ്യ കഥം തിഷ്ഠന്തി സന്നിധൌ 17**

**17.** കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം എന്നിവകളാകുന്ന ആനക്കൂട്ടത്തിന് ശിവജ്ഞാനമാകുന്ന സിംഹത്തിനടുത്തു നില്കാനാകുമോ?

**യത്ര കുത്രാപി വാ ദ്വേഷ്ടി പ്രപഞ്ചേ ശിവരൂപിണി**
**ശിവദ്വേഷി സ വിജ്ഞേയോ രജസാവിഷ്ടമാനസ: 18**

**18.** ശിവലിംഗാകാരമായ പ്രപഞ്ചത്തിൽ ദ്വേഷമുാക്കുന്നിടത്തെല്ലാം രജോഗുണത്താൽ ആവിഷ്ടചിത്തനായവനെ ശിവ വിദ്വേഷി എന്നു മനസ്സിലാക്കണം.

**യോ ദ്വേഷ്ടി സകലാൻ ലോകാൻ യോ വാ്ഹംകുരുതേ സദാ**

## അദ്ധ്യായം-14

## ഐക്യസ്ഥല വർണ്ണന

അഗസ്ത്യമഹർഷി പറഞ്ഞു-

**താമസത്യാഗസംബന്ധാന്നിർദേശാച്ഛീലതസ്തഥാ**
**ശരണാഖ്യസ്യ ഭൂയോഽസ്യ കഥമൈക്യനിരൂപണം 1**

**1.** ജ്ഞാന നിർദ്ദേശങ്ങളും, ശീലസമ്പാദനവും കൊ് ലിംഗാ ഗിയും, താമസഗുണത്തെ ത്യജിച്ചവനുമായ ശരണന്റെ പുനരൈക്യം സംഭവിക്കുന്നതെങ്ങനെ?

ശ്രീ രേണുകാചാര്യർ പറഞ്ഞു-

**പ്രാണലിംഗാദിയോഗേന സുഖാതിശയമേയിവാൻ**
**ശരണാഖ്യ: ശിവേനൈക്യഭാവനാദൈക്യവാൻ ഭവേത് 2**

**2.** പ്രാണലിംഗത്തിന്റെ ധ്യാനയോഗത്തിൽകൂടി അത്ഭുതകരമായ ആനന്ദാനുഭൂതി ലഭിച്ചവനും, ലിംഗാംഗിയുമായ ശരണൻ ശിവനോടുകൂടിയുള്ള ഐക്യഭാവത്താൽ ഐക്യവാനായിത്തീരുന്നു.

കുറിപ്പ്:

ലിംഗവും ആത്മാവും ചിത്സ്വരൂപങ്ങളായതിനാൽ രു തമ്മിൽ ഭേദം സംഭവിക്കുന്നില്ല. നിതാന്തമായ വേർതിരിവും ഇല്ല. ലിംഗാത്മാവുകൾ തമ്മിൽ ഭേദമില്ല എന്ന ജ്ഞാനം ഉായ സന്ദർഭത്തിൽ മൺകുടത്തെക്കുറിച്ചോ വസ്ത്രത്തെക്കുറിച്ചോ ചിന്തിക്കുന്നില്ല. ശൈവസിദ്ധാന്തത്തിന് തടസ്സങ്ങളായ അവ രും നിതാന്തമായ ഏകമാത്രമാകുന്നില്ല. ശൈവ സിദ്ധാന്തമനുസരിച്ച് ശിവനും







രോഗശാന്തിയുാകുന്നതെങ്ങനെ?

**അജ്ഞാനമലിനം ചിത്തദർപ്പണം യോ വിശോധയേത്**
**പ്രജ്ഞാവിഭൂതിയോഗേന തമാഹുർഗുരുസത്തമം**
**25**

**25.** അജ്ഞാനത്താൽ മലിനമായ മനക്കണ്ണാടിയെ പ്രജ്ഞയാകുന്ന ഭസ്മം കൊ് ശുദ്ധിയാകുന്നവനെ പണ്ഡിതന്മാർ ഗുരു എന്നു പറയുന്നു.

**അപരോക്ഷിതതത്ത്വസ്യ ജീവമുക്തസ്വഭാവിന:**
**ഗുരോ: കടാക്ഷേ സംസിദ്ധേ കോ വാ ലോകേഷു ദുർലഭ: 26**

**26.** ശിവതത്വങ്ങളെ സാക്ഷാത്കരിച്ചവനും, സ്വാഭാവികമായ ജീവന്മുക്തി നേടിയവനുമായ ഗുരുവിന്റെ കൃപാദൃഷ്ടി ലഭിക്കുന്നതോടുകൂടി ലോകത്തിൽ ദുർല്ലഭമായിട്ടുള്ളതെന്താണ്?

**കൈവല്യകല്പതരവോ ഗുരുവ: കരുണാലയാ:**
**ദുർലഭാ ഹി ജഗത്യസ്മിൻ ശിവാദ്വൈതപരായണാ: 27**

**27.** കൈവല്യമാകുന്ന ഫലം തരുന്ന കല്പവൃക്ഷം പോ ലെ കരുണാസാഗരവും ശിവാദ്വൈതപരായണനുമായ ഗുരുവിനെ ഈ ലോകത്തിൽ കിട്ടുക ദുർല്ലഭമാണ്.

**ക്ഷീരാബ്ധിരിവ സിന്ധൂനാം സുമേരുരിവ ഭൂഭൃതാം**
**ഗ്രഹാണാമിവ തിഗ്മാംശുർമണീനാമിവ കൌസ്തുഭ: 28**
**ദ്രുമാണാമിവ ഭദ്രശ്രീർദേവാനാമിവ ശങ്കര:**
**ഗുരു: ശിവ: പര: ശ്ലാഘ്യോ ഗുരൂണാം പ്രാകൃതാത്മനാം 29**

**28/29.** സമുദ്രങ്ങളിൽ പാലാഴിയും, പർവ്വതങ്ങളിൽ സുമേരുവും, ഗ്രഹങ്ങളിൽ സൂര്യനും, രത്നങ്ങളിൽ കൗസ്തുഭവും, വൃക്ഷങ്ങളിൽ ചന്ദനവും പോലെ ദേവന്മാരിൽ ഭഗവാൻ ശിവശങ്കരൻ ശ്രേഷ്ഠനും, ശ്ലാഘനീയനുമാകുന്നു. അതുപോലെ പ്രകൃതിയിലെ സാധാരണ ഗുരുക്കന്മാരിൽ നിന്നും ശിവജ്ഞാനിയായ ഗുരു അതീവ ശ്രേഷ്ഠനും പ്രശംസനീയനുമാകുന്നു.

## ശീലസമ്പാദന സ്ഥല വർണ്ണന

**ജിജ്ഞാസാ ശിവതത്ത്വസ്യ ശീലമിത്യുച്യതേ ബുധൈ:**
**നിർദ്ദേശ്യയോഗാദാര്യാണാം തദ്വാൻ ശീലീതി കഥ്യതേ 30**

**30.** ഗുരുക്കന്മാരിൽ നിർദ്ദേശിക്കപ്പെട്ടതും, ഉപദേശിക്കപ്പെട്ടതുമായതിനാൽ പണ്ഡിതന്മാർ ശിവതത്വത്തെ അറിയുവാനുമുള്ള ആഗ്രഹത്തിന് ശീലം എന്നു പറയുന്നു. ശീലം അനുസരിച്ച് ജീവിക്കുന്നവരെ ശീലി എന്നു പറയുന്നു.

**പ്രപന്നാർതിഹരേ ദേവേ പരമാത്മനി ശങ്കരേ**
**ഭാവസ്യ സ്ഥിരതായോഗ: ശീലമിത്യുച്യതേ ബുധൈ: 31**

**31.** ശരണാഗതരായ ശിവഭക്തരുടെ കഷ്ടതയകറ്റുന്നവനും, ദേവാധിദേവനും, പരമാത്മാവുമായ ഭഗവാൻ ശങ്കരന്റെ ശിവഭാവസ്ഥിരതയ്ക്ക് പണ്ഡിതന്മാർ ശീലം എന്നു പറയുന്നു.

**ശീലംശിവൈകവിജ്ഞാനം ശിവധ്യാനൈകതാനതാ**
**ശിവപ്രാപ്തിസമുത്കണ്ഠാ തദ്യോഗി ശീലവാൻ സ്മൃത: 32**

**32.** ശിവജ്ഞാനം, ശിവധ്യാനം, (നിരന്തര ധ്യാനം), ശിവ ലബ്ധിയ്ക്കായുള്ള ഉത്കണ്ഠ എന്നിവ ശീല മായുള്ളയാൾ ശീലവാൻ.

**ശിവാദന്യത്ര വിജ്ഞാനേ വൈമുഖ്യം യസ്യ സുസ്ഥിരം**
**തദാസക്തമനോവൃത്തിസ്തമാഹു: ശീലഭാജനം 33**

**33.** ശിവനിൽ നിന്നും വിഭിന്നമായ വിജ്ഞാനത്തിന്റെ വിഷയത്തിൽ സ്ഥിരമായിരിക്കുന്ന പരാങ്മുഖതയും, ശിവനിൽ ആസക്തിയുള്ള മനസ്സും ഉള്ളവൻ ശീലപാത്രം (ശീലവാൻ) ആയിത്തീരുന്നു.

**പതിവ്രതായാ യച്ഛീലം പതിരാഗാത് പ്രശസ്യതേ**
**തഥാ ശിവാനുരാഗേണ സുശിലോഽഭക്ത ഉച്യതേ. 34**

**34.** പതിവ്രതയായ പത്നിയുടെ ശീലം, പ്രശംസ ഇവ അവളുടെ പതിയോടുള്ള പ്രണയഭാവന മൂലമാകുന്നു. അതുപോലെ ഭഗവൻ ശിവനോടുള്ള ഭക്തിപ്രേമം കൊ് ശിവഭക്തനല്ലാത്തവനും, ശിവപ്രീതികൊ് അവിയുക്തനായവനും സുശീലൻ എന്നറിയപ്പെടുന്നു.

**പതിം വിനാ യഥാ സ്ത്രീണാം സേവാഽന്യസ്യ തു ഗർഹണാ**





**ശിവം വിനാ തഥന്യേഷാം സേവാ നിന്ദ്യാ കൃതാത്മനാം 35**

**35.** സ്ത്രീകളെ സംബന്ധിച്ച് പതിയെക്കൂടാതെ പരപുരുഷസേവചെയ്യുന്നത് നിന്ദനീയം ആകുന്നതുപോലെ തന്നെ ശിവനെകൂടാതെ അന്യദേവതാ പൂജ ചെയ്യുന്നത് കൃതകൃത്യരായ ആളുകളെ സംബന്ധിച്ച് നിന്ദനീയമാകുന്നു.

**ബഹുനാത്ര കിമുക്തേന ശിവജ്ഞാനൈകനിഷ്ഠതാ**
**ശീലമിത്യുച്യതേ സദ്വിഭ: ശീലവാംസ്തത്പരോ മത: 36**

**36.** ഇക്കാര്യത്തിൽ ഏറെപ്പറയുന്നതുകൊണ്ടുലാഭം? സജ്ജനങ്ങൾ ശിവജ്ഞാന സംബന്ധമായ ഏകനിഷ്ഠയെ ശീലം എന്നു വിളിക്കുകയും അതിൽ മുഴുകിയിരിക്കുന്നവനെ ശീലവാൻ എന്നു കണക്കാക്കുകയും ചെയ്യുന്നു.

**ശിവാത്മബോധൈകരത: സ്ഥിരാശയ:**
**ശിവം പ്രപന്നോ ജഗതാമധീശം**
**ശിവൈകനിഷ്ഠാഹിതശീലഭൂഷണ:**
**ശിവൈക്യവാനേഷ ഹി കഥ്യതേ ബുധൈ: 37**

**37.** ശിവബോധത്തിൽ മാത്രം മുഴുകിയിരിക്കുന്നവനും, സ്ഥിരഭാവനായുക്തനും, പ്രപഞ്ചനാഥനായ ഭഗവാൻ ശിവന്റെ ശരണത്തിൽ ലീനനും, ശിവനിഷ്ഠ എന്ന ആഭൂഷണങ്ങൾ മാത്രം ധരിക്കുന്നവനുമായ ശീലവാനെ ശിവൈക്യമാൻ എന്നു പണ്ഡിതന്മാരാൽ വിളിക്കപ്പെടുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ ശരണസ്ഥല വർണ്ണന എന്ന 13-ാമത്തെ അദ്ധ്യായം സമാപ്തം.**

**ശംഭോരേകത്വഭാവേന സർവത്ര സമദർശന:**
**കുർവന്നപി മഹാകർമ്മ ന തത്ഫലമവാപ്നുയാത്** **18**

**18.** ജീവാത്മാവും പരമാത്മാവും ഒന്നു തന്നെയെന്ന സങ്കല്പ ത്താൽ സർവ്വതും ഒന്നു തന്നെ എന്നു കാണുന്ന മഹാത്മാക്കൾ വലിയ വലിയ സൽക്കർമ്മങ്ങളും ദുഷ്കർമ്മങ്ങളും ചെയ്യുന്നതിന്റെ ഫലമായി ദുഷിക്കുന്നില്ല.

**സുകൃതി ദുഷ്കൃതി വാപി ബ്രാഹ്മണോ വാന്ത്യജോപി വാ**
**ശിവൈകഭാവയുക്താനാം സദൃശോ ഭവതി ധ്രുവം** **19**

**19.** ബ്രാഹ്മണനോ ചണ്ഡാളനോ മറ്റാരുമോ ആഗ്രഹിക്കുന്നത് പാപകർമ്മമോ പുണ്യകർമ്മമോ ആകട്ടെ ശിവൻ ഏകമാകുന്നു എന്ന സങ്കല്പം കൊ് യോഗ്യരായ ശിവയോഗികൾക്ക് അവ യെല്ലാം നിശ്ചിതലിംഗ സ്വരൂപത്തിന് സമാനമാകുന്നു.

**വർണാശ്രമസദാചാരൈർജ്ഞാനിനാ കിം പ്രയോജനം**
**ലൗകികസ്തു സദാചാര: ഫലഭാവേഽപി ഭാവ്യതേ** **20**

**20.** ശിവജ്ഞാനികൾക്ക് ലൗകിക ജീവിതത്തിലെ വർണ്ണാശ്രമ ങ്ങളുടെ സദാചാരം കൊണ്ടെന്തു പ്രയോജനം? നിത്യനൈമിത്തി കങ്ങളായ ലൌകിക ജീവിതത്തിലെ സദാചാരങ്ങൾ ഫലം നൽകാ തിരിന്നിട്ടും അതു തന്നെ ചെയ്യുന്നു.

**നിർദഗ്ധകർമ്മബീജസ്യ നിർമലജ്ഞാനവഹ്നിനാ**
**ദേഹിവദ് ഭാസമാനസ്യ ദേഹയാത്രാ തു ലൗകികീ** **21**

**21.** നിർമ്മലമായ ജ്ഞാനാഗ്നിയിൽ കർമ്മമാകുന്ന ബീജം എരി ഞ്ഞുപോകുന്നു. ആത്മ സമാനമായതെന്ന പ്രതീതിയുളവാക്കുന്ന വനായ ദേഹധാരിയുടെ ദേഹയാത്രയായ ആഹാരനിദ്രാദികൾ മറ്റു ള്ളവരുടേതുപോലെ തോന്നിപ്പിക്കുന്നു. (എന്നാൽ ആ യാത്ര കൊ് യാതൊരു ഫലമോ സംസ്കാരമോ ഉാകുന്നില്ല.)

**ശിവജ്ഞാനസമാപന്നസ്ഥിരവൈരാഗ്യലക്ഷണ:**
**സ്വകർമണാ ന ലിപ്യേത പത്മപത്രമിവാംഭസാ** **22**

**22.** ശിവജ്ഞാനയുക്തനും സ്ഥിരവൈരാഗിയുമായ ശിവയോഗി







ജീവനും തമ്മിൽ സേവ്യസേവക ഭാവമായിരിക്കണം. ആയതിനാൽ അവയ്ക്കിടയിൽ ഭേദസങ്കല്പമുാകുന്നതുകൊ് ഐക്യസങ്ക ല്പവും ഉാകുന്നു.

**ഐക്യസ്ഥമിദം പ്രോക്തം ചതുർധാ മുനിപുംഗവ:**
**ഐക്യമാചാരസമ്പത്തിരേകഭാജനമേവ ച**
**സഹഭോജനമിത്യേഷാം ക്രമാല്ലക്ഷണമുച്യതേ** **3**

**3.** അല്ലയോ മഹർഷിശ്രേഷ്ഠാ! ഐക്യസ്ഥലം നാലുവിധമാ കുന്നു. 1) ഐക്യസ്ഥലം, 2) ആചാരസമ്പത്തി സ്ഥലം, 3) ഏകഭാ ജന സ്ഥലം, 4) സഹഭോജന സ്ഥലം എന്നിവയെക്കുറിച്ച് ക്രമ മായി ഓരോന്നിന്റെയും ലക്ഷണങ്ങൾ പറയാം.

## ഐക്യസ്ഥല വർണ്ണന

**വിഷയമാനന്ദകണികാനിസ്പൃഹോ നിർമലാശയ:**
**ശിവാനന്ദമഹാസിന്ധുമജ്ജനാദൈക്യമുച്യതേ** **4**

**4.** ഇന്ദ്രിയ വിഷയ സുഖങ്ങളിൽ തെല്ലും ആഗ്രഹമില്ലാത്തവനും, നിർമ്മലചിത്തനും, ശിവാനന്ദ മഹാ സാഗരത്തിൽ നിമ ഞ്ജിതനും, ലിംഗാംഗ സാമരസ്യം സ്ഥാപിച്ചവനുമായ വീരശൈ വനെ ഐക്യസ്ഥലം എന്നു വിളിക്കുന്നു.

**നിർധൂതമലസംബന്ധോ നിഷ്കളമനോഗത:**
**ശിവോഽഹമിതി ഭാവേന നിരൂഢോ ഹി ശിവൈക്യതാം** **5**

**5.** സർവ്വവിധത്തിലുള്ള മലങ്ങളെയും തുടച്ചുനീക്കി അതിൽ നിന്നും വിമുക്തനും നിഷ്കളങ്ക ചിത്തനുമായ ശിവയോഗി (വീര ശൈവൻ) ശിവോഹം എന്ന ഭാവത്താൽ ശിവൈക്യം ലഭ്യമാക്കു ന്നു.

**ശിവേനൈക്യം സമാപന്നശ്ചിദാനന്ദ സ്വരൂപിണാ**
**ന പശ്യതി ജഗജ്ജാലം മായാകല്പിത വൈഭവം** **6**

**6.** സച്ചിദാനന്ദ സ്വരൂപനായ ഭഗവാൻ ശിവനോട് ഐക്യം പ്രാപിച്ചവർ ഈ പ്രപഞ്ചത്തിലെ മായതരചിത വൈഭവജാല ങ്ങൾ കാണുന്നില്ല.

**ബ്രഹ്മാണ്ഡബുദ്ബുദോദ്ഭേദവിജ്രംഭീ തത്ത്വവീചിമാൻ**

**മായാസിന്ധുർല്യം യാതി ശിവൈക്യവടവാനലേ 7**

**7.** ബ്രഹ്മാണ്ഡമാകുന്ന കുമിളകളുടെ ഉത്ഭവത്തിൽ നിന്നുമുാകുന്ന വെള്ളപ്പൊക്കത്തിൻ 36 തത്വങ്ങളാകുന്ന തിരമാലകളാൽ യുക്തമായ മായസമുദ്രം ശിവലിംഗൈക്യമാകുന്ന വടവാഗ്നിയിൽ ലയിച്ചു ചേരുന്നു.

**മായാശക്തി തിരോധാനച്ഛിവേ ഭേദവികല്പനാ**
**ആത്മനസ്തദ്വിനാശേ തു നാദ്വൈതാത്കിഞ്ചിദിഷ്യതേ 8**

**8.** ശിവനിൽ മായാശക്തി തിരോധാനം ചെയ്യുന്നതോടുകൂടി ജീവന് ഭേദഭാവങ്ങളുാകുന്നു അതില്ലാതാകുമ്പോൾ അദ്വൈതമല്ലാതെ മറ്റൊന്നും ഉാകുന്നില്ല.

**പശുത്വം ച പതിത്വം ച മായാ മോഹവികല്പിതം**
**തസ്മിൻ പ്രളയമാപന്നേ ക: പശു: കോ നു വാ പതി: 9**

**9.** പശുഭാവവും, പതിഭാവവും മായമോഹത്തിന്റെ വികല്പനങ്ങളാണ്. ആ മായാമോഹ പ്രളയത്തിൽ പശുവും പതിയുമായിരുക്കുന്നതാരാണ്?

**ഘോരസംസാരസർപസ്യ ഭേദവത്മീകശായിന:**
**ബാധകം പരമാദ്വൈതഭാവനാ പരമൌഷധം 10**

**10.** (ജഡം, അജഡം, ജീവം-അജീവം, ജീവം-ജഡം, ജീവം-ഈശ്വര, ജഡം-ഈശ്വര എന്നിങ്ങനെ പരമാദ്വൈത ഭാവന അഞ്ചുവിധമാണ്.) ലൌകിക വിഷയങ്ങളാകുന്ന മാളത്തിലുറങ്ങുന്ന ഘോരസർപ്പത്തെ ബാധിക്കുന്ന പരമമായ ഔഷധമാണ് അദ്വൈത ഭാവനാ ഭേദങ്ങൾ

**ഭേദബുദ്ധി സമുല്പന്നമഹാസംസാരസാഗരം**
**അദ്വൈതബുദ്ധിപോതേന സമുത്തരതി ദേശിക: 11**

**11.** ശിവലിംഗൈക്യഭാവനയുള്ള ആചാര്യൻ അദ്വൈത ബുദ്ധിയാകുന്ന കപ്പൽ മുഖേന ഭേദബുദ്ധിയാലുായ മഹാസാഗരത്തിനപ്പുറം കടക്കുന്നു.

**അജ്ഞാനതിമിരോദ്രിക്താ കാമരക്ഷ:ക്രിയാകരീ**
**സംസാരകാളരാത്രിസ്തു നശ്യേദദ്വൈതഭാനുനാ 12**







**തസ്മാദദ്വൈതഭാവസ്യ സദൃശോ നാസ്തി യോഗിനാം**
**ഉപായോ ഘോരസംസാരതാപനിവൃത്തയേ 13**

**12-13.** അജ്ഞാനമാകുന്ന അന്ധകാരത്താൽ കാമമാകുന്ന രാക്ഷസീയ കൃത്യം ചെയ്യുന്ന ലൌകിക വിഷയങ്ങളാകുന്ന കാളരാത്രി ശിവാദ്വൈതമാകുന്ന സൂര്യൻ മുഖേന ഇല്ലാതായിത്തീരുന്നു. തന്മൂലം വീരശൈവരായ ശിവയോഗികൾക്കു വേിലൌകിക വിഷയങ്ങളാകുന്ന ഘോരമായ മഹാതാപം ഇല്ലായ്മ ചെയ്യുവാൻ അദ്വൈതഭാവത്തിനു തുല്യമായ മറ്റൊരു ഉപായവുമില്ല.

**അദ്വൈതഭാവനാജാതം ക്ഷണമാത്രേഽപി യത്സുഖം**
**തത്സുഖം കോടിവർഷേണ പ്രാപ്യതേ നൈവ ഭോഗിഭി: 14**
**ചിത്തവൃത്തിസമാലീനജഗത: ശിവയോഗിന:**
**ശിവാനന്ദപരിസ്ഫുർതിർമുക്തിരിത്യഭിധീയതേ 15**

**14-15.** അദ്വൈത ഭാവനയാൽ ക്ഷണനേരം കൊുായ സുഖം (രജത്വം) രാജസഭോഗികൾക്ക് കോടിക്കണക്കിന് വർഷങ്ങൾകൊുപോലും ലഭ്യമാക്കുവാൻ കഴിയുകയില്ല. ഇപ്രകാരം പ്രപഞ്ചത്തെ തന്റെ ചിത്തവൃത്തികളിൽ ലയിപ്പിക്കുന്ന ശിവയോഗിയെ ശിവാനന്ദപരിസ്ഫുർത്തിമുക്തി എന്നു വിളിക്കുന്നു.

## ആചാര സമ്പത്തി സ്ഥല വർണ്ണന

**ശിവൈകഭാവനാപന്നശിവത്വോ ദേഹവാനപി**
**ദേശികോ ഹി ന ലിപ്യേത സ്വാചാരൈ: സൂതകാദിഭി: 16**

**16.** ഏകമാത്രമായ സത്യം ഭഗവാൻ ശിവശങ്കരൻ തന്നെയെന്ന് സങ്കല്പിക്കുന്നവനും, യുക്തനും, ശിവതത്വാനുസാരിയുമായ ആചാര്യൻ ദേഹധാരിയായിരുന്നിട്ടും സൂതകം മുതലായ ആചാരങ്ങളാൽ തീി ദുഷിക്കുന്നില്ല.

**ശിവാദ്വൈത പരിജ്ഞാനേ സ്ഥിതേ സതി മനസ്വിനാം**
**കർമണാം കിം നു ഭാവ്യം സ്യാദകൃതേന കൃതേന വാ17**

**17.** ശിവാദ്വൈത പരിജ്ഞാനമുാകുമ്പോൾ മനസ്വികളുടെ സത്കർമ്മത്തിനോ ദുഷ്കർമ്മത്തിനോ യാതൊരു ഫലവും ഉാവുകയില്ല.

**36.** ഇതു ശിവൻ, ഇതു ഗുരു, ഇതു ചരാചരജഗത്ത്, ഇതു ഞാൻ എന്നിങ്ങനെയുള്ള ഭേദബുദ്ധി വിശ്വഭോജകമാകുന്നില്ല.

**അഹം ഭൃത്യ: ശിവ: സ്വാമീ ശിഷ്യോƒഹം ഗുരുരേവ വൈ**
**ഇതി യസ്യ മതിർനാസ്തി സ ചാദ്വൈതപദേ സ്ഥിത: 37**

**37.** ഞാൻ സേവകനും ഭഗവാൻ ശിവശങ്കരൻ സ്വാമിയുമാകുന്നു, ഞാൻ ശിഷ്യനും അവിടുന്നു ഗുരുവുമാകുന്നു. ഇപ്രകാരം ഭേദബുദ്ധിയില്ലാതിരിക്കുന്നവൻ അദ്വൈതപദത്തിൽ സ്ഥിതി ചെയ്യുന്നു.

**പരാഹന്തമയേ സ്വാത്മപാവകേ വിശ്വഭാസ്വതി**
**ഇദന്തഹവ്യഹോമേന വിശ്വഹോമീതി കഥ്യതേ 38**

**38.** വിശ്വപ്രകാശമെന്നു തോന്നിപ്പിക്കുന്നതായ പരാഹന്തയെ (വിലയിച്ചിരിക്കുന്ന അഹങ്കാരം) ആത്മാവാകുന്ന അഗ്നിയിൽ ഇദന്തയാകുന്ന ഹോമദ്രവ്യം കൊുഹോമം ചെയ്യുന്നവനെ വിശ്വഹോമി എന്നുപറയുന്നു.

**അഹം ശിവോ ഗുരുശ്ചാഹമഹം വിശ്വം ചരാചരം**
**യയാ വിജ്ഞായതേ സമ്യക് പൂർണാഹന്തേതി സാ സ്മൃതാ 39**

**39.** ഞാൻ ശിവനും, ഗുരുവും, സർവ്വചരാചരവിശ്വവുമാകുന്നു. എന്നു സങ്കല്പിക്കുന്നവനെ പൂർണ്ണാഹന്താവെന്നു കണക്കാക്കുന്നു.

കുറിപ്പ്: അകാരം മുതൽ ക്ഷകാരം വരെ 50 വർണ്ണങ്ങളുടെ വികാസഫലമാണ് ഈ പ്രപഞ്ചം. അഹ എന്നീ വർണ്ണങ്ങളിൽ സാധനകൾ കൊു സമാഹരിച്ചതിനുശേഷം അതും ബിന്ദുരൂപേണ പ്രത്യാഹരണമായിത്തീരുന്നു. ഈ ബിന്ദു അ ഹ എന്നിവയുടെ സൂക്ഷ്മതമ രൂപമാകുന്നു. ഇതിൽ മയിൽ മുട്ടവെള്ളയെന്നപോലെ സർവ്വലോകങ്ങളും പ്രച്ഛന്നമായിരിക്കുന്നു. ഇതു തന്നെ പൂർണ്ണാഹന്തയാകുന്നു. അതിൽ സർവ്വപ്രപഞ്ചവും സൂക്ഷ്മരൂപത്തിൽ പ്രതിബിംബിച്ചു കൊയേിരിക്കുന്നു.

**ആധാരവഹ്നൗ ചിദ്രൂപേ ഭേദജാതം ജഗദ്ഭവി:**
**ജുഹോതി ജ്ഞാനയജ്ഞാ യ: സ ജ്ഞേയോ വിശ്വഹവ്യഭുക് 40**







താമരയിലകൾ വെള്ളത്തിൽ ബന്ധപ്പെടാതെ പൊങ്ങിക്കിടക്കുന്നതുപോലെ തന്റെ കർമ്മങ്ങളാൽ ലിപ്തമാകുന്നില്ല.

**ഗച്ഛംസ്തിഷ്ഠൻ സ്വപൻവാപി ജാഗ്രൻ വാപി മഹാമതി:**
**ശിവജ്ഞാനസമായോഗാച്ഛിവപൂജാപര: സദാ 23**

**23.** ശിവജ്ഞാന സംബന്ധമായതിനാൽ മഹാബുദ്ധിമാനായ ശിവയോഗി നടക്കുമ്പോഴും നില്ക്കുമ്പോഴും, ഉറങ്ങുമ്പോഴും, ഉണരുമ്പോഴും സദാ ശിവപൂജ ചെയ്തുകൊിരിക്കുന്നു.

**യദ്യത്പശ്യതി സാമോദം വസതു ലോകേഷു ദേശിക:**
**ശിവദർശനസമ്പത്തിസ്തത്ര തത്ര മഹാത്മന: 24**

**24.** ശിവലിംഗൈക്യവാനായ ശിവാചാര്യന് ആനന്ദത്തോടുകൂടി ഈ ലോകത്തിൽ വീക്ഷിക്കുന്ന വസ്തുക്കളിൽ ഭഗവാൻ ശിവന്റെ പ്രതീതി തോന്നിക്കുന്നു.

**(ആത്മാ ത്വം ഗിരിജാ മതി പരിചരാ:**
**പ്രാണാ: ശരീരം ഗൃഹം**
**പൂജാ തേ വിഷയോപഭോഗരചനാ**
**നിദ്രാ സമാധി സ്ഥിതി**
**സഞ്ചാര: പദയോ: പ്രദക്ഷിണവിധി:**
**സ്തോത്രാണി സർവാ ഗിരോ**
**യദ്യത് കർമ കരോമി തത്തദഖിലം**
**ശംഭോ തവാരാധനം)**

**യദ്യച്ചിന്തയതേ യോഗീ മനസാ ശുദ്ധഭാവന:**
**തത്തച്ഛിവമയത്വേന ശിവധ്യാനമുദാഹൃതം 25**

**25.** ശിവജ്ഞാനത്താൽ ശുദ്ധഭാവനയുള്ളവനായ ശിവയോഗി മനസ്സുകൊു ധ്യാനിക്കുന്നതെല്ലാം ശിവമയമാകുന്നതിനാൽ ശിവധ്യാനം എന്നുപറയുന്നു.

**യദ്കിഞ്ചിദ് ഭാഷിതം ലോകേ സ്വേച്ഛയാ ശിവയോഗിനാ**
**ശിവസ്തോത്രമിദം സർവം യസ്മാത് സർവാത്മക: ശിവ: 26**

**26.** ഭഗവാൻ ശിവൻ സർവ്വതിലും കാണപ്പെടുന്നുവെന്നു വിശ്വസിക്കുന്ന ശിവയോഗി സ്വേച്ഛയാൽ പറയുന്നതെല്ലാം ജഗത്തിൽ ശിവസ്തോത്രമായിത്തീരുന്നു.

**യാ യാ ചേഷ്ടാ സമുല്പന്നാ ജായതേ ശിവയോഗിനാം**
**സാ സാ പൂജാ മഹേശസ്യ സർവദാ തദ്ഗതാത്മനാം**
**27**

**27.** ശിവയോഗികളായ വീരശൈവർക്ക് അവരുടെ ശരീരത്തിലു ാകുന്ന വിവിധതരത്തിലുള്ള ചേഷ്ടകളെല്ലാം ശിവമയമായ ആത്മാവോടുകൂടിയ സദാ ശിവപൂജയാകുന്നു.

## ഏകഭാജന സ്ഥല വർണ്ണന

**വിശ്വം ശിവമയം ചേതി സദാ ഭാവയതോ ധിയാ**
**ശിവൈകഭാജനാത്മത്വാദേകഭാജനമുച്യതേ 28**

**28.** ഈ പ്രപഞ്ചം ശിവമയമാകുന്നു എന്നു സങ്കല്പിക്കുന്നത് ശിവൈകഭാജനത്മകമാകുന്നതിനാൽ ഏകഭാജനമെന്നു പറയുന്നു.

**സ്വസ്യ സർവസ്യ ലോകസ്യ ശിവസ്യാദ്വൈത ദർശനാത്**
**ഏകഭാജനയോഗേന പ്രസാദൈക്യമതിർഭവേത് 29**

**29.** ഭഗവാൻ ശിവനും സമ്പൂർണ്ണ പ്രപഞ്ചവും ഒന്നെന്നു കാണുന്ന ഒരു പാത്രമായ പ്രസാദ വിഷയകാരിണിയായ അദ്വൈ തബുദ്ധി ഉാകുന്നു. ഇപ്രകാരം ചരമൂർത്തിയായ ശിവയോഗി യുടെ ലിംഗൈക്യത്തിന്റെ പാദോദകവും (പാദതീർത്ഥം) ലിംഗാ ഭിഷേക തീർത്ഥവും തുല്യ രൂപത്തിൽ സ്വീകരിക്കുന്നു.

**ശിവേ വിശ്വമിദം സർവം ശിവ: സർവത്ര ഭാസതേ**
**ആധാരാധേയഭാവേന ശിവസ്യ ജഗത: സ്ഥിതി: 30**

**30.** സർവ്വ പ്രപഞ്ചവും ശിവശങ്കരനിലാവുകയും ശിവ ൻ സർവ്വദാ സകലയിടങ്ങളിലും പ്രകാശിച്ചുകൊുമിരിക്കുന്നതിനാൽ ശിവനും പ്രപഞ്ചവും തമ്മിൽ ഒന്നു മറ്റൊന്നിനോട് ആധാരാധേയ ബന്ധ ത്തിൽ സ്ഥിതി ചെയ്യുന്നു.

**ചിദേകഭാജനം യസ്യ ചിത്തവൃത്തേ: ശിവാത്മകം**
**നാന്യത് തസ്യ കിമേതേന മായാമൂലേന വസ്തുനാ 31**

**31.** ശിവാത്മകമായ ചിത്തവൃത്തികളും വിഷയങ്ങൾ ചൈതന്യ വത്തായതുമായവന് മായമൂലകങ്ങളായ മറ്റു വസ്തുക്കൾ കൊ് എന്തു നേടാൻ?







**ചിത്പ്രകാശയതേ വിശ്വം തദ്വിനാ നാസ്തി വസ്തു ഹി**
**ചിദേകനിഷ്ഠചിത്താനാം കിം മായാപരികല്പിതൈ:**
**32**

**32.** ആത്മാവ് മുതലായവകളാൽ സൂചിതമായ മനസ്സ് മറ്റൊന്നു മില്ലാതെ സർവ്വ ജഗത്തിനേയും പ്രകാശിപ്പിക്കുന്നു. ശിവം എന്ന ഒരേ ചിന്തയിൽ മുഴുകിയിരിക്കുന്നവന് മായാ സൃഷ്ടികളായ വസ്തുക്കൾ കൊന്തെുഫലം?

**വൃത്തിശൂന്യേ സ്വഹൃദയേ ശിവലീനേ നിരാകുലേ**
**യ: സദാ വർതതേ യോഗീ സ മുക്തോ നാത്ര സംശയ:**
**33**

**33.** സദാ വൃത്തിശൂന്യനായ ഭഗവാൻ ശിവനിൽ ലീനവും, നിരാ കുലവും ശാന്തവുമായ തന്റെ ഹൃദയത്തിൽ ശിവധ്യാനനിമഗ്നനായി രിക്കുന്ന ശിവയോഗി മുക്തനായിത്തീരുന്നു.

## സഹഭോജന സ്ഥല വർണ്ണന

**ഗുരോ: ശിവസ്യ ശിഷ്യസ്യ സ്വസ്വരൂപതയാ സ്മൃതി:**
**സഹഭോജനമാഖ്യാതം സർവഗ്രാസാത്മഭാവത: 34**

**34.** ഗുരുവും, ശിഷ്യനും, ശിവനും തന്റെ രൂപത്തിൽ സ്മരിക്കുന്ന സർവഗ്രാസാത്മഭാവത്തിനു കാരണത്തിന് സഹഭോജനം എന്നു പറ യുന്നു.

**ശിവം വിശ്വം ഗുരും സാക്ഷാദ് യോജയേന്നിത്യമാത്മനി**
**ഏകത്വേന ചിദാകാരേ തദിദം സഹഭോജനം 35**

**35.** നിത്യേന സാക്ഷാൽ ചിദാകാരവും, സച്ചിദാനന്ദ സ്വരൂപവു മായ ആത്മാവിൽ ഭഗവാൻ ശിവനേയും ഗുരുവിനേയും, പ്രപഞ്ച ത്തേയും ഒരേ രൂപത്തിൽ ചേർക്കുന്നവനെ സഹഭോജനം എന്നു പറയുന്നു.

കുറിപ്പ്: ശിവനും ഗുരുവും തന്റെ സ്വരൂപത്തിൽ നിന്നും ഭിന്നമല്ലാത്ത രൂപത്തിൽ പരാമർശിക്കുന്നത് സഹഭോജനം

**അയം ശിവോ ഗുരുശ്ചൈവ ജഗദേതച്ചരാചരം**
**അഹം ചേതി മതിര്യസ്യ നാസ്ത്യസൌ വിശ്വഭോജക: 36**

**7.** മറ്റൊരാൾ മുഖേന പരമമായ ജ്ഞാനം നൽകി പാശബന്ധനം ഇല്ലാതാക്കുന്നത് ദീക്ഷ ആകുന്നു. ആ വിഷയത്തിൽ ഗുരുവായിരിക്കുന്നയാളെ ദീക്ഷാഗുരു എന്നു വിളിക്കുന്നു.

**ഗുണാതീതം ഗുകാരം ച രൂപാതീതം രുകാരകം**
**ഗുണാതീതമരൂപം ച യോ ദദ്യാത് സ ഗുരു: സ്മൃത: 8**

**8.** ഗു എന്നതിന് ഗുണാതീതം എന്നും രു എന്നതിന് രൂപാതീതം എന്നും അർത്ഥമാകുന്നു. സർവ്വഗുണങ്ങൾക്കും അതീതവും, നിർഗ്ഗുണവും, രൂപരഹിതവുമായ ജ്ഞാനം കൊടുക്കുന്നയാളെ ഗുരു എന്നു പറയുന്നു.

**ആചിനോതി ച ശാസ്ത്രാർത്ഥാനാചാരേ സ്ഥാപയത്യലം**
**സ്വയമാചരതേ യസ്മാദാചാര്യസ്തേന ചോച്യതേ 9**

**9.** ശാസ്ത്ര രഹസ്യങ്ങളനുസരിച്ച് അതിന്റെ അർത്ഥങ്ങൾ സ്വാംശീകരിച്ച് തന്റെ ശിഷ്യന്മാർക്ക് അതിനെക്കുറിച്ചുള്ള ബോധം നൽകുകയും സ്വയം അത് ആചരിക്കുകയും ചെയ്യുന്നയാളെ ആചാര്യൻ എന്നു വിളിക്കുന്നു.

**ഷഡധ്വാതീതയോഗേന യതതേ യസ്തു ദേശിക:**
**മായാബ്ധിതാരണോപായഹേതുർവിശ്വഗുരു: ശിവ: 10**

**10.** ഷഡ്സ്ഥല ലബ്ധികൾക്കും ഉപരിയായുള്ള ശിവയോഗം കൊ് പ്രയത്നിക്കുന്നയാളെ ദേശികനെന്നു വിളിക്കുന്നു. മായയാകുന്ന സാഗരം കടക്കുന്നതിനുള്ള ഉപായം പറഞ്ഞു തരുന്ന വിശ്വഗുരു ഭഗവാൻ ശിവശങ്കരനാകുന്നു.

**അഖണ്ഡം യേന ചൈതന്യം വ്യജ്യതേ സർവ വസ്തുഷു**
**ആത്മയോഗപ്രഭാവേണ സ ഗുരുർവിശ്വഭാസക: 11**

**11.** തന്റെ ശിവയോഗപ്രഭാവത്താൽ സകല വസ്തുക്കളിലും അഖണ്ഡമായ സച്ചിദാനന്ദാത്മകമായ ചൈതന്യത്തിന്റെ അഭിവ്യക്തി പ്രകടിപ്പിക്കുന്ന ആ ഗുരു വിശ്വപ്രകാശകനാകുന്നു.

## ശിക്ഷാഗുരു സ്ഥല വർണ്ണന

**ദീക്ഷാഗുരുരസൌ ശിക്ഷാഹേതു: ശിഷ്യസ്യ ബോധക:**







**40.** ജ്ഞാനയജ്ഞങ്ങളുടെ കർത്താവ് ആജ്ഞാചക്രത്തിൽ സ്ഥിതിചെയ്യുന്ന തേജത്തിൽ ഭേദസമൂഹമാകുന്ന ജഗത് എന്ന ഹവിസ്സ് ഹവനം ചെയ്യുന്നവനെ വിശ്വഹവ്യഭുക് എന്നു കണക്കാക്കണം.

**ചിദാകാരേ പരാകാശേ പരമാനന്ദഭാസ്വതി**
**വിലീന ചിത്തവൃത്തീനാം കാ വാ വിശ്വക്രമ സ്ഥിതി:**
**41**

**41.** പരാകാശത്തിൽ പരമാനന്ദമാകുന്ന സൂര്യനെപ്പോലെയുള്ള ചിത്സ്വരൂപന്റെ ചിത്തവൃത്തികളിൽ ലീനനാകുന്നവന് പ്രപഞ്ച വ്യവഹാര സ്ഥിതി എന്തായിത്തീരുവാനാണ്.

**നിരസ്തവിശ്വസംബാധേ നിഷ്കളങ്കേ ചിദംബരേ**
**ഭാവയേല്ലീനമാത്മാനം സാമരസ്യസ്വഭാവത: 42**
**സൈഷാ വിദ്യാ പരാ ജ്ഞേയാ സത്താനന്ദപ്രകാശിനി**
**മുക്തിരിത്യുച്യതേ സദ്ഭിർജഗന്മോഹനിവർതിനീ 43**

**42-43.** പ്രപഞ്ചത്തിലെ തടസ്സങ്ങളായ ജനിമരണങ്ങൾ മുതലായവയുടെ ബന്ധനങ്ങളില്ലാത്ത നിഷ്കളങ്കമായ ചിദാകാശത്തിൽ ലിംഗാംഗസാമരസ്യത്താൽ സ്വയംലീനനാണെന്നു മനസ്സിലാക്കണം. സജ്ജനങ്ങൾ മുഖേന ഈ ലോകത്തിലെ മോഹങ്ങൾ ഇല്ലാതാക്കുന്നതിന് മോക്ഷം (മുക്തി) എന്നു പറയുന്നു.

**ഭക്താദിധാമാർപിതധർമയോഗാത്**
**പ്രാപ്തൈകഭാവ:പരമാദ്ഭൂതേന**
**ശിവേന ചിദ് വ്യോമമയേന സാക്ഷാ**
**ന്മോക്ഷശ്രിയോഭാജനതാമുപൈതി 44**

**44.** ഭക്തസ്ഥലം മുതലായവയ്ക്കായി സമർപ്പിച്ച ധർമ്മമാർഗ്ഗം കൊ് ചിദാകാശമയവും, പരമാത്ഭുതവുമായ ശിവലിംഗൈക്യം പ്രാപിച്ച ഐക്യസ്ഥലി എന്ന വ്യക്തി സാക്ഷാൽ മോക്ഷത്തിനു പാത്രമായിത്തീരുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ ഐക്യസ്ഥല വർണ്ണന എന്ന 14-ാമത്തെ**

**അദ്ധ്യായം സമാപ്തം.**

### അദ്ധ്യായം 15

## ഭക്തലിംഗ സ്ഥലവർണ്ണന

1. **ശ്രീ രേണുകാചാര്യർ പറഞ്ഞു-**

**ഷട്സ്ഥലോക്തസദാചാരസമ്പന്നസ്യ യഥാക്രമം**
**ലിംഗസ്ഥലാനി കഥ്യന്തേ ജീവന്മുക്തി പരാണി ച** 1

സദാചാര സമ്പന്നനായ, ശിവഭക്തന്റെ ജീവന്മുക്തിപരമായ ലിംഗ സ്ഥലത്തെക്കുറിച്ച് ആറു സ്ഥലങ്ങളിലായി വിവരിച്ചിരിക്കുന്നത് ക്രമത്തിൽ പറയാം

2. **അഗസ്ത്യമഹർഷി പറഞ്ഞു-**

**ഭക്താദ്യൈക്യാവസാനാനി ഷഡുക്താനി സ്ഥലാനി ച**
**ലിംഗസ്ഥലാനി കാനീഹ കഥ്യതേ കതി വാ പുന:** 2





ഭക്തസ്ഥലം മുതൽ ഐക്യസ്ഥലം വരെയുള്ള ആറു സ്ഥലങ്ങളെക്കുറിച്ച് പറഞ്ഞു കഴിഞ്ഞു ഇനി ലിംഗസ്ഥലം എത്രയ്? അവ ഏതൊക്കെ എന്നു പറഞ്ഞാലും.

**ഗുർവാദിജ്ഞാനശൂന്യാന്താ ഭക്താദിസ്ഥലസംശ്രിതാ:**
**സ്ഥഭേദാ: പ്രകീർത്യന്തേ പഞ്ചശത് സപ്ത ചാധുനാ:**
3

**3.** ഭക്തസ്ഥലം മുതൽ ആറു സ്ഥലങ്ങളിൽ ആദരവോടുകൂടിയിരിക്കുന്ന ദീക്ഷാഗുരുസ്ഥലം മുതൽ ജ്ഞാനശൂന്യസ്ഥലം വരെയുള്ള 57 സ്ഥലഭേദങ്ങളെക്കുറിച്ച് ഇനി പറയാം.

**ആദൌ നവ സ്ഥലാനീഹ ഭക്തസ്ഥലസമാശ്രയാത്**
**കഥ്യന്തേ ഗുണസാരേണ നാമാന്യേഷാം പൃഥക് ശ്രുണു**
4

**4.** ആദ്യമായി ഭക്തസ്ഥലത്തെ ആധാരമാക്കിയുള്ള 9 സ്ഥലങ്ങളെ അതിന്റെ ഗുണമനുസരിച്ച് പറയാം അതിന്റെ വിവിധ നാമങ്ങൾ കേട്ടു കൊള്ളുക.

**ദീക്ഷാഗുരുസ്ഥലം പൂർവ്വം തത: ശിക്ഷാഗുരുസ്ഥലം**
**പ്രജ്ഞാഗുരുസ്ഥലം ചാഥ ക്രിയാലിംഗസ്ഥലം തത:**
5

**ഭാവലിംഗസ്ഥലം ചാഥ ജ്ഞാനലിംഗസ്ഥലം തത:**
**സ്വയം പരം ചരം ചേതി തേഷാം ലക്ഷണമുച്യതേ:**
6

**5/6.** (1) ദീക്ഷാഗുരുസ്ഥലം; (2) ശിക്ഷാഗുരുസ്ഥലം; (3) പ്രജ്ഞാഗുരുസ്ഥലം; (4) ക്രിയാലിംഗസ്ഥലം; (5) ഭാവലിംഗസ്ഥലം; (6) ജ്ഞാനലിംഗസ്ഥലം; (7) സ്വയംസ്ഥലം; (8) പരസ്ഥലം; (9) ചരസ്ഥലം എന്നിങ്ങനെ 9 സ്ഥലങ്ങളാകുന്നു. ഇനി ഇതിന്റെ ലക്ഷണങ്ങൾ പറയാം.

## ദീക്ഷാഗുരു സ്ഥല വർണ്ണന

**ദീയതേ പരമം ജ്ഞാനം ക്ഷീയതേ പാശബന്ധനം**
**യയാ ദീക്ഷേതി സാ തസ്യാം ഗുരുർദീക്ഷാഗുരു: സ്മൃത:** 7

**ബഹിസ്തിമിരവിച്ഛേത്താ ഭാനുരേഷ പ്രകീർതിത:**
**ബഹിരന്തസ്തമച്ഛേദീ വിഭുർദേശികഭാസ്കര: 27**

**27.** പ്രകൃതിയിൽ കാണപ്പെടുന്ന സൂര്യൻ ബാഹ്യാന്ധകാരത്തിന്റെ വിനാശകനാകുന്നു. എന്നാൽ സർവ്വ വ്യാപിയായിരിക്കുന്ന ആചാര്യനാകുന്ന സൂര്യൻ ബാഹ്യവും ആന്തരികവുമായ അജ്ഞാനമാകുന്ന അന്ധകാരത്തെ അകറ്റുന്നു.

കുറിപ്പ്: പ്രപഞ്ചം ശിവനിൽ നിന്നും ഭിന്നമാകുന്നു എന്നത് ബാഹ്യമായ അജ്ഞാനവും, ഞാൻ ശിവനിൽ നിന്നും ഭിന്നമാകുന്നു എന്നത് ആഭ്യന്തര അജ്ഞാനവും ആകുന്നു.

**കടാക്ഷലേശമാത്രേണ വിനാ ധ്യാനാദികല്പനം**
**ശിവത്വം ഭാവയേദ്യത്ര സ വേദ: ശാംഭവോ മത:**
**28**

**28.** ധ്യാനം മുതലായ സങ്കല്പം കൂടാതെ കൃപാകടാക്ഷം കൊണ്ടുമാത്രം ഉാകുന്ന ശിവഭക്തിഭാവന ഉാകുന്നത് ഏതിൽ നിന്നാണോ അതിന് ശാംഭവജ്ഞാനം എന്നു പറയുന്നു.

**ശിവേദകരേ ജ്ഞാനേ ദത്തേ യേന സുനിർമലേ**
**ജീവന്മുക്തോ ഭവേച്ഛിഷ്യ: സ ഗുരുർജ്ഞാനസാഗര:**
**29**

**29.** ശിവഭക്തി ഭാവന ഉാകുന്ന നിർമ്മലജ്ഞാനം കൊടുക്കുമ്പോൾ ശിഷ്യൻ ജീവന്മുക്തനായിത്തീരുന്നു. ആ ഗുരു ശിവജ്ഞാനസാഗരമാകുന്നു.

## ക്രിയാലിംഗ സ്ഥല വർണ്ണന

**ഗുരോർവിജ്ഞാനയോഗേന ക്രിയായത്ര വിലീയതേ**
**തത്ക്രിയാലിംഗമാഖ്യാതം സർവൈരാഗമപാരഗൈ:**
**30**

**30.** ഗുരുവിന്റെ ശിവജ്ഞാന യോഗത്താൽ ക്രിയ വിലീനമായിരുന്നത് എന്തിലാണോ അതിനെ ആഗമ പണ്ഡിത ന്മാർ ക്രിയാലിംഗം എന്നു പറയുന്നു.





**പ്രശ്നോത്തരപ്രവക്താ ച ശിക്ഷാഗുരുരിതീർതതേ**
**12**

**12.** ശിഷ്യന് ജ്ഞാനം കൊടുക്കുന്നത് ദീക്ഷാ ഗുരുവായതിനാൽ അദ്ദേഹം അവന്റെ ശിക്ഷാഗുരുവും ആയിത്തീരുന്നു.

**ബോധകോഽയം സമാഖ്യാതോ ബോധമേതദിതി സ്ഫുടം**
**ശിഷ്യേ നിയുജ്യതേ യേന സ ശിക്ഷാഗുരുരുച്യതേ 13**

**13.** ശിക്ഷാഗുരുവിന് പരശിവതത്വ പ്രകാശകൻ-ശൈവസിദ്ധാന്ത ബോധകൻ-എന്നും മറ്റും പറയുന്നു. ഇതിനും ശിവയോഗമെന്നും പറയുന്നു. ശിഷ്യനിൽ ജ്ഞാനത്തിന് നിയുക്തനാക്കുന്നയാളെ ശിക്ഷാഗുരു എന്നു പറയുന്നു.

**സംസാരതിമിരോന്മാഥിശരച്ചന്ദ്രമരീചയ:**
**വാചോ യസ്യ പ്രവർത്തന്തേ തമാചാര്യം പ്രചക്ഷതേ 14**

**14.** ലൌകിക ജീവിതത്തിലെ ഇന്ദ്രിയവിഷയങ്ങളാകുന്ന അന്ധകാരത്തെ ഇല്ലാതാക്കുന്നതിനുവേ ശരത്കാല ചന്ദ്രികയെപ്പോലെ പ്രവർത്തിക്കുന്ന വാക്കുകളുള്ള ജ്ഞാനികളെ പണ്ഡിതന്മാർ ആചാര്യൻ എന്നു വിളിക്കുന്നു.

**ദദാതി യ: പതിജ്ഞാനം ജഗന്മായാനിവർത്തകം**
**അദ്വൈതവാസനോപായം തമാചാര്യവരം വിദു: 15**

**15.** പ്രപഞ്ചത്തിലെ മായയെ ദുരീകരിക്കുന്ന (ശിവ)ജ്ഞാനം നൽകുന്ന അദ്വൈതഭാവനയുടെ ഉപായഭൂതനായ വ്യക്തിയെ ആചാര്യൻ എന്നു കണക്കാക്കുന്നു.

**പൂർവപക്ഷം സമാദായ ജഗദ്ഭേദവികല്പനം**
**അദ്വൈതകൃതസിദ്ധാന്തോ ഗുരുരേഷ ഗുണാധിക: 16**

**16.** ലൌകിക വിഷയ ഭേദങ്ങളുടെ വികല്പനയെ പൂർവ്വപക്ഷത്തിന്റെ രൂപത്തിൽ സ്വീകരിച്ച് ശൈവ സിദ്ധാന്തത്തിന്റെ രൂപത്തിൽ അദ്വൈതവാദത്തെ സ്ഥാപിച്ചിരിക്കുന്ന ഗുരു ഗുണാധികൻ (ശ്രേഷ്ഠൻ) ആകുന്നു.

**സന്ദേഹവനസന്ദോഹമുച്ഛേദകുഠാരികാ**
**യത്സൂക്തിധാരാ വിമലാ സ ഗുരുണാം ശിഖാമണി: 17**

**17.** സന്ദേഹമാകുന്ന വനസമൂഹത്തെ ഇല്ലാതാക്കുന്നതിനു വേി നിർമ്മലമായ സൂക്തിധാരയാൽ കോടാലിപോലെ വർത്തിക്കുന്നയാൾ ഗുരുക്കന്മാരുടെ ശിഖാമണിയാകുന്നു.

**യത്സൂക്തിദർപ്പണാഭോഗേ നിർമ്മലേ ദൃശ്യതേ സദാ**
**മോക്ഷശ്രീർബിംബരൂപേണ സ ഗുരുർഭവതാരക:** **18**

**18.** നിർമ്മലസൂക്തങ്ങളാകുന്ന ദർപ്പണത്തിന്റെ വിസ്തൃതിയിൽ മോക്ഷലക്ഷ്മി സദാ പ്രതിബിംബ രൂപേണ കാണപ്പെടുന്ന ഗുരു സംസാര സാഗരം താുവാൻ കഴിവുള്ളവനാകുന്നു.

**ശിഷ്യാണാം ഹൃദയാലേഖ്യം പ്രദ്യോതയതി യ: സ്വയം**
**ജ്ഞാനദീപികയാഽനേന ഗുരുണാ ക: സമോ ഭവേത്** **19**

**19.** ജ്ഞാനമാകുന്ന ദീപത്താൽ തന്റെ മനസ്സിനെ മാലിന്യമുക്തമാക്കി, അതിൽ നിത്യസ്വരൂപനായ ഭഗവാൻ ശിവനെ സ്വയം പ്രകാശിപ്പിക്കുന്ന ആ ഗുരുസമാനായി ആരു്? (ആരുമില്ല)

**പരമാദ്വൈതവിജ്ഞാനപരമൌഷധിദാനത:**
**സംസാരരോഗനിമാർത്ഥി ദേശിക: കേന ലഭ്യതേ** **20**

**20.** പരമ ഔഷധമാകുന്ന അദ്വൈതവിജ്ഞാനദാനത്താൽ ഇന്ദ്രിയ വിഷയങ്ങളാകുന്ന രോഗത്തെ ഇല്ലാതാക്കുന്നവനായ ആചാര്യനെ ആർക്കാണ് ലഭിക്കുക? ശിവകാരുണ്യം കൊ് ഇപ്രകാരമുള്ള ഗുരു ലബ്ധിയുാകുന്നു.

## ജ്ഞാനഗുരുസ്ഥല വർണ്ണന

**ഉപദേഷ്ടോപദേശാനാം സംശയച്ഛേദകാരക:**
**സമ്യഗ്ജ്ഞാനപ്രദ: സാക്ഷാദേഷ ജ്ഞാനഗുരു: സ്മൃത:** **21**

**21.** രഹസ്യമായി ഉപദേശങ്ങൾ കൊടുക്കുന്നവനും, ശിഷ്യന്റെ സംശയങ്ങൾ ദുരീകരിച്ച്ു് അനുചിതമായ ജ്ഞാനം കൊടുക്കുന്നവനുമായ വ്യക്തിയെ ജ്ഞാനഗുരു എന്നു വിളിക്കുന്നു.

**നിരസ്തവിശ്വസംഭേദം നിർവികാരം ചിദംബരം**





**സാക്ഷാത്കരോതി യോ യുക്ത്യാ സ ജ്ഞാനഗുരുരുച്യതേ** **22**

**22.** ജഗത്ഭേദങ്ങളെ നിരസിക്കുന്നവനും, നിർവ്വികാരനും, ചിദാകാശത്തെ അദ്വൈത ശാസ്ത്രത്തിന്റെ യുക്തിക്കനുസൃതമായി പ്രത്യക്ഷപ്പെടുത്തുന്നവനുമായ വ്യക്തിയെ ജ്ഞാനഗുരു എന്നു വിളിക്കുന്നു.

**കളങ്കവാനസൌ ചന്ദ്ര: ക്ഷയവൃദ്ധിപരിപ്ലുത:**
**നിഷ്കളങ്കസ്ഥിതോ ജ്ഞാനചന്ദ്രമാ നിർവികാരവാൻ** **23**

**23.** ആകാശത്തിൽ കാണപ്പെടുന്ന ചന്ദ്രൻ വൃദ്ധിക്ഷയത്താൽ സമ്പൂർണ്ണമായും ഹ്രസ്വമായും കറുപ്പണിഞ്ഞ് കളങ്കിതവും പീഡിതവുമാകുന്നു. എന്നാൽ ജ്ഞാനമാകുന്ന ചന്ദ്രൻ സദാ നിഷ്കളങ്കവും നിർവ്വികാരവുമാകുന്നു.

**പാർശ്വസ്ഥതിമിരം ഹന്തി പ്രദീപോ മണിനിർമിത:**
**സർവഗാമി തമോ ഹന്തി ബോധദീപോ നിരങ്കുശ:** **24**

**24.** രത്നങ്ങളാൽ നിർമ്മിതമായ ദീപം അടുത്തുള്ള അന്ധകാരത്തെ അകറ്റുന്നു. എന്നാൽ നിർബാധമുള്ള ജ്ഞാനദീപമാകട്ടെ സർവ്വത്ര വ്യാപിച്ചിരിക്കുന്ന അജ്ഞാനമാകുന്ന അന്ധകാരത്തെ അകറ്റുന്നു.

**സർവാർത്ഥസാധകജ്ഞാനവിശേഷാദേശതത്പര:**
**ജ്ഞാനാചാര്യ: സമസ്താനാമനുഗ്രഹകര: ശിവ:** **25**

**25.** സർവ്വാർത്ഥസാധകമായ ശിവജ്ഞാനദാനത്തിൽ തല്പരനും സർവ്വതിന്റേയും മേൽ കൃപ വർഷിക്കുന്നവനുമായ ജ്ഞാനാചാര്യൻ സാക്ഷാൽ ശിവൻ തന്നെയാകുന്നു.

**കടാക്ഷചന്ദ്രമാ യസ്യ ജ്ഞാനസാഗരവർദ്ധന:**
**സംസാരതിമിരച്ഛേദീ സ ഗുരുർജ്ഞാനപാരഗ:** **26**

**26.** അനുഗ്രഹകടാക്ഷങ്ങളാകുന്ന ചന്ദ്രൻ ജ്ഞാനമാകുന്ന സാഗരത്തെ വളർത്തുന്നവനും, ലൌകിക വിഷയങ്ങളാകുന്ന അന്ധകാരത്തെ ഇല്ലായ്മ ചെയ്യുന്നവനുമായ ഗുരു ജ്ഞാന പാരഗാമിയാകുന്നു.

**തജ് ജ്ഞാനലിംഗമാഖ്യാതം ശിവതത്ത്വാർത്ഥകോവിദൈ: 45**

**45.** ശിവഭാവത്തിന്റെ ജ്ഞാനവും ജ്ഞാപകനും ലീനമായിരിക്കുന്ന ശിവതത്വത്തിന്റെ അർത്ഥം അറിയുന്നവനെ ജ്ഞാനലിംഗം എന്നു പറയുന്നു.

**ത്രിമൂർത്തിഭേദനിർമുക്തം ത്രിഗുണാതീതവൈഭവം**
**ബ്രഹ്മ യദ് ബോധ്യതേ തത്തു ജ്ഞാനലിംഗമുദാഹൃതം**

**46**

**46.** ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നീ ത്രിമൂർത്തീഭേദം കൊല്ലാതെ സത്വം രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങൾക്കും ഉപരിയായുള്ളതും വൈഭവമുള്ളതുമായ പരബ്രഹ്മത്തെക്കുറിച്ച് പറയുന്നയാളെ ജ്ഞാനലിംഗം എന്നു പറയുന്നു.

**സ്ഥൂലേ ക്രിയാസമാപത്തി: സൂക്ഷ്മേ ഭാവസ്യ സംഭവ:**
**സ്ഥൂലസൂക്ഷ്മപദാതീതേ ജ്ഞാനമേവ പരാത്മനി 47**

**47.** സ്ഥൂലലിംഗ വിഷയത്തിൽ ക്രിയയുടെ ലഭ്യതയും, സൂക്ഷ്മ ലിംഗ വിഷയത്തിൽ ഭാവമായ സാമഗ്രികളുടെ ആവശ്യവും ഉാകുന്നു. സ്ഥൂല-സൂക്ഷ്മങ്ങൾക്കുപരിയായുള്ള ആ പരമാത്മാവിന്റെ വിഷയത്തിൽ ജ്ഞാനമുാകുന്നു.

**കല്പിതാനി ഹി രൂപാണി സ്ഥൂലാനി പരമാത്മന:**
**സൂക്ഷ്മാണ്യപി ച തൈ: കിം വാ പരബോധം സമാചരേത് 48**

**48.** സ്ഥൂലവും സൂക്ഷ്മവും പരമാത്മാവിന്റെ മായയാലുള്ള രു സങ്കല്പരൂപങ്ങളാകുന്നു. അതുകൊന്തെുഫലം? അവ മോക്ഷ സാധനങ്ങൾ ആകുന്നില്ല. പരബ്രഹ്മബോധസ്വരൂപമായ തൃപ്തി ലിംഗത്തെ ആചരിച്ച് ജ്ഞാനവിഷയങ്ങളുാക്കണം.

**പരാത്പരം തു യദ് ബ്രഹ്മ പരമാനന്ദലക്ഷണം**
**ശിവാഖ്യം ജ്ഞായതേ യേന ജ്ഞാനലിംഗീതി കഥ്യതേ**

**49**

**49.** പരാല്പരനും പരമാനന്ദസ്വരൂപനുമായ ശിവനെന്ന പരബ്രഹ്മത്തെ അറിയുന്നവനെ ജ്ഞാനലിംഗി എന്നു പറയുന്നു.

**ബാഹ്യക്രിയാം പരിത്യാജ്യ ചിന്താമപി ച മാനസീം**





**പരാനന്ദചിദാകാരം പരബ്രഹ്മൈവ കേവലം**
**ലിംഗം സദ്രൂതാപന്നം ലക്ഷ്യതേ വിശ്വസിദ്ധയേ**

**31**

**31.** പരമാനന്ദവും, ചിദാകാരവും അദ്വിതീയവുമായ പരബ്രഹ്മം പ്രപഞ്ച സൃഷ്ടിയുടെ സിദ്ധിക്കുവേി (സദ്രൂപവും,) സ്ഥൂലരൂപമായ ശിവലിംഗത്തെ ലഭ്യമാക്കിയ പ്രതീതി ഉളവാക്കുന്നു.

**ലിംഗമേവപരം ജ്യോതിർഭവതി ബ്രഹ്മ കേവലം**
**തസ്മാത് തത്പൂജനാദേവ സർവകർമഫലോദയ:**

**32**

**32.** പരംജ്യോതിസ്വരൂപമായ പരബ്രഹ്മം തന്നെ ശിവലിംഗരൂപത്തിൽ സ്ഥിതി ചെയ്യുന്നു. ആയതിനാൽ ലിംഗ പൂജകൊ് സർവ്വ കർമ്മഫലങ്ങളുടെയും ഉദയം ഉാകുന്നു.

**പരിത്യാജ്യക്രിയാ: സർവാ ലിംഗപൂജൈകതല്പരാ:**
**വർത്തതേ യോഗിന: സർവേ തസ്മാല്ലിംഗം വിശിഷ്യതേ**

**33**

**33.** സർവ്വയോഗികളും സർവ്വ ക്രിയകളുമുപേക്ഷിച്ച് ലിംഗപൂജയിൽ മാത്രം തല്പരരായിരിക്കുന്നു. അക്കാരണത്താൽ ക്രിയാലിംഗം ശ്രേഷ്ഠമാകുന്നു.

**യജ്ഞാദയ: ക്രിയാ: സർവാ ലിംഗപൂജാംശസമ്മിതാ:**
**ഇതി യത്പൂജ്യതേ സിദ്ധൈസ്തത്ക്രിയാലിംഗമുച്യതേ**

**34**

**34.** യജ്ഞം മുതലായ സകല ക്രിയകളും ലിംഗപൂജയുടെ ഒരംശത്തിന് സമാനമെ ആകുന്നുള്ളൂ. ഈ സങ്കല്പത്താൽ പൂജ ചെയ്യുന്ന ഏതൊരു സിദ്ധനെയും ക്രിയാലിംഗം എന്നു പറയുന്നു.

**കിം യജ്ഞൈരഗ്നിഹോത്രാദ്യൈ: കിം തപോഭിശ്ച ദുശ്ചരൈ:**
**ലിംഗാർച്ചനരതിര്യസ്യ സ സിദ്ധ: സർവകർമ്മസു**

**35**

**35.** അഗ്നിഹോത്രം മുതലായ യജ്ഞങ്ങളും ചാന്ദ്രായനം മുതലായ തപസ്യയും കൊ് എന്തു പ്രയോജനം? ഭക്തിരതിയുള്ള ലിംഗാർച്ചന ചെയ്യുന്നവൻ സർവ്വകാര്യങ്ങളിലും സിദ്ധനായിത്തീ

രുന്നു.

**ബ്രഹ്മവിഷ്ണ്വാദയ: സർവേ വിബുധാ ലിംഗമാശ്രിതാ:**
**സിദ്ധാ: സ്വസ്വപദേ ഭാന്തി ജഗത്തന്ത്രാധികാരിണ:** 36

**36.** ബ്രഹ്മാവ്, വിഷ്ണു മുതായ സകല ദേവന്മാരും ശിവലിംഗത്തിൽ ആശ്രിതരായിരിക്കുന്നതുകൊ് അവർ തന്താങ്ങൾക്കു സിദ്ധിച്ചിരിക്കുന്ന സ്ഥാനത്ത് സ്ഥിതി ചെയ്യുന്നു. സൃഷ്ടി സ്ഥിതി സംഹാരകരായ ബ്രഹ്മാവ്, വിഷ്ണു മഹേശ്വരന്മാർ ലിംഗാശ്രിതരായിട്ട് തങ്ങളുടെ പദവിയിൽ ശോഭിക്കപ്പെടുന്നു.

## ഭാവലിംഗസ്ഥല വർണ്ണന

**ക്രിയാ യഥാ ലയം പ്രാപ്താ തഥാ ഭാവോപി ലീയതേ**
**യത്ര തദ്ദേശികൈരുക്തം ഭാവലിംഗമിതി സ്ഫുടം** 37

**37.** ക്രിയാലിംഗത്തിൽ ലീനമായിത്തീർന്നതുപോലെ തന്നെ ഭാവലിംഗത്തിലും ഭക്തൻ ലീനനായിത്തീരുന്നു. ആചാര്യന്മാർ അതിന് സ്പഷ്ടഭാവലിംഗം എന്നു പറയുന്നു.

**ഭാവേന ഗൃഹ്യതേ ദേവോ ഭഗവാൻ പരമ: ശിവ:**
**കിം തേന ക്രിയതേ തസ്യ നിത്യപൂർണ്ണോ ഹി സ സ്മൃത** 38

**38.** നിത്യനും സമ്പൂർണ്ണനും, നിർമ്മലനുമായ ഭഗവാൻ പരമശിവൻ ധ്യാനത്തിലൂടെ പ്രാപ്തമാകുന്നു. മറ്റു ബാഹ്യപൂജകൾ കൊ് അവിടുത്തേക്ക് എന്തു ഗുണം?

**അഖണ്ഡപരമാനന്ദബോധരൂപ: പര: ശിവ:**
**ഭക്താനാമുപചാരേണ ഭാവയോഗാത് പ്രസീദതി** 39

**39.** അഖണ്ഡമായ പരമാനന്ദനും, ജ്ഞാനസ്വരൂപനുമാ യഭഗവാൻ പരമശിവൻ ശിവഭക്തന്മാരുടെ പൂജാസാധനങ്ങൾ കൊുള്ള ഭക്തിപൂർവ്വകമായ ഭാവലിംഗോപചാരങ്ങളാൽ പ്രസന്നനാകുന്നു.

**മൃച്ഛിലാവിഹിതാലിംഗാദ് ഭാവലിംഗം വിശിഷ്യതേ**
**നിരസ്തസർവദോഷത്വാദ് ജ്ഞാനമാർഗപ്രവേശനാത്** 40







**40.** മണ്ണുകൊും ശിലകൊുമുള്ള ശിവലിംഗത്തെ അപേക്ഷിച്ച് ഭാവലിംഗം അതിവിശിഷ്ടമാകുന്നു. കാരണം അതിൽ സർവ്വദോഷങ്ങളും തീർത്ത് അതിലൂടെ ഭക്തന്മാരെ ജ്ഞാന മാർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നു.

**വിഹായ ബാഹ്യലിംഗാനി ചില്ലിംഗം മനസി സ്മരൻ**
**പൂജയേദ് ഭാവപുഷ്പൈര്യോ ഭാവലിംഗീതി കഥ്യതേ** 41

**41.** ബാഹ്യലിംഗങ്ങളെ ഉപേക്ഷിച്ച് ചിത്‌ലിംഗത്തെ മനസ്സിൽ ധ്യാനിച്ചുകൊ് ഭാവപുഷ്പങ്ങളാൽ അതിന്റെ പൂജ ചെയ്യുന്ന ഭക്തനെ ഭാവലിംഗി എന്നു പറയുന്നു.

**മൂലാധാരേ%ഥവാ ചിത്തേ ഭ്രൂമദ്ധ്യേ വാ സുനിർമലം**
**ദീപാകാരം യജൻ ലിംഗം ഭാവദ്രവ്യൈ: സ യോഗവാൻ** 42

**42.** മൂലാധാരം, ഹൃദയം ഭ്രൂമദ്ധ്യം എന്നിവിടങ്ങളിൽ നിർമ്മലമായ ദീപകലികാകാരത്തോടുകൂടിയ ശിവലിംഗത്തെ ഭാവദ്രവ്യങ്ങൾ കൊു പൂജ ചെയ്യുന്നവൻ ശിവയോഗിയാകുന്നു.

**സ്വാനുഭൂതിപ്രമാണേന ജ്യോതിർലിംഗേന സംയുത:**
**ശിലാമൃദ്ദാരുസംഭൂതം ന ലിംഗം പൂജയത്യസൌ** 43

**43.** തന്റെ അനുഭവം കൊ് പ്രാമാണിതമായ ജ്യോതിർലിംഗത്താൽ യോഗ്യനായിത്തീർന്നവൻ ശില, മണ്ണ്, മരം എന്നിവയാൽ നിർമ്മിതമായ ശിവലിംഗത്തിൽ പൂജ ചെയ്യുകയില്ല.

**ക്രിയാരൂപാ തു യാ പൂജാ സാ ജ്ഞേയാ സ്വല്പസംവിദാം**
**ആന്തരാ ഭാവപൂജാ തു ശിവസ്യ ജ്ഞാനിനാം മതാം** 44

**44.** ഭഗവാൻ ശിവന്റെ ക്രിയാരൂപേണയുള്ള ബാഹ്യപൂജ അല്പജ്ഞാനികൾ ചെയ്യുന്നു. അവിടുത്തെ ആന്തരികമായ ഭാവലിംഗപൂജ ജ്ഞാനികളുടെ പൂജയെന്നു കണക്കാക്കുന്നു.

## ജ്ഞാനലിംഗ സ്ഥല വർണ്ണന

**തദ്ഭാവജ്ഞാപകജ്ഞാനം ലയം യത്ര സമശ്നുതേ**

## പരസ്ഥല വർണ്ണന

**സ്വയമേവ സ്വയം ഭൂത്വാ ചരത: സ്വസ്വരൂപത:**
**പരം നാസ്തീതി ബോധസ്യ പരത്വമഭിധിയതേ 64**

**64.** അവനവൻ തന്നെ സ്വയം ആയിട്ട് തന്റെ സച്ചിദാനന്ദ സ്വരൂപത്തെ ആചരിക്കുന്ന ശിവയോഗിയായ വീരശൈവന് ഭഗവാൻ ശിവനെക്കൂടാതെ മറ്റൊന്നുമില്ല. ഈ ജ്ഞാനത്തിന് അവന്റെ പരത്വം എന്നു പറയുന്നു.

**സ്വതന്ത്ര: സർവകൃത്യേഷു സ്വം പരത്വേന ഭാവിത:**
**തൃണീകുർവൻ ജഗജ്ജാലം വർതതേ ശിവയോഗിരാട് 65**

**65.** സർവ്വകാര്യങ്ങളിലും സ്വതന്ത്രനും, പരതത്വങ്ങളുടെ രൂപത്തിൽ സ്വയം മനസ്സിലാക്കി ചിന്തിക്കുന്നവനും, ജഗത്തിനെ തൃണസമാനം കണക്കാക്കുന്നവനുമായ ശിവയോഗി ശിവയോഗിരാട് (യോഗീശ്വരൻ)ആകുന്നു.

**വർണാശ്രമസമാചാരമാർഗനിഷ്ഠപരാങ്മുഖ:**
**സർവോത്കൃഷ്ടം സ്വമാത്മാനം പശ്യൻ യോഗി തു മോദതേ 66**

**66.** വർണ്ണാശ്രമാചാര മാർഗ്ഗത്തിൽനിന്നും വിമുഖനായിരിക്കുന്ന ശിവയോഗി തന്നെത്താനെ പരൻ എന്ന പരബ്രഹ്മമായി സർവോത്കൃഷ്ഠനെന്നു കണക്കാക്കി ആനന്ദചിത്തനാകുന്നു.

**വിശ്വാതീതം പരബ്രഹ്മ ശിവാഖ്യം ചിത്സ്വരൂപകം**
**തദേവാഹമിതി ജ്ഞാനീ സർവ്വോത്കൃഷ്ട: സ ഉച്യതേ 67**

**67.** വിശ്വാതീതവും, ചിത്സ്വരൂപവുമായ ശിവനെന്ന പരബ്രഹ്മം അന്തിമതത്വമാകുന്നു. ഞാനും അതു തന്നെ എന്ന ജ്ഞാനമുള്ളവനായ പരമാത്മാവിനെ സർവ്വോത്കൃഷ്ടൻ എന്നു പറയുന്നു.

**അചലം ധ്യുവമാത്മാനമനുപശ്യന്നിരന്തരം**
**നിരസ്തവിശ്വവഭ്രാന്തിർജീവന്മുക്തോ ഭവേന്മുനി: 68**

**68.** അവനവനെത്തന്നെ അചലമായ ധ്യുവം എന്നു കണക്കാക്കുന്നവനും, സകല ഭ്രമങ്ങളെയും ഇല്ലാതാക്കുന്നവനുമായ







**അഖണ്ഡ ശിവജ്ഞാനരൂപത്വം യോ ഭജേന്മുക്ത ഏവ സ: 50**

**50.** ബാഹ്യക്രിയയും, മാനസ്സിലെ പൂജയും ഉപേക്ഷിച്ചു അഖണ്ഡ ശിവജ്ഞാനത്തെ ഭജിക്കുകയും പൂജിക്കുകയും ചെയ്യുന്നവൻ ജീവന്മുക്തൻ ആകുന്നു.

## സ്വയം സ്ഥല വർണ്ണന

**തദ്ഭാവജ്ഞാപക ജ്ഞാനം യത്ര ജ്ഞാനേ ലയം വ്രജേത്**
**തദ്വാനേഷ സമാഖ്യാത: സ്വാഭിധാനോ മനീഷിഭി: 51**

**51.** ഭാവലിംഗത്തിൽ ജ്ഞാപകന്റെ ജ്ഞാനം ഏതിൽ ലീനമായിരിക്കുന്നുവോ ആ ജ്ഞാനമുള്ള വ്യക്തിയെ മനീഷികൾ സ്വയം അതതുപേരുകളിൽ അറിയപ്പെടുന്നു.

**സ്വച്ഛന്ദാചാരസന്തുഷ്ടോ ജ്യോതിർലിംഗപരായണ:**
**ആത്മസ്ഥസകളാകാര: സ്വാഭിധോ മുനിസത്തമ 52**

**52.** സ്വച്ഛന്ദമായ ആചാരങ്ങളാൽ സന്തുഷ്ടനും, ജ്യോതിർലിംഗാർച്ചനയിൽ തല്പരനും, തന്റെ ആത്മാവിൽ സമ്പൂർണ്ണ ആകാരമായ വിശ്വത്തെ വയ്ക്കുന്നവനുമായ മുനിസത്തമനെ സ്വയം എന്നു വിളിക്കുന്നു.

**നിർമമോ നിരഹങ്കാരോ നിരസ്തക്ലേശപഞ്ചക:**
**ഭിക്ഷാശീ സമബുദ്ധിശ്ച മുക്തപ്രായോ മുനിർഭവേത് 53**

**53.** ഇന്ദ്രിയ വിഷയങ്ങളിൽ താല്പര്യമില്ലാത്തവനും, ശരീരത്തിൽ ആത്മഭാവനാരൂപത്തിലുള്ള അഹങ്കാരം ഇല്ലാത്തവനും, അവിദ്യ മുതലായ പഞ്ചക്ലേശങ്ങളില്ലാതാക്കിയവനും, ഭിക്ഷകൊ് ഭക്ഷണം കഴിക്കുന്നവനും, സമബുദ്ധിയുള്ളവനുമായ ഭിക്ഷു മുക്തപ്രായനായിത്തീരുന്നു.

**യദൃച്ഛാലാഭസന്തുഷ്ടോ ഭസ്മനിഷ്ഠോ ജിതേന്ദ്രിയ:**
**സമവൃത്തിർഭവേദ്യോഗീ ഭിക്ഷുകോവാ നൃപേഥവാ:**

54
**54.** ലഭിക്കുന്നതെന്തായാലും അതുകൊു സന്തുഷ്ടനും ഭസ്മ ധാരണത്തിൽ ശ്രദ്ധയുള്ളവനും, ജിതേന്ദ്രിയനുമായ ഭിക്ഷു രാജാ വിന്റെ കാര്യത്തിലെന്നപോലെ ബുദ്ധിപൂർവ്വം വ്യവഹരിക്കുന്ന ശിവയോഗിയാകുന്നു.

**പശ്യൻ സർവാണി ഭൂതാനി സംസാരസ്ഥാനിസർവശ:**
**സ്മയമാന: പരാനന്ദേ ലീനാത്മാ വർതതേ സുധീ: 55**

**55.** പണ്ഡിതനായ ശിവയോഗി സദാ പരമാനന്ദത്തിൽ ലീനനും, ജഗത്തിൽ വസിക്കുന്ന സകല ജീവജാലങ്ങളെയും പുഞ്ചിരിയോ ടുകൂടി വീക്ഷിച്ചുകൊ് വ്യവഹരിക്കുന്നവനുമാകുന്നു.

**ധ്യാനം ശൈവം തഥാ ജ്ഞാനം ഭിക്ഷാചൈകാന്തശീലതാ**
**യതേശ്ചത്വാരി കർമാണി ന പഞ്ചമമിഹേഷ്യതേ 56**

**56.** ശിവനെക്കുറിച്ചുള്ള ജ്ഞാനം ശിവധ്യാനം, ഭിക്ഷാഹാരം, ഏകാന്തവാസശീലം എന്നീ നാലു കർമ്മങ്ങളും ശിവയോഗികളായ വീരശൈവരുടേതാകുന്നു. ഈ ലോകത്തിൽ ശിവയോഗികൾക്കായി അഞ്ചാമതൊരു കർമ്മമില്ല.

## ചരസ്ഥല വർണ്ണന

**സ്വരൂപജ്ഞാനസമ്പന്നോ ധ്വസ്താഹംമമതാകൃതി**
**സ്വയമേവ സ്വയം ഭൂത്വാ ചരതീതി ചരാഭിധ: 57**

**57.** ഈ ജഗത്തിൽ സ്വരൂപജ്ഞാന സമ്പന്നനും അഹങ്കാരവും മമങ്കാരവും ഇല്ലാതാക്കി സ്വയംസ്ഥലിയായി സഞ്ചരിക്കുന്നയാളെ ചരസ്ഥലം എന്നു വിളിക്കുന്നു.

**കാമക്രോധാദിനിർമുക്ത: ശാന്തിദാന്തിസമന്വിത:**
**സമബുദ്ധ്യാ ചരേദ് യോഗി സർവത്ര ശിവബുദ്ധിമാൻ**
**58**

**58.** കാമക്രോധാദികളില്ലാത്തവനും ശമദമാദികളാൽ യുക്തനും, സർവ്വ കാര്യങ്ങളിലും ശിവബോധമുള്ളവനുമായ ശിവയോഗി സർവ്വത്ര സമത്വ ബുദ്ധിയോടുകൂടി വ്യവഹാരം ചെയ്യണം.





**ഇദം മുഖ്യമിദം ഹീനമിതി ചിന്താമകല്പയൻ**
**സർവത്ര സഞ്ചരേദ് യോഗി സർവം ബ്രഹ്മേതി ഭാവയൻ 59**

**59.** ഇതു പ്രധാനം, അത് അപ്രധാനം എന്നു ചിന്തിക്കാതെ എല്ലാം ബ്രഹ്മമാകുന്നു എന്നുമാത്രം ചിന്തിച്ച് ശിവയോഗി എല്ലാ യിടത്തും സഞ്ചരിക്കുന്നു.

**ന സമ്മാനേഷു സംപ്രീതിം നാവമാനേഷു ച വ്യഥാം**
**കുർവാണ: സഞ്ചരേദ്യോഗീ കൂടസ്ഥേ സ്വാത്മനി സ്ഥിത: 60**

**60.** ആദരവിൽ സന്തോഷിക്കുകയും അനാദരവിൽ വിഷാദിക്കു കയും ചെയ്യാതെ ഉറച്ച മനസ്സോടെ ശിവയോഗി വ്യവഹരിക്കു ന്നു.

**അപ്രാകൃതൈർഗുണൈ: സ്വീയൈ: സർവം വിസ്മാപയൻ**
**ജനം അദ്വൈതപരമാനന്ദമുദിതോ ദേഹിവച്ചരേത്**
**61**

**61.** തന്റെ അലൌകികമായ ഗുണങ്ങളാൽ സകല ലോകങ്ങ ളെയും ആശ്ചര്യചകിതമാക്കുന്നവനും, ശിവാദ്വൈത പരമാനന്ദ ത്തിൽ ആനന്ദിക്കുന്നവനുമായ ശിവയോഗി സാധാരണ മനുഷ്യ നെപ്പോലെ ആചരിക്കുന്നു.

**ന പ്രപഞ്ചേ നിജേ ദേഹേ ന ധർമേ ന ച ദുഷ്കൃതേ**
**ഗതവൈഷമ്യധീർധീരോ യതിശ്ചരതി ദേഹിവത് 62**

**62.** ധീരനും, സ്ഥിരചിത്തനും യതിയുമായ ശിവയോഗി പ്രപ ഞ്ചത്തിൽ ധർമ്മാധർമ്മങ്ങളുടെ കാര്യത്തിൽ തന്റെ ശരീരത്തെ സാധാരണ ശരീരമെന്നു ചിന്തിച്ച് വിഷമബുദ്ധിയോടെയല്ലാതെ വ്യവഹാരം ചെയ്യുന്നു.

**പ്രാകൃതൈശ്വര്യസമ്പത്തിപരാങ്മുഖമന:സ്ഥിതി:**
**ചിദാനന്ദനിജാത്മസ്ഥോ മോദതേ മുനിപുംഗവ: 63**

**63.** പ്രകൃതിയുടെ ഐശ്വര്യ സമ്പത്തിൽ പരാങ്മുഖനും, നിസ്പൃഹമായ മനസ്സോടുകൂടിയവനും, സച്ചിദാനന്ദ സ്വരൂപമായ ആത്മാവിൽ സ്ഥിതി ചെയ്യുന്നവനും, ആത്മാവിനെ സദാ സാക്ഷാ ത്കരിക്കുന്നവനുമായ ഋഷിവര്യനായ ശിവയോഗി സദാ ആനന്ദ മയനായിരിക്കുന്നു.

ഉള്ളിൽ അദൃശ്യമായിരിക്കുന്ന ശിവൻ പ്രകാശിക്കുകയില്ല.

**ന യഥാ വിധിലോപ: സ്യാദ്യഥാ ദേവ: പ്രസീദതി**
**യഥാഗമ: പ്രമാണം സ്യത്തഥാ കർമ സമാചരേത്** **7**

**7.** കർത്തവ്യങ്ങൾക്കു ലോപം വരുത്താതെ നിയമാനുസൃതം ആഗമപ്രമാണപ്രകാരം ഭഗവാൻ ശിവൻ പ്രസന്നനാകുംവിധമുള്ള കർമ്മങ്ങൾ ചെയ്യണം.

**വിധി: ശിവനിയോഗോ$f$യം തസ്മാദ് വിഹിതകർമണി**
**ശിവാരാധനബുദ്ധ്യൈവ നിരത: സ്യാദ്വിചക്ഷണ:** **8**

**8.** ആഗമ ശാസ്ത്രങ്ങൾ മുഖേന വിഹിതമായ കർമ്മങ്ങൾ ഇതു ശിവാജ്ഞയാകുന്നു എന്നു വിചാരിച്ച് പണ്ഡിതന്മാരായ ശിവയോഗികൾ (വീരശൈവർ) ശിവാരാധനാ ബുദ്ധ്യാൽ (പൂജാകർമ്മത്തിൽ) വ്യാപൃതരാകണം.

**ഗുരോരാദേശമാസാദ്യ പൂജയേത് പരമേശ്വരം**
**പൂജിതേ പരമേശാനേ പൂജിതാ: സർവദേവതാ:** **9**

**9.** ഗുരുപദേശപ്രകാരം അദ്ദേഹത്തിന്റെ ആജ്ഞ സ്വീകരിച്ച ശേഷം ഭഗവാൻ ശ്രീപരമേശ്വര പൂജ ചെയ്യുക. ശിവപൂജ ചെയ്യുന്നതോടുകൂടി സകല ദേവകളുടെയും പൂജയായിത്തീരുന്നു.

**സദാ ശിവാർച്ചനോപായസാമഗ്രിവ്യഗ്രമാനസ:**
**ശിവയോഗരതോ യോഗീ മുച്യതേ നാത്ര സംശയ:** **10**

**10.** ശിവപൂജയ്ക്കുള്ള സാധനങ്ങളൊരുക്കുന്നതിൽ സദാ ജാഗരൂകമായ മനസ്സുള്ളവനും, ശിവയോഗത്തിൽ നിരന്തരം മുഴുകിയിരിക്കുന്നവനുമായ ശിവയോഗി മുക്തനായിത്തീരുന്നുവെന്നതിന് സംശയമില്ല.

**അന്ധപങ്കുവദന്യോ$f$ന്യസാപേക്ഷോ ജ്ഞാനകർമണീ**
**ഫീലൗത്പത്തൌ വിരക്തസ്യ തസ്മാത്തദ്വയമാചരേത്** **11**

**11.** ജ്ഞാനവും കർമ്മവും അന്ധനേയും മുടന്തനേയും പോലെ







ശിവയോഗി ജീവന്മുക്തനായിത്തീരുന്നു.

**ബ്രഹ്മാദ്യാ: കിം നു കുർവന്തി ദേവതാ കർമമാർഗാ:**
**കർമാതീതപദസ്ഥസ്യ സ്വയം ബ്രഹ്മസ്വരൂപിണാ:** **69**

**69.** കർമ്മങ്ങൾക്കുപരിയായതും, ഊർദ്ധ്വപദത്തിൽ സ്ഥിതി ചെയ്യുന്നതും സ്വയം പരബ്രഹ്മവുമാകുന്ന ശിവയോഗിയുടെ കർമ്മമാർഗ്ഗത്തിൽ ബ്രഹ്മാദി ദേവകൾക്ക് എന്തുചെയ്യാനാകും?

**സ്വേച്ഛയാ സഞ്ചരേദ്യോഗി വിമുഞ്ചൻ ദേഹമാനിതാം**
**ദർശനൈ: സ്പർശനൈ: സർവജ്ഞാനാപി വിമോചയേത്** **70**

**70.** ഞാനെന്ന ഭാവവും എന്റേതെന്ന ഭാവവും ശരീരത്തിൽ നിന്നും ത്യജിച്ചവനായ ശിവയോഗി ഈ ലോകത്തിൽ സ്വേച്ഛയാൽ സഞ്ചരിക്കുകയും, ദർശനവും, സ്പർശനവും കൊ് സകല അജ്ഞാനികളെയും വിമുക്തരാക്കുകയും ചെയ്യുന്നു.

**നിത്യേ നിർമലഭാവേന നിരുപമേ നിർധൂതവിശ്വഭ്രമേ**
**സത്താനന്ദചിദാത്മകേ പരശിവേ സാമ്യം ഗത: സംയമി**
**പ്രധ്വസ്താശ്രമവർണധർമനിഗള: സ്വച്ഛന്ദസഞ്ചാരവാൻ**
**ദേഹിവാദ്ഭുതവൈഭവോ വിജയതേ ജീവൻവിക്ത: സുധീ:** **71**

**71.** നിത്യനിർമ്മല ഭാവസ്വരൂപനും, അനുപമനും, സകല ഭ്രമനാശകനും, സച്ചിദാനന്ദ സ്വരൂപനും ഭഗവാൻ ശിവനോടുകൂടി ലിംഗാംഗ സാമരസ്യം സ്ഥാപിച്ച സംയമിയുമായ ശിവയോഗി, വർണ്ണാശ്രമധർമ്മങ്ങളുടെ ശൃംഖല പൊട്ടിച്ച് സ്വഛന്ദം സഞ്ചരിക്കുന്ന പണ്ഡിത ശ്രേഷ്ഠൻ അത്ഭുതകരമായ വൈഭവങ്ങൾ കൊു യോഗ്യനായി ജീവന്മുക്തനായിട്ടും, സാധാരണ ജനങ്ങളെപ്പോലെ തോന്നിപ്പിച്ച് വ്യവഹാരം ചെയ്യുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ ഭക്തലിംഗസ്ഥല വർണ്ണന എന്ന 15-ാമത്തെ അദ്ധ്യായം സമാപ്തം.**

## അദ്ധ്യായം-16

## മാഹേശ്വരസ്ഥല വർണ്ണന

**1. അഗസ്ത്യമഹർഷി പറഞ്ഞു-**

**സ്ഥലാനാം നവകം പ്രോക്തം ഭക്തസ്ഥലസമാശ്രയം**
**മാഹേശ്വരസ്ഥലേ സിദ്ധം സ്ഥലഭേദം വദസ്വ മേ 1**

അല്ലയോ രേണുകാചാര്യരേ! ഭക്തസ്ഥലത്തിൽ അടങ്ങിയിരിക്കുന്ന ഒൻപതു സ്ഥലങ്ങളെക്കുറിച്ച് അവിടുന്ന് വർണ്ണിച്ചു കഴി







ഞ്ഞു. ഇനി മാഹേശ്വര സ്ഥലത്തിൽ അടങ്ങിയിരിക്കുന്ന സ്ഥലഭേദങ്ങളെക്കുറിച്ച് എനിക്ക് വർണ്ണിച്ചു തന്നാലും.

**2. രേണുകാചാര്യർ പറഞ്ഞു-**

**മാഹേശ്വരസ്ഥലേ സന്തി സ്ഥലാനിനവ താപസ**
**ക്രിയാഗമസ്ഥലം പൂർവം തതോ ഭാവാഗമസ്ഥലം 2**
**ജ്ഞാനാഗമസ്ഥലം ചാഥ സകായസ്ഥലമീരിതം**
**തതോഽകായസ്ഥലം പ്രോക്തം പരകായസ്ഥലം തത: 3**
**ധർമാചാരസ്ഥലം ചാഥ ഭാവാചാരസ്ഥലം തത:**
**ജ്ഞാനാചാരസ്ഥലം ചേതി ക്രമാദേഷാം ഭിദോച്യതേ 4**

**2/3/4.** അല്ലയോ താപസശ്രേഷ്ഠാ! മാഹേശ്വര സ്ഥലത്തിൽ ഒൻപത് (ഉപ) സ്ഥലങ്ങളു്.

1) ക്രിയാഗമ സ്ഥലം; 2) ഭാവാഗമസ്ഥലം;

3) ജ്ഞാനാഗമസ്ഥലം; 4) സകായസ്ഥലം;

5) പരകായസ്ഥലം; 6) ധർമ്മചാര സ്ഥലം;

7) അകായസ്ഥലം; 8) ഭാവാചാരസ്ഥലം;

9) ജ്ഞാനാചാര സ്ഥലം - എന്നിവയാണ്.

## ക്രിയാസ്ഥല വർണ്ണന

**ശിവോ ഹി പരമ: സാക്ഷാത് പൂജാ തസ്യ ക്രിയോച്യതേ**
**തത്പരാ ആഗമാ യസ്മാത് തദുക്തോഽയം ക്രിയാഗമ: 5**

**5.** മുൻപറഞ്ഞ പരബ്രഹ്മലിംഗമായ യോഗിശ്വരൻ സാക്ഷാൽ ശിവൻ തന്നെയാകുന്നു. അദ്ദേഹത്തിന്റെ പൂജയെ ക്രിയ എന്നും, ആ ക്രിയകളെക്കുറിച്ച് വർണ്ണിക്കുന്ന ആഗമത്തെ (തന്ത്രം) ക്രിയാഗമം എന്നും പറയുന്നു.

**പ്രകാശതേ യഥാ നാഗ്നിരരണ്യാം മന്ഥനം വിനാ**
**ക്രിയാം വിനാ തഥാന്ത:സ്ഥോ ന പ്രകാശോ ഭവേച്ഛിവ: 6**

**6.** അരണിയിൽ അദൃശ്യമായിരിക്കുന്ന അഗ്നിയെ മഥനം ചെയ്യാതെ ദൃശ്യമാവുകയില്ലാത്തതു പോലെ ക്രിയ ചെയ്യാതെ

കൂടി ആത്മാക്കൾക്കുമോക്ഷം ലഭിക്കുന്നില്ല. മുക്തിക്കുള്ള ഏക കാരണം ജ്ഞാനം മാത്രമാകുന്നു.

**ജ്ഞാനഹീനം സദാ കർമ പുംസാം സംസാരകാരണം**
**തദേവ ജ്ഞാനയോഗേന സംസാരവിനിവർത്തകം 27**

**27.** ലൌകിക ജീവിതത്തിൽ ജ്ഞാനമില്ലാത്ത കർമ്മങ്ങൾ പുരുഷന്റെ പുനർജന്മത്തിന് കാരണമാകുന്നു. കർമ്മജ്ഞാനങ്ങളാൽ യോഗ്യമാക്കിയെടുക്കുമ്പോൾ അവ സംസാര നിവൃത്തിക്ക് കാരണമാകുന്നു.

**ഫലം ക്രിയാവതാം പുംസാം സ്വർഗാദ്യം നശ്വരം യത:**
**തസ്മാത് സ്ഥായിഫലപ്രാപ്തൈ ജ്ഞാനമേവ സമഭ്യസേത് 28**

**28.** ക്രിയകൾ മുഖേന ലഭ്യമാക്കിയ പുരുഷന്റെ (ആത്മാവിന്റെ) സ്വർഗ്ഗാദി ഫലങ്ങൾ നശ്വരമാകുന്നു. അനശ്വരമായ ഫലപ്രാപ്തിക്കായി ജ്ഞാനം സമ്പാദിക്കണം.

**ശാസ്ത്രാഭ്യാസാദിയത്നേന സദ്ഗുരോരുപദേശത്:**
**ജ്ഞാനമേവ സമഭ്യസ്യേത് കിമന്യേന പ്രയോജനം 29**

**29.** ഗുരുവിന്റെ ഉപദേശത്തോടുകൂടി പ്രയാസമേറിയ ആഗമ ശാസ്ത്രങ്ങൾ അഭ്യസിച്ചു ജ്ഞാനം നേടണം. മറ്റുള്ള സാധനകൾകൊണ്ടെന്തു പ്രയോജനം?

**ജ്ഞാനം പരശിവാദ്വൈതപരിപാകവിനിശ്ചയ:**
**യേന സംസാരസംബന്ധവിനിവൃത്തിർഭവേത് സതാം 30**

**30.** പരബ്രഹ്മമായ ഭഗവാൻ ശിവന്റെ അദ്വൈത ഭാവ പരിപാകത്തിൽ നിശ്ചയിക്കപ്പെട്ട അവധാരണം എന്ന് ജ്ഞാനത്തിന് അർത്ഥമാകുന്നു. ഇതുകൊ് മഹാത്മാക്കൾക്ക് പ്രാപഞ്ചിക നിവൃത്തി ലഭ്യമാക്കുന്നു.

**ശിവാത്മകമിദം സർവം ശിവാദന്യത്ര വിദ്യതേ**
**ശിവോƒഹമിതി യാ ബുദ്ധിസ്തദേവ ജ്ഞാനമുത്തമം 31**

**31.** ഇതെല്ലാം ശിവൻ തന്നെയാകുന്നു. ശിവനേക്കാളുപരിയായി മറ്റൊന്നുമില്ല. ഞാനും ശിവൻ തന്നെയാകുന്നു. എന്നിങ്ങനെയുള്ള ബുദ്ധിതന്നെ ജ്ഞാനമാകുന്നു.







പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. തന്മൂലം ഫലപ്രാപ്തിയിൽ ആസക്തനാകാതെ തന്നെ ശിവയോഗി അവ രും ചെയ്യുക.

**ജ്ഞാനേ സിദ്ധേƒപി വിദുഷാം കർമാപി വിനിയുജ്യതേ**
**ഫലാഭിസന്ധിരഹിതം തസ്മാത് കർമ ന സന്ത്യജേത്**
**12**

**12.** ശിവജ്ഞാനികളായ പണ്ഡിതന്മാർക്ക് ജ്ഞാന സിദ്ധി ലഭിക്കുമ്പോഴും കർമ്മങ്ങൾ ചെയ്തുകൊയേിരിക്കുന്നു. ആയതിനാൽ ഫലേച്ഛകൂടാതെയുള്ള കർമ്മങ്ങൾ ത്യജിക്കരുത്.

**ആചാര ഏവ സർവേഷാമലങ്കാരായ കല്പ്യതേ**
**ആചാരഹീന: പുരുഷോ ലോകേ ഭവതി നിന്ദിത:**
**13**

**13.** ആചാരം സർവ്വതിന്റേയും അലങ്കാരമാകുന്നു. ആചാരഹീനനായ പുരുഷൻ ജഗത്തിൽ നിന്ദിതനാകുന്നു.

**ജ്ഞാനേനാചാരയുക്തേന പ്രസീദതി മഹേശ്വര:**
**തസ്മാദാചാരവാൻ ജ്ഞാനീ ഭവേദാദേഹപാതനാം 14**

**14.** സദാചാരയുക്തമായ ജ്ഞാനത്താൽ മഹേശ്വരൻ പ്രസന്നനാകുന്നു. അതുകൊ് ജ്ഞാനികൾ ശരീരത്തിന്റെ മരണം വരെയും ആചാരങ്ങൾ അനുഷ്ഠിക്കുന്നവരാകണം

## ഭാവാഗമസ്ഥല വർണ്ണന

**ഭാവചിഹ്നാനി വിദുഷോ യാനി സന്തി വിരാഗിണ:**
**താനി ഭാവാഗമത്വേന വർതന്തേ സർവദേഹിനാം 15**

**15.** വൈരാഗ്യയുക്തനായ പണ്ഡിതനുള്ളതായ ഭാവചിഹ്നം സകലരുടെയും ഭാവാഗമത്തിന്റെ രൂപത്തിൽ പ്രമാണമായിത്തീരുന്നു.

**ശിവോƒഹമിതി ഭാവോƒപി ശിവതാപത്തികാരണം**
**ന ജ്ഞാനമാത്രം നാചാരോ ഭാവയുക്ത: ശിവോ ഭവേത്**
**16**

**16.** ശിവോഹം ഞാൻ ശിവനാകുന്നു എന്ന ഭാവവും ശിവത്വത്തെ പ്രാപിക്കുന്നതിനുള്ള കാരണവുമാകുന്നു. ജ്ഞാനാചാരങ്ങളി

ല്ലാത്ത ഭാവയുക്തനായ ഭക്തനും ശിവത്വം പ്രാപിച്ച് ശിവനായി ത്തീരുന്നു.

**ജ്ഞാനം വസ്തുപരിച്ഛേദോ ധ്യാനം തദ്ഭാവകാരണം**
**സ്മാദ് ജ്ഞാതേ മഹാദേവേ ധ്യാനയുക്തോ ഭവേത്സുധീ: 17**

**17.** ജ്ഞാനം ഒരു വസ്തുവിന്റെ വാസ്തവിക രൂപത്തിന്റെ നിർണ്ണായകമാകുന്നു. ആ ഭാവത്തിനു കാരണം ധ്യാനമാകുന്നു. പണ്ഡിതന്മാരായ ശിവയോഗികൾ ശിവജ്ഞാനമുാകുമ്പോൾ ശിവധ്യാനം കൊ് യോഗ്യരായിത്തീരണം.

**അന്തർബഹിശ്ച സർവത്ര പരിപൂർണം മഹേശ്വരം**
**ഭാവയേത് പരമാനന്ദലബ്ധയേ പണ്ഡിതോത്തമ: 18**

**18.** ഉത്തമനായ പണ്ഡിതൻ പരമാനന്ദ ലബ്യതക്കുവേി ശരീര ത്തിനുള്ളിലും പുറത്തും പരിപൂർണ്ണമായി മഹേശ്വരനെ ധ്യാനി ക്കുകയും ചിന്തിക്കുകയും ചെയ്യുക.

**അർത്ഥഹീനാ യഥാ വാണീ പതിഹീനാ യഥാ സതീ**
**ശ്രുതിഹീനാ യഥാ ബുദ്ധിർഭാവഹീനാ തഥാ ക്രിയാ. 19**

**19.** അർത്ഥഹീനമായ വാക്കും, പതിയാൽ ഉപേക്ഷിക്കപ്പെട്ട് സതി യായ സ്ത്രീയും, വേദജ്ഞാനമില്ലാത്ത ബുദ്ധിയും പോലെ ശിവ ഭാവനയില്ലാത്ത ക്രിയയും വ്യർത്ഥമാകുന്നു.

**ചക്ഷുർഹീനോ യഥാ രൂപം ന കിഞ്ചിദ്വീക്ഷിതും ക്ഷമ:**
**ഭാവഹീനസ്തഥാ യോഗീ ന ശിവം ദ്രഷ്ടുമീശ്വര: 20**

**20.** കണ്ണുകാണുവാൻ പാടില്ലാത്തവൻ ഒന്നും കാണുവാൻ സമർത്ഥനല്ലാത്തതുപോലെ ശിവഭാവഹീനനായ യോഗി ശിവസാ ക്ഷാത്കാരം ചെയ്യുന്നതിലും സമർത്ഥനല്ല.

**ഭാവശുദ്ധേന മനസാ പൂജയേത് പരമേഷ്ഠിനം**
**ഭാവഹീനാം ന ഗൃഹ്ണാതി പൂജാം സുമഹതീമപി 21**

**21.** ആയതിനാൽ മനുഷ്യർ ശുദ്ധഭാവയുക്തമായ മനസ്സുകൊ് ശ്രീപരമേശ്വരപൂജ ചെയ്യുക. എത്ര വലിയ പൂജയായാലും അതു





ശിവഭാവമില്ലാത്തതാണെങ്കിൽ ഭഗവാൻ ശ്രീപരമേശ്വരൻ ആ പൂജ സ്വീകരിക്കുകയില്ല.

**നൈരന്തര്യേണ സമ്പന്നേ ഭാവേ ധ്യാതും ശിവം പ്രതി**
**തദ്ഭാവോ ജായതേ യദ്വത് ക്രിമേ: കീടസ്യ ചിന്തനാത് 22**

**22.** കീടത്തിന്റെ ജീവിതപരിവൃത്തിയിൽ വിനെക്കുറിച്ച് ചിന്തിച്ചു ചിന്തിച്ചു വായിത്തീരുന്നതുപോലെ നിരന്തരധ്യാന ത്തിൽ കൂടി സമ്പന്നനാകുമ്പോൾ ശിവയോഗിയും ശിവനായി ത്തീരുന്നു.

**നിഷ്കളങ്കം നിരാകാരം പരബ്രഹ്മ ശിവാഭിധം**
**നിർധ്യാതുമസമർത്ഥോഽപി തദ്വിഭൂതിം വിഭാവയേത് 23**

**23.** നിഷ്കളങ്കവും നിരാകാരവുമായ ശിവനെന്ന പരബ്രഹ്മത്തെ ധ്യാനിക്കുന്നതിൽ ഭക്തൻ അസമർത്ഥനെങ്കിൽ ശിവന്റെ സർവ്വ ജ്ഞത മുതലായ ഐശ്വര്യങ്ങളെ ധ്യാനിക്കുക.

## ജ്ഞാനാഗമ സ്ഥല വർണ്ണന

**പരസ്യജ്ഞാനചിഹ്നാനി യാനി സന്തി ശരീരിണാം**
**താനി ജ്ഞാനാഗമത്വേന പ്രവർത്തന്തേ വിമുക്തയേ 24**

**24.** പരാല്പരനും, ഭാവാഗമസമ്പന്നനും, ശിവജ്ഞാനിയുമായ ശിവയോഗിക്കു് ജ്ഞാനത്തിന്റെ ചിഹ്നമാകുന്ന അവിടുന്നു തന്നെ സാധാരണജനങ്ങൾക്കുവേി അവരുടെ മോക്ഷാർത്ഥം ജ്ഞാനാ ഗമത്തിന്റെ രൂപത്തിൽ വ്യവഹരിക്കുന്നു.

**ഭാവേന കിം ഫലം പുംസാം കർമണാം വാ കിമിഷ്യതേ**
**ഭാവകർമസമായുക്തം ജ്ഞാനമേവ വിമുക്തിദം 25**

**25.** കർമ്മംകൊും ഭാവം കൊും മാത്രം മനുഷ്യർക്ക് യാതൊരു ഫലവും കിട്ടുന്നതല്ല. ഭാവകർമ്മങ്ങൾകൊു യുക്ത മായ ജ്ഞാനം കിട്ടുന്നതുതന്നെ മോക്ഷദായകമാകുന്നു.

**കേവലം കർമാത്രേണ ജന്മകോടിശതൈരപി**
**നാത്മനാം ജായതേ മുക്തിർജ്ഞാനം മുക്തേർഹി കാരണം 26**

**26.** കർമ്മങ്ങൾ കൊുമാത്രം കോടിക്കണക്കിനു ജന്മങ്ങളിൽ

**ദേഹാഭിമാനഹീനസ്യ ശിവഭാവെ സ്ഥിതാത്മന:**
**ജഗദേതച്ഛരീരം സ്യാദ് ദേഹേനൈകേന കാ വ്യഥാ** 46

**46.** സ്വശരീരത്തെക്കുറിച്ച് ചിന്തിയ്ക്കാതെ ശിവഭാവത്തിലിരിക്കുന്ന ശിവയോഗിക്ക് സർവ്വജഗത്തും അയാളുടെ ശരീരമാകുന്നു. കാണപ്പെടുന്ന വ്യക്തിഗതമായ ഒരു ശരീരം കൊണ്ടെുലാഭം?

**ശിവജ്ഞാനൈകനിഷ്ഠസ്യ നാഹംങ്കാരഭവഭ്രമ:**
**ന ചേന്ദ്രിയഭവം ദുഃഖം ത്യക്തദേഹാഭിമാനിന:** 47

**47.** ശിവാദ്വൈതജ്ഞാനത്തിൽ സദാ മുഴുകിയിരിക്കുന്നവന് അഹങ്കാരം മൂലമുാകുന്ന ഭ്രമം ഉാകുന്നില്ല. ശരീരചിന്തയെ ത്യജിക്കുന്നവന് ഇന്ദ്രിയ ജന്യമായ-ലൌകിക വിഷയങ്ങൾ മൂലമുാകുന്ന ദുഃഖങ്ങളുാവുകയില്ല.

**ന മനുഷ്യോ ന ദേവോഽഹം ന യക്ഷോ നൈവ രാക്ഷസ:**
**ശൈവോഽഹമിതി യോ ബുദ്ധ്യാത് തസ്യ കിം ദേഹ കർമണാ** 48

**48.** ഞാൻ മനുഷ്യനും, ദേവനും, യക്ഷനും, രാക്ഷസനുമല്ല, കേവലം ശിവൻ മാത്രമാകുന്നു. എന്നു സ്വയം മനസ്സിലാക്കുന്നവന്റെ ദേഹം കൊു ചെയ്യുന്ന കർമ്മങ്ങളാൽ എന്തു ചെയ്യുവാനാണ്?

## പരകായ സ്ഥല വർണ്ണന

**വശീകൃതത്വാത് പ്രകൃതേർമായാമാർഗാതിവർതനാത്**
**പരകായോഽയമാഖ്യാത: സത്യജ്ഞാനസുഖാത്മക:** 49

**49.** പ്രകൃതിയെ തന്റെ അധീനതയിലാക്കുന്നതും മായയുടെ മാർഗ്ഗത്തെ അതിക്രമിച്ചു കടക്കുന്നതും മൂലം സച്ചിദാനന്ദ സ്വരൂപമായ ശിവയോഗിയെ പരകായൻ എന്നു വിളിക്കുന്നു.

**പരബ്രഹ്മവപുര്യസ്യ പ്രബോധാനന്ദഭാസുരം**
**പ്രാകൃതേന ശരീരേണ കിമേതേനാസ്യ ജായതേ** 50

**50.** പരബ്രഹ്മജ്ഞാനം കൊും പ്രബോധം കൊുള്ള ആനന്ദത്താലും ഭാസുരമായി കാണപ്പെടുന്ന ശരീരം പരബ്രഹ്മസ്വരൂപമായിത്തീരുന്നവന് പ്രപഞ്ചതത്വങ്ങളാൽ ഉായതായ ഈ സ്ഥൂല







**അന്ധോ യഥാ പുരസ്ഥാനി വസ്തുനി ച ന പശ്യതി**
**ജ്ഞാനഹീനസ്തഥാ ദേഹീ നാത്മസ്ഥം വീക്ഷതേ ശിവം**
32

**32.** അന്ധന് തന്റെ മുമ്പിൽ സ്ഥിതി ചെയ്യുന്ന വസ്തുക്കളെ കുമനസ്സിലാക്കാനാവാത്തതു പോലെ ജ്ഞാനമില്ലാത്ത വ്യക്തിക്ക് (ജീവന്) തന്റെയുള്ളിലിരിക്കുന്ന ശിവനെ കാണുവാൻ സാധിക്കുന്നില്ല.

**ശിവസ്യ ദർശനാത് പുംസാം ജന്മരോഗനിവർതനം**
**ശിവദർശനമപ്യാഹു: സുലഭം ജ്ഞാനചക്ഷുഷാം**
33

**33.** ശിവസാക്ഷാത്കാരം ഉാകുന്നതോടുകൂടി മനുഷ്യരുടെ പുനർജന്മമാകുന്ന രോഗം ഇല്ലാതായിത്തീരുന്നു. ജ്ഞാനനേത്രങ്ങളുള്ളവരായ മഹാത്മാക്കൾക്ക് ശി വദർശനവും സുലഭമായിത്തീരുന്നു.

**ദീപംവിനാ യഥാ ഗേഹേ നാന്ധകാരോ നിവർത്തതേ**
**ജ്ഞാനം വിനാ തഥാ ചിത്തേ മോഹോഽപി ന നിവർത്തതേ** 34

**34.** ദീപം കൂടാതെ അന്ധകാരത്തെ നീക്കാനാവുകയില്ല. അപ്രകാരം മനസ്സിൽ സ്ഥിതി ചെയ്യുന്ന മോഹത്തെയും ജ്ഞാനം കൂടാതെ ഇല്ലാതാക്കുവാനാകില്ല.

## സകായ സ്ഥല വർണ്ണന

**പരസ്യ യാ തനുർജ്ഞേയാഽദേഹകർമ്മാഭിമാനിന:**
**തയാ സകായോ ലോകോഽയം താദാത്മത്വനിരൂപണാത്**
35

**35.** സ്ഥൂല, സൂക്ഷ്മ കാരണ ശരീരത്തിലും കർമ്മത്തിലും ശ്രദ്ധിക്കാത്തവന്റെ (പരമാത്മാവിന്റെ)- ജ്ഞാനസ്ഥലിയുടെ ജ്ഞേയശരീരത്തെ ലോകം സകായം എന്നു പറയുന്നു. കാരണം ആ ജ്ഞാനിയുടെ ശരീരം ആത്മാവിന്റെ രൂപത്തിൽ പ്രതിപാദിക്കപ്പെടുന്നു.

**കായം വിനാ സമസ്താനാം ന ക്രിയാ ന ച ഭാവനാ**
**ന ജ്ഞാനം യത്തതോ യോഗീ കായവാനേവ സഞ്ചരേത്**

36

**36.** ശരീരമില്ലാതെ ക്രിയയോ, ഭാവനയോ, ജ്ഞാനമോ ആർക്കും സംഭവിക്കുന്നില്ല. ആയതിനാൽ ശിവയോഗി ശരിരീയാട്ട് പ്രപഞ്ച ത്തിൽ സഞ്ചരിക്കുക.

**ശിവൈകജ്ഞാനയുക്തസ്യ യോഗിനോഽപി മഹാത്മന:**
**കായയോഗേന സിദ്ധ്യന്തി ഭോഗമോക്ഷാദയ: സദാ 37**

**37.** ശിവജ്ഞാനസമ്പന്നനും, മഹാത്മാവുമായ ശിവയോഗിക്കും ഭോഗം, ഭിക്ഷ മുതലായ കാര്യങ്ങൾ ശരീരയോഗം കൊുതന്നെ സിദ്ധിക്കുന്നു.

**കാഷ്ഠംവിനാ യഥാ വഹ്നിർജായതേ ന പ്രകാശവാൻ**
**മൂർത്തിം വിനാ തഥാ യോഗീ നാത്മതത്ത്വപ്രകാശവാൻ 38**

**38.** ഇന്ധനം (വിറക്) കൂടാതെ അഗ്നിക്ക് പ്രകാശിക്കുവാൻ കഴി യുകയില്ല. അതുപോലെ തന്നെ ശരീരമാകുന്ന(വിഗ്രഹം) മൂർത്തി യില്ലാതെ യോഗിക്ക് ആത്മതത്വത്തെ പ്രകാശിപ്പിക്കാനാവില്ല.

**മൂർത്ത്യാത്മനൈവ ദേവസ്യ യഥാപൂജ്യത്വകല്പനാ**
**തഥാ ദേഹാത്മനൈവാസ്യ പൂജ്യത്വം പരയോഗിന: 39**

**39.** മൂർത്തിയുക്തമായതിനാൽ ദേവന്മാരെ പൂജ്യരെന്നു കണ ക്കാക്കുന്നു. അപ്രകാരം പരമാത്മാവായ ശിവയോഗിയും ശരീര ധാരണം ചെയ്യുകമൂലം പൂജ്യനായിത്തീരുന്നു.

**നിഷ്കളോ ഹി മഹാദേവ: പരിപൂർണ: സദാശിവ:**
**ജഗസൃഷ്ട്യാദിസംസിദ്ധ്യൈ മൂർത്തിമാനേവ ഭാസതേ 40**

**40.** നിഷ്കളനും, പരിപൂർണ്ണനും, മഹാദേവനുമായ സദാശിവൻ പ്രപഞ്ചത്തിന്റെ സൃഷ്ടി മുതലായവ നടത്തുന്നതിന് ശരീരവാ നായി എല്ലായിടത്തും വിളങ്ങുന്നു.

**ബ്രഹ്മാദ്യാ ദേവതാ: സർവാ മുനയോഽപി മുമുക്ഷവ:**
**കായവന്തോ ഹി കുർവന്തി തപ: സർവാർത്ഥസാധകം**

41

**41.** ബ്രഹ്മാവ്, വിഷ്ണു തുടങ്ങിയ സകല ദേവകളും, മോക്ഷം ആഗ്രഹിക്കുന്നവരായ സർവ്വ മുനിഗണങ്ങളും സർവ്വാർത്ഥസാധ







കമായ തപസ്സുപോലും ശരീരധാരണം ചെയ്തു കൊുതന്നെ ചെയ്യുന്നു.

**തപോ ഹി മൂലം സർവാസാം സിദ്ധീനാം യജ്ജഗത്രയേ**
**തപസ്തത്കായമൂലം ഹി കായം ന സന്ത്യജേത് 42**

**42.** ത്രിലോകങ്ങളിലും വെച്ച് സകല സിദ്ധികളുടെയും മൂലകാ രണം തപസ്സാകുന്നു. ആ തപസ്സ് ശരീരംകൊു സിദ്ധിക്കുന്നതാ യതിനാൽ ശരീരം ത്യജിക്കുവാൻ പാടില്ല.

## അകായസ്ഥല വർണ്ണന

**ഔപചാരിക ദേഹിത്വാജ്ജഗദാത്മത്വഭാവനാത്**
**മായാസംബന്ധരാഹിത്യാദകായോ ഹി പര: സ്മൃത: 43**

**43.** ദേഹവാനും പരമാത്മാവും, പരബ്രഹ്മ സ്വരൂപനുമായ ശിവ യോഗി ഔപചാരിക ദേഹം ധരിച്ച് പ്രപഞ്ചത്തെ സ്വന്തം സ്വരൂപ മായി കാണുകയും, മായാബന്ധനത്തിൽ അല്ലാത്തതുമൂലം അകായം എന്നു കണക്കാക്കുകയും ചെയ്യുന്നു.

**പരസ്യ ദേഹയോഗേഽപി ന ദേഹാശ്രയവിക്രിയാ**
**ശിവസ്യേവ യതസ്തസ്മാദകായോഽയം പ്രകീർത്തിത: 44**

**44.** പരബ്രഹ്മസ്വരൂപമായ ശിവന് ശരീര സംബന്ധിയായ ലൗകിക വികാരങ്ങളൊന്നും ഉാവുകയില്ല. അപ്രകാരം ശിവ സ്വരൂപമായ ശിവയോഗി ശരീരധാരണം ചെയ്തിരിക്കുമ്പോഴും സാധാരണജനത്തിന്റെ ശരീരം പോലെ സമ്പന്നമായ ക്രിയകൾ കൊ് സംസ്കരിക്കപ്പെട്ട വികാരങ്ങളുാവുകയില്ല. തന്മൂലം ഈ ശിവയോഗിയേയും അകായമെന്നു പറയുന്നു.

**പരലിംഗേ വിലീനസ്യ പരമാനന്ദചിന്മയേ**
**കൃതോ ദേഹേന സംബന്ധോ ദേഹിവദ്ഭാസനം ഭ്രമ:**

45

**45.** പരമാനന്ദ സ്വരൂപവും, ചിന്മയവും, പരലിംഗവുമായ പരമ ശിവനിൽ വിലീനനായ ശിവയോഗിയുടെ ദേഹവുമായി സംബ ന്ധമുള്ളതെവിടെയാണ്? (എങ്ങുമില്ല) ദേഹധാരിയായി അങ്ങനെ യുള്ളയാളെ കാണപ്പെടുന്നുവെങ്കിൽ അതയാളുടെ ഭ്രമം ആകു ന്നു.

കാരണം വലിയ വലിയ മഹാത്മാരുടെ വ്യവഹാരങ്ങൾ കാണ് മനുഷ്യർ ഈ ലോകത്തിൽ പ്രവർത്തിക്കുന്നത്.

**സദാചാരപ്രിയ: ശംഭു: സദാചാരേണ പൂജ്യേത്**
**സദാചാരം വിനാ തസ്യ പ്രസാദോ നൈവ ജായതേ** **66**

**66.** സദാചാരപ്രിയനായ ഭഗവാൻ ശിവശങ്കരനെ സദാചാരം കൊു തന്നെ പൂജിക്കുന്നു. സദാചാരം കൂടാതെയുള്ള പൂജയിൽ അവിടുന്ന് തൃപ്തനാകുന്നില്ല.

## ഭാവാചാരസ്ഥല വർണ്ണന

**ഭാവ ഏവാസ്യ സർവേഷാം ഭാവാചാര: പ്രകീർത്തിത:**
**ഭാവോ മാനസചേഷ്ടാത്മാ പരിപൂർണ: ശിവാശ്രയ: 67**

**67.** ധർമ്മാചാരസ്ഥലിയായ ഈ ഭാവത്തെ തന്നെ സകർലക്കും വേി ഭാവാചാരം എന്നു പറയുന്നു. പരിപൂർണ്ണമായും ഭഗവാൻ ശിവനെ ആശ്രയിച്ചുകൊുള്ള മനോവിചാരത്തിൽ കൂടിയുള്ള പ്രവൃത്തി എന്ന് അർത്ഥമാകുന്നു.

**ഭാവനാവിഹിതം കർമ പാവനാദപി പാവനം**
**തസ്മാദ് ഭാവനയാ യുക്തം പരധർമം സമാചരേത് 68**

**68.** ശിവസങ്കല്പത്തോടുകൂടിയുള്ള വിഹിതമായ കർമ്മങ്ങൾ സ്വയം ചെയ്യുന്നവനും, ചെയ്യിക്കുന്നവനും ശിവൻ തന്നെയാകുന്നു എന്ന ചിന്തയോടുകൂടി ചെയ്യുന്നവ പവിത്രത്തേക്കാൾ പവിത്രമായതു കാരണം ശിവസങ്കല്പത്താൽ യോഗ്യരായി വീരശൈവർ പരശിവ ധർമ്മം ആചരിക്കണം.

**ഭാവേന ഹി മന:ശുദ്ധിർഭാവശുദ്ധിശ്ച കർമണാ**
**ഇതി സഞ്ചിന്ത്യ മനസാ യോഗി ഭാവം ന സഞ്ചരേത്** **69**

**69.** ശിവാർച്ചന, ശിവപൂജ മുതലായ കർമ്മം കൊു ഭാവശുദ്ധിയും, ശിവഭാവം കൊു മനശ്ശുദ്ധിയും ഉാകുന്നു. ഇങ്ങനെ ഒരിക്കലും ശിവയോഗി ശിവഭാവത്തെ ധ്യാനിക്കരുത്.

**ശിവഭാവനയാ സർവം നിത്യനൈമിത്തികാദികം**







ശരീരം കൊന്തൊു പ്രയോജനം? (ഈ ദേഹത്താൽ വിഹിതമായ കർമ്മംകൊ് അവൻ പ്രഭാവിതനാകുന്നില്ല.)

**സമ്യഗ്ജ്ഞാനാഗ്നിസന്ദഗ്ധജന്മബീജകളേവര:**
**ശിവതത്ത്വാവലംബീ യ: പരകായ: സ ഉച്യതേ. 51**

**51.** സർവ്വം ശിവമയം എന്ന ജ്ഞാനമാകുന്ന സമ്യക് ജ്ഞാനാഗ്നിയാൽ ഒരുവന്റെ ജന്മത്തിന് കാരണഭൂതമായ സൂക്ഷ്മ ശരീരം കത്തുകയും, ശിവതത്വാവലംബിയുമാകുന്നുവെങ്കിൽ അവനെ പരകായൻ എന്നു വിളിക്കുന്നു.

**ഇന്ദ്രിയാണി മനോവൃത്തിവാസനാ: കർമസംഭവാ:**
**യത്ര യാന്തി ലയം തേന സകയോഽയം പരാത്മനാ 52**

**52.** കർമ്മം മുഖേന ഉായ മനസങ്കല്പം, സംസ്കാരം, ഇന്ദ്രിയങ്ങൾ എന്നിവ ഏതിൽ ലീനമായിരിക്കുന്നുവോ, ആ പരമാത്മാവു മൂലം ഇത് സകായം ആയിത്തീരുന്നു.

**പരാഹന്താമനുപ്രാപ്യ പശ്യേദ് വിശ്വം ചിദാത്മകം**
**സദേഹോഽതിഭ്രമസ്തസ്യ നിശ്ചിതാ ഹി ശിവാത്മതാ 53**

**53.** പരാഹന്ത (അഹം പരഃശിവ അഹം സർവം എന്ന ഭാവന) ലഭിച്ച ശിവയോഗി പ്രപഞ്ചം മുഴുവൻ ചിന്മയമായിക്കാണുന്നു. അയാളുടെ ശിവസ്വരൂപം നിശ്ചിതമായതിനാൽ അയാൾ ശിവനായിത്തീർന്നു. അയാളെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നത് തെറ്റു തന്നെയാണ്.

**സ്വസ്വരൂപം ചിദാകാരം ജ്യോതി: സാക്ഷാദ്വിചിന്തയൻ**
**ദേഹവാനപി നിർദ്ദേഹോ ജീവമുക്തോ ഹി സാധക: 54**

**54.** തന്റെ സ്വരൂപം ചിദാകാരവും, ജ്യോതി സ്വരൂപവുമാണെന്ന് സങ്കല്പിക്കുന്ന ശരീരവാനും വാസ്തവത്തിൽ ദേഹരഹിതൻ തന്നെയാകുന്നു. ആ ശിവയോഗി ജീവന്മുക്തൻ ആകുന്നു.

**ദേഹസ്തിഷ്ഠതു വാ യാതു യോഗിന: സ്വാത്മബോധിന:**
**ജീവന്മുക്തിർഭവേത് സദ്യശ്ചിദാനന്ദപ്രകാശിനീ. 55**

**55.** ആത്മസാക്ഷാത്കാരമുാകുന്ന ശരീരീയായിരിക്കുന്ന ശിവയോഗിക്ക് സച്ചിദാനന്ദ പ്രകാശം നൽകുന്ന ജീവന്മുക്തി അപ്പോൾ

തന്നെ ലഭ്യമായിത്തീരുന്നു.

**ആത്മജ്ഞാനാവസാനം ഹി സംസാരപരിപീഡനംന**
**സൂര്യോദയേഽപി കിം ലോകസ്തിമിരേണോപരുദ്ധ്യതേ. 56**

**56.** പ്രപഞ്ചപീഢകൾ ആത്മജ്ഞാനത്തിനു മുമ്പു തന്നേയു്. സൂര്യോദയത്തിൽ പ്രപഞ്ചം ഇരുട്ടുകൊു മൂടാറുേോ? (ഇല്ല)

**ദേഹാഭിമാനനിർമുക്ത: കലാതീതപദാശ്രയ:**
**കഥം യാതി പരിഛേദം ശിരീരേഷു മഹാബുധ: 57**

**57.** ദേഹരഹിതനും, കലാതീതനും, നിഷ്കളപദത്തിൽ പ്രതിഷ്ഠിക്കപ്പെടുന്ന മഹാത്മാവുമായ പണ്ഡിതന്റെ ശരീരത്തിന്റെ കാര്യത്തിൽ പരിധി വയ്ക്കുവാനെങ്ങനെയാണു കഴിയുക?

## ധർമ്മാചാര സ്ഥല വർണ്ണന

**തസ്യൈവ പരകായസ്യ സമാചാരോ യ ഇഷ്യതേ**
**സ ധർമ്മ: സർവലോകാനാമുപകാരായ കല്പ്യതേ 58**

**58.** പരകായനായ ശിവയോഗിയുടെ ഇപ്രകാരമുള്ള ആചാരങ്ങളെ കർമ്മം എന്നു പറയുന്നു. ഇങ്ങനെയുള്ള മതം (ധർമ്മം) സകലർക്കും ഉപകാരം ചെയ്യുന്നതിന് കെല്പുള്ളതാകുന്നു

**അഹിംസാ സത്യമസ്തേയം ബ്രഹ്മചര്യം ദയാ ക്ഷമാ**
**ദാനം പൂജാ ജപോ ധ്യാനമിതി ധർമസ്യ സംഗ്രഹ: 59**

**59.** അഹിംസ, സത്യം, മോഷ്ടിക്കാതിരിക്കൽ, ബ്രാഹ്മചര്യം, ദയ, ക്ഷമ, ദാനം, ശിവലിംഗപൂജ, പഞ്ചാക്ഷരജപം, ശിവധ്യാനം എന്നിവയെല്ലാം വീരശൈവധർമ്മാനുഷ്ഠാന സംഗ്രഹമാകുന്നു.

**ശിവേന വിഹിതോ യസ്മാദാഗമൈർധർമസംഗ്രഹ:**
**തസ്മത്തമാചാരൻ വിദ്വാൻ തത്പ്രസാദായ കല്പ്യതേ 60**

**60.** ഭഗവാൻ ശിവനാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ധർമ്മസംഗ്രഹങ്ങളായ ഉപദേശങ്ങളെയും ആഗമശാസ്ത്രങ്ങളിൽ വർണ്ണിച്ചിരിക്കുന്നു. അതാചരിക്കുന്ന പണ്ഡിതന്മാരായ ശിവയോഗികൾ ഭഗവാൻ ശിവനെ പ്രസന്നനാക്കുന്നതിൽ അതിനിപുണരുമാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

**അധർമം ന സ്പൃശേത് കിഞ്ചിദ് വിഹിതം ധർമോചരേത്**







**തം ച കാമവിനിർമുക്തം തമപി ജ്ഞാനപൂർവകം 61**

**61.** അധർമ്മത്തിന്റെ കണികപോലും സ്പർശിക്കാതെ, ശാസ്ത്രങ്ങൾ മുഖേന നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതായ ധർമ്മാചരണങ്ങൾ അനുഷ്ഠിക്കുകയും, ധർമ്മത്തിന്റെ ഈ നിഷ്കാമകർമ്മങ്ങൾ ഫലേച്ഛകൂടാതെ മനസ്സറിഞ്ഞ് ആചരിക്കുകയും വേണം.

**ആത്മവത് സർവഭൂതാനി സംപശ്യേദ് യോഗവിത്തമ:**
**ജഗദേകാത്മതാഭാവാന്നിഗ്രഹാദി വിരോധത: 62**

**62.** ശിവയോഗത്തെ അറിഞ്ഞ വീരശൈവൻ പരമാത്മ സ്വരൂപമാണ് പ്രപഞ്ചം എന്നു മനസ്സിലാക്കിക്കൊ് നിഗ്രഹാനുഗ്രഹത്തിനവസരം കൊടുക്കാതെ സകല ജീവജാലങ്ങളെയും പരമാത്മാവിനെപ്പോലെ വീക്ഷിക്കണം.

**ഏക ഏവ ശിവ: സാക്ഷജ്ജഗദേതദിതി സ്ഫുടം**
**പശ്യത: കിം ന ജായേത മമകാരോ ഹി വിഭ്രമ: 63**

**63.** ഈ ജഗത്തിൽ ശിവൻ ഒന്നുമാത്രമേയുള്ളൂ എന്നു സ്പഷ്ടമായ കാഴ്ചപ്പാടുള്ള ശിവയോഗിയായ വീരശൈവന് എന്താണു ലഭ്യമാകാത്തത്? അയാൾക്കു സർവ്വതും ലഭിക്കുന്നു. ഇതെന്റേതാണ്, ഇതെന്റേതല്ല മുതലായ മമങ്കാരം വെറും തോന്നലാകുന്നു.

**ധർമ ഏവ സമസ്താനാം യത: സംസിദ്ധികാരണം**
**നി:സ്പൃഹോഽപി മഹായോഗീ ധർമ്മാർഗം ച ന ത്യജേത് 64**

**64.** ധർമ്മം തന്നെ സർവ്വ സിദ്ധികൾക്കും കാരണമാകുന്നു. ആയതിനാൽ യോഗികളായ വീരശൈവർ നിസ്പൃഹനായിരുന്നാലും ധർമ്മമാർഗ്ഗങ്ങൾ കൈവെടിയാതെ ധർമ്മാചരണങ്ങൾ ചെയ്യണം.

**ജ്ഞാനാമൃതേന തൃപ്തോഽപി യോഗീ ധർമം ന സംത്യജേത്**
**ആചാരം മഹതാം ദൃഷ്ട്വാ പ്രവർത്തന്തേ ഹി ലൗകികാ: 65**

**65.** ശിവജ്ഞാനമാകുന്ന അമൃതുകൊ് തൃപ്തനായ ശിവയോഗി (വീരശൈവൻ) ധർമ്മങ്ങൾ ത്യജിക്കുവാൻ പാടില്ല.

ത്താൽ സാധാരണ ലൗകിക ജീവിതത്തെ ത്യജിച്ച് ജീവന്മുക്തനായിത്തീരുകയും ചെയ്യുന്നു. എന്നിട്ടും അയാൾ സാധാരണ ജനങ്ങളെപ്പോലെ വ്യവഹരിക്കുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ മാഹേശ്വരസ്ഥല വർണ്ണന എന്ന 16-ാമത്തെ അദ്ധ്യായം സമാപ്തം.**

### അദ്ധ്യായം 17

## പ്രസാദി സ്ഥലവർണ്ണന

അഗസ്ത്യർ പറഞ്ഞു-

**സ്ഥലാനി താനി ചോക്താനി യാനി മാഹേശ്വരസ്ഥലേ**
**വദസ്വ സ്ഥലഭേദം മേ പ്രസാദിസ്ഥല സംശ്രിതം 1**

**1.** അല്ലയോ ആചാര്യരേ! അവിടുന്ന് മാഹേശ്വരസ്ഥലത്തിലെ ഉപസ്ഥലങ്ങളെത്രയെന്നും അവയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. പ്രസാദിസ്ഥലത്തിൽ വരുന്നതായ സ്ഥല ഭേദങ്ങളെക്കുറിച്ച് ഇനി എനിക്ക് ദയവായി പറഞ്ഞുതന്നാലും?

ശ്രീ രേണുകാചാര്യർ പറഞ്ഞു-

**സ്ഥലഭേദാ നവ പ്രോക്താ: പ്രസാദിസ്ഥല സംശ്രിതാ:**
**കായാനുഗ്രഹണം പൂർവമിന്ദ്രിയാനുഗ്രഹം തത: 2**







**കുർവന്നപി മഹായോഗീ ഗുണദോഷൈർന ബാദ്ധ്യതേ**
**70**

**70.** മഹാനായ ശിവയോഗി ശിവഭാവനയോടുകൂടി നിത്യനൈമിത്തികങ്ങളായ കാമ്യ-കർമ്മങ്ങൾ ചെയ്തെന്നാലും, ആ കർമ്മങ്ങളുടെ ഗുണദോഷങ്ങളായ പുണ്യപാപങ്ങളൊന്നും അയാളെ ബാധിക്കുകയില്ല.

**അന്ത:പ്രകാശമാനസ്യ സംവിത്സൂര്യസ്യ സന്തതം**
**ഭാവേന യദുപസ്ഥാനം തത്സന്ധ്യാവന്ദനം വിദു: 71**

**71.** തനിക്കുള്ളിൽ പ്രകാശിക്കുന്ന സംവിദാവാകുന്ന സൂര്യന്റെ ശിവഭാവത്താൽ നിരന്തരം ഉപസ്ഥാനമാകുന്നതിനെ വീരശൈവാചാര്യന്മാർ സന്ധ്യാവന്ദനം എന്നു പറയുന്നു.

**ആത്മജ്യോതിഷി സർവേഷാം വിഷയാണാം സമർപണം**
**അന്തർമുഖേന ഭാവേന ഹോമകർമേതി ഗീയതേ 72**

**72.** ആത്മാവാകുന്ന ജ്യോതിയിൽ (ചിദാഗ്നി) അന്തർമുഖങ്ങളായ ഭാവത്താൽ സർവ്വ കാര്യങ്ങളെയും സമർപ്പിക്കുന്നതിന് ഹോമകർമ്മങ്ങൾ എന്നു പറയുന്നു.

**ഭാവയേത് സർവകർമാണി നിത്യനൈമിത്തികാനി ച**
**ശിവപ്രീതികരാണ്യേവ സംഗരാഹിത്യസിദ്ധയേ 73**

**73.** ലൗകിക വിഷയങ്ങളിലുള്ള ആസക്തികൾ ഇല്ലാത്തവനാകുന്നതിനുവേി ഭക്തനായ വീരശൈവൻ നിത്യനൈമിത്തികങ്ങളായ സർവ്വ കർമ്മങ്ങളെയും ശിവപ്രീതിക്കുവേിയുള്ളതാണെന്നാണ് കണക്കാക്കുക.

**ശിവേ നിവേശ്യ സകല്യം കാര്യകാര്യം വിവേകത:**
**വർതതേ യോ മഹാഭാഗ: സ സംഗരഹിതോ ഭവേത് 74**

**74.** മഹാഭാഗ്യശാലിയും ശിവഭക്തനുമായ വീരശൈവൻ (ശിവയോഗി) വിവേകപൂർവ്വം കരണീയവും കരണീയമല്ലാത്തതുമായ സർവ്വ കർമ്മങ്ങളും ശിവനു സമർപ്പിക്കുന്നു എങ്കിൽ അയാൾ ആസക്തി രഹിതൻ ആയിത്തീരുന്നു.

**ആത്മാനമഖിലം വസ്തു ശിവമാനന്ദചിന്മയം**

**ഏകഭാവേന സതതം സംപശ്യന്നേവ പശ്യതി 75**

**75.** ആത്മാവും സർവ്വ പ്രപഞ്ചവും ചിന്മയാനന്ദസ്വരൂപനായ ശിവനും ഒന്നുതന്നെ എന്ന ഭാവത്താൽ സർവ്വവവും ശിവനാകുന്നു. എന്ന സങ്കല്പത്തോടുകൂടി നിരന്തരം ദർശിക്കുന്നത് യഥാർത്ഥ ശിവദർശനം ആകുന്നു.

## ജ്ഞാനാചാര സ്ഥല വർണ്ണന

**അസ്യ ജ്ഞാനസമാചാരോ യോഗിന: സർവദേഹിനാം**
**ജ്ഞാനാചാരോ യദുക്തോഽയം ജ്ഞാനാചാര: സ കഥ്യതേ 76**

**76.** ഭാവചാര സമ്പന്നനായ ശിവയോഗിയുടെ ഈ ജ്ഞാനാചാരം തന്നെ സമസ്ത മനുഷ്യരുടെയും ജ്ഞാനാചാരം. ഇതിന് ജ്ഞാനാചാരസ്ഥലം എന്നുപറയുന്നു.

**ശിവാദ്വൈതപരം ജ്ഞാനം ജ്ഞാനമിത്യുച്യതേ ബുധൈ:**
**സിദ്ധേന വാപ്യസിദ്ധേന ഫലം ജ്ഞാനാന്തരേണ കിം 77**

**77.** പണ്ഡിതാചാര്യന്മാർ ശിവാദ്വൈതപരങ്ങളായ ജ്ഞാനത്തെ യഥാർത്ഥജ്ഞാനം എന്നു പറയുന്നു. ജ്ഞാനസിദ്ധി കൊടുക്കുകയോ, കൊടുക്കാതിരിക്കുകയോ ചെയ്യട്ടെ, ജ്ഞാനമില്ലാതെ ഫലമുാകുകയില്ല.

**നിർമലം ഹി ശിവജ്ഞാനം നി:ശ്രേയസ് കരം പരം**
**രാഗദ്വേഷാദികലുഷം ഭുയ: സംസൃതികാരണം 78**

**78.** നിർമ്മലമായ ശിവാദ്വൈതജ്ഞാനം തന്നെ ശിവജ്ഞാനം ആണവം, മായികം, കാർമ്മികം എന്നീ മലങ്ങളില്ലാത്തതും മോക്ഷദായകവുമാണ്. രാഗദ്വേഷാദികൾ മൂലം മലിനമാകുന്ന ജ്ഞാനം പ്രപഞ്ചത്തിലെ ജനനമരണങ്ങൾക്കു കാരണമായിത്തീരുന്നു.

**പരിപൂർണം മഹാജ്ഞാനം പരതത്ത്വപ്രകാശകം**
**അവലംബ്യ പ്രവൃത്തോ യോ ജ്ഞാനാചാര: സ ഉച്യതേ 79**

**79.** പരശിവതത്വങ്ങൾ പ്രകാശിപ്പിക്കുന്ന സമ്പൂർണ്ണമഹാശിവജ്ഞാനത്തെ ആധാരമാക്കിയുള്ള പ്രവർത്തി യെ ജ്ഞാനാചാരം എന്നു പറയുന്നു.

**നിർവികല്പേ പരേ ധാമ്നി നിഷ്കളേ ശിവാനാമനി**





**ജ്ഞാനേന യോജയേത് സർവം**
**ജ്ഞാനാചാരീ പ്രകീർത്തിത:**
**80**

**80.** നിഷ്കളവും നിർവ്വികല്പവും ഭേദരഹിതവും നിരവയവുമായ ശിവൻ എന്ന പരബ്രഹ്മത്തിൻ ജ്ഞാനത്തെ സംയോജിപ്പിക്കുന്നതിനെ ജ്ഞാനാചാരി എന്നു വിളിക്കുന്നു.

**ജ്ഞാനം മുക്തിപ്രദം പ്രാപ്യ ഗുരുദൃഷ്ടിപ്രസാദത:**
**ക: കുര്യാത് കർമ്മകാർപണ്യേ വാഞ്ഛാം സംസാരവർദ്ധനേ 81**

**81.** ഗുരുകൃപാകടാക്ഷംകൊ് മോക്ഷദായകമായ ജ്ഞാനം ലഭ്യമാക്കിയിട്ട് കർമ്മംമൂലം ദുഃഖദായിയായ ഇന്ദ്രിയവിഷയങ്ങളാകുന്ന ലൗകികതയെ വളർത്താനുള്ള ആഗ്രഹം ജനിക്കുന്നതാർക്കാണ്?

**കർമ ജ്ഞാനാഗ്നിനാ ദഗ്ധം ന പ്രരോഹേത് കഥഞ്ചന**
**യദാഹു: സംസൃതേർമൂലം പ്രവാഹാനുഗതം ബുധാ: 82**

**82.** അനാദിയായ പാരമ്പര്യം കൊ് പ്രപഞ്ചത്തിനു കാരണഭൂതമായ കർമ്മത്തെ ജ്ഞാനമാകുന്ന അഗ്നികൊു കത്തിക്കുമ്പോൾ പണ്ഡിതാചാര്യന്മാർക്ക് യാതൊരു വിധത്തിലുള്ള ലൌകികതയും മുളയ്ക്കുകയില്ല.

**ജ്ഞാനേന ഹീന: പുരുഷ: കർമണാ ബദ്ധ്യതേ സദാ**
**ജ്ഞാനിന: കർമസങ്കല്പാ ഭവന്തി കില നിഷ്ഫലാ 83**

**83.** ജ്ഞാനരഹിതൻ എപ്പോഴും കർമം മുഖേന ബന്ധനസ്ഥനാകുന്നു. ജ്ഞാനിയുടെ കർമ സങ്കല്പം നിശ്ചിതരൂപത്താൽ നിഷ്ഫലമാകുന്നു.

**ശുദ്ധാചാരേ ശുദ്ധഭാവോ വിവേകീ**
**ജ്യോതീ: പശ്യൻ സർവനശൈവമേകം**
**ജ്ഞാനധ്വസ്തപ്രാകൃതാത്മപ്രപഞ്ചോ**
**ജീവന്മുക്തശ്രേഷ്ടതേ ദിവ്യയോഗീ 84**

**84.** വിശുദ്ധമായ ജ്ഞാനാചാരം കൊ് ശുദ്ധഭാവനയുള്ളവും, വിവേകപൂർണ്ണനുമായ ദിവ്യയോഗി എവിടെയും ശിവാത്മക ജ്യോതി മാത്രം ദർശിച്ച് സാക്ഷാത്കരിക്കുകയും, ശിവജ്ഞാന

ദ്വേഷവും ഉടലെടുക്കുന്നു. ശിവയോഗി ഇവ രും ഉപേക്ഷിക്കേ താ കു ന്നു.

**ഇന്ദ്രിയാണാം ബഹിർവൃത്തി: പ്രപഞ്ചസ്യ പ്രാകാശിനീ**
**അന്ത: ശിവേ സമാവേശോ നിഷ്പ്രപഞ്ചസ്യ കാരണം 16**

**16.** ഇന്ദ്രിയങ്ങൾ ബാഹ്യവിഷയങ്ങളിൽ പ്രവർത്തിച്ച് പ്രപഞ്ചത്തിലെ സുഖദുഃഖങ്ങൾ ഉാകുന്നു. എന്നാൽ ആ പ്രവൃത്തി ശിവസമാവേശത്തോടുകൂടി അന്തഃസ്ഥിതമായിട്ടുള്ളതാണെങ്കിൽ സുഖദുഃഖങ്ങൾ (സംസാര ജീവിതം) ഇല്ലാതാക്കുന്നതിനു കാരണമാകുന്നു.

**ക്ഷണമന്ത: ശിവം പശ്യൻ കേവലേനൈവ ചേതസാ**
**ബാഹ്യർത്ഥാനാമനുഭവം ക്ഷണം കുർവൻ ദൃഗാദിഭി: 17**
**സർവേന്ദ്രിയനിരുദ്ധോ{f}പി സവേന്ദ്രിയവിഹീനവാൻ**
**ശിവാഹിതമനാ യോഗീ ശിവം പശ്യതി നാപരം 18**

**17/18.** മനസ്സുകൊ് ശിവനെമാത്രം തന്റെ ഹൃദയത്തിൽ ഒരു നിമിഷം സാക്ഷാത്കാരം ചെയ്യുന്നവനും, ബാഹ്യവിഷയങ്ങളെ നേത്രാദികളാൽ ഒരു നിമിഷം അനുഭവിക്കുന്നവനുമായ ശിവയോഗി സർവ്വഇന്ദ്രിയങ്ങളിലും ആരൂഢനായിരുന്നാലും, സർവ്വഇന്ദ്രിയങ്ങളുമില്ലാതിരുന്നാലും ശിവനായി സമർപ്പിച്ച മനസ്സോടുകൂടിയവനായി ശിവനെയല്ലാതെ മറ്റൊന്നും കാണുന്നില്ല.

**ന ജരാ മരണം നാസ്തി ന പിപാസാ ന ച ക്ഷുധാ**
**ശിവാഹിതേന്ദ്രിയസ്യാസ്യ നിർമ്മാനസ്യ മഹാത്മനാ: 19**

**19.** ശിവനായി സമർപ്പിച്ച ഇന്ദ്രിയങ്ങളോടു കൂടിയവനും ശരീരം മുതലായവയെക്കുറിച്ച് ഗൗരവമായി ശ്രദ്ധിക്കാത്തവനുമായ ശിവയോഗിയായ (വീരശൈവന്) ഈ മഹാത്മാവിന് ജരാനരകളും, വിശപ്പും, ദാഹവും, മരണവും ഇല്ല. കാരണം ജരാനരകളും മൃത്യുവും ശരീരത്തിന്റെയും, വിശപ്പും ദാഹവും പ്രാണന്റേയും ധർമ്മങ്ങളാകുന്നു.

**മനോ യത്ര പ്രവർത്തേത തത്ര സർവേന്ദ്രിയസ്ഥിതി:**
**ശിവേ മനസി സംല്ലീനേ ക്വ ചേന്ദ്രിയവിചാരണാ**





**പ്രാണാനുഗ്രഹണം പശ്ചാത് തത: കായാർപിതം മതം**
**കരണാർപിതമാഖ്യാതം തതോ ഭാവാർപിതം മതം 3**
**ശിഷ്യസ്ഥലം തത: പ്രോക്തം ശുശ്രൂഷാസ്ഥലമേവ ച**
**തത: സേവ്യസ്ഥലം ചൈഷാം ക്രമശ: ശൃണു ലക്ഷണം. 4**

**2/3/4** പ്രസാദിസ്ഥലത്തിൽ ഒൻപതു സ്ഥലഭേദങ്ങൾ പറയുന്നു.

1) കായാനുഗ്രഹസ്ഥലം; 2) ഇന്ദ്രിയാനുഗ്രഹസ്ഥലം;
3) പ്രാണാനുഗ്രഹസ്ഥലം; 4) കായാർപിതസ്ഥലം;
5) കരണാർപിതസ്ഥലം; 6) ഭാവാർപിതസ്ഥലം;
7) ശിഷ്യസ്ഥലം; 8) ശുശ്രൂഷ സ്ഥലം
9). സേവ്യസ്ഥലം - എന്നിങ്ങനെ യഥാക്രമം 9 സ്ഥലങ്ങൾ ഉ്. ഇവ ഓരോന്നിന്റേയും ലക്ഷണങ്ങൾ ഇനി പറയുന്നതു കേൾക്കുക.

## കായാനുഗ്രഹസ്ഥല വർണ്ണന

**അനുഗൃഹ്ണാതി യല്ലോകാൻ സ്വകായം ദർശയന്നസൗ**
**തസ്മാദേഷ സമാഖ്യാത: കായാനുഗ്രഹനാമക: 5**

**5.** ജ്ഞാനാചാര സമ്പന്നനും പരബ്രഹ്മസ്വരൂപനുമായ ശിവയോഗി സ്വശരീരത്തെ പ്രദർശിപ്പിച്ചുകൊ് ഏതൊരാളിലും അനുഗ്രഹം വർഷിക്കുന്നു. അതിനു കായാനുഗ്രഹ സ്ഥലം എന്നു പറയുന്നു.

**യഥാ ശിവോനുഗൃഹ്ണാതി മൂർതിമാവിശ്യ ദേഹിന:**
**തഥാ യോഗി ശരീരസ്ഥ: സർവാനുഗ്രഹകോ ഭവേത് 6**

**6.** ഭഗവാൻ ശിവശങ്കരൻ ലിംഗമൂർത്തിയിൽ ഉപവിഷ്ടനായിരുന്ന് ശിരീരികളുടെ മേൽ അനുഗ്രഹം ചൊരിയുന്നു. അതുപോലെ ശിവലിംഗദീക്ഷയാൽ സംസ്കാര സമ്പന്നരാക്കപ്പെട്ട ശിവയോഗികളായ വിരശൈവരുടെ ദിവ്യമായ ശിരീരത്തിലും ഭഗവാൻ ശിവൻ സ്ഥിതിചെയ്തുകൊ് സർവ്വരേയും അനുഗ്രഹിക്കുന്നു.

**ശിവ: ശരീരയോഗേ{f}പി യഥാ സംഗവിവർജിത:**
**തഥാ യോഗി ശരീരസ്ഥോ നി:സംഗോ വർതതേ സദാ: 7**

**7.** ഭഗവാൻ ശിവശങ്കരൻ സ്വയം ശരീരധാരണം ചെയ്തിട്ടും തന്റെ ശരീരത്തെക്കുറിച്ച് ആസക്തിയില്ലാത്തവനായിരിക്കുന്നതു പോലെ മഹാനായ ശിവയോഗിയും തന്റെ ശരീരത്തെക്കുറിച്ച് സദാ അനാസക്തനായിരിക്കുന്നു.

**ശിവഭാവനയാ യുക്ത: സ്ഥിരയാ നിർവികല്പയാ**
**ശിവോ ഭവതി നിർധൂതമായാവേശപരിപ്ളവ: 8**

**8.** ദൃഢവും വികല്പരഹിതവുമായ ശിവസങ്കല്പ ത്താൽ യുക്തനായ അയാൾ മായയുടെ ആവേശാത്മകമായ ഉപദ്രവങ്ങളി ല്ലാത്ത ശിവനായിത്തീരുന്നു.

**ചിത്തവൃത്തിഷു ലീനാസു ശിവേ ചിത്സുഖസാഗരേ**
**അവിദ്യാകല്പിതം വസ്തു നാന്യത് പശ്യതി സംയമീ 9**

**9.** ശിവന്റെ ചിത്തവൃത്തികളിൽ ലയിച്ചശേഷം സംയമിയായ ഈ ശിവയോഗിയുടെ ആനന്ദസാഗരം പോലെയു ള്ള മനസ്സ് അവി ദ്യയാൽ രചിക്കപ്പെട്ടതായ മറ്റു യാതൊരു വസ്തുക്കളെയും കാണു ന്നില്ല. പ്രത്യുത സമ്പൂർണ്ണ ജഗത്തും അയാൾക്ക് ശിവമയമായ ശിവസ്വരൂപമായിത്തന്നെ തോന്നിക്കുന്നു.

**നേദം രജതമിത്യുക്തേ യഥാ ശുക്തി: പ്രകാശതേ**
**നേദം ജഗദിതി ജ്ഞാനേ ശിവതത്ത്വം പ്രകാശതേ 10**

**10.** ചിപ്പി കിട്ട് ഇതു വെള്ളിയല്ല എന്നു കാണുന്നവനു തോന്നിക്കാത്തതുപോലെ ഇതു പ്രപഞ്ചമല്ല എന്ന ജ്ഞാനം ഉ ാ കുമ്പോൾ ശിവതത്വങ്ങൾ പ്രകാശിക്കുന്നു.

**യഥാ സ്വപ്നകൃതം വസ്തു പ്രബോധേനൈവ ശാമ്യതി**
**തഥാ ശിവസ്യ വിജ്ഞാനേ സംസാരം നൈവ പശ്യതി 11**

**11.** സ്വപ്നത്തിൽ രചിച്ചതായ വസ്തുക്കൾ ഉണരുമ്പോൾ മിഥ്യ യാകുന്നതുപോലെ ശിവജ്ഞാനമുാകുമ്പോൾ ശിവയോഗിക്ക് ഈ പ്രപഞ്ചം സ്വപ്നത്തിൽ വന്ന കാര്യങ്ങൾ പോലെ മിഥ്യയായി തോന്നുന്നു.

**അജ്ഞാനമേവ സർവേഷാം സംസാരഭ്രമകാരണം**
**തന്നിവൃത്തൌ കഥം ഭൂയ: സംസാര ഭ്രമദർശനം 12**





**12.** സർവ്വജീവികളുടേയും ലൗകിക വിഷയ ഭ്രമത്തിന് കാരണം (ശിവജ്ഞാനമില്ലായ്മയുടെ യഥാർത്ഥ വസ്തുക്കളെക്കുറിച്ചുള്ള) അജ്ഞതയാണ്. ഈ അജ്ഞാനത്തിൽ നിന്ന് മുക്തിയുാകു മ്പോൾ പിന്നെ ലൗകികഭ്രമങ്ങളിലേക്കെങ്ങനെ നോക്കാൻ കഴിയും?

**ഗളിതാഹംകൃതിഗ്രന്ഥി: ക്രീഡാകല്പിത വിഗ്രഹ:**
**ജീവന്മുക്തശ്ചരേദ്യോഗി ദേഹിവന്നിരുപാധിക: 13**

**13.** ദൃഢമായ രൂപസങ്കല്പങ്ങളായ ഇതെന്റെ ശരീരമാകുന്നു, എന്റെ പേര് ദേവദത്തനെന്നാകുന്നു എന്നെല്ലാമുള്ള അഹങ്കാര ഗ്രന്ഥികളില്ലാതാക്കി പ്രപഞ്ചലീലക്കായി ശരീരം ധരിച്ച ശിവ യോഗി ജീവന്മുക്തനായി പ്രപഞ്ചത്തിൽ വ്യവഹരിക്കുന്നു.

കുറിപ്പ്: ചിപ്പിയും മുത്തും തമ്മിലുള്ള മത്സരത്തിൽ ചിപ്പി മാത്രം അവശേഷിക്കുന്നതുപോലെ ശിവതത്വങ്ങൾക്ക് അനുയോജ്യമായ പ്രപഞ്ചത്തിൻ മത്സരത്തിനു മുക്തിയുാകുമ്പോൾ ശിവൻ തന്നെ ഒടുവിൽ അവശേഷിക്കുന്നു.

## ഇന്ദ്രിയാനുഗ്രഹസ്ഥല വർണ്ണന

**ദർശനാത് പരകായസ്യ കരണാനാം വിവേകത:**
**ഇന്ദ്രിയാനുഗ്രഹ: പ്രോക്ത: സർവേഷാം തത്ത്വവേദിഭി: 14**

**14.** പരകായനായ ശിവയോഗിയുടെ ദർശനവും ഇന്ദ്രിയങ്ങളും വെവ്വേറെയുള്ള വസ്തുക്കളല്ല. ഇവ ശിവൻ തന്നെയാണ്, എന്നുള്ള വിവേകത്തെ-ജ്ഞാനത്തെ പണ്ഡിതന്മാർ ഇന്ദ്രിയാനു ഗ്രഹമെന്നു പറയുന്നു.

**ഇന്ദ്രിയാണാം സമസ്താനാം സ്വാർത്ഥേഷു സതി സംഗമേ**
**രാഗോ വാ ജായതേ ദ്വേഷസ്തൗ യോഗീ പരിവർജയേത് 15**

**15.** പഞ്ചേന്ദ്രിയങ്ങളായ രൂപം, രസം, ഗന്ധം, ശബ്ദം, സ്പർശം മുതലായവ തങ്ങളുടെ സ്വാർത്ഥ താല്പര്യത്തിനോടൊപ്പം സന്നി കർഷമുാകുമ്പോൾ അതുമായി ബന്ധപ്പെട്ട വസ്തുക്കളോട് വെറുപ്പ് (ക്രോധം) ഉാകുന്നു. ഇന്ദ്രിയ വിഷയ ലഭ്യതക്കുവേി രാഗവും അതു ലഭിച്ച ശേഷം അതിൽ ഉപസ്ഥിതമാകുമ്പോൾ

സമ്പന്നനുമായ പരബ്രഹ്മ സ്വരൂപനും ശിവയോഗിയുമായ വീര ശൈവൻ ലിംഗപൂജയുടേയും, ശിവാർച്ചനയുടേയും സമയത്ത് ശരീരത്തെ അർപ്പിക്കുന്നതിന് കായാർപ്പിതം എന്നു പറയുന്നു.

**യദാ യോഗി നിജം ദേഹം ശിവായ വിനിവേദയേത്**
**തദാ ഭവതി തദ്രൂപം ശിവരൂപം ന സംശയ: 35**

**35.** ശിവയോഗി തന്റെ ശരീരത്തെ ശിവനായി സമർപ്പിക്കുമ്പോൾ അയാളുടെ രൂപം ശിവരൂപമായിത്തീരുന്നു എന്നിതിന് സംശയമില്ല.

**ഇന്ദ്രിയപ്രീതിഹേതുനി വിഷയാസംഗജാനി ച**
**സുഖാനി സുഖചിദ്രൂപേ ശിവയോഗീ നിവേദയേത് 36**

**36.** ഇന്ദ്രിയവിഷയങ്ങളിലെ ആനന്ദത്തെ തിരിച്ചറിയുന്നതിനുള്ള സാധനാഭൂതവും, ഇന്ദ്രിയവിഷയങ്ങളിൽ ലയിച്ചിരിക്കുന്നതിൽ നിന്നും ഉായിട്ടുള്ളതുമായ സുഖങ്ങളെ ശിവയോഗി സച്ചിദാനന്ദ സ്വരൂപനായ പരമശിവന് സമർപ്പിക്കണം.

**ദർശനാത് സ്പർശനാത് ഭുക്തേ: ശ്രവണാദ് ഘ്രാണനാദപി**
**വിഷയേഭ്യോ യദുല്പന്നം ശിവേ തത്സുഖമർപയേത് 37**

**37.** ശിവയോഗികൾ അവരുടെ ദർശനം, സ്പർശനം,ഭോജനം, ശ്രവണം, ഘ്രാണം, ധനം, മനസ്സ്, ജനം മുതലായ വിഷയങ്ങൾ കൊുായ സുഖങ്ങളെ ശിവനു സമർപ്പിക്കണം.

**ദേഹദ്വാരേണ യദ്യത് സ്യാത് സുഖം പ്രാസംഗമാത്മന:**
**തത്തന്നിവേദയൻ ശംഭോർയോഗീ ഭവതി നിർമല: 38**

**38.** ശരീരം മുഖേന ആത്മാവിനു ലഭിക്കുന്ന സുഖങ്ങളെ ശിവനു നിവേദിക്കുന്ന ശിവയോഗി നിർമ്മലനായിത്തീരുന്നു.

## കരണാർപ്പിത സ്ഥല വർണ്ണന

**ആസഞ്ചനം സമസ്താനാം കരണാനാം പരാത്പരേ**
**ശിവേ യത് തദിദം പ്രോക്തം കരണാർപിതമാഗമേ 39**

**39.** പരാല്പരനായ പരമശിവന്റെ (അടയാളമായ) ശിവലിംഗത്തിൽ സർവ്വ ഇന്ദ്രിയങ്ങളെയും സംയോജിപ്പിക്കുന്നവനെ ശൈവാഗമത്തിൽ കരണാർപ്പിതം എന്നു പറയുന്നു.







**20**

**20.** മനസ്സ് പ്രവർത്തിക്കുന്ന വിഷയത്തിൽ തന്നെ ഇന്ദ്രിയങ്ങളും സ്ഥിതിചെയ്യുവാനാഗ്രഹിക്കുന്നു. മനസ് ശിവനിൽ ലീനമായിരിക്കുമ്പോൾ ആധാരഹീനമായ ഇന്ദ്രിയ വ്യവഹാരങ്ങളെവിടെ?

**യദ്യത് പശ്യൻ ദൃശാ യോഗീ മനസാ ചിന്തയത്യപി**
**തത്തത് സർവം ശിവാകാരാം സംവിദ്രൂപം പ്രകാശതേ 21**

**21.** ശിവയോഗി (വീരശൈവൻ) വസ്തുക്കളെ കണ്ണുകൾക്കൊു കാണുന്നതോടൊപ്പം മനസ്സുകൊ് ധ്യാനിക്കുകയും ചെയ്യുന്നു. അതാതു വസ്തുക്കൾ അയാൾക്കു ശിവാകാരമായ സംവിദ് സ്വരൂപത്തിൽ വിളങ്ങുന്നു.

**കരണൈ: സഹിതം പ്രാണം മനസ്യാധായ സംയമീ**
**യോജയേത് സ ശിവ: സാക്ഷാത് യത്ര നാസ്തി ജഗദ്ഭ്രമ: 22**

**22.** നേത്രങ്ങൾ മുതലായ ഇന്ദ്രിയങ്ങളോടുകൂടി പ്രാണനെ മനസ്സിൽ ഒരുമിപ്പിച്ച് അതിൽ ഏതൊരു വസ്തുവിനെ ശിവയോഗി സംയോജിപ്പിക്കുന്നുവോ ആ വസ്തു സാക്ഷാൽ ശിവരൂപത്തിൽ പ്രകാശിക്കുന്നു. അതിൽ ലൌകിക ഭ്രമങ്ങളുാവുകയില്ല.

**സർവേന്ദ്രിയ പ്രവൃത്ത്യാ ച ബഹിരന്ത: ശിവം യജൻ**
**സ്വച്ഛന്ദചാരീ സർവത്ര സുഖീ ഭവതി സംയമീ 23**

**23.** സംയമിയായ ആ ശിവയോഗി സർവ്വ ഇന്ദ്രിയങ്ങളും മുഖേന തന്റെ ഹൃദയത്തിനുള്ളിലും, ബാഹ്യലോകത്തിലും, ശിവപൂജ, ശിവധ്യാനം, ദാനം എന്നിവയെല്ലാം ചെയ്യുന്നു അയാൾ എല്ലായിടത്തും നിർബാധം ഭ്രമണം ചെയ്തുകൊ് സുഖമായിരിക്കുകയും ചെയ്യുന്നു.

## പ്രാണാനുഗ്രഹസ്ഥല വർണ്ണന

**ശിവസ്യ പരകായസ്യ യത് താത്പര്യാവലോകനം**
**തത്പ്രാണാനുഗ്രഹ: പ്രോക്ത: സർവേഷാം തത്ത്വദർശിഭി: 24**

**24.** പരകായനും, ഇന്ദ്രിയാനുഗ്രഹ സമ്പന്നനും ശിവനുമായ ശിവയോഗി പ്രാണവായുവിനെ നിരോധിക്കുന്നതിനെ തത്വദൃഷ്ടാക്കളായ മനീഷിമാർ മുഖേന പ്രാണാനുഗ്രഹം ചെയ്യുന്നുവെന്ന്

പറയുന്നു.

**പ്രാണോ യസ്യ ലയം യാതി ശിവേ പരമകാരണേ**
**കുതസ്തസ്യേന്ദ്രിയസ്ഫുർത്തി: കുത: സംസാരദർശനം 25**

**25.** ശിവയോഗിയുടെ പ്രാണൻ പരമകാരണനും, പഞ്ചകാരണങ്ങളായ ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ, സദാശിവൻ എന്നീ ദേവതകൾക്ക് കാരണഭൂതനുമായ പരമശിവനിൽ ലീനമായിരിക്കുന്നുവെങ്കിൽ പിന്നെ അയാളുടെ ഇന്ദ്രിയവിഷയപരങ്ങളായ വ്യാപാരങ്ങളും പ്രപഞ്ചദർശനങ്ങളുമെവിടെ?

**കരണേഷു നിവൃത്തേഷു സ്വാർത്ഥസംഗാത് പ്രയത്നത:**
**തൈ: സമം പ്രാണമാരോപ്യ സ്വാന്തേ ശാന്തമതി: സ്വയം 26**

**26.** കുംഭാദികൾ മുഖേന ഇന്ദ്രിയവിഷയങ്ങളെ അതാതിന്റെ വിഷയങ്ങളാൽ നിവർത്തിക്കുമ്പോൾ അതിനോടുകൂടി പ്രാണനെയും ഐകരൂപ്യമാക്കിയിട്ട് ശിവയോഗി സ്വയം ശാന്തനായിത്തീരുന്നു.

**ശാന്തത്വാത് പ്രാണവൃത്തീനാം മന:ശാമ്യതി വൃത്തഭി:**
**തച്ഛാന്തൗ യോഗിനാം കിഞ്ചിച്ഛിവാദന്യത്ര ദൃശ്യതേ 27**

**27.** ശ്വാസോച്ഛ്വാസം പോലുള്ള പ്രാണപ്രവൃത്തികൾ ശാന്തമാകുമ്പോൾ മനസ്സും അതോടൊപ്പം ശാന്തമായിത്തീരുന്നു. മനശാന്തിയുാകുമ്പോൾ ശിവനെയല്ലാതെ മറ്റൊന്നും ശിവയോഗികൾക്ക് കാണാൻ സാധിക്കുകയില്ല.

**പ്രാണ ഏവ മനുഷ്യാണാം ദേഹധാരണകാരണം**
**തദാധാര: ശിവ: പ്രോക്ത: സർവ്വകാരണകാരണം 28**

**28.** പ്രാണൻ മനുഷ്യരുടെ ശരീരധാരണത്തിലുള്ള കാരണമാണെന്നും സമസ്തകാരണങ്ങളുടേയും കാരണസ്വരൂപനായ ഭഗവാൻ ശിവശങ്കരൻ പ്രാണനു കാരണമെന്നും പറഞ്ഞിരിക്കുന്നു.

**നിരാധാര: ശിവ: സാക്ഷാത്: പ്രാണസ്തേന പ്രതിഷ്ഠിത:**
**തദാധാരാ ധനുർജ്ജ്യേയാ: ജീവോ യേനൈവ ചേഷ്ടതേ 29**

**29.** ഭഗവാൻ പരമശിവൻ നിരാധാരനാണ്. ആത്മാവ് അതിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ശരീരത്തിൽ പ്രാണ ന് ആധാരമായിട്ടുള്ളത് ശിവനാണെന്നു മനസ്സിലാക്കണം. ഈ പ്രാണൻ മുഖേന







നാം പ്രവൃത്തികൾ ചെയ്യുന്നു.

**ശിവേ പ്രാണോ വിലീനോപി യോഗിനോ യോഗമാർഗത**
**സ്വശക്തിവാസനായോഗാത് ധാരയത്യേവ വിഗ്രഹം 30**

**30.** യോഗമാർഗ്ഗത്തിൽക്കൂടി ശിവയോഗിയുടെ പ്രാണൻ ശിവനിൽ ലയിക്കുമ്പോൾ തന്റെ ശക്തിയുടെ സംസ്കാ രബലം കൊു തന്നെ ശരീരധാരണവും സാധിക്കുന്നു.

**സ ചാഭ്യാസവശാദ് ഭൂയ: സർവതത്ത്വാതിവർതിനി**
**നിഷ്കളങ്കേ നിരാകാരേ നിരസ്താശേഷവിക്ലവേ 31**

**ചിദ്വിലാസപരിസ്ഫുർത്തിപരിപൂർണ്ണസുഖാഹ്വയേ**
**ശിവേ വിലീന: സർവത്മാ യോഗീ ചലതി ന ക്വചിത് 32**

**31/32.** ആ പ്രാണവായു വീും ആവർത്തിക്കുന്നതിലൂടെ സർവ്വതത്വാതിശായിയും, നിഷ്കളങ്കനും, നിരാകാരനും സകല ബാധകളേയും ഇല്ലാതാക്കുന്നവനും ചിത്ശക്തിയുടെ വികാസ പരിസ്ഫുരണം കൊ് പരിപൂർണ്ണനും, ആനന്ദ രൂപനും, അദ്വിതീയനുമായ പരമശിവനിൽ ലീനനായിത്തീരുന്നു. അങ്ങനെ സർവ്വാത്മാവായ ശിവയോഗി എവിടെയും പോകാതെ സ്ഥിരമായിരുന്ന് സർവ്വവ്യാപിയായിത്തീരുന്നു.

**പ്രധ്വസ്തവാസനാസംഗാത് പ്രാണവൃത്തി പരിക്ഷയാത്**
**ശിവൈകീഭൂതസർവ്വാത്മാ സ്ഥാണുവദ് ഭാതി സംയമീ 33**

**33.** വിഷയവാസനകളുടെ ആസക്തിയില്ലാത്തതുകൊും, പ്രാണപ്രവൃത്തിയുടെ വിരാമമായതുകൊും ശിവനോടുകൂടി ഐക്യപ്പെട്ടവനും സർവ്വാത്മാവുമായ ശിവയോഗി സ്ഥാണുവിനെപ്പോലെ നിശ്ചലനായി തോന്നിക്കുന്നു.

## കായാർപ്പിത സ്ഥല വർണ്ണന

**ശിവസ്യ പരരൂപസ്യ സർവാനുഗ്രഹിണോർ%ച്ചനേ**
**ത്യാഗോ ദേഹാഭിമാനസ്യ കായാർപിതമുദാഹൃതം 34**

**34.** സർവ്വരുടേയും മേൽ അനുഗ്രഹം ചൊരിയുന്നവനും, പരാല്പരനും പരബ്രഹ്മശരീരത്തോടുകൂടിയവനും, പ്രാണാനുഗ്രഹ

ക്കുന്നു. അയാൾ സർവ്വവും ശിവനെന്നു കണക്കാക്കുന്നു. വാസ്തവത്തിൽ അയാൾ ശിവനായിത്തീരുന്നു.

**മിഥ്യേതി ഭാവയൻ വിശ്വം വിശ്വാതീതം ശിവം സ്മരൻ**
**സത്താനന്ദചിദാകാരം കഥം ബദ്ധുമിഹാർഹതി 55**

**55.** പ്രപഞ്ചത്തെ മിഥ്യയായും ശിവനെ അതിലുപരിയായ സച്ചിദാനന്ദ സ്വരൂപമായും കാണുന്നവന് മായ മുതലായ പാശബന്ധനങ്ങളിലെങ്ങനെ അകപ്പെടുവാനാകും?

**സർവം കർമാർച്ചനം ശംഭോർവചനം തസ്യ കീർതനം**
**ഇതി ഭാവയതോ നിത്യം കഥം സ്യാത് കർമബന്ധനം 56**

**56.** കർമ്മങ്ങളെല്ലാം ശിവപൂജയും, വചനങ്ങളെല്ലാം ശിവനാമസങ്കീർത്തനങ്ങളുമായി ധ്യാനം ചെയ്യുന്നവർക്ക് കർമ്മപാശ ബന്ധനങ്ങൾ എങ്ങനെയു ാകും?

**സർവ്വേന്ദ്രിയഗതം സൗഖ്യം ദുഃഖം വാ കർമസംഭവം**
**ശിവാർത്ഥം ഭാവയൻ യോഗീ ജീവന്മുക്തോ ഭവിഷ്യതി 57**

**57.** സർവ്വഇന്ദ്രിയങ്ങളാലും ഭോഗം ചെയ്യുന്നവന് കർമ്മംമൂലം സഖദുഃഖങ്ങളുാകുന്നു. സകല ദുഃഖങ്ങളെയും ശിവലിംഗത്തിൽ അർപ്പിക്കുന്നവനായ ശിവയോഗി ജീവന്മുക്തൻ ആയിത്തീരുന്നു.

## ശിഷ്യസ്ഥല വർണ്ണന

**ശാസനീയോ ഭവേദ്യസ്തു പരകായേന സർവദാ**
**തത്പ്രസാദാത്തു മോക്ഷാർത്ഥീ സ ശിഷ്യ ഇതി കീർതിത: 58**

**58.** പരബ്രഹ്മശരീരിയും, പരകായനുമായ ശിവയോഗി മുഖേന സദാ ഭരണനേതൃത്വത്തിനു യോഗ്യനും അദ്ദേഹത്തിന്റെ കൃപയാൽ മോക്ഷമാഗ്രഹിക്കുകയും ചെയ്യുന്നവനെ ശിഷ്യൻ എന്നു പറയുന്നു.

**ഭാവോ യസ്യ സ്ഥിരോ നിത്യം മനോവാക് കായ കർമർഭി:**
**ഗുരൗ നിജേ ഗുണോദാരേ സ ശിഷ്യ ഇതി ഗീയതേ 59**

**59.** ജ്ഞാനം, വിരാഗത മുതലായവയാലുായ ശിവസങ്കല്പം കൊ് തന്റെ സർവ്വ ഗുണങ്ങൾക്കും കാരണഭൂതനായ ഗുരുവിൽ മനസ്സ്, വാക്ക്, കർമ്മം എന്നിവ എപ്പോഴും സ്ഥിരമായിരിക്കുന്നു.





**യദ്യത്കരണമാലംബ്യ ഭുങ്ക്തേ വിഷയജം സുഖം**
**തത്തച്ഛിവേ സമർപ്യൈഷ കരണാർപക ഉച്യതേ 40**

**40.** ഏതേത് ഇന്ദ്രിയങ്ങളെ അധികരിച്ചാണോ വിഷയസുഖങ്ങളനുഭവിക്കുന്നത്, അതാത് ഇന്ദ്രിയങ്ങളെ ശിവനു സമർപ്പിക്കുന്നവനെ കരണാർപ്പകൻ എന്നു വിളിക്കുന്നു.

**അഹങ്കാരമദോദ്രിക്തമന്ത: കരണവാരണം**
**ബധ്നിയാദ് യം ശിവാലാനേ സ ധീര: സർവസിദ്ധിമാൻ 41**

**41.** അഹങ്കാരമാകുന്ന മദത്താൽ മത്തു പിടിച്ച മനസ്സാകുന്ന ആനയെ ശിവനാകുന്ന ചങ്ങലയിൽ ബന്ധിക്കുന്ന ധീരനായ പുരുഷന് സർവ്വ സിദ്ധികളും ലഭിക്കുന്നു. സർവ്വ സിദ്ധികളുടേയും സ്വാമിയായ ശിവയോഗിയെ ധീരൻ എന്നു വിളിക്കുന്നു.

**ഇന്ദ്രിയാണാം സമസ്താനാം മന: പ്രഥമമുച്യതേ**
**വശീകൃതേ ശിവേ തസ്മിൻ കിമന്യൈസ്തദ്വശാനുഗൈ: 42**

**42.** സർവ്വ ഇന്ദ്രിയങ്ങളിലും വെച്ച് മനസ്സാണ് പ്രാധാനമെന്ന് പറയുന്നു. അതു ശിവനിൽ ലയിക്കുമ്പോൾ മറ്റ് ഇന്ദ്രിയങ്ങൾക്കെന്തു പ്രസക്തി? അവയെല്ലാം സ്വയമേവ ശിവനിലായിത്തീരുന്നു.

**ഇന്ദ്രിയാണാം വശീകാരോ നിവൃത്തിരിതി ഗീയതേ**
**ലക്ഷീകൃതേ ശിവേ തേഷാം കൃത: സംസാരഗാഹനം 43**

**43.** ഇന്ദ്രിയങ്ങൾ അധിനതയിലാകുക എന്നതിന് നിവൃത്തി എന്നു പറയുന്നു. ഭഗവാൻ ശിവനു സമർപ്പിച്ചു കഴി ഞ്ഞ ഇന്ദ്രിയങ്ങൾ ലൌകിക വിഷയങ്ങളിൽ മുങ്ങുന്നതെങ്ങനെ? ശിവാർപ്പിതമാകുമ്പോൾ അവയും ശിവമയം തന്നെയാകുന്നു.

**സംസാരവിഷകാന്താരസമുച്ഛേദകുഠാരിക**
**ഉപശാന്തിർഭവേത് പുംസാമിന്ദ്രിയാണാം വശീകതൌ 44**

**44.** മനുഷ്യരുടെ ഇന്ദ്രിയങ്ങളെ വശത്താക്കുമ്പോൾ അവരിലെ ലൌകിക വിഷയങ്ങളാകുന്ന വിഷവൃക്ഷങ്ങൾ നിറഞ്ഞ വനം വെട്ടിമാറ്റുന്നതിന് ഉപശാന്തിയാകുന്ന കോടാലി ലഭ്യമാകുന്നു.

**ഇന്ദ്രിയൈരേവ ജായന്തേ പാപാനി സുകൃതാനി ച**
**തേഷാം സമർപണദിശേ കുത: കർമനിബന്ധനം 45**

**45.** ഇന്ദ്രിയങ്ങൾ മുഖേന പാപപുണ്യങ്ങൾ ഉാകുന്നു. അവ ഈശ്വരനു സമർപ്പിക്കുമ്പോൾ കർമ്മബന്ധനമെവിടെ? ഇപ്രകാരമുള്ള അവസ്ഥയിൽ അവ മുഖേന ചെയ്തുപോയ കർമ്മങ്ങളുടെ ഉത്തരവാദിത്വം ശിവന്റേതായിത്തീരുന്നു.

**പ്രകാശമാനേ ചിദ്വഹ്നൗ ബഹിരന്തർജഗന്മയേ**
**സമർപ്യ വിഷയാൻ സർവാൻ മുക്തവജ്ജായതേ ജന: 46**

**46.** പ്രപഞ്ചത്തിനുള്ളിലും പുറത്തും പ്രകാശിക്കുന്നതും ചിദാഗ്നിരൂപവുമായ ശിവലിംഗത്തിൽ സർവ്വ ഇന്ദ്രിയങ്ങളെയും സമർപ്പിച്ചശേഷം മനുഷ്യൻ ജീവന്മുക്തനു സമാനമായിത്തീരുന്നു.

**ചിത്തദ്രവ്യം സമാദായ ജഗജ്ജാതം മഹാഹവി:**
**ചിദ്വഹ്നൗ ജുഹ്വതാമന്ത: കൃത: സംസാരവിപ്ലവ:**
**47**

**47.** പഞ്ചതന്മാത്രാത്മകമായ പ്രപഞ്ചത്തിൽ നടക്കുന്ന രൂപ, രസ, ഗന്ധ, ദർശന, സ്പർശനങ്ങളായ ഇന്ദ്രിയവിഷയവൃന്ദങ്ങളെയെല്ലാം മനസ്സാകുന്ന ഹോമദ്രവ്യത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ചൈതന്യമാകുന്ന അഗ്നിയിൽ ഹോമം ചെയ്യുന്നവനെ ഇന്ദ്രിയ വിഷയങ്ങൾ ബാധിക്കുകയില്ല.

**ആത്മജ്യോതിഷി ചിദ്രൂപേ പ്രാണവായുനിബോധിതേ**
**ജുഹ്വൻ സമസ്തവിഷയാൻ തന്മയോ ഭവതി ധ്രുവം 48**

**48.** പ്രാണവായുവിൽ നിന്നും ഉദ്ബോധിതമായ ചിദ്രൂപ ആത്മജ്യോതിസ്സിൽ-ശിവാഗ്നിയിൽ-സകല ഇന്ദ്രിയ വിഷയങ്ങളെയും ഹോമിക്കുന്നവൻ നിശ്ചിത സ്വരൂപത്തിൻ നിന്നും ഉയർന്ന് തന്മയവും ചിന്മയവുമായ ശിവസ്വരൂപമായിത്തീരുന്നു.

**ഇന്ദ്രിയാണി സമസ്താനി ശരീരം ഭോഗസാധനം**
**ശിവപൂജാംഗഭാവേന ഭാവയൻ മുക്തിമാപ്നുയാത് 49**

**49.** സകല ഇന്ദ്രിയങ്ങളും ഭോഗസാധനമായ ശരീരത്തിന്റെ രൂപത്തിൽ ശിവപൂജയുടെ ഭാഗമായി സങ്കല്പിക്കുന്നവൻ മോക്ഷം പ്രാപിക്കുന്നു.

## ഭാവാർപ്പിത സ്ഥല വർണ്ണന





**ശിവേ നിശ്ചലഭാവേന ഭാവാനാം യത്സമർപണം**
**ഭാവാർപിതമിദം പ്രോക്തം ശിവസദ്ഭാവവേദിഭി: 50**

**50.** ശിവലിംഗ(വിഷയ)ത്തിൽ ദൃഢ വിശ്വാസത്തോടുകൂടി ശിവഭാവങ്ങളെ സമർപ്പിക്കുന്നതിനെ പണ്ഡിതന്മാർ ഭാവാർപ്പിതം എന്നു പറയുന്നു.

**ചിത്തസ്ഥസകലാർത്ഥാനാം മനനം യത്തു മാനസേ**
**തദർപണം ശിവേ സാക്ഷാന്മാനസോ ഭാവ ഉച്യതേ 51**

**51.** മനസ്സിൽ സ്ഥിതി ചെയ്തിരിക്കുന്ന സകളങ്ങളായ വിഷയങ്ങളിൽ ധ്യാനിക്കുന്നുവെങ്കിൽ അത് ശിവനിലുള്ള അവന്റെ സാക്ഷാൽ അർപ്പണ മാനസ്സ ഭാവമെന്നു പറയുന്നു.

**ഭാവ ഏവ ഹി ജന്തൂനാം കാരണം ബന്ധമോക്ഷയോ:**
**ഭാവ ശുദ്ധൌ ഭവേന്മുക്തിർവിപരീതേ തു സംസൃതി**
**52**

**52.** ശിവഭാവം തന്നെ മനുഷ്യരുടെ പാശബന്ധനത്തിനും മോചനത്തിനും കാരണമാകുന്നു. ഭാവശുദ്ധിയുാകുമ്പോൾ മുക്തിയും (ശിവാർപ്പണത്തിൽ) വിപരീത സ്ഥിതിയിലുള്ള അശുദ്ധിയുാകുമ്പോൾ ലൗകിക വിഷയങ്ങളാൽ ബന്ധനവും ഉാകുന്നു.

**ഭാവസ്യ ശുദ്ധിരാഖ്യാതാ ശിവോഽഹമിതി യോജനാ**
**വിപരീത സമായോഗേ കുതോ ദുഃഖനിവർതനം 53**

**53.** ഞാൻ ശിവനാകുന്നു എന്ന ശിവസംബന്ധമായ സങ്കല്പത്തെ ഭാവശുദ്ധി എന്നു പറയുന്നു. ഞാൻ ശിവനിൽ നിന്നും ഭിന്നനാണ്, ഈ പ്രപഞ്ചവും ശിവനും എന്നിൽ നിന്നും വേറെയാണ് എന്നിങ്ങനെയുള്ള വിപരീത ചിന്തയുാകുമ്പോൾ ദുഃഖമെങ്ങനെ മാറ്റാൻ കഴിയും?

**ഭോക്താ ഭോഗ്യം ഭോജയിതാ സർവമേതച്ചരാചരം**
**ഭാവയൻ ശിവരൂപേണ ശിവോ ഭവതി വസ്തുത:**
**54**

**54.** ഭോക്താവ് ജീവനും ഭോഗയോഗ്യമായ വസ്തു ഭോജ്യവും, ഇന്ദ്രിയ വിഷയങ്ങൾ ഭോജയിതാവുമാകുന്ന സർവ്വ ചരാചരങ്ങളെയും വീരശൈവൻ (ശിവയോഗി) ശിവസ്വരൂപത്തിൽ സങ്കല്പി

പ്പിക്കുന്ന ഉപദേശങ്ങൾ കേൾക്കുക.

**കിം തത്വം പരമം ജ്ഞേയം കേന സർവ്വേം പ്രതിഷ്ഠിതാ:**
**കസ്യ സാക്ഷാത്ക്രിയാ മുക്തി: കഥയേതി സമാസത:**
**74**

**74.** അല്ലയോ ഗുരുദേവാ! ആരുടെ ഉപദേശമാണ് അതിശ്രേഷ്ഠ വും, പരമവും, ജ്ഞേയവുമായിട്ടുള്ളത്? ആരു മൂലമാണ് സർവ്വച രാചരങ്ങളും സ്ഥിതി ചെയ്യുന്നത്? ആരെക്കൊുള്ള സാക്ഷാ ത്കാരത്തെയാണ് മുക്തി (മോക്ഷം)എന്നു പറയുന്നത്? ഇവയെ ല്ലാംചുരുക്കത്തിൽ വ്യക്തമായി അവിടുന്നു പറഞ്ഞു തന്നാലും എന്നു ശിഷ്യൻ ഗുരുവിനോടു ചോദിക്കുന്നു.

**ഇതി പ്രശ്നേ കൃതേ പൂർവം ശിഷ്യേണ നിയതാത്മനാ**
**ബ്രുയാത് തത്ത്വം ഗുരുസ്തസ്മൈ**
**യേന സ്യാത് സംസൃതേർലയ:**
**75**

**75.** നിയതാത്മാവും ഏകാഗ്രചിത്തനുമായ ശിഷ്യന്റെ ഇപ്രകാര മുള്ള ചോദ്യങ്ങൾക്ക് ആ ഗുരു ശിവതത്വങ്ങൾ ഉപദേശിച്ച് അവ നിൻ നിന്നും ലൌകിക വിഷയങ്ങളുടെ ബന്ധനത്തെ വിടുവിക്കു ന്നു. (ഇല്ലാതാക്കുന്നു.)

**ശിവ ഏവ പരം തത്ത്വം ചിദാനന്ദസദാകൃതി:**
**യഥാർത്ഥസ്തദന്യസ്യ ജഗതോ നാസ്തി നിത്യതാ**
**76**

**76.** പിന്നീട് ഗുരു പറഞ്ഞു-
സച്ചിദാനന്ദ സ്വരൂപനായ പരമശിവൻ തന്നെ പരമവും, അന്തിമ വും, ശ്രേഷ്ഠവുമായ തത്വമാകുന്നു. അതു യഥാർത്ഥമാകുന്നു. അതിൽ നിന്നും വേറിട്ടൊരു ലോകം നിത്യമല്ലാത്തതാകുന്നു.

**അയഥാർത്ഥപ്രപഞ്ചോ⸗യം പ്രതിഷ്ഠതി ശങ്കരേ**
**സദാത്മനി യഥാ ശുക്തൌ രജതത്വം വ്യവസ്ഥിതം 77**

**77.** മുത്തിൽ വെണ്മ സ്ഥിതി ചെയ്യുന്നതുപോലെ ഈ മിഥ്യാ പ്രപഞ്ചം സത്സ്വരൂപനായ പരമശിവനിൽ സ്ഥിതി ചെയ്യുന്നു.







ഇപ്രകാരം ഗുരുവിനെ സദാ ഭക്തി ഭാവനാ പൂർണ്ണനാകുന്നവനെ ശിഷ്യൻ എന്നു വിളിക്കപ്പെടുന്നു.

**ശാന്തോ ദാന്തസ്തപശ്ശീല: സത്യവാക് സമദർശന:**
**ഗുരൗ ശിവേ സമാനസ്ഥ: സ ശിഷ്യാണമിഹോത്തമ: 60**

**60.** മനസ്സിനെ നിയന്ത്രിക്കുന്നവനും (ശാന്തൻ) ബാഹ്യേന്ദ്രിയ ങ്ങളെ അധീനതയിലാക്കിയവനും (ദാന്തം) യമനിയമാദി അഷ്ടാം ഗയോഗാംഗങ്ങൾ പഠിച്ചവനും (തപസ്വി) സദാ സത്യം മാത്രം പറയുന്നവനും സമദർശിയുമായ ഗുരുവിനെയും ശിഷ്യനേയും ഒരുപോലെ കാണുന്നവനെ ഈ ലോകത്തിൽ ശിഷ്യോത്തമൻ എന്നു പറയുന്നു.

**ഗുരുമേവശിവം പശ്യേച്ഛിവമേവ ഗുരും തദാ**
**നേതയോരന്തരം കിഞ്ചിദ്വിജാനീയാദ്വിചക്ഷണ: 61**

**61.** ബുദ്ധിമാനായ ശിഷ്യൻ ഗുരുവിനെ ശിവസ്വരൂപത്തിലും ശിവനെ ഗുരുസ്വരൂപത്തിലും കാണണം. ഇവ രും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നു മനസ്സിലാക്കുക.

**ശിവാചാരേ ശിവധ്യാനേ ശിവജ്ഞാനേ ച നിർമ്മലേ**
**ഗുരോരാദേശമാത്രേണ പരാം നിഷ്ഠാമവാപ്നുയാത് 62**

**62.** മേല്പറഞ്ഞ ഗുണങ്ങളാൽ യോഗ്യനായ ശിഷ്യൻ ശിവാ ചാരം, ശിവധ്യാനം, നിർമ്മലമായ ശിവജ്ഞാനം എന്നിവകളിൽ ഗുരുപദേശത്താൽ ശ്രേഷ്ഠമായ ഭക്തി യും വിശ്വാസവും ലഭ്യമാ ക്കുന്നു.

**ബ്രഹ്മാണ്ഡ ബുദ്ബുദോദ്ഭൂതം മായാസിന്ധും മഹത്തരം**
**ഗുരോ: കവലയത്യാശു കടാക്ഷവടവാനല: 63**

**63.** ഗുരുവിന്റെ കൃപാകടാക്ഷമാകുന്ന വടവാഗ്നി ബ്ര ഹ്മണ്ഡ മാകുന്ന കുമിളകളിൽ നിന്നും ഉാകുന്ന വിശാലമായ മായാസ മുദ്രത്തെ വേഗത്തിൽ വിഴുങ്ങുന്നു.

**ഗുരോ കടാക്ഷവേധേന ശിവോ ഭവതി മാനവ:**
**രസവേധാദ് യഥാ ലോഹോ ഹേമതാം പ്രതിപദ്യതേ**
**64**

**64.** രസം (പൊൻകാരം) ലോഹത്തിൽ ചേർത്ത് ഉരുക്കുമ്പോൾ അതു സ്വർണ്ണം(ആഭരണ)മായിത്തീരുന്നതുപോലെ ഗുരുവിന്റെ കടാക്ഷശരങ്ങളാൽ മനുഷ്യൻ ശിവനായിത്തീരുന്നു.

**ന ലംഘയേദ് ഗുരോരാജ്ഞാം ജ്ഞാനമേവ പ്രകാശയൻ**
**ശിവാസക്തേന മനസാ സർവസിദ്ധിമവാപ്നുയാത്**
**65**

**65.** ഗുരുവിന്റെ ആജ്ഞ ലംഘിക്കാതിരിക്കണമെന്ന് മനസ്സിലുറച്ച് ആജ്ഞാധാരകനായ ശിഷ്യൻ ശിവനിൽ സ്വയം ലീനമായ മനസ്സുകൊ് ശിവാദ്വൈതജ്ഞാനം സ്വീകരിക്കുകയും സകല സിദ്ധികളെയും ലഭ്യമാക്കുകയും ചെയ്യുന്നു.

**ശിവാദന്യജ്ജഗന്മിഥ്യാ ശിവ: സംവിത്സ്വരൂപക:**
**ശിവസ്ത്വമിതി നിർദ്ദിഷ്ടോ ഗുരുണാ മുക്ത ഏവ സ: 66**

**66.** ഭഗവാൻ ശിവശങ്കരനിൽ നിന്നും വിഭിന്നമായൊരു ലോകം മിഥ്യയാകുന്നു. ശിവൻ സംവിത്സ്വരൂപമാകുന്നു. നിങ്ങളും ശിവൻ തന്നെയാകുന്നു എങ്കിൽ മേല്പറഞ്ഞ പ്രകാരമുള്ള ഗുരു മുഖേന നിർദ്ദിഷ്ട സാധകൻ (ശിവയോഗി) മുക്തനായിത്തീരുന്നു.

**ഗുരോർ ലബ്ധ്വാ മഹാജ്ഞാനം സംസാരമയഭേഷജം**
**മോദതേ യ: സുഖീ ശാന്ത: സ ജീവന്മുക്ത ഏവ ഹി**
**67**

**67.** ലൗകിക വിഷയപരമായ രോഗത്തിന് മഹൗഷധത്തിന്റെ രൂപത്തിൽ ഗുരുവിൽ നിന്നും മഹാ ശിവജ്ഞാനം ലഭ്യമാക്കുന്നവൻ സുഖിമാനും ശാന്തനും, ജീവന്മുക്തനുമായിത്തീരുന്നു.

## ശുശ്രൂഷു സ്ഥല വർണ്ണന

**ബോദ്ധ്യമാന: സ ഗുരുണാ പരകായേന സർവദാ**
**തച്ഛുശ്രൂഷാരത: ശിഷ്യ: ശുശ്രൂഷുരതി കീർത്യതേ 68**

**68.** പരകായനായ ഗുരു മുഖേന സദാ ഉപദേശം സ്വീകരിച്ച്, അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ മുഴുകിയിരിക്കുന്ന ശിഷ്യനെ ശുശ്രൂഷു എന്നു പപറയുന്നു.







**കിം സത്യം കിം ന വാ സത്യം ക ആത്മാ ക: പര: ശിവ**
**ഇതി ശ്രവണസംസക്തോ ഗുരോ : ശിഷ്യോ വിശിഷ്യതേ**
**69**

**69.** വെറും ശുശ്രൂഷ മാത്രം ചെയ്യുന്ന ശിഷ്യനെ അപേക്ഷിച്ച് എന്താണു സത്യം? എന്താണുസത്യം? ആരാണാത്മാവ്? എന്താണ് പരശിവം? ഇത്യാദി ഉപദേശങ്ങൾ ഗുരുവിൽ നിന്നും ഗ്രഹിക്കുന്നതിൽ വ്യാപൃതനായിരിക്കുന്ന ശിഷ്യൻ വിശേഷപ്പെട്ട കൃപയ്ക്കു പാത്രമാകുന്നു.

**ശ്രുത്വാ ശ്രുത്വാ ഗുരോർവാക്യം ശിവസാക്ഷാത് ക്രിയാവഹം**
**ഉപശാമതി യ: സ്വാന്തേ സ മുക്തിപദമാപ്നുയാത് 70**

**70.** ശിവസാക്ഷാത്കാരം ചെയ്യുന്ന ഗുരുവാക്യങ്ങൾ കേട്ട് കേട്ട് ശിഷ്യന് തന്റെ മനസ്സിന് ലഭിക്കുന്ന ശാന്തിയിൽ കൂടി മുക്തിപദം പ്രാപ്തമാകുന്നു.

**ന ബുദ്ധ്യതി ഗുരോർവാക്യം വിനാ ശിഷ്യസ്യ മാനസം**
**തേജോ വിനാ സഹസ്രാംശോ: കഥം സ്ഫുരതി പങ്കജം**
**71**

**71.** ഗുരുവിന്റെ ഉപദേശം കൂടാതെ ശിഷ്യൻ പ്രബുദ്ധനാകുന്നില്ല. സൂര്യന്റെ പ്രകാശം കൂടാതെ താമരയെങ്ങനെ വിടരും?

**സൂര്യോദയമാത്രേണ സൂര്യകാന്ത: പ്രകാശതേ**
**ഗുരോരീലോകമാത്രേണ ശിഷ്യോ ബോധേന ഭാസതേ 72**

**72.** സൂര്യകാന്തമണി (രത്നം) സൂര്യോദയത്താൽ പ്രകാ ശിക്കുന്നതുപോലെ തന്നെ ഗുരുപദേശമാകുന്ന പ്രകാശകിരണത്താൽ ശിഷ്യൻ ശിവജ്ഞാനം മൂലം തിളങ്ങിക്കൊിരിക്കുന്നു.

**അദ്വൈതപരമാനന്ദപ്രബോധൈകപ്രകാശകം**
**ഉപായം ശ്രുണുയാച്ഛിഷ്യ: സദ്ഗുരും പ്രാപ്യ സാഞ്ജലി**
**73**

**73.** ഉത്തമനായ ഗുരുവിനെ ദർശിച്ച് ശിഷ്യൻ അദ്ദേഹത്തിന്റെ മുൻപിൽ ഭക്ത്യാദരവോടുകൂടി വിനയാന്വിതനായി കൈകൂപ്പി നിന്ന് അദ്വൈതമാകുന്ന പരമാനന്ദ ജ്ഞാനത്തെ മാത്രം പ്രകാശി

## അദ്ധ്യായം 18

## പ്രാണലിംഗിസ്ഥല വർണ്ണന

അഗസ്ത്യ മഹർഷി പറഞ്ഞു.-

**പ്രസാദിസ്ഥലസംബദ്ധാ: സ്ഥലഭേദാ: പ്രകീർതിതാ:**
**പ്രാണലിംഗിസ്ഥലാരൂഢാൻ സ്ഥലഭേദാൻ വദസ്വ മേ. 1**

**1.** അല്ലയോ ആചാര്യരേ! അവിടുന്ന് പ്രസാദി സ്ഥല ത്തെ സംബ ന്ധിക്കുന്ന സ്ഥലഭേദങ്ങളെക്കുറിച്ച് പറഞ്ഞു കഴിഞ്ഞു. ഇനി പ്രാണ ലിംഗിസ്ഥലത്തിലടങ്ങിയിരിക്കുന്ന സ്ഥലഭേദങ്ങളെക്കുറിച്ച് എനിക്കു പറഞ്ഞുതന്നാലും.

**ശ്രീ രേണുകാചാര്യർ പറഞ്ഞു.**

**സ്ഥലാനാം നവകം പ്രോക്തം പ്രാണലിംഗിസ്ഥലാശ്രിതം**
**ആദാവാത്മസ്ഥലം പ്രോക്തമന്തരാത്മസ്ഥലം തത: 2**
**പരമാത്മസ്ഥലം പശ്ചാന്നിർദ്ദേഹാഗമസംജ്ഞകം**
**നിർഭാവാഗമസംജ്ഞം ച തതോ നഷ്ടാഗമസ്ഥലം 3**
**ആദിപ്രസാദനാമാഥ തതോഽപ്യന്ത്യപ്രസാദകം**
**സേവ്യപ്രസാദകം ചാഥ ശ്രുണു തേഷാം ച ലക്ഷണം. 4**

**2/3/4.** പ്രാണലിംഗി സ്ഥലത്തിൽ 9 സ്ഥലഭേദങ്ങളു് (1) ആത്മ സ്ഥലം; (2) അന്തരാത്മസ്ഥലം; (3) നിർദ്ദേഹാഗമ സ്ഥലം; (4) നിർഭാവാഗമ സ്ഥലം; (5) പരമാത്മ സ്ഥലം; (6) അന്ത്യ പ്രസാദി സ്ഥലം; (7) നഷ്ടാഗമ സ്ഥലം; (8) ആദി പ്രസാദി സ്ഥലം; (9) സേവ്യ പ്രസാദി സ്ഥലം എന്നിവയാകുന്നു. ഇനി ഇതിന്റെ ലക്ഷ ണങ്ങൾ പറയുന്നത് കേൾക്കുക

## ആത്മസ്ഥല വർണ്ണന

**ജീവഭാവം പരിത്യാജ്യ യദാ തത്ത്വം വിഭാവ്യതേ**
**ഗുരോശ്ച ബോധയോഗേന തദാത്മായം പ്രകീർതിത: 5**

**5.** സേവ്യ സ്ഥലത്തിൽ ഗുരുമുഖേന പ്രവർത്തിച്ച ബോധ







**ശിവോഽഹമിതി ഭാവേന ശിവേ സാക്ഷാത്കൃതേ സ്ഥിരം**
**മുക്തോ ഭവതി സംസാരാന്മോഹഗ്രന്ഥേർവിഭേദത: 78**

**78.** ഞാൻ ശിവനാകുന്നു എന്ന ഭാവത്താൽ ശിവ സാക്ഷാത്കാര മുാകുമ്പോൾ ഇന്ദ്രിയ വിഷയങ്ങളാകുന്ന മോഹഗ്രന്ഥികളെ ഭേദി ക്കുന്നതിനാൽ ശിവയോഗി നിശ്ചിത രൂപമായ സച്ചിദാനന്ദ സ്വരൂപ ത്താൽ മുക്തനായിത്തീരുന്നു.

**ശിവം ഭാവയ ചാത്മാനം ശിവാദന്യം ന ചിന്തയ:**
**ഏവം സ്ഥിരേ ശിവാദ്വൈതേ ജീവന്മുക്തോ ഭവിഷ്യസി 79**

**79.** തന്നെത്തന്നെ ശിവനെന്നു കണക്കാക്കുക, ശിവനേക്കാൾ മറ്റൊന്നും തന്റെ ചിന്തയുടെ വിഷയമാകാതിരിക്കുക എന്നിങ്ങ നെയെല്ലാം ശിവാദ്വൈതത്തിൽ സ്ഥിരമായ ചിന്തകളുാകുമ്പോൾ ജീവന്മുക്തനായിത്തീരും:

**ഏവം പ്രചോദിത: ശിഷ്യോ ഗുരുണാ ഗുണശാലിനാ**
**ശിവമേവ ജഗത് പശ്യൻ ജീവന്മുക്തോഽഭിജായതേ 80**

**80.** സദ്ഗുണസമ്പന്നനായ ഗുരുവിൽ നിന്നും ലിംഗോപദേശം സ്വീകരിച്ച ശിഷ്യൻ ഇന്ദ്രിയവിഷയങ്ങൾ നിറ ഞ്ഞ ലൌകിക ജീവിതത്തെ (സംസാരം) ശിവ സ്വരൂപമായിക്ക് ജീവന്മുക്തനാ യിത്തീരുന്നു.

## സേവ്യസ്ഥല വർണ്ണന

**ഗുരുവാക്യാമൃതാസ്വാദാത് പ്രാപ്തബോധമഹാഫല:**
**ശുശ്രൂഷുരേവ സർവേഷാം സേവ്യത്വാത് സേവ്യ ഉച്യതേ 81**

**81.** ഗുരുവിന്റെ ലിംഗോപദേശമാകുന്ന അമൃതു ഗ്രഹിച്ച് ബോധ മാകുന്ന ശിവാദ്വൈത ജ്ഞാനമെന്ന മഹാഫലം തേടുന്ന ശുശ്രൂഷു തന്നെ സർവ്വരുടേയും സേവ്യനായതിനാൽ സവ്യൻ എന്നു പറയുന്നു.

**ഗുരുപദിഷ്ടേ വിജ്ഞാനേ ചേതസി സ്ഥിരതാം ഗതേ**
**സാക്ഷാത്കൃതശിവ: ശിഷ്യോ ഗുരുവത് പൂജ്യതേ സദാ 82**

**82.** ഗുരു മുഖേന ഉപദേശിക്കപ്പെട്ട വിശിഷ്ടമായ ശിവാദ്വൈ

തജ്ഞാനം മനസ്സിലുറയ്ക്കുമ്പോൾ ഭഗവാൻ ശിവനെ സാക്ഷാത്കരിക്കുന്ന ശിഷ്യൻ സദാ ഗുരുസമാനനായി പൂജിയ്ക്കപ്പെടുന്നു.

**ജ്ഞാനാദാധിക്യസമ്പത്തിർഗുരോരൃസ്മാദുപസ്ഥിതാ**
**തസ്മാജ്ജ്ഞാനാഗമാച്ഛിഷ്യോ ഗുരുവത് പൂജ്യതാം വ്രജേത്**
**83**

**83.** ശിഷ്യന്റെയുള്ളിൽ ഗുരുവിനെക്കാളുപരിയായ ജ്ഞാ നസമ്പത്ത് ഉപസ്ഥിതമാകുന്നതിനാൽ ആ ജ്ഞാനാഗമം കൊ് ശിഷ്യൻ ഗുരുസമാനം പൂജിതനായിരിക്കുന്നു.

**ശിവോƒഹമിതി ഭാവസ്യ നൈരന്തര്യാദ് വിശേഷത:**
**ശിവഭാവേ സമുത്പന്നേ ശിവവത് പൂജ്യ ഏവ സ: 84**

**84.** നിരന്തരം ഞാൻ ശിവനാകുന്നു എന്ന വിചാരം ഉാകുന്നതിനാൽ ശിഷ്യന്റെ ഹൃദയത്തിൽ ശിവഭാവം സവിശേഷമായ രൂപത്തിൽ ഉാകുന്നു അപ്പോൾ അയാൾ ശിവസമാനം പൂജ്യനായിത്തീരുന്നു.

**വിഷയാസക്തചിത്തോƒപി വിഷയസംഗവർജിത:**
**ശിവഭാവയുതോ യോഗീ സേവ്യ: ശിവ ഇവാപര: 85**

**85.** ഇപ്രകാരമുള്ള ശിഷ്യൻ ലൌകിക വിഷയങ്ങളിൽ ആസക്തിയുള്ള മനസ്സോടുകൂടിയവനായിരുന്നിട്ടും ലൌകിക വിഷയാസക്തി ഇല്ലാത്തവനായിത്തീരുന്നു. കാരണം ശരീരധർമ്മാനുസരണം അയാൾ ലൌകിക വിഷയങ്ങളെ സേവിക്കുന്നു. എന്നാൽ എവിടെയും ശിവദൃഷ്ടിയുള്ളതിനാൽ അയാൾ ഇന്ദ്രിയവിഷയങ്ങളുടെ ഉപയോഗജന്യമായ പുണ്യപാപങ്ങളിൽ മുങ്ങിപ്പോകുന്നില്ല. ശിവഭാവനയാൽ യോഗ്യനായ ശിവയോഗി മറ്റൊരു ശിവൻ എന്നതുപോലെ പൂജ്യനായിത്തീരുന്നു.

**മുക്ത സംശയപാശത: സ്ഥിരമനാ**
**ബോധേ ച മുക്തി പ്രദേ**
**മോഹം ദേഹഭൃതാം ദൃശാ വിഘടയൻ**
**മൂലം മഹസംസൃതേ:**







**സത്താനന്ദചിദാത്മകേ നിരൂപമേ**
**ശൈവേ പരസ്മിൻപദേ**
**ലീനാത്മാ ക്ഷയിതപ്രപഞ്ചവിഭവോ**
**യോഗീ ജനൈ: സേവ്യതേ 86**

**86.** സംശയമാകുന്ന പാശത്തിൽ നിന്നു മുക്തനായവനും മുക്തിപ്രദമായ ജ്ഞാനവിഷയത്തിൽ ദൃഢബുദ്ധിയുള്ളവനും, മഹാജഗത്തിനു മൂലകാരണരായ ദേഹധാരികളുടെ മോഹങ്ങളെ തന്റെ കൃപാകടാക്ഷത്താൽ ഇല്ലാതാക്കുന്നവനും സച്ചിദാനന്ദസ്വരൂപവും നിരുപമവുമായ ശിവപദത്തിൽ ലീനനും, ജഗദ്വ്യാപ്തി ഇല്ലാതാക്കുന്നനുമായ ശിവയോഗി ജനങ്ങളാൽ പൂജിക്കെപ്പെടുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ പ്രസാദിസ്ഥല വർണ്ണന എന്ന 17-ാമത്തെ അദ്ധ്യായം സമാപ്തം.**

ന്നു. ഈ ഘോരസംസാരത്തിൽ ഇവ അനവരതം കറങ്ങിക്കൊ ണ്ടേയിരിക്കുന്നു.

**ജീവത്വം ദു:ഖസർവ്വസ്വം തദിദം മലകല്പിതം**
**നിരസ്യതേ ഗുരോർബോധാത് ജ്ഞാനശക്തി: പ്രകാശതേ. 17**

**17.** ജനിക്കുക എന്നതുതന്നെ ദു:ഖ സർവ്വസ്വമാവുകയും, ജീവിത്വം മല കല്പിതമാവുകയും ചെയ്യുന്നു. ഗുരുവിനാൽ ഉപദിഷ്ടമായ ശിവജ്ഞാനത്താൽ ലഭ്യമായ ബോധംകൊണ്ട് മലങ്ങൾ ഇല്ലാതാവുകയും ജീവന് ജ്ഞാനശക്തി ലഭ്യമാവുകയും ചെയ്യുന്നു.

## അന്തരാത്മസ്ഥല വർണ്ണന

**യദാ നിരസ്തം ജീവത്വം ഭവേദ് ഗുർവനു ബോധത:**
**തദാന്തരാത്മഭാവോ$f$പി നിരസ്തസ്യ ഭവേദ് ധ്രുവം. 18**

**18.** ഗുരുവിൽ നിന്നും ലിംഗോപദേശം നേടിയ ഭക്തൻ തന്റെ ജീവഭാവം നിരസിക്കുന്നുവെങ്കിൽ അപ്പോൾ നിരസ്സിച്ച ജീവഭാവമുള്ള മനുഷ്യൻ നിശ്ചിത രൂപത്താൽ അന്തരാത്മ ഭാവമായിത്തീരുന്നു.

**ദേഹസ്ഥിതോപ്യ$f$യം ജീവോ ദേഹസംഗവിവർജിത:**
**ബോധാത് പരാത്മഭാവിത്വാദന്തരാത്മേതി കീർതിത: 19**

**19.** ശരീരത്തിനുള്ളിൽ സ്ഥിതി ചെയ്തുകൊണ്ടിരുന്നിട്ടും ജീവന് ശരീരത്തെക്കുറിച്ച് ആസക്തിയില്ലാതായിത്തീരുമ്പോൾ ശിവബോധം(ശിവജ്ഞാനം) കൊണ്ടും പരബ്രഹ്മഭാവം കൊണ്ടും യുക്തമായതിനാൽ അതിനെ അന്തരാത്മാവ് എന്നറിയപ്പെടുന്നു.

**ആത്മാന്തരാളവർതിത്വാജ്ജീവാത്മപരമാത്മനോ:**
**യോഗാദുഭയധർമാണാമന്തരാത്മേതി കീർതിത: 20**

**20.** ആത്മാവ് ജീവാത്മാവിന്റെയും പരമാത്മാവിന്റെയും ഇടയിലായതിനാൽ രണ്ടിന്റെയും ധർമ്മങ്ങളാൽ യോഗ്യമായതുകൊണ്ട് അന്തരാത്മാവ് എന്നുപറയുന്നു.

**അഹങ്കാരസ്യ സംബന്ധാത്മനുഷ്യത്വാദിവിഭ്രമ:**
**ന സ്വഭാവ ഇതി ജ്ഞാനാദന്തരാത്മേതി കഥ്യതേ.**





ത്താൽ ജീവഭാവം വെടിഞ്ഞ് ശിവതത്വത്തിന്റെ രൂപത്തിൽ അറിയുന്നതിനെ ആത്മാവ് എന്നുവിളിക്കുന്നു.

**വാലാഗ്രശതഭാവേന സദൃശോ ഹൃദയസ്ഥിത:**
**അനശ്നൻ കർമഫലം സർവമാത്മാ സ്ഫുരതി ദീപവത്. 6**

**6.** തലമുടി നാരിന്റെ അഗ്രഭാഗത്തിന്റെ നൂറിലൊരു ഭാഗത്തിനു സമമായി ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന കർമ്മഫലത്തെ ഭോഗം ചെയ്യാത്ത ആത്മാവ് ദീപം പോലെ പ്രകാശിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

**ആത്മാപി സർഭൂതാനാമന്ത:കാരണമാശ്രിത:**
**അണുഭേതോ മലാസംഗാദാദികർമ നിയന്ത്രിത: 7**

**7.** സകല ജീവികളുടെയും മനസ്സിലും ആത്മാവിലും സ്ഥിതമായിരിക്കുന്ന മലം (അഴുക്ക്) കൊണ്ട് ആസക്തമായതു കാരണം മുൻപ് ചെയ്തിട്ടുള്ള കർമ്മങ്ങളാൽ നിയന്ത്രിച്ചിരുന്ന (ജീവാണു) പഞ്ചഭൂതങ്ങളാലുള്ള സകല ആത്മാക്കൾക്കും ആശ്രയമായ പരമേശ്വരനും മലസംസർഗ്ഗത്താൽ അനാദിയായുള്ള കർമ്മവാസനയാൽ നിയന്ത്രിക്കപ്പെട്ട അണു രൂപത്തിൽ മനസ്സിൽ സ്ഥിതിചെയ്യുന്നു.

**ജപായോഗാദ്യഥാ രാഗ: സ്ഫടികസ്യ മണേർഭവേത്**
**തഥാ$f$ഹങ്കാര സംബന്ധാദാത്മനോ ദേഹമാനിതാ. 8**

**8.** ജപകുസുമമായ (ഗുഡഹലപുഷ്പം) ചെമ്പരത്തിയോടൊപ്പം സ്വച്ഛമായ സ്ഫടികമണി (രത്നം) കലർത്തുമ്പോൾ ചുവപ്പുനിറമായിത്തീരുന്നതുപോലെ ആത്മാവും അഹങ്കാര സംബന്ധമായ ശരീരം തന്നെ തന്റെ സ്വരൂപം എന്നു കണക്കാക്കി അഹങ്കരിക്കുന്നു.

**അശരീരോ$f$പി സർവത്ര വ്യാപകോ$f$പി നിരഞ്ജന:**
**ആത്മാ മായാശരീരസ്ഥ: പരിഭ്രമതി സംസൃതൗ.**

**9 9** .ശരീരമില്ലാതെയിരുന്നിട്ടും സർവ്വത്ര ശോഭിച്ചും, സർവ്വവ്യാപിയായിരുന്നിട്ടും നിരഞ്ജനവും ദോഷരഹിതവുമായ ഈ ആത്മാവ് മായമുഖേന കല്പിച്ച ശരീരത്തിൽ സ്ഥിതിചെയ്തുകൊണ്ട് പ്രപഞ്ചം മുഴുവൻ ചുറ്റിക്കൊണ്ടിരിക്കുന്നു.

**ആത്മസ്വരൂപവിജ്ഞാനം ദേഹേന്ദ്രിയവിഭാഗത:**
**അഖണ്ഡബ്രഹ്മരൂപേണ തദാത്മപ്രാപ്തിരുച്യതേ.**

**10**

**10.** ശരീരം ഇന്ദ്രിയങ്ങൾ എന്നിവയിൽ നിന്നും ആത്മാവ് ഭിന്നമാണെന്ന വിചാരത്താൽ അഖണ്ഡമായ പരബ്രഹ്മത്തിൽ കൂടി ആത്മസ്വരുപനായ പരമശിവന്റെ ജ്ഞാനമുാകുമ്പോൾ ആത്മപ്രാപ്തി കൈവരുന്നു എന്നുപറയുന്നു.

**ന ചാസ്തി ദേഹസംബന്ധോ നിർദ്ദേഹസ്യ സ്വഭാവത:**
**അജ്ഞാനകർമയോഗേന ദേഹീ ഭവതി ഭുക്തയേ.**

**11**

**11.** അശരീരിയാകുന്നവന് സ്വാഭാവികമായി അവന്റെ ശരീരവുമായി ഒരിക്കലും ബന്ധമുാകുന്നില്ല. അജ്ഞാനത്താലും അതിൽനിന്നുമുാകുന്ന കർമ്മങ്ങൾകൊുള്ള യോഗത്താലും ഈ ആത്മാവ് ഭോഗം ചെയ്യുന്നതിനുവേി ശരീരധാരിയാകുന്നു.

കുറിപ്പ്:- വാസ്തവത്തിൽ പരമാത്മാവ് അശരീരിയാകുന്നു. എന്നാൽ അവിടുത്തെ ലീലാവിലാസംകൊ് അത് സ്വയേച്ഛയാൽ തന്റെ ദേഹം ധരിക്കുന്നു. ഇക്കാര്യത്തിൽ വ്യാഖാതാവ് ശിവദൃഷ്ടി എന്ന ഗ്രന്ഥത്തിലെ ശ്ലോകം ഉദ്ധരിച്ചിരിക്കുന്നു. സ്വയേച്ഛയാ അതുതന്റെ അംശമായിത്തീരുന്നു. അംശോ നാനാ വ്യപദേശാത് എന്നു ബ്രഹ്മസൂത്രത്തിൽ പറയുന്നു. ആനന്ദത്തിനുവേി ഏകത്വത്തെ സമർത്ഥിക്കുവാനാവുകയില്ല. അതു ദേവധാരിയായിരിക്കുകയും, ജീവൻ അതിന്റെ അംശമായിരിക്കുകയും ചെയ്യുന്നു. പരാശര പുരാണത്തിൽ പ്രളയകാലത്ത് ഇതെല്ലാം മയിൽമുട്ടവെള്ള എന്നതുപോലെ പരമേശ്വരനിൽ പ്രഛന്ന രൂപത്തിൽ സ്ഥിതിചെയ്യുന്നുവെന്നു പറയുന്നു. സിസൃക്ഷ (സൃഷ്ടിക്കുവാനുള്ള ആഗ്രഹം) ക്കുശേഷം അഗ്നിസ്ഫുലിംഗങ്ങൾക്കു തുല്യമായി ജീവൻ ആവിർഭവിക്കുന്നു.

**നാസൌ ദേവോ ന ഗന്ധർവോ ന യക്ഷോ നൈവ രാക്ഷസ:**
**ന മനുഷ്യോ ന തിര്യക്ച ന ച സ്ഥാവരവിഗ്രഹ:**

**12**

**12.** ഈ ആത്മാവ് ദേവനോ, ഗന്ധർവ്വനോ, യക്ഷനോ, രാക്ഷസ







നോ, മനുഷ്യനോ, തിര്യക്കോ (പക്ഷിമൃഗാദികൾ) അല്ല.

**നാനാകർമവിപാകാശ്ച നാനായോനിസമാശ്രിതാ:**
**നാനാ യോഗസമാപന്നാ നാനാബുദ്ധിവിചേഷ്ടിതാ:**

**13**

**നാനാമാർഗസമാരൂഢാ: നാനാസങ്കല്പകാരിണ:**
**അസ്വതന്ത്രാശ്ച കിഞ്ചിജ്ഞാ: കിഞ്ചിത്കർതൃത്വഹേതവ:**
**ലീലാഭാജനതാം പ്രാപ്താ: ശിവസ്യ പരമാത്മന:**

**14**

**13 / 14.** ഈ ജീവൻ നാനാതരത്തിൽ കർമ്മപരിപാകം വന്ന് ദേവൻ, മനുഷ്യൻ, തിര്യക് മുതലായ വിവിധ യോനികളിൽ പിറവിയെടുക്കുന്നു. പിന്നീട്, നാനാതരത്തിൽ സുഖദു:ഖാത്മകമായ ഭോഗങ്ങളനുഭവിച്ച് വിവിധങ്ങളായ വിചാരങ്ങളും ചേഷ്ടകളും ചെയ്യുന്നു. ജൈനബൌദ്ധ വൈഷ്ണവാദികളായ വിവിധങ്ങളായ മതധർമ്മ മാർഗ്ഗങ്ങളെ അവലംബിച്ച് വിവിധതരത്തിൽ സങ്കല്പിച്ചുകൊിരിക്കുന്നു. അസ്വതന്ത്രനും അല്പജ്ഞനും, അല്പ കർതൃത്വത്താൽ യുക്തനുമായ ഈ പരമാത്മാവ് ശിവൻ മുഖേനയുള്ള അഭിനീതമായ ശിവലീലയ്ക്കു പാത്രമാകുന്നു.

**ചോദിതാ പരമേശേന സ്വസ്വകർമാനുരൂപത:**
**സ്വർഗം വാ നരകം വാപി പ്രാണിനോ യാന്തി കർമിണ:**

**15**

**15.** ഇപ്രകാരം കർമ്മങ്ങൾ ചെയ്യുന്ന ജീവൻ ശ്രീപരമേശ്വരനാൽ പ്രേരിതനായി തന്താങ്ങളുടെ കർമ്മമനുസരിച്ച് സ്വർഗ്ഗമോ നരകമോ പ്രാപിക്കുന്നു.

**പുന: കർമാവശേഷേണ ജായന്തേ ഗർഭകോടരാത്**
**ജാതാ മൃതാ: പുനർജാതാ: പുനർമരണഭാജിന:**
**ഭ്രമന്തി ഘോരസംസാരേ വിശ്രാന്തികഥയാ വിനാ** **16**

**16.** ആവർത്തിച്ചുള്ള ഭോഗങ്ങൾകൊ് അവശേഷിച്ച കർമ്മങ്ങളാൽ ഈ ജീവൻ ഗർഭത്തിൽ നിന്നുമുാകുന്നു. കുറച്ചുകാലം വരെയ്ക്കും ഈ ജഗത്തിൽ വസിക്കുകയും പിന്നീടുമരിക്കുകയും വീും ജനിച്ചു ജീവിച്ച് മരണത്തിന് പാത്രമാവുകയും ചെയ്യു

കൊ് സ്ഥിതിചെയ്യുന്നു.

**വിശ്വതോ ഭാസമാനോഽപി വിശ്വമായാവിലക്ഷണ:**
**പരമാത്മാ സ്വയംജ്യോതിരൂപോ ജീവാത്മനാം ഭവേത് 35**

**35.** പ്രപഞ്ചം മുഴുവൻ പ്രകാശം പരത്തിക്കൊ് പരമാത്മാവ് വിശ്വമായയാൽ വിലക്ഷണമാകുന്നു. അതു ജീവാത്മാക്കൾക്കു വേി സ്വയം പ്രകാശരൂപമാകുന്നു.

## നിർദ്ദേഹാഗമ സ്ഥല വർണ്ണന

**ദേഹിനോഽപി പരാത്മത്വഭാവിനോനിരഹംകൃതേ:**
**നിരസ്തദേഹധർമസ്യ നിർദേഹാഗമ ഉച്യതേ. 36**

**36.** അഹങ്കാര രഹിതനും പരമാത്മഭാവത്താൽ യോഗ്യനുമായ ശിവയോഗി ദേഹധർമ്മം വെടിയുമ്പോൾ അയാളെ നിർദ്ദേഹാഗമൻ എന്നു പറയുന്നു.

**ഗളിതേ മമതാഹന്തേ സംസാരഭ്രമകാരണേ**
**പരാഹന്താം പ്രവിഷ്ടസ്യ കുതോ ദേഹ: കുതോ രതി: 37**

**37.** പ്രപഞ്ചത്തിന്റെ ലൗകിക വിഷയങ്ങളായ ഇന്ദ്രിയ വിഷയ ഭ്രമത്തിനു കാരണഭൂതമായ എന്റേതെന്ന ഭാവവും, അഹങ്കാരമില്ലാതാകുമ്പോൾ പരബ്രഹ്മത്തിൽ ഉപവിഷ്ടനായ ശിവയോഗിയുടെ ദേഹവുമെവിടെ? ആ ദേഹത്തിൽ പ്രീതിയെവിടെ? പരബ്രഹ്മ ലബ്ധിയിൽ ഉപവിഷ്ടനായ ശിവയോഗിക്ക് എന്റേത് എന്ന ഭാവനയും അതിനോടുള്ള പ്രേമവും ഇല്ലാതാകുന്നു.

**കേവലേ നിഷ്പ്രപഞ്ചൗഘേ ഗംഭീരേ ചിന്മഹോദധൗ**
**നിമഗ്നമാനസോ യോഗീ കഥം ദേഹം വിചിന്തയേത് 38**

**38.** കേവലം അദ്വിതീയനും, ലൗകിക വിഷയ ചിന്തകൾ വെടിഞ്ഞവനും, ഗംഭീരനും, ചൈതന്യസ്വരൂപനോടുള്ള ഭക്തി സാഗരത്തിൽ ആഴ്ന്നുപോയ മനസ്സോടുകൂടിയവനുമായ ശിവയോഗി ശരീരത്തെക്കുറിച്ച് എന്തിനു ചിന്തിക്കണം?

**അപരിച്ഛേദമാത്മാനം ചിദംബരമിതി സ്മരൻ**
**ദേഹയോഗേഽപി ദേഹസ്ഥൈർവികാരൈർന വിലിപ്യതേ 39**

**39.** നിസ്സീമവും, ചിത്തത്തെ സ്വയം ആകാശ സമാനം കണക്കാ







21

**21.** അഹങ്കാര സംബന്ധമായതിനാൽ ജീവന് മനുഷ്യത്വം മുതലായ ഭ്രമമുാകുന്നു. മനുഷ്യത്വം ആത്മാവിന്റെ സ്വഭാവമല്ല. എന്നിങ്ങനെയുള്ള ജ്ഞാനമുാകുന്നതുമൂലം സാധകനെ അന്തരാത്മാവ് എന്നുവിളിക്കുന്നു.

**യഥാ പത്മപലാശസ്യ ന സംഗോ വാരിണാ ഭവേത്**
**തഥാ ദേഹജൂഷോഽപ്യസ്യ ന ശരീരേണ സംഗതി 22**

**22.** താമരയിലകൾ വെള്ളത്തിൽ കലരാതെ (പൊങ്ങി) കിടക്കുന്നതുപോലെ ശരീരത്തോടുകൂടിയിരുന്നിട്ടും ആത്മാവ് അതിൽ ലയിച്ചു ചേരാനിടയാവുന്നില്ല.

**നീഡസ്ഥിതോ യഥാ പക്ഷീ നീഡാദ്ഭിന്ന: പ്രദൃശ്യതേ**
**ദേഹസ്ഥിതസ്ഥഥാത്മായം ദേഹാദന്യ: പ്രകാശ്യതേ.**
**23**

**23.** കൂടിനുള്ളിൽ കിടക്കുന്ന പക്ഷി കൂട്ടിൽനിന്നും വേറിട്ടു കാണപ്പെടുന്നതുപോലെ തന്നെ ശരീരത്തിൽ സ്ഥിതി ചെയ്തുകൊിരിക്കുമ്പോഴും ആത്മാവ് ശരീരത്തിൽ നിന്നും വേറിട്ട രൂപത്തിൽ പ്രകാശിച്ചുകൊിരിക്കുന്നു.

**ആച്ഛാദ്യതേ യഥാ ചന്ദ്രോ മേഘൈരാസംഗവർജിതൈ:**
**തഥാത്മാ ദേഹസങ്കാതൈരസംഗപരിവേഷ്ടിത: 24**

**24.** ആകാശത്തിലെ ചന്ദ്രൻ ബന്ധമൊന്നുമില്ലാത്ത മേഘങ്ങളാൽ മൂടപ്പെട്ടിരിക്കുന്നതുപോലെ, ശരീരവുമായി ബന്ധമൊന്നും ഇല്ലാതിരുന്നിട്ടും ആത്മാവും ശരീരത്താൽ ചുറ്റപ്പെട്ടിരിക്കുന്നു.

**നിർമമോ നിരഹങ്കാരോ നിരസ്തോപാധിവിക്ലവ:**
**ദേഹസ്ഥോഽപി സദാ ഹ്യാത്മാ ശിവം പശ്യതി യോഗത:**
**25**

**25.** അഹങ്കാരമില്ലാത്തതും, എന്റേതെന്നതും ഇന്ദ്രിയങ്ങൾ മുതലായ സർവ്വ ഉപധികളിൽ നിന്നും വർജിതമായതുമായ ആത്മാവ് ശരീരത്തിൽ സ്ഥിതിചെയ്തുകൊിരുന്നിട്ടും ശിവയോഗ സാമർത്ഥ്യത്താൽ ശിവസാക്ഷാത്കാരം ചെയ്യുന്നു.

**ഭോക്തൃഭോജ്യപരിത്യാഗാത് പ്രേരകസ്യ പ്രസാദത:**

**ഭോക്തൃതാഭാവഗളിത: സ്ഫുരത്യാത്മാ സ്വഭാവത: 26**

**26.** ഭോക്താവിനെയും, ഭോജ്യത്തെയും ത്യജിച്ചുകൊ് പ്രേരകനായ ഈശ്വരന്റെ കൃപയാൽ ഭോക്തൃത്വഭാവമില്ലാതെയായി ആത്മാവ് തന്റെ സ്വഭാവത്തിനനുസരിച്ച് പ്രകാശിക്കുന്നു.

**സർവേഷാം പ്രേരകത്വേന ശംഭുരന്ത: സ്ഥിത: സദാ**
**തതപരിജ്ഞാനയോഗേന യോഗീ നന്ദതി മുക്തവത്. 27**

**27.** ഭഗവാൻ ശംഭു സർവ്വരുടെയും ഉള്ളിൽ പ്രേരകന്റെ രൂപത്തിൽ സ്ഥിതി ചെയ്യുന്നു. ഇപ്രകാരമുള്ള സമ്പൂർണ്ണ ജ്ഞാനം കൊ് ശിവയോഗി മുക്തനെപ്പോലെ ആനന്ദം അനുഭവിക്കുന്നു.

## പരമാത്മ സ്ഥല വർണ്ണന

**നിർധൂതേ തത്പ്രബോധേന മലേ സംസാരകാരണേ**
**സാമരസ്യാത് പരാത്മസ്ഥാത് പരമാത്മായമുച്യതേ. 28**

**28.** സമുദ്രത്തിൽ തിരകളുാകുന്നതെപ്രകാരമാണോ അപ്രകാരം സകല വസ്തുക്കളും ഏതിൽ ലീനമായിത്തീരുന്നുവോ അത് പരമാത്മാവിന്റെ രൂപമാകുന്നു.

**സർവേഷാമാത്മഭേദാനാമുത്കൃഷ്ടത്വാത് സ്വതേജസാ**
**പരമാത്മാ ശിവ: പ്രോക്ത: സർവഗോഽപി പ്രകാശവാൻ. 29**

**29.** തന്റെ തേജസ്സിനു കാരണമായ സർവ്വവ്യാപിയും, പ്രകാശിക്കുന്നവനുമായ ഭഗവാൻ ശിവൻ സർവ്വ ആത്മഭേദങ്ങളിലും ഉൽകൃഷ്ടനായതിനാൽ പരമാത്മാവ് എന്നുപറയുന്നു.

**ബ്രഹ്മാണ്ഡബുദ്ബുദസ്തോമാ യസ്യ മായാമഹോദധൗ**
**ഉന്മജ്ജന്തി നിമജ്ജന്തി പരമാത്മാ സ ഉച്യതേ. 30**

**30.** മായയാകുന്ന സാഗരത്തിൽ ബ്രഹ്മാണ്ഡമാകുന്ന കുമിളക്കൂട്ടങ്ങൾ മുങ്ങുകയും പൊങ്ങുകയും ചെയ്യുന്നതിന് പരമാത്മാവെന്നു പറയുന്നു.

**യസ്മിൻ ജ്യോതിർഗണാ: സർവേ സ്ഫുലിംഗാ ഇവ പാവകാത്**
**ഉത്പത്യ വിലയം യാന്തി തദ്രൂപം പരമാത്മന:**
**31**

**31.** അഗ്നിയിൽ നിന്നും സ്ഫുലിംഗങ്ങൾ (തീപ്പൊരി) ഉാകുന്നതുപോലെ ജ്യോതിർഗണങ്ങളുായ ശേഷം ലീനമായിത്തീരുന്നത് ഏതിൽ നിന്നാണോ അത് പരമാത്മസ്വരൂപമാകുന്നു.





**യസ്മിൻ സമസ്തവസ്തൂനി കല്ലോലാ ഇവ വാരിധൗ**
**സംഭൂയ ലയമായാന്തി തദ്രൂപം പരമാത്മന: 32**

**32.** സമുദ്രത്തിലെ തിരമാലകൾ പോലെ സർവ്വ വസ്തുക്കളും ഏതിൽ ലീനമായിത്തീരുന്നുവോ അത് പരമാത്മാവിന്റെ സ്വരൂപമാകുന്നു.

**നിരസ്തമലസംബന്ധം നിശേഷജഗദാത്മകം**
**സർവ്വതത്ത്വോപരി പ്രോക്തം സ്വരൂപം പരമാത്മന: 33**

**33.** എല്ലാവിധത്തിലുള്ള മലങ്ങളിൽ നിന്നും വിമുക്തമായതും, സമ്പൂർണ്ണ ലൌകികമായിരുന്നിട്ടും സകല തത്വങ്ങളേക്കാളുമുപരിയായിട്ടുള്ളതുമായ ഭഗവാന്റെ ശിവസ്വരൂപത്തെ പരമാത്മാവ് എന്നു പറയുന്നു.

**യഥാ വ്യാപ്യ ജഗത്സർവം സ്വഭാസാ ഭാതി ഭാസ്കര:**
**തഥാ സ്വശക്തിഭിർവ്യാപ്യ പരമാത്മാ പ്രകാശതേ 34**

**34.** സൂര്യൻ തന്റെ തേജസ്സുകൊ് പ്രപഞ്ചം മുഴുവനും വ്യാപിച്ചിട്ട് പ്രകാശം പരത്തിക്കൊിരിക്കുന്നതുപോലെ തന്റെ ശക്തികളാൽ പ്രപഞ്ചമാകമാനം വ്യാപി ച്ചുകൊ് പരമാത്മാവ് പ്രകാശിക്കുന്നു.

കുറിപ്പ്:- ഈ പ്രപഞ്ചം പഞ്ചമഹാഭൂതങ്ങളാൽ നിർമ്മിതമാണ്. പഞ്ചഭൂതങ്ങളിൽ പരമാത്മാവിന്റെ പഞ്ചമഹാശക്തികൾ ഒന്നിച്ചുചേർന്നിരുന്നു കാര്യങ്ങൾ നിർവ്വഹിക്കുന്നു. അതിന്റെ വിവരണങ്ങൾ താഴെപ്പറയും വിധമാകുന്നു.

ഭൂമി - ധൂമാവതി ശക്തി; ജലം - ഹ്ളാദിനി ശക്തി:
ആകാശം - വിദ്വി ശക്തി: തേജം - ഭാസ്വിനീ ശക്തി:
വായു - സ്പന്ദാ ശക്തി; കൂടാതെ തിരോധാനത്തിൽ ധൂമാവതി ശക്തിയും, അപഭാസനത്തിൽ ഭാസ്വിനി ശക്തിയും; ക്ഷോഭത്തിൽ സ്പന്ദാ ശക്തിയും;വ്യക്തിയൽ വിദ്വിശക്തിയും; പുഷ്ടിയിൽ ഹ്ളാദിനി ശക്തിയു പ്രവർത്തിക്കുന്നു. ഇപ്രകാരം ഭഗവാൻ ശ്രീപരമേശ്വരൻ തന്റെ ശക്തികളാൽ പ്രപഞ്ചം മുഴുവൻ വ്യാപിച്ചു

ഇച്ഛവയ്ക്കാതെ ശമദമാദികളിൽ യോഗ്യനും തന്റെ മഹിമയിൽ വിലീനനുമായ (ശിവയോഗിക്ക്) വീരശൈവനു ജ്ഞേയമല്ലാതെ മറ്റെന്താണു വേത്?

കുറിപ്പ്: പരമാത്മാവിൽ യാതൊരുവിധത്തിലുള്ള ഭേദങ്ങളും സംഭവിക്കുന്നില്ല. ആയതിനാൽ സാമരസ്യ സ്വരൂപനായ ശ്രീപരമേശ്വരന്റെ സ്വാതന്ത്ര്യത്തിൽ സമുദ്രത്തിലെ തിരമാലകളെപ്പോലെ അല്പം കാലാവച്ഛേദേന തോന്നിപ്പിക്കുന്നു എന്നതാണു സിദ്ധാന്തം. ഈ ഭേദസങ്കല്പം അവിടുത്തെ ഇച്ഛാശക്തി മൂലമാകുന്നു.

**ഏകീഭൂതേ നിജാകാരേ സംവിദാ നിഷ്പ്രപഞ്ചയാ**
**കേന കിം വേദനീയം തദ്വേത്ത ക: പരിഭാഷ്യതേ 54**

**54.** തന്റെ സ്വരൂപം നിഷ്പ്രപഞ്ചമായ സംവിദാകാരത്തോടുകൂടി ഐകരൂപ്യമായിത്തീരുമ്പോൾ ആരുമുഖേന എന്തു വേദന ഉാകുവാനാണ്? അതിന്റെ വിദഗ്ധനെ ആരെന്നു പറയും?

**മഹാസത്താ മഹാസംവിദ് വിശ്വരൂപാ പ്രകാശതേ**
**തദ്വിനാ നാസ്തി വസ്ത്വേകം ഭേദബുദ്ധീം വിമുഞ്ചത: 55**

**55.** പരബ്രഹ്മമെന്ന മഹാസംവിദാവ് (മഹാസത്താവ്) പ്രപഞ്ചത്തിന്റെ രൂപത്തിൽ പ്രകാശിച്ചുകൊിരിക്കുന്നു. ഭേദബുദ്ധിയില്ലാത്ത ശിവയോഗിക്ക് അവിടുന്നല്ലാതെ മറ്റു വസ്തുക്കളൊന്നുമില്ല.

## ആദിപ്രസാദി സ്ഥല വർണ്ണന

**സർവാധിഷ്ഠാതൃക: ശംഭുരാദിസ്തസ്യ പ്രസാദത:**
**ആദിപസാദീത്യുക്തോഽയം നിർവികാരപദേ സ്ഥിത: 56**

**56.** സർവ്വതിന്റേയും അധിഷ്ഠാതാവായ ഭഗവാൻ ശിവശങ്കരൻ പ്രപഞ്ചസൃഷ്ടിയുടെ മൂലകാരണമാകുന്നു. അവിടുത്തെ കൃപയാൽ നിർവ്വികാരാവസ്ഥയിൽ പ്രതിഷ്ഠിതനായ ശിവയോഗിയെന്ന വീരശൈവനെ ആദിപ്രസാദി എന്നു വിളിക്കുന്നു.

**അനേകജന്മശുദ്ധസ്യ നിരഹങ്കാരഭാവിന:**
**അപ്രപഞ്ചസ്യാദിദേവ: പ്രസീദതി വിമുക്തയേ 57**

**57.** അനേകമനേകം ജന്മങ്ങളിലൂടെ ശുദ്ധനാകുന്നവനും, അഹ





ക്കുന്നവനുമായ ശിവയോഗി ശരീരിയാണെങ്കി ലും അതിൽ സ്ഥിതിചെയ്തിരിക്കുന്ന കാമക്രോധാദി വിഷയ വികാരങ്ങൾക്ക് അടിമപ്പെടുന്നില്ല.

**അഖണ്ഡസംവിദാകാരമദ്വിതീയം സുഖാത്മകം**
**പരമാകാശമാത്മാനം മന്വാന: കുത്ര മുഹ്യതി 40**

**40.** അഖണ്ഡവും അദ്വിതീയവും, സച്ചിദാനന്ദാകാരവും, സുഖസ്വരൂപവുമായ പരമാകാശമെന്നു തന്നെത്തന്നെ (സ്വയം) കണക്കാക്കുന്ന ശിവയോഗി എവിടെയും മോഹഗ്രസ്ഥനാകുന്നില്ല.

**ഉപാധിവിഹിതാ ഭേദാ ദൃശ്യന്തേ ചൈകവസ്തുനി**
**ഇതി യസ്യ മതി: സോഽയം കഥം ദേഹമിതോ ഭവേത്**
**41**

**41.** ഒരേ വസ്തുവിൽത്തന്നെ കാണപ്പെടുന്ന ഭേദങ്ങളെല്ലാം അവിടുന്ന് ഉപാധികളോടുകൂടി രചിക്കപ്പെട്ടവയാകുന്നു. ഇപ്രകാരം ആരുടെ ബുദ്ധിയിൽ തോന്നിക്കുന്നുവോ (ഉാകുന്നുവോ) അദ്ദേഹത്തിൽ അതിരുകളെങ്ങനെ ഉാക്കാനാകും?

**ഭേദബുദ്ധി: സമസ്താനാം പരിച്ഛേദസ്യ കാരണം**
**അഭേദബുദ്ധൌ ജാതായാം പരിച്ഛേദസ്യ കാ കഥാ 42**

**42.** സർവ്വതിന്റേയും സീമകൾക്കു കാരണം ഭേദബുദ്ധിയാകുന്നു. സർവ്വം ശിവമയം എന്ന അഭേദബുദ്ധി ഉാകുമ്പോൾ ജീവിതത്തിലെ മറ്റുവിഷയങ്ങൾക്കെന്തു കാര്യം?

**ശിവോഽഹമിതി യസ്യാസ്തി ഭാവനാ സർവഗാമിനീ**
**തസ്യാ ദേഹേന സംബന്ധ: കഥം സ്യാദമിതാത്മന: 43**

**43.** ഞാൻ ശിവനാകുന്നു എന്നിങ്ങനെ ചിന്തിക്കുന്ന സർവ്വവ്യാപിയും, അമിതാത്മാവുമായ ശിവയോഗിക്ക് ശരീരത്തെക്കുറിച്ച് ചിന്തിക്കുവാൻ കഴിയുന്നതെങ്ങനെ?

## നിർഭാവഗാമ സ്ഥല വർണ്ണന

**വ്യതിരേകസ്വരൂപസ്യ ഭാവാന്തരനിരാകൃതേ:**
**ഭാവേ വികാരനിർമുക്തോ നിർഭാവാഗമ ഉച്യതേ**
**44**

**44.** തന്റെ നിർദ്ദേഹമായ സ്വരൂപത്തിൻ നിന്നും ഭിന്നമായതും, മറ്റുഭാവങ്ങളെ നിരാകരിക്കുന്നതുകൊുാകുന്ന വികാര രഹിതവുമായ ഭാവത്തെ നിർഭാവാഗമ സ്ഥലമെന്നു പറയുന്നു.

**അഹം ബ്രഹ്മേതി ഭാവസ്യ വസ്തുദ്വയസമാശ്രയ:**
**ഏകീഭൂതസ്യ ചിദ്വ്യോമ്നി തദഭാവോ വിനിശ്ചിത: 45**

**45.** ഞാൻ ബ്രഹ്മമാകുന്നു എന്ന ഭാവം ഞാൻ, ബ്രഹ്മം, എന്നീ രു പദങ്ങളെ തമ്മിൽ ബന്ധിച്ചിരിക്കുന്നു. ചിദാകാശത്തിൽ ശിവ സാമരസ്യത്തോടുകൂടി (ശിവജീവൈക്യം) അദ്വൈതമെന്ന ഏകീഭാവത്തിൽ ദ്വൈതത്തിന്റെ അഭാവം സുനിശ്ചിതം

**ഏകഭാവനിരൂഢസ്യ നിഷ്കളങ്കേ ചിദംബരേ**
**ക്വ ജാതിവാസനായോഗ: ക്വ ദേഹിത്വം പരിഭ്രമ: 46**

**46.** നിഷ്കളങ്കമായ മനസ്സാകുന്ന ആകാശത്തിൽ (ചിദാകാശം) ഏകീഭാവമുള്ളവന് (അദ്വൈതി) ജാതിചിന്തയെവിടെ? ആത്മാവിനെക്കുറിച്ചുള്ള ചിന്തയെവിടെ? പ്രപഞ്ചത്തിലെ ജനിമരണ ചക്രങ്ങളെവിടെ?

**ശൂന്യേ ചിദംബരേ സ്ഥാനേ ദൂരേ വാങ്മാനസാധ്യന:**
**വിലീനാത്മാ മഹായോഗീ കേന കിം വാപി ഭാവയേത് 47**

**47.** വാക്കിന്റേയും മനസ്സിന്റേയും മാർഗ്ഗത്തിൽ നിന്നും ഏറെ ഉപരിയായുള്ള ശൂന്യമായ ചിദാ കാശത്തിൽ വിലീനമായ ആത്മാവോടുകൂടിയ ആ മഹാശിവയോഗി ആരു മുഖേന ആരെക്കുറിച്ച് ചിന്തിക്കും?

**അവിശുദ്ധേ വിശുദ്ധേ വാ സ്ഥലേ ദീപ്തിര്യതാ രവേ:**
**പതത്യേവം സദാദ്വൈതീ സർവത്ര സമവൃത്തിമാൻ 48**

**48.** ശുദ്ധാശുദ്ധങ്ങളായ സകല വസ്തുക്കളിന്മേലും സൂര്യകിരണങ്ങൾ പതിക്കുന്നതുപോലെ ശിവാദ്വൈതിയായ ശിവയോഗി സദാ സകലയിടങ്ങളിലും സമദൃഷ്ടിയോടുകൂടി സഞ്ചരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

**ന വിഭേതി ജരാമൃത്യോർന ക്ഷുധയാ വശം വ്രജേത്**
**പരിപൂർണ്ണനിജാനന്ദം സമാസ്വാദൻ മഹാസുഖീ 49**

**49.** ഇങ്ങനെയുള്ള ശിവയോഗി ജരമരണങ്ങളെ ഭയപ്പെടുകയോ,





വിശപ്പിനും ദാഹത്തിനും കീഴ്പ്പെടുകയോ ചെയ്യുന്നില്ല. പരിപൂർണ്ണമായ നിത്യാനന്ദം ആസ്വദിച്ചനുഭവിച്ചുകൊ് അയാൾ മഹാസുഖിമാനായി ജീവിക്കുന്നു.

## നഷ്ടാഗമ സ്ഥല വർണ്ണന

**ഭേദശൂന്യേ മഹാബോധേ ജ്ഞാത്രാദിത്രയഹീനക:**
**ജ്ഞാനസ്യ നഷ്ടഭാവേന നഷ്ടാഗമ ഇഹോച്യതേ 50**

**50.** ശിവാദ്വൈതഭാവത്താൽ ശൂന്യമായ മഹാശിവജ്ഞാനമെന്ന മഹാബോധമുാകുമ്പോൾ, ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയങ്ങളില്ലാതെ ജ്ഞാന സമ്പന്നനും നിർഭാവാഗമനുമായ ശിവയോഗിക്ക് ശിവജ്ഞാനം സ്വയം ഇല്ലാതാകുമ്പോൾ ഉാകുന്ന അവസ്ഥക്ക് നഷ്ടാഗമം എന്നു പറയുന്നു.

ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയം എന്നീ ത്രിപുടികളില്ലാതാക്കിയ ശേഷം എന്റെ ഈ ത്രിപുടിജ്ഞാനം ഇല്ലാതായി എന്ന ജ്ഞാനവും ഇല്ലാതാകണം എന്ന അവസ്ഥക്ക് നഷ്ടാഗമം എന്നു പറയുന്നു.

**അദ്വൈതവാസനാവിഷ്ടചേതസാം പരയോഗിനാം**
**പശ്യതാമന്തരാത്മാനം ജ്ഞാതൃത്വം കഥമന്യഥാ 51**

**51.** അദ്വൈതവാസനകൊ് പരിപൂർണ്ണചിത്തനും അന്തരാത്മാവിനെ നിരന്തരം സാക്ഷാത്കരിക്കുന്നവനും പരബ്രഹ്മവുമായ ശിവയോഗിക്ക് മറ്റു വിധത്തിലുള്ള ജ്ഞാതൃത്വമെവിടെ? അവർക്ക് അന്തരാത്മാവിനെക്കുറിച്ച് ജ്ഞാനമുാക്കാൻ കഴിയുന്നതെങ്ങനെ?

**അകർത്താ$f$ഹമവേത്താ$f$ഹമദേഹോ$f$ഹം നിരഞ്ജന:**
**ഇതി ചിന്തയത: സാക്ഷാത് സംവിദേവ പ്രകാശതേ 52**

**52.** ഞാൻ കർത്താവല്ലാ ജ്ഞാതാവല്ല, ദേഹമല്ല ഞാൻ നിരഞ്ജനാകുന്നു എന്നു ചിന്തിക്കുന്ന ശിവയോഗിക്ക് സാക്ഷാൽ സംവിതാവിന്റെ (ഈശ്വരന്റെ) തന്നെ പ്രകാശമുാകുന്നു.

**നിരസ്തഭേദജല്പസ്യ നീരീഹസ്യ പ്രശ്യാമൃത:**
**സ്വേ മഹിംനി വിലീനസ്യ കിമന്യജ്ജ്ഞേയമുച്യതേ 53**

**53.** ഭേദവാക്യങ്ങൾ ഇല്ലാതാക്കുന്നവനും, മറ്റുയാതൊന്നിലും

സാദവാൻ എന്നു പറയുന്നു.

**ഗുരുദേവ: പരം തത്ത്വം പരതത്ത്വം ഗുരു: സ്മൃത:
തദേകത്വാനുഭാവേന ന കിഞ്ചിദവശിഷ്യതേ 71**

**71.** ഗുരുദേവൻ പരതത്ത്വവും, പരതത്ത്വം പരബ്രഹ്മതത്ത്വ വും പര ബ്രഹ്മതത്ത്വം ഗുരുവുമാകുന്നു. അവ രിനേയും ഒന്നെന്നു ക ശേഷം മറ്റൊന്നും തന്നെ അവശേഷിക്കുന്നില്ല.

**അപരിച്ഛേദ്യമാത്മസ്ഥമവാങ്മാനസഗോചരം
ആനന്ദം പശ്യതാം പുംസാം രതിരന്യത്ര കാ ഭവേത് 72**

**72.** നിസ്സീമമായ ആത്മാവിനുള്ളിൽ വസിക്കുന്നവനും, വാക്കിനും മനസ്സിനുമുപരിയായുള്ളവനും, ആനന്ദത്തിന്റെ സാക്ഷാത്കാരമുന്നെു കരുതുന്നവനും, ആനന്ദം അനുഭവിച്ചറിയുന്നവനുമായ ശിവയോഗിക്ക് മറ്റു വിഷയങ്ങളിൽ എന്തു പ്രീതിയുാകുവാനാണ്.

**ജ്ഞാനാമൃതേന തൃപ്തസ്യ കിമന്യൈർഭോജ്യവസ്തുഭി:
ജ്ഞാനാദേവ പരാനന്ദം പ്രാകാശയതി സച്ഛിവ: 73**

**73.** ശിവജ്ഞാനമാകുന്ന അമൃതുകൊ് തൃപ്തനായവന് മറ്റു ഭോജ്യവസ്തുക്കൾ കൊന്തെു പ്രയോജനം? സദാശിവജ്ഞാനം കൊുതന്നെ പരമാനന്ദം പ്രകാശിക്കുന്നു.

**മുക്തിരേവ പരാ തൃപ്തി: സച്ചിദാനന്ദലക്ഷണാ
നിത്യതൃപ്തസ്യ മുക്തസ്യ കിമന്യൈർഭോഗസാധനൈ: 74**

**74.** സച്ചിദാനന്ദസ്വരൂപനായ ഭഗവാൻ ശിവൻ തരുന്ന മുക്തി തന്നെ അന്തിമവും സർവ്വോത്കൃഷ്ടവുമായ തൃ പ്തിയാകുന്നു. നിത്യതൃപ്തനും നിത്യമുക്തനുമായവന് മറ്റു ഭോഗങ്ങൾകൊന്തെു നേടാൻ?

**ന ബാഹ്യം കർമ്മ തസ്യാസ്തി ന ചാന്തർനൈവ കുത്രചിത്
ശിവൈക്യജ്ഞാനരൂഢസ്യ ദേഹഭ്രാന്തിം വിമുഞ്ചത: 75**

**75.** സമ്പൂർണ്ണവും ദൃഢവുമായ ശിവൈക്യജ്ഞാനമുള്ളവനും, ശരീരത്തെ ആത്മാവെന്നു കണക്കാക്കുന്നതിൽ ഭ്രമമില്ലാത്തവനും,







ങ്കാരചിന്തവെടിഞ്ഞവനും ലൌകികതയെക്കുറിച്ച് ചിന്തിക്കാത്തവനുമായ വീരശൈവന് (ശിവയോഗി) മോക്ഷം നൽകി ഭഗവാൻ ശിവശങ്കരൻ പ്രസന്നനാകുന്നു.

**ശിവപ്രസാദസമ്പത്യാ ശിവഭാവമുപേയുഷി
ശിവാദന്യജ്ജഗജ്ജാലം ദൃശ്യതേ ന ച ദൃശ്യതേ 58**

**58.** ശിവാനുഗ്രഹം ലഭിച്ചതിനാൽ ശിവഭാവപ്രാപ്തനായ വീരശൈവനെന്ന ശിവയോഗി ഈ പ്രപഞ്ചത്തെ ശിവനിൽ നിന്നും വിഭിന്നമായി കാണുകയോ കണാതിരിക്കുകയോ ചെയ്യുന്നത് അയാളുടെ ആഗ്രഹത്തെ ആശ്രയിച്ചിരിക്കുന്നു. കാരണം അദ്ദേഹം പ്രപഞ്ചത്തിലെ വ്യവഹാരാദികളിലേക്കിറങ്ങിച്ചെന്ന് പ്രപഞ്ചത്തെ ഈശ്വരനിൽ നിന്നും ഭിന്നമായി കാണുകയോ പ്രപഞ്ചത്തോക്കാളുപരിയായി നിന്ന് ലോകത്തെ ശിവസ്വരൂപത്തിൽ (ആത്മസ്വരൂപത്തിൽ) കാണുകയോ ചെയ്യുന്നു.

**ശംഭോ: ശിവപ്രസാദേന സംസാരച്ഛേദകാരിണാ
മോഹഗ്രന്ഥിം വിനിർഭിദ്യ മുക്തിം യാന്തി വിവേകിന: 59**

**59.** നിത്യാനിത്യഭേദങ്ങളറിയുന്നവർ ഭഗവാൻ ശിവന്റെ പ്രപഞ്ചഛേദകവും, മംഗളകരവുമായ കൃപാകടാക്ഷത്താൽ മോഹഗ്രന്ഥികളെ ഭേദിച്ച് മോക്ഷം പ്രാപിക്കുന്നു.

**വിനാ പ്രസാദമൃശസ്യ സംസാരോ ന നിവർത്തതേ
വിനാ സൂര്യോദയം ലോകേ കുത: സ്യാത് തമസോ ലയ: 60**

**60.** ഈശ്വരന്റെ ശിവപ്രസാദമാകുന്ന കൃപാകടാക്ഷമില്ലാതെ ജഗന്മുക്തിയുാകുന്നില്ല. സൂര്യനുദിക്കാതെ പ്രപഞ്ചത്തിലെ അന്ധകാരത്തെ അകറ്റുന്നതെങ്ങനെ?

**സർവാനുഗ്രഹക: ശംഭു: കേവലം കൃപയാ പ്രഭു:
മോചയേത് സകലാൻ ജന്തൂൻ ന കിഞ്ചിദിഹ കാരണം 61**

**61.** സർവ്വരേടെയും പ്രഭുവും, സർവ്വ സ്വതന്ത്രനും, സർവ്വതിന്റേയുംമേൽ കൃപ ചൊരിയുന്നവനുമായ ഭഗവാൻ ശിവശങ്കരൻ സർവ്വ ജീവികളിലും കൃപചൊരിഞ്ഞ് മോക്ഷം നൽകുന്നു. മോക്ഷത്തിന് ഭഗവാൻ ശിവനല്ലാതെ മറ്റൊരു കാരണവുമില്ല.

## അന്ത്യപ്രസാദിസ്ഥല വർണ്ണന

**ലയ: സർവപദാർത്ഥാനാമന്ത്യ ഇത്യുച്യതേ ബുധൈ:**
**പ്രാസാദോ$\mathcal{S}$നുഭവസ്തസ്യ തദ്വാനന്ത്യപ്രസാദവാൻ 62**

**62.** സകല പദാർത്ഥങ്ങളുടെയും ലയത്തെ പണ്ഡിതന്മാർ അന്ത്യം എന്നു പറയുന്നു. ലയമനുഭവിക്കുന്നതിന് പ്രസാദം എന്നു പറയപ്പെടുന്നു. ഈ പ്രസാദത്തോടുകൂടിയവൻ അന്ത്യപ്രസാദി ആയിത്തീരുന്നു.

**ദേവതിര്യങ്മനുഷ്യാദിവ്യവഹാരവികല്പനാ**
**മായാകൃതാ പരേ തത്ത്വേ തല്ലയേ തത്ക്ഷയോ ഭവേത് 63**

**63.** ദേവകൾ, പക്ഷിമൃഗാദികളായ തിര്യങ്, മനുഷ്യർ എന്നിവകളുടെ വ്യവഹാരികമായ വികല്പനകളെല്ലാം മായയാൽ രചിക്കപ്പെട്ടതാകുന്നു. പരബ്രഹ്മ തത്വത്തിൽ ലയിക്കുമ്പോൾ അതിന്റെ മായയും ഇല്ലാതായിത്തീരുന്നു.

**സാക്ഷാത്കൃതേ പരേ തത്ത്വേ സച്ചിദാനന്ദലക്ഷണേ**
**ക്വ പദാർത്ഥപരിജ്ഞാനം കുതോ ജ്ഞാതൃത്വസംഭവ: 64**

**64.** സച്ചിദാനന്ദ സ്വരൂപമായ പരബ്രഹ്മ തത്വത്തിന്റെ സാക്ഷാത്കാരമുാകുമ്പോൾ പദാർത്ഥത്തിന്റെ ജ്ഞാന മെവിടെ? ജ്ഞാതാവിന്റെ സംഭാവനകളെവിടെ? ഇവ രും സംഭവിക്കുന്നില്ല. കാരണം മായയായിട്ടുള്ള അവസ്ഥയിൽത്തന്നെ പരബ്രഹ്മ ജ്ഞാനം അനുഭവിക്കുന്നു. മായയുടെ ലയനത്തിൽ ഇതിന്റെ അസ്തിത്വം താനെ ഇല്ലാതായിത്തീരുന്നു.

**സുഷുപ്തസ്യ യഥാ വസ്തു ന കിഞ്ചിദപി ഭാസതേ**
**തഥാ മുക്തസ്യ ജീവസ്യ ന കിഞ്ചിദ്വസ്തു ദൃശ്യതേ 65**

**65.** ഗാഢനിദ്രയിൽ ഉറങ്ങിക്കൊിരിക്കുന്ന വ്യക്തി ക്ക് ഒന്നും അനുഭവപ്പെടാതിരിക്കുന്നതുപോലെ മോക്ഷം പ്രാപിച്ച ആത്മാവ് യാതൊരു വസ്തുവിലും വിളങ്ങുന്നില്ല. കാരണം അതു തന്റെ സ്വരൂപത്തിൽ തന്നെ പ്രതിഷ്ഠിതമാകുന്നു.

**യഥാകാശമവിച്ഛിന്നം നിർവികാരം സ്വരൂപത:**







**തഥാ മുക്തസ്യ ജീവസ്യ സ്വരൂപമവശിഷ്യതേ 66**

**66.** ആകാശം അതിന്റെ സ്വരൂപത്തിൽ നിർവികാരവും, അവിഛിന്നവുമായി കാണപ്പെടുന്നതുപോലെ മോക്ഷം പ്രാപിച്ച ആത്മാവിന്റെ സ്വരൂപവും കാണപ്പെടുന്നു. (അവശേഷിക്കുന്നു)

**ന കിഞ്ചദപി മുക്തസ്യ ദൃശ്യം കർതവ്യമേവ വാ**
**സുഖസ്ഫുർതിസ്വരൂപേണ നിശ്ചലാ സ്ഥിതിരുച്യതേ 67**

**67.** മോക്ഷം പ്രാപിച്ച ആത്മാവിന് ദൃശ്യമായ പദാർത്ഥങ്ങളും കർത്തവ്യങ്ങളും ഇല്ല. സച്ചിദാനന്ദം സ്ഫുരിക്കുന്ന ആ സ്വരൂപത്തിൽ അത് നിശ്ചലാവസ്ഥയിലിരി ക്കുന്നു.

**ശിവാദ്വൈതപരിജ്ഞാനശിഥിലാശേഷവസ്തുന:**
**കേവലം സംവിദുല്ലാസദർശിന: കേന കോ ഭവേത് 68**

**68.** ശിവാദ്വൈതപരിജ്ഞാനം മൂലം വസ്തുക്കളിൽ ഭേദമില്ലാത്തവനും, സംവിദാവിന്റെ ശക്തിയെ ആനന്ദത്തോടുകൂടി മാത്രം കാണുന്നവനുമായ ശിവയോഗിക്ക് ഇന്ദ്രിയ വ്യാപാരം മൂലമുള്ള ഏതെങ്കിലും വസ്തു നേടാനാകുമോ?

## സേവ്യ പ്രസാദിസ്ഥല വർണ്ണന

**സേവ്യോ ഗുരു: സമസ്താനാം ശിവ ഏവ ന സംശയ:**
**പ്രസാദോ$\mathcal{S}$സ്യ പരാനന്ദപ്രകാശ: പരികീർത്യതേ 69**

**69.** സകലർക്കുമായി ഭഗവാൻ തന്നെ ഗുരു (ആചാര്യൻ) ആകുന്നു. പൂജിതനായ ഈ ഗുരുവിന്റെ അനുഗ്രഹ (പ്രസാദം)ത്തിന് പരാനന്ദ പ്രകാശം എന്നു പറയുന്നു.

**സേവ്യോഗുരു സമൃതോ ഹ്യസ്യ പ്രസാദോ$\mathcal{S}$നുഭവോ മത:**
**തദേകാവേശരൂപേണ തദ്വാൻ സേവ്യപ്രസാദവാൻ 70**

**70.** ശിവസ്വരൂപനായ ശിവയോഗിയെ പൂജ്യനായ ഗുരു എന്നും ഇതിൽനിന്നുള്ള അനുഭവത്തിന് പ്രസാദം എന്നും പറയുന്നു. ഗുരുവിനേയും പ്രസാദത്തേയും ഒ ന്നെന്നു കാണുന്നവനെ സേവ്യപ്ര

ആനന്ദം ഒരുപോലെയാകുന്നു. ഗുരുവും ശിഷ്യനും എന്ന ഉപാധി ഭേദത്താൽ ഇനി രന്നെ പ്രതീതിയുാകുന്നു. ഈ ഉപാധി ഇല്ലാതാകുമ്പോൾ ശിവൈക്യം (അദ്വൈതം) വിളങ്ങുന്നു.

**അഥവാ പാദശബ്ദേന ഗുരുരേവ നിഗദ്യതേ**
**ശിഷ്യശ്ചോദകശബ്ദേന തയോരൈക്യം തു ദീക്ഷയാ 7**

**7.** പാദമെന്ന ശബ്ദം കൊ് ഗുരു എന്നും, ഉദകം എന്ന ശബ്ദം കൊ് ശിഷ്യൻ എന്നും പറയുന്നു. ഇവ രിന്റെയും ഐക്യം ദീക്ഷ മുഖേന ഉാകുന്നു.

**പരമാനന്ദ എവോക്ത: പാദശബ്ദേന നിർമ്മല:**
**ജ്ഞാനം ചോദകശബ്ദേന തയോരൈക്യം തു ദീക്ഷയാ 8**

**8.** പാദമെന്ന ശബ്ദം കൊ് നിർമ്മല പരബ്രഹ്മാനന്ദം എന്നും ഉദകം എന്ന ശബ്ദം കൊ് ബ്രഹ്മസ്വ രൂപ ജ്ഞാനം എന്നും നിർവ്വചിച്ചിരിക്കുന്നു. ഇവ രിന്റേയും ഐക്യം ദീക്ഷ കൊാകുന്നു.

**പരസംവിത്പ്രകാശാത്മാ പരമാനന്ദഭാവനാം**
**അധിഗമ്യ മഹായോഗീ ന ഭേദം ക്വാപി പശ്യതി: 9**

**9.** പരബ്രഹ്മാനന്ദ സവിധത്തിൽ പ്രകാശരൂപനായിരുന്ന് പരമാനന്ദം ലഭ്യമാക്കിയ മഹാനായ ശിവയോഗി എവിടെയും ഭേദഭാവങ്ങൾ കാണുന്നില്ല.

**ദേശകാലാദ്യവച്ഛേദവിഹീനം നിത്യനിർമലം**
**ആനന്ദം പ്രാപ്യ ബോധേന നാന്യത് കാങ്ക്ഷതി സംയമീ 10**

**10.** ദേശകാലാദികളുടെ അതിരുകൾക്കുപരിയായുള്ള നിത്യനിർമ്മലമായ ആനന്ദത്തെ പരബ്രഹ്മബോധം മുഖേന പ്രാപിച്ച സംയമശീലനായ ശിവയോഗി ശിവനല്ലാതെ മറ്റു യാതൊരു വസ്തുക്കളെയും ആഗ്രഹിക്കുകയില്ല.

**ജ്ഞാനാമൃതമപി സ്വച്ഛം ഗുരുകാ(യൈക) സംഭവം**
**ആസ്വാദ്യ രമതേ യോഗി സംസാരമയവർജിത: 11**

**11.** ഗുരുകൃപകൊ് ലഭിച്ച അത്യന്തം നിർമ്മലമായ ശിവജ്ഞാ





മോക്ഷപ്രാപ്തനുമായ വ്യക്തിക്ക് ബാഹ്യമോ ആന്തരികമോ ആയ കർമ്മങ്ങൾ കരണീയമല്ലാത്തതാകുന്നു.

**ന കർമബന്ധേ ന തപോവിശേഷേ**
**ന മന്ത്രകയോഗാഭ്യസനേ തഥൈവ**
**ധ്യാനേ ന ബോധേ ച തഥാന്മതത്ത്വേ**
**മന: പ്രവൃത്തി: പരയോഗഭാജാം 76**

**76.** പരശിവയോഗത്തിന്റെ ഔന്നത്യത്തിലെത്തിയവന് മനസ്സിന്റെ പ്രവൃത്തികളായ കർമ്മബന്ധനം, വിശിഷ്ടതപം, പഞ്ചാക്ഷരീ മന്ത്രജപം, യോഗാഭ്യാസം, ശിവധ്യാനം, ശിവജ്ഞാനം എന്നിവയിലൊന്നുമല്ല ആത്മതത്വം മാത്രം ആവശ്യമായിത്തീരുന്നു.

കുറിപ്പ്: ആചാര്യനിൽ നിന്ന് ലിംഗോപദേശം സ്വീകരിക്കുന്നതിന് മുൻപ് ശിഷ്യൻ ശരീരവും, കൈകാലുകളും കഴുകി ശുദ്ധീകരിക്കുന്നു. (കുളിക്കുന്നു) പിന്നീട് മലബന്ധം, ഉഡ്ഡിയാൻ ബന്ധം, വജ്രോലി മുതലായവയാൽ ശിവശക്തിയുടെ മദ്ധ്യമരൂപമായ വൈഖരീരൂപം രുദ്രൻ, വിഷ്ണു, ഇന്ദ്രൻ തുടങ്ങിയ ദേവകളുടെ ലയനത്തിനു ശേഷം പൂർവ്വ ശരീരത്തെ ചെവി, കണ്ണ്, മൂക്ക്, നാക്ക് എന്നിവയിൽ തൊട്ടുബന്ധിച്ച ശേഷം അതിൽ പൂർവ്വദേഹം അപരദേഹം എന്നിവയുടെ കലികാ സ്വരൂപമായ ബിന്ദുമായയുടെ കാര്യഭൂതമായ വാക്കും ത്വക്കും നിശ്ചലമാക്കിയശേഷം സമ്പൂർണ്ണയോഗാജ്ഞാനത്തിന്റെ അവിമുക്ത ജന്മക്ഷേത്രഭൂതമായ പരാശക്തിയെ പൂജിക്കുന്നവൻ സേവ്യപ്രസാദിയായിത്തീരുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ പ്രാണലിംഗിസ്ഥല വർണ്ണന എന്ന 18-ാമത്തെ അദ്ധ്യായം സമാപ്തം.**

## അദ്ധ്യായം 19

## ശരണസ്ഥല വർണ്ണന

1. അഗസ്ത്യർ പറഞ്ഞു

**സ്ഥലഭേദാ: സമാഖ്യാതാ: പ്രാണലിംഗിസ്ഥലാശ്രയാ:**
**കഥയ സ്ഥലഭേദം മേ ശരണസ്ഥലസംശ്രിതം** 1

അല്ലയോ ആചാര്യരേ! പ്രാണലിംഗിസ്ഥലത്തിലടങ്ങിയിട്ടുള്ള പ്രധാന സ്ഥലഭേദങ്ങളെക്കുറിച്ച് അവിടുന്ന് പറഞ്ഞുകഴിഞ്ഞു. ശരണസ്ഥലത്തിലടങ്ങിയിട്ടുള്ള സ്ഥലഭേദങ്ങളെക്കുറിച്ച് ഇനി പറഞ്ഞു തന്നാലും.

2. രേണുകാചാര്യർ പറഞ്ഞു-

**ശരണസ്ഥലമാശ്രിത്യ സ്ഥലദ്വോദശകം മയാ**
**ഉച്യതേ നാമ സർവേഷാം സ്ഥലാനാം ശ്രുണു താപസ: 2**

അല്ലയോ താപസശ്രേഷ്ഠാ! ശരണസ്ഥലത്തെ ആശ്രയിച്ച് 12







സ്ഥലങ്ങളു്. അതിനെക്കുറിച്ച് ഇനി പറയുവാൻ പോകുന്നു. കേൾക്കുക.

**ദീക്ഷാപാനോദകം പൂർവ്വം ശിക്ഷാപാദോദകം തത:**
**ജ്ഞാനപാദോദകം ചാഥ ക്രിയാനിഷ്പത്തികം തത:**
3 **ഭാവനിഷ്പത്തികം ചാഥ ജ്ഞാനനിഷ്പത്തികം തത:**
**പിണ്ഡാകാശസ്ഥലം ചാഥ ബിന്ദ്വാകാശസ്ഥലം തത:**
4 **മഹാകാശസ്ഥലം ചാഥ ക്രിയായാശ്ച പ്രകാശനം**
**ഭാവപ്രകാശനം പശ്ചാത് തതോ ജ്ഞാനപ്രകാശനം**
**സ്വരൂപം പൃഥഗേഷാം കഥയാമി യഥാക്രമം**
5

1) ദീക്ഷാപാദോദകസ്ഥലം 2)ശിക്ഷാപാദോദകസ്ഥലം
3) ജ്ഞാനപാദോദക സ്ഥലം 4) ക്രിയാനിഷ്പത്തിസ്ഥലം
5) ഭാവനിഷ്പത്തിസ്ഥലം 6) ജ്ഞാനനിഷ്പത്തിസ്ഥലം
7) പിണ്ഡാകാശസ്ഥലം 8) ബിന്ദ്വാകാശസ്ഥലം
9) മഹാകാശ സ്ഥലം 10) ക്രിയാപ്രകാശ സ്ഥലം
11) ഭാവപ്രകാശസ്ഥലം; 12) ജ്ഞാനപ്രകാശസ്ഥലം

എന്നിവ ശരണസ്ഥലത്തിൽ അടങ്ങിയിരിക്കുന്നു. അവ ഓരോന്നിനെക്കുറിച്ചും ഇനി യഥാക്രമം വിവരിക്കുന്നു.

## ദീക്ഷാ പാദോദക സ്ഥല വർണ്ണന

**ദീക്ഷായാഽപഗതദ്വൈതം യജ്ഞാനം ഗുരുശിഷ്യയോ:**
**ആനന്ദസ്യൈക്യമേതേന ദീക്ഷാപാദോദകം സ്മൃതം** 6

**6.** ദീക്ഷ മുഖേന ലഭിച്ച അദ്വൈത ജ്ഞാനംമൂലം ഗുരുവും ശിഷ്യനും തമ്മിലുള്ള ആനന്ദത്തിന് ഏതൊരൈ ക്യമാണോ ഉള്ളത് അതിന് ദീക്ഷാ പാദോദകസ്ഥലം എന്നു പറയുന്നു.

ഗുരുമുഖേന മുൻപ് കൊടുത്തിരുന്ന ദീക്ഷകൊ് ശിഷ്യന്റെ ഹൃദയത്തിൽ സ്ഥിതി ചെയ്തിരുന്ന ദ്വൈതജ്ഞാനം ഇല്ലാതാവുകയും, അവന്റെയുള്ളിൽ പരമാനന്ദം മാത്രം സ്ഥിതമാവുകയും ചെയ്യുന്നു. ഗുരുവിന്റെ ഹൃദയത്തിൽ പരമാനന്ദം മുമ്പേ തന്നെ സംഭവിച്ചിരുന്നു. കാരണം അദ്ദേഹം ഗുരുവിൽ നിന്നും മുമ്പേ ദീക്ഷിതമായിരുന്നു. ഇവർ രുപേരും ഇപ്പോൾ അനുഭവിക്കുന്ന

**24.** അനാദിയായ അവിദ്യ മുക്തിപ്രാപിക്കുന്ന സമയത്ത് പര ബ്രഹ്മജ്ഞാനിയായ യോഗിക്ക് പ്രപഞ്ചരഹിതമായ പരബ്രഹ്മാന ന്ദത്തിന്റെ അനുഭവം ഉാകുന്നു.

ആനന്ദം രുവിധമാകുന്നു- (1) സപ്രപഞ്ചാനന്ദവും, (2) നിഷ്പ്ര പഞ്ചാനന്ദവും വിഷയാനന്ദത്തിന്റെ മറ്റൊരു പേരാണ് സപ്രപഞ്ചാ നന്ദം പരം, അപരം എന്ന ഭേദം കൊ് നിഷ്പ്രപഞ്ചാനന്ദം രു വിധമാകുന്നു. ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ എന്നീ പദങ്ങളലങ്കരി ക്കുന്നവരുടെ അനുഭൂതിയുടെ കാര്യമാണ് അപരാനന്ദം ശിവശക്തി സ്വരൂപത്തിന്റെ സമാവേശത്താൽ ലഭ്യമായ ആനന്ദത്തെ പരാനന്ദ മെന്നു പറയുന്നു.

**നിത്യാനന്ദേ നിജാകാരേ വിമലേ പരതേജസി**
**വിലീനചേതസാം പുംസാം കുതോ വിശ്വവികല്പനാ** **25**

**25.** നിത്യാനന്ദസ്വരൂപനും, നിർമ്മലനും, നിജാകാരനും, നിജ സ്വരൂപനും, പരബ്രഹ്മതേജസ്സിൽ വിലീനചിത്തനും സത്പുരുഷ ന്മാരുമായ ശിവയോഗികൾക്ക് പ്രപ ഞ്ച ഭാവന ഉാകുന്നതെ ങ്ങനെ?

**കുതോ ബ്രഹ്മാ കുതോ വിഷ്ണു: കുതോ രുദ്ര: കുതോ രവി:**
**സാക്ഷാത്കൃതപരാനന്ദജ്യോതിഷ: സാമ്യകല്പനാ** **26**

**26.** ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, സൂര്യൻ എന്നിവരെ പോലും പരമാനന്ദമയമായ തേജസ്സിനെ സാക്ഷാത്കരിച്ചവനായ ശിവയോ ഗിക്കു സമാനരായി സങ്കല്പിക്കുവാനാകില്ല.

**അപരോക്ഷപരാനന്ദവിലാസസ്യ മഹാത്മന:**
**ബ്രഹ്മവിഷ്ണ്വാദയോ ദേവാ വിശേഷാ: സുഖബിന്ദവ:** **27**

**27.** അപരോക്ഷമായ പരബ്രഹ്മാനന്ദവിലാസത്താൽ പരിപൂർണ്ണ നാകുന്ന ആ മഹാത്മാവിനെ തുലനം ചെയ്യുകയാണെങ്കിൽ ബ്രഹ്മാ വ്, വിഷ്ണു മുതലായ ദേവകളുടെ വിശിഷ്ടസുഖങ്ങൾ ബിന്ദു സമാനമാകുന്നു.

**യത്മാത്രാസഹിതം ലോകേ വാഞ്ചന്തി വിഷയം നരാ:**





നമാകുന്ന അമൃത് ആസ്വദിച്ച ശിവയോഗി ലൌകിക വിഷയങ്ങ ളാകുന്ന ആമയങ്ങൾ ഇല്ലാത്തവനായി ആത്മസ്വരൂപത്തിൽ മഹാ ദേവനെ ക് രമിക്കുകയും, ആനന്ദിക്കുകയും ചെയ്യുന്നു.

## ശിക്ഷാ പാദോദക സ്ഥല വർണ്ണന

**ഗുരുശിഷ്യമയം ജ്ഞാനം ശിക്ഷാ യോഗിനമീര്യതേ:**
**തയോ: സമരസത്വം ഹി ശിക്ഷാപാദോദകം സ്മൃതം.** **12**

**12.** പൂർവ്വോക്തമായ ജ്ഞാനം അദ്ധ്യയനത്തിൽ കൂടി ഹൃദി സ്ഥമാക്കി ഗുരുവും ശിഷ്യനും ഏകരൂപമാണ് എന്ന ജ്ഞാനം ആരു മുഖേന ശിവയോഗിക്കു ലഭിക്കുന്നുവോ ആ വിദ്യയുടേയും ജ്ഞാനത്തിന്റെയും സാമരസ്യതയെ ശിക്ഷാപാദോദകം എന്നു പറയുന്നു.

**മഥിതാച്ഛാസ്ത്രജലധേര്യുക്തിമന്ഥാനവൈഭവാത്**
**ഗുരുണാ ലഭ്യതേ ബോധസുധാ സുമനസാം ഗണൈ:** **13**

**13.** തർക്കമാകുന്ന മഥനദണ്ഡു (കടക്കോൽ)കൊ് ഗുരുമു ഖേന മഥനം ചെയ്ത് നിഗമാഗമ ശാസ്ത്രമാകുന്ന സമുദ്രത്തിൽ നിന്നുമുയർന്നുവന്ന ശിവാദ്വൈതമാകുന്ന ബോധസുധ (അമൃതം) പണ്ഡിതന്മാരിലൂടെ ലഭ്യമാകുന്നു.

**ജ്ഞാനചന്ദ്രസമുദ്ഭൂതാം പരമാനന്ദചന്ദ്രികാം**
**പശ്യന്തി പരമാകാശേ മുക്തിരാത്രൌ മഹാധിയ:** **14**

**14.** ചകോരപക്ഷി(ഉപ്പൻ)യെപ്പോലെ മഹാബുദ്ധിമാനായ ശിവ യോഗിയെന്ന വീരശൈവൻ മോക്ഷപ്രാപ്തിയുടെ രാത്രിയിൽ ജ്ഞാനമാകുന്ന നിലാവിനെ പരമാകാശത്തിൽ സാക്ഷാത്കരി ക്കുന്നു.

**ദൃഷ്ടേ തസ്മിൻ പരമാനന്ദേ ദേശകാലാദിവർജിതേ**
**ദ്രഷ്ടവ്യം വിദ്യതേ നാനത്ശ്രോതവ്യം ജ്ഞേയമേവ വാ** **15**

**15.** ദേശകാലങ്ങളൊന്നുമില്ലാത്ത പരമാനന്ദത്തെ സാക്ഷാത്ക രിച്ചിട്ട് ആ ശിവയോഗിക്ക് മറ്റൊന്നും തന്നെ കേൾക്കുവാനും അറി യുവാനുമില്ല.

**ആത്മാനന്ദേന തൃപ്തസ്യ കാ സ്പൃഹാ വിഷയേ സുഖേ**
**ഗംഗാജലേന തൃപ്തസ്യ കുപതോയേ കുതോ രതി: 16**

**16.** ആത്മാനന്ദനത്താൽ സംതൃപ്തനും ശിവാചാര്യനുമായ ശിവയോഗിക്ക് ഇന്ദ്രിയവിഷയങ്ങൾ മൂലമുള്ള സുഖങ്ങളിൽ എന്താഗ്രഹിക്കുവാനാണ്? കാരണം, ഇന്ദ്രിയ വിഷയസുഖങ്ങൾ പരിണാമചക്രത്തിൽ ദുഃഖദായകമാവുകയും, നിരന്തരമായുള്ള ആത്മാനന്ദം നിത്യസുഖദായകവുമാകുന്നു. ഗംഗാജലം കൊു സംതൃപ്തനാകുന്ന ശിവയോഗി തന്റെ കമണ്ഡലുവിലെ കിണർവെള്ളം കൊ് തൃപ്തനാകുന്നതെങ്ങനെ?

**യസ്മിന്നപ്രാപ്തകല്ലോലേ സുഖസിന്ധൌ നിമജ്ജതി**
**സാമരസ്യാത്മഹായോഗീ തസ്യ സീമാ കുതോ ഭവേത് 17**

**17.** രാഗം, ദ്വേഷം, കാമം, ക്രോധം, ലോഭം, മോഹം എന്നിങ്ങനെയുള്ള ഇന്ദ്രിയവിഷയങ്ങളാകുന്ന തിരമാലകളിൽപ്പെട്ടുഴലാതെ ശിവജ്ഞാനസുഖമാകുന്ന സാഗരത്തിൽ സാമരസ്യത്തോടുകൂടി മുങ്ങുന്ന ശിവയോഗിയായ വീരശൈവന് ആ സാഗരത്തിന്റെ അതിരുകളെങ്ങനെ അളക്കാനാകും? ആ ആനന്ദത്തെ മറയ്ക്കാനാവുകയില്ല.

**ഗുരുപ്രസാദചന്ദ്രേണ നിഷ്കളങ്കേന ചാരുണാ**
**യന്മന: കുമുദം നിത്യബോധിതം തസ്യ കോ ഭ്രമ: 18**

**18.** നിഷ്കളങ്കനും സുന്ദരനുമായ ഗുരുവിന്റെ അനുഗ്രഹമാകുന്ന ചന്ദ്രനാൽ മനസ്സാകുന്ന ഏതൊരു ആമ്പലും പ്രകാശിച്ചുകൊിരിക്കും. ഭേദമെന്ന തോന്നൽ ആമനസ്സിലങ്ങനെയുാകും?

## ജ്ഞാനപാദോദക സ്ഥല വർണ്ണന

**തദൈക്യസമ്പദാനന്ദജ്ഞാനം ജ്ഞാനഗുരുർമത:**
**തത്സാമരസ്യം ശിഷ്യസ്യ ജ്ഞാനപാദോദകം വിദു: 19**

**19.** പരമാനന്ദംകൊുാകുന്ന ശിവജ്ഞാനത്തെ ജ്ഞാനഗുരുവുമായുള്ള ഐക്യസമ്പത്തോടുകൂടിയുള്ള ശിഷ്യന്റെ ആ ജ്ഞാനത്തെ സാമരസ്യജ്ഞാന പാദോദകം എന്നു കണക്കാക്കുന്നു.





**അവിദ്യാരാഹുനിർമുക്തോ ജ്ഞാനചന്ദ്ര: സുനിർമല:**
**പ്രകാശതേ പരാകാശോ പരാനന്ദമഹാദ്യുതി: 20**

**20.** അവിദ്യയാകുന്ന രാഹു എന്ന സർപ്പത്തിൽ നിന്നും വിമുക്തമായതും, അത്യന്തം സ്വച്ഛവും പരമാനന്ദവുമാകുന്ന ഗംഭീരപ്രകാശമുള്ളതുമായ ജ്ഞാനമാകുന്ന ചന്ദ്രൻ മനസ്സെന്ന പരാകാശത്തിൽ പ്രാകാശിച്ചുകൊിരിക്കുന്നു.

**അജ്ഞാനമേഘനിർമുക്ത: പൂർണ്ണജ്ഞാനസുധാകര:**
**ആനന്ദജലധേർവൃദ്ധിർമനുപശ്യൻ വിഭാസതേ 21**

**21.** അജ്ഞാനമാകുന്ന മേഘങ്ങളിൽ നിന്നും വിമുക്തമായ ജ്ഞാനമാകുന്ന പൂർണ്ണചന്ദ്രൻ ആനന്ദമാകുന്ന സാഗരത്തിന്റെ തെളിമയിൽ വിശേഷരൂപത്തിൽ തിളങ്ങുന്നു.

**ജ്ഞാനചന്ദ്രോദയേ ജാതേ ധ്വസ്തമോഹതമോഭരാ:**
**പശ്യന്തി പരമാം കാഷ്ടാം യോഗിന: സുഖരൂപിണീം 22**

**22.** ജ്ഞാനമാകുന്ന ചന്ദ്രന്റെ ഉദയത്തോടുകൂടി മോഹമാകുന്ന അന്ധകാരസമൂഹത്തെ ഇല്ലാതാക്കുന്നവനായ ശിവയോഗി പരബ്രഹ്മജ്ഞാന സുഖത്തിന്റെ പരമകാഷ്ഠയെ വീക്ഷിക്കുന്നു.

**മായാരജന്യാ വിരമേ ബോധസൂര്യേ പ്രകാശിതേ**
**നിരസ്തസർവവ്യാപാരശ്ചിത്രം സ്വപിതി സംയമി 23**

**23.** ജ്ഞാനമാകുന്ന സൂര്യോദയത്തിൽ മായയാകുന്ന രാത്രി അവസാനിക്കുമ്പോൾ സംയമിയായ ശിവയോഗി സർവ്വ വ്യവഹാരങ്ങളും ഉപേക്ഷിച്ച് ഉറങ്ങിക്കൊിരിക്കുന്ന ജീവനെപ്പോലെ പരമാനന്ദം അനുഭവിച്ചുകൊിരിക്കുന്നു എന്നത് ആശ്ചര്യകരമാകുന്നു. കാരണം, സാധാരണജനങ്ങളുടെ എല്ലാ വ്യവഹാരങ്ങളും രാത്രിയിലല്ല. പകലാണ്.

**അനാദ്യവിദ്യാവിച്ഛിത്തിവേലായം പരയോഗിന:**
**പ്രകാശതേ പരമാനന്ദ: പ്രപഞ്ചേന വിനാ കൃത: 24**

**പ്രകാശിതേ ശിവാനന്ദേ തദ്ഭാവൈ: കിം പ്രയോജനം**
**സിദ്ധേ സാദ്ധ്യേ ചിരേണാപി സാധനൈ: കിം പ്രയോജനം**
**41**

**41.** ശിവാനന്ദം പ്രത്യക്ഷമാകുമ്പോൾ ശിവനെ പ്രതി അതിന്റെ ആരാദ്ധ്യ-ആരാധക ഭാവങ്ങൾ കൊണ്ടെന്തു പ്രയോജനം? കാര്യങ്ങൾ സാധിച്ചതിനുശേഷം വൈകി കിട്ടുന്ന വസ്തുക്കൾ കൊണ്ടെന്തു പ്രയോജനം?

**ഏകീകൃതേ ശിവേ ഭാവേ ജ്ഞാനേനേ സഹ സംയമീ**
**വിസ്മിതാത്മസമാവേശ: ശിവഭാവേ വിഭാസതേ 42**

**42.** ശിവജ്ഞാനവും ശിവസങ്കല്പവും ഒന്നാകുമ്പോൾ തന്റെ ശിവസമാവേശം കൊ് ആശ്ചര്യചകിതനാകുന്ന ശിവയോഗി (സംയമി) ശിവന്റെ വിശേഷരൂപത്താൽ പ്രകാശിക്കുന്നു. (വിളങ്ങുന്നു)

**ന ഭാവേന വിനാ ജ്ഞാനം ന ഭാവോ ജ്ഞാനമന്തരാ**
**മോക്ഷായ കാരണം പ്രോക്തം തസ്മദുഭയമാശ്രയേത്**
**43**

**43.** ശിവഭാവം കൂടാതെ ശിവജ്ഞാനവും, ശിവജ്ഞാനം കൂടാതെ ശിവഭാവവും ഉാകുന്നില്ല. ആയതിനാൽ മോക്ഷത്തിനായി അതിനു കാരണഭൂതമായ രിനേയും ആശ്രയിക്കണം

## ജ്ഞാനനിഷ്പത്തിസ്ഥല വർണ്ണന

**ജ്ഞാനസ്യ വ്യവഹാരേഽപി ജ്ഞേയാഭാവാത് സ്വഭാവത:**
**സ്വപ്നവജ്ജ്ഞാന നിഷ്പത്ത്യാ ജ്ഞാനനിഷ്പന്ന ഇത്യസൌ 44**

**44.** ശിവജ്ഞാന സമ്പന്നനായ ശിവയോഗിയുടെ വ്യവഹാരത്തിലും അയാൾക്ക് സ്വാഭാവികമായി ഒന്നും തന്നെ ഉാകുന്നില്ല. കാരണം അയാൾക്ക് ശിവനെയല്ലാതെ വേറെയൊന്നും തന്നെ തോന്നുന്നില്ല. ഫലത്തിൽ അയാളുടെ ശിവജ്ഞാനനിഷ്പത്തി സ്വപ്നതുല്യമാകുന്നു. ഇപ്രകാരമുള്ള ശിവയോഗിയെ ജ്ഞാനനിഷ്പത്തിമാൻ എന്നു വിളിക്കുന്നു.

കുറിപ്പ്:- ശിവജ്ഞാനവും ശിവഭാവവും പരസ്പരം ആശ്രയിച്ചിരിക്കുന്നതുപോലെ തന്നെ ശിവജ്ഞാനപ്രാപ്തിയ്ക്കുവേി പ്രധാ





**തദപ്രമേയമാനന്ദം പരമം കോ ന വാഞ്ചതി 28**

**28.** പരമവും, അപ്രമേയവുമായ ഏകമാശ്രയവുമായ ആ ആനന്ദം ആഗ്രഹിക്കാത്ത മനുഷ്യരായി ഈ പ്രപഞ്ചത്തിൽ ആരാണ് ഉള്ളത്?

## ക്രിയാനിഷ്പത്തി സ്ഥലവർണ്ണന

**പരകായേ ക്രിയാപത്തി: കല്പിതൈവ പ്രകാശതേ**
**രജ്ജൌ ഭുജംഗവദ് യസ്മാത് ക്രിയാ നിഷ്പത്തിമാനയം 29**

**29.** പരകായനും പരബ്രഹ്മ ശരീരിയുമായ ശിവയോഗിയുടെ ഉള്ളിൽ സങ്കല്പിച്ചിരിക്കുന്ന ക്രിയയുടെ സ്ഥിതി ദൃഷ്ടാന്തമാകുന്നു. ആയതിനാൽ കയറിനെ സപ്പമെന്നു തോന്നിപ്പിക്കുന്നതുപോലെ ഈ ക്രിയ ചെയ്യുന്നവനായ ശിവയോഗിയുടെ ശരീരത്തിൽ ക്രിയയുടെ ദർശനം വെ റും ഭ്രമം മാത്രമാകുന്നു. വാസ്തവത്തിൽ അതു ശിവസ്വരൂപമായതിനാൽ നിഷ്കളങ്കവും, നിഷ്ക്രിയവും, ശാന്തവുമായിത്തീരുന്നു.

**ജ്ഞാനിനാം യാനി കർമാണി താനി നോ ജന്മഹേതവ:**
**അഗ്നിദഗ്ധാനി ബീജാനി യഥാ നാങ്കുരകാരണം 30**

**30.** അഗ്നിയിൽ വീണുകത്തിക്കരിഞ്ഞതായ വിത്തു മു ളയ്ക്കാത്തതു വിത്തിന്റെ കുറ്റമല്ല. അപ്രകാരം ജ്ഞാനികളായവരുടെ കർമ്മങ്ങൾ ജന്മഹേതുവാകുന്നില്ല.

**കർമണാ കിം കൃതേനാപി ജ്ഞാനിനോ നിരഹംകൃതേ:**
**വിക്രിയാ പ്രതിബിംബസ്ഥാ കിം കരോതി ഹിമദ്യുതേ: 31**

**31.** അഹങ്കാരമില്ലാത്തവനായ ജ്ഞാനി ചെയ്ത കർമ്മങ്ങൾകൊ് എന്താണ് സംഭവിക്കുക? ആ കർമ്മങ്ങൾ ജ്ഞാനിയിൽ യാതൊരു പ്രഭാവവും ഉാക്കുന്നില്ല. ചന്ദ്രന് തന്റെ പ്രതിബിംബത്തിൽ സംഭവിക്കുന്ന വികാരം കൊ് എന്തു സംഭവിക്കുവാനാണ്.

**ചന്ദ്രസ്യ മേഘസംബന്ധാദ് യഥാ ഗമനകല്പനാന**
**തഥാ ദേഹസ്യ സംബന്ധാദാരോപ്യാ സ്യാത് ക്രിയാത്മന: 32**

**32.** മേഘത്തോടൊപ്പം ചന്ദ്രനും ഒന്നിച്ചിരിക്കുന്നതുകൊ് ചന്ദ്രൻ സഞ്ചരിക്കുന്ന പ്രതീതിയുാക്കുന്നു. വാസ്തവത്തിൽ മേഘം തന്നെ അവിടെയുമിവിടെയും ചുറ്റിക്കറങ്ങുന്നു. ചുറ്റിക്കൊ

ിരിക്കുന്നത് ചന്ദ്രനല്ല. അപ്രകാരം ശരീരത്തോടുകൂടി ചേർന്നിരിക്കുന്നതിനാൽ ആത്മാവിനുവേി ക്രിയകൾ ആരോപിക്കപ്പെടുന്നു. ആത്മാവാണെങ്കിൽ നിഷ്ക്രിയവും, നിശ്ചലവും, ശാന്തവും, നിരവദ്യവും, നിരഞ്ജനവുമാകുന്നു.

**ജ്ഞാനി കർമനിരൂഢോƒപി ലിപ്യതേ ന ക്രിയാഫലൈ:**
**ഘൃതാദിനാ യഥാ ജിഹ്വാ ഭോക്ത്രി ചാപി ന ലിപ്യതേ 33**

**33.** നെയ്യ് മുതലായവ ഭോഗം ചെയ്യുന്ന നാക്ക് അവയിൽ അലിഞ്ഞു പോകുന്നില്ല. അപ്രകാരം തന്നെ ജ്ഞാനികൾ കർമ്മങ്ങൾ ചെയ്താലും അതിന്റെ ഫലങ്ങൾ കൊ് പ്രഭാവിതനാകുന്നില്ല.

**നിരസ്തോപാധിസംബന്ധേ ജീവേ യാ യാ ക്രിയാസ്ഥിതി:**
**സാ സാ പ്രതീതിമാത്രേണ നിഷ്ഫലാ ചാത്ര ലീയതേ 34**

**34.** നിഷ്കാമകർമ്മങ്ങൾ ചെയ്യുമ്പോൾ ഏതെല്ലാം ക്രിയകൾ ഉാേ അതാതിന്റെ പ്രതീതിമാത്രം ഈ ആത്മാവിൽ വിലീനമായിത്തീരുന്നു.

**ഗച്ഛംസ്തിഷ്ഠൻ സ്വപൻ വാപി ന നിഷ്കർമാസ്തി കശ്ചിന**
**സ്വഭാവോ ദേഹിനാം കർമ ജ്ഞാനിനാം തത്തു നിഷ്ഫലം 35**

**35.** ദേഹധാരണം ചെയ്തിരിക്കുന്നതിനാൽ സർവ്വരും നടക്കുക, ഇരിക്കുക, ഉറങ്ങുക, മുതലായ എല്ലാ അവസ്ഥയിലും കർമ്മരഹിതനാകാതെ കർമ്മങ്ങൾ ചെയ്തുകൊയേിരിക്കുന്നു. കർമ്മം ചെയ്യുക എന്നത് അവന്റെ സ്വഭാവമാകുന്നു. അജ്ഞാനികളുടെ കർമ്മങ്ങൾക്ക് കാലാന്തരത്തിൽ ഫലം കൊടുക്കുന്നു. എന്നാൽ ജ്ഞാനികളുടെ കർമ്മങ്ങൾക്ക് ഫലം കൊടുക്കുന്നില്ല.

**പരിപൂർണമഹാനന്ദഭാവിന: ശുദ്ധചേതസ:**
**ന ഭവേത് കർമകാർപണ്യം നാനാഭോഗഫലപ്രദം 36**

**36.** ശുദ്ധമനസ്കനും, നിത്യപരിപൂർണ്ണനും മഹാസച്ചിദാനന്ദ സ്വരൂപനും പരബ്രഹ്മഭാവനയാൽ ഇഴുകിച്ചേർന്നവനുമായ ശിവയോഗിക്ക് ഭോഗങ്ങളാകുന്ന അനേകം ഫലങ്ങൾ കൊടുക്കുന്ന കർമ്മങ്ങൾമൂലമുാകുന്ന ദുഃഖങ്ങൾ അനുഭവിക്കേി വരുന്നില്ല.







## ഭാവനിഷ്പത്തിസ്ഥല വർണ്ണന

**ഭാവ: പ്രതീയമാനോƒപി പരകായേ തു കല്പിത:**
**ശുക്തൌ രജതവദ് യസ്മാദ് ഭാവാനിഷ്പത്തിമാനയം 37**

**37.** പരകായനും, പരബ്രഹ്മ ശരീരധാരിയുമായ ശിവയോഗിയുടെ ഉള്ളിൽ തോന്നിപ്പിക്കുന്ന ഭാവം വാസ്തവമല്ല. അതു മുത്തിന്റെ വെണ്മയെന്നപോലെയുള്ള ഭ്രമം ഉാക്കുന്ന സങ്കല്പം മാത്രമാകുന്നു. ഇതുമൂലം ആ ശിവയോഗി (വീരശൈവൻ) ഭാവനിഷ്പത്തിമാൻ ആകുന്നു.

**ഭാവേന നാസ്തി സംബന്ധ: കേവലജ്ഞാനയോഗിന:**
**തഥാപി ഭാവം കുർവതി ശിവേ സംസാരമോചകേ 38**

**38.** ശിവജ്ഞാന സമ്പന്നനായ ശിവയോഗിയുടെ ശിവഭാവത്തോടു കൂടി യാതൊരു ബന്ധവുമില്ലെങ്കിൽ ലൌകിക വിഷയ ബന്ധന (സംസാരബന്ധനം) ത്തിൽ നിന്നും മുക്തിയേകുന്ന ശിവനെ മാത്രം ധ്യാനിക്കുകയും ആരാധിക്കുകയും ചെയ്യുകയാണ് വേ ത്

**പരിപൂർണപ്രബോധേƒപി ഭാവം ശംഭൌ ന വർജയേത്**
**ഭാവോ ഹി നിഹിതസ്തസ്മിൻ ഭവസാഗരതാരക: 39**

**39.** ശിവജ്ഞാനം അതിന്റെ പരിപൂർണ്ണതയിലെത്തുമ്പോഴും ശിവനെ പ്രതി സേവ്യ-സേവക ഭാവത്തെ (പൂജ്യ-പൂജകഭാവം) ഉപേക്ഷിക്കുവാൻ പാടില്ല. കാരണം ശിവഭാവം എന്ന സാഗരത്തിനക്കരെ കടക്കുവാനുള്ള ഭാവം ശിവനിൽ തന്നെ നിക്ഷിപ്തമാകുന്നു.

**നിവർത്യ ജന്മജം ദുഃഖം ഭാവ: ശൈവോ നിവർതതേ**
**യഥാ കാഷ്ഠാദികം ദഗ്ധ്വാ സ്വയം ശാമ്യതി പാവക: 40**

**40.** ശൈവഭാവത്തിന്റെ ആവശ്യകത ജന്മജന്യമായ ദുഃഖം ഇല്ലാതാക്കുന്നതുവരെയാകുന്നു. വിറക് മുതലായവ കത്തിയെരിഞ്ഞതിനുശേഷം അഗ്നി സ്വയം ശാന്തമായിത്തീരുന്നതുപോലെ ജന്മഹേതുവായ ദുഃഖത്തെ നിവാരണം ചെയ്തതിനുശേഷം ശൈവ ഭാവം ശാന്തമായിത്തീരുന്നു.

ഭിക്കുന്നു.

**അന്തരാകാശബിംബസ്ഥമശേഷോപാധിവർജിതം**
**ഘടാകാശ ഇവ ച്ഛിന്നം ഭാവയേച്ചിന്മയം ശിവം 58**

**58.** യാതൊരു ഉപാധികളുമില്ലാതെ തന്റെ ഹൃദയാകാശബിംബത്തിൽ സ്ഥിതി ചെയ്യുന്ന ചിന്മയനായ ശിവനെ മേഘാവൃതമായ ആകാശം പോലെ പരിച്ഛിന്ന രൂപത്തിൽ ശിവയോഗികൾ ധ്യാനിക്കുകയാണു വേത്. മഹാകാശം മേഘങ്ങളെക്കൊു മറയ്ക്കപ്പെട്ടിരുന്നിട്ടും ആകാശം അതുപോലെ തന്നെ ഇരിക്കുന്നു. അപ്രകാരം ഭഗവാൻ ശിവശങ്കരൻ അവിച്ഛിന്നമായിരുന്നിട്ടും ഹൃദയത്തിനുള്ളിൽ ശിവനായിതന്നെയിരിക്കുന്നു എന്നു സങ്കല്പിച്ച് ധ്യാനിക്കുക

## ബിന്ദ്വാകാശ സ്ഥല വർണ്ണന

**യഥാകാശോ വിഭുർജ്ഞേയ: സർവപ്രാണ്യുപരി സ്ഥിത:**
**തഥാത്മേത്യുപമാനാർത്ഥം ബിന്ദ്വാകാശസ്ഥലം വിദു: 59**

**59.** സർവ്വജീവികൾക്കും ഉപരിയായി സ്ഥിതി ചെയ്യുന്ന ആകാശം എപ്രകാരം വ്യാപിച്ചിരിക്കുന്നുവോ അപ്രകാരം സകല ജീവികളുടേയും ഉള്ളിൽ ആത്മാവും മറഞ്ഞിരുന്നുകൊ് പരമാത്മാവിന്റെ രൂപത്തിൽ വ്യാപിച്ചിരിക്കുന്നതിനോട് ബിന്ദ്വാകാശസ്ഥലത്തെ പണ്ഡിതന്മാർ തുലനം ചെയ്തിരിക്കുന്നു.

**യഥൈകോ വായുരാഖ്യാത: സർവപ്രാണിഗതോ വിഭു:**
**തഥാത്മാ വ്യാപക: സാക്ഷാത് സർവപ്രാണിഗത: സ്വയം 60**

**60.** ഒരേ വായു തന്നെ സർവ്വജീവികളിലും ഉായിരിക്കുകയും വ്യാപിച്ചിരിക്കുകയും ചെയ്യുന്നതുപോലെ ഒരേ ആത്മാവു തന്നെ സർവ്വജീവികളിലും വസിക്കുകയും വ്യാപിക്കുകയും ചെയ്യുന്നു. അതായത് ആത്മാവ് ജീവികളുടെ ഉള്ളിലും പുറത്തും സർവ്വ ഇടങ്ങളിലും സ്ഥിതി ചെയ്യുന്നു.

**യഥാ വഹ്നേരമേയാത്മാ സർവത്രൈകോഽപി ഭാസതേ**





നമായും ശിവഭാവത്തിന്റെ ആവശ്യകതയു്. ഈ ഭാവം കോടിയുടേതല്ല, പരകോടിയുടേതാണ്. അതിനേക്കാളുപരിയായുള്ള കോടിയുടെ ഭാവത്തിൽ നിന്നു ജ്ഞാനവും, ജ്ഞാനത്തിൽ നിന്നു പരകോടി ഭാവവും വന്ന് ശിവസാമരസ്യമുാകുന്നു വീും ആനന്ദം അനുഭവിക്കുന്നതിനുവേി അയാൾ പരശിവഭാവത്തിന്റെ അവസ്ഥയിലേക്കിറങ്ങിയോ ഇറങ്ങാതെയോ സ്വയേച്ഛ പോലെ ചെയ്യുന്നു. കാരണം ഭഗവദ്ഭക്തി മോക്ഷത്തേക്കാൾ ഉപരിയായിട്ടുള്ളതാകുന്നു. തുടങ്ങിയ സിദ്ധാന്തങ്ങൾ മഹാന്മാരായ കുറെ സിദ്ധന്മാരുടേതാണ്. ബാലി മുതലായവരെല്ലാം ഭഗവാനോട് ജന്മജന്മാന്തരങ്ങളിലും ഭക്തിക്കായി യാചിച്ചിരുന്നു.

**സ്വപ്നജാതം യഥാ ജ്ഞാനം സഹ സ്വാർത്ഥനിവർതതേ**
**തഥാത്മനി പ്രകാശേ തു ജ്ഞാനം ജ്ഞേയം നിവർതതേ 45**

**45.** കുടവും വസ്ത്രവുമെന്നതുപോലെ സ്വപ്നത്തിലുായ ജ്ഞാനം ഇല്ലാതാകുമ്പോൾ ആത്മസ്വരൂപനായ ശ്രീ പരമേശ്വരന്റെ പ്രകാശം ഉാകുമ്പോൾ തന്റെ ജ്ഞാനവും ജ്ഞേയവും നിവർത്തിക്കപ്പെടുന്നു.

**പരിപൂർണേ മഹാനന്ദേ പരമാകാശലക്ഷണേ**
**ശിവേ വിലീനചിത്തസ്യ കുതോ ജ്ഞേയാന്തരേ കഥാ 46**

**46.** പരിപൂർണ്ണനും, മഹാനന്ദസ്വരൂപനും, പരാകാശ ലക്ഷണനും ഭഗവാൻ ശിവശങ്കരനിൽ വിലീനചിത്തനുമായ ശിവയോഗിക്കായി മറ്റൊരുജ്ഞേയമില്ല എന്നതുതന്നെ.

**അഖണ്ഡാനന്ദസംവിത്തിസ്വരൂപം ബ്രഹ്മ കേവലം**
**മിഥ്യാ തദന്യദിത്യേഷാ സ്ഥിതിർജ്ഞാനമിഹോച്യതേ 47**

**47.** പരബ്രഹ്മം പരശിവമാകുന്നു. ബ്രഹ്മം കേവലം അഖണ്ഡ സംവിത് സ്വരൂപവും അഖണ്ഡമായ ആനന്ദവും ജ്ഞാനസ്വരൂപവുമായ പരബ്രഹ്മം തന്നെയാകുന്നു. അതിൽ നിന്നും അന്യമായ മറ്റുള്ളതെല്ലാം മിഥ്യയാകുന്നു. ഈ വിഷയത്തിന് പ്രപഞ്ചത്തിൽ ജ്ഞാനം എന്നു പറയുന്നു.

**സത്താത്മനാഽനുവൃത്തം യദ് ഘടാഭിഷു പരം ഹി തത്**

**വ്യാവർതമാനാ മിഥ്യേതി സ്ഥിതിർജ്ഞാനമിഹോച്യതേ 48**

**48.** കുടം വസ്ത്രം മുതലായവയിൽ സത്തയുടെ രൂപത്തിൽ വിളങ്ങുന്ന ആ പരബ്രഹ്മതത്വം ഭഗവാൻ ശിവനാകുന്നു. കുടമുള്ളപ്പോൾ വസ്ത്രമില്ല. അതു മിഥ്യയാകുന്നു. ഇപ്രകാരമുള്ള സ്ഥിതിയ്ക്ക് ജ്ഞാനം എന്നു പറയുന്നു.

**അകാരണമകാര്യം യദശേഷോധിവർജിതം**
**തദ്ബ്രഹ്മ തദഹം ചേതി നിഷ്ഠാ ജ്ഞാനമുദീര്യതേ 49**

**49.** സർവ്വഉപാധികളില്ലാത്തതും, കാര്യവും കാരണവും ഏതാണോ അത് ബ്രഹ്മവും, ഞാനും അതുതന്നെയാകുന്നു എന്നിങ്ങനെയുള്ള ദൃഢ വിശ്വാസത്തെ ജ്ഞാനം എന്നു പറഞ്ഞുവരുന്നു.

**ജ്ഞാതാപ്യഹം ജ്ഞേയമിദമിതി വ്യവഹൃതി: കുത:**
**അഭേദബ്രഹ്മസ്വാരസ്യേ നിരസ്താഖിലവസ്തുനി 50**

**50.** ഈ പ്രപഞ്ചത്തിലെ സകല ലൌകിക വിഷയങ്ങളിൽ നിന്നുമകന്ന് അഭേദമായ പരബ്രഹ്മത്തിന്റെ സാമരസ്യത്തിൽ ഞാൻ ജ്ഞാതാവാകുന്നു. ഇതു ജ്ഞേയമാകുന്നു എന്നും മറ്റുമുള്ള വ്യവഹാരാദികൾ സംഭവിക്കുന്നതെവിടെയാണ്?

## പിണ്ഡാകാശസ്ഥല വർണ്ണന

**യഥാ പിണ്ഡസ്ഥ ആകാശസ്തഥാത്മാ പൂർണ ഉച്യതേ**
**ഏതദത്ഥവിവേകോ യ: പിണ്ഡാകാശസ്ഥലം വിദു 51**

**51.** പിണ്ഡമെന്ന ശരീരത്തിൽ സ്ഥിതി ചെയ്യുന്ന ആകാശത്തെ പൂർണ്ണമെന്നു പറയുന്നതുപോലെ തന്നെ ഈ പിണ്ഡത്തിൽ സ്ഥിതി ചെയ്യുന്ന ആത്മാവും പൂർണ്ണമെന്നും പറയുന്നു. ഇതിനർത്ഥമായിട്ടുള്ള വിശിഷ്ടജ്ഞാനത്തിനു പിണ്ഡാകാശ സ്ഥലം എന്നു പറയുന്നു.

**ഘടോപാധിര്യഥാകാശ: പരിപൂർണ: സ്വരൂപത:**
**തഥാ പിണ്ഡസ്ഥിതോ ഹ്യാത്മാ പരിപൂർണ പ്രകാശതേ: 52**

**52.** മേഘമാകുന്ന ഉപാധികളാൽ ആവൃതമായ ആകാശം സ്വരൂപത്താൽ പരിപൂർണ്ണമാകുന്നതുപോലെ പിണ്ഡമെന്ന ശരീരത്തിൽ സ്ഥിതി ചെയ്യുന്ന പരബ്രഹ്മസ്വരൂപമായ ആത്മാവും പരിപൂർണ്ണമായി പ്രകാശിതമാകുന്നു.







**അന്ത:സ്ഥിതം പരാകാശം ശിവമദ്വൈതലക്ഷണം**
**ഭാവയേദ് യ: സുമനസാ പിണ്ഡാകാശ: സ ഉച്യതേ 53**

**53.** അദ്വൈത ലക്ഷണമായ ശിവത്തെ പരാകാശത്തിൽ അന്ത:സ്ഥിതമായ രൂപത്തിൽ ശുദ്ധമായ മനസ്സാൽ ധ്യാനിക്കുന്നവനെ പിണ്ഡാകാശമെന്നു പറയുന്നു.

**ശിവാഗാരമിദം പ്രോക്തം ശരീരം ബോധദീപിതം**
**ഷട്ത്രിംശത്തത്ത്വഘടിതം സുമന: പദ്മപീഠകം 54**

**54.** മുപ്പത്തിയാറു (36) തത്വങ്ങളാൽ രചിയ്ക്കപ്പെട്ട ശുദ്ധ മനസ്സാകുന്ന താമരപ്പൂക്കൾ കൊുള്ള പീഠത്താൽ യോഗ്യമായതും, ശിവജ്ഞാനത്താൽ ദീപ്തമായതുമായ ശരീരത്തെ ശിവന്റെ ആവാസസ്ഥലം എന്നു പറയുന്നു.

**പരാകാശസ്വരൂപണേ പ്രകാശ: പരമേശ്വര:**
**ഹൃദാകാശഗുഹാലിനോ ദൃശ്യതേƒന്ത: ശരീരിണാം 55**

**55.** പരാകാശസ്വരൂപത്താൽ പ്രകാശിതനായ ഭഗവാൻ ശ്രീപരമേശ്വരൻ ശരീരികളുടെ ഹൃദയാകാശമാകുന്ന ഗുഹയിൽ ലീനനായി കാണപ്പെടുന്നു.

**ഏതച്ഛിവപുരം പ്രോക്തം സപ്തധാതുസമാവൃതം**
**അത്ര ഹൃത്പങ്കജം വേശ്മ സൂക്ഷ്മാംബര മനോഹരം 56**
**തത്ര സന്നിഹിതം സാക്ഷാത് സച്ചിദാനന്ദലക്ഷണം**
**നിത്യസിദ്ധ: പ്രകാശ്ത്മാ ജലസ്ഥാകാശവച്ഛിവ: 57**

**56/57.** സപ്തധാതുക്കളായ അന്നരസം, രുധിരം, മാംസം, ചർമ്മം, അസ്ഥി, മജ്ജ, വീര്യം എന്നിവകളാൽ നിർമ്മിക്കപ്പെട്ട ശരീരത്തെ ശിവന്റെ ആവാസസ്ഥലം എന്നു പറയുന്നു. ഇതിൽ സൂക്ഷ്മാകാശത്താൽ യോഗ്യമായതും മനോഹരവുമായ ഹൃദയകമലം ഭഗവാൻ ശ്രീപരമേശ്വരന്റെ അന്ത:പുരമാകുന്നു. അതിൽ സാക്ഷാൽ സച്ചിദാനന്ദ സ്വരൂപനും നിത്യസിദ്ധനും പ്രകാശവാനുമായ ഭഗവാൻ ശിവശങ്കരൻ ജലത്തിനുള്ളിലെ ആകാശത്തെപ്പോലെ പ്രശോ

**ശിവസ്യ പരിപൂർണസ്യ ചിദാകാശസ്വരൂപിണ:
ആത്മത്വേനാനുസന്ധാനാത് ക്രിയാദ്യോതനവാൻ യമി** **76**

**76.** മഹാകാശ സ്വരൂപനായ ശിവയോഗി പരിപൂർണ്ണനും, ചിദാകാരനും, ചിദാകാശ സ്വരൂപനുമായ ഭഗവാൻ ശിവന്റെ രൂപത്തിൽ അനുസന്ധാനം ചെയ്യുന്നതുകൊ് ക്രിയാപ്രകാശവാൻ ആകുന്നു.

**നിഷ്കളങ്കചിദാനന്ദഗഗനോപമരൂപിണ:
ശിവസ്യ പരിപൂർണസ്യ വൃത്തിശ്ചൈതന്യരൂപിണി** **77**

**77.** നിഷ്കളങ്കനും, ചിദാനന്ദനും, ആകാശ സ്വരൂപനും, പരിപൂർണ്ണനുമായ ഞാൻ ശിവനാകുന്നു എന്ന ശിവ സങ്കല്പം ചിത്സ്വരൂപമാകുന്നു.

**നിഷ്കളങ്കേ നിരാകാരേ നിത്യേ പരമതേജസി
വിലീനചിത്തവൃത്തസ്യ തഥാ ശക്തി: ക്രിയോച്യതേ** **78**

**78.** നിഷ്കളങ്കനും, നിരാകാരനും, നിത്യനും, പരമ തേജോരൂപനുമായ ശിവനിൽ വിലീനമായ ചിത്തവൃത്തിയുള്ള ശിവയോഗിയുടെ അപ്രകാരമുള്ള ശക്തിയെ ക്രിയ എന്നു പറയുന്നു.

**സർവജ്ഞ: സർവകർത്താ ച സർവഗ: പരമേശ്വര:
തദൈക്യചിന്തയാ യോഗി താദൃശാത്മാ പ്രകാശതേ** **79**

**79.** ഭഗവാൻ ശ്രീപരമേശ്വരൻ സർവജ്ഞനും, സർവ്വകർത്താവും, സർവ്വവ്യാപിയുമാകുന്നു. അവിടുത്തോടുകൂടി ഐക്യഭാവനയുള്ള ശിവയോഗി (വീരശൈവൻ) അതിനു സമാനമായ ആത്മാവോടുകൂടിയവനും, സർവ്വജ്ഞാതാവും, സർവ്വകർത്താവുമായ രൂപത്തിൽ പ്രകാശിക്കുന്നു.

**സർവേന്ദ്രിയാണാം വ്യാപാരേ വിദ്യമാനേƒപി സംയമീ
പ്രത്യുന്മുഖേന മനസാ ശിവം പശ്യൻ പ്രമോദതേ** **80**

**80.** തന്റെ സർവ്വ ഇന്ദ്രിയങ്ങളും സകല വ്യാപാരങ്ങളിലും പ്രശോഭിക്കുമ്പോഴും സംയമിയായ ശിവയോഗി അതിൽ നിന്നും പ്രത്യു







**തഥാ ശംഭു: സമസ്താത്മാ പരിച്ഛേദവിവർജിത:** **61**

**61.** അപരിമേയമായ അഗ്നി ഒന്നായിത്തീർന്നിട്ടും സകലസ്ഥലങ്ങളിലും പ്രശോഭിക്കുന്നതുപോലെ സകലരുടേയും ആത്മസ്വരൂപനായ ഭഗവാൻ ശിവശങ്കരനും ഒന്നായിത്തീർന്ന് അതിരറ്റ് പ്രശോഭിക്കുന്നു.

**സർവേഷാം ദേഹിനാമന്തശ്ചിത് തതേƒയം പ്രകാശതേ
തസ്മിൻ പ്രതിഫലത്യാത്മാ ശിവോ ദർപ്പണവദ് വിഭു** **62**

**62.** സർവ്വജീവികളുടേയും ഉള്ളിൽ മനസ്സാകുന്ന ജലം പ്രകാശിച്ചു തിളങ്ങുന്നു. കണ്ണാടികാണുംപോലെ സ്വച്ഛമായ മനസ്സാകുന്ന ജലത്തിൽ ആത്മാവാകുന്ന ശിവൻ ആത്മസ്വരൂപത്തിൽ പ്രതിബിംബിക്കുന്നു.

**ഏകോ വശീകൃത: സംവിത്പ്രകാശാത്മാ പരാത്പര:
സർവപ്രാണിഗതോ ഭാതി തഥാപി വിഭുരുച്യതേ** **63**

**63.** പരാല്പരനും, വശീകൃതമല്ലാത്തവനും, ആരുടേയും നിയന്ത്രണത്തിൽ വസിക്കാത്തവനും, സർവ്വസ്വതന്ത്രനും, പ്രകാശരൂപനുമായ ശ്രീപരമേശ്വരൻ സർവ്വജീവികളിലും പ്രകാശിച്ചുകൊിരിക്കുന്നു. അവ്യാപകനായിരുന്നിട്ടും വ്യാപകമെന്നുപറയുന്നു. അവിടുത്തെ ദർശനവും, അവ്യാപകതയും ഉപാധിഹേതുകമാകുന്നു.

**ഏക ഏവ യഥാ സൂര്യസ്തേജസാ ഭാതി സർവഗ:
യഥാത്മാ ശക്തിഭേദേന ശിവ: സർവഗതോ ഭവേത്** **64**

**64.** തന്റെ തേജസ്സുകൊ് സർവ്വയിടങ്ങളിലും ഓരേ സൂര്യൻ തന്നെ പ്രകാശം പരത്തുന്നതുപോലെ പരമാത്മാവായ ശിവനും തന്റെ ശക്തിഭേദത്താൽ സർവ്വ വ്യാപിയാകുന്നു.

## മഹാകാശസ്ഥല വർണ്ണന

**പിണ്ഡാണ്ഡസ്ഥം യഥാകാശം ന ഭിന്നം തദ്വദാത്മന:
അഭിന്ന: പരമാത്മേതി മഹാകാശസ്ഥലം വിദു:** **65**

**65.** ശരീരവും, അണ്ഡവും, ബ്രഹ്മാണ്ഡത്തിൽ സ്ഥിതി ചെയ്യുന്ന ആകാശവും പരസ്പരം അഭിന്നമാകുന്നതുപോലെ തന്നെ ജീവാത്മാവിൽ നിന്നും പരമാത്മാവും അഭിന്നമാകുന്നതിനെ മഹാകാ

ശസ്ഥലം എന്ന് പറയുന്നു.

**യഥാ ന ഭിന്നമാകാശം ഘടേഷു ച മഠേഷു ച**
**തഥാണ്ഡേഷു ച പിണ്ഡേഷു സ്ഥിതോ ഹ്യാത്മാ ഭിദ്യതേ 66**

**66.** മേഘങ്ങളിൽ നിന്നും അവിച്ഛിന്നമായി സ്ഥിതി ചെയ്യുന്ന ആകാശം ഭിന്നമല്ലാത്തതുപോലെ ബ്രഹ്മാണ്ഡവും അതിനുള്ളിൽ വസിക്കുന്ന വ്യക്തി ശരീരങ്ങളിൽ സ്ഥിതിചെയ്യുന്ന ആത്മാവും ഭിന്നമല്ല.

**അനിർദ്ദേശ്യമനൗപമ്യമവാങ്മാനസഗോചരം**
**സർവതോമുഖസമ്പന്നം സത്താനന്ദം ചിദാത്മകം**
**67**

**കാലാതീതം കാലതീതം ക്രമയോഗാദിവർജിതം**
**സ്വാനുഭൂതിപ്രമാണസ്ഥം ജ്യോതിഷാമുദയസ്ഥലം 68**
**ശിവാഖ്യം പരമം ബ്രഹ്മ പരമാകാശലക്ഷണം**
**ലിംഗമിത്യുച്യതേ സദ്ഭിർഭിര്യദ്വിനാ ന ജഗത്സ്ഥിതി: 69**

**67/68/69.** അനിർദ്ദേശ്യവും, അതുലനീയവുമായ വാക്കും, മനസ്സും ഇല്ലാത്ത സർവ്വതോന്മുഖിയും, സച്ചിദാനന്ദസ്വരൂപനും യമധർമ്മ ത്തേക്കാൾ ഉപരിയായുള്ളവനും, കാലാതീതനും, മുപ്പത്തിയെട്ടു (38) കലകളില്ലാത്തവനും, സ്വാനുഭവത്തെ പ്രമാണമാക്കുന്നവനും, നക്ഷത്രാദികളുടെ ഉല്പത്തിക്കു മൂലകാരണനും, പരമാകാശ സ്വരൂ പനുമായ ശിവനെന്ന പരബ്രഹ്മത്തെ സത്പുരുഷന്മാരായ വീര ശൈവ ശിവയോഗികൾ മുഖേന ലിംഗം എന്നു പറയുന്നു. അവി ടുത്തെക്കൂടാതെ പ്രപഞ്ചത്തിന് ജീവനുാകുന്നില്ല.

**പരമാകാശമവ്യക്തം പ്രബോധാനന്ദലക്ഷണം**
**ലിംഗം ജ്യോതിർമയം പ്രാഹുർലീയതേ യത്ര യോ ഗിന: 70**

**70.** ശിവയോഗികളായവർ ലീനമായിത്തീരുന്ന പരമാകാശം അവ്യക്തവും സച്ചിദാനന്ദസ്വരൂപവും ജ്യോതിർ മയവുമായ തത്വത്തെ വിദ്വജ്ജന ലിംഗം എന്നു വിളിക്കുന്നു.

**സംവിദേവ പരാ കാഷ്ഠാ പരമാനന്ദരൂപിണീ**
**താമാഹു: പരമാകാശം മുനയോ മുക്തസംശയ: 71**







**71.** പരമാനന്ദസ്വരൂപിണിയുടെ സവിധം തന്നെ അന്തിമസീമ യായ പരമകാഷ്ഠയാകുന്നു. ഋഷിഗണങ്ങൾ സംശയലേശമന്യേ അതിനെ പരമാകാശം എന്നു വിളിക്കുന്നു.

**തരംഗാദി യഥാ സിന്ധോ: സ്വരൂപാന്നാതിരിച്യതേ**
**തഥാ ശിവാച്ചിദാകാശാദ് വിശ്വമേതന്ന ഭിദ്യതേ 72**

**72.** സമുദ്രത്തിൽ നിന്നും ഉയർന്നുവരുന്ന തിരമാലകൾ മുത ലായവ സമുദ്രത്തിന്റെ രൂപത്തിൽ നിന്നും ഭിന്നമല്ല അതുപോലെ ചിദാകാശമാകുന്ന ഭഗവാൻ ശിവനിൽ നിന്നും ഉായതായ ഈ ലോകം ശിവനിൽ നിന്നും ഭിന്നമല്ല.

**യഥാ പുഷ്പ്പലാശാദി വൃക്ഷരൂപാന്ന ഭിദ്യതേ**
**തഥാ ശിവാത് പരാകാശാജ്ജഗതോ നാസ്തി ഭിന്നതാ 73**

**73.** ഇലകളും പൂക്കളും വൃക്ഷത്തിന്റെ രൂപത്തിൽ നിന്നും ഭിന്ന മല്ലാതിരിക്കുന്നതുപോലെ പ്രപഞ്ചം പരാകാശരൂപനായ ശിവനിൽ നിന്നും ഭിന്നമല്ല.

**യഥാ ജ്യോതിഷി ഭാസതേ ഭൂതാകാശോ പൃഥക് പൃഥക്**
**തഥാ ഭാന്തി പരാകാശേ ബ്രഹ്മാണ്ഡാനി വിശേഷത: 74**

**74.** ഭൂതാകാശം, ചിതാകാശം, ചിദാകാശം എന്നിങ്ങനെ ആകാശം മുന്നുവിധമു്. കണ്ണടച്ചാൽ അനുഭവപ്പെടുന്ന ഇരു ട്ടിനെ ഭൂതാകാശം എന്നു പറയുന്നു.

ആകാശത്തിൽ നക്ഷത്രഗണങ്ങൾ വെവ്വേറെ പ്രകാശിക്കുന്നു. അതുപോലെ പരാകാശത്തിൽ ബ്രഹ്മാണ്ഡം വിശേഷതരത്തിൽ അസംഖ്യം രൂപത്താൽ കറങ്ങിക്കൊിരിക്കുന്നു.

**നിരസ്തോപാധിസംബന്ധം നിർമ്മലം സംവിദാത്മകം**
**പരാകാശം ജഗച്ചിത്രവിലാസാലംബഭിത്തികം 75**

**75.** ഉപാധികളുടെ ബന്ധമില്ലാത്ത നിർമ്മലവും, പരബ്രഹ്മസ്വ രൂപവുമായ പരാകാശം പ്രപഞ്ചത്തിന്റെ ചിത്രവൈചിത്ര്യങ്ങളുടെ വിലാസമാകുന്നു.

## ക്രിയാപ്രകാശസ്ഥല വർണ്ണന

പാധിയായ ഈശ്വരന്റേയും ഉപാധികളെ ത്യജിക്കുമ്പോൾ പൂർണ്ണബോധം (ചൈതന്യം) മാത്രം അവശേഷിക്കുന്നു അത് ഏകവും അദ്വിതീയവുമാകുന്നു.

**മുക്തസ്യ ജ്ഞാസംബന്ധോ ജ്ഞേയാഭാവ:സ്വഭാവത:**
**ഉപാധി സഹിതം ജ്ഞാനം ന ഭേദമതിവർതതേ 91**

91. ജ്ഞാനസംബന്ധവും, ലക്ഷ്യാർത്ഥ സ്വരൂപവുമായ ജ്ഞാനത്താൽ സമന്വയിക്കുക എന്നത് ജീവന്മുക്തന് സ്വാഭാവികമാകുന്നു. ഫലത്തിൽ ജ്ഞേയത്തിന്റെ അഭാവവും സ്വാഭാവികമാകുന്നു. ഉപാധിസഹിതമായുള്ള ജ്ഞാനത്തിൽ ഭേദത്തിന്റെ അഭാവം ഉാകുന്നില്ല. ഭേദം തന്നെയുാകുന്നു.

**ജ്ഞാനമിത്യുച്യതേ സദ്ഭി: പരിച്ഛേദോപി വസ്തുന:**
**പരാത്മത്യപരിച്ഛേദേ കുതോ ജ്ഞാനസ്യ സംഭവ: 92**

92. ആഗമപണ്ഡിതന്മാർ പദാർത്ഥങ്ങളുടെ വിഭാഗത്തെ യും ജ്ഞാനം എന്നു വിളിക്കുന്നു. ആ ജ്ഞാനം കുടത്തിനുള്ളിലെ ജലം പോലെ വേർപിരിഞ്ഞിരിക്കുകയോ, മൂടപ്പെടുകയോ ചെയ്യുന്നു. പരമാത്മാവ് മാറ്റമില്ലാത്തതാകുന്നു. അതിൽ വിഷയവിഷയീ ഭാവങ്ങൾ സംഭവിക്കുന്നതെങ്ങനെ?

**ജ്ഞാനസ്യാവിഷയേ തത്വേ ശിവാഖ്യേ ചിത്സുഖാത്മനി**
**ആത്മൈകത്വാനുസന്ധാനം ജ്ഞാനമിത്യുച്യതേ ബുധൈ:**
**93**

93. ജ്ഞാനത്തിനു വിഷയീഭൂതമല്ലാത്ത ചിദാനന്ദ സ്വരൂപമായ ശിവനെന്ന തത്വത്തോടുകൂടി ആത്മാവിന്റെ ഏകത്വത്തെ അനുസന്ധാനം ചെയ്യുന്നതിനെ പണ്ഡിതന്മാർ 'ജ്ഞാനം' എന്നു പറയുന്നു.

**അപരിച്ഛിന്നമാനന്ദം സത്താകാരം ജഗന്മയം**
**ബ്രഹ്മേതി ലക്ഷണം ജ്ഞാനം ബ്രഹ്മജ്ഞാനമിഹോച്യതേ**
**94**

94. ബ്രഹ്മാണ്ഡം ആനന്ദസ്വരൂപവും (സത്താകാരം) സദ്സ്വരൂപവും (ജഗന്മയം), വിശ്വരൂപവുമാകുന്നു. ഈ ലക്ഷണങ്ങളുള്ള ഏതൊരു ജ്ഞാനത്തെയും ലോകത്തിൽ 'ബ്രഹ്മജ്ഞാനം' എന്നു





ന്മുഖമായ മനസ്സോടുകൂടി ശിവനെത്തന്നെ സാക്ഷാത്കാരം ചെയ്തുകൊ് സുപ്രസന്നനായിരിക്കുന്നു.

**കൂടസ്ഥമചലം പ്രാജ്ഞം ഗുണാതീതം ഗുണോത്തരം**
**ശിവതത്ത്വം സ്വരൂപേണ പശ്യൻ യോഗി പ്രമോദതേ**
**81**

**81.** ജ്ഞാനപ്രകൃഷ്ടങ്ങളായ (ജ്ഞാനവൈരാഗ്യാദി) ഗുണങ്ങൾക്കുപരിയായ ഗുണോത്തരങ്ങളായ ശിവതത്വങ്ങളുടെ സമ്പൂർണ്ണ ജ്ഞാനം വിരാഗത മുതലായ ഗുണങ്ങളാൽ ഉൽകൃഷ്ടമായ തത്വങ്ങളെ സ്വരൂപത്തിൽ നോക്കിക്കൊ് അനുയോജ്യമായ ഗുണശ്രേഷ്ഠതയുള്ളവനായ ശിവൻ ഞാൻ തന്നെയാകുന്നു എന്ന് മനസ്സിലാക്കുന്നവനായ ശിവയോഗി ആനന്ദയുക്തനായി വസിക്കുന്നു.

**പരാത്മനി ക്രിയാ സർവാ ഗന്ധർവനഗരീമുഖാ**
**പ്രകാശത ഇതി പ്രോക്തം ക്രിയായാസ്തു പ്രകാശനം 82**

**82.** പരമാത്മാവിൽ സംഭവിക്കുന്ന സകല ക്രിയകളും ഗന്ധർവ്വനഗരിക്കു സമാനം തുച്ഛമായി പ്രകാശിക്കുന്നുവെങ്കിൽ ഇതിനെ ക്രിയാപ്രകാശനം എന്നു പറയുന്നു.

## ഭാവപ്രകാശസ്ഥലവർണ്ണന

**തരംഗാദ്യാ യഥാ സിന്ധൌ ന ഭിദ്യന്തേ തഥാത്മനി**
**ഭാവാ ബുദ്ധ്യാദയ: സർവേ യത്തദ് ഭാവപ്രകാശനം 83**

**83.** സമുദ്രത്തിൽ നിന്നും ഉയർന്നു വരുന്ന തിരമാലകൾ മുതലായവ സമുദ്രത്തിൽ നിന്നും ഭിന്നമല്ല. അപ്രകാരം ആത്മാവിൽ നിന്നും ഉയർന്നു വരുന്ന ബുദ്ധിയും ഭിന്നമല്ല. അതു ഭാവപ്രകാശനം ആകുന്നു.

**ശിവ ഏവ ജഗത്സർവം ശിവ എവാഹമിത്യപി**
**ഭാവയൻ പരമോ യോഗീ ഭാവദോഷൈനർ ന ബാദ്ധ്യതേ 84**

**84.** ഈ സമ്പൂർണ്ണപ്രപഞ്ചവും ശിവൻതന്നെയാകുന്നു. ഞാനും ശിവൻ തന്നെയാകുന്നു - എന്നു സങ്കലിപിക്കുന്ന പരബ്രഹ്മ ശിവയേഗി ലൌകിക ജീവിതത്തിലെ ജന്മദോഷങ്ങളാൽ മുഴുകപ്പെടു

ന്നില്ല.

**ശിവഭാവേ സ്ഥിരേ ജാതേ നിർലേപസ്യ മഹാത്മന:**
**യേ യേ ഭാവാ: സമുല്പന്നാസ്തേ തേ ശിവമയാ: സ്മൃത: 85**

85. ലൌകിക വിഷയവാസനകളാൽ മുഴുകാത്ത മഹാത്മാവായ ശിവയോഗിയുടെ ഹൃദയത്തിൽ ഉാകുന്ന ഭാവങ്ങളെല്ലാം 'ശിവമയം' എന്നു കണക്കാക്കുന്നു.

**അദ്വിതീയശിവാകാരഭാവനാധ്വസ്തകർമണാ**
**മ കിഞ്ചിദ് ഭാവ്യതേ സാക്ഷാത് ശിവാദന്യന്മഹാത്മനാ**
**86**

86. അദ്വിതീയമായ ശിവാകാരത്തിന്റെ ഭാവനയാൽ സർവ്വ കർമ്മങ്ങളെയും ഇല്ലാതാക്കുന്നവനും മഹാത്മാവുമായ ശിവയോഗി പ്രത്യക്ഷനായ ശിവനെയല്ലാതെ മറ്റൊന്നിനേയും കാണുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ല.

**ഗളിതാജ്ഞാനബന്ധസ്യ കേവലാത്മാനുഭാവിന:**
**യത്രേ യത്രന്ദ്രിയാസക്തിസ്തത്ര തത്ര ശിവാത്മതാ**
**87**

87. അജ്ഞാനമാകുന്ന ബന്ധനം ഇല്ലാതാക്കുന്നവനും, കേവലാത്മാവിനെ അനുഭവിക്കുന്നവനുമായ ശിവയോഗിക്ക് ഏതെല്ലാം വിഷയങ്ങളിൽ ഇന്ദ്രിയവിഷയാസക്തി ഉാകുന്നുവോ, അതാതു വിഷയങ്ങളിൽ ശിവത്വം എന്ന അനുഭൂതിയുാകുന്നു. അതുപോലെ തന്നെ ആ ശിവയോഗി ആഗ്രഹിക്കുമ്പോൾ സകലർക്കുവേി അതിൽ ശിവനെ കാണുകയും ചെയ്യുന്നു.

**രാഗദ്വേഷാദയോ ഭാവാ: സംസാരക്ലശകാരണം**
**തേഷാമുപരമോ യത്ര തത്ര ഭാവ: ശിവാത്മക:**
**88**

88. രാഗദ്വേഷാദി ഭാവങ്ങൾ ലൌകിക ക്ലേശങ്ങൾക്കു കാരണമാകുന്നു. ഏതൊന്നിൽ അവ ഇല്ലാതാകുന്നുവോ അതിൽ 'ശിവാത്മക ഭാവം' വന്നു ചേരുന്നു

**യഥാ സൂര്യസമാക്രാന്തൌ ന ശക്നോതി തമ: സദാ**
**യഥാ പ്രകാശമാത്മാനം നാവിദ്യാക്രമതി സ്വയം**







**89**

89. സൂര്യനുദിക്കുമ്പോൾ അന്ധകാരത്തിന് നിലനില്പില്ലാതെ വരുന്നതുപോലെ പ്രകാശിക്കുന്ന ആത്മാവിന്റെ സമക്ഷത്തിൽ അവിദ്യയ്ക്കു സ്വയംകടന്നു കയറുവാനാവുകയില്ല.

**ജ്ഞാനപ്രകാശസ്ഥല വർണ്ണന**

**മുഖ്യാർത്ഥസംഭവേ ജാതേ ലക്ഷണായോഗസംശ്രയാത്**
**തജ്ജ്ഞാനയോജനം യത്തദുക്തം ജ്ഞാനപ്രകാശനം**
**90**

90. വാച്യാർത്ഥത്തിന് അസംഭവ്യമായത് അതിനെ ബാധിക്കുമ്പോൾ ലാക്ഷണികങ്ങളുടെ സഹായത്താൽ ആ ജ്ഞാനം കൊ് അംഗലിംഗങ്ങൾക്ക് എന്തു പ്രയോജനമുാേ അതിന് 'ജ്ഞാന പ്രകാശം' എന്നു പറയുന്നു.

'തത്ത്വമസ്സി' 'തത്' 'ഗുരു' എന്നും 'ത്വം' എന്നതിന് 'ലിംഗം' എന്നും 'അസി' എന്നതിന് 'ജംഗമം' എന്നു പറയുന്നു. തത് എന്ന ഗുരു ജ്ഞാനവും, ജംഗമനായ വീരശൈവൻ (ഉയിരും ഉടലും) 'ത്വം' എന്ന ലിംഗവും വീരശൈവന് ഇരിപ്പിടം ലിംഗവും, ജംഗമവ്യാപാരം ലിംഗവുമാകുന്നു. എന്നാൽ 'തത' എന്നതുംത്വം എന്നതും പ്രഥമവിഭക്ത്യാന്തമാകുന്നു. രിലും അഭേദ്യമായ ബന്ധത്തെ കാണുന്നു. തത് എന്നതിന് ബ്രഹ്മം, സർവ്വജ്ഞാതാവ്, സർവ്വശക്തിമാൻ, സർവ്വ കർത്താവ് എന്നിവ വാച്യർത്ഥങ്ങളാകുന്നു. ഈയവസ്ഥയിൽ ഇവ രിലും അഭേദമെങ്ങനെയുാകും? ഇവിടെ ഭാവത്യാഗലക്ഷണങ്ങളെ ആശ്രയിക്കേി വരുന്നു. ഈ രു പദങ്ങളുടെയും അർത്ഥത്തിന്റെ ഒരു ഭാഗം 'സർവ്വം' 'അല്പം' എന്നിവയൊഴിച്ചാൽ ബാക്കി 'ജ്ഞ' എന്ന ചൈതന്യംമാത്രം അവശേഷിക്കുന്നു. ഇപ്രകാരം ലക്ഷണംകൊ് 'തത്' 'ത്വം' എന്നിവയിൽ അഭേദമുാകുന്നു. ഇപ്രകാരം 'കാര്യോപാധിരയം ജീവകരണാപധിരീശ്വര: കാര്യകാരണാനാം ഹിത്വാപൂർണബോധേവശിഷ്യം'-എന്നതനുസരിച്ച് കാര്യോപാധിയായ ജീവന്റേയും, കാരണോ

**സംവിത്സാക്ഷാത്കൃതിം ലബ്ധ്വാ യോഗീ സ്വാത്മനി തിഷ്ഠതി 7**

7. പ്രമാത, പ്രമേയ, പ്രമാണങ്ങളായ വ്യവഹാരങ്ങളിൽ ആനന്ദിക്കുന്ന സംവിതാവായ പരബ്രഹ്മസാക്ഷാത്കാരം ലഭിച്ചിട്ട് ജ്ഞാന പ്രകാശ സമ്പന്നനായ ശിവയോഗി തന്റെ സ്വരൂപത്തിൽ തന്നെ സ്ഥിതി ചെയ്യുന്നു.

**അദ്വൈതബോധനിർധൂതഭേദാവേശസ്യ യോഗിന:**
**സാക്ഷാത്കൃതമഹാസംവിത്പ്രകാശസ്യ ക്വ ബന്ധനം 8**

8. അദ്വൈതബോധം വഴി ദ്വൈതത്തിന്റെ കടന്നാക്രമണത്തെ (മുറിച്ച്) ഭേദിക്കുന്നവനും, മഹാസംവിതാവിന്റെ പ്രകാശത്തെ സാക്ഷാത്കരിക്കുന്നവനുമായ ശിവയോഗി മുക്തനായിത്തീരുന്നതോടെ അയാൾക്ക് ബന്ധനമെവിടെ?

**ചിദാത്മനി ശിവേ ന്യസ്തം ജഗദേതച്ചരാചരം**
**ജ്ഞായതേ തന്മയം സർവമഗ്നൗ കാഷ്ഠാദികം യഥാ 9**

9. അഗ്നിയിൽ സമർപ്പിച്ച വിറക് മുതലായവ അഗ്നിരൂപമായിത്തീരുന്നതുപോലെ ചിത്സ്വരൂപനായ ഭഗവാൻ ശിവനു സമർപ്പിച്ചതായ സകല ചരാചരങ്ങളുമടങ്ങിയ ജഗത്തും ശിവമയമായിത്തീരുന്നു.

**ന ഭാതി പൃഥ്വി ന ജലം ന തേജോ നൈവ മാരുത:**
**നാകാശോ ന പരം തത്ത്വം ശിവേ ദൃഷ്ടേ ചിദാത്മനി**
**10**

10. സച്ചിദാത്മാവായ ഭഗവാൻ ശിവശങ്കരന്റെ സാക്ഷാത്കാരമുാകുമ്പോൾ ഭൂമി, ജലം, ആകാശം, അഗ്നി, വായു മുതലായ (പരതത്വങ്ങളായ) പഞ്ചഭൂതങ്ങളൊന്നും ഉാകുന്നില്ല. ശിവനിൽ നിന്നും ഭിന്നരൂപമായതൊന്നും കാണുന്നില്ല.

**ജ്യോതിർലിംഗേ ചിദാകാരേ ജ്വലത്യന്തർനിരന്തരം**
**വിലീനം നിഖിലം തത്ത്വം പശ്യൻ യോഗി ന ലിപ്യതേ**
**11**

11. ഹൃദയത്തിനുള്ളിലെ ചിത്സ്വരൂപമായ ജ്യോതിർലിംഗത്തിന്റെ നിരന്തരമായ പരാകാശത്തിൽ വസിക്കുമ്പോൾ സകല തത്വങ്ങ





പറയുന്നു.

**ബ്രഹ്മജ്ഞാനേ സമുത്പന്നേ വിശോപാധിവിവർജിതേ**
**സർവം സംവിന്മയം ഭാതി തദന്യന്നൈവ ദൃശ്യതേ**
**95**

95. ഉപാധികളില്ലാത്ത 'പരബ്രഹ്മജ്ഞാനം' ഉാകുമ്പോൾ ചിന്മയമായ വിശ്വരൂപം 'ജ്ഞാനസ്വരൂപ'മായി തോന്നുന്നു. അതിൽ നിന്നും ഭിന്നമായിട്ട് ഒന്നും തന്നെ കാണപ്പെടുന്നില്ല.

**തസ്മാദദ്വൈതവിജ്ഞാനമപവർഗസ്യ കാരണം**
**ഭാവയൻ സതതം യോഗി സംസാരേണ ന ലിപ്യതേ**
**96**

96. തന്മൂലം 'അദ്വൈതവിജ്ഞാനം' മോക്ഷത്തിന് (അപവർഗ്ഗം) കാരണമാകുന്നു. ഇപ്രകാരമുള്ള നിരന്തര സങ്കല്പം ചെയ്യുന്നവനായ ശിവയോഗി പ്രപഞ്ചത്തിലെ ഇന്ദ്രിയവിഷയങ്ങളാൽ മുഴുകപ്പെടുന്നില്ല.

**നിത്യേ നിർമലസത്ത്വയോഗിഷു പരേ നിർവാസനേ നിഷ്കളേ**
**സർവാതീതപദേ ചരാചരമയേ സത്താത്മനി ജ്യോതിഷി**
**സംവിദ്വ്യോമ്നി ശിവേ വിലീനഹൃദയസ്തദ്ഭേദവൈമുഖ്യത:**
**സാക്ഷാത് സർവഗതോ വിഭാതി വിശുദ്ധിശ്ച: സ്വയം സംയമി**
**97**

97. നിത്യനിർമ്മലസത്വന്മാരായ ശിവയേഗികളേക്കാൾ ഉപരിയായുള്ള പരബ്രഹ്മം പരമപ്രധാനമായിട്ടുള്ളവനും, ദുർവ്വാസനകളില്ലാത്തവനും, നിഷ്കളങ്കനും, സർവ്വാതീതനും, ചരാചരമയനും. സത്വസ്വരൂപനും, തേജോമയനും, ചിദാകാശസ്വരൂപിയും, ശിവനിൽ വിലീനമായ ഹൃദയമുള്ളവനും, ഭേദഭാവനകളില്ലാത്തവനും, ലൌകികസുഖങ്ങൾ വെടിഞ്ഞവനും സംയമിയുമായ വീരശൈവനെന്ന ശിവയോഗി സാക്ഷാൽ സർവ്വവ്യാപിയുടെ രൂപത്തിൽ പ്രകാശിക്കുന്നു.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ ശരണസ്ഥല വർണ്ണന എന്ന 19-ാമത്തെ**

**അദ്ധ്യായം സമാപ്തം.**

## അദ്ധ്യായം 20
## ഐക്യസ്ഥല വർണ്ണന

1.അഗസ്ത്യ മഹർഷി പറഞ്ഞു-

**സ്ഥലഭേദാസ്ത്വയാ പ്രോക്താ: ശരണസ്ഥലസംശ്രിതാ:**
**ഐക്യസ്ഥലഗതാൻ ബ്രൂഹി സ്ഥലഭേദാൻ ഗണേന്ദ്ര മേ**
**1**

1. അല്ലയോ ഗണേശ്വരാ! അവിടുന്ന് ശരണസ്ഥലത്തിൽ വന്നിട്ടുള്ള അവാന്തര സ്ഥലഭേദങ്ങളെക്കുറിച്ച് പറഞ്ഞുതന്നു. ഐക്യസ്ഥലത്തിൽ ഉള്ള സ്ഥലഭേദങ്ങലെക്കുറിച്ച് ഇനി എനിക്കു പറഞ്ഞു തന്നാലും

രേണുകാചാര്യർ പറഞ്ഞു-





**സ്ഥലാനാം നവകം ചൈക്യസ്ഥലേഽസ്മിൻ പരികീർത്യതേ**
**2**

2. ഐക്യസ്ഥലത്തിൽ ഒൻപതു സ്ഥലങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു.

**തത്സ്വീകൃത പ്രസാദൈക്യസ്ഥലമാദൗ പ്രകീർതിതം**
**ശിഷ്ടോദനസ്ഥലം ചാഥ ചരാചരലയസ്ഥലം 3**
**ഭാണ്ഡസ്ഥലം തത: പ്രോക്തം ഭാജനസ്ഥലമുത്തമം**
**അംഗാലേപസ്ഥലം പശ്ചാത് സ്വപരാജ്ഞസ്ഥലം തത:**
**4**
**ഭാവാഭാവവിനാശം ച ജ്ഞാനശൂന്യസ്ഥലം തത:**
**തദേഷാം ക്രമശോ വക്ഷ്യേ ശ്രുണു താപസ ലക്ഷണം**
**5**

3/4/5. ഐക്യസ്ഥലത്തിൽ 9 സ്ഥലങ്ങളെക്കുറിച്ച് വിശദീകരിക്കുകയാണ് ചെയ്യുന്നത്.

1) സ്വീകൃതപ്രസാദൈക്യസ്ഥലം 2) ശിഷ്ടോദനസ്ഥലം 3) ചരാചരലയസ്ഥലം 4) ഭാണ്ഡസ്ഥലം, 5) ഭാജന സ്ഥലം, 6) അംഗാലേപസ്ഥലം, 7) സ്വപരാജ്ഞ സ്ഥലം, 8) ഭാവാഭാവ വിനാശസ്ഥലം 9) ജ്ഞാനശൂന്യസ്ഥലം എന്നിങ്ങനെയാകുന്നു.

അല്ലയോ താപസ്സാ! ഇനി ഇതിന്റെ ലക്ഷണങ്ങൾ ക്രമമായി പറയുവാൻ പോകുന്നു. കേട്ടുകൊള്ളുക.

### സ്വീകൃത പ്രസാദൈക്യ സ്ഥലവർണ്ണന

**മുഖ്യാർത്ഥോ ലക്ഷണാർത്ഥശ്ച യത്ര നാസ്തി ചിദാത്മനി**

**വിശൃംഖലതയാ തസ്യ പ്രസാദ: സ്വീകൃതോ ഭവേത്**
**6**

6. സച്ചിദാനന്ദ സ്വരൂപവും ജ്ഞാനപ്രകാശസമ്പന്നവുമായ ആത്മാവ് മുഖ്യാർത്ഥമായും, ലക്ഷ്യാർത്ഥമായും ശൃംഖലയോടെ പ്രസാദപൂർണ്ണമായ ജ്ഞാനപ്രസാദരൂപേണ അതിനെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.

**മാതൃമേയപ്രമാണാദിവ്യവഹാരേ വിഹാരിണീം**

**തഥാ സാംസാരികം സർവാത്മജ്ഞാതേ വിനശ്യതി**
**24**

24. സ്വപ്നത്തിൽ കതായ വസ്തുക്കൾ ഉണരുമ്പോൾ ഇല്ലാതാകുന്നതുപോലെ തന്നെ ലൌകിക ജീവിതത്തിലെ സകല വസ്തുക്കളും ആത്മജ്ഞാനമുാകുമ്പോൾ ലീനമായിത്തീരുന്നു.

**ജാഗ്രത്സ്വപ്നസുഷുപ്തിഭ്യ: പരാവസ്ഥാമുപേയുഷ:**
**കിം വാ പ്രമാണം കിം ജ്ഞേയം കിം വാ ജ്ഞാനസ്യ സാധനം25**

25. ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നിവകൾക്കും ഉപരിയായി തുരീയവും, തുരീയതീയവുമായ ആത്മാവിന്റെ സമുന്നതമായ അവസ്ഥയെ പ്രാപിച്ചവനായ ശിവയോഗിക്ക് തെളിവെന്ത്? ജ്ഞേയമെന്ത്? ജ്ഞാനസാധനയെന്ത്? ജ്ഞാതാവ്, ജ്ഞേയം, ജ്ഞാനം എന്നീ ത്രിപുടികളില്ലാതായിത്തീരുന്നു.

**തുര്യാതീതപദം യത്തദ് ദൂരം വാങ്മനസാധ്വന:**
**അനുപ്രവിശ്യ തദ്യോഗീ ന ഭൂയോ വിശ്വമീക്ഷതേ 26**

26. തുരുയാതീത അവസ്ഥയിലായവൻ വാക്കും, മനവും എത്തുന്നതിനും ഉപരിയായുള്ളവനാകുന്നു. അതിൽ പ്രവേശിച്ച ശിവയോഗി പ്രപഞ്ചത്തിലേക്ക് നേക്കുന്നതേ ഇല്ല.

**നാന്യത് പശ്യതി യോഗീന്ദ്രോ നാന്യജ്ജാനാതി കിഞ്ചന**
**നാന്യച്ഛ്രണോതി സന്ദൃഷ്ടേ ചിദാനന്ദമയേ ശിവേ 27**

27. സച്ചിദാനന്ദമയനായ ഭഗവാൻ ശിവന്റെ സാക്ഷാത്കാരമുാകുമ്പോൾ ശിവനെയല്ലാതെ തന്നിൽ നിന്നും ഭിന്നങ്ങളായ മറ്റെന്തിനേയും കാണുവാനോ, അറിയുവാനോ, കാണുവാനോ ശിവയോഗിക്ക് ആവുന്നില്ല. ആണവം, മായികം, കാർമ്മികം എന്നീ മലങ്ങളില്ലാതാകുന്നുതുകൊ് അയാൾക്ക് മായികമായ രൂപരസഗന്ധ, ശബ്ദ, ശ്പർശാദികളായ ഇന്ദ്രിയ വിഷയാനുഭവങ്ങൾ ഉാകുന്നില്ല.

**അസദേവ ജഗത് സർവ്വം സദിവ പ്രതിദാസതേ**
**ജ്ഞാതേ ശിവേ തദജ്ഞാനം സ്വരൂപമുപപദ്യതേ**
**28**

28. ശിവജ്ഞാനം ലഭിക്കുന്നതിന് മുൻപ് സത്തും അസത്തുവു





ളെയും വിലിനമായിക്കാണുന്ന ശിവയോഗി ലൌകിക ജീവിതത്തിലെ ഇന്ദ്രിയ വിഷയങ്ങൾക്കു കാരണഭുതമായ 36 തത്വങ്ങളിൽ മുഴുകിപ്പോകുന്നില്ല.

**അന്തർമുഖേന മനസാ സ്വാത്മജ്യോതിഷി ചിന്മയേ**
**സർവാനപ്യർത്ഥവിഷയാൻ ജൂഹ്വൻ യോഗീ പ്രമോദതേ**
**12**

12. ചിന്മയമായ ആത്മാവാകുന്ന തേജസ്സിൽ സകല (ഇന്ദ്രിയ) വിഷയങ്ങളെയും അന്തർമുഖമായമനസ്സു(അകക്കണ്ണ്) കൊുഹവനം ചെയ്യുന്ന ശിവയോഗി ആനന്ദിതനായിരിക്കുന്നു.

**സച്ചിദാനന്ദജലധൌ ശിവേ സ്വാത്മനി നിർമല:**
**സമർപ്യ സകലാൻ ഭുങ്ക്തേ വിഷയാൻ തത്പ്രസാദത:**
**13**

13. നിർമ്മലനായ ശിവയോഗി സച്ചിദാനന്ദസ്വരൂപമായ സ്വന്തം ആത്മാവിനെയും സകല വിഷയങ്ങളെയും ശിവനിൽ സമർപ്പിച്ച് അവിടുത്തെ കൃപയാൽ അതനുഭവിക്കുന്നു.

## ശിഷ്ടോദന സ്ഥലവർണ്ണന

**പ്രാകശതേ യാ സർവേഷാം മായാ സൈവോദനാകൃതി:**
**ലീയതേ തത്ര ചില്ലിംഗേ ശിഷ്ടം തത്പരീകീർതിതം**
**14**

14. വിജ്ഞാനകല, പ്രളയകല മുതലായവ സകല ജീവികളിലും പ്രാകാശിക്കുന്നത് ഏതൊരു മായയാലാകുന്നുവോ അത് അതാതിന്റെ ശരീരം ഇന്ദ്രിയവിഷയ രൂപത്തിൽ വ്യവഹാര വിഷയങ്ങളുാക്കുന്നു. അത് ഓദനത്തിന് (ചോറിന്) സമമാകുന്നു. അത് ചിത്സ്വരൂപമായ ഏതൊരു ശിവലിംഗത്തിൽ ലയിക്കുന്നുവോ അതിന് 'ശിഷ്ടം' എന്നു പറയുന്നു.

**ജഗദംഗേ പരിഗ്രസ്തേ മായാപാശവിജൃംഭിതേ**
**സ്വാത്മജ്യോതിഷി ബോധേന തദേകമവശിഷ്യതേ**
**15**

15. കല, വിദ്യ രാഗം, കാലം, നിയതി എന്നീ രൂപത്തിലുള്ള

മായയുടെ അഞ്ചു കഞ്ചുകങ്ങളും, അതിൽ നിന്നുമുായ പ്രകൃതി മുതൽ ഭൂമിവരെയുള്ള 36 തത്വങ്ങളാകുന്ന പാശത്താൽ ബന്ധിച്ച ജഗത്താകുന്ന ശരീരത്തെ ആത്മാവാകുന്ന ജ്യോതിസ്സിൽ ലീനമാകുമ്പോൾ മായാതത്വം മാത്രമവശേഷിക്കുന്നു.

**അഖണ്ഡസച്ചിദാനന്ദപരബ്രഹ്മസ്വരൂപിണ:**
**ജീവന്മുക്തസ്യ ധീരസ്യ മായാ കൈങ്കര്യവാദിനീ**
**16**

16. ഈ മായ അഖണ്ഡസച്ചിദാനന്ദ സ്വരൂപനും, പരബ്രഹ്മവും, ധീരനും, ജീവന്മുക്തനുമായ ശിവയോഗിയുടെ ദാസിയായി കഴിയുന്നു.

**വിശ്വസമ്മോഹിനീ മായാ ബഹുശക്തിനിരങ്കുശാ**
**ശിവൈകത്വമുപേതസ്യ ന പുര: സ്ഥാതുമീഹതേ**
**17**

17. പ്രപഞ്ചത്തെ മോഹവലയത്തിൽ വീഴ്ത്തുന്നവളും, അതിരറ്റ ശക്തികൊ് സമ്പുഷ്ടമായവളുമായതു കാരണം മായയ്ക്ക് നിരങ്കുശമായ ശിവൈകത്വം പ്രാപിച്ച ശിവയോഗിയുടെ മുൻപിൽ തങ്ങുവാനുള്ള ധൈര്യം ഉാകുന്നില്ല.

**ജ്യോതിർലിംഗേ ചിദാകാരേ നിമഗ്നേന മഹാത്മന:**
**ഭുജ്യമാനാ യഥായോഗം നശ്യന്തി വിഷയാ: സ്വത:**
**18**

18. ചിദ്സ്വരൂപനും, ജ്യോതിർലിംഗത്തിൽ നിമഗ്നനും, മഹാത്മാവുമായ ശിവയോഗി മുഖേന തന്റെ യോഗ്യതയും ക്രമമനുസ്സരിച്ച് ഭോഗം ചെയ്യുന്നതായ ഇന്ദ്രിയ വിഷയങ്ങൾ ശിവയോഗിയുടെ ഹൃദയത്തിനുള്ളിൽ സ്വയം ലീനമായിത്തീരുന്നു.

**ശബ്ദാദയോ%പി വിഷയാ ഭുജ്യമാനാസ്തദിന്ദ്രിയൈ:**
**ആത്മന്യേവ വിലീയന്തേ സരിത: സാഗരേ യഥാ:**
**19**

19. പഞ്ചേന്ദ്രിയങ്ങളായ രൂപ, രസ, ഗന്ധ, സ്പർശ ശബ്ദാദി വിഷയങ്ങൾ വീരശൈവനായ ശിവയോഗിയുടെ ഇന്ദ്രിയങ്ങളാൽ ഭുജിക്കപ്പെട്ട് സമുദ്രത്തിൽ ഒന്നിച്ചു ചേർന്നു ലീനമാകുന്ന നദി





കൾ പോലെ ആത്മാവിൽ വിലീനമായിത്തീരുന്നു.

**അർത്ഥജാത ശേഷം തു ഗ്രസൻ യോഗീ പ്രശ്യാമ്യതി**
**സ്വാത്മന്യൈവാസ്ഥിതോ ഭാനുസ്തേജോജാലമശേഷത: 20**

20. എല്ലാവർക്കും വേി പ്രകാശിച്ചിട്ട് സൂര്യൻ തന്റെ തോജോവലയത്തെ തന്നിൽതന്നെ ഒതുക്കി നിർത്തി സ്വയം ശാന്തനായിത്തീരുന്നതുപോലെ ശിവയോഗി ഇന്ദ്രിയവിഷയങ്ങളെ മുഴുവനായും ഉപയോഗിച്ച ശേഷം ആത്മാവിൽ സ്ഥിതനായിരിക്കുന്നു.

## ചരാചരലയസ്ഥല വർണ്ണന

**ലിംഗൈക്യേ തു സമാപന്നേ ചരണാചരണേ ഗതേ**
**നിർദേഹീ സ ഭവേദ്യോഗി ചരാചര വിനാശക:**
**21**

21. ശിവലിംഗത്തോടുകൂടി ചരാചരങ്ങൾ ഒന്നായിത്തീരുമ്പോൾ നിർദ്ദേഹവാനായിട്ട് ആ ശിവയോഗി സകല ചരാചരങ്ങളുടേയും വിനാശകനായിത്തീരുന്നു.

**അനാദ്യവിദ്യാമൂലാ ഹി പ്രതീതിർജഗതാമിയം**
**സ്വാത്മൈകബോധാത്തന്നാശേ കുതോ വിശ്വപ്രകാശനം**
**22**

22. പ്രപഞ്ചത്തിന്റെ ഈ തോന്നൽ അനാദിയായ അവിദ്യ മൂലമാകുന്നു. ആത്മാവിനോടുകൂടി ശിവൈക്യം ഉാകുമ്പോൾ അവിദ്യ ഇല്ലാതായശേഷം പ്രപഞ്ചത്തിന്റെ അല്പദർശനം എവിടെയു ാകാൻ?

**യഥാ മേഘാ: സമുദ്ഭൂതാ വിലീയന്തേ നഭസ്ഥലേ**
**തഥാത്മനി വിലീയന്തേ വിഷയാ: സ്വാനുഭാവിന:**
**23**

23. ആകാശത്തിലുാകുന്ന മേഘങ്ങൾ ആകാശത്തിൽ തന്നെ വിലീനമായിരുക്കുന്നതുപോലെ, സ്വന്തം സ്വരൂപത്തെ അനുഭവിക്കുന്നവനായ ശിവയോഗി (വീരശൈവൻ)യുടെ ആത്മാവിൽ എല്ലാ ലൌകിക വിഷയങ്ങളും വിലീനമായിത്തീരുന്നു.

**സ്വപ്നേ ദൃഷ്ടം യഥാ വസ്തു പ്രബോധേ ലയമശ്നുതേ**

**40**

40. പരമവും സമ്പൂർണ്ണവും, സ്ഥിരവും, ശിവശക്തിയുമായ അഹന്തയെ പ്രാപിച്ച ശിവയോഗി പരബ്രഹ്മസ്വരൂപമായ പ്രപഞ്ചത്തിന്റെ രൂപത്തിൽ പ്രകാശിക്കുന്നു.

**വൃക്ഷസ്ഥം പത്രപുഷ്പാദി വടബീജസ്ഥിതം യഥാ**
**തഥാ ഹൃദയബീജസ്ഥം വിശ്വമേതത് പരാത്മന: 41**

41. പ്രപഞ്ചത്തിൽ വൃക്ഷത്തിന്റെ ഇലകളും പുഷ്പങ്ങളും അതിന്റെ യഥാർത്ഥരൂപത്തിനു മുൻപ് ഒളിഞ്ഞിരിക്കുന്നത് എപ്രകാരമാണോ അപ്രകാരം പരമാത്മാവ് 'ഭാജനസ്ഥല' സമ്പന്നനായ ശിവയോഗിയുടെ ഹൃദയബീജത്തിൽ സ്ഥിതി ചെയ്യുന്നു. കുറിപ്പ്: ഹൃദയം എന്ന പദംകൊ് 'പരാശക്തി' എന്നു കാണക്കാക്കണം ഈ വിമർശശക്തിയിൽ ഭൂമി മുതൽ പുരുഷൻ വരെ 25 തത്വങ്ങൾ സ്ഥിതി ചെയ്യുന്നു. കൂടാതെ അതിനും ഉപരിയായുള്ള മായ മുതലായ പഞ്ചബ്രഹ്മവും ഇതിൽ സ്ഥിതി ചെയ്യുന്നു. ഈ 'വിമർശശക്തി' 'അകാരം' മുതൽ 'ഹ'കാരം വരെ 'അഹം' എന്ന പരബ്രഹ്മരൂപത്തിൽ സ്ഥിതി ചെയ്യുന്നു.

### അംഗാലേപ സ്ഥല വർണ്ണന

**ദിക് കാലാദ്യനവച്ഛിന്നം ചിദാനന്ദമയം മഹത്**
**യസ്യ രൂപമിദം ഖ്യാതം സോ%ംഗാലേപ ഇഹോച്യതേ 42**

42. ദേശം, കാലം മുതലായവ ഖണ്ഡിക്കുവാനാകാത്ത സച്ചിദാനന്ദമയമായ സ്വരൂപം എന്ന് ഈ മഹാത്മാവിനെ (ശിവയോഗി) പറയുന്നതിന് (ഇവിടെ) 'അംഗാലേപസ്ഥലം' എന്നു പറയുന്നു.

**സമസ്തജഗദാത്മാ%പി സംവിദ്രൂപോ മഹാമതി:**
**ലിപ്യതേ നൈവ സംസാരൈര്യഥാ ധൂമാദിഭിർനഭ: 43**

43. മേഘങ്ങളും പുകപടലങ്ങളും മറ്റും കൊുള്ള ആകാശം പോലെ സർവ്വ വിധത്തിലുള്ള ലൌകിക സുഖങ്ങളും ഈ വിശ്വമാകെ ഉായിരുന്നാലും സംവിദ്സ്വരൂപവും മഹാമതിമാനുമായ









മായിരുന്ന ഈ സകല ലോകങ്ങളും എപ്രകാരമായിരുന്നുവോ അപ്രകാരം തന്നെ ശിവയോഗി ശിവജ്ഞാനമുായതിനു ശേഷം അജ്ഞാനത്തെയും സത്സ്വരൂപ മായി കാണുന്നു.

### ഭാണ്ഡസ്ഥല വർണ്ണന

**ബ്രഹ്മാണ്ഡശതകോടീനാം സർഗസ്ഥിതിലയാൻ പ്രതി**
**സ്ഥാനഭൂതോ വിമർശോ യസ്തദ്ഭാണ്ഡസ്ഥലമുച്യതേ 29**

29. കോടാനുകോടി ബ്രഹ്മാണ്ഡങ്ങളുടെ സൃഷ്ടി സ്ഥിതി (പ്രളയം) സംഹാരത്താൽ ജ്ഞാനഭൂതമായ (ആധാരമായി) സ്ഥലം 'വിമർശ'കമാകുന്നു. അതിനു 'ഭാണ്ഡസ്ഥലം' എന്ന് പറയുന്നു.

**വിമർശാഖ്യാ പരാശക്തിർവിശ്വോദ്ഭാസനകാരിണീ**
**സാക്ഷിണീ സർവഭൂതാനാം സമിന്ധേ സർവതോമുഖീ**
**30**

30. വിശ്വസൃഷ്ടിക്കു കാരണമായ ഈശ്വരന്റെ 'വിമർശ' മെന്നു പേരായ 'പരാശക്തി' പഞ്ചഭൂതങ്ങളുടെ സാക്ഷിണിയും സർവ്വതോന്മുഖിയുമായിരുന്ന് നാനാരൂപങ്ങളിലും സമ്പൂർണ്ണമായും പ്രകാശിച്ചുകൊയേിരിക്കുന്നു.

**വിശ്വം യത്ര ലയം യാതി വിഭാത്യാത്മ ചിദാകൃതി:**
**സദാനന്ദമയ: സാക്ഷാത് സാ വിമർശമയീ കലാ**
**31**

31. ഏതൊന്നിൽസമ്പൂർണ്ണ ജഗത്തും ലീനമായിത്തീരുന്നുവോ, ഏതു കാരണത്താൽ ആത്മാവും മനസ്സും ആനന്ദമയമായ സ്വരൂപത്തിൽ വിളങ്ങുന്നുവോ, അതു സാക്ഷാൽ 'വിമർശകല'യാകുന്നു.

**പരാഹന്താസമാവേശപരിപൂർണ്ണവിമർശവാൻ**
**സർവ്വജ്ഞ: സർവഗ: സാക്ഷീ സർവകർതാ മഹേശ്വര:**
**32**

32. മഹേശ്വരനായ ശ്രീപരമേശ്വരൻ പരമാത്മാവിന്റെ പ്രവേശനത്താൽ പരിപൂർണ്ണനും, വിമർശശക്തിയോടുകൂടിയവനും, സർവ്വജ്ഞനും, സർവ്വവ്യാപിയും, സാക്ഷിയും, സർവ്വതിന്റേയും സൃഷ്ടി

കർത്താവുമായിത്തീരുന്നു.

**വിശ്വാധാര മഹാസംവിത്പ്രാകശപരിപൂരിതം**
**പരാഹന്താമയം പ്രാഹുർവിമർശം പരമാത്മന 33**
**വിമർശഭാണ്ഡവിന്യസ്തവിശ്വതത്ത്വവിജൃംഭണഃ**
**അനന്യമുഖസംപ്രേക്ഷീ മുക്തഃ സ്വാത്മനി തിഷ്ഠതി 34**

33.-34.പ്രപഞ്ചത്തിന് ആധാരഭൂതനായ മഹാസംവിധാവിന്റെ പ്രകാശത്താൽ പരിപൂർണ്ണമായ പരാശക്തിയെ പണ്ഡിതന്മാർ 'പരാഹന്ത' എന്നു വിളിക്കുന്നു. (പ്രപഞ്ചത്തിന് ആധാരഭൂതമായ മഹാസ്രഷ്ടാവിന്റെ പ്രകാശത്താൽ പരിപൂർണ്ണവും പരാഹന്തയുമായതിനെ പരമാത്മാവിന്റെ ശക്തിക്ക് പണ്ഡിതന്മാർ 'വിമർശ'മെന്നു പറയുന്നു.) പ്രപഞ്ച തത്വങ്ങളുടെ വ്യാപ്തിയെ പരാശക്തിയാകുന്ന ഭാണ്ഡത്തിൽ വച്ചു കൊടുക്കുന്നവനും മറ്റുള്ളവർ പറയുന്നതു ചെവിക്കൊള്ളാത്തവനും മുക്തനുമായ ശിവയോഗി തന്റെ സ്വരൂപത്തിൽ ഉപസ്ഥിതനായിരിക്കുന്നു.

കുറിപ്പ്: "പരാസ്യ ശക്തിർവ്വിവിധൈവ ശ്രൂയതേ' എന്ന മുണ്ഡകോപനിഷത് വചനമനുസരിച്ചും, 'പാദോ%സ്യ വിശ്വാ ഭൂതാനി' എന്ന ഋചയുടെ പരിപ്രേക്ഷ്യത്തിലും പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും മഹേശ്വരിയുടെ ചിത്ക്രിയയാകുന്നു. 'വിമർശ്' എന്ന പേരിൽ പ്രസിദ്ധമായിരിക്കുന്നത് വിസ്താരസ്വരൂപമാകുന്നു. ഈ ചിത്ക്രിയതന്നെയാണ് 'വിമർശ'മെന്ന പേരിൽ പ്രസിദ്ധമായത് ഗ്രഹിക്കപ്പെട്ടതായ അടയാളം കൊ് സകല പരിണാമങ്ങളും പരമാത്മാവിന്റെ അംശഭൂതമാകുന്നു. ഇതു പരാവിദ്യയായ ഷഡ്ധ്വത്തിന്റെ മാതാവാകുന്നു.

## ഭാജനസ്ഥല വർണ്ണന

**സമസ്തജഗദണ്ഡാനാം സർഗസ്ഥിത്യന്തകാരണം**
**വിമർശോ ഭാസതേ യത്ര തദ് ഭാജനമിഹോച്യതേ**
**35**

35. സകല ജഗദണ്ഡങ്ങളുടെയും സൃഷ്ടി സംഹാരാദികൾക്കു കാരണഭൂതയായ 'വിമർശക്തി' ഏതൊന്നിൽ വിളയാടുന്നുവോ





അതിനെ 'ഭാജനം' എന്നു വിളിക്കുന്നു. കല, വിദ്യ, രാഗം, കാലം, നിയതി എന്നീ പേരുകളിൽ അഞ്ചു കഞ്ചുകങ്ങളാൽ ആവൃതമാക്കപ്പെട്ട പുരുഷന്റെ മലത്രയങ്ങൾ ഇല്ലാതാക്കി ചൈതന്യ സ്വരൂപനായിത്തീരുന്നതിന് ഭാജനസ്ഥലം എന്നു പറയുന്നു.

**വിമർശാഖ്യാ പരാ ശക്തിർവിശ്വവൈചിത്ര്യകാരിണീ**
**യസ്മിൻ പ്രതിഷ്ഠിതം ബ്രഹ്മ തദിദം വിശ്വഭാജനം 36**

36. പ്രപഞ്ചത്തിന്റെ വിചിത്രമായ സൃഷ്ടി നടത്തുന്ന 'വിമർശ 'മെന്ന പരാശക്തി സ്ഥിതി ചെയ്യുന്ന ബ്രഹ്മത്തിന് 'ഭാജനം' എന്നു പറയുന്നു.

**അന്തഃ കരണരൂപേണ ജഗദങ്കുരരൂപതഃ**
**യസ്മിൻ വിഭാതി ചിച്ഛക്തിർബ്രഹ്മഭൂതഃ സ ഉച്യതേ 37**

37. സമവേതമായ ചിത്ശക്തി പ്രപഞ്ചത്തിലെ അഹങ്കാരത്തിന്റെ മൂലരൂപത്തിൽ പരമശിവനിൽ പ്രകാശിക്കുന്നതിന് 'പരശിവം' 'പരബ്രഹ്മഭൂതം' എന്നിങ്ങനെ വിളിക്കുന്നു.

**യഥാ ചന്ദ്രേ സ്ഥിരാ ജ്യോത്സ്നാ വിശ്വവസ്തുപ്രകാശിനി**
**തഥാ ശക്തിർവിമർശാത്മാ പ്രകാരേ ബ്രഹ്മണി സ്ഥിതാ**
**38**

38. ചന്ദ്രനിൽ സ്ഥിതിചെയ്യുന്നതായ പ്രകാശകിരണങ്ങൾ സകല വസ്തുക്കൾക്കും പ്രകാശമേകുന്നതുപോ ലെ പരബ്രഹ്മത്തിൽ സ്ഥിതിചെയ്യുന്നവിമർശരൂപശക്തി വിശേഷരൂപത്തിലിരിന്നുകൊ് ജഗത്തിന് പ്രകാശമേകുന്നു.

**അകാരഃ ശിവ ആഖ്യാതോ ഹകാരഃ ശക്തിരുച്യതേ**
**ശിവശക്തിമയം ബ്രഹ്മ സ്ഥിതമേകമഹംപദേ**
**39**

39. 'അഹം' എന്ന പദത്തിൽ 'അകാരം' 'ശിവനെയും' 'ഹ'കാരം 'ശക്ത'യേയും സൂചിപ്പിക്കുന്നതാകുന്നു. ഇപ്രകാരം 'അഹം' എന്നതിൽ ശിവശക്തിമയമായ ബ്രഹ്മം സ്ഥിതിചെയ്യുന്നു.

**അഹന്താം പരമാം പ്രാപ്യ ശിവശക്തിമയീം സ്ഥിരാം**
**ബ്രഹ്മഭൂയംഗതോ യോഗീ വിശ്വാത്മാ പ്രതിഭാസതേ**

**അഹം ഭാവസ്യ ശൂന്യത്വാദഭാവസ്യ തഥാത്മന:**
**ഭാവഭാവവിനിർമുക്തോ ജീവന്മുക്ത: പ്രാകാശതേ 56**

56. 'അഹം'എന്ന ഭാവം ആത്മാവിന്റെ അഭാവം കൊ് ശൂന്യമാകുന്നതിനാൽ ഭാവത്തിൽ നിന്നും അഭാവത്തിൽ നിന്നും വിനിർമുക്തനായ ജീവമുക്തൻ പ്രകാശിക്കുന്നു.

**സുഖദുഃഖാദിഭാവേഷു നാഭാവോ ഭാവ ഏവ വാ**
**വിദ്യതേ ചിത്സ്വരൂപസ്യ നിർലേപസ്യ മഹാത്മന: 57**

57. നിർല്ലേപങ്ങളായ പുണ്യപാപ സംഘർഷങ്ങൾക്കും ഉപരിയായുള്ള മഹാത്മാവും ചിത്സ്വരൂപനുമായ ശിവയോഗി സുഖദുഃഖാദിഭാവങ്ങളുടെ കാര്യത്തിൽ ഭാവമോ അഭാവമോ വയ്ക്കുന്നില്ല.

**യസ്മിൻ ജ്യോതിഷി ചിദ്രൂപേ ദൃശ്യതേ നൈവ കിഞ്ചന**
**സദ്രൂപം വാപ്യസദ്രൂപം ഭാവാഭാവം വിമുഞ്ചത: 58**

58. ഭാവത്തെയും അഭാവത്തേയും ത്യജിച്ചവനും, ഇവയെക്കാളുപരിയായുള്ള ചിത്സ്വരൂപനും തേജോമയനുമായ ശിവയോഗിക്ക് സദ്രൂപമോ, അസദ്രൂപമോ കാണുവാൻ കഴിയുന്നില്ല.

**പ്രതീയമാനൌ വിദ്യതേ ഭാവാഭാവൌ ന കുത്രചിത്**
**ലിംഗൈക്യേ സതി യത്തസ്മാദ് ഭാവാഭാവലയസ്ഥലം 59**

59. ശിവലിംഗൈക്യത്താൽ ഏകത്വം എന്ന സാമരസ്യം പ്രാപിച്ച വീരശൈവന് (ശിവയോഗി) പ്രതീയമാനമായ ഭാവാഭാവങ്ങളെ എവിടെയും കാണാനാവുന്നില്ല എന്ന കാരണത്താൽ ആ അവസ്ഥയെ 'ഭാവാഭാവലയസ്ഥലം' എന്നു പറയുന്നു.

## ജ്ഞാനശൂന്യസ്ഥല വർണ്ണന

**പരാപരസമാപേക്ഷഭാവാഭാവവിവേചനം**
**ജ്ഞാനം ബ്രഹ്മണി തന്നാസ്തി ജ്ഞാനശൂന്യസ്ഥലം വിദു: 60**

60. പരനേയും, അപരനേയും അപേക്ഷിച്ച് ഭാവത്തിന്റെയും,





വിരശൈവൻ (ശിവയോഗി) ലൌകിക വിഷയങ്ങളിൽ പ്രഭാവിതനാകുന്നില്ല.

**ന വിധിർന നിഷേധശ്ച ന വികല്പോ ന വാസനാ**
**കേവലം ചിത്സ്വരൂപസ്യ ഗളിതപ്രാകൃതാത്മനാ: 44**

44. പ്രകൃതിയുടെ യാതൊരു ഗുണങ്ങളുമില്ലാത്ത ചിത്സ്വരൂപം മാത്രമായ ശിവയോഗിക്ക് വിധിയോ നിഷേധമോ, വികല്പമോ, വാസനയോ ഇല്ല.

**ഘടാദിഷു പൃഥഗ്ഭൂതം യഥാകാശം ന ഭിദ്യതേ**
**തഥോപാധിഗതം ബ്രഹ്മാ നാനാരൂപം ന ഭിദ്യതേ. 45**

45. മേഘം മുതലായവയിൽ നിന്നും വേറിട്ടു നില്ക്കുന്ന ആകാശം ഘടാകാശം, മഠാകാശം മുതലായ മൂലരൂപത്തിൽ നിന്നും ഭിന്നമല്ല (വേറെയല്ല). അതുപോലെ ശരീരം മുതലായ അനേകം ഉപാധികളാൽ അവഛിന്നമായതും, നാനാരൂപത്തിലുള്ളതുമായ ബ്രഹ്മവും (ഭിന്നമല്ല) ഒന്നുതന്നെയാകുന്നു.

**അനശ്വരമനിർദ്ദേശ്യം യഥാ വ്യോമപ്രകാശതേ**
**സഥാ ബ്രഹ്മാപി ചൈതന്യമത്ര വൈശേഷികീ കലാ 46**

46. ആകാശം അനശ്വരവും, അനിർദ്ദേശോശ്യവും, അതുലനീയവുമായി പ്രകാശിച്ചുകൊിരിക്കുന്നതുപോലെ ബ്രഹ്മവും പ്രകാശിച്ചുകൊിരിക്കുന്നു. ചൈതന്യം ഈ ബ്രഹ്മത്തിൽ വിശേഷപ്പെട്ട കലയാകുന്നു

**ന ദേവത്വം ന്വ മാനുഷ്യം ന തിര്യക്തവം ന ചാന്യഥാ**
**സർവാകാരത്വമാഖ്യാതം ജീവന്മുക്തസ്യ യോഗിന: 47**

47. ജീവന്മുക്തമായ ശിവയോഗി ദേവനോ, മനുഷ്യനോ തിര്യക്കോ മറ്റൊന്നുമോ ആകുന്നില്ല. അവൻ 'സർവ്വകാരൻ' എന്ന

റിയപ്പെടുന്നു.

## സ്വപരാജ്ഞ സ്ഥല വർണ്ണന

**അപ്രമേയേ ചിദാകാരേ ബ്രഹ്മണ്യദ്വൈതവൈഭവേ**
**വിലീന: കിം നു ജാനാതി സ്വാത്മാനം പരമേവ വാ**
**48**

48. അപ്രമേയവും, ചിത്സ്വരൂപവും, അദ്വിതീയവുമായ പരബ്രഹ്മത്തിൽ വിലീനനായ ശിവയോഗി പരമാത്മാവായ ശിവനെയല്ലാതെ തന്നെപ്പോലും അറിയുന്നില്ല.

**യത്ര നാസ്തി ഭിദായോഗാദഹം ത്വമിതി വിഭ്രമ:**
**ന സംയോഗോ വിയോഗശ്ച ന ജ്ഞേയജ്ഞാതൃകല്പനാ**
**49**
**ന ബന്ധോ ന ച മുക്തിശ്ച ന ദേവാദ്യഭിമാനിതാ**
**ന സുഖം നൈവ ദുഃഖം ച നാജ്ഞാനം ജ്ഞാനമേവ വാ**
**50**
**നോത്കൃഷ്ടത്വം ന ഹീനത്വം നോപരീഷ്ടാന്ന ചാപ്യധ:**
**ന പശ്ചാന്നൈവ പുരതോ ന ദൂരേ കിഞ്ചിദന്തരേ**
**51**
**സർവാകാരേ ചിദാനന്ദേ സത്യരൂപിണി ശാശ്വതേ**
**പരാകാശമയേ തസ്മിൻ പരേ ബ്രഹ്മണി നിർമലേ**
**52**
**ഏകീഭാവമുപേതനാം യോഗിനാം പരമാത്മാനാം**
**പരാപരപരിജ്ഞാനപരിഹാസകഥാ കുത: 53**

49/50/51/52/53 ശിവഭേദത്തോടുകൂടി ശിവയോഗമുാകുന്നതിനാൽ അവിടെ അഹം എന്ന ഭ്രമം ഉാകുന്നില്ല. (ജീവനും പരബ്രഹ്മവും തമ്മിൽ ഭേദബുദ്ധിയുാകുന്നതിനാൽ) ശിവയോഗത്താൽ ജീവനും ബ്രഹ്മവും തമ്മിൽ ഐക്യമുാകുമ്പോൾ അഹം എന്ന ഭേദം എവിടെ? ഭ്രമമില്ല, സംയോഗമോ, വിയോഗമോ ഇല്ല ജ്ഞേയവും ജ്ഞാതാവും തമ്മിലുള്ള സങ്കല്പമില്ല. ബന്ധമില്ല, മോക്ഷത്തേയും ദേവത്വത്തേയും കുറിച്ചുള്ള അഹങ്കാരമില്ല, സുഖമില്ല, ദുഃഖവുമില്ല: ജ്ഞാനവും അജ്ഞാനവുമില്ല. ഉൽകൃഷ്ടത്വവും അപകൃഷ്ടത്വവുമില്ല: ഉന്നതനെന്നും, താണവനെന്നുമില്ല: മുന്നിലും പുറകിലും എന്നില്ല: ദൂരത്തെന്നോ അടുത്തെന്നോ ഇല്ല. സർവ്വസ്വരൂപനും, സച്ചിദാനന്ദനും, സത്യസ്വരൂപനും, ശാശ്വതനും, പരാകാശനും, ചിദാകാശമയനും, നിർമ്മലനും പരബ്രഹ്മത്തോടുകൂടി ഐക്യഭാവം പ്രാപിച്ചവനും മഹാത്മാവുമായ ശിവയോഗിയുടെ കാര്യത്തിൽ പരാല്പരനും പരിജ്ഞാനരൂപനുമായ അവിടുത്തെക്കുറിച്ച് പരിഹാസത്തോടുകൂടി ചർച്ച ചെയ്യുവാൻ എങ്ങനെ കഴിയുന്നു?



**ദേശകാലാനവച്ഛിന്നതേജോരൂപസമാശ്രയാത്**
**സ്വപരജ്ഞാനവിരഹാത് സ്വപരാജ്ഞസ്ഥലം വിദു: 54**

54. ദേശകാലാധികളുടെ വിഭജനത്തോക്കാളുപരി തേജോരൂപനും, പരബ്രഹ്മത്തെ ആശ്രയിച്ച് ലിംഗാംഗ സാമരസ്യവും, സ്വപരബ്രഹ്മജ്ഞാനത്തിന്റെ അഭാവമുള്ളവനുമായ ശിവയോഗിയുടെ അവസ്ഥയെ പണ്ഡിതന്മാർ 'സ്വപരാജ്ഞസ്ഥലം' എന്നു പറയുന്നു.

## ഭാവാഭാവലയ സ്ഥല വർണ്ണന

**ത്വന്താഹന്താവിനിർമുക്തേ ശൂന്യകല്പേ ചിദംബരേ**
**ഏകീഭൂതസ്യ സിദ്ധസ്യ ഭാവാഭാവകഥാ കുത:**
**55**

55. 'ത്വ'മെന്നും 'അഹം' എന്നും ഉള്ള ഭാവമില്ലാതെ ശൂന്യസദൃശ്യമായ ചിദാകാശത്തിൽ ഏകീഭൂതസിദ്ധനായ ശിവയോഗിക്ക് ഭാവാഭാവങ്ങളെക്കുറിച്ച് പറയാനെവിടെ?അവിടെ ഭാവമോ അഭാവമോ ഇല്ല.

[illegible]





[illegible]

**തമാഗമം മഹാഭാഗം സർവാഗമവിശാരദം**
**വിഭീഷണ: സമാലോക്യ ഗേഹം പ്രവേശയന്നിജം**
**4**

4. കാമികം മുതൽ വാതുളാന്ത്യം വരെ സമസ്ത ദിവ്യാ ഗമങ്ങളിലും പാണ്ഡിത്യമുള്ള ആ മഹാഭാഗനായ രേണുകാചാര്യരുടെ ആഗമനം കിട്ട് വിഭീഷണൻ അദ്ദേഹത്തെ (സ്വീകരിച്ച് ആനയിച്ച്) തന്റെ കൊട്ടാരമാകുന്ന ഭവനത്തിൽ ഉപവിഷ്ടനാക്കി.

**ഭദ്രാസനേ നിജേ രമ്യേ നിവേശ്യ ഗണനായകം**
**അർഘ്യപാദ്യാദിഭി: സർവൈരുപചാരൈരപൂജയത്**
**5**

5. മനോഹരമായ തന്റെ സിംഹാസനത്തിൽ ശ്രീ ഗണേശ്വരാചാര്യരെ ആസനസ്ഥനാക്കിയശേഷം അർഘ്യോപാദ്യാദി സകല ഉപചാരങ്ങൾ കൊും വിഭീഷണൻ അദ്ദേഹത്തെ പൂജിച്ചു.

**പൂജിതേന പ്രസന്നേന രേണുകേന നിരൂപിത:**
**നിഷസാദ തദഭ്യാശോ സ നിജാസനമാശ്രിത:**
**6**

6. പൂജിതനും, പ്രസന്നനുമായ രേണുകാചാര്യരുടെ ഉപദേശം സ്വീകരിച്ചശേഷം വിഭീഷണൻ അദ്ദേഹത്തിന്റെ സമീപത്തുള്ള ആസനത്തിൽ ഉപവിഷ്ടനായി.

**ആബഭാഷേ ഗണേന്ദ്രം തം കൃതാഞ്ജലീ വിഭീഷണ:**
**മാനുഷാകാരസമ്പന്നം സാക്ഷാച്ഛിപമിവാപരം**
**7**

7. പിന്നീട് മനുഷ്യ ശരീരം ധരിച്ച് സാക്ഷാൽ മറ്റൊരു ശിവനേപ്പോലെ തോന്നിക്കുന്ന ആ ഗണേശ്വരനോട് കൈകൂപ്പിക്കൊ് വിഭീഷണൻ പറഞ്ഞു.

**രേണുക ത്വം ഗണാധീശ ശിവജ്ഞാനപരായണ**
**അവതീർണ്ണം മഹീമേനാമിതി സമ്യക് ശൃതം മയാ**





**മാം വിനാ കസ്യ ലോകേഷു ശ്രോതുമസ്തി തപ: ശുഭം**
**78**

78. അവിടുത്തെ തിരുമുഖത്തുനിന്നും പുറത്തുവന്നതായ ശിവാദ്വൈത പാരമ്പര്യമുള്ള ശുഭകരമായ വീരശൈവ ശാസ്ത്രം കേൾക്കുന്നതിന് എനിക്കല്ലാതെ വേറെ ആരുടെ തപസ്യയ്ക്കാണു കഴിയുക?

**തപസാം പരിപാകേന ശങ്കരസ്യ പ്രസാദത:**
**അഗതസ്ത്വം മഹാഭാഗ മാം കൃതാർത്ഥയിതും ഗിരാ 79**

79. അല്ലയോ ഭഗവാനെ എന്റെ തപസ്യയുടെ പരിപാകത്താൽ ഭഗവാൻ ശങ്കരന്റെ കൃപക്കുകാരണമായ അവിടുന്ന് തന്റെ വാക്കുകളാൽ എന്നെ കൃതകൃത്യനാക്കുന്നതിനായി എഴുന്നള്ളിയിരിക്കുന്നു.

**ഇതി സ്തുവന്തം വിനയാദഗസ്ത്യം മുനിപുംഗവം**
**ആലോക്യ കരുണാദൃഷ്ട്യാ ബഭാഷേ സ ഗണേശ്വര: 80**

80. ഇപ്രകാരം വിനയപൂർവ്വമായ സ്തുതികൾ ചെയ്തുകൊ് മുനിശ്രേഷ്ഠനായ അഗസ്ത്യരെ കൃപാദൃഷ്ടിയാൽ നോക്കിയശേഷം രേണുകാ ഗണേശ്വരാദ്ധ്യാചാര്യർ പറഞ്ഞു.

**അഗസ്ത്യ മുനിശാർദ്ദൂല തപ: സിദ്ധമനേരഥ**
**ത്വാം വിനാ ശിവശാസ്ത്രസ്യ ക: ശ്രോതുമധികാരവാൻ 81**

81. തപസ്സിനാൽ ശിവജ്ഞാനം സിദ്ധിച്ച മനസ്സോടുകൂടിയ മുനിശ്രേഷ്ഠനായ അല്ലയോ അഗസ്ത്യരേ! താങ്കൾ ക്കല്ലാതെ ശിവശാസ്ത്രം കേൾക്കുന്നതിന് അധികാരിയായിരിക്കുവാൻ മറ്റാർക്കാണു കഴിയുന്നത്

**പാത്രം ശിവപ്രസാദസ്യ ഭവാനേകോ ന ചാപര:**
**ഇതി നിശ്ചിത്യ കഥിതം മയാ തേ തന്ത്രമീദൃശം 82**

82. ഭഗവാൻ ശിവന്റെ പ്രസാദത്തിന് പാത്രീഭൂതനായ ഏക വ്യക്തി താങ്കളല്ലാതെ മറ്റാരുമല്ല എന്നു നിശ്ചയിച്ച് ഇപ്രകാരത്തിലുള്ള ശാസ്ത്രങ്ങൾ (തന്ത്രങ്ങൾ) ഞാൻ താങ്കൾക്ക് ഉപ

ദേശിച്ചു തന്നു.

**സ്ഥാപ്യതാം സർവലോകേഷു തന്ത്രമേതത് ത്വയാ മുനേ**
**ഈദൃശം ശിവബോധസ്യ സാധനം നാസ്തി കുത്രചിത് 83**

83. അല്ലയോ ഋഷിവര്യാ! താങ്കൾ ഈ ശാസ്ത്രങ്ങളെ സർവ്വജനങ്ങളിലും (സർവ്വലോകങ്ങളിലും) പ്രചരിപ്പിച്ചും പ്രസരിപ്പിച്ചും സ്ഥാപിക്കണം. ശിവജ്ഞാനത്തിന് ഇപ്രകാരമുള്ള സാധന എവിടെയുമില്ല.

**രഹസ്യമേതത് സർവജ്ഞ: സർവാനുഗ്രാഹക: ശിവ:**
**അവാദീത് സർവലോകാനാം സിദ്ധയേ പാർവ്വതിപതി: 84**

84. സർവ്വജ്ഞനും, സർവ്വാനുഗ്രഹകർത്താവും പാർവ്വതീപതിയുമായ ഭഗവാൻ ശിവൻ സർവ്വജനങ്ങളുടേയും ഐശ്വര്യസിദ്ധിക്കായി 'ശിവരഹസ്യം' എന്ന തന്ത്രോപനിഷത് പറഞ്ഞുതന്നു.

**തദിദം ശിവസിദ്ധാന്തസാരാണാമുത്തമോത്തമം**
**വേദവേദാന്തസർവസ്വം വിദ്യാചാരപ്രവർത്തകം 85**
**വീരമാഹേശ്വരഗ്രാഹ്യം ശിവാദ്വൈത പ്രകാശകം**
**പരീക്ഷിതേഭ്യോ ദാതവ്യം ശിഷ്യേഭ്യോ നാന്യഥാ ക്വചിതം 86**
**ഏതച്ഛ്രവണമാത്രേണ സർവേഷാം പാപസംക്ഷയ:**
**അവതീർണം മയാ ഭൂമൌ ശാസ്ത്രസ്യാസ്യ പ്രവൃത്തയേ**
**പ്രവർതയ ശിവാദ്വൈതം ത്വമപി ജ്ഞാനമീദൃശം 87**

85/86/87 ഇരുപത്തിയെട്ട് (28) ആഗമങ്ങളിലെ തത്വങ്ങളിൽ ഉത്തമവും, വേദ-വേദാന്തങ്ങളിലെ സർവ്വസ്വവും, ശിവജ്ഞാനാചാര പ്രവർത്തകവും, വീരശൈവർ മുഖേന സ്വീകാര്യമായതും, ശിവാദ്വൈത പ്രകാശകവുമായ ഈ ശാസ്ത്രം പരീക്ഷിതരായ ശിഷ്യന്മാർക്ക് (ലിംഗസാമരസ്യം നേടിയ) കൊടുക്കണം മറ്റു പ്രകാരത്തിലുള്ളവർക്ക് ഒരിക്കലും കൊടുക്കുവാൻ പാടില്ല.

ഈ ശാസ്ത്രം കേൾക്കുന്നതുകൊ് സകലരുടേയും







പാപം ഇല്ലാതായിത്തീരുന്നു. വീരശൈവ ശാസ്ത്രത്തിന്റെ പ്രവർത്തനത്തിനും, പ്രചാരത്തിനും വേി ഞാനീ ഭൂമിയിൽ ലിംഗോത്ഭവനായി. താങ്കളും ഇതുപോലെ തന്നെ ശിവാദ്വൈത ജ്ഞാനം പ്രചരിപ്പിക്കണം.

**ശ്രീ ശിവയോഗി ശിവാചാര്യർ രചിച്ച ശ്രീ സിദ്ധാന്ത ശിഖാമണിയുടെ എക്യസ്ഥല വർണ്ണന എന്ന 20-ാമത്തെ അദ്ധ്യായം സമാപ്തം.**

## അദ്ധ്യായം 21

## വിഭീഷണാഭിഷ്ടദാനം

**ഇത്യുക്ത്വാ പശ്യതസ്തസ്യ പുരസ്താദേവ രേണുക:**
**അന്തർദധേ മഹാദേവം ചിന്തയന്നന്തരാത്മനാ 1**

1. ഇപ്രകാരം പറഞ്ഞശേഷം രേണുകാഗണേശ്വരാരാദ്ധ്യാചാര്യർ തന്റെ അന്തരാത്മാവിൽ മഹാദേവനെ ധ്യാനിച്ചുകൊ് ആ അഗസ്ത്യരുടെ മുൻപിൽ വച്ചുതന്നെ അ വിടെ നിന്നും അന്തർധാനം ചെയ്തു.

**യ ഇദം ശിവസിദ്ധാന്തം വീരശൈവമതം പരം**
**ശൃണോതി ശുദ്ധമനസ്സാ സ യാതി പരമാം ഗതിം 2**

2. വീരശൈവധർമ്മ സമ്മതമായ ശൈവ സിദ്ധാന്തം നിർമ്മലമായ മനസ്സോടുകൂടി കേൾക്കുന്നവൻ പരമഗതി (മോക്ഷം) പ്രാപിക്കുന്നു.

**സ്വഛന്ദാചാരരസിക: സ്വേഛാനിർമിതവിഗ്രഹ:**
**ആസസാദ പുരീം ലങ്കാം രേണുകോ ഗണനായക: 3**

3. യഥേഷ്ടം വിഹരിക്കുന്നതിൽ ആനന്ദം അനുഭവിക്കുന്നവനും, സ്വയേച്ഛാനുസരണം ശരീരധാരണം നടത്തുന്നവനുമായ രേണുകാ ഗണേശ്വരാരാദ്ധ്യാചാര്യർ അവിടെ നിന്നും അന്തർധാനം ചെയ്ത ശേഷം ലങ്കയിലെത്തി.

**സ തു കാലവശേനേവ സ്വചരിത്രവിപര്യയാത്**
**രണേ വിഷ്ണവവതാരേണ രാമേണ നിഹതോഽഭവത് 22**

22. ആ പരാക്രമിയായ രാവണൻ യമധർമ്മന്റെ പ്രഭാവത്താൽ തന്റെ സ്വഭാവവൈപരീത്യത്തിനു നിദാനമായ വിഷ്ണുവിന്റെ അവതാരഭൂതമായ ശ്രീരാമൻ മുഖേന യുദ്ധത്തിൽ മരിച്ചുപോയി.

**സ തു രാമശരാവിദ്ധ: കണ്ഠസ്ഖലിതജീവിത:**
**അവശിഷ്ടം സമാലോക്യ മാമവാദീത് സുദു:ഖിത; 23**

23. ശ്രീരാമബാണങ്ങളാൽ പരിപൂർണ്ണമായി മുറിവേറ്റും, അർദ്ധ പ്രാണനായും കിടന്നിരുന്ന ആ രാവണൻ രാക്ഷസവംശത്തിലെ അവശേഷിച്ച ഏകമാത്രമായ എ ന്നെ (വിഭീഷണനെ) നോക്കിയിട്ട് (ദു:ഖിതനായി) ഗദ്ഗദകണ്ഠനായി പറഞ്ഞു-

**വിഭീഷണ വിശേഷജ്ഞ മഹാബുദ്ധേ സുധാർമ്മിക**
**അവശിഷ്ടോഽസി യശസ്യ രക്ഷസാം; ഭാഗ്യഗൗരവാത് 24**

24. 'ധർമ്മാചരണശീലനും, മഹാബുദ്ധിശാലിയും, വി ശേഷ ജ്ഞാനമുള്ളവനുമായ അല്ലയോ വിഭീഷണ! രാക്ഷസന്മാരുടെ മഹാഭാഗ്യത്താൽ താങ്കൾ ഒരാൾ മാത്രം രാക്ഷസവംശത്തിൽ അവശേഷിച്ചിരിക്കുന്നു.

**വയമജ്ഞാനസമ്പന്നാ മഹത്സൂ ദ്രോഹകാരിണ:**
**ഈദൃശീം തു ഗതിം പ്രാപ്താ ദുസ്തരാ ഹി വിധിസ്ഥിതി:**
**25**

25. മഹാത്മാക്കളോട് വിരോധം കാണിച്ചിരുന്നവരായ ഞങ്ങൾക്ക് ഇപ്രകാരമുള്ള ഗതി വന്നു. ഈശ്വരനിശ്ചയം (വിധിസ്ഥിതി) ലംഘിക്കാനാവാത്തതാണ്.

**നവകം ലിംഗകോടീനാം പ്രതിഷ്ഠാപ്യമിഹ സ്ഥലേ**
**ഇതി സങ്കല്പിതം പൂർവ്വം മയാ തദവശിഷ്യതേ**
**26**

26. ഈ ലങ്കാനഗരം മുഴുവനും ഒൻപത്കോടി ശിവലിംഗങ്ങൾ സ്ഥാപിക്കണമെന്നു ഞാൻ മുൻപുവിചാരിച്ചിരുന്നു അതിൽ കുറച്ചുകൂടി അവശേഷിക്കുന്നു.



**കോടിഷഡ്കം തു ലിംഗാനാം മയാ സാധു പ്രതിഷ്ഠിതം**
**കോടിത്രയം തു ലിംഗാനാം സ്ഥാപനീയമതസ്ത്വയാ 27**

27. ആറുകോടി ശിവലിംഗങ്ങൾ ഞാൻ തന്നെ (വേവിധം)





**8**

8. ശിവജ്ഞാന പരായണനായ അല്ലയോ രേണുകാ ഗണേശ്വരരേ! അവിടുന്ന് ഈ ഭൂമിയിൽ ഉത്ഭൂതനായിരിക്കുന്നു എന്ന് ഞാൻ നല്ലപോലെ കേട്ടിരിക്കുന്നു.

**മദ്ഭാഗ്യ ഗൗരവാദദ്യ സമായാസ്ത്വം പുരീമിമാം**
**കഥം ഭാഗ്യ വിഹീനാനാം സുലഭാ: സ്യുർഭവാദൃശാ:**
**9**

9. എന്റെ മഹാഭാഗ്യം കൊ് ഇന്ന് അവിടുന്ന് ഈ ലങ്കാനഗരിയിൽ വന്നിരിക്കുന്നു. ഭാഗ്യഹീനരായ ഇവിടുത്തെ ആളുകൾക്ക് അങ്ങയെപ്പോലുള്ള ആളുകളെ എങ്ങനെ ലഭിക്കുവാനാണ്?

**മത്സമോ നാസ്തി ലോകേഷു ഭാഗ്യാതിയവത്തയാ**
**യസ്യ ഗേഹം സ്വയം പ്രാപ്തോ ഭവാൻ സാക്ഷാന്മഹേശ്വര:**
**10**

10. ഈ ലോകത്തിൽ എനിക്കു തുല്യം അതിശയകരമായ ഭാഗ്യശാലിയായിട്ടാരുമില്ല. അങ്ങനെയുള്ളവനായ എന്റെ ഗൃഹത്തിൽ സാക്ഷാൽ മഹേശ്വര സ്വരൂപനായ അവിടുന്ന് സ്വയം എഴുന്നള്ളിയിരിക്കുന്നു.

**കൃതാർത്ഥാ മേ പുരി ഹ്യേഷാ കൃതാർത്ഥോഽം രാക്ഷസാന്വയ:**
**ജീവിതം ച കൃതാർത്ഥം മേ യസ്യ ത്വം ദൃഷ്ടഗോചര: 11**

11. ഇന്നെന്റെ ലങ്കാപുരിയും, ഈ രാക്ഷസകുലവും, എന്റെ ജീവനും എല്ലാം അവിടുത്തെ ദർശിക്കുവാൻ കഴിഞ്ഞതിനാൽ കൃതകൃത്യമായിത്തീർന്നു.

**ഇതി ബ്രുവാണം കല്യാണം രാക്ഷസേന്ദ്രം ഗണേശ്വര:**
**ബഭാഷേ സസ്മിതോ വാണീം വിശ്വോല്ലാസകരീം ശുഭാം 12**

12. ഇപ്രകാരം മംഗളകരമായ വാക്കുകൾ പറയുന്നവനും രാക്ഷസേന്ദ്രനുമായ വിഭീഷണനോട് രേണുകാഗണേശ്വരാചാര്യൻ മന്ദഹസിച്ചുകൊ് ജഗദാനന്ദം നൽ കുന്ന ശുഭവചന

ങ്ങൾ മൊഴിഞ്ഞു.

**വിഭീഷണ മഹാഭാഗ ജാനേ ത്വാം ധർമ്മ കോവിദം**
**ത്വാം വിനാ കസ്യ ലോകേഷു ജായതേ ഭക്തിരീദൃശീ 13**

13. അല്ലയോ മഹാഭാഗനായ വിഭീഷണാ! താങ്കളെ ഞാൻ ധർമ്മജ്ഞാതാവിന്റെ രൂപത്തിൽ അറിയുന്നു. താങ്കളിലല്ലാതെ മറ്റാരിലാണ് ഈ ലോകത്തിൽ ഇപ്രകാരം ഭക്തിയു ാകുന്നത്.

**സമസ്തശാസ്ത്രസാരജ്ഞം സർവധർമപരായണം**
**അദ്ധ്യാത്മ വിദ്യാനിരതമാഹുസ്ത്വാം രാക്ഷസേശ്വര: 14**

14. അല്ലയോ രാക്ഷസേശ്വരാ! സകല ശാസ്ത്രങ്ങളുടേയും സാരം ഗ്രഹിച്ചവനെന്നും (തത്വജ്ഞാനിയും,) സർവ്വധർമ്മപാരായണനും, ആദ്ധ്യാത്മവിദ്യയിൽനിരത നുമാണെന്നു പറഞ്ഞു പണ്ഡിതന്മാർ താങ്കളെ പുകഴ് ത്തുന്നു.

**ത്വദീയധർമ്മസമ്പത്തിം ശൃത്വാഹം വിസ്മിതാശയ:**
**വ്രജൻ കൈലാസമചലം ത്വദന്തികമുപാഗത: 15**

15. വീരശൈവ ധർമ്മാചരണ പ്രവൃത്തികളെക്കുറിച്ച് കേട്ടു് വിസ്മയചിത്തനായ ഞാൻ കൈലാസ പർവ്വത്തിലേക്കു പോകുന്ന വഴിക്ക് താങ്കളുടെ സമീപത്തേക്കു ആഗതനായതാണ്.

**പ്രീതോƒസ്മി തവ ചരിത്രൈ: ശോഭനൈർലോകവിശ്രുതൈ:**
**ദാസ്യാമി തേ വരം സാക്ഷാത് പ്രാർത്ഥയസ്വ യഥേപ്സിതം**
**16**

16. ലോകചരിത്രത്തിൽ പ്രസിദ്ധമായ താങ്കളുടെ സുകുമാര സ്വഭാവത്തിൽ പ്രസന്നനായ ഞാൻ താങ്കൾക്ക് സാ ക്ഷാൽ വരം (അനുഗ്രഹം) തരുവാൻ ആഗ്രഹിക്കുന്നു. താങ്കൾക്കിഷ്ടമുള്ള വരം ആവശ്യപ്പെട്ടുകൊള്ളുക.

**ഇതി പ്രസാദമുഖേ ഭാഷമാണേ ഗണേശ്വരേ**
**പ്രാണമ്യ പരയാ പ്രീത്യാ വ്യജഹാര വിഭീഷണ:**





**17**

17. സന്തുഷ്ടചിത്തനായ ഗണേശ്വരാചാര്യർ ഇപ്രകാരം അരുളിച്ചെയ്തതുകേട്ട് വിഭീഷണൻ സന്തോഷാധിക്യത്തോടു (പ്രസന്നതയോടു) കൂടി അദ്ദേഹത്തെ പ്രണമിച്ചു കൊ് പറഞ്ഞു.

**ആഗമാനുഗ്രഹാദേവ ഭവതേ: ശിവയോഗിന:**
**ദുർലഭാ: സർവലോകാനാം സമപദൃന്ത സമ്പദ:**
**18**

18. അല്ലയോ ഗണേശ്വരചാര്യരേ! അവിടുത്തെപ്പോലെയുള്ള ശിവയോഗികളുടെ ആഗമനമാകുന്ന കൃപയാൽ എല്ലാവർക്കും വളരെ ദുർല്ലഭമായ സമ്പത്തുകൾ കിട്ടുന്നു.

**തഥാപി പ്രർത്ഥനീയം മേ കിഞ്ചിദസ്തി ഗണേസ്വര**
**സുകൃതേ പരിപക്വേ ഹി സ്വയം സിദ്ധ്യതി വാഞ്ചിതം**
**19**

19. അല്ലയോ ഗണേശ്വരാചാര്യരേ! അങ്ങനെയെങ്കിൽ എനിക്ക് ഒരപേക്ഷയു്. പുണ്യം പരിപക്വമാകുമ്പോൾ അഭീഷ്ട സിദ്ധിയും സ്വയം ഉ ായിത്തീരുന്നു.

**രാവണോ ഹി മമ ഭ്രാതാ മാഹേശ്വരശിഖാമണി:**
**അദൃഷടശത്രുസംബന്ധം ശശാസ ഹി ജഗത്രയം**
**20**

20. എന്റെ സഹോദരൻ രാവണൻ മറ്റേതൊരു ശിവഭക്തന്മാരിലും ശിഖാമണിപോലെ ശ്രേഷ്ഠനായിരുന്നു. ശത്രുബാധകളൊന്നുമില്ലാതെ അദ്ദേഹം മുവുലകും ഭരിച്ചിരുന്നു.

**യസ്യ പ്രതാപമതുലം സോഡുമക്ഷമശക്തയാ:**
**ഇന്ദ്രാദയ: സുരാ: സർവേ രാജ്യലക്ഷ്മ്യാ വിയോജിതാ: 21**

21. അദ്ദേഹത്തിന്റെ അതുല്യപ്രതാപത്തെ സഹിക്കുവാനാതെ ഇന്ദ്രൻ മുതലായ സർവ്വദേവഗണങ്ങളും കൂടി അദ്ദേഹം മുഖേന അദ്ദേഹത്തിന്റെ രാജ്യലക്ഷ്മിയില്ലാതെയാക്കി.